# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

2018 ജൂൺ 7, വ്യാഴം

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 172 - നമ്പർ 4

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

2018 ജൂൺ 7, വ്യാഴം

സ്പീക്കർ
**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ
**ശ്രീ. വി. ശശി**

സെക്രട്ടറി
**ശ്രീ. വി. കെ. ബാബുപ്രകാശ്**

ചീഫ് എഡിറ്റർ
**ശ്രീമതി കെ. ചാന്ദ്നി റാണി**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

728/2020.

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


*പേജ്*

**I. ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ .. 1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ .. 31

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 31
(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 79

**II. തിരുത്തിയ ഉത്തരം**

നക്ഷത്രചിഹ്നമിടാത്ത 1021-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം .. 464

**III. അറിയിപ്പ്**

അടിയന്തരപ്രമേയ നോട്ടീസിന് അനുമതി നിഷേധിച്ചത് സംബന്ധിച്ച്
—മി. സ്പീക്കർ .. 464

**IV. അടിയന്തരപ്രമേയം**

പോലീസ് മർദ്ദനം
—ശ്രീ. അൻവർ സാദത്ത്
(അവതരണാനുമതി നിഷേധിച്ചു) .. 465

**V. ശ്രദ്ധ ക്ഷണിക്കൽ**

വേതന പരിഷ്കരണം
—ശ്രീമതി ഇ. എസ്. ബിജിമോൾ .. 479

**VI. സബ്മിഷൻ**

(1) നബീലിന്റെ തിരോധാനം
—ശ്രീ. വി. അബ്ദുറഹിമാൻ .. 482

(2) ബസ് സർവ്വീസ് പുനരാരംഭിക്കൽ
—ശ്രീ. ജോൺ ഫെർണാണ്ടസ് .. 482

(3) ചവറ നാച്വറൽ ഫൈബർ പാർക്കിന്റെ പ്രവർത്തനം
—ശ്രീ. എൻ. വിജയൻ പിള്ള .. 483

(4) കുമ്പളം-നെട്ടൂർ പാലം
—ശ്രീ. എം. സ്വരാജ് .. 484

(5) പുതിയ കോഴ്സുകൾ അനുവദിക്കൽ
—ശ്രീ. ബി. സത്യൻ .. 485

(6) റേഷൻ വിതരണ സംവിധാനം
—ശ്രീ. എ. എൻ ഷംസീർ .. 486

*പേജ്*

**VII. റിപ്പോർട്ട് സമർപ്പണം**

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച
സമിതിയുടെ പതിമൂന്നാമത് റിപ്പോർട്ട് .. 487

**VIII. ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന**

കാർഷിക കടാശ്വാസം .. 487
—കൃഷിവകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ)

**IX. നിയമനിർമ്മാണകാര്യം**

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക്
അയയ്ക്കണമെന്ന പ്രമേയവും

(i) 2018-ലെ കേരള ജലസേചനവും ജലസംരക്ഷണവും
(ഭേദഗതി) ബിൽ .. 489

(ii) 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ
(ഭേദഗതി) ബിൽ .. 490

**X. അനുബന്ധം** .. 491

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

*2018 ജൂൺ 7 , വ്യാഴം*

വാല്യം 172] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 4

നിയമസഭ 2018 ജൂൺ മാസം 7-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

### 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ..... ഓർഡർ....... ചോദ്യം നമ്പർ * 91.

നക്ഷത്രചിഹ്നമിട്ട 91-ാം നമ്പർ ചോദ്യവുമായി നക്ഷത്രചിഹ്നമിട്ട 110-ാം നമ്പർ ചോദ്യം ക്ലബ്ബ് ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ. ടി. വി. ഇബ്രാഹിം നോട്ടീസ് നൽകിയിട്ടുണ്ട്. ക്ലബ്ബിംഗ് അനുവദിക്കുകയാണ്.

### വിദ്യാഭ്യാസ മേഖലയിലെ പരിഷ്കാരങ്ങൾ

1 (*91) ഡോ. എൻ. ജയരാജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. ജെ. ജോസഫ് :
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കൻഡറി വിഭാഗത്തെ ഡി.പി.ഐ.-ൽ ലയിപ്പിക്കാനുള്ള നീക്കം പുനഃപരിശോധിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന്റെ പേരിൽ വിദ്യാഭ്യാസ മേഖലയിൽ കൊണ്ടുവരുന്ന പരിഷ്കാരങ്ങളെല്ലാം അദ്ധ്യാപക വിദ്യാർത്ഥി സമൂഹത്തിന്റെ താൽപ്പര്യത്തിന് ഗുണകരമാണോ എന്നതിനെക്കുറിച്ച് സർക്കാർ പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, (എ) സ്കൂൾ വിദ്യാഭ്യാസ രംഗത്ത് നിലവിലുള്ള ഡയറക്ടറേറ്റ് ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻ, ഹയർ സെക്കൻഡറി ഡയറക്ടറേറ്റ്, വൊക്കേഷണൽ ഹയർ സെക്കൻഡറി ഡയറക്ടറേറ്റ് എന്നിവ ഏകോപിപ്പിച്ച് ഒരു പൊതുഭരണ സംവിധാനം രൂപീകരിക്കുന്ന കാര്യം സർക്കാർ ഗൗരവമായി പരിഗണിക്കുന്നുണ്ട്.

(ബി) ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്ന കാഴ്ചപ്പാടിൽ നിന്നുകൊണ്ട് ബഹുമുഖമായ പ്രവർത്തനങ്ങൾ വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കിവരുന്നു. ഈ പ്രവർത്തനങ്ങളുടെ ഫലമായി വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും താൽപ്പര്യങ്ങൾക്കനുസൃതമായി ഗുണപരമായ മാറ്റങ്ങൾ ഉണ്ടാകുന്നുണ്ടെന്ന് ഈ രംഗം നിരീക്ഷിക്കുന്ന ആർക്കും വ്യക്തമാകും. അതിന് തെളിവായി 1.5 ലക്ഷത്തിനടുത്ത് കുട്ടികൾ അധികമായി കഴിഞ്ഞ അക്കാദമിക വർഷം പൊതുവിദ്യാലയങ്ങളിലേയ്ക്ക് എത്തിച്ചേർന്നു. ഈ വർഷവും ഈ പ്രവണത തുടരുമെന്നാണ് പ്രതീക്ഷിക്കുന്നത്. 2009-ലെ വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ പശ്ചാത്തലത്തിൽ സ്കൂൾ വിദ്യാഭ്യാസ രംഗത്ത് ഗുണമേന്മ ഉറപ്പാക്കാൻ ആവശ്യമായ ഘടനാപരവും അക്കാദമികപരവുമായ പഠനം നടത്തി നിർദ്ദേശങ്ങൾ സമർപ്പിക്കാൻ എസ്.സി.ഇ.ആർ.ടി. മുൻ ഡയറക്ടർ ഡോ. എം. എ. ഖാദർ ചെയർമാനായ ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

## സ്കൂൾ വിദ്യാഭ്യാസ രംഗത്ത് ഏകീകൃത ഭരണസംവിധാനം

2 (*110) ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. കെ. എൻ. എ. ഖാദർ :
ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾ വിദ്യാഭ്യാസ രംഗത്ത് ഏകീകൃത ഭരണസംവിധാനം ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പൊതുവിദ്യാഭ്യാസം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഏതെല്ലാം മാറ്റങ്ങൾ വരുത്താനാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്;

(സി) എയ്ഡഡ് മേഖലയിലെ സ്കൂളുകൾക്ക് ഗവൺമെന്റ് എയ്ഡഡ് എന്ന പേര് നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എല്ലാ സ്കൂളുകളിലും പ്രീ-പ്രൈമറി ക്ലാസ്സുകൾ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) : സർ, (എ-ഡി) 2009-ലെ വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് പൊതുവിദ്യാഭ്യാസ രംഗത്ത് നടപ്പിൽ വരുത്താനുദ്ദേശിക്കുന്ന ഘടനാപരവും അക്കാദമികപരവുമായിട്ടുള്ള എല്ലാവിധ പരിഷ്കാരങ്ങളുടെയും വിവിധ വശങ്ങൾ പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ മുൻ എസ്.സി.ഇ.ആർ.ടി. ഡയറക്ടർ ഡോ. എം. എ. ഖാദർ ചെയർമാനായി ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്.

ടി കമ്മിറ്റിയുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ആയതിലെ ശിപാർശകൾ പരിശോധിച്ച് ഉചിതമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

ഡോ. എൻ. ജയരാജ്: സർ, നമ്മുടെ പൊതുവിദ്യാഭ്യാസ രംഗം ഘടനാപരമായും അതോടൊപ്പം ഭൗതികസാഹചര്യങ്ങളും അക്കാദമിക സാഹചര്യങ്ങളും വളരെയേറെ വർദ്ധിപ്പിച്ചുകൊണ്ടും കഴിഞ്ഞകാല വസന്തങ്ങളിലേയ്ക്ക് മടങ്ങിവരാനുള്ള ഒരു വലിയ യാത്രയിലാണ്. അതിന് നേതൃത്വം നൽകുന്ന വിദ്യാഭ്യാസ വകുപ്പുമന്ത്രിയെ ഞാൻ ആത്മാർത്ഥമായി അഭിനന്ദിക്കുകയാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ നമ്മുടെ സമൂഹത്തിൽ അസമത്വങ്ങൾ സൃഷ്ടിക്കപ്പെടുന്നതിലും അതോടൊപ്പം സാമൂഹ്യപരമായിട്ടുള്ള ഒട്ടേറെ പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന കാര്യത്തിലും വിദ്യാഭ്യാസ രീതിയിലും വിദ്യാഭ്യാസ പ്രവർത്തനങ്ങളിലും കഴിഞ്ഞ കാലഘട്ടങ്ങളിലൊക്കെ നമ്മൾ ഏറ്റെടുത്ത ദൗത്യങ്ങളിൽ പലതും പരാജയപ്പെട്ടുപോയെന്ന് പറയാതിരിക്കാൻ കഴിയില്ല. അതുകൊണ്ടുതന്നെ വിദ്യാഭ്യാസ രംഗത്തുണ്ടാകുന്ന ഏത് ഇൻവെസ്റ്റ്മെന്റും വിദ്യാഭ്യാസത്തിനുവേണ്ടി മാത്രമുള്ളതല്ല, സാമൂഹ്യപരമായ പരിഷ്കരണത്തിനും നമ്മുടെ നവോത്ഥാന സങ്കല്പങ്ങളേയും വിശ്വാസങ്ങളേയുമൊക്കെ മുന്നോട്ടുകൊണ്ടുപോകാനും പര്യാപ്തമായ ഒരു കാര്യമാണ്. അക്കാര്യത്തിൽ ഇപ്പോഴെടുക്കുന്ന നിലപാട്, ഇവിടെ സൂചിപ്പിച്ചതുപോലെ ഘടനാപരമായിട്ടുള്ള നിലപാടുകളും അക്കാദമിക നിലപാടുകളും പ്രത്യേകിച്ച് ഹയർ സെക്കൻഡറി തലത്തിൽ ഡി.എച്ച്.എസ്.ഇ., ഡയറക്ടറേറ്റ് ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻസ് ഉൾപ്പെടെയുള്ളവ ഏകീകൃതമാക്കുന്നത് അധികാര കേന്ദ്രങ്ങൾ ഇല്ലാതാകുന്നതിന് സഹായകരമാകുമെന്ന കാര്യത്തിൽ സംശയമില്ല. വിവിധ ഏജൻസികൾ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്. എസ്.സി.ഇ.ആർ.ടി, സീമാറ്റ്, എസ്.ഐ.ഇ.റ്റി, ഐ.റ്റി.@സ്കൂൾ എന്നീ വിവിധ സ്ഥാപനങ്ങളുടെ ഘടന, ചുമതലകൾ, പ്രവർത്തനങ്ങൾ എന്നിവ വളരെ വ്യത്യസ്തമാണ്. എല്ലാം വിദ്യാഭ്യാസ മേഖലയുമായി ബന്ധമുള്ളതാണെങ്കിലും ഇവയെ ഏകീകൃതമായ സ്വഭാവത്തിൽ കൊണ്ടുവന്ന് പ്രത്യേകിച്ച് അക്കാദമിക വിദഗ്ദ്ധൻമാരെ ഉൾപ്പെടുത്തി കരിക്കുലം ഉൾപ്പെടെയുള്ള കാര്യങ്ങൾ രൂപപ്പെടുത്തുമ്പോൾ, എസ്.സി.ഇ.ആർ.ടി. ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾക്ക് സ്വയംഭരണ അധികാരങ്ങൾ നൽകാനുള്ള പ്രവർത്തനത്തിന് മുൻകയ്യെടുക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: സർ, ഇവയെല്ലാം വ്യത്യസ്തമായ ചുമതലകളുള്ള ഏജൻസികളാണ്. എസ്.സി.ഇ.ആർ.ടി. അക്കാദമിക രംഗത്ത് ഗവേഷണത്തിന് നേതൃത്വം നൽകുമ്പോൾ സീമാറ്റ് പരിശീലനങ്ങൾക്ക് നേതൃത്വം നൽകുകയാണ് ചെയ്യുന്നത്. എങ്കിലും അത് പരസ്പര പൂരകങ്ങളായിരിക്കണമെന്നത് ശരിയാണ്. അത്തരത്തിലുള്ള ഒരു ഏകോപനത്തിലൂടെ പരസ്പരമുള്ള ഉദ്ഗ്രഥിതമായ നിലപാടിലൂടെയാണ് കഴിഞ്ഞ രണ്ടുവർഷം പൊതുവിദ്യാഭ്യാസ രംഗത്ത് ഇടപെട്ടത്. ഇവിടെ നേരത്തെ സൂചിപ്പിച്ചതുപോലെയുള്ള ഏകോപനംകൂടി വരുമ്പോൾ അക്കാദമിക തലത്തിൽ പരസ്പരം ബന്ധിപ്പിക്കേണ്ടതും പൂരകങ്ങളാക്കേണ്ടതും ബന്ധിപ്പിച്ചുകൊണ്ട് സമഗ്രവും ശാസ്ത്രീയവുമായ വിദ്യാഭ്യാസം കേരളത്തിൽ ഇന്ന് നിലവിലുള്ളതിനേക്കാൾ ഏറ്റവും ഭംഗിയായി കൊണ്ടുപോകാൻ തന്നെയാണ് വിദ്യാഭ്യാസ വകുപ്പും സംസ്ഥാന സർക്കാരും ആഗ്രഹിക്കുന്നത്.

<u>ഡോ. എൻ. ജയരാജ്</u>: സർ, വിദ്യാഭ്യാസ രംഗത്ത് 97-98 ശതമാനം വിജയമുണ്ടായി എന്ന് അവകാശപ്പെടുമ്പോഴും പൊതുവിദ്യാഭ്യാസ രംഗത്ത് ഗുണപരമായ മേന്മ ഇപ്പോഴും കുറഞ്ഞുനിൽക്കുകയാണെന്നത് ഒരു യാഥാർത്ഥ്യമാണ്. ജയിച്ചുവരുന്ന കുട്ടികളിൽത്തന്നെ അതിന്റെ ഒരു വലിയ സ്ട്രാറ്റജി, സി പ്ലസ് ലെവലിലുള്ള കുട്ടികളാണ്. യഥാർത്ഥത്തിൽ അതിന്റെ ക്വാളിറ്റി ആസ്പെക്ടിൽ എടുക്കുമ്പോൾ വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ ഇനിയുമേറെ വർദ്ധിപ്പിക്കാനുണ്ട്. പ്രത്യേകിച്ച് സൂചിപ്പിക്കാനുള്ള ഒരു കാര്യം നിരന്തര വിലയിരുത്തലാണ്. ഇരുപത് ശതമാനം സ്കോർ നൽകുന്നുവെന്ന് പറയുമ്പോൾ അതിന്റെ ഔദാര്യത്തിലാണ് കുട്ടികൾ പലപ്പോഴും വിജയിച്ചുപോകുന്നത്. നിരന്തരം വിലയിരുത്തൽ എന്ന ഏർപ്പാടിനെ കുറേക്കൂടി ഗൗരവമായി കാണണം. ഞാൻ മനസ്സിലാക്കുന്നത് എസ്.സി.ഇ.ആർ.ടി. ഇതുസംബന്ധിച്ച് ചില നിർദ്ദേശങ്ങൾ ഗവൺമെന്റിന്റെ മുന്നിൽ വച്ചിട്ടുണ്ടെന്നാണ്. ആ മാർഗ്ഗരേഖയ്ക്കനുസൃതമായി നിരന്തര മൂല്യനിർണ്ണയത്തെ മാറ്റി എടുത്തുകൊണ്ട് സ്കൂൾവിദ്യാഭ്യാസത്തിന്റെ അടിസ്ഥാനപരമായിട്ടുള്ള ഗുണമേന്മ വർദ്ധിപ്പിക്കുവാൻ എന്തൊക്കെ നടപടികളാണ് ഗവൺമെന്റ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u> : സർ, ഗുണമേന്മയുള്ള വിദ്യാഭ്യാസം എന്നത് തന്നെയാണ് ഗവൺമെന്റിന്റെ ലക്ഷ്യം. അതുകൊണ്ടുതന്നെ അക്കാദമിക മികവാണ് വിദ്യാലയത്തിന്റെ മികവ് എന്ന മുദ്രാവാക്യം സാർത്ഥകമാക്കാനാണ് നമ്മൾ എല്ലാപേരും ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഗുണപരമായി വലിയ മാറ്റം ഉണ്ടായിട്ടുണ്ടെന്ന് കണക്കുകൾ തെളിയിക്കുകയാണ്. നാഷണൽ അച്ചീവ്മെന്റ്സ് സർവ്വേ കേന്ദ്ര സർക്കാർ എല്ലാ സംസ്ഥാനങ്ങളിലും നടത്തിയതാണ്. ആ സർവ്വേയുടെ ഫലം വന്നപ്പോൾ ദേശീയ തലത്തിൽ മറ്റ് സംസ്ഥാനങ്ങളുടെ ശരാശരിയേക്കാൾ വളരെ

ഉയർന്ന തലത്തിൽ കേരളത്തിന് നിൽക്കാൻ കഴിഞ്ഞിട്ടുണ്ടെന്നത് കഴിഞ്ഞ രണ്ട് വർഷങ്ങളിലെ ഇടപെടലും അതിനുമുമ്പുള്ള ഇടപെടലുകളുടെയും പൂരകമായിത്തന്നെ ഉണ്ടായതുകൊണ്ടാണെന്ന് നമുക്ക് വ്യക്തമാകും. ചില മേഖലകളിൽ ഇപ്പോഴും പുറകിൽ നിൽക്കുന്നുണ്ട്; അവിടെ ഊന്നൽ നല്കി കേരളത്തിന്റെ അക്കാദമിക മേഖലയെ ഉയർത്തുവാൻ തന്നെയാണ് ശ്രമം നടത്തുന്നത്. എസ്.സി.ഇ.ആർ.ടി.-യും, എസ്.എസ്.എ.-യും നടത്തിയ റിസർച്ച് ഇത്തരത്തിലുള്ള ഇടപെടലിന്റെ ദിശാബോധം സംസ്ഥാനത്ത് നൽകിയിട്ടുണ്ട്. അതിന്റെ ചുവട് പിടിച്ചുകൊണ്ടുതന്നെ അക്കാദമിക നിലവാരത്തെ അന്താരാഷ്ട്ര തലത്തിലേയ്ക്ക് എത്തിക്കുവാനാണ് സംസ്ഥാന സർക്കാർ ശ്രമിക്കുന്നത്.

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ, വിദ്യാഭ്യാസ രംഗത്ത് സമഗ്രമായ പുരോഗതി ലക്ഷ്യംവച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് വിജയം കണ്ടുതുടങ്ങിയിട്ടുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് ഇപ്രാവശ്യം ഒന്നാം ക്ലാസ്സിലേയ്ക്ക് വന്ന കുട്ടികളുടെ എണ്ണം. ഗവൺമെന്റ് എയ്ഡഡ് സ്കൂളുകളിൽ അഭൂതപൂർവ്വമായ മാറ്റങ്ങളുണ്ടാക്കാൻ സാധിച്ചു. വിദ്യാഭ്യാസ രംഗത്ത് തീർച്ചയായിട്ടും ഈ മാറ്റങ്ങൾ ഉൾക്കൊള്ളുന്ന ചർച്ചയിൽ സഭയിലെ എല്ലാ അംഗങ്ങളും, പ്രത്യേകിച്ച് അവരുടെ സ്കൂളുകൾ മെച്ചപ്പെടുത്തുന്ന കാര്യത്തിലും ഹൈടെക് ആക്കി ഉയർത്തിയ സ്കൂളുകളെ പരിരക്ഷിക്കുന്ന കാര്യത്തിലും അടിസ്ഥാന ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്ന കാര്യത്തിലും ശ്രദ്ധിക്കുന്നുണ്ടെന്നുള്ളത് മാറ്റത്തിന്റെ ഏറ്റവും ശ്രദ്ധേയമായ കാര്യമാണ്. അതോടൊപ്പം ശ്രദ്ധിക്കേണ്ട മറ്റൊരു കാര്യം പ്രീ-പ്രൈമറി സ്കൂളുകളെ നമുക്ക് ഉപേക്ഷിക്കാൻ കഴിയില്ല. 2012-ന് മുമ്പ് കേരളത്തിലെ എല്ലാ ഗവൺമെന്റ്-എയ്ഡസ് സ്കൂളുകളിലും പി.ടി.എ.-യുടെ കീഴിൽ പ്രീ-പ്രൈമറി സ്കൂളുകൾ ആരംഭിച്ചിരുന്നു. പ്രീ-പ്രൈമറി കോഴ്സ് പാസ്സായ അദ്ധ്യാപകരാണ് അവിടെ ജോലി ചെയ്തിരുന്നത്. എന്നാൽ 2012-ലെ കോടതി ഉത്തരവുപ്രകാരം ഗവൺമെന്റ് പി.ടി.എ.-യുടെ കീഴിലുള്ള സ്കൂളുകളിൽ അദ്ധ്യാപകർക്ക് 5,000 രൂപയും ആയമാർക്ക് 3,000 രൂപയുമായി നൽകിയിരുന്ന വേതനം ഇപ്പോൾ പതിനായിരം രൂപയായും ആറായിരത്തി അഞ്ഞൂറ് രൂപയായും വർദ്ധിപ്പിച്ചു. എന്നാൽ എയ്ഡഡ് സ്കൂളുകളെ സംബന്ധിച്ചിടത്തോളം അവിടത്തെ അദ്ധ്യപകർക്കും ആയമാർക്കും ആ അലവൻസ് വർദ്ധിപ്പിക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. ആ ഡിസ്ക്രിമിനേഷൻ ഒഴിവാക്കുന്നത് നല്ലതാണ്. ഗവൺമെന്റ് എയ്ഡഡ് സ്കൂളുകളിൽ കുട്ടികൾ കൂടുതൽ വരുന്നതിനാവശ്യമായത് പ്രീ-പ്രൈമറി സ്കൂളുകളെ ശാക്തീകരിക്കുക എന്നുള്ളതാണ്. പി.ടി.എ.-യുടെ നേതൃത്വത്തിൽ നല്ലനിലയിൽ നടന്നാൽത്തന്നെ ഇന്നുള്ളതിനെക്കാൾ ഇരട്ടി മെച്ചപ്പെട്ട റിസൽട്ട് ആ രംഗത്ത് നേടാൻ കഴിയുമെന്നുള്ളതാണ്. അതുകൊണ്ട് ആ ഡിസ്ക്രിമിനേഷൻ ഒഴിവാക്കി

അവർക്കുകൂടി സമാനമായ നിലയിൽ ഇത്തരം കാര്യങ്ങൾ പ്രോത്സാഹജനകമാക്കാനുള്ള നിലപാട് ഗവൺമെന്റ് സ്വീകരിക്കുന്നത് ഉചിതമാകും. ആയതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ് : സർ, പ്രീ-പ്രൈമറി വിദ്യാഭ്യാസരംഗത്ത് വളരെയധികം ശ്രദ്ധിക്കണമെന്നതുതന്നെയാണ് സർക്കാരിന്റെ നിലപാട്. കാരണം, ഒന്നാം ക്ലാസ്സിലേയ്ക്ക് കടന്നുവരുന്നതിനുമുമ്പ് പൊതുവിദ്യാഭ്യാസ രംഗത്തേയ്ക്ക് കുട്ടികളെ ഒരുക്കുന്ന പ്രക്രിയ നടക്കുന്നത് പ്രീ-പ്രൈമറിയിലാണ്. അതുകൊണ്ടുതന്നെ അവിടെ സമഗ്രമായ പരിഷ്കരണം ആവശ്യമാണ്. അത് മൂന്ന് തരത്തിൽ ഇന്ന് നിൽക്കുന്നുവെന്ന് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചു. അവ 2012 വരെ, അതിനുശേഷം, അതുപോലെ എയ്ഡഡ് സ്കൂളുകളിലെ പ്രീ-പ്രൈമറി എന്നിങ്ങനെയാണ്. ഇങ്ങനെ മൂന്ന് തരത്തിൽ നിലനിൽക്കുന്ന പ്രീ-പ്രൈമറിയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കൃത്യമായ വിശകലനവും പഠനവും ആവശ്യമാണ്. അതിന് എസ്.സി.ഇ.ആർ.ടി.-യെ ചുമതലപ്പെടുത്തുകയും എസ്.സി.ഇ.ആർ.ടി. ഈ വിഷയം പഠിച്ച് സമഗ്രമായ റിപ്പോർട്ട് തയ്യാറാക്കിവരികയുമാണ്. റിപ്പോർട്ട് തയ്യാറാക്കുന്ന മുറയ്ക്ക് ഏറ്റവും അധികം ശ്രദ്ധിക്കേണ്ട പ്രീ-പ്രൈമറി രംഗത്ത് ശ്രദ്ധ ചെലുത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. പി. ജെ. ജോസഫ്: സർ, ഇപ്പോൾത്തന്നെ സ്കൂളുകളിൽ പത്താം ക്ലാസ്സും പ്ലസ്ടുവും ഒരുമിച്ചാണ് നടക്കുന്നത്. എന്നാൽ പരീക്ഷാ നടത്തിപ്പ് രണ്ട് രീതിയിലാണ്. കുറ്റമറ്റ തരത്തിൽ അത് മുന്നോട്ട് കൊണ്ടുപോകുകയാണ്. സ്കൂളുകളിൽ അത് ഏകീകരിക്കുകയെന്നുപറഞ്ഞാൽ വലിയ മാറ്റമൊന്നും വരില്ല. അവിടെ പ്രിൻസിപ്പാളും ഹെഡ്മാസ്റ്ററുമുണ്ട്. പരീക്ഷാ നടത്തിപ്പ് വികേന്ദ്രീകരിക്കുന്നത് തന്നെയല്ലേ നല്ലത്. ഒരുമിച്ചാക്കിയാൽ അത് കൂടുതൽ സങ്കീർണ്ണമാവില്ലേ എന്നത് ഗൗരവമായി പരിശോധിക്കുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ഇക്കാര്യം ചർച്ചയുടെ ഭാഗമായെടുക്കാവുന്നതാണ്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ ഇക്കാര്യത്തിനുവേണ്ടി ഒരു കമ്മീഷനെ നിയോഗിച്ചിട്ടുണ്ട്. അദ്ധ്യാപകരുമായും വിദ്യാർത്ഥികളുമായും ചർച്ച ചെയ്തുവരികയാണ്. എന്ത് ചെയ്യാൻ കഴിയുമെന്ന് ഇപ്പോൾ പറയാൻ സാധിക്കില്ല. റിപ്പോർട്ട് ലഭിച്ചതിനുശേഷം ഏറ്റവും നന്നായി എങ്ങനെയാണ് പരീക്ഷ നടത്താൻ കഴിയുകയെന്നത് പരിശോധിച്ച് എല്ലാവരുടെയും അഭിപ്രായംകൂടി ഉൾക്കൊണ്ടുകൊണ്ട് തീർച്ചയായും പരീക്ഷാസംവിധാനം ആ റിപ്പോർട്ട് അനുസരിച്ച് പുനഃക്രമീകരിക്കും.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിനുവേണ്ടി നടത്തുന്ന നല്ല പരിശ്രമങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട അംഗങ്ങൾ ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. നമ്മളെല്ലാവരും അത് സ്വാഗതം ചെയ്യുകയാണ്. ഏറ്റവും നല്ല നിലയിൽ ആ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ മുഴുവൻ എം.എൽ.എ.-മാരും എന്നതുപോലെ കേരളം ഒറ്റക്കെട്ടായി സഹകരിക്കുന്നുവെന്നത് വളരെ ചാരിതാർത്ഥ്യത്തോടെ നമുക്ക് കാണാൻ കഴിയും. അങ്ങയുടെ മറുപടിയിൽ 'ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം' എന്ന കാഴ്ചപ്പാടിൽ നിന്നുകൊണ്ടാണ് ഗവൺമെന്റ് പ്രവർത്തനങ്ങൾ നടത്തുന്നതെന്ന് സൂചിപ്പിക്കുകയുണ്ടായി. ഇപ്പോൾ സംയോജനവുമായി ബന്ധപ്പെട്ട് ആശങ്ക ഉണ്ടായിട്ടുണ്ട്. വിശദമായി പരിശോധിച്ചശേഷം റിപ്പോർട്ടിന്റെ വെളിച്ചത്തിലാണ് അത് നടപ്പാക്കുന്നതെന്ന് അങ്ങ് സൂചിപ്പിക്കുകയുണ്ടായി. ബഹുമാനപ്പെട്ട പി. ജെ. ജോസഫ് പരീക്ഷയുമായി ബന്ധപ്പെട്ട കാര്യങ്ങൾ പറഞ്ഞു. വിദ്യാഭ്യാസ ഘടനാമാറ്റം എന്നുപറഞ്ഞത് ഇപ്പോൾ ഹൈസ്കൂൾ, ഡി.പി.ഐ.-യുടെ കീഴിലും ഹയർ സെക്കൻഡറി, ഹയർ സെക്കൻഡറി ഡയറക്ടറേറ്റിനുകീഴിലും വൊക്കേഷണൽ ഹയർ സെക്കൻഡറി വൊക്കേഷണൽ ഹയർ സെക്കൻഡറി ഡയറക്ടറേറ്റിനുകീഴിലുമാണ് പ്രവർത്തിക്കുന്നത്. ഇത് മൂന്നിനും മൂന്ന് സ്വഭാവമാണെന്നത് ഒരു വസ്തുതയാണ്. എസ്.എസ്.എൽ.സി. പരീക്ഷയിൽ വലിയ റിസൽട്ടുണ്ടാകുന്നതും കുട്ടികൾ സ്കൂളിലേയ്ക്ക് വരാൻ ഇടയാകുന്നതും അവിടെ കേന്ദ്രീകരിച്ച് അക്കാദമിക നിലവാരം ഉയർത്താൻ കഴിയുന്നതുകൊണ്ടാണ്. നായനാർ ഗവൺമെന്റിന്റെ ഭരണകാലത്ത്, ബഹുമാനപ്പെട്ട പി. ജെ. ജോസഫ് വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരിക്കുമ്പോഴാണ് പ്രീ-ഡിഗ്രി ഡിലിങ്ക് ചെയ്ത് ഹയർ സെക്കൻഡറി സാർവ്വത്രികമാക്കി മാറ്റിയത്. അതിലുള്ള ന്യൂനതകളെല്ലാം പരിഹരിച്ച് ഇന്ന് കുറ്റമറ്റ നിലയിൽ മുന്നോട്ടുപോകുകയാണ്. ഉന്നത പഠനത്തിന്റെ പ്രവേശന കവാടമായി ഹയർ സെക്കൻഡറി നിൽക്കുമ്പോഴും വൊക്കേഷണൽ ഹയർ സെക്കൻഡറിയുടെ തൊഴിൽ സാധ്യതയുമായി ബന്ധപ്പെട്ട ആശങ്ക നിലനിൽക്കുന്ന സാഹചര്യത്തിലും ഇത് മൂന്നിനും ഗുണമേന്മ നഷ്ടപ്പെടുന്ന സാഹചര്യം ഏകീകരണം നടപ്പിലാക്കുന്നതിലൂടെ ഉണ്ടാകുമോയെന്ന ആശങ്ക ഉയർന്നുവരികയാണ്. അതോടൊപ്പം ഡി.ഡി. ഓഫീസ്, ഡി.പി.ഐ. എന്നിവിടങ്ങളിലെല്ലാം ഭരണപരമായ തിരക്കുകളുണ്ട്. അതിന്റെകൂടെ ഇതെല്ലാം സംയോജിപ്പിച്ചാൽ ആകെ പ്രശ്നമാകുമോയെന്ന ആശങ്കയും സമൂഹത്തിനുണ്ട്. അങ്ങ് ഈ പ്രശ്നങ്ങൾ ഗൗരവമായി പരിശോധിക്കണം. വിദ്യാഭ്യാസ നിലവാരത്തിന്റെ ഗുണമേന്മ നിലനിർത്താൻ കഴിയുന്ന വിധത്തിലുള്ള പരിഷ്കാരങ്ങളെക്കുറിച്ച് ഗൗരവമായി ഗവൺമെന്റ് ആലോചിക്കുമോ?

മി. സ്പീക്കർ: പരമാവധി അംഗങ്ങൾക്ക് അവസരം ലഭിക്കേണ്ട വേദിയാണ്. ചോദ്യം പരമാവധി ചുരുക്കി ചോദിച്ച് അംഗങ്ങൾ സഹകരിക്കണം. ഇക്കാര്യം വീണ്ടും ചെയർ നിർദ്ദേശിക്കാൻ ഇടയാക്കരുത്.

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ഈ ഏകോപനത്തിലൂടെ കേരളത്തിന്റെ വിദ്യാഭ്യാസരംഗത്ത്, പ്രത്യേകിച്ച് ഒന്നുമുതൽ പന്ത്രണ്ടാം ക്ലാസ്സുവരെയുള്ള വിദ്യാഭ്യാസരംഗത്ത് ഗുണപരമായ വലിയ മാറ്റമുണ്ടാകുമെന്നാണ് സർക്കാർ കരുതുന്നത്. അതിന്റെ മെത്തഡോളജി മാത്രമാണ് ഇപ്പോൾ ചർച്ചചെയ്യുന്നത്. ഒന്നുരണ്ട് ചെറിയ ഉദാഹരണങ്ങൾ ഇത്രയും വിശദമായി ചോദിച്ചതുകൊണ്ട് പറയാം. ഒന്ന് മുതൽ പന്ത്രണ്ടാം ക്ലാസ്സുവരെയുള്ള ഈ വിഭാഗം പരസ്പരം ഏകോപിപ്പിച്ച് ഒരേ സങ്കൽപ്പത്തിൽ പരസ്പരപൂരകമായി നടക്കേണ്ടതാണ്. അതിനുശേഷമുള്ള വിദ്യാഭ്യാസത്തിന്റ pedagogy പരിശോധിച്ചുനോക്കിയാൽ നമുക്ക് മനസ്സിലാകുന്നത്, എൽ.പി.എസ്.ടി. (ലോവർ പ്രൈമറി സ്കൂൾ ടീച്ചർ) യു.പി.എസ്.ടി. (അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ) എച്ച്.എസ്.ടി. (ഹൈസ്കൂൾ ടീച്ചർ), എച്ച്.എസ്.എസ്.ടി. (ഹയർ സെക്കൻഡറി സ്കൂൾ ടീച്ചർ) എന്നിങ്ങനെ ഇതൊരു pedagogy ആണ്. ടീച്ചിംഗാണ് അവിടെ നടക്കുന്നത്. ഒന്ന് മുതൽ പന്ത്രണ്ട് വരെ ടീച്ചിംഗ് pedagogy ആണുള്ളത്. അതുവരെ ഒരേ സ്കീമിൽ ഒരേപോലെ വളർത്തിക്കൊണ്ടുവന്നാൽ മാത്രമേ നേരത്തെ അദ്ദേഹം സൂചിപ്പിച്ചതുപോലെ പരസ്പരപൂരകമായ വികാസം ഉണ്ടാകുകയുള്ളൂ. അതിനുശേഷം ഉന്നതവിദ്യാഭ്യാസ ത്തിലേയ്ക്ക് പോകുകയാണ്. അവിടെ ടീച്ചിംഗ് ഇല്ല, അവിടെ അസിസ്റ്റന്റ് പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, പ്രൊഫസർ എന്നിങ്ങനെയാണ്. Pedagogy-യിൽ വലിയ വ്യത്യാസം വരുന്നു. ഒരേ pedagogy-യിലുള്ളവർ ഒരേ തുടർച്ചയിലും മറ്റൊരു pedagogy വ്യത്യസ്തമായും വരുമ്പോഴാണ് യഥാർത്ഥത്തിൽ അക്കാഡമിക് എക്സലൻസ് ഉണ്ടാകുന്നത്. അതുകൊണ്ടുതന്നെയാണ് കേന്ദ്രീയ വിദ്യാലയം ഒന്ന് മുതൽ പന്ത്രണ്ടാം ക്ലാസ്സുവരെ, സൈനിക സ്കൂൾ ഒന്ന് മുതൽ പന്ത്രണ്ടാം ക്ലാസ്സുവരെ, നവോദയ സ്കൂൾ - അഞ്ച് മുതൽ പന്ത്രണ്ട് വരെ, സി.ബി.എസ്.ഇ. എട്ട് മുതൽ പന്ത്രണ്ട് വരെ, ഐ.സി.എസ്.ഇ. എന്നിങ്ങനെ എല്ലാം പന്ത്രണ്ടാം ക്ലാസ്സുവരെയെന്നു പറയുന്നത് ഈ pedagogy ഒരുപോലെയായതുകൊണ്ടാണ്. അടുത്തത് വിഷയപഠനത്തിന്റെ പ്രത്യേകതയാണ്. ഏഴാം ക്ലാസ്സുവരെ സയൻസ്, സാമൂഹ്യശാസ്ത്രം, ഭാഷ എന്നിവയും ഹൈസ്കൂൾ എത്തുമ്പോഴേയ്ക്കും ഫിസിക്സ്, കെമിസ്ട്രി എന്നിങ്ങനെ വിഭജിച്ച് കുറച്ചുകൂടി വലുതാക്കി പഠിക്കുകയും അതിന് തൊട്ടുമുകളിൽ പന്ത്രണ്ടാം ക്ലാസ്സുവരെയുള്ളത് അതിൽത്തന്നെ ചില ഓപ്ഷൻസ് കൊടുത്ത് എല്ലാ വിഷയങ്ങളും പഠിക്കുന്ന ഒരവസ്ഥയാണുള്ളത്. Pedagogy-യും സബ്ജക്ടുകളുടെ പരസ്പരപൂരകതയും

വികാസവും പന്ത്രണ്ടാം ക്ലാസ്സുവരെ ഒരുപോലെയാണ്. അതുകഴിഞ്ഞ് ഉന്നതവിദ്യാഭ്യാസത്തിന് പോകുമ്പോൾ കെമിസ്ട്രി ബി.എസ്‌സി., ഫിസിക്സ് ബി.എസ്‌സി. എന്നിങ്ങനെ സ്പെഷ്യലൈസേഷൻ വരികയാണ്. ഒരേ സ്കീമിൽ pedagogy-യും വിഷയത്തിന്റെ വികാസവും ഒരുപോലെ വരുന്നതുകൊണ്ട് ഒന്ന് മുതൽ പന്ത്രണ്ട് വരെ നേരത്തെ പറഞ്ഞ പ്രശ്നങ്ങളെല്ലാം ഉൾക്കൊണ്ടുതന്നെ അതെല്ലാം ഏകോപിപ്പിക്കുമ്പോൾ കേരളത്തിലെ പന്ത്രണ്ടാം ക്ലാസ്സുവരെയുള്ള വിദ്യാഭ്യാസത്തിന്റെ അക്കാഡമിക് നിലവാരം ഉയർത്താൻ കഴിയുമെന്നുതന്നെയാണ് കരുതുന്നത്.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, കേരളത്തിലെ ഹയർ സെക്കൻഡറി വിദ്യാഭ്യാസത്തിന്റെ അല്ലെങ്കിൽ പ്രീ-ഡിഗ്രി വിദ്യാഭ്യാസത്തിന്റെ ചരിത്രം നോക്കുമ്പോൾ ടി. എം. ജേക്കബ് വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്ന സമയത്ത് മാൽക്കം ആദിശേഷയ്യ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ ഡിഗ്രിതലത്തിൽനിന്ന് പ്രീ-ഡിഗ്രി ഡീലിങ്ക് ചെയ്ത് പ്രത്യേക ബോർഡിനുകീഴിൽ കൊണ്ടുവന്ന് പ്രത്യേക സെക്ടറായി ഉപരിപഠനത്തിലേയ്ക്ക് വഴിതിരിച്ചുവിടുന്ന ഒരു ടേണിംഗ് പോയിന്റായി ഈ മേഖലയെ നിർത്തണമെന്നുള്ളത് വളരെ വിശദമായ ഒരു പഠനത്തിന്റെ അടിസ്ഥാനത്തിൽ നിലവിൽവന്നതാണ്. അതിന്റെ അടിസ്ഥാനത്തിൽ പ്രീ-ഡിഗ്രിയെ കോളേജിൽനിന്ന് ഡീലിങ്ക് ചെയ്ത് പ്രത്യേകമായ സംവിധാനമൊരുക്കുന്നതിനുവേണ്ടി, പ്രത്യേകിച്ച് പശ്ചാത്തല സൗകര്യമില്ലാത്തതു കൊണ്ടാണ് പ്ലസ്ടു വിദ്യാഭ്യാസം സാർവ്വത്രികമാക്കുക എന്നുള്ള ഒരു പ്രത്യേക ലക്ഷ്യത്തോടുകൂടി സ്കൂൾതലത്തിലേയ്ക്ക് ഹയർ സെക്കൻഡറിയെ കൊണ്ടുപോയത്. അതേസമയം പ്ലസ്ടു വിദ്യാഭ്യാസമെന്നുപറയുന്നത്, പത്താം ക്ലാസ്സുവരെ ചില സബ്ജക്ടുകളിൽ മിനിമം ലേണിംഗ് ആവശ്യമുള്ളത് മുഴുവൻ കൊടുക്കുകയും പത്താം ക്ലാസ്സ് കഴിഞ്ഞ് പ്ലസ് ടുവിലേയ്ക്ക് പോകുന്നതോടുകൂടി ഓരോ സബ്ജക്ടിലും സ്പെഷ്യലൈസേഷൻ വേണ്ട രീതിയിലേയ്ക്കുമാണ് കാര്യങ്ങൾ പോകുന്നത്. സ്വാഭാവികമായും മെഡിക്കൽ, എഞ്ചിനീയറിംഗ് എൻട്രൻസ് അടക്കമുള്ള മേഖലകളിലേയ്ക്ക് തിരിഞ്ഞുപോകുന്നത് ഹയർ സെക്കൻഡറി വിദ്യാഭ്യാസ മേഖലയിൽനിന്നാണ്. കേരളത്തിലെ ഹയർ സെക്കൻഡറി വിദ്യാഭ്യാസം മറ്റ് സംസ്ഥാനങ്ങളെ വച്ചുനോക്കുമ്പോൾ ഉന്നതനിലവാരം പുലർത്തുന്നതാണ്.

<u>മി. സ്പീക്കർ</u>: പ്ലീസ്, ചോദ്യം ചോദിക്കു.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, ഞാൻ ഒരു ഹയർ സെക്കൻഡറി അദ്ധ്യാപകൻകൂടിയാണ്. വിദ്യാഭ്യാസ വകുപ്പുമന്ത്രി അത്ര വിശദമായ ഒരു മറുപടി പറഞ്ഞതുകൊണ്ടുകൂടിയാണ് ഞാൻ പറയുന്നത്.

മി. സ്പീക്കർ: വിദ്യാഭ്യാസരംഗത്തെ സംബന്ധിച്ച് നമുക്ക് ഒരു ദിവസം ചർച്ച ചെയ്യാം.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഇങ്ങനെയുള്ള സാഹചര്യത്തിൽ ഹയർ സെക്കൻഡറി വിദ്യാഭ്യാസത്തെ സ്ട്രെംഗ്തൻ ചെയ്യുന്നതിനുപകരം, ഫോർവേഡ് ലിങ്കിംഗാണ് സാധാരണ എല്ലായിടത്തും ചെയ്യുന്നത്, ബാക്ക്‌വേഡ് ലിങ്കിംഗിലേയ്ക്ക് കേരളത്തിലെ വിദ്യാഭ്യാസത്തെ കൊണ്ടുപോകുകയാണ്. ഈ മേഖലയുടെ തലവൻ പ്രിൻസിപ്പാൾ ആയിരിക്കുമെങ്കിൽ 21 പിരീഡ് ക്ലാസ്സെടുക്കേണ്ട ഉത്തരവാദിത്വംകൂടി പ്രിൻസിപ്പാളിന് നൽകിയാൽ വിദ്യാഭ്യാസമേഖല തകരുമെന്ന് മാത്രമാണ് എനിക്ക് പറയാനുള്ളത്.

മി. സ്പീക്കർ: അങ്ങയുടെ ചോദ്യമെന്താണ്? ഇത് ശരിയല്ല.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, എം. എ. ഖാദർ കമ്മിറ്റിയെത്തന്നെ ഇപ്പോൾ നിയമിച്ചിട്ടുണ്ട്. ഇതുപോലെയുള്ള റിപ്പോർട്ട് സർക്കാരിന് ആവശ്യമാണ്. സ്വാഭാവികമായും സർക്കാർ ഈ രീതിയിൽത്തന്നെ മുന്നോട്ടുപോകാനാണോ അഗ്രഹിക്കുന്നത് എന്നത് കേരളത്തിലെ ജനങ്ങളുടെയും രക്ഷിതാക്കളുടെയും ആശങ്കയാണ്. ഇതിനൊരു മറുപടി പറയാമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ഞാൻ നേരത്തെ അതിന് ഉത്തരം പറഞ്ഞു. ഒരു pedagogical continuation എന്നുള്ളതാണ് വിദ്യാഭ്യാസത്തിന്റെ മൗലികമായ വിഷയം. ആ pedagogical continuation ഇല്ലെങ്കിൽ പലതരത്തിലുള്ള വ്യത്യാസങ്ങളുണ്ടാകും. അതുവളരെ കൃത്യമായി ഞാൻ സൂചിപ്പിച്ചു. ടീച്ചിംഗ് എന്ന പ്രക്രിയ പന്ത്രണ്ടാം ക്ലാസ്സുവരെ മാത്രമേയുള്ളൂ. അതിനുശേഷം ആരും ടീച്ച് ചെയ്യില്ല. മുൻകാലങ്ങളിൽ ലക്ചറർ ലക്ചർ ചെയ്യുകയാണ് ചെയ്യുന്നത്. പ്രൊഫസർ, പ്രൊഫസ് ചെയ്യുന്ന ആളാണ്. രണ്ട് തലത്തിലുള്ളത് രണ്ട് തരത്തിൽത്തന്നെ pedagogical continuation-ഉം പരസ്പര പൂരകതയുമുണ്ടാകണം. വളരെ ശാസ്ത്രീയമായ ഒന്നാണത്. അതുകൊണ്ടാണ് കേന്ദ്രീയ വിദ്യാലയങ്ങളിലൊക്കെ ഒന്ന് മുതൽ പന്ത്രണ്ട് വരെ ക്ലാസ്സുകളുള്ളത്. കേന്ദ്ര സർക്കാർ നടത്തുന്ന സ്ഥാപനങ്ങളിലൊക്കെ ഒന്ന് മുതൽ പന്ത്രണ്ട് വരെത്തന്നെയാണ്. ഇവിടെ പന്ത്രണ്ടാം ക്ലാസ് കോളേജിൽനിന്ന് ഡീലിങ്ക് ചെയ്യുമ്പോൾ ഈ ഉദ്ദേശ്യമുണ്ടായിരുന്നു. ഒന്ന് മുതൽ പന്ത്രണ്ട് വരെയുള്ള ഈ pedagogical continuation ഉണ്ടാകണം. ടീച്ചിംഗ് അവിടെ നടക്കണം. പന്ത്രണ്ടാം ക്ലാസ്സെത്തുന്ന പ്രായംവരെ ആ വിഷയങ്ങൾ അത്തരത്തിൽ ഡീൽ ചെയ്യണം. അതിലും ഇപ്പോൾ വ്യത്യാസം വരുത്തുന്നു, ടീച്ചർ സെന്റേർഡ് അല്ല, വിദ്യാർത്ഥി കേന്ദ്രീകൃതമായി മാറ്റുകൂടി ചെയ്യുമ്പോൾ ഈ pedagogical continuation എന്നുപറയുന്നത് വളരെ കൃത്യമാണ്. കേരളത്തിലെ വിദ്യാഭ്യാസത്തിന് മൗലികമായി വലിയ മാറ്റമുണ്ടാകും.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഈ രംഗത്തുള്ള ഏകീകരണത്തിന്റെ പ്രത്യാഘാതങ്ങളെക്കുറിച്ചാണ് ഇവിടെ എല്ലാവരും ചോദിച്ചത്. അത് ഗൗരവമായി കാണേണ്ട ഒന്നുതന്നെയാണ്. ഒന്ന് മുതൽ പന്ത്രണ്ട് വരെ - അതാണ് പുതിയ സ്കൂൾ സംവിധാനം - എന്ന് അങ്ങ് സൂചിപ്പിച്ചു. പത്താം ക്ലാസ്സ് പരീക്ഷ പാസ്സാകുന്ന ഒരു കുട്ടിക്ക് അയാളുടെ സ്കൂൾ പന്ത്രണ്ട് വരെയാണ്. പത്താം ക്ലാസ്സ് കഴിഞ്ഞ് എല്ലാ കുട്ടികൾക്കും പന്ത്രണ്ടാം ക്ലാസ്സ് വരെ ആ സ്കൂളിൽ പഠിക്കത്തക്കവിധമുള്ള ഒരു ക്രമീകരണം ഇതിന്റെ ഭാഗമായി ഉണ്ടാക്കാൻ കഴിയുമോ? രണ്ട്, നിലവിൽ സ്കൂളുകളിൽ ഹെഡ്മാസ്റ്ററും പ്രിൻസിപ്പാളും തമ്മിൽ അധികാരത്തർക്കമാണ്. അത് മാറ്റാൻ വേണ്ടി പ്രിൻസിപ്പാൾ ഹെഡ് ആകുന്നു, അത് അക്കാദമിക് ഹെഡ് ആണ്. ഖാദർ കമ്മീഷൻ റിപ്പോർട്ടിലെ കാര്യമാണ് പറയുന്നത്. വൈസ്-പ്രിൻസിപ്പാൾ ആയ ഹെഡ്മാസ്റ്ററെ അഡ്മിനിസ്ട്രേറ്റീവ് ഹെഡാക്കുന്നു. അപ്പോൾ അധികാരത്തർക്കം അവസാനിക്കുകയല്ല, അധികാരത്തർക്കം രൂക്ഷമാകുകയാണ് ചെയ്യുക. ഇത്തരം വിഷയങ്ങൾ പരിഹരിക്കുന്നതിനുള്ള ഒരു ഇടപെടലുണ്ടാകുമോ; അല്ലെങ്കിൽ ഈ റിപ്പോർട്ട് അതേപടി നടപ്പാക്കുമോ എന്നതാണ് ചോദ്യം.

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ഖാദർ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല, ചർച്ച നടത്തിവരുന്നതേയുള്ളൂ. അദ്ദേഹം റിപ്പോർട്ട് എഴുതാൻ ആരംഭിച്ചിട്ടില്ല. തീർച്ചയായും ഈ വിഷയങ്ങളെല്ലാം അതിൽ പരിഗണിക്കും. ആ പ്രശ്നങ്ങളെല്ലാം പരിഗണിച്ചുതന്നെ ചെയ്യാം.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഈ ലയനം നടക്കുമ്പോൾ എസ്.എസ്.എൽ.സി. പരീക്ഷ തുടർന്ന് നടത്തേണ്ട ആവശ്യം വരുമോ; അത് അപ്രസക്തമാകില്ലേ? എസ്.എസ്.എൽ.സി. പരീക്ഷ എഴുതുന്ന ഒരു കുട്ടിക്ക് കിട്ടുന്ന റിസൾട്ട് eligible or not eligible എന്നാണ്. അപ്പോൾ Not eligible ആയ കുട്ടി എവിടെപ്പോകും. അടിസ്ഥാനരേഖയായി എല്ലാവരും സ്വീകരിക്കുന്നത് പത്താം ക്ലാസ്സ് പരീക്ഷയുടെ സർട്ടിഫിക്കറ്റാണ്, അതിനുപകരം പ്ലസ് ടുവിന്റെ സർട്ടിഫിക്കറ്റാക്കേണ്ടിവരും. അതുപോലെ എല്ലാ സ്കൂളുകളിലും ഒന്ന് മുതൽ പന്ത്രണ്ട് വരെയുള്ള ക്ലാസ്സുകൾ തുടർച്ചയായി വേണ്ടിവരും. മാനേജർമാർ ആഗ്രഹിക്കുന്നതും ഇതുതന്നെയാണ്. എല്ലാ സ്കൂളുകളിലും ഒന്ന് മുതൽ പന്ത്രണ്ടാം ക്ലാസ്സ് വരെ തുടങ്ങേണ്ടിവരും. അത് ഗവൺമെന്റിന് വമ്പിച്ച ബാധ്യത വരുത്തും. പിന്നെ Kendriya Vidyalaya Sangathan ചെയ്യുന്ന പണിയൊന്നും നമുക്ക് ചെയ്യാൻ സാധിക്കുമെന്ന് എനിക്ക് തോന്നുന്നില്ല. അതുകൊണ്ട് ഒന്ന് മുതൽ പന്ത്രണ്ട് വരെ കൂട്ടിച്ചേർക്കുന്നതിനുമുമ്പ് വിദ്യാഭ്യാസ വിചക്ഷണൻമാരെ വിളിച്ചുകൂട്ടി വിപുലമായ ചർച്ചകൾ സർക്കാർ നടത്തണം. പരിഷ്കാരം സമൂർത്തമാകണം. ഞാനിവിടെ ഉന്നയിച്ച പ്രശ്നങ്ങൾക്ക് എന്തൊക്കെയാണ് പരിഹാരം?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: സർ, സമൂർത്തമായിരിക്കുമെന്നുള്ള കാര്യത്തിൽ ആർക്കും സംശയം വേണ്ട. ചർച്ച തുടങ്ങിയിട്ടേയുള്ളൂവെന്ന് പല തവണ ഇവിടെ സൂചിപ്പിച്ചതാണ്. റിപ്പോർട്ട് തയ്യാറാക്കുന്നതിനിടയിൽ നിരവധി തവണ ചർച്ച ചെയ്യും. എല്ലാ ആശങ്കകളും ചർച്ചയ്ക്ക് വിധേയമാക്കും. അങ്ങ് സൂചിപ്പിച്ച പ്രധാനപ്പെട്ട കാര്യം, പത്താം ക്ലാസ്സിലെ റിസൾട്ടിനെക്കുറിച്ചാണ്. നേരത്തെതന്നെ pedagogical continuation എന്നുപറയുന്ന എവല്യൂഷൻ പ്രക്രിയയിൽ പത്ത് കഴിഞ്ഞ് പന്ത്രണ്ടിലേയ്ക്ക് വരുന്ന ചെറിയ ഒരു വ്യത്യാസമുണ്ട്. അത് ഞാൻ ഇവിടെ സൂചിപ്പിച്ചു. സ്പെഷ്യലൈസേഷനിലേയ്ക്ക് പോകുവാനുള്ള അടിത്തറ പത്താം ക്ലാസ്സിന്റെ കണ്ടിന്യൂവേഷനായി വരുമ്പോൾ പത്താം ക്ലാസ്സിൽ ആ കുട്ടിക്ക് അതിനു മുമ്പുണ്ടായിരുന്ന എല്ലാ വിഷയത്തിലും എത്രത്തോളം ബെയ്സ് ഉണ്ടെന്ന് പരിശോധിക്കേണ്ടത് ആവശ്യമാണ്. കാരണം ഏഴാം ക്ലാസ്സ് പോലെയല്ല എട്ടാം ക്ലാസ്സ് എന്ന് ഞാൻ നേരത്തെ സൂചിപ്പിച്ചു. പത്ത് കഴിഞ്ഞ് പന്ത്രണ്ടിലേയ്ക്ക് വരുന്ന, ചെറിയ ഒരു സ്പെഷ്യലൈസേഷനിലേയ്ക്ക് പോകുന്ന തുടക്കത്തിന്റെ, ടീച്ചിംഗ് പ്രോസ്സസിന്റെ തുടക്കത്തിൽ എങ്ങനെയാണ് പത്താം ക്ലാസ്സിൽ കുട്ടി കാര്യങ്ങൾ മനസ്സിലാക്കിയിട്ടുള്ളത് എന്ന് പരിശോധിക്കേണ്ടത് ആവശ്യമാണെന്നുള്ള നിലയ്ക്കാണ് ഇപ്പോഴും എസ്.എസ്.എൽ.സി. പരീക്ഷ വേണമെന്ന നില കൈക്കൊള്ളുന്നത്. പിന്നീടുള്ള സാഹചര്യത്തിൽ പരസ്പര പൂരകങ്ങൾ നോക്കിയിട്ട് നമുക്ക് ചർച്ച ചെയ്യാവുന്ന കാര്യങ്ങളേയുള്ളൂ. ഇപ്പോൾ അത് വേണമെന്നതന്നെയാണ് കാണുന്നത്.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ഹയർ സെക്കൻഡറി തലത്തിലുള്ള വിദ്യാഭ്യാസം നല്ല നിലയ്ക്ക് മുന്നോട്ടുകൊണ്ടുപോകാനാണ് അങ്ങ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. എന്നാൽ ഗവൺമെന്റ് ഇറക്കിയ രണ്ട് ഉത്തരവുകൾ ഇന്ന് നടപ്പിലാക്കാതിരിക്കുകയാണ്. ഒന്ന്, സംസ്ഥാനത്തെ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിലെ ലാബ് അസിസ്റ്റന്റ്/മിനിസ്റ്റീരിയൽ സ്റ്റാഫുകൾക്ക് ഹയർ സെക്കൻഡറി അദ്ധ്യാപക നിയമനത്തിന് ക്വാട്ട നിശ്ചയിച്ച് സർക്കാർ ഉത്തരവിറങ്ങിയിരുന്നു. പക്ഷേ അത് എയ്ഡഡ് സ്കൂളുകളിൽ ബാധകമാക്കിയിട്ടില്ല. അത് ബാധകമാക്കുകയും അതുപോലെതന്നെ 2015-ൽ ഹയർ സെക്കൻഡറി സ്കൂളിലേയ്ക്ക് പാർട്ട്-ടൈം മീനിയൽ, ലൈബ്രേറിയൻ ഗ്രേഡ്, ക്ലാർക്ക് അടക്കം നിയമിക്കാനാവശ്യമായ ഉത്തരവും ഇറക്കിയിട്ടുണ്ടായിരുന്നു. ഈ രണ്ട് ഉത്തരവുകളുമിറക്കി ഹയർ സെക്കൻഡറി തലത്തിൽ ഏറ്റവും സഹായകരമാകുന്ന ഒരു നിലപാട് സ്വീകരിക്കാൻ ഗവൺമെന്റിന് കഴിയുമോ?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: സർ, ഈ രണ്ട് ആശയങ്ങളും വരുമ്പോൾ ഇങ്ങനെ ഏകോപനം നടന്നിട്ടില്ല. ആ ഒരു സാഹചര്യത്തിലാണ് അത്തരത്തിലൊരു നിലപാട് സർക്കാർ എടുത്തിട്ടുള്ളത്. ഏകോപനം നടക്കുമ്പോൾ അത്തരത്തിലുള്ള

ആശയം എങ്ങനെയാണ് ഇതുമായി ചേരുക എന്ന് പരിശോധിച്ചിട്ട് ഏകോപനത്തിന് മുമ്പുണ്ടായിരുന്ന ഒരു ആശയം ഏകോപനത്തിനുശേഷം അങ്ങനെ തന്നെയാണോ വേണ്ടതെന്ന് പരിശോധിച്ച് അങ്ങനെ തന്നെയാണ് വേണ്ടതെന്ന് തോന്നുകയാണെങ്കിൽ അത് നടപ്പിലാക്കും; അതല്ല അതിനേക്കാൾ നന്നായി നടപ്പിലാക്കേണ്ടതുണ്ടെങ്കിൽ അത്തരത്തിൽ അത് പരിഷ്കരിക്കും. ഏകോപനത്തിനുമുമ്പുണ്ടായിരുന്ന ഒരു സംവിധാനം ഏകോപനത്തിനുശേഷം എപ്രകാരം വേണമെന്നുള്ളത് ആ ഏകോപന പ്രക്രിയയുടെ പരസ്പര പൂരകത്തിലൂടെ മാത്രമേ സംഭവിക്കു.

മി. സ്പീക്കർ: രണ്ട് ചോദ്യങ്ങൾ ക്ലബ്ബ് ചെയ്തു. ചോദ്യം ചോദിച്ചവരെല്ലാം വിദ്യാഭ്യാസ വൈദഗ്ധ്യം നന്നായി പ്രകടിപ്പിച്ചു. ഈ ചോദ്യത്തിന് 25 മിനിറ്റ് ലഭിച്ചതിനാൽ കൂടുതൽ ഉപചോദ്യങ്ങൾ ഇതിൽ അനുവദിക്കാൻ നിർവ്വാഹമില്ല.

**തോട്ടണ്ടി ദൗർലഭ്യം പരിഹരിക്കാൻ നടപടി**

3 (*92) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികളെല്ലാം തുറന്ന് പ്രവർത്തിപ്പിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) കശുവണ്ടി വികസന കോർപ്പറേഷന്റെയും കാപ്പെക്സിന്റെയും കീഴിലുള്ള എത്ര ഫാക്ടറികൾ നിലവിൽ തുറന്നുപ്രവർത്തിപ്പിക്കുന്നുണ്ട്;

(സി) തോട്ടണ്ടി ഉല്പാദക രാജ്യങ്ങളിൽനിന്ന് നേരിട്ട് തോട്ടണ്ടി സംഭരിക്കുന്നതിന് രൂപീകരിച്ച കേരള കാഷ്യൂ ബോർഡ് ഏതൊക്കെ രാജ്യങ്ങളിൽനിന്നും എത്ര മെട്രിക് ടൺ കശുവണ്ടി സംഭരിച്ചിട്ടുണ്ട്; ഇതിന്റെ ഫലമായി എത്ര ദിവസത്തെ തൊഴിൽ ലഭ്യമാക്കുവാൻ കഴിഞ്ഞിട്ടുണ്ട്;

(ഡി) തോട്ടണ്ടി ദൗർലഭ്യം പരിഹരിക്കുവാൻ വിവിധ സർക്കാർ വകുപ്പുകളുടെ കീഴിലുള്ള ഫാമുകളിൽനിന്നും എത്ര മെട്രിക് ടൺ തോട്ടണ്ടി ഈ വർഷം സംഭരിക്കുവാൻ സാധിച്ചു;

(ഇ) ആഭ്യന്തരമായി ഉല്പാദിപ്പിക്കുന്ന കശുവണ്ടി പരമാവധി സംഭരിച്ച് തൊഴിലാളികൾക്ക് ജോലി കൊടുക്കുന്നതിനുള്ള ശ്രമങ്ങൾ വിജയപ്രദമാണോ; അല്ലെങ്കിൽ ഇതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ) : (എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ മൂലധനത്തിന്റെ അപര്യാപ്തതയും തോട്ടണ്ടിയുടെ ദൗർലഭ്യവുംമൂലം പൊതുമേഖലാ സ്ഥാപനങ്ങളായ കാപ്പെക്സിന്റെയും കാഷ്യൂ കോർപ്പറേഷന്റെയും ഫാക്ടറികൾ പ്രവർത്തനരഹിതമായിരുന്നു. സർക്കാർ ഇടപെടലിലൂടെ പൊതുമേഖലാ സ്ഥാപനങ്ങളായ കാപ്പെക്സും കാഷ്യൂ കോർപ്പറേഷനും 2016-ൽ ഓണത്തിനുമുമ്പ് പ്രവർത്തനമാരംഭിച്ചു. തോട്ടണ്ടി ലഭ്യമാക്കി ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനും ക്ഷേമപ്രവർത്തനങ്ങൾക്കുമായി കാഷ്യൂ കോർപ്പറേഷന് 2016-17-ൽ 60 കോടി രൂപയും 2017-18-ൽ 85.6 കോടി രൂപയും നൽകിയിട്ടുണ്ട്. കൂടാതെ കോർപ്പറേഷൻ ബാങ്കുകൾക്ക് നൽകാനുള്ള കുടിശ്ശിക 80 കോടി രൂപ ഒറ്റത്തവണയായി കൊടുത്തുതീർത്തു.

കാപ്പെക്സിന് 2016-17-ൽ 4 കോടി രൂപയും 2017-18-ൽ 24.55 കോടി രൂപയും 2018-19-ൽ ഇതുവരെ 4 കോടി രൂപയും നൽകിയിട്ടുണ്ട്.

തോട്ടണ്ടിയുടെ ദൗർലഭ്യവും പ്രവർത്തന മൂലധനത്തിന്റെ അഭാവവും കാരണം പ്രതിസന്ധിയിലായ സ്വകാര്യ വ്യവസായ സ്ഥാപനങ്ങൾ തുറന്നുപ്രവർത്തിപ്പിക്കുന്നതിന് ധനകാര്യ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് സർക്കാർ നിരന്തരശ്രമം നടത്തിവരികയാണ്. 176 സ്വകാര്യ ഫാക്ടറികൾ ഇതിനകം ധനകാര്യ സ്ഥാപനങ്ങൾക്ക് പുനരുദ്ധാരണ പാക്കേജ് സമർപ്പിച്ചിട്ടുണ്ട്. നിലവിലുള്ള വായ്പ പുനഃക്രമീകരിച്ച് പ്രവർത്തനമൂലധനം ലഭ്യമാക്കി അടഞ്ഞുകിടക്കുന്ന ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിച്ച് തൊഴിലാളികൾക്ക് തൊഴിൽ ഉറപ്പുവരുത്തുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരികയാണ്. ഇതിനകംതന്നെ പൂട്ടിക്കിടക്കുന്ന 172 സ്വകാര്യ ഫാക്ടറികൾ തുറന്നിട്ടുണ്ട്.

തോട്ടണ്ടിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി രൂപീകരിച്ച കേരള കാഷ്യൂ ബോർഡ് ആഫ്രിക്കയിൽനിന്നും തോട്ടണ്ടി ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

ഇതിനുപുറമെ കേരളത്തിൽ ആഭ്യന്തരമായി ഉല്പാദിപ്പിക്കുന്ന തോട്ടണ്ടി 2017 മുതൽ കോർപ്പറേഷനും കാപ്പെക്സും ശേഖരിച്ചിട്ടുണ്ട്.

തോട്ടണ്ടിയുടെ ആഭ്യന്തരോല്പാദനം വർദ്ധിപ്പിക്കുന്നതിനായി വനം, കൃഷി, റവന്യൂ തുടങ്ങിയ വകുപ്പുകളുടെ കീഴിലുള്ള സ്ഥലങ്ങളിലും സാധ്യമായ സ്വകാര്യ ഭൂമികളിലും എസ്റ്റേറ്റ് അടിസ്ഥാനത്തിൽ അത്യുല്പാദനശേഷിയുള്ള കശുമാവിനങ്ങൾ കൃഷി ചെയ്യുന്നതിനുള്ള നടപടികളും സംസ്ഥാന കശുമാവ് കൃഷി ഏജൻസി

മുഖാന്തരം സ്വീകരിച്ചുവരികയാണ്. എന്നാൽ എസ്റ്റേറ്റ് അടിസ്ഥാനത്തിൽ കശുമാവ് കൃഷി ചെയ്യുന്നതിന് സ്വകാര്യ പ്ലാൻഡർമാർക്കും അനുമതി നൽകിയാൽ മാത്രമേ കശുമാവ് കേരളത്തിൽ വ്യാപകമായ തോതിൽ കൃഷി ചെയ്യാൻ സാധിക്കുകയുള്ളൂ. റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് അത്തരം ശ്രമങ്ങളും നടന്നുവരുന്നു.

(ബി) കശുവണ്ടി വികസന കോർപ്പറേഷന്റെയും കാപ്പെക്സിന്റെയും കീഴിലുള്ള എല്ലാ ഫാക്ടറികളും തുറന്ന് പ്രവർത്തിച്ചുവരുന്നു.

(സി) തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിനുള്ള പ്രാരംഭ നടപടികൾ കേരള കാഷ്യൂ ബോർഡ് സ്വീകരിച്ചുകഴിഞ്ഞു. സാങ്കേതിക തടസ്സങ്ങൾ ഒഴിവാക്കി ഈ വർഷം തന്നെ തോട്ടണ്ടി സംഭരിക്കുന്നതാണ്.

(ഡി) കശുവണ്ടി വികസന കോർപ്പറേഷന് വിവിധ സർക്കാർ വകുപ്പുകളുടെ കീഴിലുള്ള ഫാമുകളിൽനിന്നും 2018 വർഷം സംഭരിച്ച തോട്ടണ്ടിയുടെ വിവരം ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| വിവിധ ഗവൺമെന്റ് ഫാമുകളിൽനിന്ന് | - | 29.38 ടൺ. |
| ആറളം ഫാമിൽ നിന്ന് | - | 173 ടൺ. |
| പ്ലാന്റേഷൻ കോർപ്പറേഷനിൽനിന്ന് NM Agency മുഖാന്തരം | - | 215 ടൺ. |
| പ്ലാന്റേഷൻ കോർപ്പറേഷനിൽനിന്ന് NM Agency മുഖാന്തരം ചീമേനിയിൽ നിന്ന് | - | 105 ടൺ. |
| ആകെ | - | 524 മെട്രിക് ടൺ |
| ടെണ്ടർ മുഖാന്തരം | - | 3150.383 മെട്രിക് ടൺ |
| ആകെ | - | 3675 മെട്രിക് ടൺ |

കാപ്പെക്സ് ഇതുവരെയായി ഇ-ടെണ്ടർ മുഖാന്തരവും (1690 MT), ആറളം ഫാമിൽനിന്നും (60 MT), കർഷകരിൽനിന്നും (160 MT) ആകെ 1910 MT നാടൻ തോട്ടണ്ടി ശേഖരിച്ചിട്ടുണ്ട്.

(ഇ) 2017-ൽ കാപ്പെക്സും കാഷ്യൂ കോർപ്പറേഷനുംകൂടി കേരളത്തിൽ നിന്നും ആകെ 2781.466 MTN തോട്ടണ്ടിയും 2018-ൽ 5585.288 MTN തോട്ടണ്ടിയും ശേഖരിച്ചിട്ടുണ്ട്. വരുംവർഷങ്ങളിൽ ഇത് വർദ്ധിപ്പിക്കാൻ സാധിക്കുന്നതാണ്. കേരളത്തിലെ വ്യവസായത്തിനാവശ്യമായ തോട്ടണ്ടിയുടെ ഒരു ചെറിയ ശതമാനം മാത്രമാണ് ഇവിടെ ഉല്പാദിപ്പിക്കുന്നതെങ്കിലും ആകെ ഉല്പാദനത്തിന്റെ ചെറിയ

ശതമാനം മാത്രമേ സർക്കാർ ഉടമസ്ഥതയിലുള്ള കാഷ്യൂ കോർപ്പറേഷനും കാപ്പെക്സിനും ലഭിക്കുന്നുള്ളൂ. സർക്കാർ ഉടമസ്ഥതയിലുള്ള പ്ലാന്റേഷൻ കോർപ്പറേഷനിൽനിന്നും ഈ വർഷം സർക്കാർ നിശ്ചയിച്ച വിലയ്ക്ക് തോട്ടണ്ടി ലഭിച്ചിട്ടില്ല. സർക്കാർ ഉടമസ്ഥതയിലുള്ള മുഴുവൻ തോട്ടങ്ങളിൽ നിന്നുള്ള തോട്ടണ്ടി വിലനിർണ്ണയസമിതി നിശ്ചയിക്കുന്ന വിലയ്ക്ക് കാഷ്യൂ കോർപ്പറേഷനും കാപ്പെക്സിനും ലഭ്യമാക്കുന്നതിനുള്ള ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചുകഴിഞ്ഞിട്ടുണ്ട്. ഭാവിയിൽ സർക്കാർ തോട്ടങ്ങളിലും സ്ഥാപനങ്ങളിലും ലഭ്യമായ തോട്ടണ്ടി സർക്കാർ സ്ഥാപനങ്ങളായ കോർപ്പറേഷനും കാപ്പെക്സിനും ലഭിക്കുന്നുണ്ടെന്ന കാര്യം ഉറപ്പുവരുത്തുന്നതാണ്. പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ വകുപ്പിനുകീഴിലുള്ള ആറളം ഫാമിൽനിന്ന് 2017-ലും 2018-ലും മുഴുവൻ തോട്ടണ്ടിയും സർക്കാർ സ്ഥാപനങ്ങൾക്കുതന്നെ ലഭിച്ചിട്ടുണ്ട്. കശുവണ്ടി സംഭരണ കോർപ്പറേഷനും കാപ്പെക്സും ആരംഭിച്ചതോടുകൂടി പൊതുമേഖലയിലെ തോട്ടണ്ടിക്ക് ഏറ്റവും മികച്ച വിലയാണ് ലഭിക്കുന്നത്. കേരളത്തിലെ കശുമാവ് കർഷകർക്കും തോട്ടണ്ടിക്ക് ഉയർന്ന വില ലഭിക്കുന്നതിന് തോട്ടണ്ടി സംഭരിക്കുന്നതിനുള്ള സർക്കാർ ഇടപെടൽ സഹായകരമായിട്ടുണ്ട്.

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: സർ, കശുവണ്ടിത്തൊഴിലാളികൾക്ക് വർഷം മുഴുവൻ തൊഴിൽ ഉറപ്പുവരുത്താനുള്ള ഇടപെടൽ നടത്തുമെന്ന് എൽ.ഡി.എഫ്.-ന്റെ പ്രകടനപത്രികയിലെ 98-ാം നമ്പർ ഖണ്ഡികയിൽ പറഞ്ഞിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നിട്ട് രണ്ട് വർഷം കഴിഞ്ഞിരിക്കുകയാണ്. ഈ 730 ദിവസത്തിനുള്ളിൽ കാപ്പെക്സിന്റെയും കശുവണ്ടി വികസന കോർപ്പറേഷന്റെയും കീഴിലുള്ള 40 ഫാക്ടറികളിൽ എത്ര പേർക്ക് തൊഴിൽ കൊടുക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ</u>: സർ, കാപ്പെക്സിലും കശുവണ്ടി കോർപ്പറേഷനിലും ജോലി ചെയ്യുന്ന മുഴുവൻ തൊഴിലാളികൾക്കും തൊഴിൽ കൊടുത്തിട്ടുണ്ട്. അതുകൂടാതെ ഈ സർക്കാർ വന്നതിനുശേഷം രണ്ട് സ്ഥാപന ങ്ങളിലുമായി 2015 തൊഴിലാളികളെ പുതിയതായി എടുക്കുകയും ചെയ്തിട്ടുണ്ട്. നിലവിലുള്ള തൊഴിലാളികൾക്ക് മാത്രമല്ല പുതിയതായി 2000-ത്തിലേറെ തൊഴിലാളികൾക്കുകൂടി തൊഴിൽ കൊടുക്കാൻ ഈ ഗവൺമെന്റിന്റെ കാലത്ത് കഴിഞ്ഞിട്ടുണ്ട്.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, 700-ഓളം സ്വകാര്യ കശുവണ്ടി ഫാക്ടറികൾ ബഹുമാനപ്പെട്ട മന്ത്രിയുടെ ജില്ലയിൽ തന്നെ പൂട്ടിക്കിടക്കുകയാണ്. കൊല്ലത്തെ വിജയലക്ഷ്മി കശുവണ്ടി ഫാക്ടറി തമിഴ്നാട്ടിലേയ്ക്ക് മാറ്റിയിരിക്കുകയാണ്. കഴിഞ്ഞയാഴ്ചയും ഒരു കശുവണ്ടി മുതലാളി ആത്മഹത്യ ചെയ്തു. കടക്കെണിയിലായ സ്വകാര്യ ഫാക്ടറികളെ പുനരുജ്ജീവിപ്പിക്കാൻവേണ്ടി പ്രത്യേക പാക്കേജ് കൊണ്ടുവരുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിട്ടുണ്ട്. ആയതിലേയ്ക്കായി എന്ത് പാക്കേജാണ് നടപ്പിലാക്കിയത്; അതിന്റെ നടപടികൾ ഏതുവരെയായി എന്ന് പറയാമോ ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, ഞാൻ വിശദമായ മറുപടിയാണ് ഇവിടെ പറഞ്ഞത്. 700-ഓളം ഫാക്ടറികൾ എന്ന് അങ്ങിവിടെ സൂചിപ്പിച്ചു. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്താണ് കൂണുപോലെ ഫാക്ടറികൾ മുളച്ചത്. അതിന് മുമ്പ് 425 ഫാക്ടറികൾ മാത്രമാണ് കേരളത്തിൽ ഉണ്ടായിരുന്നത്. കഴിഞ്ഞ അഞ്ചുവർഷംകൊണ്ട് ആർക്കും എവിടെയും അനിയന്ത്രിതമായി ഒരു ലൈസൻസുമില്ലാതെ ഫാക്ടറികൾ തുടങ്ങാമെന്ന സ്ഥിതി വന്നതുകൊണ്ടാണ് 700-ഓളം ഫാക്ടറികൾ വന്നത്. അതാണ് വ്യവസായത്തിലെ എല്ലാ അരാജകത്വത്തിനും ഇടയാക്കിയത്. അതിന്റെ ഫലമായി കഴിഞ്ഞ സർക്കാരിന്റെ നാലാം വർഷം എത്തിയപ്പോൾ പുതിയതായി തുടങ്ങിയതും പൊതുമേഖലയിൽ പ്രവർത്തിച്ചതുമുൾപ്പെടെ മുഴുവൻ ഫാക്ടറികളും പൂട്ടിപ്പോയി. ഈ സർക്കാർ വന്നതിനുശേഷം എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും സ്വകാര്യ മേഖലയിലെ 172 ഫാക്ടറികളും തുറക്കുകയും ചെയ്തു. അങ്ങ് സൂചിപ്പിച്ചതുപോലെ വി.എൽ.സി.-യുടെ ഫാക്ടറി ഈ സർക്കാർ വന്നപ്പോഴല്ല തമിഴ്നാട്ടിലേയ്ക്ക് കൊണ്ടുപോയത്. വളരെ വർഷങ്ങളായി അദ്ദേഹം തമിഴ്നാട്ടിലും ആന്ധ്രാപ്രദേശിലും കുറേ ഫാക്ടറികൾ നടത്തുന്നുണ്ട്. കേരളത്തിലെ ഫാക്ടറി അദ്ദേഹം പൂട്ടിയിട്ടിരിക്കുന്നു എന്നുള്ളത് വസ്തുതയാണ്. പല സ്വകാര്യ മുതലാളിമാരും ഫാക്ടറികൾ തുറന്നുപ്രവർത്തിച്ചുതുടങ്ങി. ഇനിയും കുറേപ്പേർ തുടങ്ങാനുള്ള നടപടിയിലാണ്. അവർ ബാങ്കിൽനിന്നും എടുത്ത വായ്പമൂലമുള്ള കടക്കെണിയാണ്. അത് ചർച്ച ചെയ്യാൻ കൃത്യമായ ഇടപെടലാണ് സർക്കാർ നടത്തുന്നത്. നാളെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബാങ്കുകളുമായി വീണ്ടും ഒരു യോഗം വിളിച്ചിട്ടുണ്ട്. 9-ാം തീയതി തൊഴിലുടമകളുടെയും ട്രേഡ് യൂണിയനുകളുടെയും യോഗം പ്രത്യേകമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി വീണ്ടും വിളിച്ചിട്ടുണ്ട്. ഞാൻ ഇവിടെ വായിച്ച മറുപടിയും ഇന്നും നാളെയും മറ്റന്നാളുമായി മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ വീണ്ടും നടക്കാൻ പോകുന്ന ചർച്ചകളും ഈ ഗവൺമെന്റ് കൃത്യതയോടും സൂക്ഷ്മതയോടുംകൂടി പരമ്പരാഗത വ്യവസായത്തിൽ ഇടപെടുന്നു എന്നതിനുള്ള തെളിവാണ്.

<u>ശ്രീ. അടൂർ പ്രകാശ്</u>: സർ, രണ്ടരലക്ഷത്തോളം സ്ത്രീ തൊഴിലാളികൾ പണിയെടുക്കുന്ന പരമ്പരാഗത വ്യവസായമാണ് കശുവണ്ടി മേഖല. ഈ ഗവൺമെന്റ് അധികാരത്തിൽ വരുന്ന അവസരത്തിൽ കശുവണ്ടി മേഖലയിൽ കൂടുതൽ തൊഴിലവസരം നൽകുമെന്നാണ് പ്രഖ്യാപിച്ചിരുന്നത്. എന്നാൽ ആവശ്യമായ തോട്ടണ്ടി ഇറക്കുമതി ചെയ്യാൻ നമുക്ക് കഴിഞ്ഞിട്ടില്ല. അതുപോലെ ആഭ്യന്തരമായി ഉത്പാദിപ്പിക്കുന്ന കശുവണ്ടി സംഭരണവുമായി ബന്ധപ്പെട്ട് 2017-ൽ 2781.466 മെട്രിക് ടണ്ണും 2018-ൽ 5585.288 മെട്രിക് ടണ്ണും ശേഖരിച്ചിട്ടുണ്ട് എന്നാണ് അങ്ങ് ഇവിടെ പറഞ്ഞത്. സർക്കാർ ഉടമസ്ഥതയിലുള്ള പ്ലാന്റേഷൻ കോർപ്പറേഷനിൽനിന്നും തോട്ടണ്ടി സംഭരിക്കുവാൻ കഴിഞ്ഞിട്ടില്ലെന്നാണ് അങ്ങ് രേഖാമൂലം മറുപടി തന്നിട്ടുള്ളത്. ഇതൊക്കെ നടക്കുമ്പോഴും തോട്ടണ്ടിയുടെ നിലവിലുള്ള വില ഏതാണ്ട് 1850 രൂപയാണ്. എന്നാൽ കോർപ്പറേഷൻ സ്വകാര്യ മുതലാളിമാരിൽ നിന്നും തോട്ടണ്ടി വാങ്ങിയിട്ടുണ്ടോയെന്ന് വ്യക്തമാക്കണം. അത് ആരിൽ നിന്നാണ് വാങ്ങിയത്; മാർക്കറ്റ് വിലയെക്കാൾ കൂടുതൽ നിരക്കിൽ വാങ്ങിയത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാൻ കഴിയുമോ?

<u>ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ</u>: സർ, കോർപ്പറേഷനും കാപ്പെക്സും തോട്ടണ്ടി വാങ്ങുന്നത് ഇ-ടെണ്ടർ മുഖേനയാണ്. ആരിൽ നിന്ന് വാങ്ങിയെന്നുള്ളത് സംബന്ധിച്ച് പ്രത്യേകം ചോദ്യം തന്നാൽ അവരോട് ചോദിച്ചതിനുശേഷം മറുപടി പറയാം. ടെണ്ടർ വഴി വാങ്ങുന്നതുകൊണ്ട് കോർപ്പറേഷനും കാപ്പെക്സുമാണ് അതിന്റെ നടപടി സ്വീകരിക്കുന്നത്. അവർ ഇ-ടെണ്ടർ വഴിയാണ് തോട്ടണ്ടി വാങ്ങുന്നത്. അതിനൊരു സുതാര്യമായ വ്യവസ്ഥയാണുള്ളത്. അങ്ങനെയാണ് തോട്ടണ്ടി വാങ്ങിക്കൊണ്ടിരിക്കുന്നത്. എൽ 1 അനുസരിച്ച് മാത്രമേ വാങ്ങാൻ സാധിക്കൂ.

ശ്രീ. ഷാഫി പറമ്പിലിനുവേണ്ടി <u>ശ്രീ. പി. ടി. തോമസ്</u>: സർ, കൊല്ലം ജില്ലയിൽ നിരവധി ഫാക്ടറി ഉടമകൾ ആത്മഹത്യ ചെയ്തുവെന്ന വാർത്ത പത്രത്തിൽ വന്നിട്ടുണ്ട്. അത്രയും ഗുരുതരമായ സാഹചര്യം നിലനിൽക്കെ സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള തോട്ടങ്ങളിലെ കശുവണ്ടിപോലും പരിപൂർണ്ണമായി സംസ്ഥാന സർക്കാരിന് സംഭരിക്കാൻ കഴിഞ്ഞിട്ടില്ലെന്നുള്ളത് വസ്തുതയാണ്. സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്ന കശുവണ്ടി കള്ളക്കടത്ത് മുഖേനയും മറ്റ് രീതിയിലും സംസ്ഥാനത്തിന് വെളിയിൽ പോയിക്കൊണ്ടിരിക്കുകയാണ്. ഈ സാഹചര്യത്തെ യുദ്ധകാലാടിസ്ഥാനത്തിൽ നേരിടേണ്ടതുണ്ട്. 176 ഫാക്ടറികൾ റീ-സ്ട്രക്ച്ചർ ചെയ്യാനും അവയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തി കൊണ്ടുപോകുവാനുമുള്ള പ്രൊപ്പോസൽ മുന്നോട്ട് വച്ചിട്ടുണ്ടെന്ന് പറഞ്ഞു. സമയബന്ധിതമായി കശുവണ്ടി തൊഴിലാളികളെ രക്ഷിക്കാനും കശുവണ്ടി വ്യവസായത്തിലെ ഉടമസ്ഥർ ഇനിമേൽ ആത്മഹത്യ ചെയ്യാതിരിക്കാനും എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, ഞാൻ വ്യക്തമായി മറുപടി പറഞ്ഞതാണ്. കശുവണ്ടി വ്യവസായത്തിൽ കുറച്ച് പ്രശ്നങ്ങളുണ്ടെന്നുള്ളത് തർക്കമില്ലാത്ത കാര്യമാണ്. കഴിഞ്ഞ കാലത്ത് ആർക്കും എവിടെയും ഷെഡ് കെട്ടി തോട്ടണ്ടി വറുത്ത് പണിയെടുപ്പിക്കാവുന്ന സ്ഥിതി വന്നതാണ് അരാജകത്വത്തിന് കാരണമായത്. ആ അവസരം മുതലെടുത്ത് ട്രേഡർമാർ വളരെയധികം ശക്തമായി രംഗത്തുവന്നു, ആ ട്രേഡർമാരുടെ കെണിയിലാണ് ഈയാംപാറ്റകളെ പോലെ ചെറുകിട മുതലാളിമാർ വീണടിഞ്ഞത്. അതിന്റെ ഭാഗമായി നിരവധിയാളുകൾ കടക്കെണിയിലായി. രണ്ട് തൊഴിലുടമകൾക്ക് ആത്മഹത്യ ചെയ്യേണ്ടി വന്നു. അതിൽ ഒരാൾക്ക് ഘാനയിൽ നിന്ന് ഇറക്കുമതി ചെയ്ത തോട്ടണ്ടിയുടെ നിലവാരം നോക്കാതെ വാങ്ങിയതിന്റെ ഫലമായാണ് ആത്മഹത്യ ചെയ്യേണ്ടി വന്നത്. അത് ഈ സർക്കാരിന്റെ കുഴപ്പം കൊണ്ടല്ല. ഇത്തരം കെണിയിൽ തൊഴിലുടമകൾ വീഴുന്നതുകൊണ്ട് ഇടനിലക്കാരുടെ നീരാളിപിടിത്തത്തിൽ നിന്ന് രക്ഷപ്പെടാനാണ് ഈ സർക്കാർ കേരളാ കാഷ്യൂ ബോർഡ് രൂപീകരിച്ചത്. കേരളത്തിന്റെ ചരിത്രത്തിൽ ആദ്യത്തെ ശക്തമായ ഇടപെടലിന്റെ ഫലമായാണ് ഇടനിലക്കാരിൽ നിന്ന് തൊഴിലാളികളെയും ചെറുകിട തൊഴിലുടമകളെയും രക്ഷിക്കാൻ കേരള കാഷ്യൂ ബോർഡ് രൂപീകരിച്ചത്. അതിന്റെ രൂപീകരണവും നടപടിക്രമങ്ങളുമായി ബന്ധപ്പെട്ട് നിരവധി സാങ്കേതിക തടസ്സങ്ങളുണ്ടായിരുന്നു. അതിനെയെല്ലാം അതിജീവിച്ചുകൊണ്ട് കഴിഞ്ഞ രണ്ട് ക്യാബിനറ്റിന് മുമ്പ് കൂടിയ ക്യാബിനറ്റിൽ സുതാര്യമായ ചില നടപടിക്രമങ്ങൾ അംഗീകരിച്ചിട്ടുണ്ട്. വിദേശത്തുനിന്ന് നേരിട്ട് തോട്ടണ്ടി വാങ്ങുന്നതിനുള്ള നടപടികളിലേയ്ക്ക് പോയിക്കഴിഞ്ഞു. അതുകൂടി വന്നാൽ കുറച്ചുകൂടി ഇടപെടാൻ കഴിയുമെന്നാണ് കരുതുന്നത്. പ്ലാന്റേഷൻ കോർപ്പറേഷന്റെ തോട്ടണ്ടി കിട്ടുന്നില്ലെന്ന് അങ്ങ് സൂചിപ്പിച്ച പ്രശ്നം ഒരു യാഥാർത്ഥ്യമാണ്. അത് പ്ലാന്റേഷൻ കോർപ്പറേഷന്റെ കുഴപ്പമല്ല. മുൻ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് പ്ലാന്റേഷൻ കോർപ്പറേഷന് തോട്ടണ്ടി വിറ്റയിനത്തിൽ കിട്ടിയത് രണ്ട് കോടി രൂപയാണ്. 2017-18 വർഷം ഈ ഗവൺമെന്റ് ഇടപെട്ടുകൊണ്ട് നാല് കോടി രൂപ പ്ലാന്റേഷൻ കോർപ്പറേഷന് കിട്ടി. അവിടെ അഴിമതി നടത്തികൊണ്ട് മറിച്ചു വിറ്റുകൊണ്ടിരുന്നിടത്ത് സർക്കാരിന് ഫലപ്രദമായി ഇടപെടാൻ കഴിഞ്ഞു. ഈ വർഷം പുറത്തുനിന്ന് ഏഴ് കോടി രൂപയ്ക്കാണ് ടെണ്ടർ ലഭിച്ചത്. അതുകൊണ്ടാണ് കോർപ്പറേഷന് തോട്ടണ്ടി തരാത്തത്. കൃഷി വകുപ്പുമന്ത്രിയും ഞങ്ങളെല്ലാവരും കൂടിയാലോചിച്ച് ഗവൺമെന്റ് നിശ്ചയിക്കുന്ന വിലയ്ക്ക് അടുത്ത വർഷം മുതൽ പൊതുമേഖലാ സ്ഥാപനങ്ങൾ ഉത്പാദിപ്പിക്കുന്ന തോട്ടണ്ടി പൊതുമേഖലയ്ക്ക് തന്നെ തരണമെന്ന് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്ത് ധാരണ ഉണ്ടാക്കിയിട്ടുണ്ട്. ഇവർ സർക്കാർ ഭൂമിയിലാണ് കൃഷി ചെയ്യുന്നത്. ആ പ്രശ്നം അങ്ങ് പറഞ്ഞത് ശരിയാണ്. ഈ സാഹചര്യത്തെ

അതിജീവിച്ചുകൊണ്ട് പരമാവധി തോട്ടണ്ടി സർക്കാർ വാങ്ങുന്നതാണ്. കള്ളക്കടത്ത് നടത്തുന്നുവെന്ന് പറയാൻ പറ്റില്ല. ഉദാരവത്കരണം വന്നതോടുകൂടി കുത്തക സംഭരണം പറ്റില്ല. ആർക്കും എവിടെയും അവരുടെ ഉത്പന്നങ്ങൾ വിൽക്കാം. ഇവിടെ നിന്ന് മംഗലാപുരത്തുള്ളവർ വന്ന് വാങ്ങി കൊണ്ടുപോകുന്നുണ്ട്. അത് കള്ളക്കടത്തല്ല, ഉദാരവത്കരണത്തിന്റെ പ്രത്യേകതയിൽ ഇതാണ് ഇന്നത്തെ മാർക്കറ്റിന്റെ സ്ഥിതി.

ശ്രീ. സണ്ണി ജോസഫ്: സർ, തോട്ടണ്ടിയുടെ ആഭ്യന്തരോത്പാദനവും സംഭരണവും വർദ്ധിപ്പിക്കുക എന്നതാണ് സർക്കാരിന്റെ നയം. അതിനായി ആന്ധ്രാപ്രദേശിൽ പോയി കശുവണ്ടി കൃഷി നടത്തുമെന്ന പ്രഖ്യാപനമുണ്ടായിരുന്നു. അക്കാര്യത്തെ സംബന്ധിച്ച് അറിയേണ്ടതുണ്ട്. കശുവണ്ടി കൃഷിക്ക് പ്ലാന്റേഷന്റെ പദവി നൽകുന്നതുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പുമായി ബന്ധപ്പെട്ടുമെന്ന് ഉത്തരത്തിൽ പറഞ്ഞിരുന്നു. അത് കുറച്ചുകൂടി വ്യക്തമാക്കി ഭൂപരിഷ്കരണ നിയമത്തിന്റെ പരിധിയിൽനിന്ന് ഒഴിവാക്കി പ്ലാന്റേഷൻ പദവി നൽകാൻ തയ്യാറാകുമോ? ഇവിടെ സംഭരണം തീരെയില്ല. ഏറ്റവും കൂടുതൽ നല്ലയിനം കശുവണ്ടി ഉത്പാദിപ്പിക്കുന്ന ആറളം ഫാം ഉൾപ്പെടെ എന്റെ നിയോജക മണ്ഡലത്തിലാണുള്ളത്. അവിടെ കഴിഞ്ഞ സംഭരണ സീസണിൽ ഒരു ഡിപ്പോപോലും കാപ്പെക്സോ, കോർപ്പറേഷനോ തുടങ്ങിയതായി മനസ്സിലാക്കാൻ സാധിച്ചിട്ടില്ല. അതുകൊണ്ട് മെച്ചപ്പെട്ട വില കർഷകന് നൽകിക്കൊണ്ട് കൃഷിക്കാവശ്യമായ പ്രോത്സാഹനം നൽകാനും ഇതിനെ മിച്ചഭൂമിയുടെ പിരിധിയിൽനിന്ന് ഒഴിവാക്കാനുള്ള നിയമനടപടി സ്വീകരിക്കാനും പരിഷ്കാരം നടത്താനും സർക്കാർ തയ്യാറാകുമോ ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, അങ്ങ് ഒരു പ്രസക്തമായ ചോദ്യമാണ് ഉന്നയിച്ചത്. ആന്ധ്രയിൽ കൃഷിചെയ്യാൻ കഴിയുന്നതിന്റെ സാധ്യത നമ്മൾ ആരാഞ്ഞിരുന്നു. ആന്ധ്രാ ഗവൺമെന്റ് സ്ഥലം തരാം, പക്ഷേ കോ-ഓപ്പറേറ്റീവ്സ് വഴി ചെയ്യണമെന്നാണ് ആവശ്യപ്പെട്ടത്. അങ്ങനെ ചെയ്താൽ തോട്ടണ്ടി നമുക്ക് കിട്ടുമോയെന്ന് ഉറപ്പില്ലാത്തതുകൊണ്ട് ആ ശ്രമം നമ്മൾ ഉപേക്ഷിക്കുകയായിരുന്നു. ഇവിടെ പ്ലാന്റേഷൻ അടിസ്ഥാനത്തിൽ കൃഷി ചെയ്യണമെന്നുള്ളത് നിരവധി കർഷകരും അസോസിയേഷൻ ഓഫ് പ്ലാന്റേഴ്സ് ഓഫ് കേരളയുമടക്കം ആവശ്യപ്പെട്ടിട്ടുണ്ട്. അതൊരു നയപരമായ തീരുമാനമാണ്. സർക്കാർ അത് ചർച്ച ചെയ്ത് തീരുമാനമെടുക്കേണ്ട കാര്യമാണ്. റവന്യൂ വകുപ്പും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ചർച്ച ചെയ്തുകൊണ്ട് പ്ലാന്റേഷൻ സ്റ്റാറ്റസ് കശുമാവ് കൃഷിക്ക് കൂടി കൊടുത്താൽ മാത്രമേ ആവശ്യമായ തോട്ടണ്ടി കേരളത്തിൽ ലഭ്യമാകു. ആഫ്രിക്കൻ രാജ്യങ്ങളെ മാത്രം ആശ്രയിച്ച് ഭാവിയിൽ

ഈ വ്യവസായം കൊണ്ടുപോകാൻ സാധിക്കില്ല. ആയിരക്കണക്കിന് കോടി രൂപയുടെ തൊഴിൽ സാധ്യതയുള്ള ഒരു വ്യവസായത്തിന് പ്ലാന്റേഷൻ സ്റ്റാറ്റസ് വേണം. ഇപ്പോൾ കർഷകർക്ക് ന്യായവില കിട്ടുന്നുണ്ട്. ഈ സർക്കാർ വന്നതിനുശേഷം നല്ല വില ലഭിക്കുന്നുണ്ട്, തുടർന്നും തോട്ടണ്ടി സംഭരണം നടത്തണമെന്ന് കാണിച്ചുകൊണ്ടുള്ള ഒരു കത്ത് കണ്ണൂരിലെ 176 കർഷകർ അവരുടെ പേരും ഫോൺ നമ്പരും വച്ച് എനിക്ക് തന്നു. അങ്ങയുടെ മണ്ഡലത്തിൽനിന്നും കത്ത് വന്നിട്ടുണ്ട്. അതുകൊണ്ട് കർഷകർ ഇപ്പോൾ തൃപ്തരാണ്.

ശ്രീ. എം. നൗഷാദ്: സർ, കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട വ്യവസായമായ കശുവണ്ടി വ്യവസായത്തെ തകർച്ചയിൽനിന്ന് രക്ഷപ്പെടുത്തുന്നതിനുവേണ്ടി സർക്കാർ നടത്തുന്ന പരിശ്രമങ്ങളെ അഭിനന്ദിക്കുകയാണ്. ഏറ്റവും പ്രധാനപ്പെട്ട രണ്ടു പ്രതിസന്ധികളാണ് കശുവണ്ടി വ്യവസായത്തിന് നേരിടേണ്ടി വരുന്നത്. ഒന്ന്, തോട്ടണ്ടിയുടെ ലഭ്യതക്കുറവും മറ്റൊന്ന് ബാങ്കുകളുടെ നിഷേധാത്മക നിലപാടുമാണ്. ഈ രണ്ട് വിഷയത്തിലും സർക്കാർ ഇടപെട്ടുകൊണ്ടിരിക്കുകയാണ്. തോട്ടണ്ടിയുടെ ലഭ്യതക്കുറവാണ് ഈ വ്യവസായം നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രതിസന്ധി. കാഷ്യൂ ബോർഡ് വഴി നമുക്കാവശ്യമുള്ള മുഴുവൻ തോട്ടണ്ടിയും സംഭരിച്ചതിനുശേഷം ബാക്കി എത്ര ടൺ തോട്ടണ്ടിയാണോ ആവശ്യമുള്ളത് അത്രയും തോട്ടണ്ടി കാഷ്യൂ ബോർഡ് വഴി ഇറക്കുമതി ചെയ്ത് സ്വകാര്യ മുതലാളിമാർക്കുകൂടി നല്കി കാഷ്യൂ ഫാക്ടറികൾ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ കഴിയുമോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, അതിനാണ് സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. തോട്ടണ്ടിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിനും അനിയന്ത്രിതമായ വിലക്കയറ്റത്തിൽ നിന്ന് ഈ വ്യവസായത്തെ സംരക്ഷിക്കുന്നതിനുമുള്ള ശക്തമായ ഇടപെടലിനുവേണ്ടിയാണ് കാഷ്യൂ ബോർഡ് രൂപീകരിച്ചത്. എന്തായാലും ഈ വർഷം തോട്ടണ്ടി ഇറക്കുമതി ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതിന്റെ നടപടികൾ പൂർത്തീകരിച്ചുകഴിഞ്ഞു. തോട്ടണ്ടി ഇറക്കുമതി ചെയ്ത് സ്വകാര്യ വ്യവസായികൾക്കുകൂടി ന്യായമായ വിലയ്ക്ക് നല്കണമെന്നാണ് സർക്കാരിന്റെ ഉദ്ദേശ്യം. അതിനുള്ള നടപടികളിലേയ്ക്ക് നീങ്ങുകയാണ്.

ശ്രീ. സി. എഫ്. തോമസ്: സർ, കടക്കെണിയിലാകുന്ന സ്വകാര്യ ഫാക്ടറി ഉടമകളെ രക്ഷിക്കാൻ ധനകാര്യ സ്ഥാപനങ്ങളുമായി പാക്കേജ് ഉണ്ടാക്കുമ്പോൾ എന്തുകൊണ്ടാണ് സ്വകാര്യഫാക്ടറി ഉടമകൾ നിരന്തരം കടക്കെണിയിലാകുന്നത്; അതൊഴിവാക്കാനും അതിന് പരിഹാരം കണ്ടുപിടിക്കാനും സർക്കാർ ശാസ്ത്രീയമായ പഠനം നടത്തുമോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, കടക്കെണിയിലാകുന്നതിന് നിരവധി കാരണങ്ങളുണ്ട്. സമയപരിമിതികൊണ്ട് അതിന്റെ എല്ലാ വിശദാംശങ്ങളിലേയ്ക്കും ഞാൻ പോകുന്നില്ല. ചില തൊഴിലുടമകളെങ്കിലും പണം വായ്പയെടുക്കുന്നത് ഉദ്ദേശിക്കുന്ന കാര്യത്തിന് ഉപയോഗിക്കാതെ മറ്റ് കാര്യങ്ങൾക്ക് ഉപയോഗിക്കുന്നു എന്ന ആക്ഷേപം ബാങ്കിനുണ്ട്. ന്യായമായി ഉപയോഗിക്കുന്ന ചിലർക്ക് സമയത്ത് ബാങ്ക് വായ്പ കൊടുക്കുന്നില്ലെന്ന പ്രശ്നവുമുണ്ട്. എന്തായാലും സർക്കാർ ഇക്കാര്യം വിശദമായി ചർച്ച ചെയ്യുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ കഴിഞ്ഞ ഫെബ്രുവരി 15-ന് നടത്തിയ ചർച്ചയുടെ ഭാഗമായി 3 മാസത്തേയ്ക്ക് ബാങ്കുകൾ മൊറട്ടോറിയം പ്രഖ്യാപിക്കുകയും ചെയ്തു. അതായത്, ഈ മേയ് 31 വരെ റിക്കവറി നടപടി പാടില്ലെന്ന മൊറട്ടോറിയം അംഗീകരിച്ചു. മേയ് 31-ന് ശേഷം വീണ്ടും എക്സ്റ്റൻഡ് ചെയ്ത് ഒരു പുനരുദ്ധാരണ പാക്കേജ് രൂപീകരിക്കൽ, എന്നുവച്ചാൽ വായ്പ റീഷെഡ്യൂൾ ചെയ്യൽ, സർക്കാരിന് അക്കാര്യത്തിൽ എന്തൊക്കെ സഹായം ചെയ്യാൻ കഴിയും തുടങ്ങിയ കാര്യങ്ങളാണ് നാളെയും മറ്റന്നാളുമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടക്കുന്ന യോഗത്തിൽ ചർച്ചചെയ്യാൻ പോകുന്നത്. തീർച്ചയായും സ്വകാര്യ വ്യവസായികൾ നേരിടുന്ന പ്രശ്നങ്ങൾ അതിന്റെ ആഴത്തിൽ സർക്കാർ മനസ്സിലാക്കുന്നുണ്ട്. എന്തൊക്കെയാണ് ചെയ്യാൻ കഴിയുകയെന്നത് ബാങ്കുകളുമായും തൊഴിലുടമകളുമായും ചർച്ച ചെയ്ത് സാധ്യമായതൊക്കെ ചെയ്യാൻ സന്നദ്ധമാണ്.

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, കശുവണ്ടി വ്യവസായ രംഗത്ത് ഏറ്റവും കൂടുതൽ വ്യവസായ സ്ഥാപനങ്ങളുള്ളത് ഇരവൂർ, കുന്നത്തൂർ എന്നിവിടങ്ങളിലാണ്. ചില മുതലാളിമാരുടെ നിഷേധ നിലപാടുകൾ പലപ്പോഴും ആയിരക്കണക്കിന് തൊഴിലാളികൾ പണിയെടുക്കുന്ന ഈ മേഖലയെ പ്രതിസന്ധിയിലാക്കിയിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ രണ്ട് വ്യവസായികൾ ഇതിനകംതന്നെ ആത്മഹത്യ ചെയ്തു. അതിലൊരു വ്യവസായി എന്റെ മണ്ഡലത്തിലുള്ള ആളാണ്. രണ്ടാഴ്ചയ്ക്ക് മുമ്പായിരുന്നു സംഭവം. അദ്ദേഹം തോട്ടണ്ടിയിറക്കി. പക്ഷേ കൊണ്ടുവന്ന തോട്ടണ്ടിയെല്ലാം ഉളുത്തവയായിരുന്നു. അങ്ങനെയൊരു പ്രതിസന്ധിയുണ്ടായപ്പോൾ അദ്ദേഹത്തിന് ആത്മഹത്യ ചെയ്യേണ്ടി വന്നു. എന്റെ നിയോജകമണ്ഡലത്തിലെ ഫാക്ടറികളിലെ കുറേ മുതലാളിമാരെ ഞാൻ തന്നെ വിളിച്ചുവരുത്തി ചർച്ച ചെയ്തു. തോട്ടണ്ടി ഇറക്കുമതി ചെയ്യാൻ 50 ലക്ഷം രൂപ, 75 ലക്ഷം രൂപ, ഒരു കോടി രൂപ എന്നിങ്ങനെ ഇടനിലക്കാർക്ക് കൊടുക്കേണ്ടി വന്നുവെന്നാണ് അവർ പറഞ്ഞത്. ഇടനിലക്കാരാണ് ഈ മേഖലയെ തകർത്തുകൊണ്ടിരിക്കുന്നതെന്ന് നാലുപേർ എന്നോട് പരാതി പറഞ്ഞു. സർക്കാർ ഇച്ഛാശക്തിയോടുകൂടി പ്രവർത്തിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയും നിരവധി തവണ മുതലാളിമാരെ വിളിച്ചുവരുത്തി ചർച്ചചെയ്തു. എന്നിട്ടും പ്രശ്നം പരിഹരിക്കപ്പെടുന്നില്ല.

ആയിരക്കണക്കിന് തൊഴിലാളികൾ ഇന്ന് പട്ടിണിയിലാണ്. മുതലാളിമാർക്കും തൊഴിലാളികൾക്കും ദോഷമില്ലാത്ത തരത്തിലുള്ള നല്ലൊരു പാക്കേജ് അടിയന്തരമായി തയ്യാറാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, അതാണ് ഈ ചോദ്യങ്ങൾക്കെല്ലാം മറുപടിയായി ഞാൻ പറഞ്ഞുകൊണ്ടിരുന്നത്. പൊതുമേഖലാ സ്ഥാപനങ്ങളും സ്വകാര്യ ഫാക്ടറികളിൽ 172 ഫാക്ടറികളും തുറന്നുകഴിഞ്ഞു. 176 ഫാക്ടറികളുടെ പാക്കേജാണ് ഇപ്പോൾ ബാങ്കിന്റെ മുന്നിൽ നിൽക്കുന്നത്. അതിന്റെ ഗൗരവം പൂർണ്ണമായി ഉൾക്കൊണ്ടുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെയാണ് അതിന്റെ ചർച്ചയ്ക്ക് നേതൃത്വം കൊടുക്കുന്നത്. നാളെയും മറ്റെന്നാളുമായി ചർച്ച നടക്കുകയാണ്. കുറേ കാര്യങ്ങളിൽ അവരെ സഹായിക്കാൻ കഴിയുമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്. അതിന്റെ വിശദാംശം ഞാൻ ഇവിടെ പറഞ്ഞു കഴിഞ്ഞു.

**രജിസ്ട്രേഷൻ വകുപ്പിന്റെ നവീകരണം**

4 (*93) ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. കെ. വി. വിജയദാസ്:
ശ്രീ. എസ്. രാജേന്ദ്രൻ:
ശ്രീ. കാരാട്ട് റസാഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ കാലം പുതിയ സേവനം എന്ന ആപ്തവാക്യത്തിന്റെ അടിസ്ഥാനത്തിൽ രജിസ്ട്രേഷൻ വകുപ്പിനെ അഴിമതിരഹിതമാക്കുന്നതിനും ഓഫീസുകൾ ആധുനീകരിക്കുന്നതിനും നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(ബി) നോട്ടുനിരോധനത്തെ തുടർന്ന് ഫീസുകൾ ഇ-പേമെന്റായി സ്വീകരിക്കുന്നതിനും വ്യാജ മുദ്രപത്രങ്ങളുടെ ഉപയോഗം തടയാനായി ഇ-സ്റ്റാമ്പിംഗ് നടപ്പാക്കുന്നതിനും സാദ്ധ്യമായിട്ടുണ്ടോ; വിശദമാക്കുമോ;

(സി) സബ് രജിസ്ട്രാർ ഓഫീസുകളിൽ മൂന്നിലൊന്നും വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നവയും സ്വന്തം കെട്ടിടമുള്ളവതന്നെ വളരെയധികം പഴക്കമുള്ള കെട്ടിടത്തിൽ പ്രവർത്തിക്കുന്നവയുമായതിനാൽ ഭൂരേഖയുടെ സുരക്ഷ കണക്കിലെടുത്ത് പുതിയ കെട്ടിടങ്ങൾ പണിയുന്നതിനും രേഖകൾ ഡിജിറ്റൈസ് ചെയ്യുന്നതിനും പദ്ധതിയുണ്ടോ; വിശദാംശം അറിയിക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, (എ) വകുപ്പിനെ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി വിവിധ സേവനങ്ങൾ ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറ്റുകയുണ്ടായി. പൊതുജനങ്ങൾക്ക് ഓൺലൈനായി ബാദ്ധ്യത/ബാദ്ധ്യതരഹിത സർട്ടിഫിക്കറ്റ്, സർട്ടിഫൈഡ്

കോപ്പിക്കുള്ള അപേക്ഷ, സ്പെഷ്യൽ മാര്യേജുകൾക്കുള്ള അപേക്ഷ/നോട്ടീസ്, ലിസ്റ്റ് സർട്ടിഫിക്കറ്റ്, സൊസൈറ്റി രജിസ്ട്രേഷൻ, പാർട്ട്ണർഷിപ്പ് ഫേമുകളുടെ രജിസ്ട്രേഷൻ തുടങ്ങിയവകൾക്കുള്ള അപേക്ഷകൾ സമർപ്പിക്കുന്നതിനും ഇ-പേമെന്റ്, ഇ-സ്റ്റാമ്പിംഗ് മുഖേന ഫീസും മുദ്രയും ഒടുക്കുന്നതിനുള്ള സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്. ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾ ഓഫീസിൽ വരാതെതന്നെ അപേക്ഷകർക്ക് ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുകയുണ്ടായി. സബ് രജിസ്ട്രാർ ഓഫീസുകളിലെ റിക്കോർഡ് മുറികളുടെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി എട്ട് ഓഫീസുകളിൽ കോംപാക്റ്റേഴ്സ് സ്ഥാപിച്ചു. എ 3 സൈസിലുള്ള 500 പേജുകൾ ഉൾക്കൊള്ളുന്ന പതിനാലായിരത്തോളം രജിസ്റ്റർ വാല്യങ്ങൾ ബയന്റ് ചെയ്യുകയുണ്ടായി. 56 ഓഫീസുകളിൽ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുകയുണ്ടായി. വകുപ്പിൽ നിന്നുള്ള സേവനം കൂടുതൽ സുതാര്യവും അഴിമതിരഹിതവുമാക്കുന്നതിന് ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ മുദ്രപത്രം ആവശ്യമുള്ള ആധാരങ്ങളുടെ രജിസ്ട്രേഷന് ഇ-സ്റ്റാമ്പിംഗ് സംവിധാനം ഏർപ്പെടുത്തി.

(ബി) നോട്ടുനിരോധനം വന്ന 2016 നവംബറിന് മുമ്പുതന്നെ ബാദ്ധ്യത സർട്ടിഫിക്കറ്റുകൾക്ക് ഇ-പേമെന്റ് സൗകര്യമുണ്ടായിരുന്നു. ആധാര രജിസ്ട്രേഷന് 2017 ഫെബ്രുവരി മാസം മുതൽ ഇ-പേമെന്റ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

2017 മേയ് മാസം മുതൽ ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ മുദ്രവില ആവശ്യമായി വരുന്ന ഇടപാടുകൾക്ക് ഇ-സ്റ്റാമ്പിംഗ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

(സി) വകുപ്പിന്റെ അധീനതയിലുള്ള കാലപ്പഴക്കംചെന്ന 51 ഓഫീസുകളെ 2016-17 പുതുക്കിയ ബഡ്ജറ്റ് പ്രഖ്യാപന പ്രകാരം, കിഫ്ബിയുടെ പ്രോജക്ടിൽ ഉൾപ്പെടുത്തി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുണ്ട്. പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകുകയും പദ്ധതി നടപ്പിൽവരുത്തുന്നതിനുള്ള നടപടികൾ തുടർന്നുവരികയും ചെയ്യുന്നു. വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഓഫീസുകളിൽ, സ്ഥലം ലഭ്യമായിട്ടുള്ളവയ്ക്ക് സ്വന്തം കെട്ടിടവും ശോച്യാവസ്ഥയിൽ പ്രവർത്തിക്കുന്ന സർക്കാർ കെട്ടിടങ്ങൾക്ക് പകരം പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും ഇതിലൂടെ സാദ്ധ്യമാകും.

ആധാരങ്ങളുടെ പകർപ്പുകൾ ഡിജിറ്റൈസ് ചെയ്യുന്നതിനും ഡിജിറ്റൽ പകർപ്പുകൾ ലഭ്യമാക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നു. സി-ഡിറ്റിന്റെ വിശദമായ പദ്ധതി രൂപരേഖയുടെ അടിസ്ഥാനത്തിൽ പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെയില്ലാത്ത മാറ്റങ്ങളാണ് രജിസ്ട്രേഷൻ വകുപ്പിൽ നടത്തിയിട്ടുള്ളത്.

ഒരു ലക്ഷം രൂപയ്ക്കുമുകളിലുള്ള എല്ലാ പേമെന്റുകളും ഇ-പേമെന്റാക്കി, നൂറ് രൂപയ്ക്ക് മുകളിലുള്ള എല്ലാ സ്റ്റാമ്പുകളും ഇ-സ്റ്റാമ്പിംഗ് ആക്കി. അഴിമതിക്കെതിരായി ശക്തമായ നിലപാടെടുത്തു. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ശരാശരി 30 മുതൽ 40 വരെ അഴിമതി പരാതികൾ വന്നിരുന്നു, ഒരു വർഷം ഏകദേശം ആയിരം പരാതികൾ. ഇപ്പോൾ രണ്ട് വർഷം കഴിഞ്ഞപ്പോൾ ഒരു മാസം മുപ്പത് പരാതികൾപോലും എത്തുന്നില്ല. കുറേയധികം മാറ്റങ്ങൾ വന്നുകഴിഞ്ഞു. അഴിമതി കാണിച്ചതിന് 13 സബ് രജിസ്ട്രാർമാർ അടക്കം 40 പേർക്കെതിരെ സസ്പെൻഷൻ നടപടികൾ സ്വീകരിച്ചു. വലിയ മാറ്റങ്ങളുണ്ടായിട്ടുണ്ട്. പുതിയകാലം പുതിയ സേവനം എന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. ഡിജിറ്റലൈസേഷൻ എല്ലാ രംഗത്തും നടപ്പിലാക്കുകയാണ്. അഴിമതിക്കെതിരായി ശക്തമായ നടപടി സ്വീകരിച്ചു, ആധുനികതയിലേയ്ക്ക് കൊണ്ടുവന്നു, സേവനങ്ങൾ മെച്ചപ്പെടുത്തി, പരാതികൾ നല്ല രീതിയിൽ പരിഹരിച്ചുതുടങ്ങി. അങ്ങനെ രജിസ്ട്രേഷൻ വകുപ്പിനെപ്പറ്റിയുള്ള പഴയ തെറ്റായ സങ്കൽപ്പം തിരുത്തിയെഴുതാനുള്ള ശ്രമം നല്ലരീതിയിൽ വിജയിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 'പുതിയ കാലം പുതിയ സേവനം' എന്ന ആപ്തവാക്യത്തിന്റെ അടിസ്ഥാനത്തിൽ രജിസ്ട്രേഷൻ വകുപ്പിൽ നടപ്പിലാക്കിയ പരിഷ്കാരങ്ങൾ വകുപ്പിനെ അഴിമതിരഹിത മാക്കുന്നതിന് എത്രമാത്രം സഹായിച്ചുവെന്നും ഇതിനുശേഷം വകുപ്പിൽ വരുമാന വർദ്ധനവ് ഉണ്ടായിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

ശ്രീ. ജി. സുധാകരൻ: സർ, അഴിമതി, കെടുകാര്യസ്ഥത, മോശമായ പെരുമാറ്റം, ആൾമാറാട്ടം, കള്ള റിക്കോർഡ് തുടങ്ങിയ ആയിരത്തിൽ കുറയാത്ത പരാതി മാസംതോറും വന്നുകൊണ്ടിരുന്നു. അതിപ്പോൾ 30-ന് താഴെയായി ചുരുങ്ങിയെന്നു പറയുമ്പോൾത്തന്നെ പൊതുജനങ്ങളുടെ അനുഭവം വ്യക്തമാണ്. അത് ഞാൻ വ്യക്തമാക്കുകയുണ്ടായി. വരുമാനത്തിൽ നല്ല മാറ്റമാണുണ്ടായിട്ടുള്ളത്. 2017-18 അവസാനിച്ചപ്പോൾ 626 കോടി രൂപയുടെ വർദ്ധനവാണ് രജിസ്ട്രേഷനിൽ ഉണ്ടായിട്ടുള്ളത്. 2015-16-ൽ 2531 കോടി രൂപയായിരുന്നത് 2016-17-ൽ 120 കോടി രൂപ വർദ്ധിച്ച് 2653 കോടി രൂപയായി. 2017-18-ൽ അത് വർദ്ധിച്ച് 3157 കോടി രൂപയായി. അതായത് 2015-16-ൽ നിന്നും 626 കോടി രൂപ വർദ്ധിച്ചു. അഴിമതി കുറഞ്ഞു, വരുമാനം വർദ്ധിച്ചു. ഉദ്യോഗസ്ഥരുടെ പദവിയൊന്നും നോക്കാതെ അഴിമതിക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുകയാണ്. 315 സബ് രജിസ്ട്രാർമാരുണ്ട്. വെറും 13 പേരെ മാത്രമേ നമുക്ക് സസ്പെൻഡ് ചെയ്യേണ്ടി വന്നിട്ടുള്ളൂ.

<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: സർ, സബ് രജിസ്ട്രാർ ഓഫീസുകളിൽ നെറ്റ്‌വർക്ക് തകരാറുമൂലം 2018 മേയ് മുതൽ സേവനങ്ങൾ ഭാഗികമായി തടസ്സപ്പെട്ടിരിക്കുകയാണ്. ഇത് പരിഹരിക്കാനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. ജി. സുധാകരൻ</u>: സർ, അത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. ഇ-പേമെന്റും ഇ-സ്റ്റാമ്പിംഗും വന്നതോടുകൂടി നെറ്റ്‌വർക്കിന്റെ പ്രാധാന്യം വളരെയേറെ വർദ്ധിച്ചു. ഡിജിറ്റലൈസേഷൻ സമ്പൂർണ്ണമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിനായി ബഡ്ജറ്റിൽ പണം വകയിരുത്തിയിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററാണ് (NIC) ഡിജിറ്റലൈസേഷൻ വർക്കുകൾ ചെയ്തുകൊണ്ടിരുന്നത്. ഉത്തരവാദിത്വത്തോടെയല്ല അവർ ഈ വർക്ക് ചെയ്തതെന്ന് വകുപ്പിന് നല്ല ബോദ്ധ്യമുണ്ട്. അവരുടെ ഉപകരണങ്ങൾ പെട്ടെന്ന് കേടുവരികയും അത് സമയത്ത് നന്നാക്കാതിരിക്കുകയും ചെയ്യുന്ന ധാരാളം പ്രശ്നങ്ങളുണ്ടായിരുന്നു. ഞാൻ അവരുടെ കേരള ഘടകത്തിന്റെ തലവനെ വിളിച്ച് സംസാരിച്ചപ്പോൾ അദ്ദേഹം ഗൗരവത്തോടെയല്ല പ്രതികരിച്ചത്. അദ്ദേഹത്തെ മാറ്റണമെന്ന് കത്ത് നൽകുകയും അങ്ങനെ എൻ.ഐ.സി. -യെ മാറ്റുകയും ചെയ്തു. ഗവൺമെന്റിന്റെ പ്രത്യേക വകുപ്പിൻ കീഴിൽ റെയിൽടെൽ കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ സഹായത്തോടെയാണ് ഇപ്പോൾ ഇത് ചെയ്യുന്നത്. ആദ്യമായി റെയിൽടെൽ എന്ന സ്ഥാപനം ചുമതല ഏറ്റെടുത്തപ്പോൾ എൻ.ഐ.സി. ചെയ്ത വർക്കിന്റെ ചില കറക്ഷൻ വരുത്താൻ അവർ സഹായിച്ചില്ല. അതിന്റെ ഫലമായി ചില സ്ഥലങ്ങളിൽ രജിസ്റ്റർ ചെയ്യാൻ കഴിയാത്ത സ്ഥിതിയുണ്ടായപ്പോൾ ധാരാളം ആളുകൾ നേരിട്ട് വിളിച്ചിരുന്നു. അതൊക്കെ ഇപ്പോൾ പരിഹരിച്ച് നല്ല രീതിയിൽ മുന്നോട്ട് പോകുകയാണ്. ഇലക്ട്രോണിക് യന്ത്രങ്ങളുടേതായിട്ടുള്ള ചെറിയ പ്രശ്നങ്ങളുണ്ട്. ഈ വകുപ്പിനെ സമ്പൂർണ്ണമായി ആധുനികതയിലേയ്ക്ക് കൊണ്ടുവരുന്നതിന് രണ്ട് വർഷംകൊണ്ട് സാധിച്ചു. ബാക്കി കാര്യങ്ങളും കൃത്യമായിത്തന്നെ ചെയ്യുന്നതാണ്.

<u>ശ്രീ. കെ. വി. വിജയദാസ്</u>: സർ, രജിസ്ട്രേഷൻ ഫീസ് ഇ-പേമെന്റായി അടച്ചതിനുശേഷം രജിസ്ട്രേഷനായി സബ് രജിസ്ട്രാർ ഓഫീസിൽ ഹാജരാകുമ്പോൾ കൂടുതൽ ഫീസ് ചില സന്ദർഭങ്ങളിൽ ആവശ്യമായി വരുന്നുണ്ട്. ഇതുമൂലം അധികം വരുന്ന തുക വീണ്ടും ട്രഷറിയിൽപ്പോയി അടയ്ക്കേണ്ട സാഹചര്യമുണ്ടാകുന്നു. ഇത് പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടും കാലതാമസവും ഉണ്ടാക്കുന്നുണ്ട്. ഇത് ഒഴിവാക്കുന്നതിനായി സബ് രജിസ്ട്രാർ ഓഫീസിൽ ഡെബിറ്റ്/ക്രെഡിറ്റ് കാർഡുകൾ ഉപയോഗിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുമോ?

ശ്രീ. ജി. സുധാകരൻ: സർ, അതിനെക്കുറിച്ച് ആലോചിച്ചിട്ടുണ്ട്. അത് നടപ്പിലാക്കുന്നതാണ്.

ശ്രീ. എസ്. രാജേന്ദ്രൻ: സർ, മുദ്രപ്പത്രത്തിന് ക്ഷാമമുണ്ടാകുന്ന സന്ദർഭങ്ങളിലെ പ്രയാസങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത് പൂർണ്ണമായും പരിഹരിക്കാൻ ഗവൺമെന്റ് എന്ത് ചെയ്യാനാണുദ്ദേശിക്കുന്നത്; കൂടാതെ കൈപ്പടയിൽ എഴുതുന്ന ആളുകൾ, ആധാരം എഴുത്തുകാർ എന്നിവരുടെയെല്ലാം പ്രശ്നങ്ങൾ വളരെ സങ്കീർണ്ണമാണ്. അവർക്കുവേണ്ടിയുള്ള സേവനമേഖലകളിൽ പുതിയതായി എന്തെല്ലാം ആനുകൂല്യങ്ങളാണ് വർദ്ധിപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ശ്രീ. ജി. സുധാകരൻ: സർ, ഒന്ന് മുതൽ പത്ത് രൂപ വരെയുള്ള സ്റ്റാമ്പിനും നൂറ് രൂപയ്ക്ക് മുകളിലുള്ള സ്റ്റാമ്പിനുമാണ് ക്ഷാമമുണ്ടായത്. ഒന്ന് മുതൽ നൂറ് രൂപവരെയുള്ള സ്റ്റാമ്പിന്റെ ക്ഷാമം പരിഹരിച്ചു. നാസിക്കിലെ സെക്യൂരിറ്റി പ്രസ് എന്ന സ്ഥാപനമാണ് സ്റ്റാമ്പ് നൽകുന്നത്. അവിടെനിന്ന് കിട്ടാനുള്ള താമസമാണ് സ്റ്റാമ്പിന് ക്ഷാമമുണ്ടാക്കിയത്. ഇവിടെനിന്നും സ്റ്റാമ്പ് വാങ്ങാൻ പോകുന്നതിന് ചില ഫോർമാലിറ്റീസുണ്ട്. അതിനായി പോലീസ്, റവന്യൂ ഉദ്യോഗസ്ഥർ, മജിസ്ട്രേട്ട് എന്നിവരും ആവശ്യമാണ്. കുറച്ചുകാലം സ്റ്റാമ്പിന്റെ പ്രശ്നമുണ്ടായിരുന്നത് ഇപ്പോൾ പരിഹരിക്കുകയും എല്ലാ സ്റ്റാമ്പും കൊണ്ടുവരികയും ചെയ്തിട്ടുണ്ട്. ഈ പ്രശ്നം പരിഹരിക്കുന്നതുവരെ ഒന്ന് മുതൽ പത്ത് രൂപവരെയുള്ള മുദ്രപ്പത്രം ഉപയോഗിക്കാനുള്ള നിലപാടെടുത്തതിലൂടെ ആ പ്രശ്നം പരിഹരിക്കപ്പെട്ടു. രജിസ്ട്രേഷനുവേണ്ടി സബ് രജിസ്ട്രാർ ഓഫീസിൽ വരുമ്പോൾ അടച്ചതിനേക്കാൾ കൂടുതൽ പണം വേണമെങ്കിൽ അത് ക്രെഡിറ്റ് കാർഡ് ഉപയോഗിച്ച് അടയ്ക്കാമെന്നുള്ള തീരുമാനമെടുക്കുന്നതാണ്.

ശ്രീ. കാരാട്ട് റസാഖിനുവേണ്ടി ശ്രീ. എ. എം. ആരിഫ്: സർ, 'പുതിയ കാലം പുതിയ സേവനം' എന്ന പ്രവർത്തന രീതിയുമായി രജിസ്ട്രേഷൻ വകുപ്പിനെ ആധുനികവൽക്കരിക്കാനും അഴിമതിവിമുക്തമാക്കാനുംവേണ്ടി അങ്ങ് എടുക്കുന്ന എല്ലാ നടപടികളെയും അഭിനന്ദിക്കുകയാണ്. ആധുനികവൽക്കരിച്ചതിന്റെ ഫലമായി കറണ്ട് പോകുക, നെറ്റ് കണക്ഷൻ പ്രശ്നം എന്നിവമൂലമുണ്ടാകുന്ന ധാരാളം ചെറിയ പ്രയാസങ്ങൾ പലപ്പോഴും അഭിമുഖീകരിക്കുന്നുണ്ട്. അതുകൊണ്ട് ഇതിന് പരിഹാരം കാണുന്നതിന് നടപടി സ്വീകരിക്കുമോ; രജിസ്ട്രേഷൻ ഫീസ് ഇ-പേമെന്റായി അടച്ചാൽ രജിസ്ട്രേഷൻ ചെയ്യാൻ കഴിയാതെ മുടങ്ങിപ്പോകുന്നുണ്ട്. അടച്ച ഫീസ് തിരിച്ചുകിട്ടുന്നതിന് ധാരാളം നൂലാമാലകളുണ്ട്. അതുകൊണ്ട് അടച്ച ഫീസ് വേഗത്തിൽ തിരിച്ച് ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; രജിസ്ട്രാർ

ഓഫീസിൽ പോകാതെതന്നെ ഓൺലൈനായി ബാദ്ധ്യതാ സർട്ടിഫിക്കറ്റ് ഇപ്പോൾ ലഭിക്കുന്നുണ്ട്. ആധാര പകർപ്പുകൾകൂടി അതുപോലെ ഓൺലൈനായി ലഭ്യമാക്കിയാൽ നന്നായിരിക്കുമെന്നുള്ളതുകൊണ്ട് അതിനുള്ള നടപടി സ്വീകരിക്കുമോ; ഫെയർ വാല്യൂ നിശ്ചയിച്ചതിലെ ചില അപാകതകൾകൊണ്ടാണ് ധാരാളം അണ്ടർ വാല്യേഷൻ കേസുകളുണ്ടാകുന്നത്. റോഡിനെയും മറ്റ് പലതിനേയും ആസ്പദമാക്കിയാണ് ഫെയർ വാല്യൂ നിശ്ചയിച്ചിരിക്കുന്നത്. ഈ അപാകത പരിഹരിക്കാനായി റവന്യൂ വകുപ്പുമായി ആലോചിച്ച് ഒരു ഡിജിറ്റൽ സർവ്വേയുടെ സാദ്ധ്യതകൾ ആരായാൻ അങ്ങ് തയ്യാറാകുമോ?

ശ്രീ. ജി. സുധാകരൻ: സർ, ബഹുമാനപ്പെട്ട അംഗം നിരവധി പ്രശ്നങ്ങളാണ് ഒരുമിച്ച് ഉന്നയിച്ചത്. ഇതെല്ലാം പരിഗണിക്കാം. അങ്ങ് ഉന്നയിച്ചതെല്ലാം വളരെ പ്രസക്തമായ വിഷയങ്ങളാണ്. രജിസ്ട്രേഷൻ വകുപ്പിന്റെ volume of work-നെക്കുറിച്ച് ഞാൻ സൂചിപ്പിക്കാം. ഏതാണ്ട് 8 ലക്ഷത്തോളം ആധാരങ്ങൾ ഒരു വർഷം രജിസ്റ്റർ ചെയ്യുന്നു. ഒരു വർഷം 25 ലക്ഷത്തോളം ബാദ്ധ്യതാ സർട്ടിഫിക്കറ്റ് കൊടുക്കണം. 5 ലക്ഷത്തിലേറെ ആധാര പകർപ്പുകൾ കൊടുക്കുന്നുണ്ട്. പതിനയ്യായിരത്തോളം വിവാഹങ്ങൾ രജിസ്റ്റർ ചെയ്യുന്നുണ്ട്. പതിനയ്യായിരം ചാരിറ്റബിൾ സൊസൈറ്റിയുടെ കാര്യം നോക്കുകയും പുതുതായി വരുന്നവ രജിസ്റ്റർ ചെയ്യുകയും വേണം. അയ്യായിരത്തോളം വരുന്ന പാർട്ട്ണർഷിപ്പ് സ്ഥാപനങ്ങളുടെ കാര്യം നോക്കുകയും പുതുതായി വരുന്നവ രജിസ്റ്റർ ചെയ്യുകയും വേണം. ആയിരത്തോളം ചിട്ടി രജിസ്ട്രേഷനുണ്ട്. ഇതിനെല്ലാമായി ഒരു വർഷം ഒരു കോടിയിൽ കുറയാത്ത ജനങ്ങൾ ഈ 315 സബ് രജിസ്ട്രാർ ഓഫീസുകളെ ആശ്രയിച്ചുകൊണ്ടിരിക്കുകയാണ്. അത് നല്ലരീതിയിൽ ചെയ്തുവരികയാണ്. കുറച്ച് പ്രശ്നങ്ങളൊക്കെ ഉണ്ടായിരുന്നത് പരിഹരിക്കുകയാണ്. ബഹുമാനപ്പെട്ട അംഗം പറഞ്ഞ എല്ലാ കാര്യങ്ങളും അനായാസമാക്കാനും പ്രയാസം കുറയ്ക്കാനും അടച്ച പണം വേഗത്തിൽ തിരിച്ച് കിട്ടാനുമുള്ള നടപടികളെക്കുറിച്ച് ആലോചിക്കുന്നതാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ചെറിയ തുകയ്ക്കുള്ള മുദ്രപ്പത്രങ്ങൾ മാർക്കറ്റിൽ ഉണ്ടായിരുന്നില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സമ്മതിച്ചു. ചെറിയ തുകയ്ക്കുള്ള മുദ്രപത്രങ്ങൾ അടിച്ച് കിട്ടാത്തതിന്റെ കാരണം നിശ്ചിത സമയത്ത് പണം അടയ്ക്കാത്തതുകൊണ്ടാണെന്നാണ് ഇപ്പോൾ പുറത്തുവരുന്ന വാർത്തകൾ. പത്ത് രൂപയുടെ മുദ്രപ്പത്രത്തിൽ ഒരു അഫിഡവിറ്റ് സമർപ്പിക്കണമെങ്കിൽ നൂറ് രൂപയുടെ മുദ്രപ്പത്രം വാങ്ങാൻ പറയും. അങ്ങനെ അനാവശ്യമായി സാധാരണക്കാരെ ബുദ്ധിമുട്ടിക്കുന്ന കുറച്ച് ഉദ്യോഗസ്ഥരുണ്ട്. ഇതിന്റെ പിന്നിൽ പ്രവർത്തിച്ചത് ആരാണ്; പണം കൃത്യസമയത്ത് അടയ്ക്കാത്തത് ആരാണ്; ഇക്കാര്യങ്ങൾ കൃത്യമായി പരിശോധിച്ച് നടപടിയെടുക്കാൻ അങ്ങ് തയ്യാറാകുമോ?

ശ്രീ. ജി. സുധാകരൻ: സർ, ഉയർന്ന വിലയുള്ള മുദ്രപ്പത്രങ്ങളുടെ ക്ഷാമമാണ് വന്നത്. അത് ആറ് മാസം വരെ നീണ്ടുനിന്നുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. നാസിക്കിലെ സെക്യൂരിറ്റി പ്രസ് എന്ന സ്ഥാപനത്തിൽ നിന്നാണ് സ്റ്റാമ്പ് നൽകുന്നതെന്ന് അങ്ങേയ്ക്കറിയാം. പോലീസ് അകമ്പടിയോടെയാണ് സ്റ്റാമ്പ് വാങ്ങാൻ പോകുന്നത്. നാസിക്കിലെ പ്രിന്റിംഗ് പ്രസിലുണ്ടായ പ്രശ്നങ്ങളുടെ ഫലമായി കുറച്ച് കാലതാമസം വന്നു. ഇപ്പോൾ ആ പ്രശ്നം മാറി സ്റ്റാമ്പ് വന്നുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. സ്റ്റാമ്പ് കൊണ്ടുവരുന്നത് രജിസ്ട്രേഷൻ വകുപ്പല്ല, ഫിനാൻസ് വകുപ്പിലെ മറ്റൊരു വിഭാഗമാണ്. ഒരു രൂപ മുതൽ 10 രൂപ വരെയുള്ള മുദ്രപ്പത്രങ്ങൾ ധാരാളമുണ്ടായിരുന്നു. അത് വച്ചുകൊണ്ട് തുല്യമായ തുകയ്ക്കുള്ളത് രജിസ്റ്റർ ചെയ്തുകൊടുത്തിരുന്നു. അതിന് പ്രയാസമൊന്നും ഉണ്ടായില്ല. ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ സ്റ്റാമ്പ് ആവശ്യമായതിന് ഇ-പേമെന്റ് സംവിധാനമാക്കി. ഒരു ലക്ഷം രൂപയ്ക്ക് താഴെ സ്റ്റാമ്പ് ആവശ്യമായതിന് ഇ-പേമെന്റ് ആക്കിയിട്ടില്ല. കാരണം വെണ്ടർമാരുടെ ജോലി പൂർണ്ണമായും നഷ്ടമാകും. അതുകൊണ്ട് അക്കാര്യം പരിശോധിച്ചശേഷം ചെയ്യുന്നതാണ്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ അതിൽ ഗൂഢാലോചനയുണ്ടായതായി എനിക്ക് തോന്നിയിട്ടില്ല. ഇങ്ങനെയുള്ള കാര്യങ്ങൾ മുമ്പും സംഭവിച്ചിട്ടുണ്ട്. തുടർന്നും ഇങ്ങനെ സംഭവിക്കാതിരിക്കാനുള്ള ജാഗ്രതാനടപടികൾ എന്താണെന്നുള്ളത് ചർച്ച ചെയ്ത് തീരുമാനിക്കാം.

ശ്രീ. പി. ടി. എ. റഹീം: സർ, സബ് രജിസ്ട്രാർ ഓഫീസുകളിൽ മൂന്നിലൊന്നും വാടകക്കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. സ്വന്തമായി ധാരാളം കെട്ടിടങ്ങൾ ഇപ്പോൾ നിർമ്മിക്കുന്നുണ്ട്. പക്ഷെ പലതിനും സ്ഥലമില്ല. മറ്റ് വകുപ്പുകളുടെ സ്ഥലം ലഭ്യമാക്കി അവിടെയെല്ലാം പുതിയ ഓഫീസുകൾ നിർമ്മിക്കാൻ സർക്കാർ ശ്രദ്ധിക്കുമോ?

ശ്രീ. ജി. സുധാകരൻ: സർ, കേരള ഗവൺമെന്റിന് ഏറ്റവും കൂടുതൽ വരുമാനമുണ്ടാക്കുന്ന ആദ്യത്തെ മൂന്ന് വകുപ്പുകളിലൊന്നാണ് രജിസ്ട്രേഷൻ വകുപ്പ്. അതിന്റെ കണക്ക് ഞാനിവിടെ പറഞ്ഞു. 3157 കോടി രൂപയുടെ വരുമാനമാണ് ഇപ്പോൾ ഉണ്ടാക്കിക്കൊടുത്തിരിക്കുന്നത്. പക്ഷെ സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടങ്ങളോട് യാതൊരു നീതിയും നാളിതുവരെ ഒരു ഗവൺമെന്റും കാണിച്ചിട്ടില്ല. പുതിയ ഗവൺമെന്റ് വന്നതിനുശേഷം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്ത് കിഫ്ബി വഴി ഇപ്പോൾ 100 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അതിന്റെ

കെട്ടിടനിർമ്മാണം ഇപ്പോൾ ആരംഭിക്കാൻ പോകുകയാണ്. ഏതാണ്ട് നൂറോളം കെട്ടിടങ്ങൾക്ക് 100 വർഷത്തിലേറെ പഴക്കമുണ്ട്. ഇടുക്കിയിലെ ഒരു സബ് രജിസ്ട്രാർ ഓഫീസിന് മുകളിൽ തകരപ്പാട്ട വച്ചാണ് മറച്ചിരിക്കുന്നത്. അതുകൊണ്ട് ഇതിന് അടിയന്തരമായ മാറ്റം ആവശ്യമാണ്. ഇപ്പോൾ അനുവദിച്ച 100 കോടി രൂപ ഉപയോഗിച്ച് നാല്പതോളം കെട്ടിടങ്ങൾ മാത്രമേ പരിഷ്കരിക്കാൻ കഴിയുകയുള്ളൂ. ഇക്കാര്യം ഗൗരവമായെടുത്ത് പണം ശേഖരിക്കുന്ന വകുപ്പും പണം ശേഖരിച്ചുകൊടുക്കുന്ന വകുപ്പും തമ്മിൽ ആലോചിച്ച് വലിയൊരു മാറ്റം വന്നുകൊണ്ടിരിക്കുകയാണ്. അത് ത്വരിതപ്പെടുത്തി എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളും നവീകരിക്കാനും എല്ലാ വാടക കെട്ടിടങ്ങളും ഒഴിവാക്കാനും സർക്കാർ ശ്രമിക്കുന്നതാണ്. പൊതുവെ എല്ലാ വകുപ്പിനുംകൂടി നിർമ്മിക്കുന്ന കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നവയല്ലാതെ ഏതെങ്കിലുമൊരു വകുപ്പിന്റെ കെട്ടിടത്തിൽ തൽക്കാലം പ്രവർത്തിക്കുന്ന രീതി ഒഴിവാക്കാനും 315 സബ് രജിസ്ട്രാർ ഓഫീസുകൾക്കും ആധുനിക സൗകര്യങ്ങൾ ഉറപ്പുവരുത്താനും ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. 100 കോടി രൂപകൊണ്ട് അമ്പതോളം കെട്ടിടങ്ങൾ മാത്രമേ നവീകരിക്കാൻ കഴിയൂ. ബാക്കിയുള്ളവയുടെ കാര്യം ധനകാര്യ വകുപ്പുമായി ആലോചിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. പി. കെ. ശശി: സർ, മുദ്രപ്പത്രം മാത്രമല്ല റവന്യൂ സ്റ്റാമ്പും നാട്ടിൽ കിട്ടാനില്ല. അത് വലിയ തോതിലുള്ള പ്രശ്നങ്ങളുണ്ടാക്കുന്നുണ്ട്. മുദ്രപ്പത്രത്തിന്റെ പ്രശ്നം ഇവിടെ പറഞ്ഞു. ജനന സർട്ടിഫിക്കറ്റ്, അഫിഡവിറ്റ് എന്നിവയ്ക്ക് 20 രൂപയുടെ സ്റ്റാമ്പ് പേപ്പറാണ് വേണ്ടത്. അതിനുപകരം സാധാരണക്കാരെ വളരെ പ്രയാസത്തിലാക്കുന്ന രീതിയിൽ 500 രൂപയുടെ മുദ്രപ്പത്രം വാങ്ങേണ്ട അവസ്ഥയാണുള്ളത്. ഈ പ്രശ്നം പരിഹരിക്കാനും റവന്യൂ സ്റ്റാമ്പിന്റെ ലഭ്യതക്കുറവ് പരിഹരിക്കാനും അടിയന്തര നടപടി സ്വീകരിക്കുമോ?

ശ്രീ. ജി. സുധാകരൻ: സർ, മുദ്രപ്പത്രത്തിന്റെ ക്ഷാമം പരിഹരിക്കാനുള്ള നിലപാട് ഞാൻ വ്യക്തമാക്കിക്കഴിഞ്ഞു. ഒരു രൂപ മുതൽ 10 രൂപ വരെയുള്ള സ്റ്റാമ്പിന്റെ കാര്യവും ഞാൻ നേരത്തെ പറഞ്ഞതാണ്. റവന്യൂ സ്റ്റാമ്പിന്റെ കാര്യത്തിൽ ധനകാര്യ വകുപ്പുമന്ത്രിയാണ് തീരുമാനമെടുക്കേണ്ടത്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക് ): സർ, ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ധനകാര്യ വകുപ്പ് സെക്രട്ടറി വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

# 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### നെൽവയൽ തണ്ണീർത്തട നിയമപ്രകാരമുള്ള ഡാറ്റാ ബാങ്ക്

4 (*94) ശ്രീ. എൻ. ഷംസുദ്ദീൻ :

ഡോ. എം. കെ. മുനീർ :

ശ്രീ. ടി. വി. ഇബ്രാഹിം :

ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽവയൽ തണ്ണീർത്തട നിയമപ്രകാരമുള്ള ഡാറ്റാ ബാങ്ക് തയ്യാറാക്കുന്ന നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) ഇത് എത്ര ശതമാനം പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന് ഒരു വർഷത്തിനുള്ളിൽ ഡാറ്റാ ബാങ്ക് പൂർണ്ണമായി വിജ്ഞാപനം ചെയ്യുമെന്ന വാഗ്ദാനം നൽകിയിട്ടുണ്ടോ; എങ്കിൽ അത് നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): (എ) 1076 കൃഷിഭവൻ പ്രദേശങ്ങളിൽ നെൽവയൽ തണ്ണീർത്തടങ്ങളുള്ള 1054 എണ്ണത്തിൽ 669 പ്രദേശങ്ങളിൽ ഡാറ്റാ ബാങ്ക് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ബാക്കിയുള്ള പ്രദേശങ്ങളിൽ ഡാറ്റാ ബാങ്ക് പ്രസിദ്ധപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) 63% കൃഷിഭവൻ പ്രദേശങ്ങളിൽ ഡാറ്റാ ബാങ്ക് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

(സി) ഒരുവർഷത്തിനുള്ളിൽ ഡാറ്റാബാങ്ക് പൂർണ്ണമായി വിജ്ഞാപനം ചെയ്യാൻ കഴിയുമെന്ന പ്രതീക്ഷ പ്രകടിപ്പിച്ചിട്ടുണ്ട്. ഡാറ്റാബാങ്കിൽ തെറ്റായി വിവരങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു എന്നും അത് തിരുത്തുന്നതിനുള്ള സൗകര്യം ചെയ്യണമെന്നുമുള്ള ധാരാളം പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 30-5-2017-ലെ സ.ഉ. (പി) നമ്പർ 34/2017/റവന്യൂ പ്രകാരം 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടങ്ങളിൽ ഭേദഗതി വരുത്തി വ്യവസ്ഥ കൊണ്ടുവന്നുകൊണ്ട് തെറ്റായി കടന്നുകൂടിയിട്ടുള്ള വിവരങ്ങൾ തിരുത്തുന്നതിനും ഡാറ്റാബാങ്കിൽ ഉൾപ്പെടേണ്ടതായിരുന്നിട്ടും ഉൾപ്പെട്ടിട്ടില്ലാത്ത വിവരങ്ങൾ ഉൾപ്പെടുത്തുന്നതിനും ബന്ധപ്പെട്ട പ്രാദേശികതല നിരീക്ഷണ സമിതി കൺവീനർ

മുമ്പാകെ അപേക്ഷ സമർപ്പിക്കുന്നതിനും രണ്ട് പ്രാവശ്യമായി 180 ദിവസം അനുവദിച്ചുനൽകുകയുണ്ടായി. അതനുസരിച്ച് 201364 അപേക്ഷകളാണ് ലഭിച്ചിരിക്കുന്നത്. പ്രസ്തുത അപേക്ഷകൾ പരിശോധിച്ച് 2018 മാർച്ച് 31-ന് മുമ്പായി തീർപ്പാക്കേണ്ടതാണെന്ന നിർദ്ദേശവും 31-10-2017-ലെ സ. ഉ. (സാധാ.) നമ്പർ 4592/ 2017/റവന്യൂ പ്രകാരം നൽകിയിരുന്നു. എന്നാൽ അപേക്ഷകളുടെ ബാഹുല്യംകാരണം പ്രസ്തുത തീയതിക്കുമുമ്പ് അപേക്ഷകൾ കാര്യക്ഷമമായി തീർപ്പ് കൽപ്പിക്കാൻ കഴിയുകയില്ലായെന്ന് ബന്ധപ്പെട്ടവർ അറിയിച്ചതിനെത്തുടർന്ന് 30-6-2018 വരെ സമയം അനുവദിച്ചുനൽകിയിരിക്കുകയാണ്. അതുപോലെ ഉപഗ്രഹ ചിത്രങ്ങളുടെ അടിസ്ഥാനത്തിൽ കുറ്റമറ്റ രീതിയിലാണ് ഡാറ്റാബാങ്ക് തയ്യാറാക്കുന്നത്. ഇക്കാരണങ്ങൾ കൊണ്ടാണ് പ്രതീക്ഷിച്ച തീയതിയിൽ ഡാറ്റാ ബാങ്ക് പൂർണ്ണമായി പ്രസിദ്ധീകരിക്കാൻ കഴിയാതെ പോയത്.

**സ്വകാര്യ കശുവണ്ടി ഫാക്ടറികൾക്ക് പുനരുദ്ധാരണ പാക്കേജ്**

5 (*95) ശ്രീ. എൻ. വിജയൻ പിള്ള :

ശ്രീമതി പി. അയിഷാ പോറ്റി :

ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് അടഞ്ഞുകിടന്നിരുന്ന പൊതുമേഖലാ കശുവണ്ടി ഫാക്ടറികൾ ഈ സർക്കാരിന്റെ ഇടപെടലിന്റെ ഫലമായി പൂർണ്ണമായും തുറന്ന് പ്രവർത്തിപ്പിക്കാൻ സാധിച്ചെങ്കിലും സ്വകാര്യ മേഖലയിലെ നിരവധി കശുവണ്ടി ഫാക്ടറികൾ അടഞ്ഞുകിടക്കുന്നത് ആയിരക്കണക്കിന് തൊഴിലാളികളെ പട്ടിണിയിലാക്കിയിരിക്കുന്നതിനാൽ ഇവയ്ക്കായി പുനരുദ്ധാരണ പാക്കേജ് സാധ്യമാണോ എന്നറിയിക്കാമോ;

(ബി) തദ്ദേശീയ തോട്ടണ്ടിയുടെ ലഭ്യതക്കുറവും ഇറക്കുമതി ചെയ്യുന്ന തോട്ടണ്ടിക്ക് കേന്ദ്രസർക്കാർ തീരുവ വർദ്ധിപ്പിച്ചതുമാണ് ഈ വ്യവസായത്തെ പ്രതിസന്ധിയിലാക്കുന്ന മുഖ്യകാരണങ്ങൾ എന്നതിനാൽ പുതുതായി രൂപീകരിച്ച കാഷ്യൂ ബോർഡിന് തോട്ടണ്ടി ലഭ്യമാക്കുന്നതിൽ ഫലപ്രദമായി ഇടപെടാൻ സാധ്യമാകുന്നുണ്ടോ എന്നറിയിക്കുമോ ;

(സി) തോട്ടണ്ടി ഇറക്കുമതിയുമായി ബന്ധപ്പെട്ട് ആഫ്രിക്കൻ രാജ്യത്തുനിന്നുള്ള നയതന്ത്ര പ്രതിനിധികളെ പങ്കെടുപ്പിച്ച് നടത്തിയ ഡിപ്ലോമാറ്റിക് കോൺക്ലേവിന്റെ അടിസ്ഥാനത്തിൽ തുടർ നടപടിയുണ്ടായിട്ടുണ്ടോ;

(ഡി) ദീർഘകാല പരിഹാരമെന്ന നിലയിൽ കശുവണ്ടി ഉല്പാദന വർദ്ധനവിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): (എ) ബാങ്കുകളിൽ നിന്നുമെടുത്ത വായ്പ തിരിച്ചടക്കാനാകാതെ പ്രതിസന്ധിയിലായി അടച്ചുപൂട്ടിയ സ്വകാര്യമേഖലയിലെ കശുവണ്ടി ഫാക്ടറികൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ ബാങ്കുകളുമായും സ്വകാര്യ ഫാക്ടറി ഉടമകളുമായും ചർച്ചകൾ നടത്തിവരികയാണ്. അടഞ്ഞുകിടക്കുന്ന ഫാക്ടറികൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് അനുകൂലമായ സാഹചര്യം സൃഷ്ടിക്കാനാകുമെന്ന് സർക്കാർ കരുതുന്നു. 31-5-2018 വരെയുള്ള വ്യവസായികളുടെ കടങ്ങൾക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചിരുന്നു. ഇക്കാര്യങ്ങൾ അവലോകനം ചെയ്യുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി 8-6-2018-ന് ധനകാര്യസ്ഥാപനങ്ങളുടെയും 9-6-2018-ന് വ്യവസായികളുടെയും ട്രേഡ് യൂണിയൻ പ്രതിനിധികളുടെയും യോഗം വിളിച്ചുചേർത്തിട്ടുണ്ട്.

(ബി) തോട്ടണ്ടി ക്ഷാമം പരിഹരിക്കുന്നതിനും ഇറക്കുമതി രംഗത്തുനിന്ന് ഇടനിലക്കാരെ ഒഴിവാക്കി ഗുണമേന്മയുള്ള തോട്ടണ്ടി വിദേശത്തുനിന്നും നേരിട്ട് ഇറക്കുമതി ചെയ്ത് സ്വകാര്യ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്യുന്നതിനും ഇടനിലക്കാരുടെ കുത്തക അവസാനിപ്പിക്കുന്നതിനും മേഖലയിലെ അനധികൃത കച്ചവടക്കാരെ നിയന്ത്രിക്കുന്നതിനും വേണ്ടിയാണ് കാഷ്യൂ ബോർഡ് രൂപീകരിച്ച് ബദൽ മാർഗ്ഗം ആരംഭിച്ചിട്ടുള്ളത്. തോട്ടണ്ടി ഉൽപ്പാദക ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നും തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിനായുള്ള നടപടികൾ കാഷ്യൂ ബോർഡ് സ്വീകരിച്ചുവരുന്നു. നിലവിലുണ്ടായിരുന്ന സാങ്കേതിക തടസ്സങ്ങൾ ഒഴിവാക്കി ഷോർട്ട് ടെണ്ടർ മുഖാന്തരം തോട്ടണ്ടി സംഭരിക്കുന്നതിനാണ് കേരള കാഷ്യൂ ബോർഡ് ഇപ്പോൾ നടപടി സ്വീകരിച്ചിട്ടുള്ളത്. ഈ വർഷം തന്നെ തോട്ടണ്ടി ബോർഡ് മുഖാന്തരം ഇറക്കുമതി ചെയ്യാൻ കഴിയുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്.

(സി) നയതന്ത്ര പ്രതിനിധികളുമായി നടത്തിയ ഡിപ്ലോമാറ്റിക് കോൺക്ലേവിന്റെ അടിസ്ഥാനത്തിൽ കശുവണ്ടി ഉൽപ്പാദക ആഫ്രിക്കൻ രാജ്യങ്ങളിലെ ഇൻഡ്യൻ എംബസികളുമായി ബന്ധപ്പെട്ട് സർക്കാർ സംവിധാനങ്ങളിലൂടെ നേരിട്ട് കശുവണ്ടി ഇറക്കുമതി ചെയ്യുന്നതിനുള്ള പരിശ്രമങ്ങൾ ബോർഡ് നടത്തിയെങ്കിലും ആയവ ഫലപ്രദമാകാത്ത സാഹചര്യത്തിൽ ബദൽ മാർഗ്ഗങ്ങൾ ബോർഡ് ആലോചിച്ചുവരുന്നു. നിലവിലുണ്ടായിരുന്ന സാങ്കേതിക തടസ്സങ്ങൾ ഒഴിവാക്കി ഈ വർഷംതന്നെ കേരള കാഷ്യൂ ബോർഡ് മുഖാന്തരം തോട്ടണ്ടി സംഭരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) കേരളത്തിൽ തരിശ്ശായി കിടക്കുന്ന സ്ഥലങ്ങളിൽ ഗുണനിലവാരമുള്ള കശുമാവിൻ തൈകൾ കൃഷി ചെയ്യുന്നതിനുള്ള നടപടികൾ കെ.എസ്.എ.സി.സി. മുഖാന്തരം നടപടിയെടുത്തുവരികയാണ്. കശുമാവ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി ബഡ്ജറ്റിൽ തുകയും വകയിരുത്തിയിട്ടുണ്ട്. കശുമാവ് കൃഷിയിൽ തൽപ്പരരായ കർഷകരെ കണ്ടെത്തി സൗജന്യമായി കശുമാവിൻ തൈകൾ നൽകുന്ന ചുവടെ ചേർക്കുന്ന പദ്ധതികൾ കെ.എസ്.എ.സി.സി. നടപ്പാക്കിവരുന്നു. പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. <u>കശുമാവ് പുതു കൃഷി</u> - ഇതിന്റെ ഭാഗമായി കശുമാവിൻ തൈകൾ സൗജന്യമായി നൽകുന്നതോടൊപ്പം തൈ ഒന്നിന് 60 രൂപ, രണ്ടാം കൊല്ലം നിബന്ധനകൾക്ക് വിധേയമായി ഒറ്റത്തവണ ധനസഹായം എന്നിവ നൽകുന്നു.

2. <u>കശുമാവ് തോട്ടം നിർമ്മാണം</u> -2 ഹെക്ടറും അതിൽ കൂടുതലും കൃഷി ചെയ്യുന്നവർക്ക് കശുമാവിൻ തൈകൾ സൗജന്യമായി നൽകുന്നതോടൊപ്പം ഹെക്ടറിന് 13000 രൂപ നിലം ഒരുക്കുന്നതിന് ധനസഹായമായി നൽകുന്നു.

**റവന്യൂ വകുപ്പ് ഓഫീസുകൾ അഴിമതി മുക്തമാക്കുന്നതിന് നടപടി**

6 (*96.) <u>ശ്രീ. ഒ. ആർ. കേളു</u> :
<u>ശ്രീ. ബി. ഡി. ദേവസ്സി</u> :
<u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്ലേജ് ഓഫീസുകൾ, താലൂക്ക് ഓഫീസുകൾ തുടങ്ങി റവന്യൂ വകുപ്പിന് കീഴിലുള്ള ഓഫീസുകളെ അഴിമതിമുക്തമാക്കുന്നതിനും കാര്യക്ഷമതയുള്ള ജനസൗഹൃദ ഓഫീസുകളാക്കി മാറ്റുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) വകുപ്പിനെ വിവരസാങ്കേതികവിദ്യയുടെ സഹായത്തോടെ ആധുനീകരിക്കുന്നതിനായി നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(സി) വില്ലേജ് ഓഫീസുകൾ സ്മാർട്ട് വില്ലേജ് ഓഫീസുകൾ ആക്കിത്തീർക്കാനുള്ള പദ്ധതിയുടെ ലക്ഷ്യവും പുരോഗതിയും അറിയിക്കാമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>): (എ) റവന്യൂ വകുപ്പിലെ അഴിമതി നിയന്ത്രിക്കുന്നതിലേയ്ക്കായി മൂന്ന് വിജിലൻസ് ഡെപ്യൂട്ടി കളക്ടർമാർക്ക് മൂന്ന് മേഖലകളായി തിരിച്ച് ചുമതല നൽകിയിട്ടുള്ളതാണ്. കൂടാതെ എല്ലാ ജില്ലാ കളക്ടറേറ്റിലും ഒരു സീനിയർ

സൂപ്രണ്ടിന്റെ ചുമതലയിൽ ഇൻസ്പെക്ഷൻ ആന്റ് വിജിലൻസ് വിഭാഗം കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. കൂടാതെ താലൂക്ക് തലത്തിൽ ഡെപ്യൂട്ടി തഹസിൽദാർമാരുടെ നേതൃത്വത്തിൽ പരിശോധനാ വിഭാഗവും പ്രവർത്തിച്ചു വരുന്നുണ്ട്. ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽനിന്നും എല്ലാ കളക്ടറേറ്റുകളിലും റവന്യൂ ഡിവിഷണൽ ഓഫീസുകളിലും താലൂക്കാഫീസുകളിലും വാർഷിക പരിശോധന നടത്തിയിട്ടുള്ളതും താലൂക്കുകളിലെ വില്ലേജ് ഓഫീസുകളിലും ആകസ്മിക പരിശോധന നടത്തി പരിശോധനാ കുറിപ്പ് തയ്യാറാക്കി ന്യൂനതകൾ പരിഹരിച്ചുവരുന്നതുമാണ്.

കൂടാതെ അഴിമതിരഹിത ഭരണ നിർവ്വഹണത്തിനുവേണ്ടി സർക്കാർ നിർദ്ദേശപ്രകാരമുള്ള നോട്ടീസുകൾ, ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഫോൺ നമ്പരുകൾ, മേൽവിലാസം എന്നിവ കളക്ടറേറ്റ്, താലൂക്ക്-വില്ലേജ് ഓഫീസ് എന്നിവിടങ്ങളിൽ പ്രദർശിപ്പിച്ചിട്ടുള്ളതും മേൽപ്പറഞ്ഞ ഓഫീസുകളിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ഉദ്യോഗസ്ഥരുടെ ഫോൺ നമ്പരുകൾ, ഓഫീസ് മേൽവിലാസം എന്നിവ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിച്ചിട്ടുള്ളതുമാണ്. പൊതുജനങ്ങൾക്ക് കാര്യക്ഷമമായും അഴിമതിരഹിതവുമായ സേവനം നൽകുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന സർക്കാർ/ലാൻഡ് റവന്യൂ കമ്മീഷണറുടെ സർക്കുലറുകൾ റവന്യൂ വകുപ്പിലെ ജീവനക്കാർക്ക് നൽകിയിട്ടുണ്ട്.

വില്ലേജ് ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റുന്നതിന് 'സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതി' ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) റവന്യൂ വകുപ്പിന്റെ ആധുനികവൽക്കരണത്തിനും പൊതുജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾ വേഗത്തിലും എളുപ്പത്തിലുമാക്കുന്നതിനുമായി വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഇ-ഡിസ്ട്രിക്ട്, ഭൂ വിവരങ്ങളുടെ ഡിജിറ്റലൈസേഷൻ (Textual Data Digitalization) സംയോജിത ഓൺലൈൻ പോക്കുവരവ് (Online mutation), ഇ-പേമെന്റ്, ഇ-ഓഫീസ്, ആർ.ആർ. ഓൺലൈൻ തുടങ്ങിയ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ സ്മാർട്ട് ഓഫീസുകളാക്കി മാറ്റി അവയിൽനിന്നും വേഗത്തിലും ആധുനിക രീതിയിലുള്ള അന്തരീക്ഷത്തിലും ഉറപ്പായും ഉത്തരവാദിത്വത്തോടെയും സുതാര്യമായും സേവനങ്ങൾ നൽകുക എന്ന ഉദ്ദേശ്യത്തോടെയാണ് സ്മാർട്ട് (SMART) റവന്യൂ ഓഫീസ് പദ്ധതി ആവിഷ്കരിച്ചത്. ഇതനുസരിച്ച് വില്ലേജ് ഓഫീസുകളിൽ നിന്നുള്ള സേവനങ്ങൾ

പൗരന് ഏതുസമയത്തും എവിടെവച്ചും ലഭ്യമാക്കുവാനാണ് ലക്ഷ്യമിടുന്നത്. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി 42 വില്ലേജ് ഓഫീസുകളുടെ നവീകരണം പൂർത്തിയായിട്ടുള്ളതും 38 വില്ലേജുകളിൽ പണികൾ പുരോഗമിച്ചുവരികയും നടപ്പുസാമ്പത്തിക വർഷം 50 വില്ലേജുകളുടെ പണികൾകൂടി പൂർത്തിയാക്കാൻ പദ്ധതിയിട്ടിട്ടുള്ളതുമാണ്.

## സ്കൂളുകളിൽ മലയാളം നിർബന്ധമായും പഠിപ്പിക്കുന്നതിന് നടപടി

7 (*97) ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. കെ. എം. ഷാജി :
ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും മലയാളം നിർബന്ധമായും പഠിപ്പിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) മലയാളഭാഷാ പഠനം പ്രോത്സാഹിപ്പിക്കാൻ സ്കോളർഷിപ്പ് നൽകുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(സി) ഭാഷാപഠനം നടത്തുന്നുണ്ടോയെന്ന് പരിശോധിക്കാൻ സ്പെഷ്യൽ ഓഫീസറെ നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): (എ) സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും മലയാളം നിർബന്ധിതഭാഷയായി പഠിപ്പിക്കുന്നതിന് വ്യവസ്ഥ ചെയ്തുകൊണ്ടുള്ള 2017-ലെ മലയാള ഭാഷാപഠന ആക്ട്, 2017 ഏപ്രിൽ 10-ന് നിലവിൽ വന്നു. ഇത് സംബന്ധിച്ച ചട്ടങ്ങൾ 2-6-2018-ലെ സ.ഉ. (പി) നമ്പർ 14/18/പൊ.വി.വ. പ്രകാരം രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ സർക്കാർ/ എയ്ഡഡ് സ്കൂളുകളിലും സെൻട്രൽ ബോർഡ് ഓഫ് സെക്കൻഡറി എഡ്യൂക്കേഷൻ (സി.ബി.എസ്.ഇ.), കൗൺസിൽ ഫോർ ദി ഇൻഡ്യൻ സ്കൂൾ സർട്ടിഫിക്കറ്റ് എക്സാമിനേഷൻ (സി.ഐ.എസ്.സി.ഇ.) എന്നീ ബോർഡുകളുടെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന സ്കൂളുകളിലും മലയാളം ഒരു ഭാഷയായി പഠിപ്പിക്കുന്നതിന് മാർഗ്ഗനിർദ്ദേശം നൽകുകയും ഒന്ന്, രണ്ട് ക്ലാസുകളിലേയ്ക്കുള്ള പാഠപുസ്തകങ്ങൾ സ്റ്റേറ്റ് കൗൺസിൽ ഓഫ് എഡ്യൂക്കേഷൻ റിസർച്ച് ആന്റ് ട്രെയിനിംഗ് (എസ്.സി.ഇ.ആർ.റ്റി.) തയ്യാറാക്കി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. തമിഴ്, കന്നഡ എന്നീ ഭാഷകൾ മാതൃഭാഷയായുള്ള കുട്ടികളുടെ ഭാഷാപഠനം ലക്ഷ്യമാക്കി പാഠപുസ്തകങ്ങൾ തയ്യാറാക്കി വിതരണം ചെയ്യാനുള്ള ക്രമീകരണം ഉണ്ടാക്കിയിട്ടുണ്ട്. 2017-18 വർഷം ഒന്നാം ക്ലാസിലും 2018-19 വർഷം

രണ്ടാം ക്ലാസിലുമാണ് ഈ പാഠപുസ്തകങ്ങൾ പഠിപ്പിക്കേണ്ടത്. സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും പത്താംതരം വരെ മലയാളം പഠിപ്പിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി ഹൈസ്കൂൾ തലങ്ങളിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കീഴിൽ അദ്ധ്യാപകരുടെ ഒരു പാനൽ രൂപീകരിക്കണമെന്നും ഈ പാനൽ പരിശോധനാ റിപ്പോർട്ട് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകണമെന്നും മലയാള ഭാഷാ ചട്ടത്തിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. എൽ.പി./യു.പി. തലങ്ങളിൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ പരിശോധന നടത്തണമെന്നും മേൽപ്പറഞ്ഞ ചട്ടത്തിൽ പരാമർശമുണ്ട്. മേൽ പരിശോധനാ റിപ്പോർട്ടുകൾ പ്രകാരം മലയാള ഭാഷാ പഠന ചട്ടങ്ങൾ ഏതെങ്കിലും സ്കൂളുകൾ ലംഘിച്ചതായി ബോധ്യപ്പെട്ടാൽ, അങ്ങനെയുള്ള സ്കൂളിന്റെ പ്രധാനാദ്ധ്യാപകനിൽനിന്നും പിഴ ചുമത്തുന്ന കാര്യങ്ങളും ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുണ്ട്.

(ബി) മലയാളഭാഷാ പഠനം പ്രോത്സാഹിപ്പിക്കാൻ ഒരു സ്കോളർഷിപ്പ് ഏർപ്പെടുത്തുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ മലയാള ഭാഷാ പഠന ചട്ടങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പത്താം ക്ലാസ്സിൽ മികച്ച രീതിയിൽ മലയാളപഠനം നിർവ്വഹിക്കുന്ന കുട്ടികൾ തുടർന്നുള്ള ഹയർ സെക്കൻഡറി ക്ലാസ്സുകളിൽ മലയാളം ഒരു വിഷയമായി പഠിക്കുന്നപക്ഷം നിശ്ചിത തുക സ്കോളർഷിപ്പായി നൽകണമെന്ന് പ്രസ്തുത ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

## സ്കൂളുകളിൽ നൈപുണ്യ വികസന പദ്ധതി

8 (*98) ശ്രീ. ആന്റണി ജോൺ :
ശ്രീ. ആർ. രാജേഷ് :
ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ നിർദ്ദേശാനുസരണം സംസ്ഥാനത്ത് നാഷണൽ സ്കിൽസ് ക്വാളിഫിക്കേഷൻ ഫ്രെയിംവർക്ക് പ്രകാരമുള്ള നൈപുണ്യ വികസന പദ്ധതി വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളിൽ നടപ്പാക്കുന്നത് നിലവിൽ നടന്നുവരുന്ന കോഴ്സുകൾക്ക് പുറമെയാണോ എന്ന് വ്യക്തമാക്കാമോ; ഏതെല്ലാം കോഴ്സുകളാണ് എൻ.എസ്.ക്യൂ.എഫ്. പ്രകാരം നടപ്പാക്കുന്നത്;

(ബി) നിലവിലുള്ള അദ്ധ്യാപകർക്ക് പരിശീലനം നൽകി പുനർവിന്യാസം നടത്തിയിട്ടുണ്ടോ;

(സി) ഹൈസ്കൂളുകളിലേക്കും ഹയർ സെക്കൻഡറി സ്കൂളുകളിലേക്കുംകൂടി പദ്ധതി വ്യാപിപ്പിക്കാൻ നിർദ്ദേശമുണ്ടോ;

(ഡി) പദ്ധതിക്കായി നൽകുന്ന കേന്ദ്രസഹായം എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) നിലവിൽ നടന്നുവരുന്ന ചില തൊഴിലധിഷ്ഠിത കോഴ്സുകളിൽ മാറ്റം വരുത്തിയാണ് എൻ.എസ്.ക്യു.എഫ്. പാഠ്യപദ്ധതി പ്രകാരമുള്ള പുതിയ കോഴ്സുകൾ നടപ്പിൽവരുത്തിയിരിക്കുന്നത്.

ആദ്യഘട്ടമെന്ന നിലയിൽ 9 സ്കിൽ സെക്ടറുകളിലുള്ള എൻ.എസ്.ക്യു.സി. (National Skill Qualification Committee) അംഗീകരിച്ച താഴെപ്പറയുന്ന 12 ജോബ് റോളുകൾ, 66 സർക്കാർ തൊഴിലധിഷ്ഠിത ഹയർ സെക്കൻഡറി സ്കൂളുകളിൽ നടപ്പിലാക്കുകയുണ്ടായി:

1. Installation Technician-Computing Peripherals
2. Optical Fiber Technician
3. Distribution Linemen
4. Cable Jointer-Electrical Power System
5. Domestic Biometric Data Entry Operator
6. Micro Irrigation Technician
7. Floriculturist (Open Cultivation)
8. Gardener
9. General Duty Assistant
10. Beauty therapist
11. Meet and Greet Officer
12. Sales Associates.

(ബി) നിലവിലുള്ള കോഴ്സിൽനിന്നും ചെറിയ മാറ്റം വരുത്തിയാണ് പുതിയ പാഠ്യപദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ആയതിനാൽ പ്രസ്തുത സ്കൂളിലെ അദ്ധ്യാപകനതന്നെ നിലവിൽ ഈ വിഷയം കൈകാര്യം ചെയ്യാവുന്നതാണ്. ഏതെങ്കിലും വിഷയത്തിൽ കൂടുതൽ പരിചയം ആവശ്യമുണ്ടെങ്കിൽ അവർക്ക് വേണ്ട പരിശീലനം നൽകുന്നതിന് വേണ്ട ക്രമീകരണം ചെയ്യുന്നതാണ്. ആയതിനാൽ പുനർവിന്യാസം നടത്തുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(സി) ആദ്യഘട്ടമെന്ന നിലയിൽ 66 സർക്കാർ തൊഴിലധിഷ്ഠിത ഹയർ സെക്കൻഡറി സ്കൂളുകളിലാണ് എൻ.എസ്.ക്യൂ.എഫ്. അധിഷ്ഠിത പാഠ്യപദ്ധതി നടപ്പിലാക്കുവാൻ നിർദ്ദേശം നല്കിയിട്ടുള്ളത്.

ആയതിന്റെ അനുഭവം വിലയിരുത്തിക്കൊണ്ട്, കൂടുതൽ പഠനങ്ങൾക്കും ചർച്ചകൾക്കുംശേഷം എല്ലാ സ്കൂളുകളിലേയ്ക്കും എൻ.എസ്.ക്യൂ.എഫ്. അധിഷ്ഠിത പാഠ്യപദ്ധതി നടപ്പിലാക്കുകയാണ് സർക്കാരിന്റെ ലക്ഷ്യം.

(ഡി) കേന്ദ്ര സർക്കാരിന്റെ VSHSE (Vocationalisation of Secondary & Higher Secondary Education) പ്രകാരമാണ് സ്കൂൾതലത്തിൽ സഹായം ലഭ്യമാകുന്നത്. ഇത് 60:40 എന്ന അനുപാതത്തിൽ കേന്ദ്രവും സംസ്ഥാനവും വഹിക്കേണ്ടി വരും.

**നൂതന റോഡ് നിർമ്മാണ രീതികൾ**

9 (*99) ശ്രീ. വി. എസ്. ശിവകുമാർ :

ശ്രീ. എ. പി. അനിൽ കുമാർ :

ശ്രീ. അൻവർ സാദത്ത് :

ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിർമ്മിക്കുന്ന റോഡുകൾ അതിവേഗം തകരുന്നതായും അവയുടെ അറ്റകുറ്റപ്പണിക്ക് വൻബാധ്യത വരുന്നതായും കണ്ടെത്തിയിട്ടുണ്ടോ; ഇത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ അതിലെ കണ്ടെത്തലുകൾ എന്തൊക്കെയാണ്;

(ബി) ടാറിനും സിമന്റിനും പകരം സംസ്ഥാനത്തെ കാലാവസ്ഥയ്ക്ക് അനുയോജ്യമായ നിർമ്മാണ വസ്തുക്കൾ ഉപയോഗിച്ചും നൂതന നിർമ്മാണ രീതികൾ അവലംബിച്ചും ഈടുറ്റ റോഡുകൾ നിർമ്മിക്കുന്നതിനെക്കുറിച്ച് പൊതുമരാമത്ത് വകുപ്പ് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) വെള്ളക്കെട്ടുള്ള ഭാഗങ്ങളിൽ ഇന്റർലോക്ക് സിമന്റ് ബ്ലോക്ക് ഉപയോഗിച്ചുള്ള നിർമ്മാണ പ്രവൃത്തികൾ വിജയകരമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ഡി) കയർ-ഭൂവസ്ത്രം ഉപയോഗിച്ചുള്ള റോഡ് നിർമ്മാണം ഏതൊക്കെ സ്ഥലങ്ങളിലാണ് അവലംബിക്കുന്നത്; അതിന്റെ മേന്മ എന്താണെന്ന് വെളിപ്പെടുത്താമോ;

(ഇ) പൊതുമരാമത്ത് വകുപ്പിന്റെ റോഡ് പണികളിൽ കയർ-ഭൂവസ്ത്രം കൂടുതലായി ഉപയോഗിക്കുന്നതിന് നിർദ്ദേശം നൽകുമോയെന്ന് വ്യക്തമാക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): (എ) ചില റോഡുകൾ മാത്രം. എന്നാൽ ഇപ്പോൾ മാറി വരുന്നുണ്ട്. 2013-15 കാലയളവിൽ നിർമ്മിച്ച എൻ.എച്ച്-66-ന്റെ 390/000 മുതൽ 462/000 വരെയുള്ള വിവിധ ഭാഗങ്ങൾ അതിവേഗം തകരുന്നതിനെക്കുറിച്ച് ഒരു പ്രാഥമിക പഠനം കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് വഴി 2016-ൽ നടത്തിയിട്ടുണ്ട്. അതിൽ നിന്നും താഴെപ്പറയുന്ന കാരണങ്ങൾ റോഡിന്റെ തകർച്ചയ്ക്ക് കാരണമാകാൻ സാധ്യതയുണ്ടെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

1. ആവശ്യാനുസരണമായ ഓടകളുടെ അഭാവംമൂലം 'Open Grade Mix' ആയ BM-ഉം SDBC-യും ഉപയോഗിച്ച് നിർമ്മിച്ച റോഡിന്റെ പാളികൾക്കിടയിലൂടെ വെള്ളം ഊഴ്ന്നിറങ്ങി കേടുപാടുകൾ സംഭവിക്കുന്നു.

2. 'Traffic Intensity' -ക്ക് ആനുപാതികമായി രൂപകൽപ്പന ഇല്ലാതിരിക്കുന്ന റോഡുകൾ.

3. 'Shoulder' നിർമ്മാണത്തിലുള്ള അപാകതകൾ.

4. റോഡ് നിർമ്മാണത്തിന് ഉപയോഗിക്കുന്ന 'Materials'-ന്റെ ഗുണനിലവാരവും നിർമ്മാണ പ്രവൃത്തികളുടെ ഗുണനിലവാരവും.

(ബി) പൊതുമരാമത്ത് നിരത്തുവിഭാഗത്തിന്റെ കീഴിൽ നൂതന രീതികൾ അവലംബിച്ച് ഈടുറ്റ റോഡുകൾ നിർമ്മിച്ചുവരുന്നുണ്ട്. ഇതിന്റെ ഭാഗമായി N.R.M.B.(Natural Rubberized Bitumen), ഉപയോഗശൂന്യമായ ശുദ്ധീകരിച്ച ഷ്രഡ്ഡഡ് പ്ലാസ്റ്റിക്, റോഡിന്റെ അടിത്തറയ്ക്ക് ബലമില്ലാത്ത സാഹചര്യത്തിൽ കയർ ഭൂവസ്ത്രം പോലുള്ള ജിയോ ടെക്സ്റ്റയിൽസ് ഉപയോഗിച്ചുള്ള നിർമ്മാണം എന്നിവ നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി പൊതുമാരാമത്ത് നിരത്തുവിഭാഗത്തിന്റെ കീഴിൽ 744.12 കി.മീ. ദൈർഘ്യം വരുന്ന റോഡുകൾ NRMB ഉപയോഗിച്ചും 85.73 കി.മീ. ദൈർഘ്യം വരുന്ന റോഡുകൾ പ്ലാസ്റ്റിക് ബി.സി. ഉപരിതലത്തിലുള്ള മെറ്റലിനോടൊപ്പം ചേർത്തും 5.5 കി.മീ. ദൈർഘ്യം റോഡിൽ കയർ ഭൂവസ്ത്രം ഉപയോഗിച്ചും നിർമ്മിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള നിർമ്മാണങ്ങൾ കൂടുതൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നൂതന നിർമ്മാണ രീതികൾ അവലംബിക്കുന്നതിനായി 26-3-2018-ൽ സർക്കാർ 527/2018/PWD പ്രകാരം ഉത്തരവിറക്കിയിട്ടുണ്ട്. ഇതിൽ മില്ലിംഗ് ആൻഡ് റീസൈക്ലിംഗ് രീതി ഉപയോഗിക്കുവാനും മണ്ണ് സ്റ്റെബിലൈസേഷൻ ടെക്നോളജി ഉപയോഗിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്. സംസ്ഥാന പ്ലാനിംഗ് ബോർഡിന്റെ താൽപ്പര്യപ്രകാരം ഉപയോഗശൂന്യമായ പ്ലാസ്റ്റിക് എങ്ങനെ റോഡ് നിർമ്മാണത്തിന്

ഉപയോഗിക്കണം എന്നതിനെക്കുറിച്ച് 2006-ൽ കെ.എച്ച്.ആർ.ഐ.-ൽ ഒരു പഠനം നടത്തുകയുണ്ടായി. ഇതിന്റെ ഭാഗമായി പരീക്ഷണാടിസ്ഥാനത്തിൽ പ്ലാസ്റ്റിക് ടാറുമായി മിശ്രിതപ്പെടുത്തി ഉപയോഗിച്ച കൊണ്ട് റോഡ് നിർമ്മാണം 2006-ൽ തിരുവനന്തപുരം ജില്ലയിലെ ചാവടിമുക്ക്-പുല്ലാന്നിവിള-നരിക്കൽ റോഡിൽ 500 മീറ്റർ ഭാഗത്ത് ചെയ്യുകയുണ്ടായി. പ്രസ്തുത റോഡ് 5 വർഷക്കാലം നിരീക്ഷിച്ചതിൽനിന്നും കാര്യമായ അറ്റകുറ്റപ്പണികൾ ഒന്നും തന്നെ ആവശ്യമായി വന്നിട്ടില്ല.

ഇതുകൂടാതെ ഉപയോഗശൂന്യമായ പ്ലാസ്റ്റിക് ബിറ്റുമിനോടൊപ്പം ചേർത്ത് റോഡ് നിർമ്മാണത്തിന് ഉപയോഗിക്കുന്നതിനായുള്ള ഒരു പരിശീലന പരിപാടി 2016 ഒക്ടോബറിൽ കെ.എച്ച്.ആർ.ഐ.-ൽ നടത്തുകയുണ്ടായി. അതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ മാരായമുട്ടം പാലിയോട്-റോഡിൽ ഒരു കിലോമീറ്റർ ദൂരം ഈ സാങ്കേതികവിദ്യ ഉപയോഗിച്ച് ടാർ ചെയ്യുകയുണ്ടായി. ഇതിന്റെ ഗുണനിലവാരം നിശ്ചിത കാലയളവിൽ പരിശോധിച്ചവരുന്നു.

(സി) വെള്ളക്കെട്ടുള്ള ഭാഗങ്ങളിൽ ഇന്റർലോക്ക്-സിമന്റ് ബ്ലോക്ക് ഉപയോഗിച്ചുള്ള നിർമ്മാണ പ്രവൃത്തികൾ വിജയകരമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ വെള്ളക്കെട്ടുള്ള കൂടുതൽ ഭാഗങ്ങളിൽ ഇന്റർലോക്ക്-സിമന്റ് ബ്ലോക്ക് ഉപയോഗിച്ചുള്ള നിർമ്മാണം നടത്തുന്നുണ്ട്. ഇത് മുഖേന വെള്ളകെട്ടുമൂലമുള്ള റോഡിന്റെ തകർച്ചയ്ക്ക് പരിഹാരം ഉണ്ടാക്കുവാൻ സാധിച്ചിട്ടുണ്ട്.

(ഡി) റോഡിന്റെ അടിത്തറയ്ക്ക് ബലമില്ലാത്ത സ്ഥലങ്ങളിൽ അടിത്തറ ബലപ്പെടുത്തുന്നതിനാണ് കയർ-ഭൂവസ്ത്രം പോലുള്ള ജിയോ-ടെക്സ്റ്റയിൽസ് ഉപയോഗിക്കുന്നത്. കയർ ഭൂവസ്ത്രം റോഡിന്റെ അടിത്തറയിലുള്ള ജലത്തിന്റെ drainage layer ആയും ജലാംശം കൂടിയ ഭാഗത്തിന്റെയും റോഡിന്റെ ഉപരിതലവുമായി ബന്ധപ്പെട്ട ഭാഗത്തിനേയും വേർതിരിക്കുന്ന ഭാഗമായും പ്രവർത്തിക്കുന്നു. കൂടാതെ റോഡിന്റെ അടിത്തറയെ ബലപ്പെടുത്തുവാനും കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നതുവഴി സാധിക്കുന്നതാണ്.

(ഇ) 2016-17, 2018-19 ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ചതനുസരിച്ച് റോഡ് നിർമ്മാണത്തിനായി നൂതന സാങ്കേതികവിദ്യകൾ ഉപയോഗിക്കുന്നത് സംബന്ധിച്ച് 6-12-2017-ൽ കൂടിയ യോഗതീരുമാനപ്രകാരം സർക്കാർ ഉത്തരവ് 26-3-2018-ലെ G.O. (Rt.) No. 527/2018/PWD പ്രകാരം കയർ ഭൂവസ്ത്രം മുതലായ നൂതന സാങ്കേതിക വിദ്യകൾ പൊതുമരാമത്ത് വകുപ്പിന്റെ നിർമ്മാണ പ്രവൃത്തികളിൽ ഉപയോഗിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന്റെ കീഴിലുള്ള റോഡുകളുടെ നിർമ്മാണ പ്രവൃത്തികളിൽ

റോഡിന്റെ അടിത്തറയ്ക്ക് ബലമില്ലാത്ത ഭാഗങ്ങളിൽ കയർ ഭൂവസ്ത്രം ഉപയോഗിച്ച് 5.50 കിലോമീറ്റർ നിർമ്മാണം നടത്തിയിട്ടുണ്ട്. ഇത്തരത്തിൽ കൂടുതൽ ദൈർഘ്യമുള്ള റോഡുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**ദേശീയപാത 66 നാലുവരിയായി വികസിപ്പിക്കുന്ന പദ്ധതി**

10 (*100) ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. ബി. സത്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള ദേശീയപാത 66 നാലുവരിയായി വികസിപ്പിക്കുന്ന പദ്ധതിയുടെ നിലവിലെ പുരോഗതി അറിയിക്കാമോ;

(ബി) ദേശീയപാത വികസനത്തിന് എത്ര സ്ഥലം ആവശ്യമായി വരും; ഇതിൽ എത്ര സ്ഥലം ഏറ്റെടുക്കാൻ സാധ്യമായിട്ടുണ്ട്; വ്യക്തമാക്കാമോ;

(സി) നിക്ഷിപ്ത താല്പര്യക്കാർ ഉയർത്തുന്ന അനാവശ്യ വിവാദങ്ങൾ സ്ഥലം ഏറ്റെടുപ്പിനെ തടസ്സപ്പെടുത്തിയിട്ടുണ്ടോ;

(ഡി) വിവിധ സ്ഥലങ്ങളിൽ അലൈൻമെന്റ് മാറ്റണമെന്ന ആവശ്യത്തിൽ ദേശീയ പാത അതോറിറ്റി തീർപ്പ് കൽപ്പിച്ചിട്ടുണ്ടോ;

(ഇ) ഏറ്റെടുക്കുന്ന സ്ഥലത്തിന് വില കൂടുതലാണ് എന്ന പരാതി ദേശീയപാത അതോറിറ്റി ഉന്നയിച്ചിരുന്നോ; പ്രശ്നം പരിഹരിക്കാൻ നടത്തിയ ഇടപെടൽ അറിയിക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): (എ) കേരളത്തിലെ ദേശീയപാതകളിൽ തലപ്പാടി മുതൽ ഇടപ്പള്ളി വരെയും ചേർത്തല മുതൽ തിരുവനന്തപുരം വരെയുമുള്ള ദേശീയപാത (എൻ.എച്ച്.-66) 45 മീറ്റർ റൈറ്റ് ഓഫ് വേയിൽ 4/6 വരിപ്പാതയായി വികസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിന്റെ ചുമതല നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യയ്ക്കാണ്. വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കൽ അവസാനഘട്ടത്തിലാണ്. തലപ്പാടി മുതൽ ചെങ്ങള വരെയും ചെങ്ങള മുതൽ നീലേശ്വരം വരെയും കഴക്കൂട്ടം ഫ്ളൈ ഓവറിന്റെയും ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. സ്ഥലം ലഭ്യമായിട്ടുള്ള കോഴിക്കോട്, തലശ്ശേരി-മാഹി എന്നീ ബൈപാസ്സുകളുടേയും, നീലേശ്വരം ആർ.ഒ.ബി.-യുടെയും നിർമ്മാണ നടപടികൾ തുടങ്ങിയിട്ടുണ്ട്.

588.7 കി.മീ. ദേശീയപാതയുടെ പണി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ദേശീയ പാത വികസനത്തിനായി 10 ജില്ലകളിലായി 2629 Ha ഭൂമി ഏറ്റെടുക്കേണ്ടതുണ്ട്. അതിൽ 1469 Ha ഭൂമി ഏറ്റെടുത്തിട്ടുണ്ട്. 848 Ha-ന് 3A നോട്ടിഫിക്കേഷനും 274 Ha-ന് 3D നോട്ടിഫിക്കേഷനും പുറപ്പെടുവിച്ചിട്ടുണ്ട്.

883.98 കോടി രൂപ എസ്റ്റിമേറ്റുള്ള 18.600 കി.മീ. തലശ്ശേരി മാഹി ബൈപ്പാസിന്റെ നിർമ്മാണവും, 1710 കോടി രൂപയുടെ എസ്റ്റിമേറ്റുള്ള 28.400 കി.മീ. കോഴിക്കോട് ബൈപ്പാസിന്റെ നിർമ്മാണവും 50.49 കോടി രൂപ എസ്റ്റിമേറ്റുള്ള 0.780 കി.മീ. നീലേശ്വരം റെയിൽവേ ഓവർ ബ്രിഡ്ജിന്റെ നിർമ്മാണവും 2017-18 -ൽ ആരംഭിച്ചു.

1673.25 കോടി രൂപ എസ്റ്റിമേറ്റുള്ള 39 കി.മീ. തലപ്പാടി-ചെങ്ങള പാതയും 1745.44 കോടി രൂപ എസ്റ്റിമേറ്റുള്ള 37.268 കി.മീ. ചെങ്ങള-നീലേശ്വരം ടൗൺ റെയിൽവേ ഗേറ്റ് പാതയും 356 കോടി രൂപ എസ്റ്റിമേറ്റുള്ള 2.720 കി.മീ. കഴക്കൂട്ടം ഫ്ളൈ ഓവറും 878.14 കോടി രൂപ എസ്റ്റിമേറ്റുള്ള 37.900 കി.മീ. തുറവൂർ-പറവൂർ പാതയും, 891.53 കോടി രൂപ എസ്റ്റിമേറ്റുള്ള 37.500 കി.മീ. പറവൂർ-കൊറ്റൻകുളങ്ങര പാതയും ഉൾപ്പെടെ ആകെ 5544.36 കോടി രൂപയുടെ പ്രവൃത്തികൾ 2018-19-ൽ അവാർഡിനായി സമർപ്പിച്ചിരിക്കുന്നു.

1440.11 കോടി രൂപ എസ്റ്റിമേറ്റുള്ള 41.450 കി.മീ നീലേശ്വരം ടൗൺ-തളിപ്പറമ്പ് (പഴയ ദേശീയപാത) പാതയും 1354.90 കോടി രൂപ എസ്റ്റിമേറ്റുള്ള 32.700 കി.മീ. തളിപ്പറമ്പ്-മുഴപ്പിലങ്ങാട് (പഴയ ദേശീയപാത) പാതയും 1204 കോടി രൂപ എസ്റ്റിമേറ്റുള്ള 42.400 കി.മീ. അഴിയൂർ-വെങ്ങളം (പഴയ ദേശീയപാത-17) പാതയും 6667.82 കോടി രൂപ എസ്റ്റിമേറ്റുള്ള 59.200 കി.മീ. രാമനാട്ടുകര-കുറ്റിപ്പുറം പാതയും 6667.82 കോടി രൂപ എസ്റ്റിമേറ്റുള്ള 157.600 കി.മീ. കുറ്റിപ്പുറം-ഇടപ്പള്ളി-തിറവൂർ (പഴയ ദേശീയപാത) പാതയും 54 കി.മീ. കൊച്ചിൻ ബൈപ്പാസ് അങ്കമാലി-കുണ്ടന്നൂർ വെല്ലിംഗ്ടൺ ഐലൻഡ് പാതയും, 889.28 കോടി രൂപ എസ്റ്റിമേറ്റുള്ള 29.520 കി.മീ. കടമ്പാട്ടുകോണം-കഴക്കൂട്ടം ജംഗ്ഷൻ പാതയും 798.23 കോടി രൂപ എസ്റ്റിമേറ്റുള്ള 31.500 കി.മീ. കൊറ്റൻകുളങ്ങര-കൊല്ലം ബൈപ്പാസ് പാതയും 900.51 കോടി രൂപ എസ്റ്റിമേറ്റുള്ള 31.800 കി.മീ. കൊല്ലം ബൈപ്പാസ്-കടമ്പാട്ടുകോണം പാതയും ഉൾപ്പെടെ ആകെ 19,922.67 കോടി രൂപയ്ക്കുള്ള 480.170 കി.മീ. പാതയുടെ പദ്ധതിരേഖ തയ്യാറാക്കി വരികയാണ്.

എഞ്ചിനീയറിംഗ് പ്രൊക്യൂയർമെന്റ് കൺസ്ട്രക്ഷൻ മാതൃകയിൽ നിർമ്മിക്കുന്ന 6.8 കി.മീ. ദൈർഘ്യമുള്ള 348.43 കോടി രൂപയുടെ പ്രോജക്ട് ആയ ആലപ്പുഴ ബൈപ്പാസിന്റെ നിർമ്മാണം 82% പൂർത്തിയാക്കിയിട്ടുണ്ട്.

എഞ്ചിനീയറിംഗ് പ്രൊക്യൂയർമെന്റ് കൺസ്ട്രക്ഷൻ മാതൃകയിൽ നിർമ്മിക്കുന്ന 13 കി.മീ. ദൈർഘ്യമുള്ള 325.05 കോടി രൂപയുടെ പ്രോജക്ട് ആയ കൊല്ലം ബൈപ്പാസിന്റെ നിർമ്മാണം 80% പൂർത്തിയാക്കിയിട്ടുണ്ട്.

(ബി) ദേശീയ പാത വികസനത്തിനായി 10 ജില്ലകളിലായി 2629 Ha ഭൂമി ഏറ്റെടുക്കേണ്ടതുണ്ട്. അതിൽ 1469 Ha ഭൂമി ഏറ്റെടുത്തിട്ടുണ്ട്. 848 Ha-ന് 3 A നോട്ടിഫിക്കേഷനും 274 Ha-ന് 3D നോട്ടിഫിക്കേഷനും പുറപ്പെടുവിച്ചിട്ടുണ്ട്.

(സി & ഡി) നിക്ഷിപ്ത താൽപ്പര്യക്കാർ ഉയർത്തുന്ന അനാവശ്യ വിവാദങ്ങൾ കാരണം സ്ഥലം ഏറ്റെടുക്കൽ തടസ്സപ്പെട്ടിട്ടില്ല. കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിന്റെ മാനദണ്ഡങ്ങൾ പ്രകാരവും ബാധകമായ ഇന്ത്യൻ റോഡ് കോൺഗ്രസിന്റെ കോഡുകൾ അനുസരിച്ചും സുരക്ഷിതമായ ഗതാഗതത്തിന് നിശ്ചയിച്ചിട്ടുള്ള ഘടകങ്ങൾ പാലിച്ച് ഫൈനൽ അലൈൻമെന്റ് തീരുമാനിക്കേണ്ടത് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയാണ്. ഇതുവരെ അലൈൻമെന്റിൽ വ്യത്യാസം ഒന്നും വരുത്തിയിട്ടില്ല.

(ഇ) ഏറ്റെടുക്കുന്ന സ്ഥലത്തിന് വില കൂടുതലാണ് എന്ന അഭിപ്രായം ദേശീയപാത അതോറിറ്റി അറിയിച്ചിരുന്നു. 28-4-2018-ന് ബഹുമാനപ്പെട്ട കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രിയുമായി നടത്തിയ ചർച്ചയിൽ മൾട്ടി മോഡൽ ലോജിസ്റ്റിക് പാർക്കിനുവേണ്ടി 35 ഏക്കർ സ്ഥലം സൗജന്യമായി നൽകാമെന്ന് കേരള സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിന്മേലുള്ള തുടർനടപടികൾ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ/കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയം ആണ് എടുക്കേണ്ടത്.

**റെയിൽവേ വികസനം**

11 (*101) ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. മഞ്ഞളാംകുഴി അലി :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റെയിൽവേ വികസനത്തിന്റെ ഭാഗമായി നിലവിലുള്ള റെയിൽ പാതയ്ക്ക് സമാന്തരമായി ഇരട്ടപ്പാത നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ; വെളിപ്പെടുത്താമോ;

(സി) പ്രസ്തുത പദ്ധതി എന്ന് നിലവിൽവരുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): (എ-സി) സംസ്ഥാനത്തെ റെയിൽവേ വികസനത്തിന്റെ ഭാഗമായി നിലവിലുള്ള റെയിൽപ്പാതയ്ക്ക് സമാന്തരമായി ഇരട്ടപ്പാത നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള 510 കി.മീ. ദൂരത്തിൽ സെമീ ഹൈസ്പീഡ് ട്രെയിനുകൾക്കായി നിലവിലുള്ള ഇരട്ട പാതയ്ക്കുപുറമേ മൂന്നും നാലും പാത എന്ന പദ്ധതി കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന്റെ മുൻഗണനാ പട്ടികയിലുള്ള പദ്ധതിയാണ്. പ്രസ്തുത പദ്ധതിയുടെ ഫീസിബിലിറ്റി റിപ്പോർട്ട് കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ തയ്യാറാക്കുകയും 2017 ഡിസംബർ അവസാനത്തോടുകൂടി റെയിൽവെ ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തു. എന്നാൽ ഈ പദ്ധതിയുടെ ചെലവും സങ്കീർണ്ണതയും കണക്കിലെടുത്ത് വിശദമായ ഒരു പഠനം നടത്തി വീണ്ടും കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കുവാൻ റെയിൽവെ ബോർഡ് ആവശ്യപ്പെട്ടിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ വിശദമായ പഠനം നടത്തുന്നതിലേയ്ക്കുള്ള കേരള റെയിൽ ഡവലപ്മെന്റ് കോർപ്പറേഷന്റെ നടപടിക്രമങ്ങൾ അന്തിമ ഘട്ടത്തിലാണ്. പ്രസ്തുത പദ്ധതിക്ക് റെയിൽവേ ബോർഡിന്റെ അംഗീകാരം ലഭിച്ചുകഴിഞ്ഞാൽ 5 വർഷത്തിനകം നടപ്പിലാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**പൊതുവിദ്യാഭ്യാസ സംരക്ഷണം**

12 (*102) ശ്രീ. ആർ. രാജേഷ് :

ശ്രീ. ഇ. പി. ജയരാജൻ :

പ്രൊഫ. കെ. യു. അരുണൻ :

ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളുകളെ ദുർബ്ബലപ്പെടുത്തി സ്വകാര്യ വിദ്യാലയങ്ങളെ പ്രോത്സാഹിപ്പിച്ചതായി പറയപ്പെടുന്ന വലതുപക്ഷ വിദ്യാഭ്യാസ നയങ്ങൾക്കെതിരെ മതനിരപേക്ഷ പൊതു വിദ്യാഭ്യാസ സംരക്ഷണത്തിനായി പ്രാവർത്തികമാക്കുന്ന മിഷന്റെ പുരോഗതി അറിയിക്കാമോ;

(ബി) സർവ്വശിക്ഷാ അഭിയാൻ, രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ, അദ്ധ്യാപക പരിശീലന പരിപാടി എന്നിവ സംയോജിപ്പിച്ചുകൊണ്ട് കേന്ദ്ര സർക്കാർ ആരംഭിച്ച സമഗ്ര ശിക്ഷാ അഭിയാന്റെ ലക്ഷ്യങ്ങൾ അറിയിക്കാമോ;

(സി) സമഗ്ര ശിക്ഷാ അഭിയാനിൽ സംസ്ഥാനം എത്ര രൂപയുടെ പദ്ധതിയാണ് സമർപ്പിച്ചിരുന്നത്; അനുവദിച്ച തുകയെത്രയാണ്;

(ഡി) ജനസംഖ്യാനുപാതികമായി സംസ്ഥാനത്തിന് അർഹതപ്പെട്ടതിന്റെ മൂന്നിലൊന്ന് മാത്രം അനുവദിച്ച വിവേചനപരമായ നിലപാട് പൊതുവിദ്യാഭ്യാസ സംരക്ഷണ പദ്ധതികളെ പ്രതികൂലമായി ബാധിക്കാതിരിക്കാനായി കൈക്കൊള്ളാൻ ഉദ്ദേശിക്കുന്ന നടപടികൾ അറിയിക്കാമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): (എ) നവകേരള കർമ്മ പദ്ധതിയുടെ ഭാഗമായി പൊതുവിദ്യാഭ്യാസ രംഗത്തെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ലക്ഷ്യം. സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, വിദ്യാഭ്യാസ ഗുണനിലവാരം ഉയർത്തുന്നതിനുള്ള പദ്ധതികൾ ഏകോപിപ്പിക്കുക, വിദ്യാഭ്യാസത്തിൽ സമൂഹ പങ്കാളിത്തം ഉറപ്പുവരുത്തുക തുടങ്ങിയ പ്രവർത്തനങ്ങൾ ഇതിന്റെ ഭാഗമായി നടപ്പിലാക്കിവരുന്നു. അക്കാദമിക മികവിനായി എല്ലാ വിദ്യാലയങ്ങളും അക്കാദമിക മാസ്റ്റർപ്ലാൻ ഉണ്ടാക്കുകയും ആയത് പ്രായോഗികമാക്കാനുള്ള ആക്ഷൻപ്ലാൻ എല്ലാ വിദ്യാലയങ്ങളും തയ്യാറാക്കിയും വരുന്നു. ഭൗതിക സാഹചര്യവികസനത്തിനായുള്ള ഒന്നാംഘട്ട പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു.

(ബി) സമഗ്ര ശിക്ഷാ അഭിയാന്റെ പ്രധാന ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു:

1. കുട്ടികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകുക.
2. വിദ്യാർത്ഥികൾ പഠനനേട്ടം ആർജിക്കുക.
3. സ്കൂൾ വിദ്യാഭ്യാസം ആൺ പെൺ വ്യത്യാസം ഇല്ലാതെ എല്ലാ കുട്ടികൾക്കും ലഭ്യമാക്കുക.
4. തുല്യത ഉറപ്പാക്കുക.
5. തൊഴിലധിഷ്ഠിത വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുക.
6. സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം കുട്ടികൾക്ക് ഉറപ്പുവരുത്തുക.

7. SCERT, DIET ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ തുടങ്ങിയ സ്ഥാപനങ്ങളെ പരമാവധി ഉന്നതനിലവാരത്തിൽ എത്തിക്കുക. അദ്ധ്യാപക പരിശീലനത്തിന് DIET-നെ നോഡൽ ഏജൻസിയായി ഉയർത്തുക.

(സി) 1941 കോടി രൂപയുടെ പദ്ധതിയാണ് സംസ്ഥാന സർക്കാർ സമർപ്പിച്ചിരുന്നത്. ഇതിന്റെ പ്ലാൻ അപ്രൈസൽ നടപടികൾ പൂർത്തിയായി വരുന്നു. തുക അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് ലഭ്യമായിട്ടില്ല.

(ഡി) പൊതുവിദ്യാഭ്യാസ സംരക്ഷണ പദ്ധതികളെ പ്രതികൂലമായി ബാധിക്കാതിരിക്കാനായി സ്കൂളുകളെ സഹായിക്കുന്നതിനുള്ള കർമ്മ പരിപാടികൾ തയ്യാറാക്കിവരുന്നു. വകുപ്പുകളുടെ ഏകോപനത്തിലൂടെയും ഏജൻസികളുടെ ആവർത്തനം ഒഴിവാക്കിയും അനുവദിക്കുന്ന തുക ഫലപ്രദമായി ചെലവഴിക്കുന്നതിന് ഉദ്ദേശിക്കുന്നു.

**വൻകിട കമ്പനികളിൽനിന്നും ഭൂമി ഏറ്റെടുത്ത നടപടി**

13 (*103) ശ്രീ. എം. വിൻസെന്റ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാരിസൺ, റ്റി.ആർ. ആന്റ് റ്റി. തുടങ്ങിയ വൻകിട കമ്പനികളും വ്യക്തികളും നിയമവിരുദ്ധമായി കൈവശം വച്ചിരുന്ന 38170.92 ഏക്കർ സർക്കാർ ഭൂമി ഏറ്റെടുത്തുകൊണ്ട് സ്പെഷ്യൽ ഓഫീസർ പുറപ്പെടുവിച്ച ഉത്തരവുകൾ ഹൈക്കോടതി റദ്ദാക്കിയിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ കാരണങ്ങളുടെ അടിസ്ഥാനത്തിലാണ് പ്രസ്തുത ഏറ്റെടുക്കൽ റദ്ദാക്കിയത് ;

(ബി) കേരള ഹൈക്കോടതിയിൽ സർക്കാരിന് വേണ്ടി പ്രസ്തുത കേസ് വാദിച്ചതാരാണെന്ന് അറിയിക്കുമോ;

(സി) ആവശ്യമായ രേഖകൾ കോടതിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് പരാജയപ്പെട്ടതിനാലാണ് കേസിൽ തിരിച്ചടി നേരിട്ടതെന്ന് നേരത്തെ ഇത്തരം കേസുകളിൽ സർക്കാരിനുവേണ്ടി ഹാജരായിരുന്ന സുശീലാ ഭട്ടിന്റെ അഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ഡി) ഈ കേസിൽ അപ്പീൽ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) ഭൂമി ഇല്ലാത്തവർക്ക് ഭൂമി നൽകുന്നതിനുള്ള സർക്കാർ തീരുമാനത്തെ ഈ കേസിലുണ്ടായ തിരിച്ചടി എത്രമാത്രം ബാധിച്ചുവെന്ന് വെളിപ്പെടുത്തുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): (എ) ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ചിന്റെ 11-4-2018-ലെ WP(C)33122/14-ലെ ഉത്തരവ് പ്രകാരം ഹാരിസൺസ് മലയാളം കമ്പനി ലിമിറ്റഡ്, ഗോസ്പൽ ഫോർ ഏഷ്യ, റ്റി.ആർ. & റ്റി., ബോയ്സ് എസ്റ്റേറ്റ്, റിയ എന്നീ കമ്പനികളിൽനിന്നും ഭൂമി ഏറ്റെടുക്കുവാനുള്ള സ്പെഷ്യൽ ഓഫീസറുടെ ഉത്തരവ് റദ്ദാക്കിയിട്ടുണ്ട്. പ്രസ്തുത കമ്പനികൾ വിവിധ അധികാര കേന്ദ്രങ്ങളിൽ നിന്നും ഭൂമി അവരുടെതാണെന്ന് സ്ഥാപിക്കുന്നതിന് അനുകൂലമായ സർട്ടിഫിക്കറ്റുകളും, ഉത്തരവുകളും മറ്റും സമ്പാദിച്ചിരുന്നു. ടി ഉത്തരവുകളും/സർട്ടിഫിക്കറ്റുകളും മറ്റും അസാധുവാണെന്ന് പ്രഖ്യാപിച്ച് ഭൂമി ഏറ്റെടുക്കുന്നതിന് കെ.എൽ.സി. ആക്റ്റ് പ്രകാരം നടപടി സ്വീകരിക്കുവാൻ നിയുക്തനാക്കിയിട്ടുള്ള സ്പെഷ്യൽ ഓഫീസർക്ക് അധികാരമില്ല എന്ന കാരണത്തിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത ഏറ്റെടുക്കൽ ഉത്തരവുകൾ റദ്ദാക്കിയിട്ടുള്ളത്.

(ബി) കേരള ഹൈക്കോടതിയിൽ സർക്കാരിനുവേണ്ടി പ്രസ്തുത കേസ് വാദിച്ചത് സുപ്രീം കോടതിയിലെ മുതിർന്ന അഭിഭാഷകനായ ശ്രീ. ജയ്ദീപ് ഗുപ്തയായിരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി & ഇ) ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 11-4-2018-ലെ WP(C) 33122/14-ലെ ഉത്തരവ് സംസ്ഥാന സർക്കാരിന്റെ താത്പര്യങ്ങൾക്ക് ഹാനികരമായിട്ടുള്ളതാകയാൽ ടി വിധിക്കെതിരെ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ അപ്പീൽ ഫയൽ ചെയ്യുന്നതിന് അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**തീരദേശമേഖലയുടെ സമഗ്ര വികസനം**

14 (*104) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. എസ്. ശർമ്മ :
ശ്രീമതി യു. പ്രതിഭ ഹരി :
ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ മേഖലയുടെ സമഗ്ര വികസനത്തിനായി പ്രഖ്യാപിച്ച 2000 കോടി രൂപയുടെ പാക്കേജ് പ്രകാരം ഏതെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്നും അവയുടെ പ്രാരംഭ പ്രവർത്തനം തുടങ്ങിയിട്ടുണ്ടോയെന്നും വിശദമാക്കാമോ;

(ബി) അടുത്ത മൂന്ന് വർഷത്തിനുള്ളിൽ എല്ലാ മത്സ്യത്തൊഴിലാളികൾക്കും വീട് നിർമ്മിച്ചുനൽകുവാനുള്ള പദ്ധതിയുടെ വിശദാംശം അറിയിക്കാമോ;

(സി) കടൽക്ഷോഭത്തിൽ തകർന്ന തീരപ്രദേശത്തെ റോഡുകൾ നന്നാക്കുന്നതിനും മത്സ്യലേല കേന്ദ്രങ്ങളും വിപണന കേന്ദ്രങ്ങളും നവീകരിക്കുന്നതിനും സത്വര നടപടി സ്വീകരിക്കാമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): (എ) ഓഖിയുമായി ബന്ധപ്പെട്ട് സമുദ്ര തീരദേശ മേഖലയിലെ മത്സ്യത്തൊഴിലാളികൾക്കായി ഒരു സ്പെഷ്യൽ പാക്കേജ് ഉണ്ടാക്കുന്നതിനായി ശ്രീ. എസ്. എം. വിജയാനന്ദ്, ഐ.എ.എസ്. (റിട്ട.) ചെയർമാൻ, സി.എം.ഡി.-യുടെ അദ്ധ്യക്ഷതയിൽ ഫിഷറീസ് പ്രിൻസിപ്പൽ സെക്രട്ടറി, ഫിഷറീസ് ഡയറക്ടർ, ടി മേഖലയിലെ വിദഗ്ദ്ധർ എന്നിവരെ ഉൾപ്പെടുത്തി ഒരു വിദഗ്ദ്ധ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. വിദഗ്ദ്ധ കമ്മിറ്റി സിറ്റിംഗുകൾ നടത്തുകയും സ്പെഷ്യൽ പാക്കേജ് നടപ്പിലാക്കുന്നതിനുള്ള ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ.) തയ്യാറാക്കുന്നതിനുള്ള Terms of reference തയ്യാറാക്കിവരികയും ചെയ്യുന്നു.

(ബി) ഹൈദരാബാദിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റിന്റെ (എൻ.ഐ.ആർ.ഡി.) 2010-ലെ പഠന റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് ആകെ 29209 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഭവനരഹിതരാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 16359 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഭവനരഹിതരും 12850 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഭൂരഹിത ഭവനരഹിതരുമായിരുന്നു.

2010-11 മുതൽ 2016-17 വരെയുള്ള വർഷ കാലയളവിൽ ഫിഷറീസ് വകുപ്പ്, വിവിധ പദ്ധതികളിലായി ധനസഹായം നൽകി 16493 പേർക്ക് ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. അടുത്ത മൂന്ന് വർഷത്തിനുള്ളിൽ ഭവനരഹിതരും ഭൂരഹിതരുമായ മുഴുവൻ മത്സ്യത്തൊഴിലാളികൾക്കും 'ലൈഫ്' മിഷനിൽ ഉൾപ്പെടുത്തി ഭവനം നിർമ്മിച്ച് നല്കാനാകും.

2016-ൽ ഫിഷറീസ് വകുപ്പ് നടത്തിയ പ്രാഥമിക സർവ്വേ പ്രകാരം തീരപ്രദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്ന ഏകദേശം 24454 മത്സ്യത്തൊഴിലാളി കുടുംബങ്ങളുണ്ടെന്ന് കണക്കാക്കിയിട്ടുണ്ട്. ഇവരിൽ 10000 മത്സ്യത്തൊഴിലാളികുടുംബങ്ങൾ കടലാക്രമണം ഏറ്റവും രൂക്ഷമായ പ്രദേശങ്ങളിലാണ് ഉള്ളത്. ടി കുടുംബങ്ങളെ ഘട്ടംഘട്ടമായി പുനരധിവസിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

കടലാക്രമണം രൂക്ഷമായതും തീരപ്രദേശത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ വസിക്കുന്ന മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്ന തിനായി 2017-18 സാമ്പത്തിക വർഷത്തിൽ മത്സ്യത്തൊഴിലാളികളുടെ "അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും" എന്നതിൽപ്പെടുത്തി 150 കോടി രൂപയുടെ ഭവന പദ്ധതി നടപ്പിലാക്കിവരുന്നു. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പദ്ധതി ഘടകങ്ങൾ | വകയിരുത്തിയ തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | 50 മീറ്ററിനുള്ളിൽ വസിക്കുന്നവരും CRZ അനുവദനീയ സ്ഥലങ്ങളിൽ സ്വന്തം ഭൂമിയുള്ള വരുമായ 1200 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം @ 4 ലക്ഷം രൂപ | 4800.00 |
| 2 | 50 മീറ്ററിനുള്ളിൽ വസിക്കുന്നവരെ പുനരധിവസി പ്പിക്കുന്നതിന്റെ ഭാഗമായി 750 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് ധനസഹായം @ 10 ലക്ഷം രൂപ | 7500.00 |
| 3 | തീരദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പി ക്കുന്നതിനായി ഒരു ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിന് | 700.00 |
| 4 | 200 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധി വസിപ്പിക്കുന്നതിന് 25 ഫ്ലാറ്റ് അപ്പാർട്ടുമെന്റുകളുടെ നിർമ്മാണം | 2000.00 |
| | ആകെ | 15000.00 |

തീരദേശത്തിന്റെ സമഗ്ര വികസനത്തിനായി 2018-19-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച 2000 കോടി രൂപയുടെ സമഗ്ര വികസന പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. തീരദേശത്തിന്റെ ഭവന നിർമ്മാണം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ ഈ പാക്കേജിൽ ഉൾപ്പെടുന്നുണ്ട്. 2018-19 സാമ്പത്തിക വർഷത്തിലും മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനായി 150 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(സി) കടൽക്ഷോഭത്തിൽ തകർന്ന തീദേശ റോഡുകൾ നന്നാക്കുന്നതിന് ജനപ്രതിനിധികൾ നിർദ്ദേശിക്കുന്നതനുസരിച്ച് എസ്റ്റിമേറ്റ് റിപ്പോർട്ട് തയ്യാറാക്കി കോസ്റ്റൽ റോഡുകളുടെ പുനരുദ്ധാരണ പദ്ധതി പരിശോധിച്ചുവരുന്നു. മത്സ്യലേല കേന്ദ്രങ്ങൾ കാലാനുസൃതമായി നവീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

തീരദേശ കടൽക്ഷോഭത്തിൽ തകർന്ന റോഡുകളും മത്സ്യലേല കേന്ദ്രങ്ങളും വിപണന കേന്ദ്രങ്ങളും നവീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

**ഭവനനിർമ്മാണ വകുപ്പിന്റെ ഗൃഹശ്രീ പദ്ധതി**

15 (*105) ശ്രീ. ചിറ്റയം ഗോപകുമാർ :

ശ്രീമതി ഇ.എസ്. ബിജിമോൾ :

ശ്രീ. കെ. രാജൻ :

ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദുർബ്ബല വിഭാഗങ്ങൾക്ക് കുറഞ്ഞ ചെലവിൽ വീട് നിർമ്മിക്കുന്നതിന് ഭവന നിർമ്മാണ വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ വ്യക്തമാക്കുമോ;

(ബി) ഗൃഹശ്രീ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) ഗൃഹശ്രീ പദ്ധതി പ്രകാരം ഈ സർക്കാരിന്റെ കാലത്ത് നൽകിയിട്ടുള്ള ആനുകൂല്യങ്ങൾ വ്യക്തമാക്കുമോ;

(ഡി) ഗൃഹശ്രീ പദ്ധതി വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): (എ) സംസ്ഥാനത്തെ ദുർബല വിഭാഗക്കാർക്കുവേണ്ടി കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് മുഖാന്തരം നടപ്പിലാക്കിവരുന്ന പദ്ധതികൾ ഗൃഹശ്രീ ഭവന പദ്ധതി, സാഫല്യം ഭവന പദ്ധതി, ഇന്നൊവേറ്റീവ് ഭവന പദ്ധതി എന്നിവയാണ്.

(ബി) എല്ലാവർക്കും വീട് എന്ന ലക്ഷ്യത്തോടുകൂടി സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ള പാർപ്പിടമില്ലാത്ത കുടുംബങ്ങളുടെ പാർപ്പിട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഹൗസിംഗ് ബോർഡ് മുഖേന സന്നദ്ധ സംഘടനകൾ/ എൻ.ജി.ഒ./കാരുണ്യവാന്മാരായ വ്യക്തികൾ എന്നിവരുടെ സഹകരണത്തോടുകൂടി നടപ്പിലാക്കുന്ന പദ്ധതിയാണിത്.

(സി) ഗൃഹശ്രീ പദ്ധതി 2013-14 വർഷം മുതൽ തുടർന്നുവരുന്ന സ്കീമാണ്. 2014-15 വർഷത്തിൽ അനുവദനീയമായ 709 വീടുകൾക്കും 2015-16 വർഷത്തിൽ അനുവദനീയമായ 1988 വീടുകൾക്കും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഴുവൻ ഗഡുക്കളും നൽകിയിട്ടുണ്ട്. നിർമ്മാണം പൂർത്തിയാക്കുന്ന തിനുള്ള സാമ്പത്തിക സഹായം സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

| വർഷം | അനുവദനീയമായ വീടുകൾ | ഈ സർക്കാരിന്റെ കാലത്ത് പൂർണ്ണമായും ധനസഹായം നൽകിയിട്ടുള്ളത് |
|---|---|---|
| 2014-15 | 709 | 191 ഗുണഭോക്താക്കൾക്ക് 2 ലക്ഷം രൂപ വീതം സർക്കാർ സബ്സിഡി നൽകി (3.82 കോടി രൂപ) |
| 2015-16 | 1988 | 1328 ഗുണഭോക്താക്കൾക്ക് 2 ലക്ഷം രൂപ വീതം സർക്കാർ സബ്സിഡി നൽകി (26.56 കോടി രൂപ) |

(ഡി) ഗൃഹശ്രീ പദ്ധതിക്കുവേണ്ടി ധാരാളം അപേക്ഷകൾ സ്പോൺസർമാർ മുഖേന ഭവന നിർമ്മാണ ബോർഡിൽ ലഭിക്കുന്നുണ്ട്. 10-7-2017-ലെ ജി.ഒ.(ആർറ്റി.) നമ്പർ 41/2017/ഭവനം സർക്കാർ ഉത്തരവ് പ്രകാരം ഗൃഹശ്രീ ഭവന പദ്ധതിയിൽ നിർമ്മിക്കുന്ന ഭവനങ്ങളുടെ തറ വിസ്തീർണ്ണം 66 ച.മീറ്ററിൽ നിന്നും 25 ശതമാനം വരെ വർദ്ധനവ് വരുത്തുന്നതിനും പ്രസ്തുത പദ്ധതി തദ്ദേശസ്വയം ഭരണ വകുപ്പ് നടപ്പിലാക്കുന്ന ലൈഫ് പദ്ധതി പോലെ തയ്യാറാക്കി മുന്നോട്ട് കൊണ്ടുപോകേണ്ടതുമാണെന്നും ഉത്തരവായിരുന്നു. 2018-19 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതിക്കായി 2600 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

### കാസർഗോഡ്-തിരുവനന്തപുരം പുതിയ റെയിൽപ്പാത

16 (*106) ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റെയിൽവേ വികസന പദ്ധതികളിൽ ദീർഘകാലമായി നിലനിന്ന മുരടിപ്പ് മാറ്റാനായി നടത്തിയ ഇടപെടലുകൾ അറിയിക്കാമോ;

(ബി) കേന്ദ്ര-സംസ്ഥാന സംയുക്ത സംരംഭമായ കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ മുന്നോട്ടുവച്ചിട്ടുള്ള പ്രധാന പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) സ്ഥല ദൗർലഭ്യത്തിനുപുറമേ, ലഭ്യമായ സ്ഥലം ഏറ്റെടുക്കുന്നതിന് ഉണ്ടാകുന്ന പ്രശ്നങ്ങളും കണക്കിലെടുത്ത് നിലവിലെ പാതയോട് ചേർന്ന് കാസർഗോഡ്-തിരുവനന്തപുരം പുതിയ റെയിൽപാത നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): (എ) സംസ്ഥാനത്തെ റെയിൽവേ വികസനത്തിനായി കേരള സർക്കാർ കേന്ദ്ര സർക്കാരിൽ നിരന്തരം സമ്മർദ്ദം ചെലുത്തിവരികയാണ്. ബഹു. മുഖ്യമന്ത്രി പ്രധാനമന്ത്രിക്കും റെയിൽവേ മന്ത്രിക്കും സംസ്ഥാനത്തിന്റെ റെയിൽവേ വകുപ്പുമന്ത്രി കേന്ദ്ര റെയിൽവേ വകുപ്പുമന്ത്രിക്കും ഇത് സംബന്ധിച്ച് നിരവധി കത്തുകൾ അയച്ചിട്ടുണ്ട്. എം.പി.-മാരുടെ തലത്തിലും ഉദ്യോഗസ്ഥ തലത്തിലും നിരന്തരം സമ്മർദ്ദം ചെലുത്തിവരുന്നു. റെയിൽപ്പാതയുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കുന്നതിനും കാലപ്പഴക്കം വരുന്ന റെയിൽ പാളങ്ങൾ പുനഃസ്ഥാപിക്കുന്നതിനും റെയിലുകളുടെ തേയ്മാനവും വിള്ളലുകളും പരിഹരിക്കുന്നതിനും പഴക്കം ചെന്നതും ഉപയോഗയോഗ്യമല്ലാത്തതുമായ കോച്ചുകൾ മാറ്റി, ആധുനിക സൗകര്യങ്ങളോടു കൂടിയ കോച്ചുകളുള്ള ട്രെയിൻ ഓടിക്കുന്നതിനും സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുമുള്ള ടെക്നിക്കൽ വിഭാഗങ്ങൾ ഉൾപ്പെടെയുള്ള റെയിൽവേയിലെ നിർണ്ണായക തസ്തികകളിൽ നിലവിലുള്ള മൂവായിരത്തോളം ഒഴിവുകളിൽ അടിയന്തരമായി നിയമനം നടത്തുന്നതിനും റെയിൽവേ യാത്രക്കാരുടെ, പ്രത്യേകിച്ചും വനിതായാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കുന്നതിനും കേരളത്തോടുള്ള അവഗണന അവസാനിപ്പിച്ച് കേരളത്തിന്റെ ദീർഘകാല ആവശ്യങ്ങളായ പാത ഇരട്ടിപ്പിക്കൽ, വൈദ്യുതവൽക്കരണം, സിഗ്നൽ പരിഷ്കരണം, കേരളത്തിന് മാത്രമായൊരു റെയിൽവേ സോൺ, റെയിൽ കോച്ച് ഫാക്ടറി തുടങ്ങിയ ആവശ്യങ്ങളും റെയിൽ ബഡ്ജറ്റിൽ പ്രഖ്യാപിച്ചതും നാളിതുവരെ നടപ്പാക്കാത്തതുമായ പദ്ധതികൾ നടപ്പിലാക്കുന്നതിനും ജില്ലാ കേന്ദ്രങ്ങളിലെ റെയിൽവേ സ്റ്റേഷനുകൾ ആധുനിക സൗകര്യങ്ങളോടുകൂടി നവീകരിക്കുന്നതിനും സംസ്ഥാനം സമ്പൂർണ്ണ വെളിയിട വിസർജ്ജന വിമുക്തമായി പ്രഖ്യാപിക്കപ്പെട്ട സാഹചര്യത്തിൽ സംസ്ഥാനത്തിലൂടെ ഓടുന്ന ട്രെയിനുകളിൽ ബയോ ടോയ്‌ലറ്റുകൾ അടിയന്തരമായി ഏർപ്പെടുത്തുന്നതിനും അതോടൊപ്പം ഇന്ത്യൻ റെയിൽവേ ദീഘകാലമായി കേരളത്തോട് കാട്ടുന്ന അവഗണന അവസാനിപ്പിക്കുന്നതിനുമായി നിയമസഭ പ്രമേയം പാസ്സാക്കുകയും പ്രസ്തുത പ്രമേയം റെയിൽവേ മന്ത്രാലയത്തിന് അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കേന്ദ്ര റെയിൽവേ ബഡ്ജറ്റിന് മുന്നോടിയായി വർഷാവർഷങ്ങളിൽ കേരളത്തിലെ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് മെമ്മോറാണ്ടം സമർപ്പിക്കാറുണ്ട്. കൂടാതെ സംസ്ഥാനങ്ങളുടെ റെയിൽ ഗതാഗതം മെച്ചപ്പെടുത്തുന്നതിനായി ഒരു സംയുക്ത സംരംഭക കമ്പനി (JVC) ആരംഭിക്കുന്നതിനുള്ള നിർദ്ദേശം റെയിൽ മന്ത്രാലയം സംസ്ഥാനങ്ങൾക്ക് നൽകിയതിന്റെ അടിസ്ഥാനത്തിൽ കേരള സർക്കാരും റെയിൽവേ മന്ത്രാലയവും ചേർന്ന് 51:49 എന്ന മൂലധനത്തിൽ കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ എന്ന ഒരു സംയുക്ത സംരംഭക കമ്പനി ആരംഭിക്കുകയുണ്ടായി.

(ബി) സംസ്ഥാനത്തെ റെയിൽവേ വികസനത്തിനായി കേന്ദ്രവുമായി ചേർന്ന് കേരള റെയിൽ വികസന കോർപ്പറേഷൻ എന്ന സംയുക്ത സംരംഭക കമ്പനി പ്രവർത്തിച്ചുവരുന്നു. പ്രസ്തുത കമ്പനി താഴെപ്പറയുന്ന പദ്ധതികൾ ഘട്ടം ഘട്ടമായി നടപ്പിൽ വരുത്തുവാൻ ഊർജ്ജിത ശ്രമം നടത്തിവരുന്നു.

1. റാപിഡ് റെയിൽ ട്രാൻസിറ്റ് സിസ്റ്റം (സബർബൻ റെയിൽ പ്രോജക്ട്)

2. തലശ്ശേരി-മൈസൂർ റെയിൽവേ പാത

3. എറണാകുളം പഴയ റെയിൽവേ സ്റ്റേഷൻ പുനരുജ്ജീവിപ്പിച്ച് പുനഃപ്രവർത്തനം ആരംഭിക്കുന്ന പദ്ധതി

4. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിലേയ്ക്കുള്ള ബ്രോഡ് ഗേജ് ലൈൻ

5. സെമീ ഹൈസ്പീഡ് ട്രെയിനുകൾക്കായി തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ നിലവിലുള്ള ഇരട്ട പാതയ്ക്കുപുറമേ മൂന്നും നാലും ലൈനുകൾ.

6. എരുമേലി-പുനലൂർ (നിർദ്ദിഷ്ട അങ്കമാലി എരുമേലി പാതയെ എരുമേലിയിൽ നിന്നും പുനലൂർ റെയിൽവേ സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന പാത)

7. ഏറ്റുമാനൂർ-പാല-ശബരി ലിങ്ക് ലൈൻ (നിർദ്ദിഷ്ട അങ്കമാലി-ശബരി ലൈനിനെ ഏറ്റുമാനൂർ റെയിൽവേ സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന പാത)

മുകളിൽ പ്രസ്താവിച്ച ഏഴ് പദ്ധതികളിൽ താഴെപ്പറയുന്ന നാലു പദ്ധതികളുടെ സാധ്യതാപഠനം നടത്തുകയും ആയതിന്റെ അംഗീകാരത്തിനായി റെയിൽവേ ബോർഡിന് സമർപ്പിക്കുകയും ചെയ്തു:

1. തലശ്ശേരി-മൈസൂർ ബ്രോഡ്ഗേജ് പാത

2. സെമി ഹൈസ്പീഡ് ട്രെയിനുകൾക്കായി തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ നിലവിലുള്ള ഇരട്ട പാതയ്ക്കുപുറമേ മൂന്നും നാലും ലൈനുകൾ.

3. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിലേയ്ക്കുള്ള ബ്രോഡ് ഗേജ് ലൈൻ

4. എറണാകുളത്ത് ഹൈക്കോർട്ടിന് അടുത്തുള്ള പഴയ റെയിൽവേ സ്റ്റേഷൻ പുനരുജ്ജീവിപ്പിച്ച് ഒരു ഹബ്ബ് ആക്കി പ്രവർത്തനം ആരംഭിക്കുന്ന പദ്ധതി.

മേൽപ്പറഞ്ഞവയിൽ വിഴിഞ്ഞം ബ്രോഡ്ഗേജ് ലൈൻ കൊങ്കൺ റെയിൽവേയെ ഏൽപ്പിക്കാൻ പിന്നീട് റെയിൽവേ ബോർഡ് തീരുമാനിക്കുകയുണ്ടായി.

(സി) തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള 510 കി.മീ. ദൂരത്തിൽ സെമി ഹൈസ്പീഡ് ട്രെയിനുകൾക്കായി നിലവിലുള്ള ഇരട്ട പാതയ്ക്കുപുറമെ മൂന്നും നാലും പാത എന്ന പദ്ധതി കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ

ലിമിറ്റഡിന്റെ മുൻഗണനാ പട്ടികയിലുള്ള പദ്ധതിയാണ്. പ്രസ്തുത പദ്ധതിയുടെ ഫീസിബിലിറ്റി റിപ്പോർട്ട് കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ തയ്യാറാക്കുകയും 2017 ഡിസംബർ അവസാനത്തോടുകൂടി റെയിൽവേ ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തു. എന്നാൽ ഈ പദ്ധതിയുടെ ചെലവും സങ്കീർണ്ണതയും കണക്കിലെടുത്ത് വിശദമായ ഒരു പഠനം നടത്തി വീണ്ടും കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കുവാൻ റെയിൽവേ ബോർഡ് ആവശ്യപ്പെട്ടിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ വിശദമായ പഠനം നടത്തുന്നതിലേയ്ക്കുള്ള കേരള റെയിൽ ഡവലപ്മെന്റ് കോർപ്പറേഷന്റെ നടപടിക്രമങ്ങൾ അന്തിമഘട്ടത്തിലാണ്.

**മത്സ്യത്തൊഴിലാളികളെ ബാധിക്കുന്ന കേന്ദ്രനിയമ ഭേദഗതി**

17 (*107) ശ്രീ. പി.ബി. അബ്ദുൽ റസ്സാക്ക് :

ശ്രീ. എം. ഉമ്മർ :

ശ്രീ. പി. കെ.ബഷീർ :

ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശപരിപാലന നിയമത്തിലെ പുതിയ ഭേദഗതി മത്സ്യബന്ധന മേഖലയെ എപ്രകാരം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഈ ഭേദഗതിയിൽ പന്ത്രണ്ട് നോട്ടിക്കൽ മൈൽ വരെ വരുന്ന കടൽ, കായൽ, നീർത്തട പ്രദേശങ്ങൾ എന്നിവയുടെ പരിപാലനാവകാശം കേന്ദ്ര സർക്കാർ ഏറ്റെടുക്കാൻ നിർദ്ദേശമുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ഇത് പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ബാധിക്കുമെന്ന ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): (എ) വിലയിരുത്തിയിട്ടുണ്ട്.

(ബി) കേന്ദ്ര/സംസ്ഥാന സർക്കാർ ഏറ്റെടുക്കണമെന്ന് നിർദ്ദേശിച്ചിട്ടില്ല. എന്നാൽ ഇവിടങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി വേണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. 2018-ലെ കരട് വിജ്ഞാപനത്തിൽ CRZ IV-ൽ ഉൾപ്പെടുന്ന ഭാഗത്ത് വികസന പ്രവർത്തനങ്ങൾ/ പദ്ധതികൾ നടത്തുന്നതിന് ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) 2018-ലെ കരട് വിജ്ഞാപനം സംബന്ധിച്ചുള്ള ആശങ്കകളും സംശയങ്ങളും ചർച്ച ചെയ്യുന്നതിനായി ബഹു. ഫിഷറീസ് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ തീരദേശ മേഖലയിലെ വിവിധ രാഷ്ട്രീയ-സാമൂഹ്യ സംഘടനാ പ്രതിനിധികളും സർക്കാർ-അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെ ഉദ്യോഗസ്ഥരും 30-5-2018-ന് ഒരു അവലോകന യോഗം കൂടുകയുണ്ടായി. ഈ യോഗത്തിൽ ഉയർന്നുവന്ന അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ക്രോഡീകരിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**അക്കാദമിക ഗവേഷണ രംഗത്തെ പ്രതിസന്ധി**

18 (*108) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ. നാണു :
ശ്രീ. കോവൂർ കുഞ്ഞുമോൻ :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പിഎച്ച്.ഡി. ലഭിക്കുന്നതിനുള്ള ഗവേഷണവുമായി ബന്ധപ്പെട്ട് യു.ജി.സി. മാനദണ്ഡം അനുസരിച്ചുള്ള ഗൈഡുമാരുടെ കുറവ് അക്കാദമിക് ഗവേഷണരംഗം മരവിപ്പിലാകാൻ കാരണമായിട്ടുണ്ടെന്ന വാർത്തയുടെ നിജസ്ഥിതി വ്യക്തമാക്കാമോ;

(ബി) ഈ പ്രതിസന്ധി ഉണ്ടാകാൻ കാരണമായ ഗവേഷണ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(സി) ഇതുമൂലം ഏതൊക്കെ സർവകലാശാലകളാണ് രൂക്ഷമായ പ്രതിസന്ധി നേരിടുന്നത്; ഇത് സംബന്ധിച്ച് ഗവേഷകരുടെ ആശങ്ക പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): (എ) 2016-ലെ യു.ജി.സി.-യുടെ പുതുക്കിയ മാനദണ്ഡം അനുസരിച്ച് ഗൈഡുമാരുടെ ലഭ്യതയിൽ കുറവ് വന്നിട്ടുണ്ട്.

(ബി) വിരമിച്ച അധ്യാപകർക്ക് ഗവേഷണ മേൽനോട്ടം അനുവദനീയമല്ല. (കേരളത്തിലെ സർവ്വകലാശാല അധ്യാപകരുടെ വിരമിക്കൽ പ്രായം 60-ഉം കോളേജ് അദ്ധ്യാപകരുടെ വിരമിക്കൽ പ്രായം 56-ഉമാണ്. ആയതിനാൽ കേരളത്തിലെ സർവ്വകലാശാലകളിലാണ് ഈ മേഖലയിൽ കൂടുതൽ ബുദ്ധിമുട്ട് അനുഭവപ്പെട്ടത്.)

II. ഫുൾടൈം റെഗുലർ അദ്ധ്യാപകർക്ക് മാത്രമേ റിസർച്ച് ഗൈഡായി പ്രവർത്തിക്കാൻ സാധിക്കുകയുള്ളൂ.

III. യൂണിവേഴ്സിറ്റിയ്ക്ക് കീഴിലുള്ള അദ്ധ്യാപകർക്ക് മാത്രമേ റിസർച്ച് ഗൈഡായി പ്രവർത്തിക്കുവാൻ സാധിക്കുകയുള്ളൂ.

IV. ഒരു റിസർച്ച് സൂപ്പർവൈസർ പ്രൊഫസർ ആണെങ്കിൽ അദ്ദേഹത്തിന് 8 വിദ്യാർത്ഥികളേയും അസോസിയേറ്റ് പ്രൊഫസറിന് 6 വിദ്യാർത്ഥികളേയും അസിസ്റ്റന്റ് പ്രൊഫസറിന് 4 വിദ്യാർത്ഥികളേയും മാത്രമേ ഗവേഷണത്തിനായി തെരഞ്ഞെടുക്കാൻ സാധിക്കുകയുള്ളൂ.

(സി) എല്ലാ സർവ്വകലാശാലകളെയും ഇത് പൊതുവിൽ ബാധിച്ചിട്ടുണ്ട്.

വിരമിച്ച അധ്യാപകരുടെ കീഴിലുള്ള ഗവേഷകരെ മറ്റുള്ള ഗൈഡുമാരുടെ മേൽനോട്ടത്തിലേയ്ക്ക് മാറ്റിയും സൂപ്പർ ആനുവേഷനിലുള്ള അധ്യാപകർക്ക് ഒരു വർഷംകൂടി മേൽനേട്ട ചുമതല നീട്ടിനൽകിയും പ്രതിസന്ധിക്ക് താത്കാലിക പരിഹാരം കണ്ടിട്ടുണ്ട്. യു.ജി.സി. മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുവാൻ സർവ്വകലാശാലകൾക്ക് കഴിയുകയില്ല. ഇക്കാര്യത്തിൽ ഇടപെടുന്നതിന് സർക്കാരിനും പരിമിതിയുണ്ട്.

**റോഡുകളിലെ അപകടകരമായ വളവുകൾ നിവർത്തുന്നതിന് പദ്ധതി**

19 (*109) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകളിലെ അപകടകരമായ വളവുകൾ നിവർത്തുന്നതിന് എന്തെങ്കിലും പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) വളവുകൾ നിവർത്തുന്നതിന് സൗജന്യമായി സ്ഥലം വിട്ടുനൽകുന്ന വ്യക്തികൾക്ക് പകരം സ്ഥലം നൽകുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): (എ) സംസ്ഥാനത്തെ പൊതുമരാമത്ത് വിഭാഗത്തിന്റെ കീഴിലെ റോഡുകളിലെ അപകടകരമായ വളവുകൾ നിവർത്തുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ പുതുതായി നിർമ്മിക്കുന്ന റോഡുകൾ IRC Standard അനുസരിച്ചാണ് നിർമ്മിച്ചുവരുന്നത്. ആയതിനാൽ ഇത്തരം റോഡുകളിൽ അപകടകരമായ വളവുകൾ ഒഴിവാകുന്നുണ്ട്. ദേശീയപാത 66 (പഴയ എൻ.എച്ച്. 47) നാലുവരിപ്പാതയാക്കുന്നതിനുള്ള നടപടികൾ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ നടത്തിവരികയാണ്. ടി പ്രവൃത്തികൾ ഇന്ത്യൻ റോഡ് കോൺഗ്രസ്സ് മാനദണ്ഡങ്ങൾ അനുസരിച്ച് നടപ്പിലാക്കുമ്പോൾ

അപകടകരമായ വളവുകൾ നിവർക്കപ്പെടുന്നതാണ്. കൂടാതെ പൊതുമരാമത്ത് ദേശീയപാതാ വിഭാഗത്തിന്റെ പരിധിയിൽ വരുന്ന മറ്റ് റോഡുകളിൽ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിൽ എംപാനൽ ചെയ്തിരിക്കുന്ന കൺസൾട്ടന്റ്സ് മുഖേന റോഡ് സേഫ്റ്റി ഓഡിറ്റ് നടത്തുകയും അപകടസാധ്യതയുള്ള റോഡുകളുടെ വളവുകൾ നിർത്തിയെടുക്കുന്നതിനായി ഭൂമി ഏറ്റെടുക്കൽ നടത്താറുമുണ്ട്. പ്രസ്തുത പ്രവൃത്തികൾ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ റോഡ് സേഫ്റ്റി വർക്കുകളിൽ ഉൾപ്പെടുത്തിയാണ് വളവുകൾ നിവർത്താനാവശ്യമായ നടപടികൾ സ്വീകരിക്കുന്നത്. ലോക ബാങ്കിന്റെ ധനസഹായത്തോടുകൂടിയുള്ള റോഡ് വികസന പദ്ധതികളാണ് കെ.എസ്.റ്റി.പി.യിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള തെരഞ്ഞെടുക്കപ്പെട്ട റോഡ് പ്രവൃത്തികളിൽ വളവുകൾ നിവർത്തുന്നതുൾപ്പെടെയുള്ള പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. വളവുകൾ നിവർത്തുന്നതിനായി മാത്രം പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല.

(ബി) പൊതുമരാമത്ത് വകുപ്പ് റോഡ് നിർമ്മാണത്തിനായി ഏറ്റെടുക്കുന്ന ഭൂമിക്ക് പകരമായി സ്ഥലം നൽകുന്ന പദ്ധതി നിലവിലില്ല. എന്നാൽ എവിടെയെങ്കിലും PWD സ്ഥലം ആവശ്യമില്ലാതെ ഉണ്ടെന്നുകണ്ടാൽ അത് നൽകുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

## സ്കൂൾ വിദ്യാഭ്യാസ രംഗത്ത് ഏകീകൃത ഭരണസംവിധാനം

20 (*110) ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. കെ. എൻ. എ. ഖാദർ :
ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ വിദ്യാഭ്യാസ രംഗത്ത് ഏകീകൃത ഭരണസംവിധാനം ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പൊതുവിദ്യാഭ്യാസം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഏതെല്ലാം മാറ്റങ്ങൾ വരുത്താനാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്;

(സി) എയ്ഡഡ് മേഖലയിലെ സ്കൂളുകൾക്ക് ഗവൺമെന്റ് എയ്ഡഡ് എന്ന പേര് നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എല്ലാ സ്കൂളുകളിലും പ്രീ-പ്രൈമറി ക്ലാസുകൾ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): (എ - ഡി) 2009-ലെ വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട്, പൊതുവിദ്യാഭ്യാസ രംഗത്ത് നടപ്പിൽ വരുത്തുവാൻ ഉദ്ദേശിക്കുന്ന ഘടനാപരവും അക്കാദമികപരവുമായിട്ടുള്ള എല്ലാവിധ പരിഷ്കാരങ്ങളുടെയും വിവിധ വശങ്ങൾ പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ മുൻ എസ്.സി.ഇ.ആർ.ടി. ഡയറക്ടർ ഡോ. എം. എ. ഖാദർ ചെയർമാനായി ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്.

ടി കമ്മിറ്റിയുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക്, ആയതിലെ ശിപാർശകൾ പരിശോധിച്ച് ഉചിതമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം**

21 (*111) ശ്രീ. എസ്.ശർമ്മ :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. എം. സ്വരാജ് :
ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ഫലപ്രദമായി നടപ്പാക്കുന്നതിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യം, അക്കാദമിക മികവ് എന്നിവ വികസിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) ഈ രംഗത്ത് നടപ്പാക്കുന്ന പദ്ധതികൾക്കുള്ള അംഗീകാരമെന്ന നിലയിൽ പൊതുവിദ്യാലയങ്ങളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ എണ്ണത്തിൽ വർദ്ധന ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പൊതുവിദ്യാലയങ്ങളിലെ വിദ്യാർത്ഥികളിൽ ഭാഷാ പരിജ്ഞാനവും ഗണിതശാസ്ത്രം, മറ്റ് ശാസ്ത്ര വിഷയങ്ങൾ എന്നിവയിലുള്ള അഭിരുചിയും വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): (എ) സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതി ഫലപ്രദമായി നടപ്പാക്കുന്നതിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യം, അക്കാദമിക മികവ് എന്നിവ വികസിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു:

1. <u>ഭൗതിക സാഹചര്യ വികസനം</u>:

- പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഒന്നാം ഘട്ടമെന്ന നിലയിൽ 1000 സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിൽ തെരഞ്ഞെടുത്ത 141 സ്കൂളുകൾക്ക് ഭരണാനുമതി നൽകുകയും 138 സ്കൂളുകൾക്ക് കിഫ്ബി ധനസഹായം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഇവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു.

- അടിസ്ഥാന സൗകര്യ വികസനത്തിനായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള 229 സ്കൂളുകളിൽ 185 സ്കൂളുകൾക്ക് ഭരണാനുമതിയും കിഫ്ബി മുഖാന്തരം മൂന്ന് കോടി രൂപ ധനസഹായം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ 70 സ്കൂളുകളുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു.

- വിദ്യാഭ്യാസ വകുപ്പിന്റെ 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട എൽ.പി./യു.പി. സ്കൂളുകൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിന് ഇതിനോടകം ഭരണാനുമതി നൽകിയിട്ടുണ്ട്.

- എയ്ഡഡ് വിദ്യാലയങ്ങൾക്ക് ചലഞ്ച് ഫണ്ട് എന്ന സ്കീം ഏർപ്പെടുത്തി.

- ജൈവവൈവിദ്ധ്യ പാർക്കുകൾ നിർമ്മിക്കുന്നതിനായി 2017-18 സാമ്പത്തിക വർഷത്തിൽ 1200 സ്കൂളുകൾക്ക് മൂന്നുകോടി രൂപയുള്ള ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. ഇതിന്റെ ആദ്യഘട്ടമായി 1200 സ്കൂളുകൾക്ക് 10,000 രൂപ വീതം അനുവദിച്ചു.

- സ്കൂളുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന് സമഗ്ര ശിക്ഷാ അഭിയാനിൽ സ്കൂൾ ഗ്രാന്റ്, ലൈബ്രറി വികസനം, നിലവിലുള്ള പ്രൈമറി, അപ്പർ പ്രൈമറി സ്കൂളുകളെ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി പുതിയ ക്ലാസ് മുറികൾ, കുടിവെള്ള സൗകര്യം ഉറപ്പാക്കൽ, ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേക ടോയ്ലെറ്റ് നിർമ്മാണം, സി.ഡബ്ല്യു.എസ്.എൻ. കുട്ടികൾക്ക് പ്രത്യേക ടോയ്ലെറ്റ്, സ്കൂൾ അറ്റകുറ്റപ്പണികൾ തുടങ്ങിയ പദ്ധതികൾക്ക് അനുമതി ലഭ്യമാക്കിയിട്ടുണ്ട്.

- ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ 8 മുതൽ 12 വരെയുള്ള 45000 ക്ലാസ് മുറികൾ ഹൈടെക് ആക്കി മാറ്റാൻ തീരുമാനിച്ചു. അതിന്റെ ഭാഗമായി ഓരോ ക്ലാസിലേയ്ക്കും ലാപ്ടോപ്പ് കമ്പ്യൂട്ടർ, സീലിംഗിൽ ഉറപ്പിച്ച മൾട്ടിമീഡിയ പ്രൊജക്റ്റർ, പ്രൊജക്ഷന് അനുയോജ്യമായ രീതിയിൽ

പെയിന്റടിച്ച ഭിത്തി/സ്ക്രീൻ, യു.എസ്.ബി. സ്പീക്കർ, ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് തുടങ്ങിയ സൗകര്യങ്ങളും സ്കൂളുകളിൽ പൊതുവായി കമ്പ്യൂട്ടർ ലാബ്, ടി.വി., മൾട്ടി ഫംഗ്ഷൻ പ്രിന്റർ, ക്ലാസ് മുറികളെ തമ്മിൽ ബന്ധിപ്പിക്കുന്ന നെറ്റ്വർക്കിംഗ് സംവിധാനം എന്നിവ സ്കൂളുകളിൽ സജ്ജീകരിക്കും.

• ഏഴുകോടി രൂപ വിനിയോഗിച്ച് സംസ്ഥാനത്ത് 14 ഓട്ടിസം പാർക്കുകൾ സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകിക്കഴിഞ്ഞു.

• ഐഡിയൽ ലാബ് സജ്ജീകരിക്കുന്നതിന് സംസ്ഥാനത്തെ ചുവടെ ചേർക്കുന്ന നാല് സ്കൂളുകൾക്ക് 50 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്.

1. ജി.എച്ച്.എസ്.എസ്. മയ്യിൽ, കണ്ണൂർ
2. എ.ജി.എച്ച്. എസ്. എസ്. കോടോത്ത്, കാസർഗോഡ്
3. ജി.എച്ച്.എസ്.എസ്. കോട്ടായി, പാലക്കാട്
4. ഗവ.ബോയ്സ് എച്ച്.എസ്.എസ്., ഹരിപ്പാട് ആലപ്പുഴ.

2. അക്കാദമിക മികവ്

സംസ്ഥാനത്തെ എല്ലാ കുട്ടികളുടെയും അക്കാദമിക മികവ് ലക്ഷ്യമിട്ടുകൊണ്ട് ഒരു ജനകീയ അക്കാദമിക മാസ്റ്റർപ്ലാൻ സ്കൂൾതലത്തിൽ തയ്യാറാക്കി അവതരിപ്പിച്ചിട്ടുണ്ട്. ഈ അദ്ധ്യയന വർഷം അതിനെ അടിസ്ഥാനമാക്കി വിവിധ പ്രവർത്തനങ്ങൾ സ്കൂൾതലത്തിൽ നടത്തുന്നതിനായി ആസൂത്രണം ചെയ്യും. ക്ലാസ് മുറികളിൽ ഐ.സി.റ്റി. ഉപകരണങ്ങൾ ഉപയോഗിച്ച് കൂടുതൽ ദൃശ്യ-ശ്രാവ്യ അനുഭവങ്ങൾ ഉണ്ടാക്കാൻ സാധിക്കുന്ന രീതിയിലുള്ള ഡിജിറ്റൽ ഉള്ളടക്കങ്ങൾ നിർമ്മിക്കുകയും എല്ലാ അദ്ധ്യാപകരിലേയ്ക്കും ഓരോ ക്ലാസ് മുറികളിലേയ്ക്കും എത്തിക്കുന്നതിന്റെ ഭാഗമായി ഓൺലൈൻ സംവിധാനമായ 'സമഗ്ര' എന്ന ഇ-ലേണിംഗ് പോർട്ടലും സജ്ജമാക്കിയിട്ടുണ്ട്.

1. അക്കാദമിക മികവിന്റെ ഭാഗമായി ഭാഷാ വികാസത്തിനുള്ള പ്രവർത്തനങ്ങൾ

2. ഗണിതം, ശാസ്ത്രം, സാമൂഹിക ശാസ്ത്രം തുടങ്ങിയവ കൂടുതൽ മെച്ചപ്പെടുത്താനുള്ള പഠനാനുഭവങ്ങൾ ഒരുക്കൽ, ഇതിന്റെ ഭാഗമായി ശാസ്ത്ര കൗതുകം, ഞങ്ങളും ശാസ്ത്രത്തോടൊപ്പം, ശാസ്ത്ര പാർക്ക്, സയൻസ് ഓൺ വീൽസ്, ഭൗമം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

3. വിദ്യാർത്ഥികളുടെ കായികക്ഷമത വികസിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ

4. എല്ലാ കുട്ടികളുടെയും സർഗ്ഗവാസനകൾ വികസിപ്പിക്കാനുതകുന്ന പ്രവർത്തനങ്ങൾ

5. മതനിരപേക്ഷ ജനാധിപത്യ ബോധം, പാരിസ്ഥിതികാവബോധം, ലിംഗാവബോധം തുടങ്ങി ഒരു ജനാധിപത്യ സമൂഹത്തിന് അനിവാര്യമായ മൂല്യബോധങ്ങൾ ഉളവാക്കാനാവശ്യമായ പ്രവർത്തനങ്ങൾ.

6. കൃഷിയെ ഒരു സംസ്കൃതിയാക്കി മാറ്റാൻ സഹായകമായ പ്രവർത്തനങ്ങൾ

7. ഹരിത പ്രോട്ടോക്കോൾ പാലിക്കാനാവശ്യമായ പ്രവർത്തനങ്ങൾ

8. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായുള്ള പ്രത്യേക പദ്ധതികൾ, ഇതിന്റെയൊക്കെ ഭാഗമായി അദ്ധ്യാപകരെ സജ്ജരാക്കുന്ന പ്രവർത്തനങ്ങൾ എന്നിവയും ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു.

- സമൂഹത്തെ സ്കൂളുകളുമായി ബന്ധിപ്പിക്കാനുള്ള പ്രവർത്തനങ്ങളും ആവിഷ്കരിക്കും.

- ഗണിതശാസ്ത്രം, ടെക്നോളജി എന്നിവയിൽ കുട്ടികൾക്ക് പ്രാവീണ്യം വർദ്ധിപ്പിക്കുന്നതിനായി രാഷ്ട്രീയ ആവിഷ്കാർ അഭിയാനിൽ ഉൾപ്പെടുത്തി വിവിധ പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു.

- പെൺകുട്ടികൾക്ക് സ്വയം പ്രതിരോധ പരിശീലനം, ഗൈഡൻസ് ആൻഡ് കൗൺസിലിംഗ്, കൗമാര വിദ്യാഭ്യാസം, ഭിന്നശേഷിക്കാരായ കുട്ടികളുടെ പഠനത്തിനായുള്ള വിവിധങ്ങളായ പ്രവർത്തനങ്ങൾ, രക്ഷിതാക്കൾക്കുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ എന്നിവയും ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) കഴിഞ്ഞ അദ്ധ്യയന വർഷത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2017-18 അദ്ധ്യയന വർഷത്തിൽ മുൻവർഷത്തെ അപേക്ഷിച്ച് ഒന്നാം ക്ലാസിൽ 12198 കുട്ടികൾ പൊതുവിദ്യാലയങ്ങളിൽ അധികമായി ചേർന്നിട്ടുണ്ട്. കൂടാതെ സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ രണ്ടുമുതൽ ഒമ്പതുവരെയുള്ള ക്ലാസ്സുകളിൽ താഴ്ന്ന ക്ലാസ്സുകളിൽനിന്നും പ്രൊമോഷൻ കിട്ടിവന്ന കുട്ടികളെ കൂടാതെ 145208 കുട്ടികൾകൂടി അധികമായി പൊതുവിദ്യാലയങ്ങളിൽ ചേർന്നിട്ടുണ്ട്. ഈ അദ്ധ്യയന വർഷത്തെ (2018-19) ആറാം പ്രവർത്തി ദിവസത്തെ കണക്കുകൾ ലഭ്യമാകുമ്പോൾ മാത്രമേ ഈ വർഷത്തെ കൃത്യമായ കണക്ക് ലഭ്യമാവുകയുള്ളൂ.

(സി) പൊതുവിദ്യാലയങ്ങളിലെ ഭാഷാപഠനം മെച്ചപ്പെടുത്തുന്നതിന് എലിമെന്ററി സ്കൂളുകളിൽ 'മലയാളത്തിളക്കം' എന്ന പദ്ധതി നടപ്പിലാക്കി. ഹൈസ്കൂളുകളിൽ ഇതേ ലക്ഷ്യം മുൻനിർത്തി 'എന്റെ മലയാളം' എന്ന പദ്ധതിയും

ആരംഭിച്ചിട്ടുണ്ട്. ഹിന്ദി, ഇംഗ്ലീഷ് ഭാഷാ വികസനത്തിനായി 'സുരീലി ഹിന്ദി', 'ഹലോ ഇംഗ്ലീഷ്' എന്നീ പദ്ധതികളും ആവിഷ്കരിച്ചു. കുട്ടികളിലെ പഠന പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് 1 മുതൽ 10 വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് എല്ലാ വിഷയങ്ങൾക്കും ഹയർ സെക്കൻഡറിയിൽ സാമൂഹ്യശാസ്ത്രത്തിനും 'ലേണിംഗ് എൻഹാൻസ്മെന്റ് പ്രോഗ്രാമിന്' പദ്ധതി രൂപീകരിച്ചിട്ടുണ്ട്. ഗണിതശാസ്ത്രം, മറ്റ് ശാസ്ത്ര വിഷയങ്ങൾ എന്നിവയിലെ അക്കാദമിക മികവ് കൈവരിക്കുന്നതിലേയ്ക്കായി 'ഗണിത വിജയം', 'ലിറ്റിൽ ഗലീലിയോ' തുടങ്ങിയ പ്രവർത്തനങ്ങളും പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി 'നവപ്രഭ', 'ശ്രദ്ധ' തുടങ്ങിയ പ്രവർത്തനങ്ങളും നടപ്പിലാക്കിവരുന്നു. ഐ.സി.റ്റി. അധിഷ്ഠിത പഠന പ്രവർത്തനങ്ങൾക്ക് അനുയോജ്യമായ പഠന വിഭവങ്ങൾ ലഭ്യമാക്കുന്നതിന് ഉതകുന്ന 'സമഗ്ര' ഇ-ലേണിംഗ് പോർട്ടലും സജ്ജമാക്കിയിട്ടുണ്ട്.

**അക്ഷരസാഗരം പദ്ധതി**

22 (*112) ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. കെ. ആൻസലൻ :
ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തീരപ്രദേശങ്ങളിലെ സാക്ഷരതാ നിരക്ക് വർദ്ധിപ്പിക്കുന്നതിനായി നടപ്പാക്കിവരുന്ന അക്ഷരസാഗരം പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(ബി) നിലവിൽ ഏതെല്ലാം ജില്ലകളിലാണ് ഈ പദ്ധതി നടപ്പാക്കി യിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പദ്ധതിയുടെ ഭാഗമായി മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് മെഡിക്കൽ എൻട്രൻസ്, പി.എസ്.സി, ബാങ്ക്, സിവിൽ സർവ്വീസ് എന്നീ പരീക്ഷകൾക്ക് സൗജന്യ പരിശീലനം നൽകിവരുന്നുണ്ടോ;

(ഡി) പ്രസ്തുത പദ്ധതി കൂടുതൽ പ്രദേശങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): (എ) ഉണ്ട്.

(ബി) 2016-17 വർഷങ്ങളിൽ ഒന്നാംഘട്ടം എന്ന നിലയിൽ തീരദേശ സാക്ഷരതാ നിരക്കിൽ ഏറ്റവും പിന്നിൽ നിൽക്കുന്ന തിരുവനന്തപുരം, മലപ്പുറം, കാസർഗോഡ് ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കിയത്. രണ്ടാംഘട്ടമായി 2017-18 വർഷത്തിൽ കൊല്ലം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ പദ്ധതി നടപ്പിലാക്കിവരുന്നു. 2018-19 വർഷത്തിൽ ആലപ്പുഴ, തൃശ്ശൂർ, കണ്ണൂർ ജില്ലകളിൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) ഫിഷറീസ് വകുപ്പ് നടപ്പിലാക്കിവരുന്ന 'വിദ്യാതീരം' പദ്ധതിയുടെ ഭാഗമായാണ് സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് മെഡിക്കൽ എൻട്രൻസ്, പി.എസ്.സി., ബാങ്ക്, സിവിൽ സർവ്വീസ് എന്നീ പരീക്ഷകൾക്ക് സൗജന്യ പരിശീലനം നൽകിവരുന്നത്.

(ഡി) സംസ്ഥാനത്തെ 9 തീരദേശ ജില്ലകളിലുള്ള 121 തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ തീരദേശ വാർഡുകളിലാണ് അക്ഷരസാഗരം പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. 2018-19 വർഷത്തോടെ ഒൻപതു തീരദേശ ജില്ലകളിലും അക്ഷരസാഗരം പദ്ധതി നടപ്പിലാക്കാൻ കഴിയുന്നതാണ്.

**നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം**

23 (*113) <u>ശ്രീ. എ. പി. അനിൽ കുമാർ</u> :

<u>ശ്രീ. കെ. മുരളീധരൻ</u> :

<u>ശ്രീ. അനിൽ അക്കര</u> :

<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ നിഷ്കർഷിക്കുന്ന ഡാറ്റാ ബാങ്കുകൾ തയ്യാറാക്കി പ്രസിദ്ധീകരിക്കുമെന്ന വാഗ്ദാനം നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണ്;

(ബി) പൊതു ആവശ്യത്തിനായി നെൽവയൽ രൂപാന്തരപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ കൊണ്ടുവന്നിട്ടുള്ള ഭേദഗതികൾ എന്തൊക്കെയാണ്;

(സി) പ്രസ്തുത നിയമം നിലവിൽവന്ന 2008-ന് മുമ്പ് നികത്തിയ നെൽവയലുകൾ ഫീസ് ഒടുക്കി ക്രമവത്കരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം തീരുമാനിച്ചത് എത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ഭേദഗതി നിർദ്ദേശം ദുരുപയോഗപ്പെടുത്തുന്നത് തടയുന്നതിന് എന്തൊക്കെ നടപടികളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): (എ) 1076 കൃഷിഭവൻ പ്രദേശങ്ങളിൽ നെൽവയൽ തണ്ണീർത്തടങ്ങളുള്ള 1054 എണ്ണത്തിൽ 669 പ്രദേശങ്ങളിൽ ഡാറ്റാ ബാങ്ക് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ബാക്കിയുള്ള പ്രദേശങ്ങളിൽ ഡാറ്റാ ബാങ്ക് പ്രസിദ്ധപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) 2017-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ഓർഡിനൻസ് അനുസരിച്ച് 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ 10-ാം വകുപ്പിലെ വ്യവസ്ഥകൾ ഒഴിവാക്കി പുതിയ വ്യവസ്ഥകൾ ചേർത്തിട്ടുണ്ട്. ആയതുപ്രകാരം നെൽവയലുകളും തണ്ണീർത്തടങ്ങളും രൂപാന്തരപ്പെടുത്തുന്നത് പൊതു ആവശ്യത്തിന് അത്യന്താപേക്ഷിതമാണെങ്കിൽ ആക്ടിലെ വ്യവസ്ഥകളിൽനിന്നും ഒഴിവാക്കി കൊടുക്കാനും അത് ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം ചെയ്യാനും സർക്കാരിന് അധികാരം നൽകുന്നു.

(സി) ഉണ്ട്. 2008-ന് മുമ്പ് നികന്നുകിടക്കുന്നതും ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്തതും വില്ലേജ് റിക്കാർഡുകൾ പ്രകാരം നിലം എന്ന് രേഖപ്പെടുത്തിയിരിക്കുന്നതുമായ ഭൂമിയിൽ വീട് വയ്ക്കുന്നതിനോ വാണിജ്യ ആവശ്യങ്ങൾക്കോ മറ്റ് ആവശ്യങ്ങൾക്കോ ഉപയോഗിക്കാൻ ആഗ്രഹിക്കുന്നപക്ഷം അനുമതിക്കായി ആർ.ഡി.ഒ.-യ്ക്ക് അപേക്ഷ സമർപ്പിക്കാവുന്നതും വ്യവസ്ഥകൾക്ക് വിധേയമായി അപേക്ഷ അനുവദിക്കുന്ന പക്ഷം റവന്യൂ രേഖകളിൽ മാറ്റം വരുത്തുന്നതിനായി അപ്രകാരമുള്ള ഭൂമിയുടെ ന്യായവിലയുടെ 50% നിരക്കിൽ ഫീസ് നൽകേണ്ടതുമാണ്. എന്നാൽ പരമാവധി 4.04 ആർ വിസ്തൃതിയിലുള്ള ഭൂമിയിൽ സ്ഥിതിചെയ്യുന്നതും 120 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള ഒരു വീട് നിർമ്മിക്കുന്നതിനും അല്ലെങ്കിൽ പരമാവധി 2.02 ആർ വിസ്തൃതിയിലുള്ള ഭൂമിയിൽ സ്ഥിതിചെയ്യുന്ന 40 ചതുരശ്രമീറ്റർ വിസ്തീർണ്ണമുള്ള ഒരു വാണിജ്യ കെട്ടിടം നിർമ്മിക്കുന്നതിനും പ്രത്യേക അനുമതി ആവശ്യമില്ലാത്തതാണ്.

WP(C) No.13194/2017/(Y) എന്ന റിട്ട് പെറ്റീഷനും ബന്ധപ്പെട്ട മറ്റു കേസുകളും ഒരുമിച്ച് കേട്ട് ബഹു. ഹൈക്കോടതി 16-8-2017-ന് പുറപ്പെടുവിച്ച വിധിന്യായ പ്രകാരം, വീട് വയ്ക്കുന്നതിന് നികന്നുകിടക്കുന്ന ഭൂമി പഞ്ചായത്തിൽ 10-ഉം മുനിസിപ്പാലിറ്റി പ്രദേശത്ത് 5-ഉം സെന്റ് ഭൂമി തരംമാറ്റി നൽകുന്നതിന് ജില്ലാ കളക്ടർമാർക്കും റവന്യൂ ഡിവിഷണൽ ഓഫീസർമാർക്കും അധികാരം നൽകികൊണ്ട് പുറപ്പെടുവിച്ച 22-12-2016-ലെയും 1-3-2017-ലെയും സർക്കുലറുകൾ, റദ്ദാക്കുകയും 2008-ന് മുമ്പ് നികന്നുകിടക്കുന്നതും ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്തതും വില്ലേജ് റിക്കാർഡുകളിൽ നിലം എന്ന് രേഖപ്പെടുത്തിയിരിക്കുന്നതും ആയ ഭൂമി ക്രമവൽക്കരിച്ചു നൽകുന്നതിന് ലാൻഡ് യൂട്ടിലൈസേഷൻ ഓർഡറിലെ വ്യവസ്ഥകൾ പ്രകാരം ജില്ലാ കളക്ടർമാർക്കും റവന്യൂ ഡിവിഷണൽ ഓഫീസർമാർക്കും

അധികാരം ഉണ്ടെന്നും ആയതിനാൽ അപ്രകാരം ചെയ്യാവുന്നതാണെന്നും വിധിക്കുകയുണ്ടായി. പ്രസ്തുത വിധിയ്ക്കെതിരെ ഫയൽ ചെയ്ത് റിട്ട് അപ്പീലിൽ ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്റ്റിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതാണെന്ന സത്യവാങ്മൂലം ഫയൽ ചെയ്യുകയുണ്ടായി. ഈ സാഹചര്യത്തിലാണ് കേരള ലാൻഡ് യൂട്ടിലൈസേഷൻ ഉത്തരവിലെ 6-ാം ഖണ്ഡം അനുസരിച്ച് റവന്യൂ ഡിവിഷണൽ ഓഫീസർമാർക്ക് സിദ്ധിച്ചിട്ടുള്ള അധികാരം ഉപയോഗിച്ച് നികന്നുകിടക്കുന്ന ഭൂമി തരം മാറ്റി നൽകുന്നതുമൂലം ഉണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനുവേണ്ടി ആവശ്യമായ മുൻകരുതലുകളും ജലസംഭരണ മാർഗ്ഗങ്ങളും മറ്റും വ്യവസ്ഥ ചെയ്തുകൊണ്ട് കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ഭേദഗതി ഓർഡിനൻസ് കൊണ്ടുവന്നത്.

(ഡി) വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ സ്വഭാവ വ്യതിയാനം വരുത്തുന്നതിനുമുമ്പ് സമീപത്തെ നെൽവയലുകളിലേയ്ക്കുള്ള സുഗമമായ നീരൊഴുക്കിനെ തടസ്സപ്പെടുത്തുന്നില്ലായെന്നും ചേർന്ന് കിടക്കുന്ന ഭൂമിയിലെ നെൽകൃഷിയേയോ മറ്റ് ഏതെങ്കിലും വിളകളുടെ കൃഷിയേയോ ദോഷകരമായി ബാധിക്കുന്നില്ലെന്നും ഉറപ്പുവരുത്തുന്നുണ്ട്. അപ്രകാരം തരംമാറ്റി നൽകുന്ന ഭൂമിയുടെ വിസ്തീർണ്ണം 20.2 ആറിൽ കൂടുതൽ ആകുന്നിടത്ത് ജലസംഭരണ നടപടികൾക്കായി അപ്രകാരമുള്ള ഭൂമിയുടെ പത്ത് ശതമാനം നീക്കിവയ്ക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

**ഓഖി ദുരിത ബാധിതർക്കുള്ള ധനസഹായ വിതരണം**

24 (*114) <u>ശ്രീമതി സി. കെ. ആശ</u> :
<u>ശ്രീ. സി. ദിവാകരൻ</u> :
<u>ശ്രീ. ആർ. രാമചന്ദ്രൻ</u> :
<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി ദുരിത ബാധിതർക്കുള്ള ധനസഹായ വിതരണം പൂർത്തിയായിട്ടുണ്ടോ;

(ബി) ഓഖി ദുരന്തത്തിനുശേഷം മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) കാലാവസ്ഥാ മുന്നറിയിപ്പും അപകടസാധ്യതാവിവരങ്ങളും മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കുന്ന നൂതന സംവിധാനങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): (എ) മരണമടഞ്ഞവർക്കും കാണാതായവർക്കുമുള്ള 20 ലക്ഷം രൂപ വീതമുള്ള ധനസഹായ വിതരണം പൂർത്തീകരിച്ചു. നഷ്ടപ്പെട്ട/ഭാഗികമായി കേടുപാടുകൾ സംഭവിച്ച മത്സ്യബന്ധന യാനങ്ങൾക്കുള്ള നഷ്ടപരിഹാര വിതരണം ഭാഗികമായി പൂർത്തീകരിച്ചു. 3.08 കോടി രൂപയുടെ നഷ്ടപരിഹാരം തിരുവനന്തപുരം ജില്ലയിൽ ഇതുവരെ ഇതിനായി വിതരണം ചെയ്തു. മറ്റ് ജില്ലകളിലെ നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകാൻ നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഓഖി ദുരന്തത്തിനുശേഷം മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ഐ.എസ്.ആർ.ഒ.യുമായി ചേർന്ന് തീരത്തുനിന്നും 1500 കി.മീ വരെ അകലെ കാലാവസ്ഥാ മുന്നറിയിപ്പുകൾ നൽകാൻ കഴിയുന്ന 'നാവിക്' എന്ന ഉപകരണം വികസിപ്പിച്ചെടുത്ത് പരീക്ഷിച്ച് വിജയിച്ചിട്ടുണ്ട്. അത് കെൽട്രോണുമായി ചേർന്ന് വ്യാവസായികാടിസ്ഥാനത്തിൽ നിർമ്മിച്ച് മത്സ്യബന്ധന യാനങ്ങൾക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ ഇൻകോയിസ് വഴിയുള്ള മുന്നറിയിപ്പുകൾ ലഭ്യമാക്കുന്നതിന് 145778 മത്സ്യത്തൊഴിലാളികളുടെ മൊബൈൽ നമ്പരുകൾ ഇൻകോയിസിന് കൈമാറിയിട്ടുണ്ട്. കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ വേഗത്തിൽ കരയ്ക്ക് എത്തിച്ച് ചികിത്സ ലഭ്യമാക്കുന്നതിനും ജീവൻ രക്ഷിക്കുന്നതിനും സഹായകമായ മറൈൻ ആംബുലൻസ് 3 എണ്ണം വാങ്ങുന്നതിന് ഫിഷറീസ് ഡയറക്ടർ കൊച്ചിൻ ഷിപ്പ്യാർഡുമായി 2018 മേയ് 31-ന് ധാരണാപത്രം ഒപ്പുവച്ചു. 18 മാസം കൊണ്ട് പദ്ധതി പൂർത്തിയാക്കുമെന്ന് കൊച്ചിൻ ഷിപ്പ്യാർഡ് അധികൃതർ അറിയിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളികൾ കടലിൽ പോകുമ്പോഴും തിരികെ വരുമ്പോഴും പ്രസ്തുത വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് സഹായകമായ 'സാഗര' എന്ന മൊബൈൽ ആപ്ലിക്കേഷൻ മേയ് 31 ന് ബഹു. മന്ത്രി ഉദ്ഘാടനം ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളികൾക്ക് കടലിൽ ഉണ്ടാകുന്ന അപകടങ്ങളിൽനിന്ന് രക്ഷപ്പെടുന്നതിന് സഹായകമായ ലൈഫ് ജാക്കറ്റ് വാങ്ങി നൽകുന്നതിനുള്ള പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) കാലാവസ്ഥാ മുന്നറിയിപ്പും അപകട സാധ്യതാ വിവരങ്ങളും ഉപഗ്രഹ സഹായത്തോടെ മത്സ്യത്തൊഴിലാളികൾക്ക് 1500 കി.മീ. അകലെ വരെ ലഭ്യമാക്കാനുതകുന്ന 'നാവിക്' എന്ന ഉപകരണം ഐ.എസ്.ആർ.ഒ.

വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഈ സാങ്കേതികവിദ്യ ഉപയോഗിച്ച് കെൽട്രോൺ വ്യാവസായികാടിസ്ഥാനത്തിൽ 'നാവിക്' ഉപകരണങ്ങൾ നിർമ്മിച്ച് നൽകുന്നതാണ്. ഇതുകൂടാതെ എൻ.ഐ.സി. വികസിപ്പിച്ചെടുത്തിട്ടുള്ള 'സാഗര' എന്ന മൊബൈൽ ആപ്ലിക്കേഷനിലൂടെ മത്സ്യത്തൊഴിലാളികൾ കടലിൽ പോകുമ്പോഴും തിരികെ വരുമ്പോഴും യാനത്തിന്റേയും അതിലെ തൊഴിലാളികളുടെയും വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് സാധിക്കും. അതിലൂടെ അപകടഘട്ടങ്ങളിൽ കടലിൽ അകപ്പെട്ടുപോയ മത്സ്യത്തൊഴിലാളികളുടെ വിവരങ്ങൾ വേഗത്തിൽ കണ്ടുപിടിക്കുന്നതിനും രക്ഷാപ്രവർത്തനം നടത്തുന്നതിനും സാധിക്കും.

### വില്ലേജ് ഓഫീസുകൾ സ്മാർട്ട് ആക്കുന്നതിന് പദ്ധതി

25 (*115) ശ്രീ. കെ. എം. ഷാജി :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകൾ സ്മാർട്ട് ആക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഈ പദ്ധതിയുടെ ഭാഗമായി എന്തെല്ലാം സൗകര്യങ്ങൾ ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

(സി) എല്ലാ വില്ലേജ് ഓഫീസുകളിലും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): (എ) ഉണ്ട്. സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ സ്മാർട്ട് ഓഫീസുകളാക്കി മാറ്റി അവയിൽ നിന്ന് വേഗത്തിലും (speedy) ആധുനിക രീതിയിലുള്ള അന്തരീക്ഷത്തിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശത്തോടുകൂടിയാണ് (SMART) സ്മാർട്ട് റവന്യൂ ആഫീസ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഇതനുസരിച്ച് വില്ലേജ് ഓഫീസുകളിൽ നിന്നുള്ള സേവനങ്ങൾ പൗരന് ഏത് സമയത്തും, എവിടെവച്ചും (Any time Anywhere) ലഭ്യമാക്കുവാനാണ് ലക്ഷ്യമിടുന്നത്.

(ബി) ആധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിടങ്ങൾ നിർമ്മിച്ച് പൊതുജനങ്ങൾക്കാവശ്യമായ സൗകര്യങ്ങൾകൂടി ഉൾപ്പെടുത്തി ഇ-ഗവേണൻസിന്റെ സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തി വില്ലേജ് ആഫീസിൽ നിന്നുള്ള സേവനങ്ങൾ ഏതുസമയത്തും എവിടെവച്ചും ലഭ്യമാക്കുന്നതിനുള്ള സൗകര്യങ്ങളാണ് ഒരുക്കുന്നത്.

(സി) വില്ലേജാഫീസുകളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള നടപടികൾ ഘട്ടംഘട്ടമായി സ്വീകരിച്ചുവരുന്നു. 2017-18 വർഷത്തിൽ 1500 ലക്ഷം രൂപയുടെ ഭരണാനുമതി ഇതിനായി നൽകി നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. 2018-19 വർഷത്തിൽ 1800 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഈ ഘട്ടത്തിൽ 50 വില്ലേജ് ഓഫീസുകൾകൂടി സ്മാർട്ടാക്കി മാറ്റാനും 100 വില്ലേജ് ഓഫീസുകളിൽ ഒരു അഡീഷണൽ മുറി നിർമ്മിക്കാനും 80 വില്ലേജ് ഓഫീസുകളിൽ അറ്റകുറ്റപ്പണികൾ നടത്താനും 80 വില്ലേജ് ഓഫീസുകൾക്ക് ചുറ്റുമതിൽ നിർമ്മിക്കാനും തീരുമാനിച്ചിട്ടുണ്ട്.

**റീസർവ്വേ പൂർത്തീകരിക്കുവാൻ നടപടി**

26 (*116) ശ്രീ. സി. മമ്മൂട്ടി :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധുനിക സങ്കേതങ്ങൾ ഉപയോഗിച്ചും സ്വകാര്യ ഏജൻസിക്ക് പുറംകരാർ നൽകിയും റീസർവ്വേ നടപടികൾ പൂർത്തീകരിക്കുവാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(സി) ഈ പദ്ധതിക്ക് കേന്ദ്ര സഹായം ലഭിക്കുമോ;

(ഡി) സർവ്വേ പൂർത്തീകരിക്കുന്നതോടൊപ്പം ഭൂരേഖകൾ ഡിജിറ്റലാക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): (എ) ഉണ്ട്. കേന്ദ്രസംസ്ഥാന സർക്കാർ അംഗീകൃത ഏജൻസികളുടെ സേവനം പ്രയോജനപ്പെടുത്തിയും സർവ്വേ സംബന്ധിച്ച് സാങ്കേതിക പരിജ്ഞാനം ഉള്ളവരെയും സർവ്വേ സ്കൂളിൽ നിന്ന് സർവ്വേ ട്രെയിനിംഗ് ലഭിച്ചവരെയും ഉൾപ്പെടുത്തിയും വാലിഡേഷൻ ജോലികൾ സർവ്വേ വകുപ്പിലെ നിലവിലുള്ള ഉദ്യോഗസ്ഥരെക്കൊണ്ട് നിർവ്വഹിപ്പിച്ചും സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വേ നടപ്പിലാക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകി ഉത്തരവായിട്ടുണ്ട്.

(ബി) പഠനം നടത്തിയിട്ടുണ്ട്. ഇത് നടപ്പിലാക്കുന്നത് സംബന്ധിച്ച് ലാൻഡ് റവന്യൂ കമ്മീഷണർ, സർവ്വേ ഡയറക്ടർ, സർവ്വേ അഡീഷണൽ ഡയറക്ടർ, റവന്യൂ ഐ.റ്റി. സെൽ നോഡൽ ഓഫീസർ, കേരള ലാൻഡ് ഇൻഫർമേഷൻ മിഷൻ പ്രോജക്ട് മാനേജർ എന്നിവരടങ്ങിയ സംഘം ഗുജറാത്ത് സംസ്ഥാനം സന്ദർശിക്കുകയും അവിടെ നടപ്പിലാക്കിയിട്ടുള്ള ഡിജിറ്റൽ ഇന്ത്യ ലാൻഡ് റിക്കാർഡ്സ് മോഡണൈസേഷൻ പ്രോഗ്രാം (DILRMP) സംബന്ധിച്ച് പഠനം നടത്തി സർക്കാരിന് റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഡിജിറ്റൽ ഇന്ത്യ ലാൻഡ് റിക്കാർഡ്സ് മൊഡണൈസേഷൻ പ്രോഗ്രാം (DILRMP) പ്രകാരം സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വേ പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ഇത് 100% കേന്ദ്രഫണ്ട് ഉപയോഗിച്ച് സംസ്ഥാനങ്ങളിൽ ഡിജിറ്റൽ സർവ്വേ നടത്താനായി വ്യവസ്ഥ ചെയ്തിട്ടുള്ള പദ്ധതിയാണ്. എന്നാൽ കേരളത്തിന്റെ ഭൂനിബന്ധതയും ഭൂപ്രകൃതിയുടെ പ്രത്യേകതമൂലവും ഇതിനായി കേന്ദ്രസർക്കാർ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാകുന്ന സാഹചര്യത്തിൽ കേന്ദ്ര സർക്കാർ അനുവദിക്കുന്ന തുകയേക്കാൾ അധികരിക്കുന്ന ചെലവ് സംസ്ഥാന സർക്കാർ വഹിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ഡി) ഡിജിറ്റൽ ഇന്ത്യ ലാൻഡ് റിക്കാർഡ്സ് മോഡണൈസേഷൻ പ്രോഗ്രാം (DILRMP) പ്രകാരം ആധുനിക സർവ്വേ ഉപകരണങ്ങളും സാങ്കേതികവിദ്യകളും ഉപയോഗിച്ച് ഭൂവിവര വ്യവസ്ഥ (GIS) അടിസ്ഥാനപ്പെടുത്തി ഭൂരേഖകൾ പൂർണ്ണമായും ഡിജിറ്റലാക്കി ഭൂപരിപാലനം ഏകജാല സംവിധാനത്തിലൂടെ നടപ്പിലാക്കുന്ന തരത്തിൽ സർവ്വേ പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

## കശുവണ്ടി മേഖലയിലെ മെച്ചപ്പെട്ട തൊഴിൽ സാഹചര്യം

27 (*117) <u>ശ്രീ. വി. ആർ. സുനിൽ കുമാർ</u> :
<u>ശ്രീ. ചിറ്റയം ഗോപകുമാർ</u> :
<u>ശ്രീ. ജി. എസ്. ജയലാൽ</u> :
<u>ശ്രീമതി സി. കെ. ആശ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി മേഖലയിൽ മെച്ചപ്പെട്ട തൊഴിൽ സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിന് ഈ സർക്കാർ കൈക്കൊണ്ട നടപടികൾ വിശദമാക്കുമോ;

(ബി) കശുവണ്ടിയുടെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) ആഫ്രിക്ക ഉൾപ്പെടെ വിദേശത്തുനിന്നും മെച്ചപ്പെട്ട ഗുണനിലവാരമുള്ള തോട്ടണ്ടി നേരിട്ട് ഇറക്കുമതി ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): (എ) പ്രവർത്തന മൂലധനത്തിന്റെ അഭാവംമൂലം അടഞ്ഞുകിടന്നിരുന്ന കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷനും കാപ്പെക്സും 2016 ഓണത്തിനുമുമ്പ് തുറന്നുപ്രവർത്തിപ്പിച്ചു. കാഷ്യൂ ഡെവലപ്മെന്റ് കോർപ്പറേഷന് കീഴിലുള്ള കാഷ്യൂ ഫാക്ടറികളിൽ തൊഴിൽ സാഹചര്യങ്ങൾ മെച്ചപ്പെടുത്തി നിയമപ്രകാരം നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കുന്നതിനും ഉൽപ്പാദനം മെച്ചപ്പെടുത്തുന്നതിനും ഫാക്ടറികളിൽ ഭാഗിക യന്ത്രവൽക്കരണം നടപ്പാക്കുന്ന തിനുമായി സമർപ്പിച്ച 40 കോടി രൂപയുടെ പദ്ധതി അംഗീകരിക്കുകയും തുക അനുവദിക്കുകയും ചെയ്തു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാഷ്യൂ കോർപ്പറേഷന് 2016-17-ൽ 60 കോടി രൂപയും 2017-18-ൽ 85.60 കോടി രൂപയും നൽകിയിട്ടുണ്ട്. കൂടാതെ കോർപ്പറേഷൻ ബാങ്കുകൾക്ക് നൽകാനുണ്ടായിരുന്ന കുടിശ്ശികയിനത്തിൽ 80 കോടി രൂപ ഒറ്റത്തവണയായി കൊടുത്തുതീർത്തു. ഫാക്ടറികൾ ആധുനികവൽക്കരിക്കുന്നതിനുള്ള നടപടികൾ കോർപ്പറേഷൻ സ്വീകരിക്കുകയാണ്.

കാപ്പെക്സിന് 2016-17-ൽ നാലുകോടി രൂപയും 2017-18-ൽ 24.55 കോടി രൂപയും 2018-19 -ൽ ഇതുവരെ 4 കോടിരൂപയും അനുവദിച്ചിട്ടുണ്ട്.

കോർപ്പറേഷൻ 2017-ൽ 1058 പുതിയ തൊഴിലാളികൾക്ക് നിയമനം നൽകിയിട്ടുണ്ട്. കാപ്പെക്സ് 1000 പേർക്കും നിയമനം നൽകിയിട്ടുണ്ട്.

(ബി) കേരളത്തിലെ വിവിധ വകുപ്പുകളുടെ കീഴിൽ തരിശ്ശായി കിടക്കുന്ന സ്ഥലങ്ങളിൽ ഗുണനിലവാരമുള്ള കശുമാവിൻ തൈകൾ കൃഷിചെയ്യുന്നതിനുള്ള നടപടികൾ സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി മുഖാന്തരം സ്വീകരിച്ചുവരുന്നു. പ്ലാന്റേഷൻ അടിസ്ഥാനത്തിൽ കൃഷി ചെയ്താൽ മാത്രമേ വിപുലമായ തോതിൽ കശുമാവ് കൃഷി സാധ്യമാക്കി ആഭ്യന്തരമായി തോട്ടണ്ടി ഉൽപ്പാദനം വർദ്ധിപ്പിക്കുവാൻ കഴിയൂ. സർക്കാർ അതിനുവേണ്ടി ശ്രമം നടത്തി വരികയാണ്. വനം വകുപ്പിന്റെ കീഴിലുള്ള കുറേയേറെ സ്ഥലങ്ങളിൽ ഇതിനകം കൃഷി ആരംഭിച്ചിട്ടുണ്ട്. വനം വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടത്തിയ ചർച്ചയെത്തുടർന്ന് താഴെ പറയുന്ന കാര്യങ്ങളിൽ അടിയന്തര നടപടി കൈക്കൊള്ളാനും തീരുമാനിച്ചിട്ടുണ്ട്:

1. വനം വകുപ്പിന്റെ കീഴിൽ അക്വേഷ്യ, യൂക്കാലി, മാഞ്ചിയം തുടങ്ങിയവ കൃഷി ചെയ്തുവരുന്ന 16,000 ഹെക്ടർ സ്ഥലത്ത് മാനേജ്മെന്റ് പ്ലാൻവ്യവസ്ഥ പ്രകാരം ഓരോ ഇനത്തിന്റേയും കാലാവധി തീരുന്ന മുറയ്ക്ക് കശുമാവ് കൃഷി ചെയ്യുന്ന കാര്യം പരിശോധിക്കുന്നതാണ്. ഇതിനായി നിലവിലുള്ള മരങ്ങളുടെ വാല്യുവേഷൻ നടപടികൾ അടിയന്തരമായി പൂർത്തിയാക്കുന്നതാണ്.

2. കെ.എഫ്.ഡി.സി.-യുടെ കീഴിലുള്ള പരമാവധി സ്ഥലങ്ങളിൽ കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതാണ്. ഇതിനായി പ്രത്യേക മീറ്റിംഗ് വിളിച്ചുകൂട്ടാൻ തീരുമാനിച്ചിരിക്കുകയാണ്.

3. വനം വകുപ്പിന്റെ സ്ഥലത്ത് കശുമാവ് കൃഷി വികസന ഏജൻസിയുടെ നേതൃത്വത്തിൽ മോഡൽ കാഷ്യൂ ഗാർഡൻ സ്ഥാപിക്കുന്നതാണ്.

4. വകുപ്പിന്റെ കീഴിലുള്ള 5000 ഹെ. സ്ഥലത്ത് കശുമാവ് കൃഷി ചെയ്യുന്നതിനായിരുന്നു തീരുമാനിച്ചിരുന്നത്. ഈ വർഷം അനുയോജ്യമായ 500 ഹെ.സ്ഥലം കണ്ടെത്തി അടിയന്തരമായി കൃഷി ആരംഭിക്കുന്നതാണ്.

5. പ്രായമേറിയ കശുമാവ് മുറിച്ച് മാറ്റി പകരം അത്യുൽപ്പാദനശേഷിയുള്ള പുതിയ ഇനം കശുമാവ് കൃഷി ചെയ്യുന്നതാണ്.

സ്വകാര്യ വ്യക്തികളുടെ തോട്ടങ്ങളിൽ എസ്റ്റേറ്റ് അടിസ്ഥാനത്തിൽ കശുമാവ് കൃഷി ചെയ്യുന്നതിന് ഭൂപരിഷ്കരണ നിയമപ്രകാരം ചില സാങ്കേതിക തടസ്സങ്ങൾ നിലനിൽക്കുന്നുണ്ട്. ആയത് കണ്ടെത്തി പരിഹാരം കാണുന്നതിന് അതാത് സ്ഥലത്തെ റവന്യൂ അധികാരികളിൽ നിന്നുള്ള റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക് തീരുമാനമെടുക്കാൻ റവന്യൂ വകുപ്പുമന്ത്രിയുമായി നടത്തിയ ചർച്ചയിൽ തീരുമാനമായിട്ടുണ്ട്.

കശുമാവ് കൃഷിയിൽ തൽപ്പരരായ കർഷകരെ കണ്ടെത്തി സൗജന്യമായി കശുമാവിൻ തൈകൾ നൽകുന്ന ചുവടെ ചേർക്കുന്ന പദ്ധതികൾ കെ.എസ്.എ.സി. സി. നടപ്പാക്കിവരുന്നു. പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. <u>കശുമാവ് പുതു കൃഷി</u>-ഇതിന്റെ ഭാഗമായി കശുമാവിൻ തൈകൾ സൗജന്യമായി നൽകുന്നതോടൊപ്പം തൈ ഒന്നിന് 60 രൂപ, രണ്ടാം കൊല്ലം നിബന്ധനകൾക്ക് വിധേയമായി ഒറ്റത്തവണ ധനസഹായം എന്നിവ നൽകുന്നു.

2. <u>കശുമാവ് തോട്ടം നിർമ്മാണം</u> - 2 ഹെക്ടറും അതിൽ കൂടുതലും കൃഷി ചെയ്യുന്നവർക്ക് കശുമാവിൻ തൈകൾ സൗജന്യമായി നൽകുന്നതോടൊപ്പം ഹെക്ടറിന് 13,000 രൂപ നിലം ഒരുക്കുന്നതിന് ധനസഹായമായി നൽകുന്നു.

(സി) ആഫ്രിക്കൻ രാജ്യങ്ങളിൽനിന്നും ഗവൺമെന്റ് ടു ഗവൺമെന്റ് ഇടപാടുകളിലൂടെ കശുവണ്ടി നേരിട്ട് ഇറക്കുമതി ചെയ്യാൻ കാഷ്യൂ ബോർഡ് ശ്രമം നടത്തിയെങ്കിലും വിജയിച്ചിട്ടില്ല. ആഗോളതലത്തിൽ എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് (EOI) അടിസ്ഥാനത്തിൽ കശുവണ്ടി സംഭരിക്കുന്നതിന് ശ്രമിച്ചെങ്കിലും പ്രതികരണം ആശാവഹമായിരുന്നില്ല. പ്രസ്തുത സാഹചര്യത്തിൽ ആഫ്രിക്കൻ രാജ്യങ്ങളിൽനിന്നും നേരിട്ട് ടെണ്ടർ ഫ്ളോട്ട് ചെയ്ത് കശുവണ്ടി വാങ്ങുന്നതിനുള്ള നടപടികൾ കാഷ്യൂ ബോർഡ് സ്വീകരിച്ചുവരുന്നു. ഈ വർഷംതന്നെ ടെണ്ടർ മുഖാന്തരം കേരള കാഷ്യൂബോർഡിന് ആഫ്രിക്കയിൽനിന്നും തോട്ടണ്ടി ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

**എഞ്ചിനീയറിംഗ് കോളേജുകളിലെ വിദ്യാഭ്യാസ നിലവാരം**

28 (*118) ശ്രീ. പി. ഉണ്ണി :

ശ്രീ. റ്റി. വി. രാജേഷ് :

ശ്രീ. ജോർജ് എം. തോമസ് :

ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിലെ വിദ്യാഭ്യാസ നിലവാരം ഉയർത്താൻ പദ്ധതിയുണ്ടോ; വിശദാംശം നൽകുമോ;

(ബി) അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയും അക്കാദമിക നിലവാരമില്ലായ്മയുംകൊണ്ട് നിരവധി സ്വാശ്രയ സ്വകാര്യ എഞ്ചിനീയറിംഗ് കോളേജുകളിൽ വിദ്യാർത്ഥികൾ പ്രവേശനം തേടുന്നില്ലെന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ ഭാവി കണക്കിലെടുത്ത് സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ കർശന പരിശോധന നടത്തി നിലവാരം ഉറപ്പാക്കാൻ സാങ്കേതികശാസ്ത്ര സർവകലാശാലയ്ക്ക് നിർദ്ദേശം നൽകുമോ;

(ഡി) സാങ്കേതിക വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തൽ പദ്ധതി (TEQIP) പ്രകാരം എഞ്ചിനീയറിംഗ് കോളേജുകൾക്ക് സ്വയം ഭരണാധികാരം നൽകണമെന്ന കേന്ദ്ര സർക്കാർ നിബന്ധന സംസ്ഥാനത്തെ എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തിന്റെ നിലവാരത്തെ പ്രതികൂലമായി ബാധിക്കാനിടയുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഇ) സിലബസിലും പഠനരീതിയിലും കാലികമായ മാറ്റം വരുത്താൻ വേണ്ട ഇടപെടൽ നടത്താൻ സാങ്കേതികശാസ്ത്ര സർവകലാശാലയ്ക്ക് സാധ്യമാകുന്നുണ്ടോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): (എ) ഉണ്ട്. സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിലെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി, എ. പി. ജെ. അബ്ദുൾകലാം ശാസ്ത്ര സാങ്കേതിക സർവ്വകലാശാല, എഞ്ചിനീയറിംഗ് കോളേജുകളിലെ അക്കാദമികവും പാഠ്യേതര പ്രവർത്തനങ്ങളും വിലയിരുത്തുന്നതിനായി എല്ലാ സെമസ്റ്ററുകളിലും അക്കാദമിക് ഓഡിറ്റിംഗ് നടത്തുകയും പാഠ്യേതര വിഷയങ്ങളിൽ കാലാനുസൃതമായ മാറ്റങ്ങൾ ഉൾപ്പെടുത്തി സിലബസ് പരിഷ്കരണം നടത്തുകയും ചെയ്തിട്ടുണ്ട്. കോളേജുകളിൽ പാഠ്യപദ്ധതിയുടെ ഭാഗമായിത്തന്നെ വിദ്യാർഥികളുടെ ശേഷി വികസിപ്പിക്കുന്നതിനും തൊഴിൽ നേടുവാൻ പ്രാപ്തരാക്കുന്നതിനുമായി വിവിധ Soft Skill Development Programmes ഉൾപ്പെടുത്തിയിട്ടുണ്ട്. സംരംഭകത്വ പ്രോത്സാഹനത്തിനായി പ്രത്യേക സ്റ്റാർട്ട് അപ്പ് നയം സർവ്വകലാശാല പുറത്തിറക്കിയിട്ടുണ്ട്. സംരംഭകത്വ പ്രവർത്തനത്തിൽ ഏർപ്പെടുന്ന വിദ്യാർഥികൾക്ക് ഒരു വർഷം അവധി അനുവദിക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ മേഖലയിലെ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി സർക്കാർ സഹായത്തോടെ തെരഞ്ഞെടുത്ത 20 കോളേജുകളിൽ ഫാബ് ലാബ് സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ കേരള സ്റ്റാർട്ട് അപ്പ് മിഷനുമായും അസാപുമായും സഹകരിച്ചുകൊണ്ട് സർവ്വകലാശാല ശേഷി വികസനത്തിനായി വിവിധ പദ്ധതികൾ വിഭാവന ചെയ്തുവരുന്നു. പഠന പ്രക്രിയയുടെ നിലവാരം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി അധ്യാപകർക്കാവശ്യമായ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതോടൊപ്പം ഉയർന്ന യോഗ്യത നേടാനും ദേശീയ/അന്തർദ്ദേശീയ സെമിനാറുകളിലും വർക്ക് ഷോപ്പുകളിലും പങ്കെടുക്കാനും വേണ്ട സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. 2018-19-ൽ സംസ്ഥാനത്തെ എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും ഇന്റർ ഡിസിപ്ലിനറി ഗവേഷണ കേന്ദ്രങ്ങൾ സ്ഥാപിക്കാനുദ്ദേശിക്കുന്നു. ഉന്നത സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ദേശീയതലത്തിൽ അക്രെഡിറ്റേഷൻ നേടിയെടുക്കാനുള്ള പ്രവർത്തനങ്ങളിലും ശ്രദ്ധ നൽകുന്നുണ്ട്.

(ബി) എ.പി.ജെ. അബ്ദുൾകലാം ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള എഞ്ചിനീയറിംഗ് കോളേജുകളിൽ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത അനുഭവപ്പെടുന്നില്ല. എന്നാൽ, എഞ്ചിനീയറിംഗ് മേഖലയിലെ തൊഴിലില്ലായ്മ കാരണം വിദ്യാർത്ഥി പ്രവേശനത്തിൽ താത്ക്കാലിക കുറവ് അനുഭവപ്പെടുന്നുണ്ട്.

(സി) എ. പി. ജെ. അബ്ദുൾകലാം ശാസ്ത്ര സാങ്കേതിക സർവ്വകലാശാല 2015-ൽ പ്രവർത്തനം ആരംഭിച്ചതുമുതൽ അഫിലിയേഷൻ നൽകുന്നതിനു മുന്നോടിയായി അക്കാദമികവും ഭൗതികവുമായ സാഹചര്യം വിലയിരുത്തുന്നതിന് ഇ.വി.സി. (Expert Visit Committee) രൂപീകരിക്കുകയും ഇതു സംബന്ധിച്ച വിലയിരുത്തൽ നടത്തുകയും ചെയ്യാറുണ്ട്. അതോടൊപ്പം, അക്കാദമികവും പാഠ്യേതര പ്രവർത്തനങ്ങളും വിലയിരുത്തുന്നതിനായി എല്ലാ സെമസ്റ്ററുകളിലും അക്കാദമിക് ഓഡിറ്റിംഗും നടത്തിവരുന്നു.

(ഡി) എഞ്ചിനീയറിംഗ് കോളേജുകൾക്ക് സ്വയംഭരണം നൽകണമെന്ന കേന്ദ്ര സർക്കാർ നിബന്ധന സംസ്ഥാനത്തെ എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തെ എങ്ങനെ ബാധിക്കുമെന്നത് സംബന്ധിച്ച് വകുപ്പ് തലത്തിൽ പഠനം നടത്തിയിട്ടില്ല. എ.പി.ജെ. അബ്ദുൾകലാം ശാസ്ത്ര സാങ്കേതിക സർവ്വകലാശാല എഞ്ചിനീയറിംഗ് കോളേജുകൾക്ക് സ്വയംഭരണാധികാരം നൽകിയിട്ടില്ല.

(ഇ) ഉണ്ട്. വർദ്ധിച്ചുവരുന്ന തൊഴിൽ സാധ്യത കണക്കിലെടുത്ത് നിർമ്മിത ബുദ്ധി, ത്രീ ഡി പ്രിൻറിംഗ്, റോബോട്ടിക്സ് തുടങ്ങിയ നൂതന സാങ്കേതികവിദ്യകൾ പ്രയോഗിക്കാനുള്ള അടിസ്ഥാന തത്വങ്ങൾ അതത് എഞ്ചിനീയറിംഗ് ശാഖകളിലെ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രോജക്ട്, മിനിപ്രോജക്ട്, സെമിനാർ, വർക്ക്ഷോപ്പ് തുടങ്ങിയ മേഖലകളിൽ വിദ്യാർത്ഥികൾ അവരുടെ നൈപുണ്യം തെളിയിക്കുന്നതിനുള്ള അവസരം നൽകുന്നുണ്ട്. വിദ്യാഭ്യാസ മേഖലയിൽ നൂതന സാങ്കേതികവിദ്യയിൽ നൈപുണ്യം നേടിയ വിചക്ഷണന്മാരുമായി സംവദിക്കാനുള്ള അവസരങ്ങളും വിദ്യാർത്ഥികൾക്ക് ലഭ്യമാക്കാറുണ്ട്. തുടർപരിശീലനത്തിനായി സർക്കാർതലത്തിലുള്ള സ്റ്റാർട്ടപ്പ്, അസാപ് തുടങ്ങിയ സ്ഥാപനങ്ങളും അവസരങ്ങൾ നൽകുന്നുണ്ട്. ക്യാമ്പസ് സെലക്ഷൻപോലുള്ള വേദികളിൽ വിദ്യാർത്ഥികൾക്ക് തൊഴിലവസരങ്ങളും ലഭിക്കുന്നുണ്ട്.

## പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ തൊഴിലും ജീവിതവും സംരക്ഷിക്കുന്നതിന് നടപടി

29 (*119) ശ്രീ. റോജി എം. ജോൺ :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മതിയായ രേഖകളില്ലാതെ മത്സ്യബന്ധനം നടത്തുന്ന ട്രോളറുകളും കപ്പൽ ചാൽ വിട്ട് സഞ്ചരിക്കുന്ന കപ്പലുകളും പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ജീവന് ഭീഷണി ആകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉൾക്കടലിൽ മത്സ്യബന്ധനം നടത്തുന്ന ട്രോളറുകളും നിരോധിത പെലാജിക് ട്രോളിംഗും പഴ്സീൻ വലകൾ ഉപയോഗിച്ച് നടത്തുന്ന മത്സ്യബന്ധനവും പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മത്സ്യം കിട്ടാത്ത അവസ്ഥ സംജാതമാക്കിയിട്ടുണ്ടോ;

(സി) ഓഖി ദുരന്തത്തിനുശേഷം കാലാവസ്ഥ നിരീക്ഷണകേന്ദ്രം നൽകുന്ന മുന്നറിയിപ്പുകളും കടലിന്റെ പ്രക്ഷുബ്ധാവസ്ഥയും മത്സ്യബന്ധനമേഖലയിൽ ഉണ്ടാക്കിയിട്ടുള്ള തൊഴിലില്ലായ്മ കാരണം മത്സ്യത്തൊഴിലാളികൾ ബുദ്ധിമുട്ടിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ തൊഴിലും ജീവിതവും സംരക്ഷിക്കുന്നതിന് എന്ത് നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): (എ) കേരളത്തിന്റെ കടൽത്തീരത്ത് 12 നോട്ടിക്കൽ മൈലിനുള്ളിൽ ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ EEZ-ൽ കപ്പൽ ഇടിച്ചുണ്ടാകുന്ന അപകടങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ട്രോളറുകളുടെ രജിസ്ട്രേഷൻ, ഫിഷിംഗ് ലൈസൻസ് എന്നിവ സംബന്ധിച്ച് മറൈൻ എൻഫോഴ്സ്മെന്റും EEZ-ൽ കോസ്റ്റ് ഗാർഡും പരിശോധന നടത്തുകയും മതിയായ രേഖകളില്ലാത്ത ട്രോളറുകൾ ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിക്കുകയും ചെയ്യുന്നതിനാൽ സമീപകാലത്ത് രേഖകളില്ലാത്ത ട്രോളറുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഉൾക്കടലിൽ നിയമാനുസൃതം നടത്തുന്ന ട്രോളിംഗ്മൂലവും ഉൾക്കടലിലെ പഴ്സീൻ ഉപയോഗിച്ചുള്ള മത്സ്യബന്ധനംമൂലവും പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ മത്സ്യലഭ്യതയിൽ കുറവുണ്ടാകുകയില്ല. പരമ്പരാഗത മത്സ്യബന്ധനം നടക്കുന്നത് ഭൂരിഭാഗവും കേരളത്തിന്റെ അധികാരപരിധിയായ 12 നോട്ടിക്കൽ മൈലിനുള്ളിലാണ്. പെലാജിക് ട്രോളിംഗ് അനുവദനീയമല്ല. പെലാജിക് ട്രോളിംഗ് ശ്രദ്ധയിൽപ്പെട്ടാൽ അത്തരം യാനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതിനാൽ അത്തരം മത്സ്യബന്ധനം നിയന്ത്രിക്കാൻ സാധിച്ചിട്ടുണ്ട്.

(സി) ഓഖി ദുരന്തത്തിനുശേഷം കാലാവസ്ഥാ നിരീക്ഷണകേന്ദ്രം നൽകുന്ന മുന്നറിയിപ്പുകളും കടലിന്റെ പ്രക്ഷുബ്ധാവസ്ഥയും കൃത്യമായും മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കുന്നുണ്ട്. കടൽ കൂടുതൽ പ്രക്ഷുബ്ധമാകുന്ന ദിവസങ്ങളിൽ മാത്രമാണ്

കടലിൽ പോകരുതെന്ന് നിർദ്ദേശിക്കുന്നത്. ഇങ്ങനെ തൊഴിൽ ദിനങ്ങളിൽ ചെറിയ കുറവ് വന്നാലും തുടർന്നുള്ള ദിവസങ്ങളിൽ മെച്ചപ്പെട്ട രീതിയിൽ മത്സ്യം ലഭിക്കുന്നതിനാൽ അതൊരു ബുദ്ധിമുട്ടായി മത്സ്യത്തൊഴിലാളികളിൽനിന്നും പരാതിയായി ലഭിച്ചിട്ടില്ല.

(ഡി) കടലിൽ മത്സ്യബന്ധനത്തിനുപോകുന്ന മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷിതമായി നിർഭയം തൊഴിൽ ചെയ്യുന്നതിന് സഹായകമായ ലൈഫ് ജാക്കറ്റുകൾ നൽകുന്നതിനുള്ള പദ്ധതിക്ക് ഭരണാനുമതി നൽകുകയും അതനുസരിച്ച് ടെണ്ടർ നടപടികൾ സ്വീകരിച്ച് വരികയുമാണ്. കാലാവസ്ഥാ വ്യതിയാനങ്ങളും മറ്റ് അപകടങ്ങളും സംബന്ധിച്ച് കടലിൽ 1500 കി.മീറ്റർ അകലെ വരെ മത്സ്യത്തൊഴിലാളികൾക്ക് മുന്നറിയിപ്പ് നൽകാൻ കഴിയുന്ന 'നാവിക്' ഉപകരണം ISRO യുടെ സഹായത്തോടുകൂടി വികസിപ്പിച്ചെടുത്തിട്ടുണ്ട്. കെൽട്രോൺ വഴി വ്യാവസായിക അടിസ്ഥാനത്തിൽ അവ നിർമ്മിച്ച് എല്ലാ മത്സ്യത്തൊഴിലാളികൾക്കും നൽകുന്നതിന് ഉദ്ദേശിക്കുന്നു. കടലിൽ പോകുമ്പോഴും തിരികെ വരുമ്പോഴും യാനങ്ങളുടെയും അതിലെ തൊഴിലാളികളുടെയും വിവരങ്ങൾ രേഖപ്പെടുത്താൻ കഴിയുന്ന 'സാഗര' എന്ന ആൻഡ്രോയിഡ് മൊബൈൽ ആപ്ലിക്കേഷൻ NIC-യുടെ സഹായത്തോടെ വികസിപ്പിച്ചെടുക്കുകയും അത് നടപ്പിലാക്കി തുടങ്ങുകയും ചെയ്തിട്ടുണ്ട്. മത്സ്യമേഖലയുടെ സമഗ്ര വികസനം ലക്ഷ്യംവെച്ച് 2000 കോടി രൂപയുടെ ഒരു സ്പെഷ്യൽ പാക്കേജ് പ്രഖ്യാപിക്കുകയും ആയതിന് DPR തയ്യാറാക്കുന്ന പ്രവൃത്തി നടന്നുകൊണ്ടിരിക്കുകയുമാണ്. ഓഖി ദുരന്തത്തിൽ പൂർണ്ണമായും ഭാഗികമായും നാശനഷ്ടങ്ങൾ സംഭവിച്ച മുഴുവൻ മത്സ്യബന്ധന യാനങ്ങൾക്കും അവയ്ക്കുണ്ടായ നഷ്ടങ്ങൾക്ക് ആനുപാതികമായ തുക നഷ്ടപരിഹാരമായി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**റീ-സർവ്വേ സമയബന്ധിതമായി തീർപ്പാക്കുന്നതിന് ക്രമീകരണങ്ങൾ**

30 (*120) <u>ശ്രീ. കെ. രാജൻ</u> :
<u>ശ്രീ. മുല്ലക്കര രത്നാകരൻ</u> :
<u>ശ്രീ. ഇ. കെ. വിജയൻ</u> :
<u>ശ്രീമതി ഗീതാ ഗോപി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാർ മരവിപ്പിച്ചിരുന്ന റീ-സർവ്വേ പ്രവർത്തനങ്ങൾ പുനരാരംഭിച്ചതിനുശേഷമുള്ള പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) റീ-സർവ്വേ സമയബന്ധിതമായി തീർപ്പാക്കുന്നതിന് എന്തൊക്കെ ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് എന്നറിയിക്കുമോ;

(സി) റീ-സർവ്വേയുമായി ബന്ധപ്പെട്ട പരാതികളിൽ കാലതാമസം കൂടാതെ തീർപ്പുകല്പിക്കുന്നതിന് ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ടോ;

(ഡി) പ്രസ്തുത പരാതികളിൽ തീർപ്പുകല്പിക്കുന്നതിന് ഭരണതലത്തിലും ഉദ്യോഗസ്ഥതലത്തിലും പുനക്രമീകരണം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): (എ) സംസ്ഥാനത്ത് നിജപ്പെടുത്തിയിരുന്ന സർവ്വേ പ്രവർത്തനങ്ങൾ പുനസ്ഥാപിച്ചതിന് ശേഷം കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ്ഗ് താലൂക്കിൽ പൈലറ്റടിസ്ഥാനത്തിൽ ആരംഭിച്ച 10 വില്ലേജുകളുടെ ഡിജിറ്റൽ സർവ്വേ ഉൾപ്പെടെ 19 വില്ലേജുകളുടെ റീ-സർവ്വേ വർക്കുകൾ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. നിലവിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിൽ നിന്നുമായി 32 വില്ലേജുകളുടെ ഡിജിറ്റൽ സർവ്വേപ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

(ബി) സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 903 വില്ലേജുകളുടെ റീസർവ്വേ പ്രവർത്തനങ്ങൾ പൂർത്തിയാക്കി റിക്കോർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. ശേഷിക്കുന്ന വില്ലേജുകളുടെ റീ-സർവ്വേ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് വകുപ്പിന്റെ മാനവശേഷി അപര്യാപ്തമായ സാഹചര്യത്തിൽ കേന്ദ്ര/സംസ്ഥാന സർക്കാർ അംഗീകരിച്ചിട്ടുള്ള ഏജൻസികൾ മുഖേന നിർവ്വഹിക്കുന്നതിന് അനുവാദം നൽകി ഉത്തരവായിട്ടുണ്ട്. ഇതിന്മേലുള്ള തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഉണ്ട്. റീ-സർവ്വേയുമായി ബന്ധപ്പെട്ട പരാതികൾ ഉൾപ്പെടെ എൽ.ആർ.എം. മുഖേന ലഭിക്കുന്ന എല്ലാ അപേക്ഷകളും സമയബന്ധിതമായി തീർപ്പാക്കുന്നതിനായി സർവ്വേ അതിരടയാള നിയമം 1964-ലെ റൂൾ 24, 36, 61 എന്നിവയിൽ ഭേദഗതി വരുത്തിയിട്ടുണ്ട്.

(ഡി) റീ-സർവ്വേ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുള്ള വില്ലേജുകളിൽ ഭൂമി സംബന്ധമായ പരാതികളിന്മേൽ നടപടി സ്വീകരിക്കേണ്ട ചുമതല, സർവ്വേ-ഭൂരേഖകളുടെ പരിപാലനം, സംരക്ഷണം, എൽ.ആർ.എം. വിഭാഗത്തിലെ ജീവനക്കാരുടെ ഭരണപരവും ജോലി സംബന്ധവുമായ നിയന്ത്രണം എന്നിവ തഹസിൽദാർ (ഭൂരേഖ)-യ്ക്ക് നൽകുകയും എൽ.ആർ.എം. പരാതികളിലെ വിസ്തീർണ്ണ വ്യത്യാസം അതിർത്തി മാറ്റം എന്നിവയിൽ പരിശോധനയ്ക്കും അംഗീകാരത്തിനും ജില്ലാ സർവ്വേ സൂപ്രണ്ടുമാർക്കുണ്ടായിരുന്ന അധികാരം എൽ.ആർ.എം. ഹെഡ് സർവ്വേയർക്ക് നൽകിയും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവിനാൽ എൽ.ആർ.എം.

പരാതിപരിഹാര നടപടികളിൽ ഒരു തട്ട് ഒഴിവാക്കുകയും കാലതാമസത്തിനുള്ള സാഹചര്യം ഒഴിവാക്കുകയും ചെയ്തിട്ടുള്ളതാണ്. നിലവിൽ എൽ.ആർ.എം. പരാതി പരിഹാര നടപടികൾ താലൂക്ക് ഓഫീസിൽ തന്നെ പൂർത്തിയാക്കാൻ കഴിയുന്നതാണ്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ഒടുവള്ളിത്തട്ട്-നടുവിൽ-കുടിയാൻമല റോഡ്

1(1197) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ ഒടുവള്ളിത്തട്ട്-നടുവിൽ-കുടിയാൻമല റോഡ് സെൻട്രൽ റോഡ് ഫണ്ട് സ്കീമിൽപ്പെടുത്തി അനുവദിച്ച തുകയിൽ ഉൾപ്പെടുത്തി പ്രസ്തുത റോഡിലെ പുലികുരുമ്പ മുതൽ കുടിയാൻമല വരെ വീതി കൂട്ടി ടാർ ചെയ്യാനും പുലികുരുമ്പ-പുറഞ്ഞാൽ റോഡ് നവീകരിക്കുവാനും എം.എൽ.എ നൽകിയ നിവേദനത്തിൽ എന്തുനടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ;

(ബി) സെൻട്രൽ റോഡ് ഫണ്ട് സ്കീമിൽ ഈ റോഡിന് അനുവദിച്ചത് എത്ര രൂപയാണെന്നും ടെൻഡർ ചെയ്ത് വർക്ക് അവാർഡ് ചെയ്തത് എത്ര രൂപയാണെന്നും ഈയിനത്തിൽ സേവിംഗ്സ് എത്ര രൂപയാണെന്നും വെളിപ്പെടുത്തുമോ;

(സി) ഈ സേവിംഗ്സ് തുക വിനിയോഗിക്കാത്ത പക്ഷം സംസ്ഥാനത്തിന് നഷ്ടപ്പെടുമെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിലെ ഒടുവള്ളിത്തട്ട്-നടുവിൽ-കുടിയാൻമല റോഡ് സെൻട്രൽ റോഡ് ഫണ്ട് സ്കീമിൽപ്പെടുത്തി അനുവദിച്ച തുകയിൽ ഉൾപ്പെടുത്തി പ്രസ്തുത റോഡിന് MLA നൽകിയ നിവേദനത്തിൽ ആവശ്യപ്പെട്ട മാറ്റങ്ങൾ CRF മാനദണ്ഡങ്ങളിൽനിന്ന് ചെയ്യുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

(ബി) സെൻട്രൽ റോഡ് ഫണ്ട് സ്കീമിൽ ഈ റോഡിന് കണ്ടിജൻസി ചാർജസ്, ക്വാളിറ്റി കൺട്രോൾ ചാർജസ്, വർക്ക് എസ്റ്റാബ്ലിഷ്മെന്റ് ചാർജസ് ഉൾപ്പെടെ ആകെ 27.246 കോടി രൂപയാണ് അനുവദിച്ചത്. പ്രസ്തുത പ്രവൃത്തിയുടെ അടങ്കൽ തുക 25,79,72,219 രൂപയും ടെണ്ടർ ചെയ്ത് വർക്ക് അവാർഡ് ചെയ്തത് 22,29,27,687 രൂപയുമാണ്. ഈയിനത്തിൽ ടെണ്ടർ സേവിംഗ്സ് 3,50,44,532 രൂപയാണ്.

(സി) ചെലവാകുന്ന തുകയ്ക്ക് utilization certificate സമർപ്പിക്കുമ്പോൾ മാത്രം തുക റീ-ഇംപേഴ്സ് ചെയ്ത് തരുന്ന രീതിയായതിനാൽ തുക നഷ്ടമാകുന്നില്ല. കൂടാതെ പദ്ധതിയ്ക്ക് അനുമതി ലഭിച്ച തുകയേക്കാൾ കുറവിൽ പൂർത്തീകരിച്ചാൽ അതുമൂലമുള്ള സേവിംഗ്സ് ഭാവിയിലുള്ള പ്രവൃത്തികളുടെ അനുമതിക്ക് ഉപയോഗമാകുന്നതാണ്.

**എസ്.എൽ.ടി.എഫ്.-ൽ അനുവദിച്ച പ്രവൃത്തികൾ**

2 (1198) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ 2016-17, 2017-18 വർഷങ്ങളിൽ സ്റ്റേറ്റ് ലെവൽ ടാസ്ക് ഫോഴ്സ്- ൽ (എസ്. എൽ. ടി. എഫ്.) അനുവദിച്ചിട്ടുള്ള എസ്.ആർ., ഒ.ആർ., ആർ.പി. വർക്കുകൾ ഏതെല്ലാമെന്നും, ഓരോ വർക്കിനും അനുവദിച്ചിട്ടുള്ള തുക എത്രയെന്നും വിശദമാക്കാമോ;

(ബി) ഇതിൽ എത്ര പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടെന്നും എത്ര പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കാമോ;

(സി) ഇനിയും തുടങ്ങിയിട്ടില്ലാത്ത പ്രവൃത്തികൾക്ക് കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) മുഴുവൻ പ്രവൃത്തികളും സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) കോതമംഗലം മണ്ഡലത്തിൽ 2016-17, 2017-18 വർഷങ്ങളിൽ സ്റ്റേറ്റ് ലെവൽ ടാസ്ക് ഫോഴ്സിൽ (എസ്.എൽ.ടി.എഫ്.) അനുവദിച്ചിട്ടുള്ള എസ്.ആർ., ഒ.ആർ., ആർ.പി. വർക്കുകളും ഓരോ വർക്കിനും അനുവദിച്ചിട്ടുള്ള തുകയും പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും ഉൾപ്പെട്ട ലിസ്റ്റ് അനുബന്ധമായി* ചേർക്കുന്നു.

(ഡി) മുഴുവൻ പ്രവൃത്തികളും സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മലയോര ഹൈവേയുടെ നിർമ്മാണ പുരോഗതി

3 (1199) ശ്രീ. കെ. മുരളീധരൻ :

ശ്രീ. സണ്ണി ജോസഫ് :

ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര ഹൈവേയുടെ നിർമ്മാണ പുരോഗതി വിശദമാക്കുമോ; പ്രസ്തുത ഹൈവേയ്ക്ക് 2017 ജൂലൈയിൽ തത്വത്തിൽ ഭരണാനുമതി നൽകിയശേഷം ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ആദ്യഘട്ടത്തിൽ മലയോര ഹൈവേയുടെ ഏതൊക്കെ പദ്ധതികൾക്കാണ് അംഗീകാരം നൽകിയത്; പ്രസ്തുത പദ്ധതികൾക്ക് സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ടോ;

(സി) സാങ്കേതികാനുമതി നൽകിയ പ്രവൃത്തികളുടെ ടെൻഡർ നടപടികൾ പൂർത്തിയായിട്ടുണ്ടോ; എങ്കിൽ ഏത് സ്ഥാപനത്തിനാണ് ടെൻഡർ നൽകിയത് ;

(ഡി) മലയോര ഹൈവേയുടെ അലൈൻമെന്റ് തീരുമാനിച്ചോ; എങ്കിൽ വിശദാംശം നൽകുമോ?

### ഉത്തരം

(എ) മലയോര ഹൈവേയുടെ നിർമ്മാണത്തിന് 10-7-2017-ലെ G.O (Rt.) No. 942/2017/PWD നമ്പർ പ്രകാരം തത്ത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതേതുടർന്ന് ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ച് വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കി 584.799 കി.മീ. നീളം വരുന്ന 22 പദ്ധതികൾ അംഗീകാരത്തിനായി കിഫ്ബിക്ക് സമർപ്പിച്ചു. മറ്റ് പദ്ധതികളുടെ ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഇതുവരെ 294.877 കി.മീ നീളം വരുന്ന 11 പദ്ധതികൾക്ക് കിഫ്ബി 878.49 കോടി രൂപയുടെ സാമ്പത്തിക അംഗീകാരം നൽകിയിട്ടുണ്ട്. ഇതിൽ 110.995 കി.മീ. വരുന്ന 4 പദ്ധതികൾക്ക് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. ലിസ്റ്റ് അനുബന്ധമായി* ചേർത്തിരിക്കുന്നു.

(സി) സാങ്കേതികാനുമതി നൽകിയ 4 പ്രവൃത്തികൾക്ക് ഇതിനകം ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. ടെണ്ടർ അംഗീകരിച്ച് സെലക്ഷൻ നോട്ടീസ് അയയ്ക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) G.O.(Ms.) No. 44/2009/PWD എന്ന സർക്കാർ ഉത്തരവ് പ്രകാരം മലയോര ഹൈവേയുടെ അലൈൻമെന്റ് അംഗീകരിച്ചിട്ടുണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

## ജൻഡർ ബഡ്ജറ്റ്

4 (1200) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുമരാമത്ത് വകുപ്പിൽ ജൻഡർ ബഡ്ജറ്റിന്റെ ഭാഗമായി 2017-18-ൽ ഭരണാനുമതി നൽകിയ പദ്ധതികൾ ഏതൊക്കെയാണ്; വിശദാംശം നൽകുമോ?

ഉത്തരം

(എ) അനുബന്ധമായി* ചേർത്തിട്ടുണ്ട്.

## അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ

5 (1201) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാവിയിൽ ഇരുപത് വർഷംകൊണ്ട് നടക്കേണ്ട അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ ഇപ്പോൾ നടത്തുക എന്ന വികസന തന്ത്രത്തിന്റെ അടിസ്ഥാനത്തിൽ കിഫ്ബി വഴി നടപ്പാക്കുന്ന പദ്ധതികൾ കാര്യക്ഷമമായും സമയബന്ധിതമായും നിർവ്വഹിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; അവയിൽ പ്രധാന പ്രവൃത്തികൾ ഏതൊക്കെയെന്ന് അറിയിക്കാമോ;

(ബി) കിഫ്ബിയുടെ അംഗീകാരം ലഭിച്ച മലയോര ഹൈവേയുടെ പ്രവർത്തന പുരോഗതി അറിയിക്കാമോ;

(സി) നിശ്ചിത കാലാവധിക്കുമുമ്പേ പൂർത്തീകരിച്ച പന്തളം പാലം, ഏനാത്ത് പാലം എന്നിവ കൂടാതെ ഈ സർക്കാർ അധികാരത്തിലെത്തിയശേഷം പൂർത്തീകരിച്ച പ്രധാന പ്രവൃത്തികൾ ഏതൊക്കെയെന്ന് അറിയിക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) കിഫ്ബി വഴി നടപ്പാക്കുന്ന റോഡുപദ്ധതികൾ അടിസ്ഥാന സൗകര്യ മേഖലയിലെ Signature Projects ആക്കുന്നതിന്റെ ഭാഗമായി നടപ്പാതകൾ, സൈക്കിൾ ട്രാക്ക്, സൈൻ ബോർഡുകൾ സ്ഥാപിക്കൽ, ആധുനിക സൗകര്യങ്ങളുള്ള കാത്തിരിപ്പുകേന്ദ്രങ്ങൾ, റിഫ്രഷ്മെന്റ് കേന്ദ്രങ്ങൾ, വൈഫൈ സൗകര്യം, സോളാർ ലൈറ്റുകൾ, പാർക്കിംഗ് ഏരിയകൾ എന്നിവകൂടി ഉൾപ്പെടുത്തി വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നതിന് ബന്ധപ്പെട്ട എസ്.പി.വി.-കൾക്ക് നിർദ്ദേശം നൽകാൻ തീരുമാനിച്ചിട്ടുണ്ട്.

കിഫ്ബി വഴി നടപ്പിലാക്കുന്ന പൊതുമരാമത്ത് ദേശീയ പാതാ വിഭാഗത്തിന്റെ അധീനതയിലുള്ള പദ്ധതികളുടെ വിശദ വിവരങ്ങളും* കേരളാ റോഡ് ഫണ്ട് ബോർഡ് (KRFB), ആർ.ബി.ഡി.സി.കെ. തുടങ്ങി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) മുഖാന്തരം നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദവിവരങ്ങളും അനുബന്ധമായി* ചേർക്കുന്നു.

(ബി) അടിസ്ഥാന സൗകര്യ വികസന ചരിത്രത്തിൽ പുതുവിസ്മയ മാവുകയാണ് മലയോര ഹൈവേ. കിഫ്ബി എക്സിക്യൂട്ടീവ് യോഗങ്ങളിൽ 451 കോടി രൂപ കൂടി അനുവദിച്ചതോടെ പതിനേഴ് റീച്ചുകൾക്കായി ആകെ 1426 കോടി രൂപയ്ക്ക് അനുവാദമായി. പല റീച്ചുകൾക്കും സാങ്കേതികാനുമതി നൽകി ടെണ്ടർ ഘട്ടത്തിലേയ്ക്ക് കടന്നിട്ടുണ്ട്. റോഡ് വികസനത്തിനുള്ള ഭൂമി ജനങ്ങൾ സ്വമേധയാ വിട്ടുനൽകിയിട്ടുണ്ട്. പാറശാല, വാമനപുരം-അരുവിക്കര, പുനലൂർ-ചടയമംഗലം, പീരുമേട്, ഇടുക്കി, നിലമ്പൂർ-വണ്ടൂർ, നാദാപുരം,നിലമ്പൂർ, നിലമ്പൂർ-ഏറനാട് തിരുവമ്പാടി, കൽപ്പറ്റ, മഞ്ചേശ്വരം, കാഞ്ഞങ്ങാട്-തൃക്കരിപ്പൂർ, കാസർഗോഡ്-ഉദുമ തുടങ്ങി 17 റീച്ചുകൾക്കാണ് 1426 കോടി രൂപയുടെ അംഗീകാരം ലഭിച്ചത്. 1200 കിലോമീറ്റർ നീളത്തിലാണ് ഹിൽ ഹൈവേ നിർമ്മാണം, ആദ്യഘട്ടത്തിൽ 650 കിലോമീറ്റർ, അതിൽ 430 കിലോമീറ്ററിനും കിഫ്ബി അംഗീകാരമായി. അങ്ങനെ കേരളത്തിലെ ഏറ്റവും ബൃഹത്തായ അടിസ്ഥാന സൗകര്യ വികസന പദ്ധതി ഉടൻ നിർമ്മാണ ഘട്ടത്തിലേയ്ക്ക് പ്രവേശിക്കുന്നതാണ്.

(സി) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം പൂർത്തീകരിച്ച പ്രധാന പ്രവൃത്തികൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**ദേശീയപാത വികസനത്തിനായി കുമാരനാശാൻ സ്മാരകത്തിന്റെ സ്ഥലം ഏറ്റെടുക്കൽ**

6 (1202) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർത്തല മുതൽ കഴക്കൂട്ടം വരെയുള്ള ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് തോന്നക്കൽ കുമാരനാശാൻ സ്മാരകത്തിന്റെ സ്ഥലം ഏറ്റെടുക്കുന്നുണ്ടോ; എങ്കിൽ എത്ര സെന്റ് സ്ഥലമാണ് റോഡ് വികസനത്തിനായി ഏറ്റെടുക്കുന്നത്;

(ബി) ഈ സ്ഥലം ഏറ്റെടുക്കുന്നതുമൂലം കാനായി കുഞ്ഞിരാമൻ നിർമ്മിച്ച ശില്പങ്ങളും സ്മാരകത്തിന്റെ ഓഫീസ് മന്ദിരവും പൊളിക്കേണ്ട അവസ്ഥയുണ്ടാകുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്നതിനെതിരെയുള്ള ജനകീയ പ്രക്ഷോഭം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നിലപാടാണ് സ്വീകരിക്കുന്നതെന്നറിയിക്കാമോ?

ഉത്തരം

(എ-സി) ചേർത്തല മുതൽ കഴക്കൂട്ടം വരെയുള്ള ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് സ്ഥലം ഏറ്റെടുക്കുന്നത് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യ മുഖാന്തരമാണ്. തോന്നയ്ക്കൽ ആശാൻ സ്മാരകം ഉൾപ്പെടുന്ന പ്രദേശത്തെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട 3 (എ) നോട്ടിഫിക്കേഷൻ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യ പ്രസിദ്ധീകരിക്കുകയോ ഈ ഭാഗത്തെ 3(ഡി) സർവ്വേ പൂർത്തീകരിക്കുകയോ ചെയ്തിട്ടില്ലായെന്നാണ് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യ അറിയിച്ചിട്ടുള്ളത്. ഇവ പൂർത്തിയായാലേ പ്രസ്തുത സ്മാരകത്തെ എന്തുമാത്രം ബാധിക്കുമെന്ന് അറിയുവാൻ കഴിയൂ.

**കോതമംഗലം പോത്താനിക്കാട് സെക്ഷനുകളുടെ ബഡ്ജറ്റ് പ്രവൃത്തികൾ**

7 (1203) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ പോത്താനിക്കാട് സെക്ഷനുകൾക്ക് കീഴിൽവരുന്ന 2016-17, 2017-18 ബഡ്ജറ്റ് പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ചിട്ടുള്ള തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) ഇതിൽ എത്ര പ്രവൃത്തികൾ പൂർത്തിയാക്കുവാൻ സാധിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ഡി) ഓരോ പ്രവർത്തിയുടെയും നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ഇ) ഓരോ പ്രവൃത്തിയും എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-ഇ) കോതമംഗലം മണ്ഡലത്തിലെ പോത്താനിക്കാട് സെക്ഷന് കീഴിൽ വരുന്ന 2016-17, 2017-18 ബഡ്ജറ്റ് പ്രവൃത്തികളും അവയെ സംബന്ധിച്ചുള്ള വിവരങ്ങളും അനുബന്ധമായി ചേർക്കുന്നു.*

**കോങ്ങാട് മണ്ഡലത്തിലെ പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികൾ**

8 (1204) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോങ്ങാട് മണ്ഡലത്തിൽ കിഫ്ബി ഉൾപ്പെടെ പൊതുമരാമത്ത് വകുപ്പിന്റെ നിയന്ത്രണത്തിൽ അനുവദിച്ചിട്ടുള്ള പ്രവൃത്തികളുടെ വിശദവിവരം നൽകുമോ;

(ബി) ഓരോ പ്രവൃത്തിയുടേയും നിർമ്മാണ-നിർവ്വഹണ പുരോഗതിയുടെ വിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ & ബി) കോങ്ങാട് മണ്ഡലത്തിലേയ്ക്കായി 2017-18-ൽ ദേശീയപാതാ വിഭാഗത്തിന്റെ കീഴിൽ സെൻട്രൽ റോഡ് ഫണ്ട് ഉപയോഗിച്ച് കോങ്ങാട്-മംഗളംകുന്ന് റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തിക്കായി 15 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഈ പ്രവൃത്തിയിൽ കലുങ്കുകളുടെ നിർമ്മാണം പൂർത്തിയായി, ഓടകളുടെ നിർമ്മാണവും റോഡ് ബി.എം. ചെയ്യുന്ന പ്രവൃത്തിയും പുരോഗമിച്ചുവരുന്നു. കെട്ടിട വിഭാഗത്തിന്റേയും നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റേയും കീഴിലുള്ള പ്രവൃത്തികളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

### പട്ടാമ്പി മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള പദ്ധതികൾ

9 (1205) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-17, 2017-18 എന്നീ വർഷങ്ങളിലെ സംസ്ഥാന ബഡ്ജറ്റിൽ പട്ടാമ്പി മണ്ഡലത്തിനായി അനുവദിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണ്; ഈ പദ്ധതികളിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

2016-17, 2017-18 എന്നീ വർഷങ്ങളിലെ സംസ്ഥാന ബഡ്ജറ്റിൽ പട്ടാമ്പി മണ്ഡലത്തിനായി അനുവദിച്ചിട്ടുള്ള പദ്ധതികളും അതിന്മേൽ സ്വീകരിച്ച നടപടികളും അനുബന്ധമായി ചേർക്കുന്നു.*

### ആസ്തി വികസന നിധിയിൽനിന്നും പണം അനുവദിച്ച പദ്ധതി

10 (1206) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അക്രെഡിറ്റഡ് ഏജൻസികളെ പ്രവൃത്തി ഏൽപ്പിച്ചുകൊണ്ടുള്ള ഭരണാനുമതി ഉത്തരവ് ലഭ്യമായ, കൊയിലാണ്ടി മണ്ഡലത്തിലെ ആസ്തിവികസന നിധിയിൽനിന്നും തുക അനുവദിച്ച എത്ര പദ്ധതികൾ സാങ്കേതികാനുമതിക്കായി പൊതുമരാമത്ത് (കെട്ടിടവിഭാഗം) വകുപ്പിലുണ്ട്; ഓരോന്നിന്റെയും പേര് സഹിതം വ്യക്തമാക്കുമോ;

(ബി) അക്രെഡിറ്റഡ് ഏജൻസികളെ പ്രവൃത്തി ഏൽപ്പിച്ചുകൊണ്ടുള്ള ഉത്തരവ് ഇറങ്ങിയ പദ്ധതികൾക്ക് സാങ്കേതികാനുമതി നൽകുന്നതിന് കാലതാമസമുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) കൊയിലാണ്ടി മണ്ഡലത്തിലെ ആസ്തി വികസന നിധിയിൽനിന്നും തുക അനുവദിച്ച് സാങ്കേതികാനുമതി പൊതുമരാമത്ത് വകുപ്പിലുള്ള (കെട്ടിട വിഭാഗം) ചുവടെ ചേർത്തിരിക്കുന്ന മൂന്ന് പ്രവൃത്തികളാണ് അക്രെഡിറ്റഡ് ഏജൻസികളെ ഏൽപ്പിച്ചത്.

1. 4-7-2017-ലെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 334/2017/ആയുഷ് പ്രകാരം 42 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ എൽ.എ.സി-എ.ഡി.എസ്.2016-17-പയ്യോളി മുനിസിപ്പാലിറ്റിയിലെ അയനിക്കാട് ആയുർവേദ ഡിസ്പെൻസറി കെട്ടിട നിർമ്മാണം.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

2. 3-7-2017-ലെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 2159/2017/ പൊ.വി.വ. പ്രകാരം 75 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ എൽ.എ.സി.-എ.ഡി.എസ്. 2016-17 കൊയിലാണ്ടി ഗവണ്മെന്റ് ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിലെ ഒ.എൻ.വി. കുറുപ്പ് ബ്ലോക്കിന്റെ രണ്ടാം നിലയുടെ നിർമ്മാണം.

3. 15-3-2017-ലെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 465/2017/ഉ.വി.വ. പ്രകാരം 140 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ എൽ.എ.സി.-എ.ഡി.എസ് 2016-17 - കൊയിലാണ്ടി എസ്.എ.ആർ.ബി.റ്റി.എം. ഗവ.കോളേജിലെ സ്റ്റേഡിയം, ഫുട്ബോൾ ഗ്രൗണ്ട് എന്നിവയുടെ നിർമ്മാണം

(ബി) ഹെഡ് ഓഫ് അക്കൗണ്ട് മാറ്റികിട്ടാത്ത കാരണം മേൽപ്പറഞ്ഞ 2, 3 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകുന്നതിന് കാലതാമസമുണ്ട്.

**നിർമ്മാണ രീതികളിലെ മാറ്റങ്ങൾ**

11 (1207) ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. പി. ഉണ്ണി :
ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് മുഖേന നടത്തുന്ന പ്രവൃത്തികളിൽ ഏതെല്ലാം പുതിയ സാങ്കേതികവിദ്യകളും നിർമ്മാണ രീതികളുമാണ് അവലംബിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) നിർമ്മാണത്തിലെ പുത്തൻ ആശയങ്ങളും പരീക്ഷണാത്മകവും നവീനവുമായ രൂപകല്പനയും സംബന്ധിച്ച് ഉദ്യോഗസ്ഥർക്ക് പരിശീലന പരിപാടികളും ശില്പശാലയും സംഘടിപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) പരിസ്ഥിതി സൗഹൃദ നിർമ്മാണ രീതികൾ കൊണ്ടുവരുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ഡി) നിർമ്മാണ രീതികളിലെ മാറ്റങ്ങൾക്കനുസൃതമായി മരാമത്ത് ഡിസൈൻ വിഭാഗത്തെ ശക്തിപ്പെടുത്തുന്നതിനും ആർക്കിടെക്ട് വിഭാഗത്തെ പുനഃസംഘടിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ഇ) സംസ്ഥാനപാതകളും ജില്ലാ പാതകളും ബി.എം. & ബി.സി. നിലവാരത്തിൽ നവീകരിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

## ഉത്തരം

(എ) പൊതുമരാമത്ത് നിരത്തു വിഭാഗത്തിന്റെ കീഴിൽ പുതിയ സാങ്കേതിക വിദ്യകളും യന്ത്രങ്ങളും ഉപയോഗിച്ച് റോഡ് നിർമ്മാണം നടത്തുന്നതിന്റെ ഭാഗമായി പരീക്ഷണാടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലയിലെ പുറക്കാട്-പാതിരിപ്പള്ളി റോഡിൽ മില്ലിംഗ് യന്ത്രം ഉപയോഗിച്ച് കോൾഡ് ഇൻ പ്ലേസ് റീ-സൈക്ലിംഗ് നിർമ്മാണ രീതി നടപ്പാക്കിയിട്ടുണ്ട്. നൂതന നിർമ്മാണ സാമഗ്രികൾ ഉപയോഗിക്കുന്നതിന്റെ ഭാഗമായി NRMB, ഉപയോഗശൂന്യമായ ശുദ്ധീകരിച്ച ഷ്രെഡഡ് പ്ലാസ്റ്റിക്, റോഡിന്റെ അടിത്തറയ്ക്ക് ബലമില്ലാത്ത സ്ഥലങ്ങളിൽ കയർ ഭൂവസ്ത്രം ഉപയോഗിച്ച് അടിത്തറ ബലപ്പെടുത്തിയുള്ള നിർമ്മാണം എന്നിവ നടപ്പിലാക്കിവരുന്നു. നിരത്തു വിഭാഗത്തിന്റെ കീഴിൽ 744.12 കി.മീ ദൈർഘ്യം വരുന്ന റോഡുകൾ NRMB ഉപയോഗിച്ചും 85.73 കി.മീ. ദൈർഘ്യം വരുന്ന റോഡുകൾ പ്ലാസ്റ്റിക് ബി.സി. ഉപരിതലത്തിലുള്ള മെറ്റലിനൊപ്പം ചേർത്തും 5.5 കി.മീ. ദൈർഘ്യം റോഡിൽ കയർ ഭൂവസ്ത്രം ഉപയോഗിച്ചും നിർമ്മിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള നിർമ്മാണങ്ങൾ കൂടുതൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ദേശീയപാതകളുടെ നിർമ്മാണവും പരിപാലനവും ദേശീയനിലവാരം പുലർത്തുന്നതിലേയ്ക്കായി ഇന്ത്യൻ റോഡ് കോൺഗ്രസിന്റെ വിവിധ കോഡുകളും കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിന്റെ സ്പെസിഫിക്കേഷനും അനുസരിച്ചാണ് നടപ്പിലാക്കുന്നത്. ടാറിംഗിലെ നൂതന സാങ്കേതിക വിദ്യകളായ ബിറ്റുമിനസ് മെക്കാഡം, ഡെൻസ് ബിറ്റുമിനസ് മെക്കാഡം, ബിറ്റുമിനസ് കോൺക്രീറ്റ് എന്നിവ കേരളത്തിന്റെ കാലാവസ്ഥയ്ക്ക് അനുയോജ്യമായ റബ്ബറൈസ്ഡ് ബിറ്റുമിൻ ഉപയോഗിച്ചാണ് നാഷണൽ ഹൈവേകളിൽ റോഡ് നിർമ്മാണം നടത്തുന്നത്. കൂടാതെ ആധുനിക സാങ്കേതികവിദ്യയായ മില്ലിംഗ് ആൻഡ് റീ-സൈക്ലിംഗ് ഉപയോഗിച്ച് ആലപ്പുഴ ജില്ലയിൽ ദേശീയപാതയുടെ ഉപരിതലം പുതുക്കി നിർമ്മിക്കുന്നുണ്ട്. ഈ സാങ്കേതികവിദ്യയിൽ നിലവിലെ റോഡിന്റെ ഉപരിതലം മെഷീൻ ഉപയോഗിച്ച് ഇളക്കിയെടുക്കുകയും അപ്പോൾത്തന്നെ അതേ മെറ്റീരിയൽ പാകപ്പെടുത്തിയതിനുശേഷം വേണ്ട അളവിൽ ബിറ്റുമിൻ, സിമന്റ്, വിവിധ തരത്തിലുള്ള മെറ്റലുകൾ എന്നിവ ചേർത്ത് ഉപരിതലം പുനർനിർമ്മിക്കുകയാണ് ചെയ്യുന്നത്. കൂടാതെ ദേശീയപാതാ വിഭാഗത്തിൽ വലിയ പദ്ധതി എഞ്ചിനീയറിംഗ് പ്രൊക്യൂർമെന്റ് ആൻഡ് കൺസ്ട്രക്ഷൻ വ്യവസ്ഥയിലും നടപ്പിലാക്കിവരുന്നുണ്ട്.

പുതിയകാലം, പുതിയ നിർമ്മാണം എന്ന നയത്തിന്റെ ഭാഗമായി പൊതുമരാമത്ത് വകുപ്പ് നിർമ്മിക്കുന്ന കെട്ടിടങ്ങൾ പ്രീ-ഫാബ്രിക്കേഷൻ, കോംബോസിറ്റ് സ്ട്രക്ച്ചർ, ഹരിത നിർമ്മാണ ചട്ടങ്ങൾ തുടങ്ങിയ സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് കുറഞ്ഞ സമയത്തിനുള്ളിൽ പരിസ്ഥിതി സൗഹൃദമായി പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതനുസരിച്ച് കെട്ടിടം നിർമ്മിക്കാനെടുക്കുന്ന കാലവിളംബം, ചെലവ് കുറയ്ക്കുവാനും കഴിയും. പൊതുമരാമത്ത് വകുപ്പ് നിർമ്മിക്കാനുദ്ദേശിക്കുന്ന പ്രധാന നിർമ്മിതികളിൽ പരമാവധി ഈ സാങ്കേതികവിദ്യകൾ ഉപയോഗിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(ബി) നിർമ്മാണ രംഗത്ത് നൂതന സാങ്കേതികവിദ്യകൾ ഉപയോഗിച്ച് ഗുണമേന്മയുള്ള റോഡുകൾ നിർമ്മിക്കുന്നതിനെക്കുറിച്ച് പരിശീലന പരിപാടികളും ശില്പശാലകളും നടത്തിയിട്ടുണ്ട്.

(സി) പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ പരിസ്ഥിതി സൗഹാർദ്ദപരമായ പ്രവർത്തനങ്ങൾക്കായി ഒരു പരിസ്ഥിതി വിഭാഗം രൂപീകരിച്ച് പ്രവർത്തനം നടപ്പാക്കിവരുന്നുണ്ട്. ഈ വിഭാഗം 15 കോടി രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തികൾ പരിശോധിക്കുകയും പരിസ്ഥിതി സൗഹൃദമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുകയും അവ നടപ്പിലാക്കുകയും ചെയ്തുവരുന്നു. റോഡ് നിർമ്മാണ പ്രവർത്തനങ്ങളിൽ പ്രകൃതിദത്ത ഉൽപ്പന്നങ്ങൾ നേരിട്ട് ഉപയോഗിക്കുന്നതിനായി റബ്ബർ, കയർ, ഭൂവസ്ത്രം തുടങ്ങിയവ റോഡ് നിർമ്മാണത്തിന് ഉപയോഗിക്കുവാനും ഉപയോഗശൂന്യമായ പ്ലാസ്റ്റിക്, റബ്ബർ എന്നിവ കൊണ്ടുള്ള പരിസ്ഥിതി മലിനീകരണം കുറയ്ക്കുവാനായി ടാറിനൊപ്പം ഒരു നിശ്ചിത അളവിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ ചേർത്തുള്ള റോഡ് നിർമ്മാണ രീതി അവലംബിക്കാനും ഉത്തരവായിട്ടുണ്ട്.

പൊതുമരാമത്ത് കെട്ടിടങ്ങൾ പരിസ്ഥിതി സൗഹാർദ്ദമാക്കുന്നതിലേയ്ക്കായി ഒരു ഹരിത നിർമ്മാണ ചട്ടം നിലവിലുണ്ട്. പൊതുമരാമത്ത് വകുപ്പിലെ സാങ്കേതിക വിഭാഗം ജീവനക്കാർക്ക് ഹരിത നിർമ്മാണ തത്വങ്ങളെ സംബന്ധിച്ച് ബോധവൽക്കരണ ക്ലാസ്സുകളും സംഘടിപ്പിച്ചിട്ടുണ്ട്. വാസ്തുശില്പ വിഭാഗത്തിലെ 8 ആർക്കിടെക്ടുമാർ കേന്ദ്ര റേറ്റിംഗ് ഏജൻസിയായ ഗൃഹയുടെ സർട്ടിഫൈഡ് പ്രൊഫഷണൽ യോഗ്യത നേടുകയും ഹരിത തത്വങ്ങൾക്ക് അനുസൃതമായി കെട്ടിടം രൂപകല്പന ചെയ്യുവാൻ വൈദഗ്ധ്യം നേടുകയും ചെയ്തിട്ടുണ്ട്. ഒരു സീനിയർ ആർക്കിടെക്ട് ഗൃഹയുടെ ഇവാല്യുവേറ്റർ യോഗ്യത നേടുകയും കെട്ടിടങ്ങളെ ഹരിത തത്വങ്ങൾക്കനുസൃതമായി വിലയിരുത്തുവാൻ അർഹതയും നേടിയിട്ടുണ്ട്. ഇദ്ദേഹത്തെ ഗ്രീൻ ബിൽഡിംഗ് നോഡൽ ഓഫീസറായി നിയോഗിച്ചിട്ടുണ്ട്.

(ഡി) കഴിഞ്ഞ രണ്ട് വർഷക്കാലയളവിനുള്ളിൽ നവീന രൂപകല്പന ആശയങ്ങളും നിർമ്മാണ സങ്കേതങ്ങളും അവലംബിച്ചുകൊണ്ട് നവീനവും കാലാനുസൃതവുമായ രൂപകല്പനകളാണ് കെട്ടിട നിർമ്മാണത്തിന് സ്വീകരിച്ചിട്ടുള്ളത്. ആർക്കിടെക്ചർ വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ ഫലപ്രദമായി ഏകോപിപ്പിക്കുകയും കൃത്യമായി അവലോകനം ചെയ്യുകയുംവഴി മുൻവർഷങ്ങളെ അപേക്ഷിച്ച് ഈ രണ്ട് വർഷങ്ങളിൽ ഇരട്ടിയിലധികം നിർമ്മിതികളുടെ രൂപരേഖകൾ തയ്യാറാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഓരോ ജില്ലകളുടേയും ചുമതല പൂർണ്ണമായും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഗ്രേഡിലുള്ള ഓരോ ആർക്കിടെക്റ്റിന് നൽകുകവഴി അതാത് ജില്ലകളിലെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നിർവ്വഹിക്കുവാൻ കഴിയുന്നുണ്ട്. ഹരിത നിർമ്മാണ സാങ്കേതികവിദ്യയിൽ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് ആവശ്യമുള്ള പരിശീലനം നൽകുകയും അവ നിർമ്മിക്കുവാനും വിലയിരുത്തുവാനുമുള്ള യോഗ്യത നേടുകയും ചെയ്തിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിലെ കാലതാമസം ഒഴിവാക്കുന്നതിനായി കെട്ടിടങ്ങൾ സ്റ്റീൽ ഉപയോഗിച്ച് കോംമ്പോസിറ്റ് കൺസ്ട്രക്ഷൻ നിർമ്മിക്കുവാനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്.

ഡിസൈൻ വിംഗിനെ ശക്തിപ്പെടുത്തുന്നതിനായി 23-2-2017-ലെ G.O(MS) No. 15/2017/PWD പ്രകാരം അനുമതി നൽകിയിട്ടുണ്ട്. നിലവിലുള്ള തിരുവനന്തപുരത്തെ ഡിസൈൻ കാര്യാലയത്തിൽ സ്ട്രക്ച്ചറൽ ഡിസൈൻ യൂണിറ്റ്, ബ്രിഡ്ജ് ഡിസൈൻ യൂണിറ്റ്, ഹൈവേ ഡിസൈൻ യൂണിറ്റ്, പ്രോജക്ട് പ്രിപ്പറേഷൻ യൂണിറ്റ്, ജിയോ ടെക്നിക്കൽ എഞ്ചിനീയറിംഗ് യൂണിറ്റ്, എൻവയോൺമെന്റൽ എഞ്ചിനീയറിംഗ് യൂണിറ്റ്, ഡിസൈൻ യൂണിറ്റ് തുടങ്ങിയ 7 യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ എറണാകുളം, കോഴിക്കോട് റീജിയണൽ ഡിസൈൻ ഓഫീസുകൾ ആരംഭിച്ചിട്ടുണ്ട്. എറണാകുളം, കോഴിക്കോട് റീജിയണൽ ക്വാളിറ്റി കൺട്രോൾ ലാബുകളിൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരത്ത് ഒരു റീജിയണൽ ഇൻവസ്റ്റിഗേഷൻ ആന്റ് ക്വാളിറ്റി കൺട്രോൾ ലാബും ആരംഭിച്ചിട്ടുണ്ട്. 10-4-2017-ലെ G.O. (Ms.) No. 24/2017/PWD പ്രകാരം പുതിയ യൂണിറ്റുകളിലേയ്ക്കും ഓഫീസുകളിലേയ്ക്കും പോസ്റ്റുകൾ deploy ചെയ്തുവരുന്നു.

(ഇ) പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന്റെ കീഴിൽ ആകെ 31812 കി.മീ. ദൈർഘ്യം റോഡുകളാണുള്ളത്. ഇതിൽ 4342.12 കി.മീ. റോഡുകൾ സംസ്ഥാന ഹൈവേ റോഡുകളും 27471 കി.മീ. പ്രധാന ജില്ലാ റോഡുകളും ഉൾപ്പെടുന്നു. ഇതിൽ 884.2 കി.മീ. സംസ്ഥാന ഹൈവേ റോഡുകളും 4802.12 കി.മീ. പ്രധാന ജില്ലാ റോഡുകളും ബി.എം. & ബി.സി. നിലവാരത്തിൽ നിർമ്മിച്ചിട്ടുള്ളതാണ്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് കൂടുതൽ ദൈർഘ്യം റോഡുകൾ ബി.എം & ബി.സി. നിലവാരത്തിൽ നിർമ്മിക്കുന്നതാണ്.

ദേശീയപാതാ വിഭാഗത്തിന്റെ അധീനതയിൽ വരുന്ന എല്ലാ റോഡുകളും ബി.എം. & ബി.സി. ഉപയോഗിച്ച് പുനരുദ്ധാരണം നടത്തിയിട്ടുള്ളവയാണ്.

## പദ്ധതികളുടെ നിർമ്മാണ പ്രവർത്തനം

12 (1208) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ അഞ്ച് വർഷത്തിനുള്ളിൽ എത്ര കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കുവാനാണ് വകുപ്പ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്; വിശദമാക്കുമോ;

(ബി) ഇതിൽ കിഫ്ബിയിൽനിന്നും ഇതിനോടകം എത്ര കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്; വിശദമാക്കുമോ;

(സി) കിഫ്ബിയിൽ നിന്നും അംഗീകാരം ലഭിച്ച എത്ര പദ്ധതികളുടെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്; വിശദമാക്കുമോ?

### ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പിൽ 13-ാം പഞ്ചവത്സര പദ്ധതി നടപ്പാക്കുന്നതിനായി നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ 8750.34 കോടി രൂപയുടെ പദ്ധതികളും കെട്ടിട വിഭാഗത്തിന്റെ കീഴിൽ 405.95 കോടി രൂപയുടെ പദ്ധതികളും ദേശീയപാത വിഭാഗത്തിന്റെ കീഴിൽ 756.3695 കോടി രൂപയുടെ പദ്ധതികളും സംസ്ഥാന ഫണ്ടിൽ പ്രൊപ്പോസ് ചെയ്തിട്ടുണ്ട്. കെ.ആർ.എഫ്.ബി മുഖേന നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളതിൽ 2016-17 ബഡ്ജറ്റ് പ്രകാരം 4,679 കോടി രൂപയ്ക്ക് 250 പ്രവൃത്തികളും 2017-18 ബഡ്ജറ്റ് പ്രകാരം 7,118 കോടി രൂപയ്ക്ക് 226 പ്രവൃത്തികളും 3,500 കോടി രൂപ മതിപ്പ് ചെലവിൽ മലയോര ഹൈവേയും 6,500 കോടി രൂപ മതിപ്പ് ചെലവിൽ തീരദേശ ഹൈവേയും നിർമ്മിക്കുന്നതിനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്.

(ബി) 2016-17 ബഡ്ജറ്റ് പ്രകാരമുള്ള പദ്ധതികളിൽ 4616.95 കോടി രൂപയ്ക്ക് 143 പ്രവൃത്തികൾക്കും 2017-18 ബഡ്ജറ്റ് പ്രകാരമുള്ള പദ്ധതികളിൽ 86.34 കോടി രൂപയ്ക്ക് ഒരു പ്രവൃത്തിയും 878.49 കോടി രൂപയ്ക്ക് 11 മലയോരഹൈവേ പ്രവൃത്തികൾക്കും കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്.

(സി) കിഫ്ബിയിൽനിന്നും അംഗീകാരം ലഭിച്ചതിൽ 34 പ്രവൃത്തികൾ കരാർ ഉറപ്പിച്ച് നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## പൊതുമരാമത്ത് വകുപ്പ് നടപ്പിലാക്കിയ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ

13(1209) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ.ഡി.എഫ്. സർക്കാരിന്റെ രണ്ടാം വാർഷികാഘോഷത്തിന്റെ ഭാഗമായി, പൊതുമരാമത്ത് വകുപ്പ് നടപ്പിലാക്കിയ ഏതൊക്കെ അടിസ്ഥാന സൗകര്യ വികസന പദ്ധതികളാണ് ഉദ്ഘാടനം നടത്തുന്നത്; വിശദാംശം നൽകുമോ;

(ബി) ഇതിൽ ഈ സർക്കാരിന്റെ കാലത്ത് ആവിഷ്കരിച്ചതും പണി തുടങ്ങിയതുമായ എത്ര പദ്ധതികളുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) ഈ സർക്കാർ നിലവിൽവന്നതിനുശേഷം ദേശീയപാത വികസനത്തിന്റെ ഭാഗമായി

(1) എൻ.എച്ച്. 66-ന്റെ തലപ്പാടി മുതൽ തിരുവനന്തപുരം വരെയുള്ള അലൈൻമെന്റ് ഫൈനലൈസ് ചെയ്യുന്നതിനായുള്ള നടപടികൾ ത്വരിതപ്പെടുത്തി തിരുവനന്തപുരം ബൈപ്പാസിന്റെ രണ്ടാംഘട്ടം 'തലശ്ശേരി-മാഹി ബൈപ്പാസ്, കോഴിക്കോട് ബൈപ്പാസ് എന്നിവയുടെ നിർമ്മാണം തുടങ്ങി.

(2) എൻ.എച്ച് 966-ൽ നാട്ടുകൽ മുതൽ താണാവ് വരെയുള്ള 46.72 കി.മീ. പേവ്ഡ് ഷോൾഡറോടുകൂടിയ രണ്ടുവരിപ്പാതയാക്കുന്ന പ്രവൃത്തി ആരംഭിച്ചു. (തുക 294.26 കോടി രൂപ)

(3) എൻ.എച്ച് 85 ബോഡിമെട്ട് മുതൽ മൂന്നാർ വരെയുള്ള 42 കി.മീ പേവ്ഡ് ഷോൾഡറോടുകൂടിയ രണ്ടുവരിപ്പാതയാക്കുന്ന പ്രവൃത്തി ആരംഭിച്ചു പുരോഗമിച്ചു വരുന്നു. (തുക 380.76 കോടിരൂപ)

പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും വിഭാഗം നടപ്പിലാക്കി ഉദ്ഘാടനം നടത്താവുന്ന (കോഴിക്കോട് ഡിവിഷൻ ഒഴികെ) പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം ആയി ചേർക്കുന്നു.* ഇതിൽ ഈ സർക്കാരിന്റെ കാലത്ത് ആവിഷ്കരിച്ചതും പണി തുടങ്ങിയതുമായ 72 പദ്ധതികളുണ്ട്.

പൊതുമരാമത്ത് കെട്ടിട വിഭാഗം നടപ്പിലാക്കിയ പദ്ധതികളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.* ഇതിൽ ഈ സർക്കാരിന്റെ കാലത്ത് ആവിഷ്കരിച്ചതും നടപ്പിലാക്കിയതുമായ 23 പദ്ധതികളാണുള്ളത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## പൊതുമരാമത്ത് വകുപ്പിന്റെ വലിയ പ്രോജക്ടുകൾ

14 (1210) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് ഈ വർഷം ഏറ്റെടുക്കുന്നതും പ്രവൃത്തി പൂർത്തീകരിക്കാനുദ്ദേശിക്കുന്നതുമായ വലിയ പ്രോജക്ടുകൾ എന്തെല്ലാമാണ്; വിശദവിവരം നൽകുമോ;

(ബി) തീരദേശ ഹൈവേയും മലയോര ഹൈവേയും ഈ വർഷം ആരംഭിക്കുവാൻ കഴിയുമോ; എങ്കിൽ വിശദവിവരം നൽകുമോ; ഇല്ലെങ്കിൽ എന്തുകൊണ്ട് ?

### ഉത്തരം

(എ) 2016-17, 2017-18 ബഡ്ജറ്റ് പ്രകാരം കിഫ്ബിയിൽ ഉൾപ്പെടുത്തി കെ.ആർ.എഫ്.ബി. മുഖേന ഏറ്റെടുത്തിരിക്കുന്ന പ്രവൃത്തികളുടെ പട്ടിക അനുബന്ധം ആയി ചേർത്തിരിക്കുന്നു.* ദേശീയപാത വിഭാഗത്തിനുകീഴിൽ വരുന്ന പദ്ധതികൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

(ബി) കിഫ്ബിയിൽനിന്ന് അംഗീകാരം ലഭിച്ച 110.995 കി.മീ. വരുന്ന 4 മലയോര ഹൈവേ പ്രവൃത്തികളുടെ ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. ഈ പ്രവൃത്തികൾ 2018 ജൂൺ മാസത്തിൽ തന്നെ കരാർ ഉറപ്പിച്ച് ആരംഭിക്കാൻ കഴിയും. ഇത് കൂടാതെ 183.882 കി.മീ. നീളം വരുന്ന 7 മലയോര ഹൈവേ പ്രവർത്തനങ്ങൾക്ക് കിഫ്ബി അംഗീകാരം നൽകി, എത്രയുംപെട്ടെന്ന് സാങ്കേതികാനുമതി നൽകി ടെണ്ടർ ക്ഷണിച്ച് ഈ വർഷംതന്നെ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതുകൂടാതെ 274.217 കീ.മീ. നീളം വരുന്ന 11 മലയോര ഹൈവേ പ്രവൃത്തികളുടെ ഡി.പി.ആർ. കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. 211.88 കി.മീ. നിളം വരുന്ന 11 തീരദേശ ഹൈവേ പ്രവൃത്തികളുടെ ഡി.പി.ആർ. കിഫ്ബിയുടെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ട്. അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**പൊതുമരാമത്ത് പ്രവൃത്തികൾ പരിസ്ഥിതി സൗഹൃദമാക്കുന്നതിന് നടപടി**

15 (1211) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിലെ റോഡ് നിർമ്മാണവും കെട്ടിട നിർമ്മാണവും പരിസ്ഥിതി സൗഹൃദമാക്കുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

(ബി) പതിനഞ്ച് കോടി രൂപയിൽ കൂടുതൽ അടങ്കൽ വരുന്ന പ്രവൃത്തികൾ വകുപ്പിലെ പരിസ്ഥിതി വിഭാഗത്തിന്റെ അനുമതിയോടുകൂടി മാത്രമേ നടപ്പിലാക്കാവൂ എന്ന നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) പരിസ്ഥിതി വിഭാഗത്തിന്റെ പരിഗണനയ്ക്കായി നൽകുന്ന പ്രവൃത്തികൾ സമയബന്ധിതമായി പരിശോധിക്കുന്നതിനും അംഗീകാരം നൽകുന്നതിനും എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) പൊതുമരാമത്ത് വകുപ്പ് നിർമ്മിച്ച ഏതെങ്കിലും കെട്ടിടങ്ങൾക്ക് കേന്ദ്രഹരിത നിർമ്മാണ റേറ്റിംഗ് ഏജൻസിയായ ഗൃഹയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ;

(ഇ) പൊതുമരാമത്ത് വകുപ്പിൽ നടപ്പിലാക്കിയ സോഷ്യൽ ആഡിറ്റിംഗ് വിജയപ്രദമാണോ; ഇതിലൂടെ വകുപ്പിനെ അഴിമതി മുക്തമാക്കുന്നതിന് സാധിച്ചുവെന്ന് കരുതുന്നുണ്ടോ എന്നറിയിക്കുമോ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പിലെ കെട്ടിടങ്ങൾ പരിസ്ഥിതി സൗഹൃദമാക്കുന്നതിലേയ്ക്കായി ഒരു ഹരിത നിർമ്മാണ ചട്ടം നിലവിലുണ്ട്. പൊതുമരാമത്ത് വകുപ്പിലെ സാങ്കേതിക ജീവനക്കാർക്ക് ഹരിത നിർമ്മാണ തത്വങ്ങളെ സംബന്ധിച്ച് ബോധവൽക്കരണ ക്ലാസ്സുകളും സംഘടിപ്പിച്ചിട്ടുണ്ട്. വാസ്തു ശില്പ വിഭാഗത്തിലെ 8 ആർക്കിടെക്ടുമാർ കേന്ദ്ര റേറ്റിംഗ് ഏജൻസിയായ ഗൃഹയുടെ സർട്ടിഫൈഡ് പ്രൊഫഷണൽ യോഗ്യത നേടുകയും ഹരിത തത്വങ്ങൾക്ക് അനുസൃതമായി കെട്ടിട രൂപകല്പന ചെയ്യുവാൻ വൈദഗ്ദ്ധ്യം നേടുകയും ചെയ്തിട്ടുണ്ട്. ഒരു സീനിയർ ആർക്കിടെക്ട് ഗൃഹയുടെ ഇവാല്യുവേറ്റർ യോഗ്യത നേടുകയും കെട്ടിടങ്ങളെ ഹരിത തത്വങ്ങൾക്കനുസൃതമായി വിലയിരുത്തുവാൻ അർഹതയും നേടിയിട്ടുണ്ട്. ഇദ്ദേഹത്തെ ഗ്രീൻ ബിൽഡിംഗ് നോഡൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്.

പൊതുമരാമത്ത് വകുപ്പിലെ റോഡ് നിർമ്മാണം പരിസ്ഥിതി സൗഹൃദമാക്കുന്നതിന് ഉചിതമായ നിർദ്ദേശങ്ങൾ നൽകുന്നതിനായി ഒരു പരിസ്ഥിതി സെൽ രൂപീകരിച്ച് പ്രവർത്തനം നടപ്പാക്കിവരുന്നു.

(ബി & സി) പൊതുമരാമത്ത് മാന്വൽ clause 104.8 പ്രകാരം 15 കോടി രൂപയിൽ കൂടുതൽ വരുന്ന മേജർ പ്രോജക്ടിന് environmental wing-ന്റെ നേതൃത്വത്തിൽ PPU detailed project report സമർപ്പിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

പതിനഞ്ച് കോടി രൂപയിൽ കൂടുതൽ അടങ്കൽ തുക വരുന്ന പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകുന്നതിനുമുൻപായി പരിസ്ഥിതി സെല്ലിന്റെ എൻവയോൺമെന്റ് ഇംപാക്ട് അസസ്മെന്റ് & എൻവയോൺമെന്റ് മാനേജ്മെന്റ് പ്ലാൻ (EIA & EMP)എന്നിവയുടെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റിൽ ഉചിതമായ തീരുമാനങ്ങൾ സ്വീകരിക്കുകയും EIA & EMP റിപ്പോർട്ട് എഗ്രിമെന്റ് ഷെഡ്യൂളിന്റെ ഭാഗമാക്കുന്നതിനുള്ള നിർദ്ദേശം നൽകുകയും ചെയ്യുന്നു. 15 കോടി രൂപയ്ക്ക് മുകളിൽ അടങ്കൽ തുക വരുന്ന പ്രവൃത്തികളുടെ സ്ഥലം പരിസ്ഥിതി വിഭാഗം സമയബന്ധിതമായി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നുണ്ട്.

(ഡി) തിരുവനന്തപുരത്ത് നേമത്ത് പണിയുവാൻ ഉദ്ദേശിക്കുന്ന രജിസ്ട്രേഷൻ സമുച്ചയത്തിനും പത്തനംതിട്ട കളക്ടറുടെ ഔദ്യോഗിക വസതിക്കും ഗൃഹയുടെ റേറ്റിംഗ് ലഭിക്കുന്നതിലേയ്ക്കായി പ്രാരംഭ രജിസ്ട്രേഷൻ നടത്തിക്കഴിഞ്ഞു.

(ഇ) പൊതുമരാമത്ത് പ്രവൃത്തികളിൽ സർക്കാർ ഉത്തരവ് 5-1-2018-ലെ G.O. (Ms.) No. 1/2018/PWD പ്രകാരം സോഷ്യൽ ഓഡിറ്റിംഗ് നടപ്പാക്കിയിട്ടുണ്ട്. സോഷ്യൽ ഓഡിറ്റിംഗിലൂടെ പ്രവൃത്തികൾ കൂടുതൽ സുതാര്യവും അഴിമതി രഹിതവുമാക്കാൻ സാധിക്കുന്നതാണ്.

**പശ്ചിമ കൊച്ചിയിലെ വെയിറ്റിംഗ് ഷെഡുകളുടെ ടെണ്ടർ**

16 (1212) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയോജകമണ്ഡലം ആസ്തി വികസന പദ്ധതി പ്രകാരം പൊതുമരാമത്ത് റോഡ് വിഭാഗം പ്രൈസ് സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ പശ്ചിമകൊച്ചിയുടെ വിവിധ സ്ഥലങ്ങളിൽ ആറ് വെയിറ്റിംഗ് ഷെഡുകൾക്കായി 45 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നല്കിയ പ്രവൃത്തി 26,06,082 രൂപയ്ക്ക് ടെണ്ടർ വിളിക്കാനുണ്ടായ സാഹചര്യം വിശദമാക്കാമോ;

(ബി) കളക്ടറുടെ 21-4-2018-ലെ കത്ത് മുഖേനയും അല്ലാതെ നിരവധി തവണയും ആവശ്യപ്പെട്ടിട്ടും, ഇതുസംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുന്നതിൽ കാലതാമസം വരുത്തിയതിന്റെ കാരണം വിശദമാക്കാമോ;

(സി) പ്രസ്തുത റിപ്പോർട്ട് എന്നത്തേയ്ക്ക് ലഭ്യമാക്കാൻ സാധിക്കുമെന്നും നിർമ്മാണ പ്രവൃത്തികൾ എന്നത്തേയ്ക്ക് ആരംഭിക്കാൻ സാധിക്കുമെന്നും വിശദമാക്കാമോ?

ഉത്തരം

(എ) നിയോജകമണ്ഡലം ആസ്തി വികസന പദ്ധതി പ്രകാരം 2017-18 കാലഘട്ടത്തിൽ ഭരണാനുമതി ലഭിച്ച ബസ് കാത്ത്നിൽപ്പ് കേന്ദ്രത്തിന്റെ എസ്റ്റിമേറ്റ് ഭരണാനുമതിക്കുവേണ്ടി 29-11-2017-ൽ സമർപ്പിച്ചപ്പോൾ 18% ജി.എസ്.റ്റി. (സർവീസ് നികുതി)ക്കുള്ള തുകകൂടി ഉൾപ്പെടുത്തിയിരുന്നു. ആയതിനാൽ 13,16,170 രൂപ എസ്റ്റിമേറ്റിൽ L.S.Provision ആയി ഉൾക്കൊള്ളിച്ചിട്ടുണ്ടായിരുന്നു. പിന്നീട് 11-12-2017-ൽ ആർ.ഡി.5/1025/17 (എസ്) നമ്പർ ഭരണാനുമതി ലഭ്യമായതിനെത്തുടർന്ന് സാങ്കേതികാനുമതിക്കായി പ്രസ്തുത എസ്റ്റിമേറ്റ് സമർപ്പിച്ചപ്പോൾ വിശദമായ പരിശോധന സ്കെച്ച് പ്രകാരം നടത്തുകയും നിലവിലെ ഡി.എസ്.ആർ. 2016-ലെ റേറ്റും ബിൽഡിംഗ് ആയതിനാൽ കുറച്ച് ഐറ്റത്തിന് ആയത് ACP Curtain Wall, Granite flooring, Galvanized Iron Profile Sheets എന്നിവയ്ക്ക് DAR (Building rates) ഉൾപ്പെടുത്തി സർവ്വീസ് നികുതി ഇല്ലാതെ 33 ലക്ഷം രൂപയ്ക്ക് സാങ്കേതികാനുമതി നൽകി തുടർന്ന് ഐറ്റം റേറ്റിൽ ടെണ്ടറിന് വിധേയമായപ്പോൾ കരാറുകാരൻ 25,51,597 രൂപയ്ക്ക് ക്വാട്ട് ചെയ്തു. സാങ്കേതികാനുമതി ലഭ്യമാക്കിയ 33 ലക്ഷം രൂപയിൽ (എസ്റ്റിമേറ്റ്) 7 ലക്ഷം രൂപ L.S. Provision ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) 21-4-2018-ൽ ആർ.ഡി.എസ്./1025/17(എസ്.) പ്രകാരം കളക്ടർ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയതിന് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഉടൻ സമർപ്പിക്കുന്നതാണ്.

(സി) കരാറുകാരൻ പ്രവൃത്തിയുടെ നിർവ്വഹണത്തിൽനിന്നും ഒഴിവാക്കുന്നതിനായി കത്ത് നൽകിയിട്ടുണ്ട്. ആയത് സംബന്ധിച്ച് തീരുമാനം എടുത്തതിനുശേഷം മാത്രമേ പ്രവൃത്തി ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ.

**പുതിയ കാലം പുതിയ നിർമ്മാണം എന്ന മുദ്രാവാക്യം**

17 (1213) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ 'പുതിയകാലം പുതിയ നിർമ്മാണം' എന്ന മുദ്രാവാക്യം അടിസ്ഥാനമാക്കി പൊതുമരാമത്ത് വകുപ്പിൽ വരുത്തിയ മാറ്റങ്ങളും അപ്രകാരം പ്രവൃത്തികളിലുണ്ടായ ഗുണനിലവാരവുംമൂലം വകുപ്പ് പ്രവർത്തനങ്ങളിൽ ഉണ്ടായ മാറ്റങ്ങളും എന്തെല്ലാം എന്ന് വ്യക്തമാക്കുമോ;

(ബി) ഭാരത് മാല പ്രോജക്ട്, ഇക്കണോമിക് കോറിഡോർ, കാസർഗോഡ്-കഴക്കൂട്ടം ദേശീയപാത, കോഴിക്കോട് ബൈപ്പാസ് തുടങ്ങി ബൈപ്പാസുകൾ, റെയിൽവേ മേൽപ്പാലങ്ങൾ, വടക്കഞ്ചേരി-തൃശ്ശൂർ നാലുവരിപ്പാത, ദേശീയപാത സംസ്ഥാന ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന കരമന-കളിയിക്കാവിള രണ്ടാം റീച്ച് തുടങ്ങി മറ്റ് പ്രവൃത്തികൾ എന്നിവയുടെ പ്രവർത്തന പുരോഗതി എന്തെന്ന് ഇനം തിരിച്ച് വിശദാംശം വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കാനാണ് വകുപ്പ് ഉദ്ദേശിക്കുന്നതെന്ന് ഇനം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) പുതിയ കാലം-പുതിയ നിർമ്മാണം എന്ന സർക്കാരിന്റെ പ്രഖ്യാപിത നയത്തിനനുസൃതമായി ആധുനിക സാങ്കേതികവിദ്യകളും പരിസ്ഥിതി സൗഹൃദവും ഈടുറ്റതുമായ റോഡ് നിർമ്മാണ പ്രവർത്തികൾ നടത്തുന്നതിന്റെ ഭാഗമായി കൂടുതൽ റോഡുകൾ BM &BC തലത്തിൽ ഉപരിതലം പുതുക്കിവരുന്നു. കൂടാതെ N.R.M.B (Natural Rubberized Modified Bitumen), ശുദ്ധീകരിച്ച വേസ്റ്റ് പ്ലാസ്റ്റിക് (ഷ്രെഡ്ഡ് പ്ലാസ്റ്റിക്), കയർ ജിയോ ടെക്സ്റ്റൈൽസ് എന്നിവ ഉപയോഗിച്ചുള്ള നിർമ്മാണം നടപ്പിലാക്കിവരുന്ന പ്രവൃത്തികളുടെ സുതാര്യത കൂടുതൽ ഉറപ്പിക്കുന്നതിനായി സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കിയിട്ടുണ്ട്. ഗുണമേന്മ ഉറപ്പാക്കുന്നതിന്റെ ഭാഗമായി ക്വാളിറ്റി കൺട്രോൾ വിഭാഗത്തെ ശക്തിപ്പെടുത്തി, പ്രവൃത്തികളിലെ അഴിമതി ഇല്ലാതാക്കുന്നതിന്റെ ഭാഗമായി വിജിലൻസ് വിഭാഗത്തെ ശക്തിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പാലങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി പാലങ്ങളുടെ പരിശോധന നടത്തുകയും പുനർ നിർമ്മിക്കേണ്ടവ/പുനരുദ്ധീകരിക്കേണ്ടവ/അറ്റകുറ്റപ്പണികൾ നടത്തേണ്ടവ എന്നിവ കണ്ടെത്തി അത്തരം പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. പാലങ്ങളുടെ ഡിസൈൻ കൺസ്ട്രക്ഷൻ ജോയിന്റ് ഒഴിവാക്കി പുതിയ രീതിയിൽ തയ്യാറാക്കിവരുന്നു.

(ബി & സി) ഭാരത് മാല പ്രോജക്ട്, ഇക്കണോമിക് കോറിഡോർ, കാസർഗോഡ്-കഴക്കൂട്ടം ദേശീയപാത, കോഴിക്കോട് ബൈപ്പാസ് തുടങ്ങിയ ബൈപ്പാസുകൾ, വടക്കഞ്ചേരി-തൃശ്ശൂർ നാലുവരിപ്പാത, കരമന-കളിയിക്കാവിള രണ്ടാം റീച്ച് എന്നിവ പൊതുമരാമത്ത് ദേശീയപാതാ വിഭാഗവും റെയിൽവേ മേൽപ്പാലം RBDCK മുഖേനയുമാണ് നടപ്പിലാക്കുന്നത്.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം RBDCK മുഖേന എത്രൂർ റെയിൽവേ മേൽപ്പാലം പൂർത്തിയാക്കി ഗതാഗതത്തിന് തുറന്നുകൊടുത്തിട്ടുണ്ട്. കൂടാതെ 2 റെയിൽവേ മേൽപ്പാലങ്ങളുടെ പണികൾ നടന്നുവരുന്നു. ഇവ ആഗസ്റ്റ് മാസത്തോടെ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. 19 മേൽപ്പാലങ്ങളുടെ ഭൂമി ഏറ്റെടുക്കൽ പുരോഗമിച്ചുവരുന്നു. 10 മേൽപ്പാലങ്ങളുടെ വിശദമായ പദ്ധതിരേഖ RBDCK തയ്യാറാക്കി വരുന്നു. ഇവ മൂന്ന് മാസത്തിനകം കിഫ്ബിക്ക് സമർപ്പിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. 2018-19 ബഡ്ജറ്റ് പ്രസംഗത്തിൽ അനുവദിച്ചിട്ടുള്ള 41 ആർ.ഒ.ബി.-യുടെ DPR തയ്യാറാക്കുന്നതിനുള്ള നടപടികൾ RBDCK സ്വീകരിച്ചുവരുന്നു.

ദേശീയപാത വിഭാഗത്തിനുകീഴിൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

**പുതിയകാലം പുതിയ നിർമ്മാണം**

18 (1214) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള പൊതുമരാമത്ത് വകുപ്പ് പുതിയകാലം പുതിയ നിർമ്മാണം എന്ന ആശയവുമായി മുന്നോട്ട് പോകുമ്പോൾ നിലവിലുള്ള നിയമങ്ങളിൽ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ആയതിന്റെ തൽസ്ഥിതി എന്താണെന്ന് വിശദമാക്കാമോ?

ഉത്തരം

കേരള പൊതുമരാമത്ത് വകുപ്പ് പുതിയ കാലം പുതിയ നിർമ്മാണം എന്ന ആശയവുമായി ബന്ധപ്പെട്ട നിലവിലുള്ള നിയമങ്ങളിൽ ഭേദഗതി വരുത്തുന്നതിനല്ല പ്രാധാന്യം നൽകുന്നത്. സുതാര്യമായും ഗുണമേന്മയോടെയും ഈടോടുകൂടിയും സൗന്ദര്യാത്മകമായും ആധുനിക സാങ്കേതികവിദ്യകൾ പരമാവധി ഉപയോഗിച്ചു കൊണ്ടുമുള്ള നിർമ്മാണ രീതികൾ പ്രയോഗത്തിൽ കൊണ്ടുവരാനാണ് ഈ ആശയത്തിലൂടെ ശ്രമിക്കുന്നത്.

**നിർമ്മാണ പ്രവർത്തനങ്ങളിൽ ഗുണനിലവാര പരിശോധനാ സമ്പ്രദായം**

19 (1215) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ നിർമ്മാണ പ്രവർത്തനങ്ങളിൽ ഗുണനിലവാര പരിശോധനാ സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പ്രവൃത്തികളുടെ ഗുണനിലവാരം ഏതൊക്കെ വിധത്തിലാണ് ഉറപ്പാക്കുന്നത്;

(സി) ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന്, ഒരു നിശ്ചിത തുകയ്ക്ക് മുകളിലുള്ള പ്രവൃത്തികൾ പുറത്തുനിന്നുള്ള അംഗീകൃത ഏജൻസിയെകൊണ്ട് കൂടി പരിശോധിപ്പിക്കാനുള്ള നടപടി സ്വീകരിക്കാറുണ്ടോ;

(ഡി) പ്രവൃത്തി ഇടയ്ക്ക് വച്ച് ഉപേക്ഷിച്ച് പോകുമ്പോഴും നിശ്ചിത സമയത്ത് പൂർത്തീകരിക്കാത്ത സാഹചര്യത്തിലും കരാറുകാർക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത് ;

(ഇ) പിഴ ഈടാക്കുന്നതിന് പുറമേ ലിക്വിഡേറ്റഡ് ഡാമേജുകൂടി കരാറുകാരിൽനിന്ന് ഈടാക്കുന്നതിനുള്ള വ്യവസ്ഥ പാലിക്കപ്പെടുന്നുണ്ടോ എന്നറിയിക്കാമോ ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പിന്റെ നിർമ്മാണ പ്രവൃത്തികളിൽ ഗുണനിലവാര പരിശോധനാ സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി & സി) പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികളിൽ പൊതുമരാമത്ത് മാന്വൽ പ്രകാരമുള്ള ക്വാളിറ്റി ഓഡിറ്റിംഗ് നടപ്പിലാക്കുന്നുണ്ട്. ഗുണനിലവാര പരിശോധന നിർമ്മാണ ഘട്ടത്തിൽ സൈറ്റിൽ തന്നെ പരിശോധിച്ച് ഉറപ്പാക്കുന്നുണ്ട്. കൂടാതെ ക്വാളിറ്റി കൺട്രോൾ ലാബുകൾ മുഖേന പ്രവൃത്തികളുടെ ഗുണനിലവാര പരിശോധന സർട്ടിഫിക്കറ്റ് നിർബന്ധമാക്കിയിട്ടുണ്ട്. കൂടാതെ പ്രവൃത്തികൾ സുതാര്യമാക്കുന്നതിന്റേയും ഗുണനിലവാരം ഉറപ്പാക്കുന്നതിന്റേയും ഭാഗമായി 5-1-2018-ലെ സർക്കാർ ഉത്തരവ് G. O. (Ms.) No.1/2018/PWD പ്രകാരം സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി Three-tier Quality Control System നിലവിലുണ്ട്. ഇതിൻ പ്രകാരം ബന്ധപ്പെട്ട എഞ്ചിനീയർമാർ പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികൾക്ക് ഉപയോഗിക്കുന്ന മെറ്റീരിയൽസ് അംഗീകാരമുള്ള ലാബുകളിൽ സമർപ്പിച്ച് ഗുണനിലവാരം പരിശോധിച്ച് ഫസ്റ്റ് ടയർ ക്വാളിറ്റി കൺട്രോൾ ഉറപ്പുവരുത്താറുണ്ട്. സെക്കൻഡ് ടയർ ക്വാളിറ്റി സിസ്റ്റം നടപ്പിലാക്കിയതിന്റെ ഭാഗമായി ടി വകുപ്പിന്റെ അധീനതയിൽ ഗുണനിലവാര നിർണ്ണയത്തിനായി എല്ലാ ജില്ലകളിലും ഒരു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അധീനതയിൽ ക്വാളിറ്റി കൺട്രോൾ സബ് ഡിവിഷൻ ഓഫീസും

പ്രവർത്തിച്ചുവരുന്നുണ്ട്. ക്വാളിറ്റി കൺട്രോൾ സബ് ഡിവിഷനിൽ പ്രവർത്തിച്ചു വരുന്ന അസിസ്റ്റന്റ് എഞ്ചിനീയർമാർ പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുമ്പോൾ പ്രവൃത്തി നടക്കുന്ന സ്ഥലം സന്ദർശിക്കുകയും ചെയ്തു പ്രവൃത്തികളുടെ ഗുണനിലവാര പരിശോധന നടത്തുക, സാമ്പിളുകൾ ശേഖരിക്കുക ആയവ ക്വാളിറ്റി കൺട്രോൾ ലാബിൽ എത്തിച്ച് പരിശോധനയ്ക്ക് വിധേയമാക്കാറാണുള്ളത്. കൂടാതെ ദേശീയപാതാ വിഭാഗത്തിൽ വലിയ പദ്ധതികൾ എഞ്ചിനീയറിംഗ് പ്രൊക്യുയർമെന്റ് ആൻഡ് കൺസ്ട്രക്ഷൻ വ്യവസ്ഥയിൽ നടപ്പിലാക്കിവരുന്നുണ്ട്. ഇത്തരം പദ്ധതികളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി പ്രത്യേകം കൺസൾട്ടന്റ് എഞ്ചിനീയർമാരെ നിയമിക്കാറുണ്ട്. ചില അവസരങ്ങളിൽ സാമ്പിളുകൾ എഞ്ചിനീയറിംഗ് കോളേജ് ലാബുകളിൽ പരിശോധിപ്പിക്കാറുണ്ട്.

(ഡി) പ്രവൃത്തി ഇടയ്ക്കുവച്ച് ഉപേക്ഷിച്ച് പോകുന്ന സാഹചര്യത്തിൽ പ്രസ്തുത കരാറുകാരന്റെ നഷ്ടോത്തരവാദത്തിന്റെ അടിസ്ഥാനത്തിൽ കരാറിൽനിന്ന് ഒഴിവാക്കി കുറ്റക്കാരനായ കരാറുകാരനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുകയും അങ്ങനെ ടി പ്രവൃത്തി പുനഃക്രമീകരിക്കുകയും അങ്ങനെ ടി പ്രവൃത്തിയിലുണ്ടാകുന്ന നഷ്ടം മുൻകരാറുകാരനിൽനിന്നും ഈടാക്കുകയും ചെയ്യുന്നു. നിശ്ചിത സമയത്ത് പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ പൊതുമരാമത്ത് വകുപ്പ് മാന്വൽ പ്രകാരമുള്ള പിഴ ഈടാക്കി പ്രവൃത്തി പൂർത്തിയാക്കുവാൻ അനുവദിക്കുകയും അനിയന്ത്രിതമായി താമസമുണ്ടാകുന്ന സാഹചര്യത്തിൽ കരാറുകാരനെ കരാറിൽനിന്നും ഒഴിവാക്കി പ്രവൃത്തി പുനഃക്രമീകരിക്കുകയും ചെയ്യുന്നു.

(ഇ) പ്രവൃത്തി ഇടയ്ക്കുവച്ച് ഉപേക്ഷിച്ച് പോകുന്ന കരാറുകാരിൽ നിന്നും പ്രസ്തുത പ്രവൃത്തി പുനഃക്രമീകരിക്കുന്നതുമൂലമുണ്ടാകുന്ന നഷ്ടം ലിക്വിഡേറ്റഡ് ഡാമേജായി ഈടാക്കുന്നതിനുള്ള വ്യവസ്ഥ Bid of document-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മേൽപറഞ്ഞ ലിക്വിഡേറ്റഡ് ഡാമേജ് ഈടാക്കുന്നതിനുള്ള സാഹചര്യം ഉണ്ടായിട്ടില്ല. ഉണ്ടാകുന്നപക്ഷം ലിക്വിഡേറ്റഡ് ഡാമേജ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

### റോഡുകളുടേയും പാലങ്ങളുടേയും ഗുണമേന്മയ്ക്ക് നടപടി

20 (1216) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാന റോഡുകളുടെയും പാലങ്ങളുടെയും മറ്റു നിർമ്മാണങ്ങളുടെയും അവസ്ഥ ഈ സർക്കാർ അധികാരത്തിലെത്തുമ്പോൾ എന്തായിരുന്നുവെന്നും ആയത് പഠനവിധേയമാക്കിയപ്പോൾ കണ്ടെത്തിയ ന്യൂനതകൾ എന്തെല്ലാമായിരുന്നുവെന്നും വ്യക്തമാക്കാമോ;

(ബി) റോഡുകളുടെയും പാലങ്ങളുടെയും മറ്റ് നിർമ്മാണങ്ങളുടെയും ന്യൂനതകൾ പരിഹരിച്ച് ഗുണമേന്മ കൈവരിക്കുന്നതിന് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയതെന്ന് വ്യക്തമാക്കാമോ;

(സി) കാലാവധി പൂർത്തീകരിക്കുന്നതിന് മുമ്പ് തകരുന്ന റോഡുകൾക്ക് കാരണമാകുന്ന നിർമ്മാണത്തിലെ അശാസ്ത്രീയതകൾ, അപാകതകൾ, എസ്റ്റിമേറ്റിലെ ന്യൂനതകൾ, ഉദ്യോഗസ്ഥ മേൽനോട്ടപാളിച്ചകൾ, ഒരു വിഭാഗത്തിന്റെ അഴിമതി, ഉദ്യോഗസ്ഥരുടെ ഒത്താശയോടെ പാരമ്പര്യരീതികൾ നടപ്പാക്കി പ്രവൃത്തികൾ നടത്തുന്നത്, സാങ്കേതിക വിഭാഗത്തിന്റെ കാര്യക്ഷമതയില്ലായ്മ എന്നിവ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ഇത്തരം വീഴ്ചകൾ പരിശോധിക്കാനും തുടർനടപടികൾ കാര്യക്ഷമമാക്കാനും സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തിന്റെ വിവിധ ഭാഗത്തുള്ള റോഡുകൾ ഫണ്ടിന്റെ ഉചിതമല്ലാത്ത വിതരണത്താൽ ഒരു പരിധിവരെ മോശം അവസ്ഥയിലായിരുന്നു. പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗത്തിന്റെ കീഴിലുള്ള പാലങ്ങളുടെ സ്ഥിതി പരിശോധിച്ചതിൽ 162 പാലങ്ങൾ പുനർനിർമ്മിക്കേണ്ടതാണെന്നും 208 പാലങ്ങൾ പുനർനിർമ്മാണമോ/പുനരുദ്ധീകരണമോ വേണ്ടതാണെന്നും കണ്ടെത്തി. കേരളത്തിലെ ദേശീയപാതയിൽ വരുന്ന എല്ലാ പാലങ്ങളുടേയും സർവ്വേ നടത്താൻ കേന്ദ്ര ഗതാഗത മന്ത്രാലയം M/s TPF Engineering Pvt. Ltd. (പഴയ പേര് M/s SN Bhobe & Associates Pvt. Ltd.) -ഉമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. M/s TPF Engineering Pvt. Ltd.-ന്റെ ആദ്യഘട്ട സർവ്വേയുടെ കണക്ക് പ്രകാരം അറ്റകുറ്റപ്പണി, ബലപ്പെടുത്തൽ, പുതുക്കിപ്പണിയൽ എന്നിവ ആവശ്യമായ 14 പാലങ്ങളുണ്ട്. എസ്റ്റിമേറ്റുകൾക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചാൽ മാത്രമേ പ്രവൃത്തികൾക്ക് ആവശ്യമായ തുക കേന്ദ്ര മന്ത്രാലയത്തിൽ നിന്നും ലഭിക്കുകയുള്ളൂ.

(ബി) മേൽപ്പറഞ്ഞ ന്യൂനതകൾ പരിഹരിക്കുന്നതിനായി സംസ്ഥാനത്തിന്റെ എല്ലാ ഭാഗങ്ങൾക്കും തുല്യ പരിഗണന നൽകിക്കൊണ്ട്, പ്രവൃത്തികളുടെ അത്യാവശ്യകത കണക്കിലെടുത്ത് മുൻഗണനാക്രമത്തിൽ റോഡുകളുടെ പുനരുദ്ധാരണത്തിനും അറ്റകുറ്റപ്പണികൾക്കും ഫണ്ട് അനുവദിച്ച് പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു. പാലങ്ങളുടേയും കലുങ്കുകളുടേയും പുനർ നിർമ്മാണത്തിനായി 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പുതിയ ഒരു ശീർഷകത്തിൽ തുക

അനുവദിക്കുകയും അവയുടെ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. കൂടാതെ പ്രവൃത്തികളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ക്വാളിറ്റി കൺട്രോൾ വിഭാഗം ശക്തിപ്പെടുത്തുകയും സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. റോഡ് മെയിന്റനൻസ്, പാലങ്ങൾ എന്നിവയുടെ മേൽനോട്ടത്തിന് പ്രത്യേക ചീഫ് എഞ്ചിനീയർമാരെ നിയമിച്ചു. ദേശീയപാതാ വിഭാഗത്തിന്റെ അധീനതയിലുള്ള പ്രവൃത്തികളിലും എസ്റ്റിമേറ്റ് ഘട്ടങ്ങളിൽ കൃത്യത വരുത്തുന്നതിനും പ്രവൃത്തികളുടെ ഓരോ ഘട്ടങ്ങളിലും ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനുമുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(സി & ഡി) പൊതുമരാമത്ത് പ്രവൃത്തികളുടെ നിർമ്മാണത്തിലെ അപാകതകളും പ്രവൃത്തികൾ സംബന്ധിച്ച പരാതികളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രവൃത്തികളുടെ ഗുണമേന്മയും സുതാര്യതയും ഉറപ്പുവരുത്തുന്നതിനും പ്രവൃത്തികൾ അഴിമതി രഹിതമാക്കുന്നതിന്റെ ഭാഗമായി ക്വാളിറ്റി കൺട്രോൾ വിഭാഗത്തിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുകയും വകുപ്പിന്റെ പ്രവൃത്തികളിൽ സോഷ്യൽ ഓഡിറ്റിംഗ്, വിജിലൻസ് വിഭാഗത്തിന്റെ ശക്തിപ്പെടുത്തൽ എന്നിവ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. പാരമ്പര്യ രീതികൾക്കുപകരം ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ബി.എം & ബി.സി. നിലവാരത്തിലുള്ള റോഡുകൾ നൂതന നിർമ്മാണ സാമഗ്രികളായ എൻ.ആർ.എം.ബി., പ്ലാസ്റ്റിക്, കയർ ഭൂവസ്ത്രം എന്നിവ ഉപയോഗിച്ച് പരമാവധി നടപ്പിലാക്കിവരുന്നു. വകുപ്പിലെ ജീവനക്കാർക്ക് ആധുനിക സാങ്കേതികവിദ്യകൾ സംബന്ധിച്ച പരിശീലനം, ശില്പശാല എന്നിവ നടത്തിവരുന്നു. എന്നാൽ കരാറുകാരുടേയോ ഉദ്യോഗസ്ഥരുടേയോ വീഴ്ച കണ്ടെത്തിയാൽ അവർക്കെതിരെ കർശന നടപടിയും സ്വീകരിച്ചുവരുന്നു.

**പൊതുമരാമത്ത് റോഡ് നിർമ്മാണ പ്രവൃത്തികളുടെ ഗുണനിലവാരം**

21(1217) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് റോഡുനിർമ്മാണ പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് എന്തെല്ലാം സംവിധാനമാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) നിർമ്മാണത്തിലെ അപാകതകൾമൂലം നിശ്ചിത കാലയളവിനുള്ളിൽ റോഡുകൾക്ക് നാശനഷ്ടമുണ്ടായാൽ കരാറുകാർ, ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ എന്നിവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കുമോ;

(സി) പൊതുമരാമത്ത് റോഡ് വികസന പദ്ധതികൾ സുതാര്യവും അഴിമതിരഹിതവുമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നതെന്ന് വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) പൊതുമരാമത്ത് റോഡ് നിർമ്മാണ പ്രവൃത്തികളിൽ പൊതുമരാമത്ത് മാന്വൽ പ്രകാരമുള്ള ക്വാളിറ്റി ഓഡിറ്റിംഗ് നടപ്പിലാക്കുന്നുണ്ട്. ഗുണനിലവാരം പരിശോധിക്കുന്നതിന് നിർമ്മാണ ഘട്ടത്തിൽ സൈറ്റിൽ തന്നെ പരിശോധിച്ച് ഉറപ്പാക്കുന്നുണ്ട്. കൂടാതെ ക്വാളിറ്റി കൺട്രോൾ ലാബുകൾ മുഖേന പ്രവൃത്തികളുടെ ഗുണനിലവാര പരിശോധന നടപ്പാക്കുന്നുണ്ട്. പ്രവൃത്തികളുടെ പേയ്മെന്റിന് ക്വാളിറ്റി കൺട്രോൾ ലാബുകളുടെ പരിശോധന സർട്ടിഫിക്കറ്റുകൾ നിർബന്ധമാക്കിയിട്ടുണ്ട്. കൂടാതെ പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികളിൽ സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കിയിട്ടുണ്ട്.

പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി Three-tier Quality Control System നിലവിലുണ്ട്. ഇതിൻപ്രകാരം ബന്ധപ്പെട്ട എഞ്ചിനീയർമാർ പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികൾക്ക് ഉപയോഗിക്കുന്ന മെറ്റീരിയൽസ് അംഗീകാരമുള്ള ലാബുകളിൽ സമർപ്പിച്ച് ഗുണനിലവാരം പരിശോധിച്ച് ഫസ്റ്റ് ടയർ ക്വാളിറ്റി കൺട്രോൾ ഉറപ്പുവരുത്താറുണ്ട്. സെക്കൻഡ് ടയർ ക്വാളിറ്റി സിസ്റ്റം നടപ്പിലാക്കിയതിന്റെ ഭാഗമായി ടി വകുപ്പിന്റെ അധീനതയിൽ ഗുണനിലവാര നിർണ്ണയത്തിനായി എല്ലാ ജില്ലകളിലും ഒരു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അധീനതയിൽ ക്വാളിറ്റി കൺട്രോൾ സബ് ഡിവിഷൻ ഓഫീസും അതിനോടനുബന്ധിച്ച് ക്വാളിറ്റി കൺട്രോൾ ലാബും പ്രവർത്തിച്ചുവരുന്നുണ്ട്. ക്വാളിറ്റി കൺട്രോൾ സബ് ഡിവിഷനിൽ പ്രവർത്തിച്ചുവരുന്ന അസിസ്റ്റന്റ് എഞ്ചിനീയർമാർ പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുമ്പോൾ പ്രവൃത്തി നടക്കുന്ന സ്ഥലം സന്ദർശിക്കുകയും ചെയ്തു പ്രവൃത്തികളുടെ ഗുണനിലവാര പരിശോധന നടത്തുക, സാമ്പിളുകൾ ശേഖരിക്കുക ആയവ ക്വാളിറ്റി കൺട്രോൾ ലാബിൽ എത്തിച്ച് പരിശോധനയ്ക്ക് വിധേയമാക്കാറാണുള്ളത്. ആയതിന്റെ പരിശോധനാ ഫലം ബന്ധപ്പെട്ട അധികാരികൾക്ക് കൈമാറുകയും ചെയ്യാറുണ്ട്. അഞ്ച് കോടി രൂപയിൽ കൂടുതലുള്ള നിർമ്മാണ പ്രവൃത്തികൾക്ക് ടെക്നിക്കൽ ഓഡിറ്റിംഗും ഏർപ്പെടുത്തുന്നതിനായി സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

കൂടാതെ ദേശീയപാതാ വിഭാഗത്തിൽ വലിയ പദ്ധതികൾ എഞ്ചിനീയറിംഗ് പ്രൊക്യൂർമെന്റ് ആൻഡ് കൺസ്ട്രക്ഷൻ (EPC) വ്യവസ്ഥയിൽ നടപ്പിലാക്കി വരുന്നുണ്ട്. ഇത്തരം പദ്ധതികളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി പ്രത്യേകം കൺസൾട്ടന്റ് എഞ്ചിനീയർമാരെ നിയമിക്കാറുണ്ട്.

(ബി) നിർമ്മാണത്തിലെ അപാകതകൾ ഡിഫക്ട് ലയബിലിറ്റി പീരിഡിൽ വരുന്നത് ബന്ധപ്പെട്ട കരാറുകാരുടെ ചെലവിൽത്തന്നെ പരിഹരിച്ചുവരുന്നു. അല്ലാത്തപക്ഷം അവർക്കെതിരെ നിയമ നടപടികളും സ്വീകരിക്കുന്നുണ്ട്. നിർമ്മാണ പ്രവർത്തനങ്ങളിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

(സി) പൊതുമരാമത്ത് റോഡ് വികസന പ്രവൃത്തികൾ സുതാര്യവും അഴിമതി രഹിതവുമാക്കുന്നതിനായി പൊതുമരാമത്ത് മാന്വൽ നിഷ്കർഷിക്കുന്ന പ്രകാരം പ്രവൃത്തികൾ നടപ്പിലാക്കുകയും ക്വാളിറ്റി ഓഡിറ്റിംഗ്, സോഷ്യൽ ഓഡിറ്റിംഗ്, ഇ-ടെണ്ടറിംഗ് ഇ-പേയ്മെന്റ് മുതലായ സംവിധാനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

**റോഡ് നിർമ്മാണ വസ്തുക്കളുടെ ദൗർലഭ്യം**

22 (1218) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് നിർമ്മാണ വസ്തുക്കളായ ടാർ, മെറ്റൽ, മണൽ എന്നിവയുടെ രൂക്ഷമായ ദൗർലഭ്യം പൊതുമരാമത്ത് വകുപ്പിന്റെ നിർമ്മാണപ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ മെറ്റൽ, മണൽ എന്നിവയുടെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളുടെ യോഗം ചേർന്ന് അടിയന്തര പരിഹാരം കാണുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) മഴക്കാലത്തിന് മുമ്പ് ടാറിംഗ് മുതലായ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) റോഡ് നിർമ്മാണ വസ്തുക്കളായ മെറ്റലിന്റേയും നാച്വറൽ റബ്ബർ മോഡിഫൈഡ് ബിറ്റുമിൻ ദൗർലഭ്യം പൊതുമരാമത്ത് വകുപ്പിന്റെ നിർമ്മാണ പ്രവർത്തനങ്ങളെ ഒരു പരിധി വരെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. മണലിന് പകരം എം.സാൻഡ് നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്നുണ്ട്.

(ബി) നിലവിൽ ക്വാറികളുടെ പ്രവർത്തനത്തിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ളത് മെറ്റലിന്റേയും എം.സാൻഡിന്റേയും ലഭ്യതയ്ക്ക് കുറവ് വരുത്തിയിട്ടുണ്ട്.

(സി) മഴക്കാലത്തിനുമുൻപ് മഴക്കാലപൂർവ്വ പ്രവൃത്തികളിൽ ഉൾപ്പെടുത്തിയിട്ടുള്ള ടാറിംഗ് ഉൾപ്പെടെയുള്ള അറ്റകുറ്റപ്പണികൾ പൂർത്തീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

## റോഡുകളുടെയും പാലങ്ങളുടെയും സംരക്ഷണം

23 (1219) ശ്രീ. സി. ദിവാകരൻ :

ശ്രീ. ചിറ്റയം ഗോപകുമാർ :

ശ്രീമതി ഗീതാ ഗോപി :

ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡുകളുടെയും പാലങ്ങളുടെയും സംരക്ഷണത്തിന് സ്വീകരിക്കുന്ന മഴക്കാലപൂർവ്വ കരുതൽ നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) റോഡുകളിലെ കുഴികൾ അടക്കുന്നതുപോലുള്ള അറ്റകുറ്റപ്പണികൾ മഴക്കാലത്തിന് മുൻപ് പൂർത്തിയാക്കുമോ;

(സി) പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളിൽ നിലവിലുള്ള കയ്യേറ്റം ഒഴിപ്പിക്കുന്നതിന് സ്വീകരിക്കുന്ന നടപടകൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ഡി) പാലങ്ങളുടെ പുതുക്കിപ്പണിയലും മറ്റ് അറ്റകുറ്റപ്പണികളും പൂർത്തിയാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

### ഉത്തരം

(എ) മഴക്കാലപൂർവ്വ കരുതൽ നടപടികൾ സ്വീകരിക്കുന്നതിനായി 16-5-2018-ലെ CE/Admin/GL/2018-19 പ്രകാരം സർക്കുലർ പുറപ്പെടുവിച്ച് എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും അതിനുവേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ടി സർക്കുലർ പ്രകാരം മഴക്കാലപൂർവ്വ കരുതൽ നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി റോഡുകളിലേയും പാലങ്ങളിലേയും കുറ്റിച്ചെടികൾ, അടിഞ്ഞ മണ്ണ് നീക്കംചെയ്യൽ, ഓടകളിലും ഓവുകളിലും അടിഞ്ഞുകൂടിയ മണ്ണും തടസ്സങ്ങളും നീക്കം ചെയ്ത് വെള്ളക്കെട്ട് ഒഴിവാക്കുക, റോഡുകളിലെ അപകടകരമായ മരങ്ങളും ചില്ലകളും പരിശോധിച്ച് വെട്ടിമാറ്റുക, ജൂൺ 1 മുതൽ ആഗസ്റ്റ് 15 വരെ മഴക്കാലമായതിനാൽ പൈപ്പുകളും കേബിളുകളും സ്ഥാപിക്കുന്നതിനായി റോഡ് കട്ടിംഗിന് അത്യാവശ്യഘട്ടങ്ങളിൽ മാത്രം പൊതുമരാമത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറും അപേക്ഷകരായ വകുപ്പുകളോ കമ്പനികളോ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥരും സംയുക്ത പരിശോധന നടത്തി റോഡ് കട്ടിംഗിനായി തീരുമാനം എടുത്ത് നടപ്പാക്കുക, അപകടാവസ്ഥയിലുള്ള

റോഡുകളിലും പാലങ്ങളിലും അപകട സൂചന ബോർഡുകൾ സ്ഥാപിക്കുക, റോഡുകളിൽ ഉണ്ടാകുന്ന കുഴികൾ യഥാസമയം അടയ്ക്കുക, അനുവാദമില്ലാത്ത പരസ്യ ബോർഡുകൾ, അനധികൃത കയ്യേറ്റങ്ങൾ എന്നിവ ഹൈവേ പ്രൊട്ടക്ഷൻ ആക്ട് പ്രകാരം ഒഴിപ്പിക്കുക, കാഴ്ച മറയ്ക്കുന്ന കുറ്റിച്ചെടികളും മരച്ചില്ലകളും മാറ്റുക, പാലങ്ങൾ മഴക്കാലത്തിനുമുമ്പ് പരിശോധിക്കുകയും അടിയന്തര അറ്റകുറ്റ പണികൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുക, മഴക്കാല പൂർവ്വ പ്രവൃത്തികൾ മേയ് 31-ന് മുമ്പ് പൂർത്തിയാക്കുക എന്നീ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.

(ബി) റോഡുകളിലെ കുഴികൾ അടയ്ക്കുന്ന അറ്റകുറ്റപ്പണികൾ മഴക്കാലത്തിനുമുമ്പ് പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളിലെ കയ്യേറ്റങ്ങൾ അവ ശ്രദ്ധയിൽപ്പെട്ടപ്പോൾത്തന്നെ ഒഴിപ്പിക്കുന്നതിന് കേരള ഹൈവേ പ്രൊട്ടക്ഷൻ ആക്ട് ബാധകമാക്കിയുള്ള 3-1-2016-ലെ സർക്കാർ ഉത്തരവ് (കൈ.) നമ്പർ 63/16/പൊ.മ.വ. പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് നിരത്തുവിഭാഗത്തിന്റെ കീഴിലുള്ള പുനർനിർമ്മാണം/ പുനരുദ്ധാരണ അറ്റകുറ്റപ്പണികൾ എന്നിവ ആവശ്യമായുള്ള പ്രവൃത്തികൾ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പുനർനിർമ്മാണം ആവശ്യമായുള്ള 162 പാലങ്ങളിൽ 31 പാലങ്ങളുടെ പ്രവൃത്തികൾക്ക് കിഫ്ബി/ബഡ്ജറ്റ് മുഖേന ഭരണാനുമതി നൽകിയിട്ടുണ്ട്. 10 പാലങ്ങളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ബാക്കിയുള്ളവയുടെ ഇൻവെസ്റ്റിഗേഷൻ നടത്തി ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ നടന്നുവരികയും ചെയ്യുന്നു. പുനരുദ്ധാരണം ആവശ്യമായിട്ടുള്ള പാലങ്ങളുടെ പുനഃപരിശോധന നടന്നുവരുന്നു. സാധാരണ അറ്റകുറ്റപ്പണികൾ ആവശ്യമായ പാലങ്ങളിൽ 283 പാലങ്ങൾക്കുവേണ്ട 33.18 കോടി രൂപയുടെ എസ്റ്റിമേറ്റുകൾ സർക്കാരിന്റെ പരിഗണനയിലാണ്.

**എം. സി. റോഡ് നവീകരണ പ്രവർത്തനങ്ങൾ**

24 (1220) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകബാങ്ക് സഹായത്തോടെയുള്ള എം. സി. റോഡ് നവീകരണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ് ;

(ബി) കെ. എസ്. ടി. പി. അധികൃതരുടെ ഭാഗത്ത് നിന്നുള്ള അലംഭാവം കാരണം നിർമ്മാണം വൈകുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) റോഡിന്റെ അപാകതമൂലം നിലമേൽ മുതൽ ഏനാത്ത് വരെയുള്ള ഭാഗത്ത് നിർമ്മാണം വൈകുന്നതായും അപകട മരണങ്ങൾ കൂടുന്നതായും കണ്ടെത്തിയിട്ടുണ്ടോ;

(ഡി) എം.സി. റോഡ് നവീകരണം വൈകുന്നതിനെതിരെ ഹൈക്കോടതിയെ സമീപിക്കുവാൻ കൊല്ലം റൂറൽ ജില്ലാ പോലീസ് മേധാവി തീരുമാനിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എം.സി. റോഡിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ അടിയന്തരമായി പൂർത്തിയാക്കുന്നതിന് കെ.എസ്.ടി.പി.-ക്ക് നിർദ്ദേശം നൽകുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ലോകബാങ്ക് ധനസഹായത്തോടെ നടപ്പിലാക്കുന്ന എം.സി. റോഡിൽ കഴക്കൂട്ടം മുതൽ അടൂർ വരെയുള്ള 80 കി.മി. (SCDP) റോഡിന്റെ നവീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഈ പദ്ധതിയുടെ 40% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) രേഖാമൂലം ആരും ആക്ഷേപം പറഞ്ഞിട്ടില്ല.

(സി) റോഡിന്റെ അപാകതമൂലം അപകടമരണങ്ങൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഉപരിതലം പുതുക്കൽ പൂർത്തിയായ ഭാഗങ്ങളിൽ വാഹനങ്ങൾ അമിതവേഗതയിൽ സഞ്ചരിക്കുന്നതുമൂലം അപകടങ്ങൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) എം.സി. റോഡ് നവീകരണം വൈകുന്നതിനെതിരെ ഹൈക്കോടതിയെ സമീപിക്കാൻ കൊല്ലം റൂറൽ ജില്ലാ പോലീസ് മേധാവി തീരുമാനിച്ചിട്ടുള്ളതായി ഔദ്യോഗികമായി അറിയിപ്പ് ലഭിച്ചിട്ടില്ല. അങ്ങനെ പോകാൻ പോലീസ് അധികാരിക്ക് അധികാരമില്ല.

(ഇ) എം.സി. റോഡിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ അടിയന്തരമായി പൂർത്തിയായി വരുന്നുണ്ട്.

**കെ.എസ്.ടി.പി. റോഡ് വികസന പദ്ധതി**

25 (1221) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> :
<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u> :
<u>ശ്രീ. എൽദോ എബ്രഹാം</u> :
<u>ശ്രീ. വി. ആർ. സുനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ടി.പി. റോഡ് വികസന പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) കെ.എസ്.ടി.പി. പദ്ധതിയുടെ സമയപരിധി നീട്ടുന്നതിന് കേന്ദ്രസർക്കാരിനെ സമീപിച്ചിട്ടുണ്ടെങ്കിൽ ഇക്കാര്യത്തിലെ കേന്ദ്ര നിലപാട് വ്യക്തമാക്കാമോ;

(സി) പുനലൂർ-പൊൻകുന്നം റോഡ് വികസന പദ്ധതി ഏത് മാതൃകയിൽ നടത്തുന്നതിനാണ് തീരുമാനിച്ചതെന്നും ആയത് ആരംഭിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) വിലയിരുത്തിയിട്ടുണ്ട്. ഈ പദ്ധതിയിൽ താഴെപ്പറയുന്ന റോഡുകളുടെ പുനരുദ്ധാരണം വിഭാവനം ചെയ്തിരുന്നു:

| | |
|---|---|
| 1 | കാസർഗോഡ്-കാഞ്ഞങ്ങാട് റോഡ് -27.78 കി.മീ. |
| 2 | പിലാത്തറ-പാപ്പിനിശ്ശേരി റോഡ്-20.90 കി.മീ. |
| 3A | തലശ്ശേരി-കളറോഡ് റോഡ് - 30.00 കി.മീ. |
| 3B | കളറോഡ്-വളവുപാറ റോഡ് -24 കി.മീ. |
| 4 | ചെങ്ങന്നൂർ-മൂവാറ്റുപുഴ റോഡ് - 47.70 കി.മീ. |
| 4A | തിരുവല്ല ബൈപ്പാസ്-2.3 കി.മീ. |
| 5 | ഏറ്റുമാനൂർ-മൂവാറ്റുപുഴ റോഡ്-40.96 കി.മീ. |
| 6 | പൊൻകുന്നം-തൊടുപുഴ റോഡ് -50 കി.മീ. |
| 7 | പെരുമ്പിലാവ്-പെരിന്തൽമണ്ണ -39.37 കി.മീ. |
| 8 | പുനലൂർ-പൊൻകുന്നം (82 കി.മീ.) (എഞ്ചിനീയറിംഗ് പ്രൊക്യൂർമെന്റ് കൺസ്ട്രക്ഷൻ) |

ഇതിൽ 1, 2, 3A, 3B എന്നീ ക്രമത്തിലുള്ള പണികൾ നടന്നുവരുന്നു. 1, 2 കരാർ പാക്കേജുകൾ ഏതാണ്ട് 93 ശതമാനവും 3A, 3B എന്നിവ യഥാക്രമം 50 ശതമാനവും 60 ശതമാനവും പണികൾ തീർന്നിട്ടുണ്ട്. 4, 5, 6, 7 എന്നീ നാലു കരാർ പാക്കേജുകളും പണി പൂർത്തീകരിച്ചു. തിരുവല്ല ബൈപ്പാസിന്റെ മുൻകരാർ റദ്ദു ചെയ്തു. പുനർദർഘാസ് ക്ഷണിക്കാൻ ആരംഭിക്കുന്നു.

ഇതുകൂടാതെ ഈ പദ്ധതിയിൽ ഉൾപ്പെടുന്ന റോഡ് സുരക്ഷാ മാനേജ്മെന്റിന്റെ ഭാഗമായ കേരളാ റോഡ് സുരക്ഷാ അതോറിറ്റിയുടെ ശാക്തീകരണം, നൈപുണ്യ വികസനം എന്നിവയും കഴക്കൂട്ടം മുതൽ അടൂർ വരെയുള്ള 80 കി.മീ. മാതൃകാ സുരക്ഷാപാതയായി മാറ്റുന്ന നടപടികളും പുരോഗമിക്കുന്നു. കൂടാതെ ജില്ലാ തലത്തിൽ റോഡ് സുരക്ഷാ കൗൺസിലുകളുടെ ആഭിമുഖ്യത്തിൽ നടപ്പാക്കുന്ന "ചലഞ്ച് ഫണ്ട് പ്രോഗ്രാമിന്റെ" ആദ്യഘട്ടമായി കോഴിക്കോട് ജില്ലയിൽ ഉൾപ്പെട്ട പ്രാദേശിക സുരക്ഷാ പദ്ധതികൾ നടപ്പിലാക്കാനുള്ള നടപടികൾ നടന്നുവരുന്നു.

(ബി) കെ.എസ്.ടി.പി.-യുടെ രണ്ടാംഘട്ട പദ്ധതിയുടെ ലോൺ പുനർഘടനയ്ക്കായി കേരള സർക്കാരിന്റെ നിർദ്ദേശം കേന്ദ്ര സാമ്പത്തികകാര്യ വകുപ്പ് മുഖാന്തരം ലോകബാങ്കിനെ അറിയിച്ചിട്ടുണ്ട്. ഇപ്പോൾ ഇത് ലോകബാങ്കിന്റെ പരിഗണനയിലാണ്.

(സി) പുനലൂർ-പൊൻകുന്നം റോഡ് എഞ്ചിനീയറിംഗ് പ്രൊക്യൂർമെന്റ് ആൻഡ് കൺസ്ട്രക്ഷൻ (ഇ.പി.സി.) മാതൃകയിൽ നടത്തുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ദർഘാസുകൾ ലോകബാങ്ക് അംഗീകരിക്കുന്നമുറയ്ക്ക് പദ്ധതി ആരംഭിക്കുന്നതാണ്.

**കെ.എസ്.ടി.പി. രണ്ടാം ഘട്ട പദ്ധതി**

26 (1222) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.റ്റി.പി. രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ 2018-ൽ തന്നെ പൂർത്തിയാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

(ബി) രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെട്ട കളറോഡ് - വളവുപാറ, തലശ്ശേരി - കളറോഡ് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങളിൽ പുരോഗതി കൈവരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) പുനലൂർ-പൊൻകുന്നം റോഡ് പി.പി.പി.-യിൽ നിന്നുമാറ്റി ഇ.പി.സി. മാതൃകയിൽ നിർമ്മിക്കുവാൻ തീരുമാനിച്ചതിന്റെ കാരണമെന്താണ്;

(ഡി) കെ.എസ്.റ്റി.പി. പദ്ധതികളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കുമോ;

(ഇ) നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി തീർക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ അവലോകന യോഗം ചേരാറുണ്ടോ; എങ്കിൽ ഈ വർഷം എത്ര യോഗം ചേർന്നുവെന്ന് അറിയിക്കുമോ?

ഉത്തരം

(എ) പ്രോജക്ട് ഡയറക്ടറുടെയും പൊതുമരാമത്ത് വകുപ്പുസെക്രട്ടറി തലത്തിലും ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി തലത്തിലും അവലോകനം ചെയ്ത് എല്ലാ പദ്ധതികളും സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള നടപടികളും നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്.

(ബി) തലശ്ശേരി-കളറോഡ് റോഡ്.

ഈ പദ്ധതി തലശ്ശേരി-വളവുപാറ റോഡിന്റെ മുൻകരാർ റദ്ദ് ചെയ്ത് രണ്ട് ചെറിയ പാക്കേജുകളായി പുനർദർഘാസ് ക്ഷണിച്ച് നടപ്പിലാക്കിവരുന്നു. ഇതിന്റെ പണികൾ 50 ശതമാനത്തോളം പുരോഗമിച്ചു. ഇതിൽപ്പെട്ട എരഞ്ഞോളി പാലം ദേശീയ ജലഗതാഗത പാതയായി പ്രഖ്യാപിക്കുവാൻ സാദ്ധ്യതയുള്ള പുഴയ്ക്ക് കുറുകെയായതുകൊണ്ട് ഉയരം കൂട്ടേണ്ടിവരുമെന്ന് അധികൃതർ അറിയിച്ചതനുസരിച്ച് ഉയർത്തുമ്പോൾ അപ്രോച്ച് റോഡുകൾക്കുവേണ്ടി അധിക സ്ഥലം ഏറ്റെടുക്കേണ്ടി വരും. ഇതിനുള്ള നടപടികൾ നടന്നുവരുന്നു.

കളറോഡ്-വളവുപാറ റോഡ്

ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ ഏതാണ്ട് 60 ശതമാനം പുരോഗമിച്ചു. ഇതിൽപ്പെട്ട ഇരിട്ടി പാലത്തിന്റെ അപ്രോച്ച് റോഡിനായി അധിക സ്ഥലം ഏറ്റെടുക്കേണ്ടതുണ്ട്. ഇതിനുള്ള നടപടികൾ നടന്നു വരുന്നു. കൂടാതെ സംസ്ഥാന അതിർത്തിയിലുള്ള വളവുപാറ (കൂട്ടുപുഴ) പാലത്തിന്റെ പുഴയുടെ കുറേ ഭാഗം കർണ്ണാടക സംസ്ഥാനത്തിലെ ഫോറസ്റ്റ് അധികൃതരുടെ അധീനതയിലായതു കൊണ്ട് അത് വിട്ടുകിട്ടുവാൻ സർവ്വേ നടത്തി പാലം പണിയാനായി കൈമാറ്റം ചെയ്യുവാൻ ആവശ്യമായ നടപടികൾ എടുത്തുവരുന്നു. 2018 അവസാനത്തോടെ പണി പൂർത്തിയാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) പൊതു-സ്വകാര്യ മാതൃകയിലുള്ള പുനലൂർ-പൊൻകുന്നം റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനെ സംബന്ധിച്ച് ലോകബാങ്ക് ആശങ്ക അറിയിക്കുകയുണ്ടായി. ഇതിനെത്തുടർന്ന് ലോകബാങ്കിന്റെ അധികാരികളും സർക്കാരും നടത്തിയ ചർച്ചയിൽ പ്രസ്തുത പദ്ധതി പൊതു സ്വകാര്യ മാതൃകയിൽ നിന്നും എഞ്ചിനീയറിംഗ് പ്രൊക്യൂർമെന്റ് ആന്റ് കൺസ്ട്രക്ഷൻ (ഇ.പി.സി) മാതൃകയിലേയ്ക്ക് മാറ്റുവാൻ തീരുമാനിക്കുകയുണ്ടായി.

(ഡി)കെ.എസ്.ടി.പി.-യിൽ പദ്ധതിയുടെ ഗുണനിലവാരം പരിശോധിക്കുന്ന തിനുള്ള പരീക്ഷണശാലകൾ കരാറുകാർ അതതു സ്ഥലത്ത് ഒരുക്കണമെന്നാണ് വ്യവസ്ഥ. പണികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് അന്തർദ്ദേശീയ

നിലവാരത്തിൽ പ്രാഗൽഭ്യം നേടിയിട്ടുള്ള സൂപ്പർവിഷൻ കൺസൾട്ടന്റിനെ തെരഞ്ഞെടുത്തിട്ടുണ്ട്. ഇൻഡ്യൻ റോഡ് കോൺഗ്രസ്സും മറ്റും നിഷ്കർഷിക്കുന്ന ഗുണനിലവാര പരിശോധന അവർ നടത്തും. കരാറുകാരുടെ ബില്ലുകൾ സമർപ്പിക്കുമ്പോൾ ഗുണനിലവാര പരിശോധന റിപ്പോർട്ടുകൂടി ഉൾക്കൊള്ളിക്കുന്നുണ്ട്. ഇതുകൂടാതെ മത്സര ദർഘാസ് ക്ഷണിച്ച് ഒരു വിദഗ്ദ്ധനെ തെരഞ്ഞെടുത്ത് ഈ പണികളുടെ ഒരു ടെക്നിക്കൽ ഓഡിറ്റ് നടത്തി ഈ റിപ്പോർട്ടുകൾ പ്രോജക്ട് ഡയറക്ടറും ലോകബാങ്കും പരിശോധിക്കും. വീണ്ടും പണികൾ പൂർത്തീകരിച്ച് ഏറ്റെടുക്കുന്നതിനുമുൻപ് മറ്റൊരു വിദഗ്ദ്ധ കൺസൾട്ടന്റ് ടീമിനെക്കൊണ്ട് പരിശോധന നടത്താനുള്ള നടപടിക്രമങ്ങളും നടത്തിവരുന്നു.

(ഇ) നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി തീർക്കുന്നതിനായി ഈ വർഷം അവലോകന യോഗങ്ങൾ പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ നടത്തിയിരുന്നു.

## കേരള ഹൈവേ പ്രൊട്ടക്ഷൻ ആക്ട്

27 (1223) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള റോഡുകൾ കയ്യേറുന്നത് തടയുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; പ്രസ്തുത റോഡുകൾക്ക് കേരള ഹൈവേ പ്രൊട്ടക്ഷൻ ആക്ട് ബാധകമാക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ആക്ട് പ്രകാരം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

(ബി) സ്റ്റേറ്റ് ഹൈവേ പ്രൊട്ടക്ഷൻ ആക്ട് കർശനമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി പൊതുമരാമത്ത് വകുപ്പ് റോഡുകളിലെ കയ്യേറ്റങ്ങൾ സമയാസമയങ്ങളിൽ കണ്ടെത്തി ഒഴിപ്പിക്കുന്നതിന് നിലവിലുള്ള സംവിധാനമെന്താണ്;

(സി) പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള റോഡ് കയ്യേറ്റങ്ങൾ, കാഴ്ചയെ മറച്ചുള്ള വലിയ പരസ്യബോർഡുകൾ, റോഡിനിരുവശത്തും അപകടകരമായ രീതിയിൽ സിഗ്നലുകൾപോലും കാണാൻ കഴിയാത്ത തരത്തിൽ ഉയർത്തിക്കെട്ടിയിരിക്കുന്ന ഫ്ലക്സ് ബോർഡുകൾ, ഹോർഡിംഗുകൾ ഇവ ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള റോഡുകൾ കയ്യേറുന്നത് തടയുന്നതിനായി കേരള ഹൈവേ പ്രൊട്ടക്ഷൻ ആക്ട് ബാധകമാക്കി 3-9-2016-ലെ സ.ഉ. (കൈ.) നമ്പർ 63/16/പൊ.മ.വ. തീയതി പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവനുസരിച്ച് കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെടുമ്പോൾ തന്നെ അവ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ടി ഉത്തരവ് പ്രകാരം സംസ്ഥാനത്തെ നാഷണൽ ഹൈവേയും സ്റ്റേറ്റ് ഹൈവേയും പ്രധാന റോഡുകളും 1999-ലെ സ്റ്റേറ്റ് ഹൈവേ പ്രൊട്ടക്ഷൻ ആക്ട് (സെക്ഷൻ 13) പ്രകാരമുള്ള ഹൈവേ ആയി പ്രഖ്യാപിച്ചുകൊണ്ടും ടി കാര്യങ്ങളുടെ നിരീക്ഷണത്തിനായി എൻ.എച്ച്. പരിധിയിൽ വരുന്ന റോഡുകളുടെ ഹൈവേ അതോറിറ്റിയായി എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൻ.എച്ച്.-നേയും സ്റ്റേറ്റ് ഹൈവേയുടേയും പ്രധാന ജില്ലാ റോഡുകളുടേയും അതോറിറ്റിയായി എക്സിക്യൂട്ടീവ് എഞ്ചിനീയർ (ആർ & ബി)യേയും 1999-ലെ സ്റ്റേറ്റ് ഹൈവേ പ്രൊട്ടക്ഷൻ ആക്ട് (സെക്ഷൻ 4) പ്രകാരം നിയമിച്ചും ഉത്തരവായിട്ടുണ്ട്. ആയതിനാൽ സ്റ്റേറ്റ് ഹൈവേ പ്രൊട്ടക്ഷൻ ആക്ട് കർശനമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) ഹൈവേ പ്രൊട്ടക്ഷൻ ആക്ട് പ്രകാരം ഫീൽഡ് ഓഫീസർമാർ സൈറ്റ് ഇൻസ്പെക്ഷൻ നടത്തി കയ്യേറ്റം ബോധ്യപ്പെട്ടാൽ നിശ്ചിത സമയത്തിനുള്ളിൽ സ്വമേധയാ ഒഴിഞ്ഞുപോകുന്നതിന് നോട്ടീസ് നൽകും. ഒഴിഞ്ഞു പോകാതിരുന്നാൽ വകുപ്പിൽ നിന്നും നേരിട്ട് ഒഴിപ്പിക്കുകയും കയ്യേറിയ വസ്തുക്കൾ പിടിച്ചെടുത്ത് പൊതു ലേലം നടത്തി സർക്കാരിലേയ്ക്ക് കണ്ടുകെട്ടുകയും ചെയ്യും. മാത്രമല്ല ഒഴിപ്പിക്കുന്നതിനുള്ള ചെലവ് പിഴ സഹിതം ഈടാക്കുകയും ചെയ്യും.

(സി) പൊതുമരാമത്ത് വകുപ്പിന്റെ അനുമതിയില്ലാതെ സ്ഥാപിക്കുന്ന പരസ്യ ബോർഡുകൾ, ഫ്ലക്സ് ബോർഡുകൾ, ഹോർഡിംഗുകൾ തുടങ്ങിയവ ശ്രദ്ധയിൽ പ്പെടുമ്പോൾ Highway Protection Act പ്രകാരം പോലീസിന്റെ സഹായത്തോടെ എവിക്ഷൻ നടത്തി നീക്കം ചെയ്യാറുണ്ട്. ആയവ പൊതുലേലം നടത്തി തുക സർക്കാരിലേയ്ക്ക് അടയ്ക്കാറുണ്ട്.

റോഡ് വികസനം

28 (1224) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് വികസനത്തിന്റെ ഭാഗമായി ദേശീയപാത നാലുവരിയാക്കുന്നതിന്റെ പ്രവർത്തനപുരോഗതി വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം സംസ്ഥാന ദേശീയ പാതകളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നും ഇവയിൽ നാലുവരി പാതയാക്കുന്ന പ്രവർത്തനം ഏതെല്ലാം ദേശീയപാതകളിൽ പൂർത്തിയായിയെന്നും ഏതെല്ലാം പാതകളിൽ പ്രവൃത്തികൾ നടന്നുവരുന്നുവെന്നും ഇനി തുടങ്ങാനുള്ള പ്രവൃത്തികൾ ഏതെല്ലാമെന്നും ദേശീയപാതകൾ തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(സി) ഈ സർക്കാരും പൊതുമരാമത്ത് വകുപ്പും നടത്തിയ നിർമ്മാണ പ്രവൃത്തികളിലെ പുത്തൻ ആശയങ്ങളും പരീക്ഷണാത്മകവും നവീനവുമായ നിർമ്മാണപ്രവർത്തനങ്ങളും ഒപ്പം സുതാര്യവും അഴിമതിരഹിതമായ നിർവ്വഹണ രീതികളും അതുവഴി ഉദ്ദേശിക്കുന്ന അഭിമാനാർഹമായ പ്രവൃത്തികളും എന്തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരളത്തിലെ ദേശീയപാതകളിൽ തലപ്പാടി മുതൽ ഇടപ്പള്ളി വരെയും ചേർത്തല മുതൽ തിരുവനന്തപുരം വരെയുമുള്ള ദേശീയപാത (എൻ.എച്ച് 66) 45 മീറ്റർ റൈറ്റ് ഓഫ് വേയിൽ 4/6 വരിപ്പാതയായി വികസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിന്റെ ചുമതല നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യയ്ക്കാണ്. വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കൽ അവസാനഘട്ടത്തിലാണ്. തലപ്പാടി മുതൽ ചെങ്ങള വരെയും ചെങ്ങള മുതൽ നീലേശ്വരം വരെയും കഴക്കൂട്ടം ഫ്ലൈ ഓവറിന്റേയും ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. സ്ഥലം ലഭ്യമായിട്ടുള്ള കോഴിക്കോട്, തലശ്ശേരി-മാഹി എന്നീ ബൈപ്പാസ്സുകളുടേയും നീലേശ്വരം ആർ.ഒ.ബി.യുടേയും നിർമ്മാണ നടപടികൾ തുടങ്ങിയിട്ടുണ്ട്. സ്ഥലമെടുപ്പിനുള്ള നോട്ടിഫിക്കേഷൻ നടപടികൾ പുരോഗമിച്ചുവരുന്ന മറ്റ് ഭാഗങ്ങളിൽ 3(എ) നോട്ടിഫിക്കേഷൻ പൂർത്തീകരിച്ചാലുടൻ ടെണ്ടർ നടപടികൾ നടത്തുന്നതായിരിക്കും.

(ബി) എൻ.എച്ച്. 85 (പഴയ എൻ.എച്ച് 49) കുണ്ടന്നൂർ മുതൽ മൂന്നാർ വരെയുള്ള ദേശീയപാത ഇക്കണോമിക് കോറിഡോറായി വികസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. പ്രസ്തുത പ്രവൃത്തി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യ വഴിയാണ് നടപ്പാക്കുന്നത്. എൻ.എച്ച്. 966 (പഴയ എൻ.എച്ച് 213) കോഴിക്കോട് മുതൽ പാലക്കാട് വരെ നാലുവരിപ്പാതയായി വികസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. പ്രസ്തുത പ്രവൃത്തി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യ വഴിയാണ് നടപ്പാക്കുന്നത്.

എൻ.എച്ച്. 744 (പഴയ എൻ.എച്ച്. 208) കൊല്ലം മുതൽ കഴുതുരുത്തി വരെ നാലുവരിപ്പാതയായി വികസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. പ്രസ്തുത പ്രവൃത്തി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യ വഴിയാണ് നടപ്പാക്കുന്നത്.

കൂടാതെ എൻ.എച്ച്. 49 (പുതിയത് നമ്പർ 85), എൻ.എച്ച് 212 (പുതിയത് നമ്പർ 766), എൻ.എച്ച്. 220 (പുതിയത് നമ്പർ 183), എൻ.എച്ച്. 183 എ, എൻ.എച്ച്. 185 എന്നീ ദേശീയപാതകൾ പേവ്ഡ് ഷോൾഡറോടുകൂടിയ രണ്ടുവരിപ്പാതയായി വികസിപ്പിക്കുന്നതിലേയ്ക്കുള്ള ഡി.പി.ആർ പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കി വരികയാണ്.

(സി) ദേശീയപാതാ വികസനം Engineering Procurement Construction വ്യവസ്ഥയിലായതിനാൽ ഗുണനിലവാരമുള്ളതും സുതാര്യവും അഴിമതി രഹിതവുമാക്കുവാൻ സാധിച്ചിട്ടുണ്ട്.

**റോഡ് സുരക്ഷ അതോറിറ്റിയുടെ പ്രവൃത്തികൾ**

29 (1225) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് സുരക്ഷാ അതോറിറ്റിയുടെ കീഴിൽ ഏതൊക്കെ പ്രവൃത്തികളാണ് ഏറ്റെടുത്ത് നടപ്പിലാക്കുന്നത്; വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) 2018-19 വർഷത്തിൽ പ്രസ്തുത പ്രവൃത്തികൾക്കായി എത്ര തുക വകയിരുത്തിയിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) റോഡ് സുരക്ഷാ അതോറിറ്റിയുടെ ഫണ്ട് ഉപയോഗിച്ച് പൊതുമരാമത്ത് വകുപ്പ് റോഡുകളിൽ നടപ്പിലാക്കിവരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. ബ്ലാക്ക് സ്പോട്ടുകളുടെ അപകടനിവാരണത്തിനായുള്ള പ്രവൃത്തികൾ നടത്തിവരുന്നു.

2. മാർക്കിംഗ്സ്, സൈൻബോർഡുകൾ, റോഡ് സ്റ്റഡുകൾ മുതലായ റോഡ് സുരക്ഷാ സംവിധാനങ്ങൾ സ്ഥാപിച്ചുവരുന്നു.

3. അപകടസാദ്ധ്യതയുള്ള വളവുകളിലും റോഡ് കടന്നുപോകുന്ന ഭാഗം റോഡിൽനിന്നും 3 മീറ്ററിന് മുകളിൽ ഉയര വ്യത്യാസമുള്ള സ്ഥലങ്ങളിലും ക്രാഷ് ബാരിയർ സ്ഥാപിച്ചുവരുന്നു.

4. സ്കൂൾ സോണിന്റെ നവീകരണ പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു.

(ബി) 2018-19 വർഷത്തിൽ പ്രസ്തുത പ്രവൃത്തികൾക്കായി തുക അനുവദിച്ച് ലഭിച്ചിട്ടില്ല.

## റോഡ് നിർമ്മാണത്തിനായി ഉപയോഗിക്കുന്ന അസംസ്കൃത വസ്തുക്കൾ

30 (1226) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് നിർമ്മാണത്തിനായി ഉപയോഗിക്കുന്ന അസംസ്കൃത വസ്തുക്കളിൽ എന്തെല്ലാം ആധുനിക ഉത്പന്നങ്ങളാണ് പൊതുമരാമത്ത് വകുപ്പ് ഉപയോഗിച്ചു വരുന്നതെന്ന് വിശദമാക്കാമോ;

(ബി) ചെലവ് കുറഞ്ഞതും റെഡിമെയ്ഡ് രൂപത്തിലുള്ളതുമായ അസംസ്കൃതവസ്തുക്കൾ ഉപയോഗിച്ചുവരുന്നുണ്ടോ; എങ്കിൽ ഇതിന് പരമ്പരാഗത നിർമ്മാണ സാമഗ്രികളെക്കാൾ എന്തെല്ലാം ഗുണങ്ങളാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പ് റോഡ് നിർമ്മാണത്തിനായി N.R.M.B (Natural Rubber Modified Bitumen), ശുദ്ധീകരിച്ച വേസ്റ്റ് പ്ലാസ്റ്റിക്, കയർ ഭൂവസ്ത്രം, സിന്തറ്റിക് ജിയോ ടെക്സ്റ്റൈൽസ് എന്നീ ഉത്പന്നങ്ങളാണ് പൊതുമരാമത്ത് വകുപ്പ് ഉപയോഗിച്ചുവരുന്നത്.

(ബി) ചെലവ് കുറഞ്ഞതും റെഡിമെയ്ഡ് രൂപത്തിലുള്ളതുമായ അസംസ്കൃത വസ്തുക്കൾ റോഡ് നിർമ്മാണത്തിനായി ഉപയോഗിച്ചുവരുന്നുണ്ട്. ഇതിന്റെ ഭാഗമായി ശുദ്ധീകരിച്ച വേസ്റ്റ് ഷ്രെഡഡ് പ്ലാസ്റ്റിക്, കയർ ജിയോ ടെക്സ്റ്റൈൽസ്, സിന്തറ്റിക് ജിയോ ടെക്സ്റ്റൈൽസ് മുതലായ നൂതന നിർമ്മാണ സാമഗ്രികൾ ഉപയോഗിക്കുന്നുണ്ട്. പ്ലാസ്റ്റിക് ഉപയോഗിച്ചുള്ള റോഡ് നിർമ്മാണത്തിലൂടെ റോഡുകളുടെ ആയുസ്സ് വർദ്ധിപ്പിക്കുവാൻ സാധിക്കുന്നു. റോഡിന്റെ അടിത്തറയ്ക്ക് ഉറപ്പില്ലാത്ത സ്ഥലങ്ങളിൽ കയർ ജിയോ ടെക്സ്റ്റൈൽസ്, സിന്തറ്റിക് ജിയോ ടെക്സ്റ്റൈൽസ് എന്നിവ ഉപയോഗിക്കുന്നതുവഴി റോഡിന്റെ അടിത്തറയുടെ ഉറപ്പു വർദ്ധിക്കുന്നതുവഴി റോഡിന്റെ ആയുസ്സ് വർദ്ധിപ്പിക്കുവാൻ സാധിക്കുന്നതാണ്.

## റോഡ് വെട്ടിപ്പൊളിക്കുന്നതിന് നിയന്ത്രണം

31 (1227) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴക്കാലം ആരംഭിക്കാനിരിക്കെ റോഡുകളിൽ കുഴികളും അപകടങ്ങളും ഉണ്ടാകുന്നത് തടയുന്നതിനായി സർക്കാർ സ്ഥാപനങ്ങളും സ്വകാര്യ സ്ഥാപനങ്ങളും റോഡിലെ ടാർ വെട്ടിപ്പൊളിക്കുന്നതിന് നിയന്ത്രണമേർപ്പെടുത്തുമോയെന്ന് വ്യക്തമാക്കാമോ;

(ബി) റോഡ് വെട്ടിപ്പൊളിക്കുന്നതിന് നിയന്ത്രണമേർപ്പെടുത്തുന്നതിനായി ഉത്തരവോ, നിർദ്ദേശമോ പുറപ്പെടുവിക്കുമോ;

(സി) അടിയന്തര സാഹചര്യങ്ങളിൽ റോഡ് വെട്ടിപ്പൊളിക്കുകയാണെങ്കിൽ യുദ്ധകാലാടിസ്ഥാനത്തിൽ അത് നന്നാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ജൂൺ 1 മുതൽ ആഗസ്റ്റ് 15 വരെ മഴക്കാലമായതിനാൽ പൈപ്പുകളും കേബിളുകളും സ്ഥാപിക്കുന്നതിനുള്ള റോഡ് കട്ടിംഗ്, കുഴിയെടുക്കൽ തുടങ്ങിയ നിർമ്മാണ പ്രവൃത്തികൾ സാധാരണ രീതിയിൽ നടത്തിയാൽ റോഡിന്റെ ബലക്ഷയത്തിനുകാരണമാവുമെന്നതിനാൽ അത്യാവശ്യ ഘട്ടങ്ങളിൽ മേൽപ്പറഞ്ഞ പ്രവൃത്തികൾക്കായി പൊതുമരാമത്ത് വകുപ്പിലെ ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയറും അപേക്ഷകരായ വകുപ്പുകളിലേയോ കമ്പനികളിലേയോ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥരും സംയുക്ത പരിശോധന നടത്തി തീരുമാനങ്ങൾ എടുത്ത് നടപ്പാക്കേണ്ടതാണെന്ന് പൊതുമരാമത്ത് വകുപ്പിലെ എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും നിർദ്ദേശം നൽകി സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) അടിയന്തര സാഹചര്യങ്ങളിൽ റോഡ് വെട്ടിപ്പൊളിക്കുകയാണെങ്കിൽ യുദ്ധകാലാടിസ്ഥാനത്തിൽ അത് നന്നാക്കുന്നതിന് നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട എല്ലാവർക്കും കർശന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

**സൗഹൃദ കെട്ടിട നിർമ്മാണം**

32 (1228) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ പ്രഖ്യാപിച്ച സൗഹൃദ കെട്ടിട നിർമ്മാണം നടപ്പാക്കാനുള്ള പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; വിശദാംശം ലഭ്യമാക്കുമോ;

(ബി) മരാമത്ത് ഡിസൈൻ വിഭാഗത്തെ ശക്തിപ്പെടുത്തി, ആധുനിക സംവിധാനങ്ങൾ ഒരുക്കി പുതുമയുള്ള ശില്പ മാതൃകകളിലൂടെ ആർക്കിടെക്റ്റ് വിഭാഗത്തെ പുനഃസംഘടിപ്പിക്കാനുള്ള നടപടി ഏത് ഘട്ടത്തിലാണ് ; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരത്ത് നേമത്ത് പണിയുവാനുദ്ദേശിക്കുന്ന രജിസ്ട്രേഷൻ സമുച്ചയത്തിനും പത്തനംതിട്ട കളക്ടറുടെ ഔദ്യോഗിക വസതിക്കും ഗൃഹയുടെ (ഗ്രീൻ റേറ്റിംഗ് ഫോർ ഇന്റഗ്രേറ്റഡ് ഹാബിറ്റാറ്റ് അസസ്മെന്റ്) റേറ്റിംഗ് ലഭിക്കുന്നതിലേയ്ക്കായി പ്രാരംഭ രജിസ്ട്രേഷൻ നടത്തിക്കഴിഞ്ഞു.

(ബി) കഴിഞ്ഞ രണ്ട് വർഷക്കാലയളവിനുള്ളിൽ നവീന രൂപകല്പന ആശയങ്ങളും നിർമ്മാണ സങ്കേതങ്ങളും അവലംബിച്ചുകൊണ്ട് നവീനവും കാലാനുസൃതവുമായ രൂപകല്പനകളാണ് കെട്ടിട നിർമ്മാണത്തിന് സ്വീകരിച്ചിട്ടുള്ളത്. ആർക്കിടെക്ചർ വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ ഫലപ്രദമായി ഏകോപിപ്പിക്കുകയും കൃത്യമായി അവലോകനം ചെയ്യുകയുംവഴി മുൻ വർഷങ്ങളെ അപേക്ഷിച്ച് ഈ രണ്ട് വർഷങ്ങളിൽ ഇരട്ടിയിലധികം നിർമ്മിതികളുടെ രൂപരേഖകൾ തയ്യാറാക്കുവാൻ വിഭാഗത്തിന് കഴിഞ്ഞിട്ടുണ്ട്. ഓരോ ജില്ലയുടേയും ചുമതല പൂർണ്ണമായും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഗ്രേഡിലുള്ള ഓരോ ആർക്കിടെക്റ്റിന് നൽകുകവഴി അതത് ജില്ലകളിലെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നിർവ്വഹിക്കുവാൻ കഴിയുന്നുണ്ട്. ഹരിത നിർമ്മാണ സാങ്കേതികവിദ്യയിൽ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് ആവശ്യമുള്ള പരിശീലനം നൽകുകയും അവ നിർമ്മിക്കുവാനും വിലയിരുത്തുവാനുമുള്ള യോഗ്യത നേടുകയും ചെയ്തിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിലെ കാലതാമസം ഒഴിവാക്കുന്നതിനായി കെട്ടിടങ്ങൾ സ്റ്റീൽ ഉപയോഗിച്ച് (കോംബോസിറ്റ് കൺസ്ട്രക്ഷൻ) നിർമ്മിക്കുവാനുള്ള നടപടികൾ തുടങ്ങിയിട്ടുമുണ്ട്.

**റോഡ് നിർമ്മാണത്തിലെ ഗുണനിലവാരം**

33 (1229) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനുവാദമില്ലാതെ റോഡ് വെട്ടിപ്പൊളിക്കൽ റോഡിൽ കരാറുകാരന്റെ വക ഹംബ് നിർമ്മിക്കൽ, മെക്കാഡം ടാറിംഗിനായി പൊളിച്ചെടുത്ത ടാർ അടങ്ങിയ റോഡ് വേസ്റ്റുകൾ ചരൽമണ്ണിന് പകരം പാർശ്വങ്ങളിൽ നിക്ഷേപിക്കുക തുടങ്ങിയ നടപടികൾ തടയാൻ കർശനനിർദ്ദേശം നൽകുമോ;

(ബി) മെക്കാഡം ടാറിംഗിനായുള്ള മിക്സിംഗ് പ്ലാൻഡ്് പൂർണ്ണസമയം പരിശോധിക്കാനും ഗുണനിലവാരം ഉറപ്പുവരുത്തുവാനും ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) അനുവാദമില്ലാതെ റോഡ് വെട്ടിപ്പൊളിക്കുന്നവർക്കെതിരെ 3-9-2016-ലെ സർക്കാർ ഉത്തരവ് G.O. (Ms.) No. 63/2016 PWD പ്രകാരം കേരള ഹൈവേ പ്രൊട്ടക്ഷൻ ആക്ടിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചുവരുന്നുണ്ട്. റോഡിൽ കരാറുകാരന്റെ വക ഹംബ് നിർമ്മിക്കൽ, മെക്കാഡം ടാറിംഗിനായി പൊളിച്ചെടുത്ത ടാർ അടങ്ങിയ റോഡ് വേസ്റ്റുകൾ, ചരൽ മണ്ണിനുപകരം പാർശ്വങ്ങളിൽ നിക്ഷേപിക്കുക തുടങ്ങിയ നടപടികൾ തടയാൻ കർശന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) മെക്കാഡം ടാറിംഗിനായുള്ള മിക്സിംഗ് പ്ലാൻഡ്് പൂർണ്ണ സമയം പരിശോധിക്കാനും ഗുണനിലവാരം ഉറപ്പുവരുത്താനും ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രവൃത്തികളുടെ ചുമതലയുള്ള ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ മെക്കാഡം ടാറിംഗിനായുള്ള മിക്സിംഗ് പ്ലാൻഡ്് പ്രവർത്തിപ്പിച്ച് ടാറിംഗിന് മിശ്രിതത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തിയാണ് ടാറിംഗ് പ്രവർത്തികൾ നടപ്പിലാക്കിവരുന്നത്.

**ശബരിമല അനുബന്ധപാതകളുടെ പുനരുദ്ധാരണം**

34 (1230) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല അനുബന്ധപാതകളുടെ വർഷാവർഷമുള്ള അറ്റകുറ്റപ്പണി ഒഴിവാക്കുന്നതിന് ബി.എം. ആൻഡ് ബി.സി. നിലവാരത്തിൽ പാതകൾ പുനരുദ്ധരിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും ഏതൊക്കെ റോഡുകളാണ് ഉന്നത നിലവാരത്തിൽ പുനരുദ്ധരിച്ചതെന്നും വിശദമാക്കാമോ;

(ബി) അവശേഷിക്കുന്ന അനുബന്ധ പാതകൾ എന്നത്തേയ്ക്ക് ഉന്നത നിലവാരത്തിൽ പുനരുദ്ധരിക്കാനാവുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ശബരിമല ഉത്സവവുമായി ബന്ധപ്പെട്ട് വർഷാവർഷമുള്ള അറ്റകുറ്റ പണികൾ ഒഴിവാക്കുന്നതിനായി പ്രധാന റോഡുകൾ ഘട്ടംഘട്ടമായി ബി.എം. & ബി.സി. നിലവാരത്തിൽ പുനരുദ്ധരിക്കുന്നതിനുള്ള നടപടികൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് സ്വീകരിച്ചുവരുന്നു. ഇങ്ങനെ ബി.എം. & ബി.സി. നിലവാരത്തിൽ പുനരുദ്ധരിച്ച റോഡുകളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു:

(ബി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഘട്ടംഘട്ടമായി പുനഃരുദ്ധരിക്കുന്നതാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## റോഡുകൾ വെട്ടിപ്പൊളിക്കുന്നത് ഒഴിവാക്കാൻ നടപടി

35 (1231) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കി കഴിയുന്നതോടെ കുടിവെള്ള പൈപ്പുകൾ, ടെലിഫോൺ കേബിൾ മുതലായവ സ്ഥാപിക്കുന്നതിനും അറ്റകുറ്റപ്പണികൾക്കുമായി വെട്ടിപ്പൊളിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് ഒഴിവാക്കുന്നതിനായി ബന്ധപ്പെട്ടവർ പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് എന്ത് സംവിധാനമാണ് ഒരുക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ആഗസ്റ്റുവരെ റോഡുകൾ വെട്ടിപ്പൊളിക്കരുതെന്ന വകുപ്പുമന്ത്രിയുടെ നിർദ്ദേശം പാലിക്കപ്പെടുന്നുണ്ടോ;

(ഡി) സംസ്ഥാനത്ത് പുതുതായി വികസിപ്പിക്കുന്ന റോഡുകളിൽ ഡക്ടുകൾ പണിയുന്നതിനും അതിലൂടെ പൈപ്പുലൈനും, കേബിൾ ലൈനും സ്ഥാപിക്കുന്നതിനും പ്രത്യേക നിർദ്ദേശം നൽകുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

(ബി) ഇത് ഒഴിവാക്കുന്നതിനായി ബന്ധപ്പെട്ടവർ പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് 5-1-2018-ലെ സർക്കാർ ഉത്തരവ് ജി.ഒ. (ആർറ്റി.)നമ്പർ 30/2018/പൊ.മ.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും നൽകിയിട്ടുണ്ട്.

(സി) അത്തരത്തിലുള്ള നിർദ്ദേശം നൽകിയിട്ടില്ല. മഴക്കാലത്ത് റോഡ് കുഴിക്കുന്നത് റോഡുകളുടെ തകർച്ചയ്ക്കും ഗതാഗതക്കുരുക്കിനും കാരണമാകുന്നുണ്ടെന്ന തിനാൽ അത്യാവശ്യ ഘട്ടങ്ങളിൽ സംയുക്ത പരിശോധന നടത്തി യുക്തമായ തീരുമാനങ്ങളെടുക്കാൻ ബന്ധപ്പെട്ട എഞ്ചിനീയർമാർക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് പുതുതായി വികസിപ്പിക്കുന്ന റോഡുകളിൽ റോഡിന്റെ വീതി അനുസരിച്ചും ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ചും ഡക്ടുകൾ പണിയുന്നതിനും

അതിലൂടെ പൈപ്പ്ലൈനും കേബിൾ ലൈനും സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ദേശീയപാത വിഭാഗത്തിൽ നിലവിലുള്ള ദേശീയപാതകൾ നാലുവരിപ്പാതയായി വികസിപ്പിക്കുമ്പോൾ കേബിളുകൾ, പൈപ്പുകൾ എന്നിവ സ്ഥാപിക്കുന്നതിന് യൂട്ടിലിറ്റി സ്പേസ്/യൂട്ടിലിറ്റി ഡക്ട് എന്നിവ ഉൾപ്പെടുത്താറുണ്ട്.

**ഗ്രാമീണ റോഡുകൾ പി.ഡബ്ല്യു.ഡി. ഏറ്റെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ**

36 (1232) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ റോഡുകൾ പി.ഡബ്ല്യു.ഡി. ഏറ്റെടുക്കുന്നതിനായി എന്തൊക്കെ മാനദണ്ഡങ്ങളാണുള്ളത് ;വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) വെള്ളറട ഗ്രാമപഞ്ചായത്തിലെ ഒഴുകുപാറ-നാട്ടുപാറ റോഡ് പി.ഡബ്ല്യു.ഡി. ഏറ്റെടുക്കുന്നതിനായി സമർപ്പിച്ചിരുന്ന അഭ്യർത്ഥന പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ഗ്രാമീണ റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട പുതുക്കിയ മാനദണ്ഡങ്ങൾ രൂപീകരിക്കുന്ന കാര്യത്തിൽ സർക്കാർ തീരുമാനമെടുത്തിട്ടില്ല.

(ബി) ഗ്രാമീണ റോഡുകൾ ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിന്നും ജനപ്രതിനിധികളിൽ നിന്നും ധാരാളം അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ റോഡുകളൊന്നുംതന്നെ സർക്കാർ ഏറ്റെടുത്തിട്ടില്ല. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകളൊന്നും ഇപ്പോൾ ഏറ്റെടുക്കേണ്ടതില്ല എന്നതാണ് മന്ത്രിസഭാ തീരുമാനം.

**ചെറുപുഴ-ആലക്കോട്-പയ്യാവൂർ-ഉളിക്കൽ മലയോര ഹൈവേ**

37 (1233) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുപുഴ-ആലക്കോട്-പയ്യാവൂർ-ഉളിക്കൽ മലയോര ഹൈവേയുടെ പ്രവൃത്തി ഏതു ഘട്ടത്തിലാണെന്നും എന്നത്തേയ്ക്ക് പ്രവൃത്തി പൂർത്തീകരിക്കുവാൻ കഴിയുമെന്നും വെളിപ്പെടുത്തുമോ;

(ബി) ഈ പ്രവൃത്തിയിൽ ഉൾപ്പെടുത്തി എ.എസ്. നൽകിയ നുച്യാട് പാലത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ കാരണം എന്താണ്; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ചെറുപുഴ മുതൽ അമ്പായത്തോട് വരെ കണ്ണൂർ ജില്ലയിൽ 109.53 കി.മീ. ഹിൽ ഹൈവേയാണുള്ളത്. ഡി.എഫ്.ഐ.പി.-യിൽ ഉൾപ്പെടുത്തി ചെറുപുഴ (0/000) മുതൽ അരങ്ങം (18/331) വരെയും കരുവഞ്ചാൽ (22/570) മുതൽ പുറഞ്ഞാൺ (35/500) വരെയും പയ്യാവൂർ (45/607)മുതൽ ഉളിക്കൽ (58/225) വരെയും കുമൻതോട് (60/538) മുതൽ വള്ളിത്തോട് (64/839)വരെയുമുള്ള 49.135 കി.മീ. ദൂരം പുനരുദ്ധാരണ പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നു. ഇതിൽ 47 കി.മീ. ഡി.ബി.എം. പൂർത്തിയായി.

അരങ്ങം (18/331) മുതൽ കരുവഞ്ചാൽ (22/570) വരെയുള്ള ഭാഗം തളിപ്പറമ്പ്-കൂർഗ് ബോർഡർ റോഡിന്റെ ഭാഗമായി വികസിപ്പിച്ചതാണ്. പുറഞ്ഞാൺ (36/500) മുതൽ പയ്യാവൂർ (45/607) വരെയുള്ള ഭാഗം പുനരുദ്ധാരണ പ്രവൃത്തി ബഡ്ജറ്റിൽ ഉൾപ്പെടുത്തി നടന്നുകൊണ്ടിരിക്കുന്നു. 9 കി.മീ. ബി.എം. പ്രവൃത്തിയും 2 കി.മീ. ബി.സി. പ്രവൃത്തിയും പൂർത്തിയാക്കിയിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരണ കാലാവധി 3-9-2018 വരെയാണ്.

(ബി & സി) ഈ പ്രവൃത്തിയിൽ ഉൾപ്പെടുത്തി 9.5 കോടി രൂപയ്ക്ക് എ.എസ്. നൽകിയ നുച്യാട് പാലത്തിന്റെ പുനർനിർമ്മാണത്തിന് ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നുണ്ട്.

**റോഡുകളുടെ അറ്റകുറ്റപണികൾ**

38 (1234) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡുകളുടെ അറ്റകുറ്റപ്പണികൾക്ക് വേണ്ടി ചെലവഴിക്കപ്പെടുന്ന തുകയിൽ കുറവുവരുത്തുവാൻ എന്തെല്ലാം നടപടികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) ഇതിനായി എന്തെല്ലാം പുതിയ നിർമ്മാണരീതികളാണ് പരീക്ഷിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) റോഡുകളുടെ അറ്റകുറ്റപ്പണികൾക്കുവേണ്ടി ചെലവഴിക്കപ്പെടുന്ന തുകയിൽ കുറവുവരുത്തുന്നതിനുവേണ്ടി റോഡുകളുടെ കേടുപാടുകൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെടുമ്പോൾ അവ ഗുണനിലവാരത്തോടെ യഥാസമയം പരിഹരിക്കുക, മഴ മുഖേന കേടുപാടുകൾ ഉണ്ടാകുന്നത് തടയുന്നതിനായി മഴക്കാലപൂർവ്വ

പ്രവൃത്തികളും മഴക്കാലശേഷ പ്രവൃത്തികളും നടപ്പാക്കുക, റോഡിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനായി ഓടകളും ഓവുകളും വൃത്തിയാക്കി വെള്ളത്തിന്റെ ഒഴുക്ക് സുഗമമാക്കുക, മഴക്കാലത്ത് ടാറിംഗ് പ്രവർത്തികൾ ഒഴിവാക്കുക, റോഡിന്റെ ഉപരിതലം യഥാസമയം പുതുക്കി നിർമ്മിക്കുക, എല്ലാ റോഡുകളും ബി.എം & ബി.സി. ഉപയോഗിച്ച് മെച്ചപ്പെടുത്തുക എന്നിവയിലൂടെ റോഡുകളുടെ അറ്റകുറ്റ പണികൾക്കുവേണ്ടി ചെലവഴിക്കുന്ന തുകയിൽ ഭാവിയിൽ കുറവുവരുത്തുവാൻ സാധിക്കുന്നതാണ്.

(ബി) വെള്ളക്കെട്ടുള്ള ഭാഗങ്ങളിൽ കോൺക്രീറ്റ് ഇന്റർലോക്ക് ഉപയോഗിച്ച് റോഡ് നിർമ്മിക്കുക, റോഡിന് ആവശ്യമായ ഡ്രെയിനേജ് സംവിധാനം ഒരുക്കുക, റോഡ് കൂടുതൽ ഈടുറ്റതാക്കുന്നതിനായി NRMB, Plastic, കയർ ഭൂവസ്ത്രം മുതലായ സാങ്കേതികവിദ്യകൾ ഉപയോഗിച്ച് റോഡ് നിർമ്മിക്കുക മുതലായ നടപടികൾ സ്വീകരിച്ചുവരുന്നു. റോഡുകളിലുണ്ടാകുന്ന ചെറിയകുഴികൾ ബിറ്റുമിനസ് കോൾഡ് മിക്സ് ഉപയോഗിച്ച് അടയ്ക്കുന്ന സംവിധാനം കൂടുതൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

**ഉളിക്കൽ-അറബി-കോളിത്തട്ട്-പേരട്ട-തൊട്ടിപ്പാലംറോഡ് നവീകരണം**

39 (1235) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പ്രധാനപ്പെട്ട റോഡായ ഉളിക്കൽ-അറബി-കോളിത്തട്ട്-പേരട്ട-തൊട്ടിപ്പാലം റോഡ് നവീകരിക്കാനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ;

(ബി) ഇക്കാര്യത്തിൽ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) 2017-18-ൽ ഭരണാനുമതി നൽകിയ പ്രവൃത്തികളിൽ ഈ പ്രവൃത്തി ഉൾപ്പെട്ടിട്ടില്ല. 2018-19 ബഡ്ജറ്റിൽ ഉളിക്കൽ-അറബി-പേരട്ട-തൊട്ടിപ്പാലം റോഡ് നവീകരിക്കൽ പ്രവൃത്തിക്ക് 100 രൂപ ടോക്കൺ പ്രൊവിഷനായി ഉൾപ്പെടുത്തിയിട്ടുണ്ട്.

**തൃശ്ശൂർ-കാഞ്ഞാണി-വാടാനപ്പള്ളി പാത വികസനം**

40 (1236) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ-കാഞ്ഞാണി-വാടാനപ്പള്ളി സംസ്ഥാനപാത വികസനവുമായി ബന്ധപ്പെട്ട് 2017-18-ൽ സർക്കാർ നിർദ്ദേശിച്ച പ്രകാരം നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർ പുതിയ പ്രൊപ്പോസൽ തയ്യാറാക്കി സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ടോ;

(ബി) തൃശ്ശൂർ-വാടാനപ്പള്ളി സംസ്ഥാനപാതയുടെ വികസനത്തിനായി 2018-19 വർഷത്തിൽ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല. 2017-18 സാമ്പത്തിക വർഷത്തിൽ പ്രസ്തുത പ്രവൃത്തിയ്ക്ക് ഭൂമി ഏറ്റെടുക്കുന്നതിനുള്ള തുക അപര്യാപ്തമായതിനാൽ തൃശ്ശൂർ വാടാനപ്പള്ളി സംസ്ഥാന പാത വികസനത്തിനായി പുതിയ പ്രൊപ്പോസൽ നടപ്പു സാമ്പത്തികവർഷം (2018-19) പകുതിയോടെ സമർപ്പിക്കുവാൻ നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായി തൃശ്ശൂർ ജില്ലാ കളക്ടർക്ക് അർത്ഥന നൽകുകയും ഇതുപ്രകാരം സ്പെഷ്യൽ തഹസീൽദാരെ (എൽ.എ.) നിയമിച്ച് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. പടിഞ്ഞാറേക്കോട്ട മുതൽ എറവ് വരെയുള്ള റോഡ് പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. ചുങ്കം മുതൽ എറവ് വരെയുള്ള ഭാഗത്തെ സ്ഥലം ഏറ്റെടുക്കുന്നതിന് പ്രാഥമിക ചെലവിനത്തിൽ 2,59,69,680 രൂപ ആവശ്യമാണെന്ന് സ്പെഷ്യൽ തഹസീൽദാർ (എൽ.എ.) അറിയിച്ചിട്ടുണ്ട്. തുടർനടപടികൾ പുരോഗമിച്ചുവരുന്നു.

**മാനന്തവാടി മണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകളുടെ അറ്റകുറ്റപ്പണികൾ**

41 (1237) <u>ശ്രീ. ഒ. ആർ. കേളു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷം മാനന്തവാടി നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി എത്ര തുകയാണ് അനുവദിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) അറ്റകുറ്റപ്പണിക്ക് പണം അനുവദിച്ചിട്ടും പണി പൂർത്തിയാകാത്ത റോഡുകൾ ഉണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) ഏതെല്ലാം റോഡുകളിലാണ് അറ്റകുറ്റപ്പണികൾ നടത്താനുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) മഴക്കാലം തുടങ്ങുന്നതിനുമുന്നോടിയായി റോഡുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിക്കുന്നതിന് മാനന്തവാടി നിയോജകമണ്ഡലത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ആകെ 444.50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. അതിൽ ഒ.ആർ.-321.50 ലക്ഷം രൂപയും ആർ.പി-123 ലക്ഷം രൂപയുമാണ്.

(ബി) ഉണ്ട്. 9 പ്രവൃത്തികൾ പൂർത്തികരിക്കാനുണ്ട്.

(സി) അറ്റകുറ്റ പണികൾ നടത്താനുള്ള റോഡുകളുടെ വിശദ വിവരം അനുബന്ധമായി ചേർക്കുന്നു.*

(ഡി) റോഡുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

**പൊതുമരാമത്ത് വകുപ്പിന്റെ പരിധിയിൽ വരുന്ന റോഡുകൾ**

42 (1238) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ എത്ര ദേശീയ, സംസ്ഥാന, ജില്ല റോഡുകൾ നിലവിലുണ്ട് അവയുടെ നീളം എത്ര എന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്താകമാനം എത്ര ബൈപ്പാസുകളുണ്ട് അവയുടെ നീളം എത്ര എന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ ദേശീയ, സംസ്ഥാന, ജില്ല റോഡുകളുടേയും ബൈപ്പാസുകളുടേയും ലിസ്റ്റ് ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത റോഡുകളിൽ അറ്റകുറ്റപ്പണികൾ തുടങ്ങി നിർമ്മാണ പ്രവൃത്തികൾ വേണ്ടുന്ന റോഡുകൾ ഏതെല്ലാം എന്നും ഇവ എപ്പോൾ പൂർത്തീകരിക്കാനാണ് വകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നത് എന്നും വ്യക്തമാക്കുമോ;

(ഇ) ഈ സർക്കാർ കാലയളവിൽ പുതുതായി തുടങ്ങാനുദ്ദേശിക്കുന്നതും നടപടികൾ സ്വീകരിക്കുന്നതുമായ ബൈപാസ്സുകൾ ഏതെല്ലാം; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ നിരത്തുവിഭാഗത്തിൽ 4342 കി.മീ. ദൈർഘ്യം സംസ്ഥാന പാതകളും 27470 കി.മീ. ദൈർഘ്യം ജില്ലാ റോഡുകളുമുണ്ട്. ദേശീയപാത വിഭാഗത്തിന്റെ കീഴിൽ 1781.5 കി.മീ. ദേശീയപാതയുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) നിരത്തുവിഭാഗത്തിനുകീഴിൽ 72 ബൈപ്പാസുകളുണ്ട്. അവയ്ക്ക് 222.06 കി.മീ. ദൈർഘ്യമുണ്ട്. ദേശീയപാത വിഭാഗത്തിൽ 6 ബൈപ്പാസുകളുണ്ട്. അവയ്ക്ക് 113.3 കി.മീ. ദൈർഘ്യമുണ്ട്.

(സി & ഡി) തിരുവനന്തപുരം ഡിവിഷന്റെ കീഴിൽ വരുന്ന മംഗലപുരം മുതൽ കടമ്പാട്ടുകോണം വരെയുള്ള ദേശീയപാതയുടെ കാലാവധി കഴിഞ്ഞതിനാൽ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ ഫണ്ട് അനുവദിക്കുന്നതിന് 14 കോടി രൂപയുടെ പീരിയോഡിക്കൽ റിന്യൂവൽ പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിൽനിന്നും ഫണ്ട് അനുവദിച്ചു കിട്ടുന്നതുവരെ പ്രസ്തുത റോഡ് ഗതാഗത യോഗ്യമാക്കി നില നിർത്തുന്നതിനും കുഴികൾ അടയ്ക്കുന്നതിനും സംസ്ഥാന സർക്കാർ 33 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

കൊല്ലം ജില്ലയിലെ എൻ.എച്ച്.-കളിൽ പുനലൂർ മുതൽ കോട്ടവാസൽവരെ ഉപരിതല നവീകരണം (റിന്യൂവൽ) എസ്റ്റിമേറ്റ് കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. എൻ.എച്ച് 183 (എ)-യിൽ ഭരണിക്കാവ് മുതൽ അടൂർ വരെ സർഫസ് റിന്യൂവൽ നടന്നുകൊണ്ടിരിക്കുന്നു. എൻ.എച്ച്. 744 കൊല്ലം മുതൽ അമ്പലത്തുംകാല വരെയും സർഫസ് റിന്യൂവൽ നടന്നുകൊണ്ടിരിക്കുന്നു.

ആലപ്പുഴ ഡിവിഷന്റെ കീഴിൽ അരൂർ ജംഗ്ഷൻ മുതൽ ചേർത്തല ഹോസ്പിറ്റൽ വരെയും പുറക്കാട് മുതൽ കരുവാറ്റ വടക്ക് വരെയും ആകെ 33.745 കി.മീ. റീ-ടാറിംഗിനുള്ള എസ്റ്റിമേറ്റ് ഭരണാനുമതിക്കായി കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്.

മൂവാറ്റുപുഴ ഡിവിഷന്റെ കീഴിൽ ദേശീയപാതകൾ ആന്വൽ പ്ലാൻ, ഇ.പി.സി. എന്നീ പ്രവൃത്തികളിൽ ഉൾപ്പെടുത്തി ശാക്തീകരണ പ്രവൃത്തികൾ നടന്നുവരികയും ഒ.ആർ, എഫ്.ഡി.ആർ, പ്രീ-മൺസൂൺ, പോസ്റ്റ്-മൺസൂർ എന്നീ പ്രവൃത്തികളിൽ ഉൾപ്പെടുത്തി അറ്റകുറ്റപ്പണികൾ നടത്താറുണ്ട്.

കൊടുങ്ങല്ലൂർ ഡിവിഷന് കീഴിലുള്ള ദേശീയപാത 66-ൽ കി.മീ. 349/000-നും കി.മീ. 438/638-നും ഇടയ്ക്കും ദേശീയപാത 966 ബി.-യിൽ കി.മീ. 0/000-നും 5/920-നും ഇടയ്ക്ക് റോഡിൽ അറ്റകുറ്റപ്പണികൾ ആവശ്യമായിട്ടുണ്ട്. താൽക്കാലികമായി കുഴികളടച്ച് റോഡ് ഗതാഗതയോഗ്യമാക്കുന്നതിനോടൊപ്പം മഴ മാറുന്നതിനനുസരിച്ച് എത്രയുംപെട്ടെന്ന് അറ്റകുറ്റപ്പണികൾ പൂർത്തീകരിക്കുന്നതാണ്.

സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പ് നിരത്ത്-ദേശീയപാത വിഭാഗങ്ങളുടെ കീഴിൽ ദേശീയപാതകളുടേയും സംസ്ഥാന ജില്ലാ റോഡുകളുടേയും ബൈപ്പാസുകളുടേയും ഡിവിഷൻ തിരിച്ചുള്ള വിശദാംശങ്ങളും പ്രസ്തുത റോഡുകളിൽ വേണ്ട പ്രവൃത്തികളുടെ വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു.*

(ഇ) അനുബന്ധമായി* ചേർക്കുന്നു.

**റോഡുനിർമ്മാണവും അറ്റകുറ്റപ്പണികളും**

43 (1239) ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. കെ. ബാബു :
ശ്രീ. ബി. സത്യൻ :
ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പ് ഏതെല്ലാം ബൈപ്പാസുകളുടെ നിർമ്മാണമാണ് ഏറ്റെടുത്തിട്ടുള്ളതെന്ന് അറിയിക്കാമോ; അവയുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ;

(ബി) ഇതിൽ കിഫ്ബിയുടെ ധനസഹായത്തോടെ ഏറ്റെടുത്തിട്ടുള്ള ബൈപ്പാസുകൾ ഏതൊക്കെയാണ്; വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് ഹൈവേകളുടെയും റോഡുകളുടെയും സംരക്ഷണവും അറ്റകുറ്റപ്പണികളും കാര്യക്ഷമമായി നടത്തുന്നതിന് മെയിന്റനൻസ് വിഭാഗം രൂപീകരിച്ചിട്ടുണ്ടോ;

(ഡി) പൊതുമരാമത്ത് വകുപ്പിൽ ഏതെല്ലാം പ്രവൃത്തികളാണ് ഇ-ടെണ്ടർ മുഖേന നടപ്പാക്കിവരുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) പൊതുമരാമത്ത് വകുപ്പ് നിരത്തുവിഭാഗത്തിന്റെ കീഴിൽ ഏറ്റെടുത്തിട്ടുള്ളതും കിഫ്ബി മുഖേന നടപ്പാക്കുന്ന ബൈപ്പാസുകളുടേയും കോഴിക്കോട് ഡിവിഷന്റെ കീഴിലുള്ളതൊഴികെയുള്ളവയുടെ വിശദാംശങ്ങളും ദേശീയപാത വിഭാഗത്തിൻകീഴിലുള്ള പ്രവൃത്തികളുടെ വിശദാംശങ്ങളും അനുബന്ധം* ആയി ചേർത്തിരിക്കുന്നു.

ദേശീയപാത വിഭാഗത്തിൽ കിഫ്ബിയുടെ ധനസഹായത്തോടെ ബൈപ്പാസുകളുടെ നിർമ്മാണമൊന്നും ഏറ്റെടുത്തിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പ്, സംസ്ഥാന ഹൈവേകളുടേയും റോഡുകളുടേയും സംരക്ഷണവും അറ്റകുറ്റപ്പണികളും കാര്യക്ഷമമായി നടത്തുന്നതിന് മെയിന്റനൻസ് ചീഫ് എഞ്ചിനീയറെ നിയമിച്ചിട്ടുണ്ട്.

(ഡി) പൊതുമരാമത്ത് വകുപ്പിൽ 5 ലക്ഷം രൂപയ്ക്ക് മുകളിൽ അടങ്കൽ തുകയുള്ള എല്ലാ പ്രവൃത്തികളും ഇ-ടെണ്ടറിംഗ് മുഖേനയാണ് നടപ്പാക്കിവരുന്നത്.

**കോവളം ബൈപ്പാസ്-ബീമാപള്ളി റോഡിലെ പാലം പണി**

44 (1240) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവളം ബൈപ്പാസ്സിൽനിന്ന് ബീമാപള്ളിയിലേക്ക് പോകുന്നതിന് പാർവ്വതീ പുത്തനാറിന് കുറുകെ സ്വീവേജ് ഫാമിനുള്ളിലൂടെയുള്ള റോഡുമായി ബന്ധിപ്പിക്കുന്ന പാലത്തിന്റെ പണി ആരംഭിച്ചിട്ടുണ്ടോ;

(ബി) പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; പണി ആരംഭിച്ചിട്ടില്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) ഈ പാലം പണി എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്നാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിലെ കോവളം ബൈപ്പാസിൽനിന്ന് ബീമാപള്ളിയിലേയ്ക്ക് പോകുന്ന പൊന്നറ-പെരുനെല്ലി പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ബി) Foundation -ന്റെ നിർമ്മാണം നടന്നുവരുന്നു.

(സി) 2019 ഏപ്രിലിൽ പാലത്തിന്റെ പണികൾ പൂർത്തിയാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

**പാലങ്ങളുടെ ബലക്ഷയം**

45 (1241) ശ്രീ. പി. കെ. ബഷീർ :
ശ്രീ. എം. ഉമ്മർ :
ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പല പാലങ്ങളും ബലക്ഷയം സംഭവിച്ച് അപകടാവസ്ഥയിലാണെന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(സി) പുനർനിർമ്മിക്കേണ്ട പാലങ്ങളുടെ നിർമ്മാണ പ്രവർത്തനം അടിയന്തിരമായി ആരംഭിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന്റെ കീഴിലെ പാലങ്ങൾ പരിശോധിച്ചതിൽ 162 പാലങ്ങൾക്ക് പുനർനിർമ്മാണം ആവശ്യമാണെന്നും 208 പാലങ്ങൾ പുനഃപരിശോധനകൾക്കുശേഷം പുനർ നിർമ്മാണമോ/പുനരുദ്ധീകരണമോ ആവശ്യമാണെന്നും 1433 പാലങ്ങൾക്ക് അറ്റകുറ്റപ്പണികൾ ആവശ്യമാണെന്നും കണ്ടെത്തിയിട്ടുണ്ട്.

(സി) പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന്റെ കീഴിലുള്ള പാലങ്ങളിൽ പുനർ നിർമ്മിക്കേണ്ടതായ 162 പാലങ്ങളിൽ 31 പാലങ്ങളുടെ പ്രവൃത്തികൾക്ക് ബഡ്ജറ്റ്/കിഫ്ബി മുഖേന ഭരണാനുമതി നൽകിയിട്ടുണ്ട്. 10 പാലങ്ങളുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ചു വരുന്നു. പുനർ നിർമ്മിക്കേണ്ട രണ്ട് പാലങ്ങളുടെ പ്രവൃത്തികൾ നടന്നുവരുന്നു. പുനർനിർമ്മാണം ആവശ്യമായ ബാക്കി പാലങ്ങളുടെ ഇൻവെസ്റ്റിഗേഷൻ/ വിശദമായ പരിശോധന എന്നിവ നടത്തി ഡി.പി.ആർ. തയ്യാറാക്കി ഭരണാനുമതി നൽകി പ്രവൃത്തി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**നെയ്യാറ്റിൻകര മുള്ളറവിള-ആയയിൽ പാലം നിർമ്മാണം**

46 (1242) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിലെ മുള്ളറവിള-ആയയിൽ പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികളാണ് ഇതുവരെ പൂർത്തീകരിച്ചതെന്ന് വിശദീകരിക്കാമോ;

(ബി) 2016-ലെ ബഡ്ജറ്റിൽ തുക പ്രഖ്യാപിച്ച ഈ പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് കാലതാമസം വരുന്നതിന്റെ കാരണങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പാലത്തിന്റെ പുതിയ ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിക്കാൻ എത്രസമയം എടുക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നെയ്യാറ്റിൻകര മണ്ഡലത്തിലെ മുള്ളറവിള-ആയയിൽ പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ നടത്തി പാലത്തിന്റെ പുതുക്കിയ ഡിസൈൻ ലഭ്യമാക്കിയിട്ടുണ്ട്. ഡിസൈൻ പ്രകാരമുള്ള ഡി.പി.ആർ. തയ്യാറാക്കിവരുന്നു.

(ബി) 2016-17 ബഡ്ജറ്റ് റിപ്ലൈ സ്പീച്ചിൽ ഉൾപ്പെട്ട് വന്ന പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ. 2017-ൽ തന്നെ തയ്യാറാക്കി കിഫ്ബിക്ക് സമർപ്പിച്ച വെങ്കിലും ഡിസൈൻ റിവൈസ് ചെയ്ത് ഡി.പി.ആർ. പുതുക്കി നൽകുന്നതിനായി കിഫ്ബി നിർദ്ദേശിച്ചു. ഇതുപ്രകാരം ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ നടത്തി പുതുക്കിയ ഡിസൈൻ തയ്യാറാക്കേണ്ടിവന്നു. അതിനാലാണ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് കാലതാമസം നേരിട്ടത്.

(സി) 2018 ജൂൺ മാസത്തിൽ പുതുക്കിയ ഡി.പി.ആർ. കിഫ്ബിയ്ക്ക് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**അപകടാവസ്ഥയിലുള്ള പാലങ്ങളുടെ പുനരുദ്ധാരണം**

47 (1243) ശ്രീ. വി. ടി. ബൽറാം :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അപകടാവസ്ഥയിലുള്ള പാലങ്ങൾ സംബന്ധിച്ച പരിശോധന പൂർത്തിയായിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) വിദഗ്ദ്ധ പരിശോധന ആവശ്യമാണെന്ന് കണ്ടെത്തിയ പാലങ്ങൾ കൂടുതൽ വിദഗ്ദ്ധരെ ഉൾപ്പെടുത്തി പരിശോധന നടത്തിയിരുന്നുവോ;

(സി) നിലവിൽ എത്ര പാലങ്ങൾ ഉടൻ പുനർ നിർമ്മിക്കണമെന്നും എത്ര പാലങ്ങൾക്ക് പുനരുദ്ധാരണം ആവശ്യമാണെന്നുമാണ് വിദഗ്ദ്ധ പരിശോധനയിൽ തെളിഞ്ഞതെന്ന് വെളിപ്പെടുത്തുമോ;

(ഡി) പുനർനിർമ്മിക്കേണ്ട പാലങ്ങളുടെ ഡിസൈൻ പൂർത്തിയാക്കി ഡി.പി.ആർ. തയ്യാറാക്കുന്ന നടപടി പൂർത്തിയായിട്ടുണ്ടോ;

(ഇ) കിഫ്ബിയിൽനിന്നും ഇതിനായി എന്ത് ധനസഹായമാണ് അനുവദിച്ചിട്ടുള്ളത്; പാലങ്ങളുടെ പുനർനിർമ്മാണത്തിനായി പ്രത്യേക സംവിധാനം ഒരുക്കുമോയെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ കീഴിലെ പാലങ്ങളുടെ പരിശോധന 2017-ൽ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം 162 പാലങ്ങൾക്ക് പുനർനിർമ്മാണം ആവശ്യമാണെന്നും 208 പാലങ്ങൾ വിശദമായ പരിശോധനയ്ക്കുശേഷം പുനർനിർമ്മാണമോ/ പുനരുദ്ധീകരണമോ ആവശ്യമാണെന്നും 1433 പാലങ്ങൾക്ക് സാധാരണ അറ്റകുറ്റ പണികൾ ആവശ്യമാണെന്നും കണ്ടെത്തിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി* ഉള്ളടക്കം ചെയ്യുന്നു.

(ബി) പുനരുദ്ധീകരണം ആവശ്യമാണെന്ന് കണ്ടെത്തിയിട്ടുള്ള പാലങ്ങളിൽ പുനഃപരിശോധന നടത്തി പുനർനിർമ്മാണമാണോ, പുനരുദ്ധീകരണമാണോ ആവശ്യമെന്ന് കണ്ടെത്തുവാനായി വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) നിലവിൽ 162 പാലങ്ങൾ പുനർനിർമ്മിക്കണമെന്ന് കണ്ടെത്തിയിട്ടുണ്ട്. 208 പാലങ്ങൾക്ക് പുനരുദ്ധാരണം ആവശ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ടെങ്കിലും അവയ്ക്ക് പുനർനിർമ്മാണം വേണമോ അതോ പുനരുദ്ധീകരണം മാത്രം മതിയോ എന്ന പുനഃപരിശോധന നടത്തി കണ്ടെത്തേണ്ടതായിട്ടുണ്ട്. ഇതിന്റെ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) പുനർനിർമ്മിക്കേണ്ടതായ 162 പാലങ്ങളിൽ 31 പാലങ്ങളുടെ പ്രവൃത്തികൾക്ക് ബഡ്ജറ്റ് കിഫ്ബി മുഖേന ഭരണാനുമതി നൽകിയിട്ടുണ്ട്. 10 പാലങ്ങളുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു. 11 പ്രവൃത്തികളുടെ ഡി.പി.ആർ. തയ്യാറാക്കിവരുന്നു. 3 പാലങ്ങളുടെ പ്രവൃത്തികൾക്കായുള്ള ഡിസൈൻ തയ്യാറാക്കിവരുന്നു. 103 പാലങ്ങളുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിനായുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ നടന്നുവരുന്നു.

(ഇ) കിഫ്ബി മുഖേനയുള്ള റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് പുനർനിർമ്മിക്കേണ്ട 19 പാലങ്ങൾക്ക് കിഫ്ബിയിൽ നിന്നും അംഗീകാരം ലഭിച്ചിട്ടുണ്ട്. പാലങ്ങളുടെയും കലിങ്കുകളുടെയും പുനർനിർമ്മാണത്തിനായി 2018-19 വർഷത്തെ ബഡ്ജറ്റിൽ 5054-04-101-85 എന്ന പുതിയ ശീർഷകം അനുവദിച്ചിട്ടുണ്ട്.

**പുനർനിർമ്മിക്കേണ്ട പാലങ്ങളുടെ പട്ടിക**

48 (1244) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടിയന്തരമായി പുനർനിർമ്മിക്കേണ്ടതിനായി തയ്യാറാക്കിയ പാലങ്ങളുടെ പട്ടികയിൽ ആകെ എത്ര പാലങ്ങൾ ഉണ്ടെന്ന് അറിയിക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പയ്യന്നൂർ മണ്ഡലത്തിലെ ഏതെല്ലാം പാലങ്ങളാണ് പ്രസ്തുത ലിസ്റ്റിൽ ഉള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പയ്യന്നൂർ മണ്ഡലത്തിലെ മണിയറ പാലം പുനർനിർമ്മിക്കാൻ ഭരണാനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിൽ അടിയന്തരമായി പുനർനിർമ്മിക്കേണ്ടതിനായി തയ്യാറാക്കിയ പാലങ്ങളുടെ പട്ടികയിൽ 19 പാലങ്ങളുണ്ട്.

(ബി) പയ്യന്നൂർ മണ്ഡലത്തിലെ അരവഞ്ചാൽ പാലം, ഒളവറ പാലം, കവ്വായി പാലം, മണിയറ പാലം എന്നിവയാണ് പ്രസ്തുത ലിസ്റ്റിലുള്ളത്. കൂടാതെ വടവന്തൂർ പാലം പുനർനിർമ്മാണത്തിനായി 495 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർ സർക്കാരിലേയ്ക്ക് ഭരണാനുമതിയ്ക്കായി ലഭ്യമാക്കിയിരുന്നുവെങ്കിലും ആയത് പരിശോധനകൾക്കുശേഷം പര്യാപ്തമായ ബഡ്ജറ്റ് പ്രൊവിഷനോടെ ഈ സാമ്പത്തിക വർഷം അംഗീകാരത്തിനായി സമർപ്പിക്കുവാൻ നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) കിഫ്ബിയിൽ 10-7-2017-ലെ ജി.ഒ. (ആർടി.)നമ്പർ 942/2017/ പി.ഡബ്ല്യൂ.ഡി. പ്രകാരം 11 കോടി രൂപ വകയിരുത്തി ഭരണാനുമതി നൽകി ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി നടന്നുവരുന്ന, പയ്യന്നൂർ അമ്പലത്തറ-കാനായി-മണിയറ വയൽ-മാതമംഗലം റോഡ് പ്രവൃത്തിയിൽ ഉൾപ്പെടുത്തി മണിയറ പാലം പുന:നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി* ഉള്ളടക്കം ചെയ്യുന്നു.

**ദേശീയപാതാ വികസനത്തിനായി ഭൂമി ഏറ്റെടുക്കുന്നതിനെതിരെ ബഹുജന പ്രക്ഷോഭം**

49 (1245) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാതാ വികസനത്തിനായി ഭൂമി ഏറ്റെടുക്കുന്നതിനെതിരെ സംസ്ഥാനത്തെ പല ഭാഗത്തും ബഹുജനപ്രക്ഷോഭം നടക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ;

(ബി) ദേശീയപാതാ വികസനത്തിന് ഏറ്റെടുക്കുന്ന ഭൂമിക്ക് കൂടുതൽ വില നൽകാമെന്ന് കേന്ദ്രം സമ്മതിച്ചിട്ടുണ്ടോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) കർണ്ണാടകയിൽ ഏറ്റെടുക്കുന്ന ഭൂമിക്ക് കേരളത്തെക്കാൾ അധികവില നിശ്ചയിച്ചതായി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ടോ;

(ഡി) സംസ്ഥാനത്തെ ഭൂമിക്ക് കൂടിയ വില അനുവദിക്കുന്നതിന് പകരമായി ലോജിസ്റ്റിക് പാർക്ക് സ്ഥാപിക്കുവാൻ കാസർഗോഡ് ജില്ലയിൽ കേന്ദ്ര സർക്കാരിന് സൗജന്യമായി സ്ഥലം വിട്ടുകൊടുക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര ഏക്കർ സ്ഥലമാണ് ഇപ്രകാരം വിട്ടുകൊടുക്കേണ്ടത് എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) കണ്ണൂർ, മലപ്പുറം ജില്ലകളിൽ ദേശീയപാതാ വികസനത്തിനായി സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച് പൊതുജനങ്ങളിൽ നിന്നും പരാതികൾ ലഭിച്ചിരുന്നു. ആയത് സർക്കാർ തലത്തിൽ വിവിധ ജനപ്രതിനിധികളുമായി ചർച്ച നടത്തുകയും ജനങ്ങളുടെ പരാതികൾക്ക് യുക്തമായ നടപടികൾ സ്വീകരിക്കുവാൻ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) ദേശീയപാത വികസനത്തിന് ഏറ്റെടുക്കുന്ന ഭൂമിയുടെ വില നിശ്ചയിക്കുന്നത് ബന്ധപ്പെട്ട തഹസീൽദാർ (CALA) 2013-ലെ പരിഷ്കരിച്ച (RFCTLARR) ഭൂമി പൊന്നുംവില നിയമത്തിന്റെ അടിസ്ഥാനത്തിലാണ്.

(സി) ബഹുമാനപ്പെട്ട കേന്ദ്ര മന്ത്രി ശ്രീ. നിതിൻ ഗഡ്കരി 28-4-2018-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ എറണാകുളത്തുവച്ച് നടത്തിയ അവലോകന യോഗത്തിൽ ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

(ഡി) ലോജിസ്റ്റിക് പാർക്ക് സ്ഥാപിക്കുന്നതിനായി കേന്ദ്ര സർക്കാരിന് കാസർഗോഡ് ജില്ലയിൽ 35 ഏക്കറോളം ഭൂമി പ്രൊപ്പോസ് ചെയ്തിട്ടുണ്ട്. കേന്ദ്ര സർക്കാർ പ്രസ്തുത ഭൂമിയുടെ യോജ്യത പരിശോധിച്ചുവരികയാണ്.

**ദേശീയപാതകളുടെ പുനർനാമകരണം**

50 (1246) <u>ശ്രീ. എം. നൗഷാദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേശീയപാതകളുടെ പുനർനാമകരണ നടപടികൾ പൂർത്തിയായോ; ആയെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്ത് പുതിയതായി പ്രഖ്യാപിച്ച ദേശീയ പാതകൾ സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) പുതിയതായി പ്രഖ്യാപിച്ച ദേശീയ പാതകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് തുടങ്ങാനാണ് സർക്കാർ ആലോചിക്കുന്നത്; ആയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ഡി) നിലവിലുള്ള സംസ്ഥാനപാതകൾ ഏതെല്ലാമാണെന്നും ദൈർഘ്യം എത്രയാണെന്നും ബന്ധിപ്പിക്കുന്ന സ്ഥലങ്ങളേതാണെന്നും വെളിപ്പെടുത്താമോ; പുതിയതായി ഏതെങ്കിലും പാതകൾ സംസ്ഥാന പാതയായി ഉയർത്താൻ സർക്കാർ ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ദേശീയപാതകളുടെ പുനർനാമകരണം കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിന്റെ 4-4-2011-ലെ നോട്ടിഫിക്കേഷൻ നമ്പർ S.O. 689(E) പ്രകാരമാണ് നടത്തിയിട്ടുള്ളത്. ഇതുപ്രകാരമുള്ള ദേശീയപാതയുടെ പുതിയ നാമം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി & സി) 4-3-2014-ലെ കേന്ദ്ര സർക്കാർ നോട്ടിഫിക്കേഷൻ നമ്പർ 866(E) പ്രകാരം സംസ്ഥാനത്ത് പുതിയതായി പ്രഖ്യാപിച്ച ദേശീയപാതകൾ എൻ.എച്ച്. 183 (എ) യും എൻ.എച്ച് 185-ഉം ആണ്. എൻ.എച്ച് 185 അടിമാലി മുതൽ പൈനാവ് വരെ (കുമിളി വഴി) 96 കി.മീറ്ററും എൻ.എച്ച്. 183-എ ഭരണിക്കാവ് മുതൽ പത്തനംതിട്ട വഴി വണ്ടിപ്പെരിയാർ വരെ 116.08 കി.മീറ്ററുമാണ്. ഇവ ഗതാഗതയോഗ്യമായി പൊതുമരാമത്ത് വകുപ്പ് ദേശീയപാതാ വിഭാഗം നിലനിർത്തിവരുന്നു. ഇതുകൂടാതെ 505 കി.മീ. വരുന്ന 12 റോഡുകൾക്ക് ദേശീയപാതയായി കേന്ദ്ര സർക്കാരിൽനിന്നും തത്വത്തിൽ അംഗീകാരം ലഭിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ 12 റോഡ്സ് സ്ട്രക്ച്ചറുകളുടെ സാദ്ധ്യതാ പഠനത്തിനും വികസനത്തിനും വേണ്ടി ഡി.പി.ആർ. തയ്യാറാക്കുന്ന നടപടി പുരോഗമിച്ചുവരുന്നു. റോഡുകളുടെ പേരുവിവരങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു. താഴെപ്പറയുന്ന റോഡുകൾ ദേശീയപാതയാക്കാനുള്ള പ്രൊപ്പോസൽ സംസ്ഥാന സർക്കാർ കത്ത് നമ്പർ ഡി.3/247/2017 പൊ.മ.വ. 2-5-2017-ലെ പ്രകാരം കേന്ദ്രത്തിൽ സമർപ്പിച്ചിട്ടുണ്ട്. ഇതിന് അംഗീകാരം ഇതുവരെ ലഭിച്ചിട്ടില്ല.

1. Kazhakoottam (Vettu Road Junction) in NH 66 (Old NH 47) ch 550/000

(Kazhakoottam-Venjaramood-Adoor-Chengannur)നീളം 100 കി.മീ.

2. Varkala Sivagiri-Parippally-madathara Road SH-64) നീളം 45 കി.മീ.

(ഡി) നിലവിലുള്ള സംസ്ഥാന പാതകളുടെ വിശദാംശം അനുബന്ധം* ആയി ചേർത്തിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**ദേശീയപാത വികസനം**

51 (1247) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാതാ വികസനത്തിനായി സ്ഥലമേറ്റെടുക്കുമ്പോൾ ചില പ്രദേശങ്ങളിൽ ഒരു ഭാഗത്തുനിന്ന് മാത്രം സ്ഥലമേറ്റെടുക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

(ബി) ഇപ്രകാരം ആക്ഷേപം വന്നിട്ടുള്ള അലൈൻമെന്റുകളിൽ മാറ്റം വരുത്തുവാൻ സർക്കാർ എൻ.എച്ച്.എ.ഐ. പ്രോജക്ട് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ & ബി) ദേശീയപാതാ വികസനത്തിനായി സ്ഥലമേറ്റെടുക്കുമ്പോൾ ചില പ്രദേശങ്ങളിൽ ഒരു ഭാഗത്തു നിന്ന് മാത്രം സ്ഥലമേറ്റെടുക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ നിക്ഷിപ്ത താൽപ്പര്യക്കാർ ഉയർത്തുന്ന അനാവശ്യ വിവാദങ്ങൾമൂലം സ്ഥലം ഏറ്റെടുക്കൽ തടസ്സപ്പെട്ടിട്ടില്ലായെന്ന് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ അറിയിച്ചിട്ടുണ്ട്. എന്നാൽ 45 മീറ്റർ ROW-യിൽ വികസിപ്പിക്കുമ്പോൾ ജനങ്ങൾക്ക് കഴിവതും ബുദ്ധിമുട്ട് കുറഞ്ഞ രീതിയിൽ സ്ഥലമേറ്റെടുക്കണമെന്നാണ് നിർദ്ദേശം നൽകിയിരിക്കുന്നത്. സ്ഥലമേറ്റെടുക്കലുമായി ബന്ധപ്പെട്ട് പൊതുജനങ്ങളിൽനിന്നും ജനപ്രതിനിധികളിൽനിന്നും നിരവധി പരാതികൾ ലഭിച്ചത് കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ/ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ ശ്രദ്ധയിൽപ്പെടുത്തിയതനുസരിച്ച് പരമാവധി നിലവിലെ ദേശീയപാതയിൽനിന്നും രണ്ട് വശങ്ങളിലും തുല്യമായി സ്ഥലമേറ്റെടുത്തും കഴിവതും ആരാധനാലയങ്ങളെ സംരക്ഷിച്ചും വികസനം നടപ്പിലാക്കാനാണ് ധാരണയായിരിക്കുന്നത്. കൂടാതെ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ (MORTH) മാനദണ്ഡങ്ങൾ പ്രകാരവും ബാധകമായ ഇന്ത്യൻ റോഡ് കോൺഗ്രസ്സിന്റെ കോഡുകൾ അനുസരിച്ചും സുരക്ഷിതമായ ഗതാഗതത്തിന് നിശ്ചയിച്ചിട്ടുള്ള ഘടകങ്ങൾ പാലിച്ച് ഫൈനൽ അലൈൻമെന്റ് തീരുമാനിക്കേണ്ടത് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയാണ്.

കരുനാഗപ്പള്ളി, ചെപ്പാട്, വണ്ടാനം, കോട്ട്കുന്ന് (കണ്ണൂർ), വടകര (കോഴിക്കോട്), മലപ്പുറം ആൻഡ് തുമ്പോളി കൊമ്മാടി തുടങ്ങിയ സ്ഥലങ്ങളിൽ ഇരുവശത്തുനിന്നും തുല്യമായ ഏറ്റെടുക്കലിന് വ്യതിയാനം വന്നതായി ശ്രദ്ധയിൽപ്പെട്ടതിനാൽ പ്രസ്തുത അലൈൻമെന്റുകൾ പുനഃപരിശോധിക്കാൻ നാഷണൽ ഹൈവേ അതോറിറ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**ദേശീയപാതാ വികസനത്തിന് കേന്ദ്ര സർക്കാർ അനുവദിച്ച ഫണ്ട്**

52 (1248) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016 മേയ് മുതൽ ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ അനുവദിച്ച ഫണ്ടിന്റെ വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

ദേശീയപാതാ 544-ന്റെയും 66-ന്റെയും വികസനം നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ മുഖാന്തരമാണ് നടപ്പിലാക്കുന്നത്. എന്നാൽ സംസ്ഥാന പൊതുമരാമത്ത് വകുപ്പിനുകീഴിലുള്ള ദേശീയപാതകളുടെ മെയിന്റനൻസിനും മുകളിൽ പറഞ്ഞ ദേശീയപാതകൾ ഒഴികെയുള്ള ദേശീയപാതകളുടെ വികസനങ്ങൾക്കുമായി 2016 മുതൽ അനുവദിച്ചിട്ടുള്ള തുക അനുബന്ധമായി* ചേർക്കുന്നു.

**ദേശീയപാതാ വികസനം**

53 (1249) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. പി. ജെ. ജോസഫ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാലുവരി ദേശീയപാത വികസനത്തിന് റോഡിന് ഇരുവശത്തുനിന്നും ഒരേപോലെ ഭൂമി ഏറ്റെടുക്കണമെന്ന് ദേശീയപാതാ അതോറിറ്റിക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) ദേശീയപാതാ വികസനവുമായി ബന്ധപ്പെട്ട് സ്ഥലം ഏറ്റെടുക്കലിൽ ആരാധനാലയങ്ങളുടെ കാര്യത്തിൽ സർക്കാർ എന്ത് നടപടി സ്വീകരിച്ചു എന്നറിയിക്കാമോ;

(സി) ദേശീയപാതാ വികസനവുമായി ബന്ധപ്പെട്ട് അലൈൻമെന്റിൽ മാറ്റം വരുത്തുവാൻ എന്ത് നടപടിയാണ് സ്വീകരിക്കുന്നത് എന്നറിയിക്കാമോ;

(ഡി) വർഷങ്ങളായി മുടങ്ങിക്കിടക്കുന്ന ദേശീയപാതാ വികസനത്തിന്റെ സ്ഥലമേറ്റെടുക്കൽ എന്നത്തേയ്ക്ക് പൂർത്തിയാകും എന്നറിയിക്കാമോ;

(ഇ) പണി എന്നത്തേയ്ക്ക് ആരംഭിക്കുവാൻ കഴിയുമെന്നറിയിക്കാമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ & ബി) ദേശീയപാതാ വികസനവുമായി ബന്ധപ്പെട്ട് സ്ഥലമെടുപ്പ് നടത്തുന്നതിന് ഇരു ഭാഗത്തും തുല്യമായ സ്ഥലം ഏറ്റെടുക്കണമെന്ന നിബന്ധന നാളിതുവരെ ചെലുത്തിയിട്ടില്ല. എന്നാൽ അലൈൻമെന്റ് സ്കെച്ച് തയ്യാറാക്കുന്നത് കേരള സർക്കാരിന്റെ നിബന്ധനകൾക്കും അംഗീകാരത്തിനും വിധേയമായിട്ടാണ്. പൊന്നുംവിലയ്ക്ക് സ്ഥലമെടുക്കുന്നതിന് ആരാധനാലയങ്ങളെ വ്യക്തമായ കാരണങ്ങൾ ഉൾക്കൊണ്ട് കഴിവതും ഒഴിവാക്കിയാണ് അലൈൻമെന്റ് സ്കെച്ച് സംസ്ഥാന സർക്കാർ അംഗീകരിച്ചുവരുന്നത്. സ്ഥലം പൊന്നുംവിലയ്ക്ക് എടുക്കുന്നത് സംബന്ധിച്ച വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്ന കൺസൾട്ടന്റ് സാങ്കേതിക വശങ്ങൾ മുൻനിർത്തി സ്ഥലത്തിന്റെ ആവശ്യകത മനസ്സിലാക്കി വിശദമായ പരിശോധനകൾക്കുശേഷമാണ് ശിപാർശ നൽകുന്നത്. ആയത് ഇൻഡ്യൻ റോഡ് കോൺഗ്രസ്സ് കോഡ്/കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയം എന്നീ കാര്യാലയങ്ങളുടെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായിട്ടുമാണ്.

(സി) നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ സമർപ്പിച്ച അലൈൻമെന്റ് സംസ്ഥാന സർക്കാർ അംഗീകരിച്ചുവന്നിരുന്നു. എന്നാൽ പൊതുജനങ്ങളുടെ ആവശ്യകത മാനിച്ച് ആവശ്യമായ സ്ഥലങ്ങളിൽ അലൈൻമെന്റിൽ മാറ്റംവരുത്തുന്നതിനായി സർക്കാർതലത്തിൽ വിവിധ ജനപ്രതിനിധികളുമായി ചർച്ച നടത്തി ജനങ്ങളുടെ പരാതികൾക്ക് യുക്തമായ നടപടികൾ സ്വീകരിക്കുവാൻ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി-ഇ) ദേശീയപാതാ വികസനത്തിന്റെ ഭാഗമായി സ്ഥലമേറ്റെടുക്കൽ നടപടികൾ വിവിധ ജില്ലകളിൽ വിവിധ ഘട്ടങ്ങളായാണ് നടക്കുന്നത്. സ്ഥലം ഏറ്റെടുക്കൽ നടപടികൾ ഏകോപിപ്പിക്കുവാൻ സംസ്ഥാന സർക്കാർ ഐ.എ.എസ്. കേഡറിലുള്ള ഒരു ഉദ്യോഗസ്ഥനെ നോഡൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. സമയബന്ധിതമായി സ്ഥലം ഏറ്റെടുക്കൽ നടപടികൾ ത്വരിതപ്പെടുത്തുവാൻ സംസ്ഥാന സർക്കാർ നടപടികൾ സ്വീകരിച്ചുവരുന്നു.

**ദേശീയപാതാ വികസനം**

54 (1250) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ ദേശീയപാതാ വികസനത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(ബി) ദേശീയപാതാ വികസനത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കുമോ;

(സി) ദേശീയ പാതയുടെ വികസനം എന്ന് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ & ബി) കേരളത്തിലെ ദേശീയപാതകളിൽ തലപ്പാടി മുതൽ ഇടപ്പള്ളി വരെയും ചേർത്തല മുതൽ തിരുവനന്തപുരം വരെയുമുള്ള ദേശീയപാത (എൻ.എച്ച്. 66) 45 മീറ്റർ റൈറ്റ് ഓഫ് വേയിൽ 4/6 വരിപ്പാതയായി വികസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിന്റെ ചുമതല നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയ്ക്കാണ്. വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കൽ അവസാന ഘട്ടത്തിലാണ്. തലപ്പാടി മുതൽ ചെങ്ങളവരെയും ചെങ്ങള മുതൽ നീലേശ്വരം വരെയും കഴക്കൂട്ടം ഫ്ലൈഓവറിന്റേയും ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. സ്ഥലം ലഭ്യമായിട്ടുള്ള കോഴിക്കോട്, തലശ്ശേരി-മാഹി എന്നീ ബൈപ്പാസുകളുടേയും നീലേശ്വരം ആർ.ഒ.ബി.യുടേയും നിർമ്മാണ നടപടികൾ തുടങ്ങിയിട്ടുണ്ട്. സ്ഥലമെടുപ്പിനുള്ള നോട്ടിഫിക്കേഷൻ നടപടികൾ പുരോഗമിച്ചുവരുന്ന മറ്റ് ഭാഗങ്ങളിൽ 3(ഡി) നോട്ടിഫിക്കേഷൻ പൂർത്തീകരിച്ചാലുടൻ ടെണ്ടർ നടപടികൾ നടത്തുന്നതായിരിക്കും.

ദേശീയപാതാ 85 (മധുര-ധനുഷ്കോടി)-ലെ ബോഡിമേട്ട് മുതൽ മൂന്നാർ (കി.മീ.161/300-കി.മീ.190/017)വരെ 42.283 കി.മീ. നീളത്തിൽ 10.5 മീറ്റർ വീതിയിൽ വിഭാവന ചെയ്യുന്ന പാതയ്ക്ക് കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ 380.76 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചു. പ്രസ്തുത പ്രവൃത്തി M/s Dinesh Chandra Agrawal ഏറ്റെടുക്കുകയും പ്രവൃത്തി പുരോഗതിയിലുമാണ്. പ്രസ്തുത റോഡിന്റെ നിർമ്മാണം 7 മീറ്റർ വീതിയിൽ ക്യാരേജ് വേയും ഇരുവശങ്ങളിലും 1.5 കി.മീ ബി.റ്റി. ഷോൾഡറോടുകൂടി ആകെ 10.5 മീറ്റർ വീതിയിലാണ്. ഇ.പി.സി. രീതിയിൽ നടപ്പിലാക്കിവരുന്ന ഈ പ്രവൃത്തിയുടെ കാലാവധി 730 ദിവസവും അതായത് 30-8-2019-ൽ പ്രവൃത്തി പൂർത്തീകരിക്കണമെന്ന ലക്ഷ്യത്തോടുകൂടി അതിവേഗത്തിൽ നിർമ്മാണ പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുന്നു.

ദേശീയപാതാ 966-ൽ പാലക്കാട് ജില്ലയിൽ നാട്ടുകൽ (കി.മീ. 87/000) മുതൽ ചന്ദ്രനഗർ (കി.മീ. 133/720) വരെ 46.72 കി.മീ. നീളത്തിൽ 10.5 മീറ്റർ വീതിയിൽ വിഭാവന ചെയ്യുന്ന പാതയ്ക്ക് കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ 294.26 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചു. പ്രസ്തുത പ്രവൃത്തി Uralungal Labour Contract Co-operative Society Ltd. ഏറ്റെടുക്കുകയും പ്രവൃത്തി പുരോഗതിയിലുമാണ്. ഇ.പി.സി.രീതിയിൽ നടപ്പിലാക്കിവരുന്ന ഈ പ്രവൃത്തി 22-8-2019-ൽ പൂർത്തീകരിക്കണമെന്ന ലക്ഷ്യത്തോടുകൂടി അതിവേഗത്തിൽ നടന്നുകൊണ്ടിരിക്കുന്നു.

(സി) കണ്ണൂർ ജില്ലയിലെ തലശ്ശേരി-മാഹി ബൈപ്പാസ് നിർമ്മാണം പുരോഗമിച്ചുവരുന്നു. ഇത് 2020 മേയ് മാസത്തോടുകൂടിയും കോഴിക്കോട് ബൈപ്പാസിന്റെ നാലുവരി പാതയാക്കുന്നതിന്റെ പ്രവൃത്തി രണ്ട് വർഷംകൊണ്ടും പൂർത്തീകരിക്കുന്നതായിരിക്കും. ശേഷിക്കുന്ന ഭാഗങ്ങളിൽ നാലുവരിപ്പാതയാക്കുന്നതിന്റെ ടെണ്ടർ നടപടികൾ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ സ്വീകരിച്ചു വരുന്നു. സ്ഥലമെടുപ്പ് പൂർത്തിയാക്കുന്നമുറയ്ക്ക് 2020-ഓടെ നിർമ്മാണം പൂർത്തിയാകും.

**ദേശീയപാതകളുടെ അറ്റകുറ്റപ്പണികൾ**

55 (1251) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേശീയപാതകളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കിയിട്ടുണ്ടോ; കാലവർഷം തുടങ്ങുന്നതിനുമുമ്പായി ഇവ പൂർത്തിയാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) മഴക്കാലപൂർവ്വ അറ്റകുറ്റപ്പണികൾക്കായി കേന്ദ്രഫണ്ട് ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(സി) കേന്ദ്രഫണ്ട് ലഭിച്ചിട്ടില്ലെങ്കിൽ ഇതിനുള്ള ചെലവ് എപ്രകാരമാണ് വഹിക്കുന്നത്; വിശദമാക്കാമോ?

ഉത്തരം

(എ) കേരള സർക്കാർ 3054-01-337-99-urgent Repairs to NH Stretches in the State എന്ന ഹെഡിൽ അനുവദിച്ച് നൽകിയ 5 കോടി രൂപ സംസ്ഥാനത്തെ വിവിധ ദേശീയപാതകളിലായി മഴക്കാലപൂർവ്വ പ്രവൃത്തികൾക്ക് അനുവദിച്ച് നൽകുകയും ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തികൾ പുരോഗമിക്കുകയുമാണ്. പ്രസ്തുത പ്രവൃത്തികളുടെ വിശദവിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ബി & സി) മഴക്കാലപൂർവ്വ അറ്റകുറ്റപ്പണികൾ ഉൾപ്പെടെയുള്ള അറ്റകുറ്റ പ്രവൃത്തികൾക്കായി 5.50 കോടി രൂപയുടെ കേന്ദ്ര ഫണ്ട് 2018-19-ലെ ഓർഡിനറി റിപ്പയേഴ്സ് (OR) എന്ന ഹെഡ്ഡിൽനിന്നും ലഭ്യമായിട്ടുണ്ട്. 2-4-2018-ലെ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ കത്ത് നമ്പർ RW/G-23012/01/2018-W&A തീയതി പ്രകാരമാണ് ഫണ്ട് ലഭ്യമായത്. പ്രസ്തുത ഫണ്ട് ഉപയോഗിച്ച് കഴിഞ്ഞ വർഷം പൂർത്തീകരിച്ചതും ഫണ്ടിന്റെ അപര്യാപ്തതമൂലം പേയ്മെന്റ് നൽകാൻ കഴിയാതിരുന്നതുമായ 27 പ്രവൃത്തികൾക്ക് 1,59,43,548 രൂപ നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കിഫ്ബി മുഖാന്തരം നടപ്പിലാക്കുന്ന പ്രവൃത്തികൾ

56 (1252) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖാന്തരം നടപ്പിലാക്കുന്ന പൊതുമരാമത്ത് പ്രവൃത്തികളുടെ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിക്ക് സമർപ്പിക്കാൻ കാലതാമസം നേരിടുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാലതാമസം ഒഴിവാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ;

(ബി) തിരുവനന്തപുരം ജില്ലയിൽ ഏതെല്ലാം പ്രവൃത്തികളാണ് കിഫ്ബി മുഖാന്തരം നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ; ഓരോ പ്രവൃത്തിയും ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ചില പ്രവൃത്തികൾക്ക് കാലതാമസം നേരിട്ടിട്ടുണ്ട്. കിഫ്ബി മുഖാന്തരം നടപ്പിലാക്കുന്ന എല്ലാ പദ്ധതികളും തന്നെ ഡി.പി.ആർ. സമർപ്പിച്ച് സാമ്പത്തികാനുമതി ലഭ്യമാക്കിയശേഷം സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ പൂർത്തിയാക്കിയശേഷം മാത്രമേ നടപ്പിലാക്കുവാൻ സാധിക്കുകയുള്ളൂ. വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിലേയ്ക്കായി സൈറ്റിൽ വിശദമായ സാധ്യതാ പഠനം നടത്തേണ്ടതുണ്ട്. ഇത് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം ലഭ്യമാക്കി ടെണ്ടർ നടപടികൾ സ്വീകരിച്ചാണ് നടപ്പിലാക്കുന്നത്. ടി സാധ്യതാ പഠനത്തിന്റെ പൂർത്തീകരണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമേ സാമ്പത്തികാനുമതിയ്ക്കുള്ള ഡി.പി.ആർ. തയ്യാറാക്കാൻ സാധിക്കുകയുള്ളൂ. ഇതിനുപുറമേ ടി പ്രവൃത്തികളിൽ പാലം ഉണ്ടെങ്കിൽ ഇതിന്റെ വിശദമായ ഡിസൈൻ ചെയ്യേണ്ടതുണ്ട്. ടി പ്രവൃത്തികൾ എല്ലാംതന്നെ കിഫ്ബി മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ പ്രാരംഭ നടപടിക്രമങ്ങളാണ്. ഡി.പി.ആർ. സാമ്പത്തികാനുമതിക്ക് സമർപ്പിക്കുന്നതിന് മുന്നോടിയായി ഈ നടപടിക്രമങ്ങൽ പാലിക്കേണ്ടതുണ്ട്.

(ബി) കിഫ്ബി മുഖാന്തരം നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദവിവരം അനുബന്ധം * ആയി ചേർക്കുന്നു.

## നെന്മാറ മണ്ഡലത്തിലെ കിഫ്ബി മുഖേന പൊതുമരാമത്ത് പ്രവൃത്തികൾ

57 (1253) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖേന നടപ്പിലാക്കുന്ന ഏതെല്ലാം പൊതുമരാമത്ത് പ്രവൃത്തികളാണ് നെന്മാറ നിയോജകമണ്ഡലത്തിലുള്ളത് എന്ന് വിശദമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പ്രസ്തുത പദ്ധതികൾ തുടങ്ങുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്നും എത്ര പ്രവൃത്തികൾക്കാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(സി) ഭരണാനുമതി ലഭിച്ചിട്ടുള്ള പദ്ധതികൾ എന്ന് തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) നെന്മാറ നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളെ സംബന്ധിച്ച് കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (KIIFB) ലഭ്യമാക്കിയ വിവരങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

(സി) കിഫ്ബിയിൽ ഉൾപ്പെട്ട പദ്ധതികൾ നടപ്പിലാക്കുന്നതിന് സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി ചുമതലപ്പെടുത്തിയിട്ടുള്ള സ്ഥാപനങ്ങൾ പ്രവൃത്തികളുടെ വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കുന്ന മുറയ്ക്ക് അത് പരിശോധിച്ച് കിഫ്ബിയിൽ നിന്നും അംഗീകാരം ലഭിക്കുമ്പോൾ മാത്രമേ പദ്ധതി ആരംഭിക്കുന്നതിനാവശ്യമായ തുടർനടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

**തൊടുപുഴ മിനി സിവിൽ സ്റ്റേഷൻ അനക്സ് നിർമ്മാണം**

58 (1254) <u>ശ്രീ. പി. ജെ. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊടുപുഴ മിനി സിവിൽ സ്റ്റേഷൻ അനക്സ് നിർമ്മാണത്തിന് 4-3-2016-ൽ 23 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചതാണെങ്കിലും സാങ്കേതികാനുമതി നാളിതുവരെ നല്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സാങ്കേതികാനുമതി ലഭ്യമാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ സ്വീകരിക്കുവാൻ നടപടി കൈക്കൊണ്ടുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## തോപ്പുംപടിയിൽ മിനി സിവിൽ സ്റ്റേഷൻ

59 (1255) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി നിയോജകമണ്ഡലത്തിലെ തോപ്പുംപടിയിൽ മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിനാവശ്യമായ നിർദ്ദേശം ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) നിർദ്ദേശം ലഭിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത പ്രവൃത്തി അടിയന്തരമായി ആരംഭിച്ച് പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ & ബി) കൊച്ചി നിയോജകമണ്ഡലത്തിലെ തോപ്പുംപടിയിൽ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം സംബന്ധിച്ച് നിലവിൽ പ്രൊപ്പോസലൊന്നും തന്നെയില്ല.

## ഒറ്റപ്പാലം റസ്റ്റ് ഹൗസിന്റെ നവീകരണം

60 (1256) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം ടൗണിൽ സ്ഥിതിചെയ്യുന്ന പൊതുമരാമത്ത് വകുപ്പ് വക റസ്റ്റ്ഹൗസിന്റെ നവീകരണത്തിനും സൗന്ദര്യവൽക്കരണത്തിനുമായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

(ബി) 1-6-2016 മുതൽ 31-3-2018 വരെ ഒറ്റപ്പാലം റസ്റ്റ്ഹൗസ് നവീകരണത്തിനായി എത്ര തുക ചെലവഴിച്ചുവെന്നും എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയെന്നും വിശദമാക്കാമോ?

ഉത്തരം

(എ) ഒറ്റപ്പാലം റസ്റ്റ്ഹൗസിന്റെ നവീകരണത്തിനും സൗന്ദര്യവൽക്കരണത്തിനുമായി താഴെപ്പറയുന്ന പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയിട്ടുണ്ട്.

1. 1,76,506 രൂപ ചെലവഴിച്ച് ഡ്രെയിനേജിന്റെ അറ്റകുറ്റ പണികൾ നടത്തുകയും എ.സി, വാട്ടർ ഹീറ്റർ എന്നിവ സ്ഥാപിക്കുകയും ചെയ്തു.

2. 16,20,000 രൂപ ചെലവഴിച്ച് പഴയ ബ്ലോക്കിന്റെ അടിയന്തര അറ്റകുറ്റപ്പണികൾ ചെയ്തു.

3. 44,926 രൂപയുടെ പ്രീ-മൺസൂൺ പ്രവൃത്തികളും ചെയ്യുകയുണ്ടായി.

(ബി) 1-6-2016 മുതൽ 31-3-2018 വരെ ഒറ്റപ്പാലം റസ്റ്റ് ഹൗസിന്റെ നവീകരണത്തിനായി മേൽപ്രവൃത്തികൾക്ക് 18,41,432 രൂപ അനുവദിച്ചു.

## കാസർഗോഡ് പൊതുമരാമത്ത് വകുപ്പ് വിശ്രമ മന്ദിരത്തിലെ അഡീഷണൽ ബ്ലോക്ക്

61 (1257) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് പൊതുമരാമത്ത് വകുപ്പ് വിശ്രമ മന്ദിരത്തിൽ നിർമ്മിച്ച അഡീഷണൽ ബ്ലോക്കിൽ എത്ര മുറികൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ മുറികളിൽ എയർ കണ്ടീഷണർ ഘടിപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ മുറികളിൽ എയർ കണ്ടീഷണർ ഘടിപ്പിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുമോ;

(ഡി) എല്ലാ മുറികളിലും എയർ കണ്ടീഷണർ ഘടിപ്പിക്കാൻ വേണ്ട തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത വിശ്രമ മന്ദിരത്തിലെ അഡീഷണൽ ബ്ലോക്കിലെ മുറികളിൽ ഫർണിച്ചർ സ്ഥാപിക്കാൻ ചെലവഴിച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കാസർഗോഡ് പൊതുമരാമത്ത് വകുപ്പ് വിശ്രമ മന്ദിരത്തിൽ നിർമ്മിച്ച അഡീഷണൽ ബ്ലോക്കിൽ 8 മുറികളുണ്ട്.

(ബി) ഈ മുറികളിൽ എയർ കണ്ടീഷണർ ഘടിപ്പിച്ചിട്ടില്ല.

(സി) എല്ലാ മുറികളിലും എയർ കണ്ടീഷണർ ആവശ്യമുണ്ടോയെന്ന് പരിശോധിച്ചശേഷം വേണ്ട മുറികളിൽ ഘടിപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) എല്ലാ മുറികളിലും എയർകണ്ടീഷണർ സ്ഥാപിക്കുന്നതിന് ഏകദേശം 5 ലക്ഷം രൂപയുടെ ചെലവ് വരും.

(ഇ) ഫർണിച്ചർ സ്ഥാപിക്കാൻ 4,53,521 (നാല് ലക്ഷത്തി അൻപത്തി മൂന്നായിരത്തി അഞ്ഞൂറ്റി ഇരുപത്തിയൊന്ന് രൂപ മാത്രം) രൂപ ചെലവഴിച്ചിട്ടുണ്ട്.

## പൊതുമരാമത്ത് വകുപ്പ് റസ്റ്റ് ഹൗസുകളിലെ വാടക നിരക്ക്

62 (1258) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് റസ്റ്റ് ഹൗസുകളിൽ എം.എൽ.എ.മാർ, കമ്പാനിയൻ, കുടുംബാംഗങ്ങൾ എന്നിവർക്ക് എത്ര രൂപയാണ് വാടക നിരക്ക് എന്ന് വ്യക്തമാക്കാമോ;

(ബി) ഈ നിരക്ക് നിശ്ചയിച്ചതിൽ കമ്പാനിയൻ, കുടുംബാംഗങ്ങൾ എന്നിവർക്കുള്ള നിർദ്ദേശത്തിലും നിരക്കിലും അവ്യക്തതയുള്ളതായി കാണുന്നുവെന്നതിനാൽ പല റസ്റ്റ് ഹൗസുകളിലും തർക്കം നില നിൽക്കുന്നത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇതിനായി സ്പഷ്ടീകരണം പുറപ്പെടുവിക്കുമോ;

(സി) സർക്കാർ ഉദ്യോഗസ്ഥർക്ക് ഇപ്പോഴത്തെ നിരക്ക് എത്രയെന്ന് വ്യക്തമാക്കാമോ; സർക്കാർ ഉദ്യോഗസ്ഥർ പ്രൈവറ്റായി ബുക്ക് ചെയ്താലുള്ള നിരക്കിലും അവ്യക്തത നിലനിൽക്കുന്നത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ പുതുക്കിയ നിരക്ക് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) 2-8-2017-ലെ സർക്കാർ ഉത്തരവ് (കൈ.) നമ്പർ 42/2017/പൊ.മ.വ. പ്രകാരം എം.എൽ.എ.-മാർക്കും കുടുംബാംഗങ്ങൾക്കും 50 രൂപ ദിവസ വാടകയായും 25 രൂപ എയർ കണ്ടീഷൻ ചാർജ്ജായും നിശ്ചയിച്ചിരിക്കുന്നു.

(ബി) എം.എൽ.എ.-മാർക്കും കുടുംബാംഗങ്ങൾക്കും 50 രൂപ ദിവസ വാടകയായും 25 രൂപ എയർ കണ്ടീഷൻ ചാർജായും നിശ്ചയിച്ചിട്ടുള്ളതാണ്. വാടക സംബന്ധിച്ച് തർക്കമുള്ള റസ്റ്റ് ഹൗസുകളിൽ ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സർക്കാർ ഉദ്യോഗസ്ഥർക്ക് ഔദ്യോഗിക ആവശ്യത്തിന് ദിനബത്തയുടെ മൂന്നിലൊന്ന് അല്ലെങ്കിൽ 24-8-2017-ലെ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 4/17/പൊ.മ.വ. പ്രകാരമുള്ള സാധാരണ വാടക ഏതാണോ കുറവ് ആയത് ഈടാക്കണമെന്നാണ് നിശ്ചയിച്ചിട്ടുള്ളത്. വ്യക്തിപരമായ ആവശ്യങ്ങൾക്ക് സാധാരണ വാടകയിൽ 50% ഇളവാണ് നൽകിയിട്ടുള്ളത്. മേൽഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

**പി.ഡബ്ല്യൂ.ഡി. അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസീയർ തസ്തികകൾ**

63 (1259) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.ഡബ്ല്യൂ.ഡി. അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസീയർ ഗ്രേഡ് I,II,III എന്നിവയ്ക്ക് പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ഫയലിന്മേൽ (PWD-A1/395/2017)സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) മേൽപ്പറഞ്ഞ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ & ബി) പൊതുമരാമത്ത് വകുപ്പിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച വിഷയം കൈകാര്യം ചെയ്യുന്ന എ 1/395/2017 പൊ.മ.വ. നമ്പർ ഫയലിന്മേൽ ചീഫ് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ പൊതുമരാമത്ത് ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറിമാർ ചർച്ച ചെയ്യുകയും പ്രസ്തുത ചർച്ചയിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഫയൽ പരിശോധിച്ച് വരികയുമാണ്.

**പൊതുമരാമത്ത് വകുപ്പിലെ ഉദ്യോഗസ്ഥർക്കെതിരെയുള്ള നടപടികൾ**

64 (1260) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പൊതുമരാമത്ത് വകുപ്പിലെ എത്ര സാങ്കേതിക ഉദ്യോഗസ്ഥരെയും ക്ലറിക്കൽ ജീവനക്കാരെയും സസ്പെൻഡ് ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ജീവനക്കാരുടെ പേരുവിവരങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 41 സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥരേയും 23 ക്ലറിക്കൽ ജീവനക്കാരേയും സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തിട്ടുണ്ട്.

(ബി) ടി ജീവനക്കാരുടെ പേരും തസ്തികയും അനുബന്ധമായി* ചേർക്കുന്നു.

**സി.ആർ.എഫ്. ഫണ്ട്**

65 (1261) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ ഏതെല്ലാം റോഡുകളാണ് 2018-19 സാമ്പത്തിക വർഷത്തെ സി.ആർ.എഫ്.-ൽ നിന്ന് തുക ലഭ്യമാക്കാൻ വേണ്ടിയുള്ള പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് എന്നറിയിക്കാമോ;

(ബി) 2018-19 സാമ്പത്തിക വർഷത്തെ പ്രസ്തുത ഫണ്ട് ലഭിക്കാൻ വേണ്ടിയുള്ള സംസ്ഥാനത്തെ റോഡുകളുടെ പട്ടിക തയ്യാറായിട്ടുണ്ടോ;

(സി) ഏതെല്ലാം റോഡുകൾക്കാണ് പ്രസ്തുത ഫണ്ട് അനുവദിക്കപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ-സി) 2018-19 സാമ്പത്തിക വർഷത്തെ സി.ആർ.എഫ്. സ്കീമിൽ അനുമതി ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള പ്രവൃത്തികളുടെ പട്ടിക തയ്യാറാക്കുന്ന നടപടികൾ പുരോഗതിയിലാണ്. പട്ടിക പൂർത്തീകരിച്ചാലേ കൊയിലാണ്ടി മണ്ഡലത്തിൽ ഉൾപ്പെട്ട പദ്ധതികളുണ്ടോയെന്ന് പറയുവാൻ കഴിയുകയുള്ളൂ.

**ഉദുമ മണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകളുടെ അറ്റകുറ്റ പണികൾ**

66 (1262) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 സാമ്പത്തിക വർഷത്തിൽ ഉദുമ നിയോജകമണ്ഡലത്തിലെ ഏതെല്ലാം പൊതുമരാമത്ത് റോഡുകളുടെ അറ്റകുറ്റ പണികൾക്കാണ് ഭരണാനുമതി ലഭിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക പ്രത്യേകം പ്രത്യേകം വിശദമാക്കുമോ; ഈ പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**മങ്കട നിയോജകമണ്ഡലത്തിലെ റോഡുകൾ**

67 (1263) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ മങ്കട നിയോജക മണ്ഡലത്തിൽ അനുവദിച്ച റോഡുകളുടെ വിശദാംശങ്ങൾ നൽകാമോ;

(ബി) ഭരണാനുമതി ലഭിച്ച റോഡുകളുടെ നിർമ്മാണം ആരംഭിക്കുന്നതിന് വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) 2018-19 സാമ്പത്തിക വർഷത്തിൽ മണ്ഡലത്തിൽനിന്നും ശിപാർശ നൽകിയ റോഡുകളുടെ പട്ടികയിൽ ഉൾപ്പെട്ട റോഡുകളുടെ നവീകരണത്തിന് ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;' വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ മങ്കട നിയോജകമണ്ഡലത്തിൽ അനുവദിച്ച റോഡുകളുടെ വിശദാംശങ്ങൾ അനുബന്ധം ആയി ഇതോടൊപ്പം ചേർക്കുന്നു.*

(ബി) അനുബന്ധത്തിൽ പരാമർശിച്ചിരിക്കുന്ന പ്രവൃത്തികളിൽ ക്രമനമ്പർ 3-ലെ പ്രവൃത്തിയുടെ കരാർ ഉടമ്പടി ഒപ്പുവച്ചു. മറ്റ് രണ്ട് പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ സാങ്കേതികാനുമതിക്ക് സമർപ്പിക്കുവാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) 2018-19 സാമ്പത്തിക വർഷത്തിൽ മണ്ഡലത്തിൽനിന്നും ശിപാർശ നൽകിയിട്ടുള്ള അനുബന്ധത്തിൽ പരാമർശിച്ചിരിക്കുന്ന റോഡ് പ്രവൃത്തികൾക്ക് ഫണ്ട് അനുവദിക്കുന്നതിനുള്ള എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്ന പ്രവൃത്തി പുരോഗമിച്ചുവരുന്നു.

**ഡിവൈൻ മോഡൽ അണ്ടർ പാസ്സേജ്**

68 (1264) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാതയിൽ ചാലക്കുടി കോടതി ജംഗ്ഷനിൽ നിർമ്മാണം ആരംഭിച്ച ഡിവൈൻ മോഡൽ അണ്ടർ പാസ്സേജിന്റെ നിർമ്മാണത്തിൽ കാര്യമായ പുരോഗതിയില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർവ്വീസ് റോഡിന്റെ ഒരു ഭാഗം അടച്ച് ഗതാഗതം നിയന്ത്രിച്ച് ആരംഭിച്ച നിർമ്മാണം ത്വരിതഗതിയിലാക്കി സമയപരിധിക്കുള്ളിൽ പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികളും ഇടപെടലുകളും സർക്കാരിന്റെ ഭാഗത്തുനിന്ന് സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സർവ്വീസ് റോഡിന്റെ ഒരു ഭാഗം അടച്ച് ഗതാഗതം നിയന്ത്രിച്ച് നിർമ്മാണം എത്രയുംവേഗം തീർക്കുന്നതിനുള്ള നിർദ്ദേശം നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ കേരളത്തിലെ റീജിയണൽ ഓഫീസർക്ക് നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**മണലൂർ പൂവത്തൂർ-കടാന്തോട് റോഡ്**

69 (1265) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ പൂവത്തൂർ-കടാന്തോട് റോഡിന്റെ എന്തെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിച്ചത്;

(ബി) ഇനി എന്തെല്ലാം പ്രവൃത്തികൾ അവശേഷിക്കുന്നു; വിശദമാക്കാമോ;

(സി) പൂർത്തീകരിക്കാൻ ബാക്കിയുള്ള, ഓടനിർമ്മാണം ഉൾപ്പെടെയുള്ള പ്രവൃത്തികൾ എന്ന് പൂർത്തീകരിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കാമോ?

ഉത്തരം

(എ) പൂവത്തൂർ-കടാന്തോട് റോഡിന്റെ ബി.എം.&ബി.സി. ടാറിംഗ് വർക്കുകൾ, 500 മീറ്റർ കാന നിർമ്മാണം, രണ്ട് കലുങ്കുകളുടെ നിർമ്മാണം, റോഡ് മാർക്കിംഗ് എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) 500 മീറ്റർ കാനയുടെ നിർമ്മാണം, സൈൻ ബോർഡുകൾ, സ്റ്റഡുകൾ എന്നീ പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ട്.

(സി) പൂർത്തീകരിക്കാൻ ബാക്കിയുള്ള പ്രവൃത്തികൾ 2018 ആഗസ്റ്റ് മാസത്തോടെ പൂർത്തീകരിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**വൈലോങ്ങര-ഓരാടംപാലം ബൈപ്പാസ് നിർമ്മാണം**

70 (1266) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട വൈലോങ്ങര-ഓരാടംപാലം ബൈപ്പാസ് നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) ആയത് സംബന്ധിച്ച് ആർ.ബി.ഡി.സി.കെ. തയ്യാറാക്കിയ ഡി.പി.ആർ.-പ്രകാരം കിഫ്ബി ബോർഡ് ധനാനുമതി നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) മങ്കടയിലെ ഓരാടംപാലം-മാനത്ത് മംഗലം ബൈപ്പാസ് രൂപീകരണം സംബന്ധിച്ച പുരോഗതി വിശദമാക്കാമോ?

<u>ഉത്തരം</u>

(എ &ബി) മങ്കട വൈലോങ്ങര-ഓരാടംപാലം ബൈപ്പാസിന്റെ ഡി.പി.ആർ. ആർ.ബി.ഡി.സി.കെ. തയ്യാറാക്കി കിഫ്ബിക്ക് സമർപ്പിക്കുകയും പ്രസ്തുത പ്രവൃത്തിക്ക് 12.62 കോടി രൂപയ്ക്ക് കിഫ്ബി അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്.

(സി) ഓരാടംപാലം-മാനത്തുമംഗലം ബൈപ്പാസിന്റെ റെയിൽവെ ഓവർ ബ്രിഡ്ജ് ഭാഗത്തെ സ്കെച്ച് തയ്യാറാക്കിയിട്ടുണ്ട്. റെയിൽവേയുടെ അനുമതി ലഭിച്ചതിനുശേഷം മാത്രമേ അലൈൻമെന്റ് പ്ലാൻ തയ്യാറാക്കാൻ കഴിയുകയുള്ളൂ. പ്രസ്തുത ബൈപ്പാസിന്റെ ഭൂമി ഏറ്റെടുക്കുന്നതിനായി അടങ്കലും അലൈൻമെന്റ് എഫ്.എം.ബി.-യിൽ മാർക്ക് ചെയ്തതിന്റെ പകർപ്പും ലഭ്യമാക്കുവാൻ റവന്യൂ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാകുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**വർക്കല മണ്ഡലത്തിലെ പി.ഡബ്ല്യു.ഡി. പദ്ധതികൾ**

71 (1267) <u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിലേയ്ക്കായി ഈ സർക്കാർ വകയിരുത്തിയിട്ടുള്ള പി.ഡബ്ല്യൂ.ഡി. പദ്ധതികളുടെ തുക ഉൾപ്പെടെയുള്ള വിശദവിവരം ലഭ്യമാക്കുമോ;

(ബി) വർക്കല മണ്ഡലത്തിൽ പുതിയ എത്ര പാലങ്ങൾ നിർമ്മിക്കുവാനാണ് പദ്ധതിയുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പുതിയ പാലങ്ങൾ നിർമ്മിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ദേശീയപാത വിഭാഗത്തിന്റെ കീഴിൽ കേന്ദ്ര റോഡ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി നരിക്കല്ല്-തച്ചോട്-പനയറ-ചവറോഡ്-ഞെക്കാട് റോഡിന്റെ പുനരുദ്ധാരണം പുരോഗമിച്ചുവരുന്നു.

വർക്കല മണ്ഡലത്തിൽ ഈ സർക്കാർ ബഡ്ജറ്റിൽ ഉൾപ്പെടുത്തി വകയിരുത്തിയിട്ടുള്ള നിരത്തുകളും പാലങ്ങളും വിഭാഗത്തിൻ കീഴിലുള്ള പി.ഡബ്ല്യു.ഡി. പദ്ധതികളുടെ വിശദവിവരം അനുബന്ധം ആയി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

പൊതുമരാമത്ത് തിരുവനന്തപുരം കെട്ടിട വിഭാഗത്തിന്റെ ചുമതലയിൽ വകുപ്പിന്റെ തനത് ഫണ്ട് ഉപയോഗിച്ചുള്ള പദ്ധതികളൊന്നും വർക്കല മണ്ഡലത്തിൽ തുക വകയിരുത്തിയിട്ടില്ല. പൊതുമരാമത്ത് വകുപ്പ് നിർവ്വഹണ ഏജൻസിയായി തിരുവനന്തപുരം കെട്ടിട വിഭാഗത്തിന്റെ ചുമതലയിൽ വർക്കല മണ്ഡലത്തിൽ വരുന്ന പ്രവൃത്തികൾ അനുബന്ധം ആയി ചേർക്കുന്നു.*

(ബി & സി) പുതിയ പാലങ്ങൾ ഇപ്പോൾ പരിഗണനയിലില്ല.

**ഒല്ലൂർ മണ്ഡലത്തിലെ ഗ്രാമീണ റോഡുകൾ ഏറ്റെടുക്കൽ**

72(1268) <u>ശ്രീ. കെ. രാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒല്ലൂർ നിയോജക മണ്ഡലത്തിലെ ഏതെങ്കിലും ഗ്രാമീണ റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കണമെന്ന് ആവശ്യപ്പെട്ട് അപേക്ഷകൾ ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) അപേക്ഷകൾ ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ &ബി) ഗ്രാമീണ റോഡുകൾ ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ തദ്ദേശ ഭരണ സ്ഥാപനങ്ങളിൽനിന്നും ജനപ്രതിനിധികളിൽനിന്നും ധാരാളം അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തദ്ദേശഭരണ സ്ഥാപനങ്ങളുടെ റോഡുകളൊന്നുംതന്നെ സർക്കാർ ഏറ്റെടുത്തിട്ടില്ല. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകളൊന്നും ഇപ്പോൾ ഏറ്റെടുക്കേണ്ടതില്ല എന്നതാണ് നിലവിലുള്ള മന്ത്രിസഭാ തീരുമാനം.

**മലപ്പുറം കോട്ടപ്പടി ബൈപ്പാസ് നിർമ്മാണം**

73 (1269) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം കോട്ടപ്പടി ബൈപ്പാസ് നിർമ്മാണ ജോലികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദീകരിക്കാമോ;

(ബി) സ്ഥലം കൈമാറ്റ നടപടികൾ പൂർത്തീകരിച്ചിട്ടും റോഡ് നിർമ്മാണ പ്രവർത്തനങ്ങൾ വൈകുന്നതിനുള്ള കാരണമെന്താണ്; .

(സി) ബൈപ്പാസ് റോഡ് നിർമ്മാണത്തിന് സർക്കാർ ഈ വർഷം ഫണ്ട് അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ജോലികൾ പൂർത്തീകരിക്കുന്നതിനാവശ്യമായ ഫണ്ട് അനുവദിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) മലപ്പുറം-കോട്ടപ്പടി ബൈപ്പാസിനായി കോടതി വിലക്കുള്ള ബെൽ മൗത്ത് ഒഴികെയുള്ള ഭാഗം ഏറ്റെടുത്തിട്ടുണ്ട്. 2017-18 വർഷത്തെ എസ്.എൽ.ടി.എഫ്.-ൽ ഉൾപ്പെടുത്തി പ്രാരംഭ പ്രവൃത്തികൾ നടത്തി പ്രസ്തുത ബൈപ്പാസ് വാഹന ഗതാഗതത്തിനായി പൊതുജനങ്ങൾക്ക് തുറന്നുകൊടുത്തിട്ടുണ്ട്.

(ബി) റോഡിന്റെ ബെൽ മൗത്ത് ഭാഗത്തെ സ്ഥലം കോടതി വിലക്കുള്ളതിനാൽ ഏറ്റെടുക്കൽ പൂർത്തീകരിച്ചിട്ടില്ല. പ്രസ്തുത ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ നടപ്പു സാമ്പത്തികവർഷത്തിൽ ബഡ്ജറ്റ് പ്രൊവിഷൻ ഉറപ്പാക്കി സമർപ്പിക്കുന്നതിനുള്ള നിർദ്ദേശം നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്.

(സി) നടപ്പുവർഷം ബഡ്ജറ്റിൽ 100 രൂപ ടോക്കൺ പ്രൊവിഷൻ മാത്രമാണുള്ളത്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പൂർത്തീകരിക്കുന്നതാണ്.

**ഒല്ലൂർ മണ്ഡലത്തിലെ റോഡുകളുടെ അറ്റകുറ്റപ്പണികൾ**

74 (1270) <u>ശ്രീ. കെ. രാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒല്ലൂർ നിയോജകമണ്ഡലത്തിൽ 2016-17, 2017-18 എന്നീ കാലയളവുകളിൽ ഏതെല്ലാം റോഡുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഓരോ റോഡിലും ഇതിനായി എത്ര തുക വീതം ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) ഒല്ലൂർ നിയോജകമണ്ഡലത്തിൽ 2016-17, 2017-18 കാലയളവിൽ അറ്റകുറ്റപ്പണി പൂർത്തിയാക്കിയിട്ടുള്ള റോഡുകളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

**കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ അനുബന്ധ റോഡുകൾ**

75 (1271) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ അനുബന്ധ റോഡുകളെന്ന നിലയിൽ എത്ര റോഡുകൾക്ക് ഭരണാനുമതി ലഭിച്ചെന്ന് വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പ്രസ്തുത റോഡുകൾ ഏതെല്ലാമെന്നും ഓരോ റോഡുകളുടെയും ദൈർഘ്യം എത്രയെന്നും വ്യക്തമാക്കുമോ;

(സി) ഓരോ റോഡുകൾക്കും എത്ര തുകയുടെ ഭരണാനുമതി നൽകിയിട്ടുണ്ടെന്നും അതിൽ ഏതെല്ലാം റോഡുകളുടെ ഡി.പി.ആർ. തയ്യാറാക്കി സമർപ്പിച്ചെന്നും ഏതെല്ലാം റോഡുകൾക്ക് സാങ്കേതികാനുമതി നൽകിയെന്നും വ്യക്തമാക്കുമോ;

(ഡി) സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്ത റോഡുകളുടെ ഓരോന്നിന്റെയും നിർമ്മാണ പുരോഗതി വ്യക്തമാക്കുമോ?

ഉത്തരം

(എ-ഡി) കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിലേയ്ക്കുള്ള അനുബന്ധ റോഡുകളായി വികസിപ്പിക്കാവുന്ന 6 റോഡുകൾ കണ്ടെത്തുകയും അവ നാലുവരിപ്പാതയായി വികസിപ്പിക്കുന്ന രീതിയിൽ കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ റോഡ് കണക്ടിവിറ്റി പാക്കേജിന് 30-12-2017-ലെ സ.ഉ. (കൈ.) നമ്പർ 74/2017/പൊ.മ.വ. പ്രകാരം അംഗീകാരം നൽകുകയുണ്ടായി. പ്രസ്തുത 6 റോഡുകൾ സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**പുനലൂർ-മൂവാറ്റുപുഴ സംസ്ഥാന പാതയുടെ പുനരുദ്ധാരണം**

76 (1272) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ-മൂവാറ്റുപുഴ സംസ്ഥാനപാതയുടെ അവശേഷിക്കുന്ന പൊൻകുന്നം മുതൽ പുനലൂർ വരെയുള്ള ഭാഗം പുനരുദ്ധരിക്കുന്നതിന് ഇനി എന്തൊക്കെ നടപടികളാണ് പൂർത്തീകരിക്കാനുള്ളത്;

(ബി) എസ്റ്റിമേറ്റ് റിവൈസ് ചെയ്യാൻ ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; ഇവർ എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടുണ്ടോ; പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം റോഡ് പുനരുദ്ധാരണത്തിന് എത്ര രൂപയാണ് വകയിരുത്തിയിട്ടുള്ളത്;

(സി) വായ്പാകാലാവധിക്കുള്ളിൽത്തന്നെ നിർമ്മാണം പൂർത്തിയാക്കുന്നത് സംബന്ധിച്ച് ലോകബാങ്കിന്റെ അനുമതി ലഭ്യമായിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) എന്നത്തേയ്ക്ക് ടെൻഡർ നടപടികൾ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്; നിർമ്മാണം എങ്ങനെ നടത്തുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## ഉത്തരം

(എ) പുനലൂർ മുതൽ പൊൻകുന്നം വരെയുള്ള സംസ്ഥാന പാതയുടെ (82 കി.മീ.) പുനരുദ്ധാരണം എഞ്ചിനീയറിംഗ് പ്രൊക്യൂർമെന്റ് ആൻഡ് കൺസ്ട്രക്ഷൻ (ഇ.പി.സി.) മാതൃകയിലാണ് നടത്തുവാൻ തീരുമാനിച്ചിട്ടുള്ളത്. ഇതിനുള്ള ദർഘാസുകൾ M/s L&T Infrastructure Engineering Limited എന്ന കൺസൾട്ടൻസി കമ്പനി തയ്യാറാക്കി നൽകിയിട്ടുണ്ട്. ദർഘാസുകൾക്ക് ലോകബാങ്കിന്റെ അംഗീകാരം കിട്ടുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ഡിസൈനുകളും എസ്റ്റിമേറ്റും പുതുക്കുന്നതിന് M/s L&T Infrastructure Engineering Limited എന്ന കൺസൾട്ടൻസി കമ്പനിയെയാണ് ചുമതലപ്പെടുത്തിയത്. പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം റോഡ് പുനരുദ്ധാരണത്തിന് 658 കോടി രൂപയാണ്.

(സി) കെ.എസ്.റ്റി.പി.-യുടെ രണ്ടാംഘട്ട പദ്ധതിയുടെ ലോൺ പുനർഘടനയ്ക്കായി കേരള സർക്കാരിന്റെ നിർദ്ദേശം കേന്ദ്ര സാമ്പത്തികകാര്യ വകുപ്പ് മുഖാന്തരം ലോകബാങ്കിനെ അറിയിച്ചിട്ടുണ്ട്. ഇപ്പോൾ അത് ലോകബാങ്കിന്റെ പരിഗണനയിലാണ്.

(ഡി) ദർഘാസുകൾക്ക് ലോകബാങ്കിന്റെ അംഗീകാരം കിട്ടുന്നമുറയ്ക്ക് ടെൻഡർ നടപടികൾ പൂർത്തിയാക്കുന്നതാണ്. നിർമ്മാണം എഞ്ചിനീയറിംഗ് പ്രൊക്യൂർമെന്റ് ആൻഡ് കൺസ്ട്രക്ഷൻ (ഇ.പി.സി.) മാതൃകയിലാണ് നടപ്പിലാക്കുന്നത്.

## മയ്യിൽ-ശ്രീകണ്ഠപുരം റോഡിന്റെ നവീകരണ പ്രവൃത്തികൾ

77 (1273) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മയ്യിൽ-ശ്രീകണ്ഠപുരം റോഡിലെ പെരുവള്ളപറമ്പ് മുതൽ പാവന്നൂർമൊട്ട വരെയുള്ള റോഡിന്റെ നവീകരണ പ്രവൃത്തികൾ ടെൻഡർ ചെയ്യാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഈ പ്രവൃത്തിക്ക് എത്ര കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ & ബി) മയ്യിൽ-ശ്രീകണ്ഠപുരം റോഡിലെ പാവന്നൂർമൊട്ട മുതൽ പെരുവളത്തുപറമ്പ വരെയുള്ള റോഡിന്റെ നവീകരണ പ്രവൃത്തിക്ക് 28-3-2018-ലെ സ.ഉ. (സാധാ.) നമ്പർ 558/2018/പൊ.മ.വ. പ്രകാരം 270 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയത് പ്രകാരം സാങ്കേതികാനുമതിക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. സാങ്കേതികാനുമതി നൽകിയതിനുശേഷം പ്രവൃത്തി എത്രയുംപെട്ടെന്ന് ടെൻഡർ ചെയ്യുവാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**ആലത്തൂർ ബൈപ്പാസ് റോഡ്**

78 (1274) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിലെ ആലത്തൂർ ബൈപ്പാസ് റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ച നടപടി വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ & ബി) ആലത്തൂർ ബൈപ്പാസ് റോഡ് കി.മീ. 0/000 മുതൽ 1/250 വരെയുള്ള പ്രവൃത്തികൾക്ക് 31-3-2018-ലെ സ.ഉ. (സാധാ.) നമ്പർ 628/ 2018/പൊ.മ.വ. പ്രകാരം 1500 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ ബൈപ്പാസ് നിലവിലുള്ള ആയർകുളം തോടിന് മുകളിലൂടെ തോട് നികത്താതെയും മറ്റ് സ്ഥലങ്ങൾ ഏറ്റെടുക്കാതെയും തോടിന് സമാന്തരമായി പണിയുന്നതിനാണ് വിഭാവന ചെയ്തിട്ടുള്ളത്. അതിന്റെ വിശദമായ പദ്ധതിരേഖ തയ്യാറാക്കുന്നതിന് വിശദമായ ഇൻവെസ്റ്റിഗേഷൻ നടത്തേണ്ടതുള്ളതിനാൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്കുള്ള ടെണ്ടർ 13-6-2018-ന് പൊതുമരാമത്ത് വകുപ്പ് ആലത്തൂർ നിരത്ത് ഉപവിഭാഗം നടത്തുന്നുണ്ട്. ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക് എസ്റ്റിമേറ്റ് സാങ്കേതികാനുമതിക്കായി സമർപ്പിക്കുന്നതും ടെൻഡർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിക്കുന്നതുമാണ്.

## റോഡുകളുടെ നിർമ്മാണം

79 (1275) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയമസഭാ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ ഏതെല്ലാം റോഡുകളാണ് ഉള്ളതെന്നും അവയ്ക്ക് എത്ര കി.മി. നീളമുണ്ടെന്നും അവയുടെ നിലവിലെ അവസ്ഥ എന്താണെന്നും അറ്റകുറ്റപ്പണികൾ ചെയ്യേണ്ട റോഡുകൾ ഉണ്ടെങ്കിൽ അവ ഏതെന്നും വ്യക്തമാക്കുമോ;

(ബി) ഈ റോഡുകൾ നിർമ്മിക്കുന്നതിനായി ഏതെങ്കിലും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഏത് റോഡ് ഏത് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി സമർപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) മാവേലിക്കര നിയമസഭാ മണ്ഡലത്തിലെ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളെ സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധമായി ഇതോടൊപ്പം ചേർക്കുന്നു.*

## ചിറ്റൂർ നിയോജകമണ്ഡലത്തിലെ റോഡുകളുടെ നിർമ്മാണ പുരോഗതി

80 (1276) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറ്റൂർ നിയോജകമണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽപ്പെടുത്തി ഏതൊക്കെ റോഡുകളാണ് വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നത്; ഈ റോഡുകളുടെ പേരും അവയുടെ നിർമ്മാണ ഘട്ടവും വിശദമാക്കാമോ;

(ബി) ചിറ്റൂർ നിയോജകമണ്ഡലത്തിൽ സംസ്ഥാന സർക്കാരിന്റെ പദ്ധതി ഇനത്തിൽപ്പെടുത്തി ഏതൊക്കെ റോഡുകളാണ് വികസിപ്പിക്കുന്നത്; ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ചിറ്റൂർ നിയോജകമണ്ഡലത്തിൽ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി വികസിപ്പിക്കുന്ന റോഡുകളും അവയുടെ നിർമ്മാണഘട്ടവും അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ചിറ്റൂർ നിയോജകമണ്ഡലത്തിൽ സംസ്ഥാന സർക്കാരിന്റെ പദ്ധതി ഇനത്തിൽപ്പെടുത്തി വികസിപ്പിക്കുന്ന റോഡുകളും അവയുടെ വിശദാംശവും അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കാസർഗോഡ് നിയോജകമണ്ഡലത്തിലെ റോഡുകൾ

81 (1277) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എസ്റ്റിമേറ്റ് തയ്യാറാക്കുകയും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ടെണ്ടർചെയ്യുകയും ചെയ്ത കാസർഗോഡ് നിയോജകമണ്ഡലത്തിലെ റോഡുകളും പാലങ്ങളും ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ടെണ്ടർ ചെയ്ത ഈ റോഡുകളുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ടെണ്ടർ ചെയ്യുകയും ഈ സർക്കാരിന്റെ കാലത്ത് പണി ആരംഭിക്കുകയോ പ്രവൃത്തി പൂർത്തീകരിച്ചതോ ചെയ്ത കാസർഗോഡ് നിയോജകമണ്ഡലത്തിലെ റോഡുകളും പാലങ്ങളും ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എസ്റ്റിമേറ്റ് തയ്യാറാക്കുകയും ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാക്കുകയും ചെയ്ത കാസർഗോഡ് നിയോജക മണ്ഡലത്തിലെ റോഡുകളും പാലങ്ങളും ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഇ) ഈ റോഡുകളുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

(എഫ്) കാസർഗോഡ് നിയോജകമണ്ഡലത്തിൽ ബി.എം,ബി.സി ഉപയോഗിച്ച് പുനർനിർമ്മിക്കാൻ ബാക്കിയുള്ള റോഡുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ജി) ഈ റോഡുകളുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചിട്ടുണ്ടോയെന്നും പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

### ഉത്തരം

(എ & ബി) വിശദവിവരങ്ങൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(സി) വിശദവിവരങ്ങൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

(ഡി &ഇ) വിശദവിവരങ്ങൾ അനുബന്ധം III ആയി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എഫ് & ജി) കാസർഗോഡ് നിയോജകമണ്ഡലത്തിൽ ബി.എം. & ബി.സി. ഉപയോഗിച്ച് പുനർനിർമ്മിക്കാൻ ബാക്കിയുള്ള റോഡുകളുടെ പട്ടിക അനുബന്ധം IV ആയി ചേർത്തിരിക്കുന്നു.* പ്രസ്തുത പ്രവൃത്തികളുടെ ഭരണാനുമതി നൽകിയിട്ടില്ല. പ്രൊപ്പോസൽ ലഭിക്കുന്നമുറയ്ക്ക് മാത്രമേ ഭരണാനുമതി നൽകുന്ന കാര്യം പരിഗണിക്കുവാൻ കഴിയുകയുള്ളൂ.

**ദേവികുളത്തെ നിർമ്മാണ പ്രവൃത്തികൾ**

82 (1278) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപെടുത്തിയിട്ടുള്ള മൂന്നാർ ഫ്ലൈ ഓവർ നിർമ്മാണം നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഫ്ലൈ ഓവറിന്റെ നിർമ്മാണം ആരംഭിക്കുന്നതിനായി എന്തൊക്കെ പ്രവൃത്തികളാണ് അവശേഷിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ദേവികുളം മണ്ഡലത്തിലെ അടിമാലി, മറയൂർ എന്നിവിടങ്ങളിൽ പി.ഡബ്ല്യു.ഡി.റസ്റ്റ് ഹൗസ് നിർമ്മിക്കുന്നതിന് വകുപ്പിന് എന്തെങ്കിലും പദ്ധതിയുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ) അലൈൻമെന്റ് സർവ്വേ പൂർത്തിയാക്കി സോയിൽ ഇൻവെസ്റ്റിഗേഷൻ നടപടികൾ പുരോഗമിക്കുന്നു.

(ബി) ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി പ്രോജക്ട് പ്രിപ്പറേഷൻ യൂണിറ്റിൽ സമർപ്പിച്ചതിനുശേഷം ഡിസൈനും ഡി.പി.ആർ.-ഉം തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കേണ്ടതും ആയതിൻപ്രകാരം കിഫ്ബിയിൽനിന്നും ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് മാത്രമേ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിക്കുവാൻ കഴിയുകയുള്ളൂ.

(സി) 2018-19 വർഷത്തെ കേരള ബഡ്ജറ്റിൽ ഭരണാനുമതിയില്ലാത്ത മരാമത്ത് പണികളിൽ അടിമാലി റസ്റ്റ് ഹൗസിന് 100 രൂപയും മറയൂർ റസ്റ്റ് ഹൗസിന് 100 രൂപയും ടോക്കൺ പ്രൊവിഷനായി വകയിരുത്തിയിട്ടുണ്ട്. എന്നാൽ ഈ റസ്റ്റ് ഹൗസുകൾ നിർമ്മിക്കുന്നതിനുള്ള സ്ഥലം നിലവിൽ ലഭ്യമല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വെറ്റമുക്ക്-താമരക്കുളം റോഡ് നിർമ്മാണം

83 (1279) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ നിന്നുള്ള തുക വിനിയോഗിച്ച് പുനർനിർമ്മാണത്തിന് നിർദ്ദേശിച്ചിട്ടുള്ള വെറ്റമുക്ക്-താമരക്കുളം റോഡ് നിർമ്മാണത്തിന് ഏതെങ്കിലും നിർമ്മാണ കമ്പനി കരാറെടുത്തിട്ടുണ്ടോ; ആയത് സംബന്ധിച്ച് എഗ്രിമെന്റ് വച്ചിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണം വൈകുന്നതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) ഈ റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ & ബി) കരാർ ഏറ്റെടുത്തിട്ടില്ല. വെറ്റമുക്ക്-താമരക്കുളം റോഡ് നിർമ്മാണത്തിന് ആദ്യ ദർഘാസ് പ്രകാരമുള്ള കരാറുകാരൻ എഗ്രിമെന്റ് വയ്ക്കാത്തതിനെത്തുടർന്ന് പുനഃദർഘാസ് ക്ഷണിച്ചിട്ടുണ്ട്.

(സി) 2018 ജൂൺ മാസം അവസാനത്തോടുകൂടി കരാർ ഉറപ്പിച്ച് പ്രസ്തുത റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## തിരുവാങ്കുളം ബൈപ്പാസ് നിർമ്മാണം

84 (1280) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം നിയോജകമണ്ഡലത്തിൽ, ചിത്രപ്പുഴ-മാമല (തിരുവാങ്കുളം ബൈപ്പാസ്) റോഡിനായി പൊതുമരാമത്ത് വകുപ്പ് അംഗീകരിച്ച അലൈൻമെന്റ് പ്രകാരമുള്ള സ്ഥലത്തുകൂടി ഇൻഡ്യൻ ഓയിൽ കോർപ്പറേഷന്റെ ഗ്യാസ് പൈപ്പ് ലൈൻ സ്ഥാപിച്ച സാഹചര്യത്തിൽ, ബൈപ്പാസ് നിർമ്മാണത്തിനായി എന്ത് നടപടി സ്വീകരിയ്ക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ബൈപാസ് നിർമ്മാണത്തിനുള്ള സ്ഥലം റവന്യൂ വകുപ്പ് ഏറ്റെടുത്ത് നല്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ചിത്രപ്പുഴ-മാമല (തിരുവാങ്കുളം ബൈപ്പാസ്) റോഡിന്റെ അംഗീകരിച്ച അലൈൻമെന്റ് പ്രകാരമുള്ള സ്ഥലത്ത് കൂടി ഇൻഡ്യൻ ഓയിൽ കോർപ്പറേഷന്റെ ഗ്യാസ് പൈപ്പ്ലൈൻ സ്ഥാപിച്ച സാഹചര്യത്തിൽ നിലവിലെ അലൈൻമെന്റിൽ ബൈപ്പാസ് നിർമ്മാണം തുടങ്ങുവാൻ സാധ്യമല്ല. ഇതിന്റെ വിശദാംശങ്ങൾ സംബന്ധിച്ച റിപ്പോർട്ട് ചീഫ് എഞ്ചിനീയറോട് (ഡിസൈൻ) സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) അലൈൻമെന്റ് സംബന്ധിച്ച അന്തിമ തീരുമാനം ലഭ്യമാക്കുന്ന മുറയ്ക്ക് മാത്രമേ നിർമ്മാണത്തിന് ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുവാൻ സാധ്യമാകുകയുള്ളൂ.

**പൊതുമരാമത്ത് റോഡുകളിലെ കയ്യേറ്റം**

85 (1281) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വക റോഡും നടപ്പാതയും ഓടയും സ്വകാര്യ തടിമിൽ ഉടമകളും കടക്കാരും കയ്യേറുന്നത് സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇത്തരം കയ്യേറ്റക്കാരെ ഒഴിപ്പിച്ച് വാഹന ഗതാഗതവും കാൽനടയാത്രയും ഓടയിലെ ഒഴുക്കും സുഗമമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് നിലവിൽ സ്വീകരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ;

(സി) ഇത്തരം കയ്യേറ്റം ശ്രദ്ധയിൽപ്പെടുകയും പരാതികൾ ലഭിക്കുകയും ചെയ്തശേഷം, ഒഴിപ്പിക്കേണ്ട ഉദ്യോഗസ്ഥർ വരുത്തുന്ന വീഴ്ചകൾക്കെതിരെ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പൊതുമരാമത്ത് വക റോഡും നടപ്പാതയും ഓടയും സ്വകാര്യ വ്യക്തികളും കടക്കാരും കയ്യേറുന്നത് സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ട്. അവ ശ്രദ്ധയിൽപ്പെടുമ്പോൾത്തന്നെ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സംസ്ഥാന പൊതുമരാമത്ത് റോഡുകൾ സംരക്ഷിക്കുന്നതിനും കാൽനട യാത്രക്കാർക്കും വാഹനങ്ങൾക്കും സുരക്ഷിത യാത്ര സാധ്യമാക്കുന്നതിനുംവേണ്ടി കേരള ഹൈവേ പ്രൊട്ടക്ഷൻ ആക്ട് ബാധകമാക്കി 3-9-2016-ലെ സ. ഉ. (കൈ.)

നമ്പർ 63/16/പൊ.മ.വ. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ ഉത്തരവ് പ്രകാരം സ്റ്റേറ്റ് ഹൈവേ പ്രൊട്ടക്ഷൻ ആക്ട് സംസ്ഥാനത്ത് കർശനമായി നടപ്പാക്കുകയും കൂടാതെ പൊതുമരാമത്ത് വകുപ്പ് റോഡിലെ കയ്യേറ്റങ്ങൾ അപ്പപ്പോൾത്തന്നെ കണ്ടെത്താനും അവ ഒഴിപ്പിക്കുന്നതിനുള്ള നിയമ നടപടികൾ സ്വീകരിക്കാനും ടി നടപടികൾ സ്വീകരിക്കുന്നതിനുംവേണ്ട റോഡ് പരിശോധന എഞ്ചിനീയർമാർ കൃത്യമായി നടത്തുന്നതിനുമുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്.

(സി) ഇത്തരം കയ്യേറ്റം ശ്രദ്ധയിൽപ്പെടുകയും പരാതികൾ ലഭിക്കുകയും ചെയ്തശേഷം ഒഴിപ്പിക്കേണ്ട ഉദ്യോഗസ്ഥർ വരുത്തുന്ന വീഴ്ചകൾക്കെതിരെ നടപടികൾ സ്വീകരിക്കുന്നതാണ്.

### കോഴിക്കോട് നോർത്ത് മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

86 (1282) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തു നടത്തുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ (പേര്, തുക, നിലവിലുള്ള അവസ്ഥ ) വ്യക്തമാക്കാമോ ?

ഉത്തരം

വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

### ഏറ്റുമാനൂർ-എറണാകുളം റോഡിലെ അപകടകരമായ വളവ്

87 (1283) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറ്റുമാനൂർ-എറണാകുളം റോഡിലെ അപകടകരമായ വളവ് ഒഴിവാക്കുന്നതുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കൽ കൂടി ഉൾപ്പെട്ടിരുന്നോ എന്ന വിഷയം സർക്കാരിൽ നിന്ന് ചീഫ് എഞ്ചിനീയർക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സർക്കാർ ഉത്തരവിൽ ഭൂമി ഏറ്റെടുക്കൽ ഉൾപ്പെട്ടിരുന്നില്ലെങ്കിൽ ആയതിനുള്ള എസ്റ്റിമേറ്റും ബഡ്ജറ്റ് വിവരവും കോട്ടയം എക്സിക്യൂട്ടീവ് എഞ്ചിനീയർ സമർപ്പിക്കാനുണ്ടായ കാലതാമസം വ്യക്തമാക്കാമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) ഈ വിഷയവുമായി ബന്ധപ്പെട്ട് 16-3-2018-ൽ ഫയൽ നമ്പർ പി. ഡബ്ള്യു.ഡി./G1/131/2018 പ്രകാരം പൊതുമരാമത്ത് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി നൽകിയ കത്തിന് ചീഫ് എഞ്ചിനീയർ മറുപടി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഡി) ഇതുസംബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് മനപ്പൂർവ്വം കാലതാമസം വരുത്തിയിട്ടുണ്ടോ; എത്രയും വേഗം പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 16-3-2018-ലെ ജി1/131/2018/പൊ.മ.വ. നമ്പർ കത്ത് പ്രകാരം ചീഫ് എഞ്ചിനീയർക്ക് അറിയിപ്പ് നൽകിയിരുന്നു.

(ബി) സർക്കാർ ഉത്തരവിൽ 50 ലക്ഷം രൂപ വകയിരുത്തിയിരുന്നത് രണ്ട് വില്ലേജുകളിലായി ഉൾപ്പെടുന്ന ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് വിനിയോഗിക്കാനായി മാറ്റിവച്ചിട്ടുണ്ട്. എന്നാൽ പിന്നീട് വന്ന ബഡ്ജറ്റുകളിൽ ടി പദ്ധതികൾക്ക് തുക വകയിരുത്താത്തതുകൊണ്ടും നെഗോഷ്യബിൾ പർച്ചേസ് പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന് നിർദ്ദേശം നൽകിയതുകൊണ്ടുമാണ് പുതിയ പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് കാലതാമസമുണ്ടായത്.

(സി) ഉണ്ട്.

(ഡി) മനഃപൂർവ്വമായ കാലതാമസം ഉണ്ടായിട്ടില്ല. പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് സ്വീകരിക്കുന്നതാണ്.

**കൊടുവായൂർ-പല്ലാവൂർ-വിത്തനശ്ശേരി റോഡ്**

88 (1284) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെന്മാറ നിയോജക മണ്ഡലത്തിലെ ഏതെല്ലാം പൊതുമരാമത്ത് റോഡുകളുടെ പ്രവൃത്തിയാണ് പൂർത്തീകരിച്ചത് എന്ന് വിശദമാക്കുമോ;

(ബി) കൊടുവായൂർ-പല്ലാവൂർ-വിത്തനശ്ശേരി റോഡിന്റെ പണി നാളിതുവരെ തുടങ്ങാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കുമോ;

(സി) ഈ റോഡിന്റെ പണി തുടങ്ങുന്നതിനുള്ള തടസ്സം എന്താണെന്നും നിലവിലുള്ള തടസ്സങ്ങൾ നീക്കി റോഡ് പണി എന്ന് തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെന്മാറ നിയോജകമണ്ഡലത്തിലെ ചുവടെ ചേർത്തിരിക്കുന്ന രണ്ട് റോഡുകളുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട് :

1. പുതുനഗരം-കൊല്ലങ്കോട് റോഡ് കി.മീ. 5/250 മുതൽ 7/250 വരെ

2. വടക്കഞ്ചേരി-പൊള്ളാച്ചി റോഡ് കി.മീ. 25/000 മുതൽ 29/890 വരെയും കി.മീ. 32/080 മുതൽ 38/212 വരെയും അഭിവൃദ്ധിപ്പെടുത്തൽ

(ബി & സി) കൊടുവായൂർ-പല്ലാവൂർ-വിത്തനശ്ശേരി റോഡ് കി.മീ. 0/000 മുതൽ 5/000 വരെ അഭിവൃദ്ധിപ്പെടുത്തുന്നതിനായുള്ള പ്രവൃത്തി 2016-17 ബഡ്ജറ്റിൽ ഉൾപ്പെടുത്തി 14-2-2017-ലെ സ. ഉ. (സാധാ.) നമ്പർ 179/ 2017/പൊ.മ.വ. പ്രകാരം 197 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നു. തുടർന്ന് ടെണ്ടർ നടത്തി 19-7-2017-ൽ കരാർ ഉടമ്പടി നടത്തുകയും പ്രവൃത്തി സ്ഥലം 27-7-2017-ന് കരാറുകാരന് കൈമാറുകയും ചെയ്തു. എന്നാൽ ഈ റോഡിലെ കി.മീ. 0/410-നും 0/530-നും ഇടയിലുള്ള ഒരു കയറ്റം വാഹനാപകടങ്ങൾക്ക് ഇടയാക്കുന്നുവെന്ന ജനപ്രതിനിധികളുടെയും സ്ഥലവാസി കളുടെയും അഭിപ്രായം ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കയറ്റത്തിന്റെ (steep gradient) ഉയരം കുറയ്ക്കുന്നതിനുള്ള പ്രവൃത്തികൾകൂടി ഉൾക്കൊള്ളിച്ച് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ ഭരണാനുമതി തുക വിനിയോഗിച്ച് അഭിവൃദ്ധിപ്പെടുത്തുവാൻ കഴിയുന്ന ദൂരം കി.മീ. 0/000 മുതൽ 4/600 വരെയായി ചുരുക്കേണ്ടിവന്നു. അതുപ്രകാരം ടി പ്രവൃത്തിയുടെ scope of work-ൽ മാറ്റം വരുത്തി പ്രവൃത്തി ചെയ്യാവുന്ന ദൂരം കി.മീ. 0/000 മുതൽ 4/600 വരെയാക്കുന്നതിനുള്ള ശിപാർശ നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചുവരുന്നു.

**പൂക്കിപ്പറമ്പ്-പതിനാറുങ്ങൽ ബൈപ്പാസ്**

89 (1285) <u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ പൂക്കിപ്പറമ്പ്-പതിനാറുങ്ങൽ ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് പൂർത്തികരിച്ച നടപടിക്രമങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ?

ഉത്തരം

തിരൂരങ്ങാടി നിയോജകമണ്ഡലത്തിൽ പൂക്കിപ്പറമ്പ്-പതിനാറുങ്ങൽ ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പുരോഗമിച്ചുവരുന്നു. ഇൻവെസ്റ്റിഗേഷൻ പൂർത്തിയായശേഷം മാത്രമേ അലൈൻമെന്റ് പൂർത്തിയാക്കി തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

**കല്യാശ്ശേരിയിലെ റോഡ് നിർമ്മാണം**

90 (1286) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കല്യാശ്ശേരി മണ്ഡലത്തിലൂടെ കടന്നുപോകുന്ന പിലാത്തറ-പാപ്പിനിശ്ശേരി കെ.എസ്.ടി.പി. റോഡ്, താവം മേൽപ്പാലം എന്നിവയുടെ നിർമ്മാണം എപ്പോഴേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

ഉത്തരം

കെ.എസ്.ടി.പി. പാക്കേജ്-II പിലാത്തറ-പാപ്പിനിശ്ശേരി റോഡ്, തവം മേൽപ്പാലം എന്നിവയുടെ നിർമ്മാണം ജൂൺ അവസാനത്തോടെ പൂർത്തിയാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

**മങ്കട മണ്ഡലത്തിലെ ഒരോടംപാലം പുനരുദ്ധാരണം**

91 (1287) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിലെ ഒരോടംപാലം പുനരുദ്ധാരണം നടത്തുന്നതുമായി ബന്ധപ്പെട്ട പ്രവർത്തന പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് കേന്ദ്രഗതാഗത മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ഇത് സംബന്ധിച്ച് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ ബ്രിഡ്ജ് ഇൻസ്പെക്ഷൻ യൂണിറ്റ് തയ്യാറാക്കിയ റിപ്പോർട്ടിന്റെ പ്രധാന ശിപാർശകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) മങ്കട മണ്ഡലത്തിലെ ഒരോടംപാലം പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് പാലത്തിന്റെ അപാകതകൾ പരിശോധന നടത്തിയതിനുശേഷം പുനരുദ്ധാരണത്തിനുള്ള എസ്റ്റിമേറ്റ് മോർത്തിൽ സമർപ്പിച്ചിട്ടുണ്ട്. പാലം പുനർനിർമ്മിക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ ആരംഭിച്ചിട്ടില്ല.

(ബി) ഇല്ല. എസ്റ്റിമേറ്റ് അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.

(സി) താൽക്കാലികമായി നിലവിലുള്ള പാലം പുനരുദ്ധാരണം നടത്തുന്നതിനുവേണ്ടിയാണ് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ ബ്രിഡ്ജ് ഇൻസ്പെക്ഷൻ തയ്യാറാക്കിയ റിപ്പോർട്ട്. പാലം പുനർനിർമ്മിക്കുന്നതിന് കാലതാമസമെടുക്കുന്നതിനാൽ നിർമ്മാണം രണ്ടാംഘട്ടമായി ചെയ്യാനാണ് നിർദ്ദേശിച്ചിട്ടുള്ളത്.

**ചുള്ളിമട പാലം നിർമ്മാണം**

92 (1288) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ 2016-17 വർഷത്തെ കിഫ്ബിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തിയായ ചുള്ളിമട പാലം നിർമ്മാണത്തിന്റെ നിലവിലുള്ള അവസ്ഥ എന്തെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് ഇനി എന്തെല്ലാം നടപടിക്രമങ്ങളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കിഫ്ബി 2016-17-ൽ ഉൾപ്പെട്ട ആലത്തൂർ മണ്ഡലത്തിലെ ചുള്ളിമട പാലത്തിന്റെ 10.03 കോടിയുടെ ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിക്കുകയും ആയതിന് 26-5-2018-ലെ നമ്പർ PWD001-36-PA-01 എന്ന ഉത്തരവ് മുഖേന 9.78 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിന് സ്ഥലത്തെ സ്വകാര്യ വ്യക്തികളിൽനിന്നും സൗജന്യമായി സ്ഥലം വിട്ടുകിട്ടേണ്ടതുണ്ട്. 16-4-2018-ൽ ആലത്തൂർ പൊതുമരാമത്ത് വകുപ്പ് റസ്റ്റ് ഹൗസിൽവച്ച് ബഹു. ആലത്തൂർ എം.എൽ.എ. ശ്രീ. കെ. ഡി. പ്രസേനൻ അവർകളുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പ്രസ്തുത സ്ഥലം സൗജന്യമായി വിട്ടുകിട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്ന് ആലത്തൂർ-എരിമയൂർ ഗ്രാമപഞ്ചായത്ത് അധികൃതർ അറിയിച്ചിരിക്കുന്നു. ആയതിന്റെ നടപടികൾ പുരോഗമിച്ചുവരുന്നു. പദ്ധതിക്കാവശ്യമായ സ്ഥലം ലഭ്യമായാലുടൻ സാങ്കേതികാനുമതി നൽകി പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ കഴിയും.

**കരുവാറ്റ പാലം**

93 (1289) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി, കൊടുവള്ളി മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന കരുവാറ്റ ജീപ്പബിൾ ബ്രിഡ്ജിന് ഭരണാനുമതി ലഭിക്കാൻ കാലതാമസം നേരിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പാലത്തിന്റെ റിവൈസ്ഡ് എസ്റ്റിമേറ്റിന് ഭരണാനുമതി ലഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

ഉത്തരം

(എ) 2017-18, 2018-19 വർഷങ്ങളിലെ ബഡ്ജറ്റിൽ 100 രൂപ ടോക്കൺ പ്രൊവിഷനായിട്ടാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. 2009-ൽ സ്റ്റിമുലസ് പാക്കേജിൽ ഉൾപ്പെടുത്തി ഒരു കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നെങ്കിലും നാളിതുവരെ ഏറ്റെടുത്തിരുന്നില്ല.

(ബി) 2018-19 വർഷത്തെ ബഡ്ജറ്റിൽ 100 രൂപ ടോക്കൺ പ്രൊവിഷനായി ഉൾപ്പെടുത്തിയിട്ടുള്ള കരുവാറ്റ പാലത്തിന്റെ 210 ലക്ഷം രൂപയുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ആയത് സർക്കാരിന്റെ പരിഗണനയിലുമാണ്. ധനകാര്യ വകുപ്പിന്റെ അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**മണക്കായി പാലം നിർമ്മാണം**

94 (1290) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജകമണ്ഡലത്തിലെ മണക്കായി പാലം നിർമ്മാണം ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) മണക്കായി പാലം നിർമ്മാണം എപ്പോൾ പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിലെ മണക്കായി പാലത്തിന്റെ 4 സ്പാനുകളിൽ 3 സ്പാനുകൾ പൂർത്തീകരിച്ചിട്ടുണ്ട്. നാലാമത്തെ സ്പാനിന്റെ പ്രവൃത്തി പുരോഗമിച്ചുവരുന്നു.

(ബി) പാലത്തിന്റെ പ്രവൃത്തി 2018 ജൂണിൽ പൂർത്തിയാക്കാനാകുമെന്നും സമീപ റോഡിന്റെ പ്രവൃത്തി 2018 ഡിസംബർ 31-നകം പൂർത്തീകരിക്കാനാകുമെന്നും പ്രതീക്ഷിക്കുന്നു.

**ചിറമംഗലം റെയിൽവേ ഓവർ ബ്രിഡ്ജിന്റെ നിർമ്മാണം**

95 (1291) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ പരപ്പനങ്ങാടി ചിറമംഗലം റെയിൽവേ ഓവർ ബ്രിഡ്ജിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടിക്രമങ്ങൾ നാളിതുവരെ പൂർത്തിയായി; ഇതുസംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പണി യാഥാർത്ഥ്യമാക്കുന്നതുമായി ബന്ധപ്പെട്ട് ഇനി സ്വീകരിക്കാനുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ &ബി) പ്രസ്തുത പ്രവൃത്തി (LC. No. 173) ഉൾപ്പെടെ 33 റെയിൽവേ മേൽപ്പാലങ്ങൾ 2018-19 സാമ്പത്തിക വർഷത്തെ റെയിൽവേ വർക്ക് പ്രോഗ്രാമിൽ ഉൾപ്പെടുത്തുകയുണ്ടായി. 27-4-2018-ലെ സ.ഉ. (സാധാ.) നമ്പർ 780/2018/പൊ.മ.വ. പ്രകാരം 27 റെയിൽവേ മേൽപ്പാലങ്ങളുടെ ഇംപ്ലിമെന്റിംഗ് ഏജൻസിയായി കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷനെ നിയമിക്കുകയുണ്ടായി. ടി 27 റെയിൽവേ മേൽപ്പാലങ്ങളുടെ വിശദമായ പദ്ധതിരേഖ തയ്യാറാക്കുന്നതിന് തുക അനുവദിക്കുന്നതിനായുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

**കണ്ണൂർ ജില്ലയിലെ പൊതുമരാമത്ത് പ്രവൃത്തികൾ**

96 (1292) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ ശ്രീകണ്ഠപുരം ടൗൺ നവീകരണത്തിന് തത്വത്തിൽ ഭരണാനുമതി നൽകിയ സാഹചര്യത്തിൽ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) മലയോര ഹൈവേയിലുള്ള ആലക്കോട്, കരുപഞ്ചാൽ, നുച്ച്യാട് പാലങ്ങളുടെ നിർമ്മാണ പ്രവൃത്തി ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ;

(സി) മലയോര ഹൈവേയുടെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി ഈ പാലങ്ങൾ നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിലെ ശ്രീകണ്ഠപുരം ടൗൺ നവീകരണത്തിനായി 3-3-2016-ലെ സ.ഉ. (സാധാ.) നമ്പർ 544/2016/പൊ.മ.വ. പ്രകാരം 477 ലക്ഷം രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത ഉത്തരവിൽ നിഷ്കർഷിച്ചിരിക്കുന്നത് അനുസരിച്ച് ടെണ്ടറിന് മുമ്പുള്ള formal concurrence-ന് വേണ്ടിയുള്ള പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിച്ചിരുന്നു. എന്നാൽ തുടർന്ന് സർക്കാരിൽനിന്നും ആവശ്യപ്പെട്ടിരുന്ന വിശദാംശങ്ങൾ നൽകുന്നതിനായി കണ്ണൂർ, നിരത്ത് വിഭാഗം, എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്.

(ബി) മലയോര ഹൈവേയിലുള്ള ആലക്കോട് പാലം നിർമ്മാണത്തിനാവശ്യമായ സ്ഥലം ലഭ്യമല്ലാത്തതിനാൽ എസ്റ്റിമേറ്റ് അംഗീകാരത്തിനായി സമർപ്പിച്ചിട്ടില്ല. കരുവഞ്ചാൽ പാലം നിർമ്മാണത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. നച്ച്യാട് പാലം നിർമ്മാണത്തിനായി D.F.I.P-യിൽ ഉൾപ്പെടുത്തി ഇപ്പോൾ പ്രവൃത്തി നടന്നുവരുന്ന മലയോര ഹൈവേ പുനരുദ്ധാരണ പ്രവൃത്തിയിൽ 9.5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിന്റെ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് കണ്ണൂർ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ തയ്യാറാക്കിവരുന്നു.

(സി) നടപടി സ്വീകരിക്കുന്നതാണ്.

**പേരണ്ണൂർ-വടുതല പാലത്തിന്റെ നിർമ്മാണം**

97 (1293) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മാർച്ച് മാസത്തിൽ 29.50 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുള്ള പേരണ്ണൂർ-വടുതല പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വിശദമാക്കാമോ;

(സി) എന്നത്തേയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പേരണ്ടൂർ-വടുതല പാലത്തിന്റെ നിർമ്മാണത്തിനായി 4-3-2016-ലെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 606/2016/പൊ.മ.വ. പ്രകാരം 24.90 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി ഡിസൈൻ ലഭ്യമാക്കിയിട്ടുണ്ട്. അതുപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. ഇതിന് സാങ്കേതികാനുമതി ലഭ്യമാക്കേണ്ടതുണ്ട്. സാങ്കേതികാനുമതിക്കായി ആയത് കിഫ്ബിയിൽ സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) ടെണ്ടർ നടപടികൾ ആരംഭിക്കുന്നതിന് മുമ്പായി സ്ഥലം ഏറ്റെടുക്കേണ്ടതുണ്ട്. സ്ഥലമെടുപ്പ് നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്.

(സി) സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ.

**തുരുത്തി-കരിയാട്, കരിയാട്-തുരുത്തിമുക്ക് പാലം നിർമ്മാണം**

98 (1294) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിനേയും കൂത്തുപറമ്പ് മണ്ഡലത്തിനേയും വടകര മണ്ഡലത്തിനേയും ബന്ധിപ്പിക്കുന്ന തുരുത്തി-കരിയാട് പാലം, കരിയാട്-തുരുത്തിമുക്ക് പാലം തുടങ്ങിയവയുടെ നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പാലങ്ങളുടെ നിർമ്മാണം ആരംഭിക്കാൻ വൈകുന്നതിന്റെ കാരണം വിശദമാക്കാമോ;

(സി) പ്രസ്തുത പാലങ്ങളുടെ നിർമ്മാണം എന്ന് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ചോദ്യത്തിൽ രണ്ടായി പറഞ്ഞിരിക്കുന്ന പ്രവൃത്തികൾ രണ്ടും ഒന്നുതന്നെയാണ്. നാദാപുരം മണ്ഡലത്തിനെയും കൂത്തുപറമ്പ് മണ്ഡലത്തിനെയും വടകര മണ്ഡലത്തിനെയും ബന്ധിപ്പിക്കുന്ന തുരുത്തിമുക്ക് പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. ടെന്റേറ്റീവ് ജനറൽ ഡിസൈൻ ഡ്രോയിംഗ് ലഭ്യമായിട്ടുണ്ട്. അതേസമയം പ്രവൃത്തി നടത്തേണ്ടത് ഉൾനാടൻ ജലപാതയിൽപ്പെടുന്ന പുഴയിലാണെന്ന് ഉൾനാടൻ ജലഗതാഗത വകുപ്പ്

അറിയിച്ചതിനെത്തുടർന്ന് ഡിസൈൻ പുതുക്കേണ്ടതുണ്ട്. ഇതിന് ഉൾനാടൻ ജലഗതാഗത വകുപ്പിനോട് അതനുസരിച്ചുള്ള റൂട്ട് അടയാളപ്പെടുത്തിത്തരുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമായാൽ മാത്രമേ ഡിസൈൻ റിവൈസ് ചെയ്ത് എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ കഴിയുകയുള്ളൂ.

(ബി) പ്രസ്തുത പാലം വരുന്ന മയ്യഴി പുഴയുടെ ഭാഗം സംസ്ഥാന ജലപാതയിൽ ഉൾപ്പെട്ടതാണെന്നും ആയതിനാൽ പ്രസ്തുത പാലത്തിന് ജലപാത നിഷ്കർഷിക്കുന്ന ക്ലിയറൻസ് ആവശ്യമാണെന്നും ഉൾനാടൻ ജലഗതാഗത വകുപ്പ് ഉദ്യോഗസ്ഥർ അറിയിച്ചിരുന്നു. ആയതിനാൽ പാലത്തിന്റെ ഡിസൈൻ മാറ്റുന്നതിനും ആദ്യഘട്ടമെന്ന നിലയിൽ പാനൂർ മുനിസിപ്പാലിറ്റി ഭാഗം മുതൽ ഇടച്ചേരി ഭാഗംവരെ ഒറ്റ സ്ട്രെച്ചിൽ മാത്രം നിലവിൽ നിർദ്ദേശിച്ച അലൈൻമെന്റിൽ പാലം നിർമ്മിക്കാൻ ആവശ്യമായ രീതിയിൽ പാലത്തിന്റെ ഡിസൈൻ മാറ്റുന്നതിനായി നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഡിസൈൻ മാറ്റി ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകി തുടർന്ന് പ്രവൃത്തി ടെണ്ടർ ചെയ്ത് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

**പാലപ്പുറം കുതിരവഴി പാലം നിർമ്മാണം**

99 (1295) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ പാലപ്പുറം കുതിരവഴി പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) പാലവും അപ്രോച്ച് റോഡും നിർമ്മിക്കുന്നതിനായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ ;

(സി) നിർമ്മാണ പ്രവൃത്തി എന്ന് ആരംഭിക്കുവാൻ കഴിയുമെന്ന് വിശദമാക്കാമോ ;

(ഡി) പാലവും അപ്രോച്ച് റോഡും നിർമ്മിക്കുന്നതിനായി നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ;

(ഇ) ഉണ്ടെങ്കിൽ എന്തെല്ലാമെന്നും അവ പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്നും വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ പാലപ്പുറം കുതിരവഴി പാലത്തിന് 22-12-2015-ലെ G.O.(Rt.) No.1930/2015/PWD (SL No.91) പ്രകാരം 4 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ഭരണാനുമതിയിൽ

ഉൾപ്പെടുത്തി ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്ക് 19-10-2016-ലെ 252/CE/R/2016-17 പ്രകാരം 1.80 ലക്ഷത്തിന് പാർട്ട് ടെക്നിക്കൽ സാംഗ്ഷൻ നൽകുകയും ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കുകയും ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് അനുസരിച്ച് ഡിസൈൻ ലഭ്യമായിട്ടുമുണ്ട്. അപ്രോച്ച് റോഡ് നിർമ്മാണത്തിനായി പാലത്തിന്റെ ഇരുവശങ്ങളിലുമായി ഏകദേശം 280 മീറ്റർ നീളത്തിൽ സ്വകാര്യ വ്യക്തികളുടെ സ്ഥലം ആവശ്യമുണ്ട്. ആയത് സൗജന്യമായി സർക്കാരിലേയ്ക്ക് വിട്ടുതരാമെന്ന് സ്ഥല ഉടമകളും ജനപ്രതിനിധികളും വാക്കാൽ അറിയിച്ചിട്ടുണ്ട്. പാലത്തിന്റെ അനുബന്ധ റോഡിനായി ലഭിക്കേണ്ട സ്ഥലം പി.ഡബ്ല്യു.ഡി. മാർക്ക് ചെയ്ത് നൽകിയിട്ടുണ്ട്. ആയത് സർവ്വേ നടത്തി സർക്കാർ ഭൂമിയിലാക്കുന്നതിനായി ഒറ്റപ്പാലം താലൂക്ക് സർവ്വേയർക്ക് 9-4-2018, 14-5-2018, 22-5-2018 തീയതികളിൽ കത്ത് നൽകിയിരുന്നുവെങ്കിലും നടപടികളൊന്നും ആയിട്ടില്ല. പദ്ധതിക്കാവശ്യമായ സ്ഥലം സൗജന്യമായി വിട്ടുനൽകുന്ന നടപടികൾ പൂർത്തീകരിച്ചാൽ മാത്രമേ സാങ്കേതികാനുമതിക്കായി എസ്റ്റിമേറ്റ് സമർപ്പിച്ച് തുടർന്ന് ടെണ്ടർ നടപടികൾ പൂർത്തിയാക്കി പ്രവൃത്തികൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ.

(ബി) പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും നിർമ്മാണത്തിനായി 400 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) പാലത്തിന്റെ അപ്രോച്ച് റോഡിന് ആവശ്യമായ സ്ഥലം പൊതുമരാമത്ത് വകുപ്പുദ്യോഗസ്ഥർ മാർക്ക് ചെയ്തിട്ടുണ്ട്. ആയത് ഒറ്റപ്പാലം താലൂക്ക് സർവ്വേയർ സർവ്വേ നടത്തി സർക്കാർ ഭൂമിയാക്കി മാറ്റുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചതിനുശേഷം സാങ്കേതികാനുമതി നൽകി പ്രവൃത്തി ടെണ്ടർ ചെയ്ത് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി & ഇ) പാലത്തിന്റെ അനുബന്ധ റോഡിന്റെ നിർമ്മാണത്തിനായി ഏകദേശം 280 മീറ്റർ നീളത്തിലും 10 മീറ്റർ വീതിയിലും സ്ഥലം സ്വകാര്യ വ്യക്തികൾ സൗജന്യമായി സർക്കാരിലേയ്ക്ക് വിട്ടുതരാമെന്ന് വാക്കാൽ അറിയിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ വിട്ടുകിട്ടേണ്ട സ്ഥലം പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥൻ സൈറ്റിൽ അടയാളപ്പെടുത്തുകയും ചെയ്തു. ആയത് സർക്കാർ ഭൂമിയാക്കി മാറ്റുന്നതിന്റെ ഭാഗമായി റവന്യൂ വകുപ്പിൽനിന്നും സർവ്വേ നടത്തി നടപടിക്രമങ്ങൾ പൂർത്തീകരിക്കേണ്ടതുണ്ട്. ആയതിന് 9-4-2018, 14-5-2018, 22-5-2018 തീയതികളിൽ പൊതുമരാമത്ത് വകുപ്പ് ഒറ്റപ്പാലം താലൂക്ക് സർവ്വെയർക്ക് കത്തുകൾ നൽകിയിരുന്നുവെങ്കിലും നടപടികൾക്ക് കാലതാമസം നേരിടുന്നുണ്ട്.

## കന്നിപ്പുറം പാലത്തിന്റെ നിർമ്മാണ പ്രവർത്തനം

100 (1296) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര കന്നിപ്പുറം പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികളാണ് പൂർത്തീകരിച്ചതെന്ന് വിശദീകരിക്കാമോ;

(ബി) പ്രസ്തുത പാലത്തിന്റെ വസ്തു ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് ലാൻഡ് അക്വിസിഷൻ വിഭാഗം പൂർത്തീകരിക്കേണ്ട ജോലികൾ എന്തൊക്കെ എന്ന് വ്യക്തമാക്കാമോ;

(സി) ഈ പാലത്തിന്റെ നിർമ്മാണ പ്രവർത്തനം 2018 ഡിസംബർ മാസത്തിന് മുൻപ് ആരംഭിക്കാൻ സാധിക്കുമോ എന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പാലത്തിനും അനുബന്ധ റോഡ് നിർമ്മാണ പ്രവൃത്തികൾക്കും കൂടി ആകെ എത്ര തുക ചെലവ് വരുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര-കന്നിപ്പുറം പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് ഡി.പി.ആർ. കിഫ്ബിക്ക് സമർപ്പിച്ചു. കിഫ്ബിയിൽനിന്നും സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിനായി റിക്വിസിഷൻ ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) സോഷ്യൽ ഇംപാക്ട് അസസ്മെന്റ് സ്റ്റഡി, സർവ്വേ നടപടികൾ, സ്ഥലത്തിന്റെ വില നിശ്ചയിക്കൽ നടപടികൾ തുടങ്ങിയവയാണ് ലാൻഡ് അക്വിസിഷൻ വിഭാഗം പൂർത്തിയാക്കേണ്ട നടപടികൾ.

(സി) 2018 ഡിസംബർ മാസത്തിന് മുമ്പ് ആരംഭിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) പ്രസ്തുത പാലത്തിനും അനുബന്ധ റോഡ് നിർമ്മാണത്തിനുമായി 9.86 കോടി രൂപ ചെലവ് വരും.

## കുറുകോട്ട പാലത്തിന്റെ നിർമ്മാണം

101 (1297) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൺപത്തിരണ്ടോളം പട്ടികജാതി കുടുംബങ്ങൾ താമസിക്കുന്ന എറണാകുളം ജില്ലയിലെ കുറുകോട്ട ദ്വീപിൽ നിന്നും വട്ടുതലഭാഗത്ത് നിലവിലുള്ള

സെന്റ് പിറ്റേഴ്സ് റോഡുമായി ബന്ധിപ്പിക്കുന്നതും 2016-2017 ബഡ്ജറ്റിൽ 10 കോടി രൂപ വകയിരുത്തിയിട്ടുള്ളതുമായ കുറുകോട്ട പാലത്തിന്റെ നിർമ്മാണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന്റെ ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച് അലൈൻമെന്റിന്റെയും ഡിസൈനിന്റെയും അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ടോ;

(സി) നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായി എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തീകരിക്കേണ്ടതായിട്ടുള്ളത്;

(ഡി) സ്ഥലമെടുപ്പ് ആവശ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം നടപടികളാണ് ഇതിനായി സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) കുറുകോട്ട പാലത്തിന്റെ നിർമ്മാണ പ്രവൃത്തിയുടെ ഇൻവെസ്റ്റഗേഷൻ പൂർത്തിയാക്കി. ഇതിനുവേണ്ടി തയ്യാറാക്കിവരുന്ന അലൈൻമെന്റ് അംഗീകരിച്ച് ഡിസൈൻ വിഭാഗത്തിന് സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) വിശദമായ ഡിസൈൻ ലഭ്യമാക്കുകയും അപ്രോച്ച് റോഡിനാവശ്യമായ സ്ഥലം ഏറ്റെടുക്കുകയും തുടർന്ന് സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടി പൂർത്തീകരിച്ചെങ്കിൽ മാത്രമേ പ്രവൃത്തി ആരംഭിക്കാൻ കഴിയുകയുള്ളൂ.

(ഡി) ആവശ്യമായിട്ടുണ്ട്. അപ്രൂവ്ഡ് അലൈൻമെന്റ് ലഭിച്ചതിനുശേഷം മാത്രമേ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട നടപടികൾ ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ.

**പേരുച്ചാൽ പാലത്തിന്റെ നിർമ്മാണം**

102 (1298) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരുച്ചാൽ പാലത്തിന്റെ നിർമ്മാണം ആരംഭിച്ചത് എന്നാണ്; എന്തൊക്കെ പ്രവൃത്തികളാണ് പൂർത്തിയായത് ; എത്ര രൂപയാണ് എസ്റ്റിമേറ്റ് തുക; ഇപ്പോൾ എന്തൊക്കെ പ്രവൃത്തികളാണ് നടന്നുകൊണ്ടിരിക്കുന്നത്; വ്യക്തമാക്കാമോ;

(ബി) പേരുച്ചാൽ പാലത്തിന്റെ അപ്രോച്ച് റോഡുകളുടെ നിർമ്മാണത്തിനും തൂണുകൾ ബലപ്പെടുത്തുന്നതിനുമായി എത്ര രൂപയാണ് മാറ്റിവച്ചിരിക്കുന്നത്; ഇവയുടെ പ്രവൃത്തികൾ ഏതു ഘട്ടം വരെയായി; നിർമ്മാണം എന്ന് പൂർത്തീകരിക്കാനാവും;

(സി) പേരുച്ചാൽ പാലം പൊതുജനത്തിന് എന്ന് തുറന്നുകൊടുക്കാനാവും എന്ന് അറിയിയ്ക്കാമോ?

<u>ഉത്തരം</u>

(എ) പേരുച്ചാൽ പാലത്തിന്റെ നിർമ്മാണം 1,94,31,946 രൂപയുടെ എസ്റ്റിമേറ്റ് പ്രകാരം 9-4-1997-ൽ ആരംഭിക്കുകയുണ്ടായി. എന്നാൽ നിശ്ചിത കാലയളവിൽ പണി പൂർത്തിയാക്കാത്തതുകൊണ്ട് 1-9-1999-ൽ ഈ കരാർ റദ്ദാക്കുകയുണ്ടായി. പിന്നീട് ബാലൻസ് വർക്കുകൾ 6,22,97,064,00 രൂപയ്ക്ക് 7-8-2012-ൽ കോണ്ടൂർ കൺസ്ട്രക്ഷൻ എന്ന കരാർ സ്ഥാപനത്തിന് നൽകുകയും ടി കരാർ പ്രകാരമുള്ള എല്ലാ പ്രവൃത്തികളും 31-1-2017-ൽ പൂർത്തീകരിച്ചിട്ടുള്ളതുമാണ്. പാലത്തിന്റെ നിർമ്മാണം പൂർത്തിയായെങ്കിലും സ്ഥലമേറ്റെടുക്കാതിരുന്നതിനാൽ അപ്രോച്ച് റോഡ് നിർമ്മാണം പൂർത്തിയായിരുന്നില്ല. ഇപ്പോൾ അപ്രോച്ച് റോഡ് നിർമ്മാണത്തിനുള്ള പ്രവൃത്തിക്ക് 180 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ആയത് 1,70,85,599 രൂപയ്ക്ക് 6-3-2018-ൽ കരാർ ഉറപ്പിക്കുകയും ചെയ്തിട്ടുണ്ട്. അപ്രോച്ച് റോഡിന്റെ പ്രവൃത്തികൾ ഇപ്പോൾ പുരോഗമിച്ചുവരുന്നു.

(ബി) 1,70,85,599 രൂപയ്ക്ക് അപ്രോച്ച് റോഡിന്റെ പാർശ്വഭിത്തി നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. 6-3-2018-ലെ കരാർ പ്രകാരം 5-9-2019 വരെയാണ് നിർമ്മാണ കാലാവധി. എന്നിരുന്നാലും അതിന് മുമ്പുതന്നെ നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) അപ്രോച്ച് റോഡിന്റെ നിർമ്മാണവും തൂണുകൾ ബലപ്പെടുത്തുന്നതിനുള്ള പ്രവൃത്തികളും പൂർത്തീകരിക്കുന്നതിന് 5-9-2019 വരെ കരാർ കാലാവധിയുണ്ടെങ്കിലും അതിന് മുമ്പുതന്നെ നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കാസർഗോഡ് ജില്ലയിലെ അപകടാവസ്ഥയിലായ പാലങ്ങൾ**

103 (1299) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ അപകടാവസ്ഥയിലായ എത്ര പാലങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പാലങ്ങൾ പുനർനിർമ്മിക്കാൻ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ടോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) 2 എണ്ണം.

(ബി) 1. ഏണിച്ചാൽ പാലം - കാസർഗോഡ് പാക്കേജിൽ ഉൾപ്പെടുത്തി പുനർനിർമ്മിക്കാൻ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ ഇൻവെസ്റ്റിഗേഷൻ പുരോഗമിച്ചുവരുന്നു.

2. പള്ളത്തടുക്ക പാലം-പുതുക്കി നിർമ്മിക്കണമോ അല്ലെങ്കിൽ റീഹാബിലിറ്റേഷൻ (ഹെവി മെയിന്റനൻസ്) ചെയ്യണോയെന്ന് തീരുമാനിക്കാൻ വേണ്ടി നോൺ -ഡിസ്ട്രക്ടീവ് ടെസ്റ്റ് ചെയ്യാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**വൈപ്പിൻ മണ്ഡലത്തിലെ കോൺവെന്റ് ബീച്ച് പാലം**

104 (1300) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിലെ കോൺവെന്റ് ബീച്ച് പാലത്തിന്റെ നിർമ്മാണത്തിന് അനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണം ആരംഭിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങളുണ്ടോ; വിശദമാക്കാമോ;

(സി) നിർമാണപ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 14-1-2015-ലെ ജി.ഒ. (ആർറ്റി.) നമ്പർ 68/2015/പി.ഡബ്ല്യു.ഡി. പ്രകാരം 1690 ലക്ഷം രൂപയ്ക്ക് ഭരണാനുമതിയും 26-2-2016-ലെ TS Reg No. 299/2015-16 പ്രകാരം 1690 ലക്ഷം രൂപയ്ക്ക് സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്.

(ബി & സി) അനുബന്ധ റോഡിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് കോതമംഗലം എം.എ. കോളേജ് ഓഫ് എഞ്ചിനീയറിംഗിൽനിന്നും ലഭ്യമാക്കിയ റിപ്പോർട്ട് അനുസരിച്ച് അനുബന്ധ റോഡ് കോൺക്രീറ്റ് പാലമായി നിർമ്മിക്കുന്നതാണ് നല്ലതെന്ന് ശിപാർശ ചെയ്യുകയുണ്ടായി. അതിൻപ്രകാരം സ്ട്രക്ച്ചറൽ ഡിസൈൻ കൺസൾട്ടന്റിന്റെ വിദഗ്ദ്ധ അഭിപ്രായ പ്രകാരം പുതുക്കിയ ഭരണാനുമതിക്കായി ലഭിച്ചിരുന്ന എസ്റ്റിമേറ്റ് പരിഷ്കരിച്ച് സമർപ്പിക്കുവാൻ ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**ഒറ്റപ്പാലം കരിംപുഴയാറിന് കുറുകെയുള്ള പാലത്തിന്റെ അറ്റകുറ്റപ്പണി**

105 (1301) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിലെ കരിംപുഴയാറിന് കുറുകെയുള്ള പാലത്തിന്റെ കൈവരികൾ തകർന്ന് അപകടാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പാലത്തിന്റെ അറ്റകുറ്റപ്പണി നടത്തി നവീകരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കരിംപുഴ പാലത്തിന്റെ കൈവരികളുടെയും മറ്റും അപകടാവസ്ഥ കണക്കിലെടുത്ത് ഈ പാലത്തിന്റെ അറ്റകുറ്റപ്പണി നടത്തുന്നതിന് PRICE ID 2018/3599 ആയി 10 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

**പുന്നാവൂർ പാലത്തിന്റെ അപകടസ്ഥിതി**

106 (1302) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിലെ പുന്നാവൂർ പാലത്തിന്റെ അപകടസ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ പാലത്തിലൂടെയുള്ള സ്കൂൾകുട്ടികളുൾപ്പെടെയുള്ളവരുടെ യാത്രാ സുരക്ഷയ്ക്ക് അടിയന്തര പരിഹാരം കാണാനാകുമോ;

(ബി) പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തിനായുള്ള പുതിയ എൽ.എ ആക്ട് പ്രകാരമുള്ള സ്ഥലമേറ്റെടുക്കൽ നടപടികൾ എന്തായെന്ന് വിശദമാക്കാമോ; ഇതിനായുള്ള നടപടികൾ വേഗത്തിലാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പാലത്തിന്റെ നിർമ്മാണത്തിനായി 31-3-2017 -ലെ G.O. (Rt.) NO. 432/2017/PWD പ്രകാരം 410 ലക്ഷം രൂപ വകയിരുത്തി ഭരണാനുമതി നൽകിയിരുന്നു. 19-11-2017-ൽ ടി പ്രവൃത്തിക്ക് 410 ലക്ഷം രൂപയുടെ സാങ്കേതികാനുമതിയും നൽകിയിരുന്നു. സ്ഥലം ഏറ്റെടുക്കാൻ നടപടികൾ പൂർത്തീകരിച്ചാലുടൻതന്നെ പാലത്തിന്റെ പുനർനിർമ്മാണം ആരംഭിക്കുവാൻ സാധിക്കും.

(ബി) പുതുക്കിയ എൽ.എ. ആക്ട് പ്രകാരം ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കുന്നതിനായി പുതുക്കിയ റിക്വിസിഷൻ ജില്ലാ കളക്ടർക്ക് കൈമാറുകയും അതിനെത്തുടർന്ന് എൽ.എ. ഓഫീസറായി സ്പെഷ്യൽ തഹസീൽദാർ എൽ.എ., പി.ഡബ്ല്യു.ഡി., സൗത്ത് സർക്കിളിനെ നിയമിക്കുകയും ചെയ്തു. കണ്ടിജന്റ് ചാർജ്ജ് റവന്യൂ വകുപ്പിന് ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**തിരുവമ്പാടി മണ്ഡലത്തിൽ അപകടാവസ്ഥയിലുള്ള പാലങ്ങൾ**

107 (1303) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി മണ്ഡലത്തിൽ അത്യന്തം അപകടാവസ്ഥയിലായ കുപ്പായക്കോട്, വഴിക്കാട്, ചെമ്പുകടവ് എന്നീ പാലങ്ങൾ പുനർനിർമ്മിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പ്രവൃത്തികൾക്ക് അടിയന്തരമായി ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) തിരുവമ്പാടി മണ്ഡലത്തിലെ അപകടാവസ്ഥയിലായ കുപ്പായക്കോട്, വഴിക്കാട് എന്നീ പാലങ്ങൾ പുനർനിർമ്മിക്കുന്നതിനുവേണ്ടിയുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി നടന്നുവരികയാണ്. ചെമ്പുകടവ് പാലത്തിന്റെ എസ്റ്റിമേറ്റ് പൊതുമരാമത്ത് നിരത്ത് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ, കോഴിക്കോടിന്റെ കീഴിൽ തയ്യാറാക്കിവരുന്നു.

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് അടിയന്തരമായി ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**വട്ടോളിപ്പാലം നിർമ്മാണം**

108 (1304) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജകമണ്ഡലത്തിലെ വട്ടോളിപ്പാലം നിർമ്മാണത്തിന് എത്ര തുകയ്ക്കാണ് ഭരണാനുമതി നൽകിയതെന്ന് വ്യക്തമാക്കുമോ;

(ബി) വട്ടോളിപ്പാലം നിർമ്മാണത്തിന് കിഫ്ബിയിൽ നിന്നും ധനകാര്യാനുമതി ലഭിക്കുകയുണ്ടായോ;

(സി) വട്ടോളിപ്പാലം നിർമ്മാണത്തിന്റെ ടെണ്ടർ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വട്ടോളിപ്പാലം നിർമ്മാണത്തിന് കിഫ്ബിയിൽ ഉൾപ്പെടുത്തി 4.48 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതിക്കായി എസ്റ്റിമേറ്റ് കിഫ്ബിയിൽ സമർപ്പിച്ചിരുന്നുവെങ്കിലും സാങ്കേതികാനുമതി കമ്മിറ്റി ചില തിരുത്തലുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

(ബി) കിഫ്ബിയിൽനിന്നും ധനകാര്യാനുമതി ലഭിച്ചിട്ടുണ്ട്. APR1/1631/ 2018/KIIFB നമ്പറായി ചേക്കുപാലത്തിനും വട്ടോളി പാലത്തിനുംകൂടി 833 ലക്ഷം രൂപയുടെ ധനകാര്യാനുമതി ലഭിച്ചിട്ടുണ്ട്.

(സി) സാങ്കേതികാനുമതി ലഭിക്കുന്ന മുറയ്ക്ക് കേരള റോഡ് ഫണ്ട് ബോർഡ് മുഖേനയാണ് ടെണ്ടർ നടപടികൾ സ്വീകരിക്കുന്നത്.

**ചാലക്കുടിപ്പുഴയിലെ എടത്തറക്കാവ് കടവ് പാലം നിർമ്മാണം**

109 (1305) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ ബഡ്ജറ്റിൽ അനുവദിച്ച പരിയാരം, മേലൂർ പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ടുള്ള ചാലക്കുടിപ്പുഴയിലെ എടത്തറക്കാവ് കടവിൽ പാലം ഇനിയും നിർമ്മാണം ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിർമ്മാണം ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ തടസ്സങ്ങൾ നീക്കി എടത്തറക്കാവ് പാലം നിർമ്മാണം ഉടൻ ആരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി & സി) കിഫ്ബി 2016-17-ൽ ഉൾപ്പെട്ട എടത്തറക്കാവ് കടവ് പാലത്തിന് ടെന്റേറ്റീവ് ഡിസൈൻ ഡ്രോയിംഗ് പ്രകാരം എസ്റ്റിമേറ്റ് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 10.28 കോടി രൂപയ്ക്ക് കിഫ്ബിയിൽനിന്നും ഭരണാനുമതി ലഭിച്ചിട്ടുണ്ട്. (APR-1/76/2017/KIIFB 21/8/2017) ജനറൽ ഡിസൈൻ ഡ്രോയിംഗ് ലഭ്യമാക്കുന്നതിനായി ഡിസൈൻ വിംഗ്

ആവശ്യപ്പെട്ടിട്ടുള്ള പാലത്തിന്റെ മുകളിലൂടെ കടന്നുപോകുന്ന ഹൈടെൻഷൻ ലെയിനിന്റെ വെർട്ടിക്കിൾ ക്ലിയറൻസ് ലഭ്യമാക്കുന്നതിനായി Power Grid Corporation India Limited 400 kv Sub Station, Vellanikara, Madakkathara, Thrissur-ന് അപേക്ഷ നൽകിയിട്ടുണ്ട്. അവരുടെ റീജിയണൽ/കോർപ്പറേറ്റ് എഞ്ചിനീയറിംഗ് വിംഗ് സ്ഥലം പരിശോധിച്ച് ടെക്നിക്കൽ ഫീസിബിലിറ്റി ലഭ്യമായതിനുശേഷം ആവശ്യപ്പെട്ട വിവരങ്ങൾ നൽകാമെന്ന് Power Grid Corporation India Limited അറിയിച്ചിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിനായി തൃശ്ശൂർ ജില്ലാ കളക്ടർക്ക് അർത്ഥന സമർപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ നിയമിച്ച സ്പെഷ്യൽ തഹസീൽദാർ എൽ.എ.-യുടെ നിർദ്ദേശ പ്രകാരം സ്ഥലത്തിന്റെ അതിർത്തി മാർക്ക് ചെയ്യുന്നതിനുള്ള 1.40 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഭാഗീക സാങ്കേതിക അനുമതിക്കായി കേരള റോഡ് ഫണ്ട് ബോർഡിൽ സമർപ്പിച്ചിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കേണ്ട നടപടികൾ പുരോഗമിക്കുന്നു. മേൽപ്രവൃത്തികൾ പൂർത്തിയായാൽ എസ്റ്റിമേറ്റ് സാങ്കേതിക അനുമതിക്കായി KIIFB-യിൽ സമർപ്പിക്കുവാൻ സാധിക്കും.

**കരമന-കളിയിക്കാവിള പാത വികസനം**

110 (1306) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരമന-കളിയിക്കാവിള പാത നാലുവരിയായി വികസിപ്പിക്കുന്ന പദ്ധതിയുടെ രണ്ടാംഘട്ടം മുതൽ റോഡിന് വീതി വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ആയതിനായി എന്തെങ്കിലും നിർദ്ദേശം സർക്കാരിന് മുന്നിലുണ്ടോ; അത് നടപ്പാക്കാൻ ആലോചനയുണ്ടോ; വിശദാംശം നൽകുമോ;

(സി) ഈ റോഡിന്റെ വീതി 45 മീറ്ററാക്കി വർദ്ധിപ്പിക്കുന്നതുമൂലം പ്രസ്തുത റോഡ് വാഹനഗതാഗതത്തിന് പൂർണ്ണമായും സജ്ജമാകുമെന്നതിന് പുറമേ പ്രസ്തുത റോഡിന് കേന്ദ്രഗവൺമെന്റിൽ നിന്ന് ഏതെങ്കിലും വിധത്തിലുള്ള സഹായം ലഭ്യമാകാനുമിടയുണ്ടെന്ന് കരുതുന്നുണ്ടോ;

(ഡി) എങ്കിൽ ഇതുസംബന്ധമായ നിലപാട് അറിയിക്കുമോ?

ഉത്തരം

(എ-ഡി) കരമന-കളിയിക്കാവിള ദേശീയപാതയുടെ വികസനത്തിന്റെ രണ്ടാംഘട്ടമായ വഴിമുക്ക് മുതൽ കളിയിക്കാവിള വരെയുള്ള ഭാഗം 30.2 മീറ്റർ വീതിയിൽ വികസിപ്പിക്കുന്നതിന് പൊതുമരാമത്ത് പി.പി.യു. വിഭാഗം തയ്യാറാക്കിയ അലൈൻമെന്റ് പ്ലാൻ സാധ്യതാ പഠനത്തിനും അനുമതിക്കുമായി

ദേശീയപാതാ വിഭാഗം ചീഫ് എഞ്ചിനീയർ ഓഫീസിൽ ലഭിച്ചിട്ടുണ്ട്. പ്രസ്തുത അലൈൻമെന്റിൽ ആവശ്യമായ ഭേദഗതി വരുത്തി അംഗീകാരം നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ദേശീയപാത 47-ന്റെ (പുതിയ എൻ.എച്ച്. 66) കഴക്കൂട്ടം മുതൽ കളിയിക്കാവിള വരെയുള്ള ഭാഗം കഴക്കൂട്ടം-കാരോട് ബൈപ്പാസിന്റെ പൂർത്തീകരണത്തോടെ പ്രസ്തുത ദേശീയ പാതയിൽനിന്നും വേർപെടാനുള്ള സാധ്യതയുള്ളതിനാൽ നിലവിലെ ദേശീയപാതയുടെ ഈ ഭാഗത്തെ നാലുവരിപ്പാതയായുള്ള വികസനത്തിനും സ്ഥലമെടുപ്പിനും കേന്ദ്ര ഫണ്ട് ലഭിക്കാൻ സാധ്യതയില്ല. ഈ സാഹചര്യം കണക്കിലെടുത്താണ് ട്രാഫിക് സ്റ്റഡിയുടെ അടിസ്ഥാനത്തിൽ 30.2 മീറ്റർ വീതിയിൽ പൊതുമരാമത്ത് പി.പി.യു. വിഭാഗം ഈ ഭാഗത്തെ വികസനത്തിന് അലൈൻമെന്റ് തയ്യാറാക്കിയിരിക്കുന്നത്.

**കരമന-കളിയിക്കാവിള ദേശീയപാത വികസനം**

111 (1307) ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരമന-കളിയിക്കാവിള ദേശീയപാത വികസനത്തിന്റെ രണ്ടാം ഘട്ടമായ പ്രാവച്ചമ്പലം മുതൽ ബാലരാമപുരം വരെയുള്ള പ്രവൃത്തികൾ ടെൻഡർ ചെയ്തിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തി ഏറ്റെടുക്കുവാൻ ഒരു കമ്പനി മാത്രമാണോ ടെൻഡർ സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) മേൽസാഹചര്യത്തിൽ, റീ-ടെൻഡർ വിളിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ, ആയതിന്റെ നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ;

(ഡി) പ്രാവച്ചമ്പലം മുതൽ കൊടിനട വരെയുള്ള റോഡ് വികസനത്തിനുള്ള അടങ്കൽ തുകയെത്രയാണ്; അതിനായി കിഫ്ബിയിൽ നിന്നും എത്ര തുക അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഇ) പഴയ രാജപാതയിലെ 22 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്ന പ്രശ്നം പരിഹരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ;

(എഫ്) രണ്ടാംഘട്ട പ്രവർത്തനങ്ങൾ അടിയന്തരമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കരമന-കളിയിക്കാവിള ദേശീയപാത വികസനത്തിന്റെ ഒന്നാംഘട്ടം രണ്ടാം റീച്ചായ പ്രാവച്ചമ്പലം മുതൽ ബാലരാമപുരം (കൊടിനട) വരെയുള്ള 5 കി.മീ. ഭാഗത്തെ നിർമ്മാണപ്രവൃത്തികൾക്ക് കിഫ്ബി ടെണ്ടർ ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തി ഏറ്റെടുക്കുവാൻ രണ്ട് കമ്പനികൾ ടെണ്ടർ സമർപ്പിച്ചിട്ടുണ്ട്.

(സി) നിലവിലെ സാഹചര്യത്തിൽ, റീ-ടെണ്ടർ വിളിക്കുവാൻ തീരുമാനിച്ചിട്ടില്ല.

(ഡി) പ്രാവച്ചമ്പലം മുതൽ കൊടിനട വരെയുള്ള റോഡ് വികസനത്തിനുള്ള അടങ്കൽ തുക 97,54,05,399 രൂപയാണ്. കരമന-കളിയിക്കാവിള ഒന്നാംഘട്ടം രണ്ടാം റീച്ച് പ്രാവച്ചമ്പലം മുതൽ വഴിമുക്ക് വരെയുള്ള 6.5 കി.മീ. റോഡിന്റെ നിർമ്മാണപ്രവർത്തനങ്ങൾക്ക് 162.46 കോടി രൂപ കിഫ്ബിയിൽനിന്നും അനുവദിച്ചിട്ടുണ്ട്.

(ഇ) പ്രാവച്ചമ്പലം-ബാലരാമപുരം സ്ഥലമേറ്റെടുക്കൽ നടപടിയിൽ കുടിയൊഴിപ്പിക്കുന്ന പഴയ രാജപാത നിവാസികളെ പുനരധിവസിപ്പിക്കുന്നതിന് പള്ളിച്ചൽ വില്ലേജിൽ ബ്ലോക്ക് നമ്പർ 4-ൽ റീ-സർവ്വേ 58/1-ൽ ഉൾപ്പെട്ട ഭൂമിയിൽനിന്നും 3 സെന്റ് വീതം, മുക്കുന്നിമല സർക്കാർ എയ്ഡഡ് റബ്ബർ പ്ലാന്റേഷൻ സൊസൈറ്റി ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്തിട്ടുള്ള 13074/15 നമ്പർ റിട്ട് ഹർജിയുടെ തീർപ്പിന് വിധേയമായി അനുവദിച്ച് നൽകുന്നതിനും പ്രസ്തുത സ്ഥലത്ത് ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി അവർക്ക് വീട് നിർമ്മിച്ച് നൽകുന്നതിനും 13-11-2017-ലെ സ. ഉ. (കൈ.) നമ്പർ 378/17/റവ. പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത കേസ് 31-5-2018-ന് സർക്കാരിന് അനുകൂലമായി തീർപ്പായിട്ടുള്ളതും ബഹുമാനപ്പെട്ട ഹൈക്കോടതിയിൽനിന്ന് ജഡ്ജ്മെന്റ് ലഭ്യമായാലുടൻതന്നെ പഴയ രാജപാത നിവാസികളെ പുനരധിവസിപ്പിക്കുന്നതിനുള്ള തുടർനടപടി സ്വീകരിക്കുന്നതാണെന്ന് ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

(എഫ്) കരമന-കളിയിക്കാവിള ദേശീയപാത വികസനത്തിന്റെ രണ്ടാംഘട്ടമായ വഴിമുക്ക് മുതൽ കളിയിക്കാവിള വരെയുള്ള ഭാഗത്തിന്റെ പൊതുമരാമത്ത് പി.പി.യു. വിഭാഗം തയ്യാറാക്കിയ അലൈൻമെന്റ് പ്ലാൻ സാധ്യതാ പഠനത്തിനും അനുമതിക്കുമായി ദേശീയപാതാ വിഭാഗം ചീഫ് എഞ്ചിനീയർ ഓഫീസിൽ ലഭിച്ചിട്ടുണ്ട്. പ്രസ്തുത അലൈൻമെന്റിൽ ആവശ്യമായ ഭേദഗതി വരുത്തി അംഗീകാരം നൽകുമ്പോൾ ഭൂമിയേറ്റെടുക്കൽ നടപടികൾ ആരംഭിക്കുന്നതാണ്.

**ആലപ്പുഴ-ചങ്ങനാശ്ശേരി റോഡ്**

112 (1308) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലപ്പുഴ-ചങ്ങനാശ്ശേരി റോഡ് നാഷണൽ ഹൈവേ ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ നടപടിക്രമങ്ങൾ ഏതുവരെയായി എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

ആലപ്പുഴയിൽനിന്ന് ചങ്ങനാശ്ശേരിവഴി വാഴൂർ റോഡിലെത്തുന്ന റോഡ് കേന്ദ്ര സർക്കാർ തത്വത്തിൽ ദേശീയപാതയായി പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന്റെ സാധ്യതാ പഠനത്തിനും പേവ്ഡ് ഷോൾഡറോടുകൂടിയ രണ്ടുവരിപ്പാതയായി വികസിപ്പിക്കുന്നതിനുള്ള വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനുമായി KITCO Ltd. എന്ന Consultancy സ്ഥാപനത്തെ ഏൽപ്പിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥാപനം നടത്തിയ പഠനപ്രകാരമുള്ള റിപ്പോർട്ട് കേന്ദ്ര സർക്കാരിൽ അംഗീകാരത്തിനും പ്രസ്തുത റോഡ് ദേശീയപാതയായി പ്രഖ്യാപിച്ചുകൊണ്ടുള്ള നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കാനും സമർപ്പിച്ചിരിക്കുകയാണ്.

**കോന്നി ബൈപ്പാസ് നിർമ്മാണം**

113 (1309) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി ബൈപ്പാസിന്റെ ഡി.പി.ആർ. തയ്യാറാക്കി നൽകിയിട്ടുണ്ടോ; എങ്കിൽ എന്നാണ് നൽകിയത്; നൽകിയിട്ടില്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ബൈപ്പാസ് നിർമ്മാണത്തിന്റെ ലാൻഡ് അക്വിസിഷൻ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദീകരിക്കുമോ;

(സി) അലൈൻമെന്റ് സ്റ്റോൺ ഇടുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ഡി) സാമൂഹിക ആഘാത അനുമാന പഠനം പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) നടപടികൾ അടിയന്തരമായി പൂർത്തീകരിച്ച് ഡി.പി.ആർ. സമർപ്പിക്കുവാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) കോന്നി ബൈപ്പാസിന്റെ ഡി.പി.ആർ. 24-1-2018-ൽ സമർപ്പിച്ചിരുന്നു വെങ്കിലും ബഡ്ജറ്റ് പ്രൊവിഷനില്ലാത്തതിനാൽ തിരികെ നൽകിയിട്ടുണ്ട്.

(ബി-ഡി) ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു. നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം പൊതുആവശ്യത്തിനായി നെൽവയൽ നികത്തുന്നതിന് പ്രാദേശികതല നിരീക്ഷണ സമിതി മുമ്പാകെ (പ്രസ്തുത സ്ഥലത്തെ കൃഷി ഓഫീസർ) അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. സംസ്ഥാനതല സമിതി അപേക്ഷ പരിശോധിച്ച് സർക്കാരിലേയ്ക്ക് റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് മാത്രമേ നെൽവയൽ നികത്തുന്നതിന് സർക്കാരിന് ഭരണാനുമതി നൽകുന്നതിനും അലൈൻമെന്റ് സ്റ്റോൺ ഇടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും സാമൂഹിക ആഘാത അനുമാന പഠനം പൂർത്തീകരിക്കുവാനും കഴിയുകയുള്ളൂ.

(ഇ) 2018-19-ലെ ബഡ്ജറ്റിൽ ടി പ്രവൃത്തിക്കായി 100 രൂപ ടോക്കൺ പ്രൊവിഷൻ വകയിരുത്തിയിട്ടുണ്ട്. പുതുക്കിയ ഡി.പി.ആർ. സർക്കാരിൽ ലഭ്യമായിട്ടില്ല.

## വടക്കഞ്ചേരി-പൊള്ളാച്ചി പാതയെ ദേശീയപാതയായി ഉയർത്തുന്നതിനുള്ള നടപടി

114 (1310) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കഞ്ചേരി-പൊള്ളാച്ചി സംസ്ഥാന പാതയെ ദേശിയ പാതയായി ഉയർത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് പ്രാഥമിക സർവ്വേ നടപടി പൂർത്തീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര കിലോമീറ്റർ ദൂരമാണ് കേരളത്തിലൂടെ കടന്നുപോകുന്നത്;

(സി) നിലവിൽ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന റോഡിന്റെ വീതി സംബന്ധിച്ചുള്ള വിശദാംശം നൽകുമോ; വ്യക്തമാക്കുമോ;

(ഡി) ദേശീയപാതയുടെ നിർമ്മാണ പ്രവൃത്തികൾ എന്ന് തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) വടക്കഞ്ചേരി-പൊള്ളാച്ചി റോഡിന്റെ കേരളത്തിലുള്ള 40 കി.മീ. കേന്ദ്ര മന്ത്രാലയം ദേശീയപാതയായി തത്വത്തിൽ അംഗീകരിച്ചിരുന്നു.

(ബി) പ്രസ്തുത പാതയുടെ സാധ്യതാപഠനവും പേവ്ഡ് ഷോൾഡറോടുകൂടിയ രണ്ടുവരിപ്പാതയായി വികസിപ്പിക്കുന്നതിന്റെ വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്ന നടപടികളും സർവ്വേകളും പുരോഗമിച്ചുവരുന്നു.

(സി) പ്രസ്തുത റോഡിന്റെ ക്യാരേജ് വേ വീതി 10 മീറ്ററും വശങ്ങളിൽ എർതൺഷോൾഡറും ഓട, യൂട്ടിലിറ്റി കോറിഡോർ എന്നിവയും ഉൾപ്പെടുത്തേണ്ടതുണ്ട്.

(ഡി) കേന്ദ്ര മന്ത്രാലയം അലൈൻമെന്റ് അംഗീകരിച്ച് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചാൽ ലാൻഡ് അക്വിസിഷൻ വിഷയങ്ങൾ ഇല്ലെങ്കിൽ രണ്ട് വർഷത്തിനുള്ളിൽ പൂർത്തിയാക്കാവുന്നതാണ്.

**കിഫ്ബി വഴി നടപ്പിലാക്കുന്ന പ്രവൃത്തികൾ**

115 (1311) <u>ശ്രീ. ഐ. ബി. സതീഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിഫ്ബി വഴി പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന്റെ അനുമതി ലഭ്യമായ പുളിയറക്കോണം-കുഴക്കോട് ക്ഷേത്രംറോഡ്, കിള്ളി-ഇ.എം.എസ്. അക്കാദമി റോഡ്, പൊട്ടൻകാവ്-മുണ്ടുക്കോണം റോഡ് എന്നിവയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; തുടർനടപടികൾ എന്താണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

കിഫ്ബി മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കിള്ളി-ഇ.എം.എസ്. അക്കാഡമി റോഡിന്റെ ഡി.പി.ആർ. തയ്യാറാക്കുന്നതിലേയ്ക്കായി ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ചു. ടി ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ ഡിസൈൻ വിഭാഗമായ പി.പി.യു.-ൽ സാമ്പത്തിക അനുമതി ലഭ്യമാക്കുന്നതിലേയ്ക്കായി ഡി.പി.ആർ. തയ്യാറാക്കിവരുന്നു.

കിഫ്ബി മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പുളിയറക്കോണം-കുഴക്കോട് റോഡിന്റെ ഡി.പി.ആർ. തയ്യാറാക്കുന്നതിലേയ്ക്കായി ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ചു. മറ്റ് ഏജൻസികളിൽനിന്ന് യൂട്ടിലിറ്റി ഷിഫ്റ്റിംഗിന് വേണ്ടിയുള്ള വിശദമായ എസ്റ്റിമേറ്റ് ലഭ്യമാക്കാൻ യൂട്ടിലിറ്റി ഏജൻസിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. ടി എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറയ്ക്ക് ഡി.പി.ആർ. തയ്യാറാക്കി സാമ്പത്തികാനുമതിക്ക് സമർപ്പിക്കുവാൻ സാധിക്കുന്നതാണ്.

കിഫ്ബി മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പൊട്ടൻകാവ്-നെല്ലിക്കാട്-ചീനിവിള-ഊന്നംപാറ-ളുങ്ങാൻപാറ-തീരാളിക്കുഴി-മുണ്ടുക്കോണംറോഡിന്റെ ഡി.പി.ആർ.

തയ്യാറാക്കുന്നതിലേയ്ക്കായി ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ചു. മറ്റ് ഏജൻസികളിൽനിന്ന് യൂട്ടിലിറ്റി ഷിഫ്റ്റിംഗിന് വേണ്ടിയുള്ള വിശദമായ എസ്റ്റിമേറ്റ് ലഭ്യമാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ടി എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറയ്ക്ക് ഇതുകൂടി ഉൾപ്പെടുത്തി ഡി.പി.ആർ. തയ്യാറാക്കി സാമ്പത്തികാനുമതിക്ക് സമർപ്പിക്കുവാൻ സാധിക്കുന്നതാണ്.

## കിഫ്ബി മുഖേന നടപ്പിലാക്കുവാൻ പ്രഖ്യാപിച്ചിട്ടുള്ള പൊതുമരാമത്ത് പദ്ധതികൾ

116 (1312) <u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുവാൻ പ്രഖ്യാപിച്ചിട്ടുള്ള പൊതുമരാമത്ത് പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ഇതിൽ എത്ര പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നല്കിയിട്ടുണ്ട് എന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 1. മുതലപ്പൊഴി-വർക്കല-നടയറ-പാരിപ്പള്ളി റോഡ് ബി.എം.&ബി.സി. പണി

2. ശിവഗിരി റിംഗ് റോഡ്- ബി.എം.&ബി.സി. പണി

3. ശിവഗിരി-തൊട്ടുവെ പാലം-ശിവഗിരി പാലം അപ്രോച്ച് റോഡ്

4. നാവായിക്കുളം കുടവൂർ റിംഗ് റോഡ് .

(ബി) മുതലപ്പൊഴി-വർക്കല-നടയറ-പാരിപ്പള്ളി റോഡ് ബി.എം.&ബി.സി. പ്രവൃത്തി, ശിവഗിരി റിംഗ് റോഡ്- ബി.എം. & ബി.സി. പ്രവൃത്തി എന്നീ പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്.

## കണ്ണൂർ ജില്ലയിലെ കിഫ്ബി പ്രവൃത്തി

117 (1313) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിഫ്ബി അംഗീകാരം നല്കി ടെണ്ടർ നടപടി സ്വീകരിച്ച കണ്ണൂർ ജില്ലയിലെ ചന്തപ്പുര-പരിയാരം മെഡിക്കൽകോളേജ്-ശ്രീസ്ഥ-നെരുവമ്പ്രം-ഏഴോം-കോട്ടക്കൽ-ഒഴക്രോം-കണ്ണപുരം റോഡിന്റെ നിർമ്മാണ പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയും; വിശദമാക്കാമോ?

ഉത്തരം

കിഫ്ബിയിൽ ഉൾപ്പെടുത്തി അംഗീകാരം നൽകിയ കണ്ണൂർ ജില്ലയിലെ ചന്തപ്പുര-പരിയാരം മെഡിക്കൽകോളേജ്-ശ്രീസ്ഥ-നെരുവമ്പ്രം-ഏഴോം-കോട്ടയ്ക്കൽ-ഒഴക്രോം-കണ്ണപുരം റോഡ് പ്രവൃത്തി കേരള റോഡ് ഫണ്ട് ബോർഡ് ടെണ്ടർ ചെയ്തിട്ടുണ്ട്. ടെണ്ടർ ഉറപ്പിച്ച് കോൺട്രാക്ടർ എഗ്രിമെന്റിൽ ഏർപ്പെടുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുവാൻ സാധിക്കുന്നതാണ്.

**കോതമംഗലം മണ്ഡലത്തിലെ കിഫ്ബി പദ്ധതി**

118 (1314) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17, 2017-18 സാമ്പത്തിക വർഷത്തിൽ കോതമംഗലം മണ്ഡലത്തിലെ പൊതുമരാമത്ത് വകുപ്പ് (നിരത്തും കെട്ടിടങ്ങളും, പാലങ്ങളും) വിഭാഗത്തിൽ നിന്നും കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഏതെല്ലാം പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്; പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(സി) മുഴുവൻ പ്രവൃത്തികളും എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ നിന്നും കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികളുടെ വിശദവിവരങ്ങളും നിലവിലുള്ള സ്ഥിതിയും അനുബന്ധമായി ചേർക്കുന്നു.*

(സി) ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തീകരിച്ചശേഷം ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയിൽനിന്നും സാമ്പത്തികാനുമതി ലഭ്യമാകുന്ന മുറയ്ക്ക് ടെണ്ടർ ചെയ്ത് പ്രവൃത്തികൾ ആരംഭിക്കുവാൻ കഴിയുന്നതാണ്.

**കിഫ്ബിയിൽ ഉൾപ്പെടുത്തിയ പൊതുമരാമത്ത് പ്രവൃത്തികൾ**

119 (1315) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ ഉൾപ്പെടുത്തിയ പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കാൻ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഇൻവെസ്റ്റിഗേഷൻ, സ്റ്റഡി, ഡി.പി.ആർ. തയ്യാറാക്കൽ, ഭരണാനുമതി, സാങ്കേതികാനുമതി, ടെണ്ടർ നടപടി, പ്രവൃത്തി പൂർത്തീകരിക്കൽ; എന്നീ കിഫ്ബി വർക്കുകൾക്ക് സമയക്രമം നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ അറിയിക്കാമോ;

(സി) കിഫ്ബി പദ്ധതികൾ നടപടിക്രമങ്ങളും മാനദണ്ഡങ്ങളും ലഘൂകരിച്ച് എളുപ്പത്തിൽ നടപ്പിലാക്കാൻ സർക്കാർ ചെയ്യുന്ന കാര്യങ്ങൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. കിഫ്ബി മുഖാന്തരം നടപ്പിലാക്കുന്ന എല്ലാ പദ്ധതികളുംതന്നെ സാധ്യതാ പഠനത്തിന്റെ അടിസ്ഥാനത്തിൽ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിച്ച് സാമ്പത്തികാനുമതി ലഭ്യമാക്കിയശേഷം മാത്രമേ സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ സാധ്യമാകുകയുള്ളൂ. വളരെ കുറച്ച് ഇൻവെസ്റ്റിഗേഷൻ ഏജൻസികൾ മാത്രം ഈ മേഖലയിലുള്ളതിനാലും ഇൻവെസ്റ്റിഗേഷൻ ടെണ്ടറുകളിൽ കരാറുകാർ പങ്കെടുക്കാത്തതിനാലും ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് കാലതാമസം നേരിടുന്നുണ്ട്.

(ബി) ഇൻവെസ്റ്റിഗേഷൻ, സ്റ്റഡി, ഡി.പി.ആർ. തയ്യാറാക്കൽ, ഭരണാനുമതി, സാങ്കേതികാനുമതി, ടെണ്ടർ നടപടി എന്നിവയ്ക്ക് പ്രത്യേക സമയക്രമം നിശ്ചയിച്ചിട്ടില്ല. പ്രവൃത്തി പൂർത്തീകരണത്തിന് സമയപരിധി നിശ്ചയിക്കാറുണ്ട്. എന്നാൽ പൊതുവെ കാലതാമസം പാടില്ലാത്തതിനാൽ ഇൻവെസ്റ്റിഗേഷൻ, ഡി.പി.ആർ. തയ്യാറാക്കൽ, ഭരണാനുമതി ലഭ്യമാക്കൽ എന്നിവ എത്രയുംവേഗം നടപ്പിലാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) കിഫ്ബി നിശ്ചയിച്ച പ്രകാരമുള്ള നടപടിക്രമങ്ങളും മാനദണ്ഡങ്ങളും പാലിച്ചാണ് പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നത്.

**കായംകുളം മണ്ഡലത്തിലെ കെട്ടിട നിർമ്മാണ പ്രവൃത്തികൾ**

120 (1316) <u>ശ്രീമതി യു. പ്രതിഭ ഹരി</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുമരാമത്ത് കെട്ടിടവിഭാഗം വഴി നടപ്പാക്കുന്നതിനുവേണ്ടി ഭരണാനുമതി ലഭിച്ചിട്ടുള്ള കായംകുളം നിയോജകമണ്ഡലത്തിലെ ഓരോ പ്രവൃത്തികളുടേയും പുരോഗതി എന്തെന്നും ഇവ നാടിനായി എന്നത്തേയ്ക്ക് സമർപ്പിക്കാൻ കഴിയുമെന്നും വിശദമാക്കാമോ?

ഉത്തരം

പൊതുമരാമത്ത് കെട്ടിടവിഭാഗം വഴി നടപ്പാക്കുന്നതിനുവേണ്ടി ഭരണാനുമതി ലഭിച്ചിട്ടുള്ള കായംകുളം നിയോജകമണ്ഡലത്തിലെ പ്രവൃത്തികളുടെ പുരോഗതിയും പൂർത്തീകരണ തീയതിയും അനുബന്ധമായി ചേർത്തിരിക്കുന്നു.*

**വർക്കല മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ**

121 (1317) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിന്റെ ചുമതലയിൽ വർക്കല മണ്ഡലത്തിൽ എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്നും അവയുടെ പുരോഗതിയും വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് മേൽനോട്ടം വഹിക്കുന്നതിന് എത്ര അസിസ്റ്റന്റ് എഞ്ചിനിയർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും ഏതെല്ലാം പ്രവൃത്തികൾ ഏതെല്ലാം ഓഫീസിലെ എ.ഇ.-മാർ കൈകാര്യം ചെയ്യുന്നുവെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) പൊതുമരാമത്ത് തിരുവനന്തപുരം കെട്ടിട വിഭാഗത്തിന്റെ ചുമതലയിൽ വർക്കല മണ്ഡലത്തിൽ 18 പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

പ്രസ്തുത പ്രവൃത്തികൾക്ക് മേൽനോട്ടം വഹിക്കുന്നതിന് മേൽപ്രവൃത്തി നടപ്പിലാക്കുന്ന സെക്ഷൻ ഓഫീസുകളിലെ അസിസ്റ്റന്റ് എഞ്ചിനീയർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ നിർമ്മാണ പ്രവർത്തനങ്ങൾ**

122 (1318) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ഏതെല്ലാം നിർമ്മാണ പ്രവർത്തനങ്ങൾക്കാണ് ഫണ്ട് അനുവദിച്ച് ഭരണാനുമതി നല്കിയത് ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഓരോ പ്രവൃത്തിയുടെയും വിശദാംശം, നിലവിലെ സ്ഥിതി എന്നിവ റോഡ്സ് ആൻഡ് ബ്രിഡ്ജസ് വിഭാഗം, കെട്ടിട വിഭാഗം എന്ന ക്രമത്തിൽ വ്യക്തമാക്കാമോ;

(സി) പ്രവൃത്തി മുഴുവനായും പൂർത്തീകരിച്ചവയുടെ ലിസ്റ്റ് പ്രത്യേകം നല്കാമോ?

ഉത്തരം

(എ-സി) വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

**പൊതുമരാമത്ത് വകുപ്പിലെ വിജിലൻസ് വിഭാഗം ശക്തിപ്പെടുത്താൻ നടപടി**

123 (1319) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള വിവിധ ഓഫീസുകളിലെ ക്ലാർക്ക്, ഓഫീസ് അറ്റൻഡ് തുടങ്ങിയ മിനിസ്റ്റീരിയൽ ജീവനക്കാരെ പ്രവൃത്തികളുടെ മേൽനോട്ടത്തിന് നിയോഗിക്കാറുണ്ടോ;

(ബി) ഡിവിഷൻ, സബ്ഡിവിഷൻ ഓഫീസുകളിലെ മിനിസ്റ്റീരിയൽ ജീവനക്കാരെ സാങ്കേതിക സ്വഭാവമുള്ള ജോലികൾ ഏല്പിക്കാറുണ്ടോ;

(സി) പൊതുമരാമത്ത് മാന്വലിന് വിരുദ്ധമായി, സാങ്കേതിക സ്വഭാവമുള്ള ജോലികൾ ചെയ്യുന്നതിന് മിനിസ്റ്റീരിയൽ ജീവനക്കാരെ ചുമതലപ്പെടുത്തുന്ന ഓഫീസ് മേധാവികൾക്കെതിരെ നടപടി സ്വീകരിക്കുമോ;

(ഡി) പൊതുമരാമത്ത് വകുപ്പിലെ വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തുന്നതിന് ജില്ലാ ക്വാളിറ്റി ലാബുകളെ വിജിലൻസിന്റെ ഓഫീസുകളായി മാറ്റുകയും പ്രസ്തുത ഓഫീസിലെ തസ്തിക എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയായി ഉയർത്തുകയും ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പിൽ മിനിസ്റ്റീരിയൽ ജീവനക്കാരെ മരാമത്ത് പ്രവൃത്തികളുടെ മേൽനോട്ടത്തിന് നിയോഗിക്കാറില്ല.

(ബി) ഇല്ല.

(സി) ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിക്കുന്നതാണ്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ഇലക്ട്രിക്കൽ വിഭാഗത്തിൽ പുതിയ തസ്തിക

124 (1320) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുമരാമത്ത് വകുപ്പിൽ ഇലക്ട്രിക്കൽ വിഭാഗത്തിൽ ചീഫ് എഞ്ചിനീയർ തസ്തിക സൃഷ്ടിക്കുന്നതിനും കണ്ണൂർ ജില്ലയിൽ ഇലക്ട്രിക്കൽ വിഭാഗത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ തസ്തികയും ഓഫീസും അനുവദിക്കുന്നതിനും ലഭിച്ച ശിപാർശയിൽ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

പൊതുമരാമത്ത് വകുപ്പിൽ ഇലക്ട്രിക്കൽ വിഭാഗത്തിന് ചീഫ് എഞ്ചിനീയർ തസ്തികയും കണ്ണൂർ ജില്ലയിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ തസ്തികയും ഉൾപ്പെടെ പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗത്തിനാവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

## ഓവർസിയർമാരായി ജോലി ചെയ്യുന്ന വിരമിച്ച ജീവനക്കാർ

125 (1321) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിലെ ഏതെങ്കിലും ഓഫീസിൽ വിരമിച്ച ജീവനക്കാർ ഓവർസിയർമാരായി താല്ക്കാലികമായി ജോലി ചെയ്യുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ വന്നതിനുശേഷം ജോലി ചെയ്യുന്ന താല്ക്കാലിക ഓവർസിയർമാർക്ക് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ എത്ര രൂപ വേതനമായി നൽകിയിട്ടുണ്ട്; ഇത്തരത്തിൽ വേതനം നൽകുന്നതിന് പ്രത്യേക ഉത്തരവ് നിലവിലുണ്ടോ;

(സി) പി.എസ്.സി.റാങ്ക് ലിസ്റ്റ് നിലവിലുള്ളപ്പോൾ താൽക്കാലികമായി ഓവർസിയർമാരെ നിയമിക്കുന്നതിനെതിരെ സർക്കാർ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) പി.എസ്.സി. വഴി നിയമനം ലഭിച്ചെങ്കിലും ഉദ്യോഗാർത്ഥികൾ ജോലിക്ക് ചേരാതെ ഒഴിഞ്ഞുകിടക്കുന്ന ചെങ്ങന്നൂർ കെട്ടിട വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയം, ഇടുക്കി നിരത്ത് വിഭാഗം എക്സിക്യൂട്ടീവ്

എഞ്ചിനീയറുടെ കാര്യാലയം, ഏറ്റുമാനൂർ റോഡ്സ് സെക്ഷൻ, പാലാ റോഡ്സ് സെക്ഷൻ, മേലുകാവ് റോഡ്സ് സെക്ഷൻ, തിരുവനന്തപുരം കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിന് കീഴിലെ റെസിഡൻസി സെക്ഷൻ, നെടുമങ്ങാട് കെട്ടിട ഉപവിഭാഗം കാര്യാലയം എന്നിവിടങ്ങളിൽ പൊതുമരാമത്ത് വകുപ്പിൽനിന്നും വിരമിച്ച് ജീവനക്കാർ ദിവസവേതനാടിസ്ഥാനത്തിൽ ഓവർസിയർമാരായി ജോലി ചെയ്യുന്നുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ ആകെ 97,14,562 രൂപ വേതനമായി നൽകിയിട്ടുണ്ട്. ഭരണ വിഭാഗം ചീഫ് എഞ്ചിനീയറുടെ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് വേതനം നൽകുന്നത്.

(സി) പി.എസ്.സി. അഡ്വൈസ് ലഭിച്ച് ഉദ്യോഗാർത്ഥികൾ ജോലിയിൽ പ്രവേശിക്കുന്ന മുറയ്ക്ക് താൽക്കാലിക ജീവനക്കാരെ പിരിച്ചുവിട്ടു കൊണ്ടിരിക്കുകയാണ്.

## കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന്റെ പ്രോജക്ടുകൾ

126 (1322) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെയും, കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന്റെയും സംയുക്ത സംരംഭമായ കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് ഒന്നാം ഘട്ടമായി ഏറ്റെടുത്ത് നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച പ്രോജക്ടുകളിൽ ഏതൊക്കെ പ്രോജക്ടുകൾ ഇതിനകം പ്രാവർത്തികമാക്കുന്നതിന് കഴിഞ്ഞുവെന്ന് വിശദമാക്കുമോ;

(ബി) റാപ്പിഡ് റെയിൽ ട്രാൻസിറ്റ് സിസ്റ്റം (സബർബൻ റെയിൽ പ്രോജക്ട്) പദ്ധതി ഉപേക്ഷിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്താണ്;

(സി) എരുമേലി-പുനലൂർ,ഏറ്റുമാനൂർ-ശബരി ലൈൻ പദ്ധതി എന്നിവയ്ക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടോ;

(ഡി) വിഴിഞ്ഞം പദ്ധതി പ്രദേശത്തുള്ള റെയിൽ ലൈൻ ഏറ്റെടുക്കുവാനുള്ള പദ്ധതി ആർക്കാണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ റെയിൽവേ വികസനത്തിനായി കേന്ദ്രവുമായി ചേർന്ന് കേരള റെയിൽ വികസന കോർപ്പറേഷൻ എന്ന സംയുക്ത സംരംഭക കമ്പനി പ്രവർത്തിച്ചുവരുന്നു. പ്രസ്തുത കമ്പനി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിൽവരുത്തുവാൻ ഊർജ്ജിത ശ്രമം നടത്തിവരുന്നു.

1. റാപിഡ് റെയിൽ ട്രാൻസിറ്റ് സിസ്റ്റം (സബർബൻ റെയിൽ പ്രോജക്ട്)

2. തലശ്ശേരി-മൈസൂർ റെയിൽവേപ്പാത

3. എറണാകുളം പഴയ റെയിൽവേ സ്റ്റേഷൻ പുനരുജ്ജീവിപ്പിച്ച് പുനഃപ്രവർത്തനം ആരംഭിക്കുന്ന പദ്ധതി

4. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിലേയ്ക്കുള്ള ബ്രോഡ്ഗേജ് ലൈൻ

5. സെമീ ഹൈസ്പീഡ് ട്രെയിനുകൾക്കായി തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ നിലവിലുള്ള ഇരട്ടപ്പാതയ്ക്ക് പുറമേ മൂന്നും നാലും ലൈനുകൾ

6. എരുമേലി-പുനലൂർ (നിർദ്ദിഷ്ട അങ്കമാലി എരുമേലി പാതയെ എരുമേലിയിൽനിന്നും പുനലൂർ റെയിൽവേ സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന പാത)

7. ഏറ്റുമാനൂർ-പാല-ശബരി ലിങ്ക് ലൈൻ (നിർദ്ദിഷ്ട അങ്കമാലി-ശബരി ലൈനിനെ ഏറ്റുമാനൂർ റെയിൽവേ സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന പാത)

മുകളിൽ പ്രസ്താവിച്ച 7 പദ്ധതികളിൽ താഴെപ്പറയുന്ന 4 പദ്ധതികളുടെ സാധ്യതാ പഠനം നടത്തുകയും ആയതിന്റെ അംഗീകാരത്തിനായി റെയിൽവേ ബോർഡിന് സമർപ്പിച്ചിട്ടുണ്ട് :

1. തലശ്ശേരി-മൈസൂർ ബ്രോഡ്ഗേജ് പാത

2. സെമീ ഹൈസ്പീഡ് ട്രെയിനുകൾക്കായി തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ നിലവിലുള്ള ഇരട്ടപ്പാതയ്ക്ക് പുറമേ മൂന്നും നാലും ലൈനുകൾ

3. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിലേയ്ക്കുള്ള ബ്രോഡ്ഗേജ് ലൈൻ (കൊങ്കൺ റെയിൽവേയെ ഏൽപ്പിക്കാൻ റെയിൽവേ ബോർഡ് തീരുമാനിക്കുകയുണ്ടായി)

4. എറണാകുളത്ത് ഹൈക്കോർട്ടിന് അടുത്തുള്ള പഴയ റെയിൽവേ സ്റ്റേഷൻ പുനരുജ്ജീവിപ്പിച്ച് ഒരു ഹബ്ബാക്കി പ്രവർത്തനം ആരംഭിക്കുന്ന പദ്ധതി

മേൽപ്രവൃത്തികൾക്ക് റെയിൽവേ ബോർഡിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) സംസ്ഥാനത്ത് തിരുവനന്തപുരം മുതൽ ചെങ്ങന്നൂർവരെ 125.56 കിലോമീറ്റർ ദൂരം ഓട്ടോമാറ്റിക് സിഗ്നലിംഗ് ഏർപ്പെടുത്തിക്കൊണ്ട് റാപിഡ് റെയിൽ ട്രാൻസിറ്റ് സിസ്റ്റം (സബർബൻ റെയിൽ പ്രോജക്ട്) ആരംഭിക്കുന്നതിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. പദ്ധതി

നടപ്പാക്കുന്നതിലേയ്ക്കായി റെയിൽവേ ബോർഡിന് സമർപ്പിച്ചുവെങ്കിലും അംഗീകാരം ലഭ്യമായില്ല. ബോർഡിന്റെ നിർദ്ദേശത്തെത്തുടർന്ന് ട്രാഫിക് ഇംപാക്ട് അസസ്മെന്റ് സംബന്ധിച്ച് ട്രാഫിക് കൺസൾട്ടന്റ് സമർപ്പിച്ച റിപ്പോർട്ട് അനുകൂലമല്ല.

(സി) വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു. റിപ്പോർട്ടിന് റെയിൽവേ ബോർഡിന്റെ അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിലേയ്ക്കുള്ള ബ്രോഡ്ഗേജ് ലൈൻ നടപ്പിലാക്കുന്നതിന് കൊങ്കൺ റെയിൽവേയെ ഏൽപ്പിക്കാൻ റെയിൽവേ ബോർഡ് തീരുമാനിക്കുകയുണ്ടായി.

### മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത കരാറുകാർക്ക് കുടിശ്ശിക

127 (1323) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങളെ ദോഷകരമായി ബാധിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത കരാറുകാർക്ക് എത്ര തുക കുടിശ്ശിക നൽകുവാനുണ്ട്; പൂർത്തീകരിച്ച പ്രവൃത്തികളുടെ കുടിശ്ശിക ലഭിക്കാത്തതിനാൽ പുതിയ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിൽ നിന്ന് കരാറുകാർ പിന്നോട്ട് പോകുന്ന അവസ്ഥ നിലവിലുണ്ടോ; വിശദമാക്കാമോ;

(സി) ഭൂമി ഏറ്റെടുക്കുന്നതിലെ കാലതാമസം, നിർമ്മാണ സാമഗ്രികളുടെ ലഭ്യതക്കുറവ് തുടങ്ങിയവ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് തടസ്സമായിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് ഇടപെടലുകളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങളെ ദോഷകരമായി ബാധിച്ചിട്ടില്ല. 2017-18 സാമ്പത്തിക വർഷത്തിൽ പൊതുമരാമത്ത് വകുപ്പ് നിരത്തുകളുടെയും പാലങ്ങളുടെയും പ്രവൃത്തികൾക്കായി 2806.27 കോടി രൂപ ബഡ്ജറ്റ് വിഹിതമുണ്ടായിരുന്നു. സർക്കാരിൽനിന്ന് അധിക ധനവിനിയോഗ അനുമതി ലഭിച്ചതിൻപ്രകാരം ആകെ 3176.93 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷത്തിൽ

2987.32 കോടി രൂപ പൊതുമരാമത്ത് വകുപ്പ് നിരത്തുകളുടെയും പാലങ്ങളുടെയും പ്രവൃത്തിക്കുള്ള ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിട്ടുണ്ട്. 9/2017 വരെയുള്ള കരാറുകാരുടെ കുടിശ്ശിക നൽകിക്കഴിഞ്ഞു. കൂടാതെ 31-12-2017 വരെയുള്ള കുടിശ്ശികകൾക്ക് ബിൽ ഡിസ്കൗണ്ടിംഗ് സമ്പ്രദായത്തിലൂടെ തുക വിതരണം ചെയ്യുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്.

(ബി) പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ കുടിശ്ശികയായി 394.42 കോടി രൂപയും കെട്ടിട വിഭാഗത്തിൽ 2,45,41,67,647 രൂപയും ദേശീയപാതാ വിഭാഗത്തിൽ 16,18,00,832 രൂപയും കരാറുകാർക്ക് വിതരണം ചെയ്യുവാനുണ്ട്. കുടിശ്ശിക ലഭിക്കാത്തതിനാൽ കരാറുകാർ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിൽനിന്നും പിന്നോട്ടുപോകുന്ന അവസ്ഥയുള്ളതായി ശ്രദ്ധയിൽ പെട്ടിട്ടില്ല.

(സി) ഭൂമി ഏറ്റെടുക്കുന്നതിലെ കാലതാമസം, നിർമ്മാണ സാമഗ്രികളുടെ ലഭ്യതക്കുറവ് തുടങ്ങിയ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് തടസ്സമുണ്ടാക്കുന്നുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ചുള്ള തർക്കങ്ങളും കോടതി ഇടപെടലുകളും പ്രവൃത്തികളുടെ സമയബന്ധിതമായ പൂർത്തീകരണത്തിന് കാലതാമസം വരുത്തുന്നുണ്ട്. നിലവിൽ ക്വാറികളുടെ പ്രവർത്തനത്തിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ളത് മെറ്റലിന്റെയും എം-സാൻഡിന്റെയും ലഭ്യതയ്ക്ക് കുറവ് വരുത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച് നടപടികൾ സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പുതലത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## 2016-17-ലെ ഒറ്റപ്പാലം മണ്ഡലത്തിലെ ബഡ്ജറ്റ് വർക്കുകൾ

128 (1324) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ 2016-17-ലെ ബഡ്ജറ്റ് വർക്കുകൾ ഏതെല്ലാം; ഓരോ പ്രവൃത്തിയുടെയും വിശദാംശം നൽകാമോ;

(ബി) അതിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചു; ഒരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്ര; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ & ബി) അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**മുന്നാട്-കുറ്റിക്കോലിൽ സബ്‌രജിസ്ട്രാർ ഓഫീസ് അനുവദിക്കാൻ നടപടി**

129 (1325) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ സബ്-രജിസ്ട്രാർ ഓഫീസ് അനുവദിക്കുന്ന വിഷയം പരിഗണനയിലുണ്ടോ;

(ബി) കാസർകോട് ജില്ലയിലെ മലയോര പഞ്ചായത്തുകളായ ബേഡഡുക്ക, കുറ്റിക്കോൽ എന്നിവ പ്രവർത്തനപരിധിയായി കണക്കിലെടുത്ത് മുന്നാട്-കുറ്റിക്കോലിൽ സബ്-രജിസ്ട്രാർ ഓഫീസ് അനുവദിക്കുന്നതിനുള്ള നടപടി വർഷങ്ങൾക്ക് മുൻപുതന്നെ വകുപ്പ് പൂർത്തിയാക്കിവച്ച വിഷയം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) എങ്കിൽ കാസർഗോഡ് ജില്ലയിലെ മലയോര മേഖലയിലെ മുന്നാട്-കുറ്റിക്കോൽ കേന്ദ്രമാക്കി സബ്-രജിസ്ട്രാർ ഓഫീസ് അനുവദിക്കുന്ന വിഷയം സർക്കാർ പരിഗണിക്കുമോ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) ഉണ്ട്. മുന്നാട് സബ്‌രജിസ്ട്രാർ ഓഫീസ് അനുവദിക്കുന്നത് സംബന്ധിച്ച നിവേദനം, സർക്കാരിന്റെ അന്നത്തെ സാമ്പത്തികസ്ഥിതിയിൽ പരിഗണിക്കുവാൻ സാധിക്കാത്തതിനാൽ 2014-ൽ നിരസിച്ചിട്ടുള്ളതാണ്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

**രജിസ്ട്രേഷൻ വകുപ്പിനെ കാര്യക്ഷമമാക്കുവാൻ സ്വീകരിച്ച നടപടികൾ**

130 (1326) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധുനിക സാങ്കേതിക വിദ്യകൾ കൈകാര്യം ചെയ്യത്തക്കവിധത്തിൽ രജിസ്ട്രേഷൻ വകുപ്പിനെ കാര്യക്ഷമമാക്കുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) രജിസ്ട്രേഷൻ വകുപ്പിൽ നടപ്പിലാക്കിയ പരിഷ്കാരങ്ങൾ പ്രസ്തുത വകുപ്പിനെ അഴിമതി രഹിതമാക്കുന്നതിന് എത്രമാത്രം സഹായകമായെന്ന് വിശദമാക്കുമോ;

(സി) വകുപ്പിലെ ജീവനക്കാരെ കാലത്തിനനുസൃതമായ മാറ്റങ്ങൾ ഉൾക്കൊള്ളുവാൻ പ്രാപ്തരാക്കുന്നതരത്തിൽ പ്രത്യേക പരിശീലനം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഓപ്പൺ പേൾ (OPEN PEARL- Programme for Effective Administration of Registration Laws) എന്ന ഓൺലൈൻ സോഫ്റ്റ്വെയർ ഉപയോഗിച്ചാണ് സംസ്ഥാനത്തെ സബ്-രജിസ്ട്രാർ ഓഫീസുകളിൽനിന്നും പൊതുജനങ്ങൾക്ക് നിലവിൽ സേവനം നൽകിവരുന്നത്. രജിസ്ട്രേഷൻ വകുപ്പിൽ നിന്നുള്ള സേവനങ്ങൾ കൂടുതൽ കാര്യക്ഷമമായി നൽകുന്നതിന്റെ ഭാഗമായി ഇ-പേയ്മെന്റ്, ഇ-സ്റ്റാമ്പിംഗ് സംവിധാനങ്ങൾ ഏർപ്പെടുത്തുകയുണ്ടായി. ബാധ്യതാ സർട്ടിഫിക്കറ്റുകൾ ഓഫീസിൽ ഹാജരാക്കാതെതന്നെ അപേക്ഷിക്കുന്നതിനും ഓൺലൈനായി ഫീസ് അടയ്ക്കുന്നതിനും ഡിജിറ്റൽ ഒപ്പോടുകൂടിയ ബാധ്യതാ സർട്ടിഫിക്കറ്റുകൾ ഡൗൺലോഡ് ചെയ്തെടുക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുകയുണ്ടായി. ആധാര പകർപ്പുകൾ ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പാർട്ട്ണർഷിപ്പ്ഫേം, സൊസൈറ്റി എന്നിവ ഓൺലൈനായി രജിസ്റ്റർ ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി. ചിട്ടി രജിസ്ട്രേഷൻ പൂർണ്ണമായി ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) രജിസ്ട്രേഷൻ വകുപ്പ് പൊതുജനങ്ങൾക്ക് നൽകിവരുന്ന വിവിധ സേവനങ്ങൾക്ക് ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കുവാനും ഫീസുകൾ ഇ-പേയ്മെന്റ് സംവിധാനംവഴി ഒടുക്കുവാനും സാധിച്ചതോടെ ഓഫീസുകളിൽ കൈകാര്യം ചെയ്യുന്ന തുക വളരെയധികം കുറഞ്ഞിട്ടുണ്ട്. ബാധ്യതാ സർട്ടിഫിക്കറ്റുകൾ ഡിജിറ്റൽ ഒപ്പോടുകൂടി പൊതുജനങ്ങൾക്ക് ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം നിലവിൽവന്നതോടെ പൊതുജനങ്ങൾക്ക് ഓഫീസിൽ വരാതെയും ഇടനിലക്കാരുടെ സഹായമില്ലാതെയും സേവനം ലഭിക്കുന്നതാണ്. ആധാര രജിസ്ട്രേഷനായി ഓഫീസിൽ ഹാജരാകുന്നതിനുള്ള സമയം മുൻകൂട്ടി അറിയുന്നതിന് ഓൺലൈനായി ടോക്കൺ എടുക്കുന്നതിനും ഭൂമിയുടെ ന്യായവിലയുടെ അടിസ്ഥാനത്തിൽ മുദ്രയും ഫീസും കണക്കാക്കുന്നതിനും ആധാരത്തിന്റെ അത്യാവശ്യം വിവരങ്ങൾ ഓൺലൈനായി പരിശോധിക്കുന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്തിക്കൊണ്ട് ആധാര രജിസ്ട്രേഷൻ നടപടികൾ കൂടുതൽ സുതാര്യമാക്കിയിട്ടുണ്ട്.

(സി) രജിസ്ട്രേഷൻ വകുപ്പിൽനിന്നും ഓൺലൈൻ സേവനങ്ങൾ നൽകുന്ന പേൾ സോഫ്റ്റ്‍വെയറിൽ ജീവനക്കാർക്ക് പരിജ്ഞാനം നൽകുന്നതിനായി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ ജില്ലകളിലെ ഐ.എം.ജി. സെന്ററുകളിൽവച്ച് പരിശീലനം നൽകുന്നുണ്ട്. കൂടാതെ ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ പരിശീലന പരിപാടികൾ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് ഐ.എം.ജി.-കളിൽ എല്ലാ വർഷവും നടത്തിവരുന്നു. കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന നേമം രജിസ്ട്രേഷൻ കോംപ്ലക്സ് പൂർത്തിയാകുന്നതോടെ വകുപ്പിന് സ്വന്തമായി പരിശീലന കേന്ദ്രം ലഭ്യമാകുന്നതാണ്.

**രജിസ്ട്രേഷൻ വകുപ്പിൽ നടപ്പിലാക്കിയ പരിഷ്കാരങ്ങൾ**

131 (1327) <u>ശ്രീ. മുരളി പെരുനെല്ലി</u> :
<u>ശ്രീ. ഒ. ആർ. കേളു</u> :
<u>ശ്രീ. ഐ. ബി. സതീഷ്</u> :
<u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം രജിസ്ട്രേഷൻ വകുപ്പിൽ നടപ്പിലാക്കിയ പുതിയ പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) വകുപ്പിന്റെ കീഴിലുള്ള ഓഫീസുകൾ അഴിമതിരഹിതമാക്കുന്നതിന്റെ ഭാഗമായി ഫീസുകൾ ഇ-പേമെന്റായി സ്വീകരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) രജിസ്ട്രേഷൻ വകുപ്പിൽ നിലവിൽ ഏതെല്ലാം സേവനങ്ങളാണ് ഓൺലൈനിൽ ലഭ്യമാകുന്നത്;

(ഡി) കാലപ്പഴക്കംമൂലം നശിക്കുന്ന മുൻപ്രമാണങ്ങൾ സംരക്ഷിക്കുന്നതിന്റെ ഭാഗമായി ആധാര വിവരങ്ങൾ ഡിജിറ്റൽ രൂപത്തിലാക്കി സൂക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം രജിസ്ട്രേഷൻ വകുപ്പിൽ ബാദ്ധ്യതാ സർട്ടിഫിക്കറ്റിനുള്ള ഫീസ്, ആധാര രജിസ്ട്രേഷനുള്ള ഫീസ്, സ്പെഷ്യൽ മാര്യേജ് അപേക്ഷയ്ക്കുള്ള ഫീസ് എന്നിവ ഇ-പേമെന്റ് സംവിധാനത്തിലൂടെയും ഒരു ലക്ഷം രൂപയ്ക്കുമുകളിൽ മുദ്രവില വരുന്ന ഇടപാടുകൾക്ക് ഇ-സ്റ്റാമ്പിംഗ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) രജിസ്ട്രേഷൻ വകുപ്പിൽ ബാദ്ധ്യതാ സർട്ടിഫിക്കറ്റിനുള്ള ഫീസ്, ആധാര രജിസ്ട്രേഷനുള്ള ഫീസ്, സ്പെഷ്യൽ മാര്യേജ് അപേക്ഷയ്ക്കുള്ള ഫീസ് എന്നിവ ഇ-പേമെന്റ് സംവിധാനത്തിലൂടെ സ്വീകരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) ആധാരങ്ങളുടെ രജിസ്ട്രേഷൻ, ബാദ്ധ്യത/ബാദ്ധ്യതാ രഹിത സർട്ടിഫിക്കറ്റ്, സർട്ടിഫൈഡ് കോപ്പികൾ, സ്പെഷ്യൽ മാര്യേജുകൾക്കുള്ള അപേക്ഷ/നോട്ടീസ്, ലിസ്റ്റ് സർട്ടിഫിക്കറ്റ്, സൊസൈറ്റി രജിസ്ട്രേഷൻ, പാർട്ട്ണർഷിപ്പ് ഫേമുകളുടെ രജിസ്ട്രേഷൻ എന്നീ സേവനങ്ങൾ നിലവിൽ രജിസ്ട്രേഷൻ വകുപ്പിൽ ഓൺലൈനായി ലഭ്യമാകുന്നുണ്ട്.

(ഡി) സംസ്ഥാനത്തെ സബ്-രജിസ്ട്രാർ ആഫീസുകളിലെ കാലപ്പഴക്കമുള്ള രേഖകളെ ശാസ്ത്രീയമായി സംരക്ഷിച്ച് ഡിജിറ്റൈസ് ചെയ്ത് സൂക്ഷിക്കുന്നതിനുള്ള പദ്ധതി സി-ഡിറ്റുമായി ചേർന്ന് നടപ്പിലാക്കുന്നതിലേയ്ക്കായി രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. 10 വർഷംകൊണ്ട് പൂർത്തിയാക്കുവാൻ ഉദ്ദേശിക്കുന്ന പ്രസ്തുത പദ്ധതിക്കുവേണ്ടി 2018-19 സാമ്പത്തിക വർഷത്തിലേയ്ക്ക് 10 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

## ഇ-സ്റ്റാമ്പിംഗ് സംവിധാനം

132 (1328) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇ-സ്റ്റാമ്പിംഗ് സംവിധാനം പൂർത്തിയാക്കിയിട്ടുണ്ടോ; ഇത് സമ്പൂർണ്ണമായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇത് എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കുമോ;

(ബി) ഇ-സ്റ്റാമ്പിംഗ് ആരംഭിച്ചതോടെ വ്യാജമുദ്രപ്പത്രങ്ങളുടെ നിർമ്മാണം പൂർണ്ണമായും തടയാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ ഇപ്പോഴും ഇത്തരം തട്ടിപ്പുകൾ തുടരുന്നതിന് കാരണമെന്താണെന്ന് അറിയിക്കുമോ;

(സി) രജിസ്ട്രേഷൻ വകുപ്പിനെ ആധുനികവത്കരിക്കുന്നതിന് മറ്റെന്തെല്ലാം നടപടികൾ ആരംഭിച്ചിട്ടുണ്ട് എന്നറിയിക്കാമോ?

### ഉത്തരം

(എ) 1960-ലെ കേരള മുദ്രപത്ര നിയമത്തിൽ ചട്ടഭേദഗതി വരുത്തി സംസ്ഥാനത്ത് ഇ-സ്റ്റാമ്പിംഗ് നടപ്പിലാക്കിയിട്ടുണ്ട്. ഒരു ലക്ഷം രൂപയ്ക്ക് താഴെ മുദ്രവില ആവശ്യമായി വരുന്ന ഇടപാടുകൾക്ക് മുദ്രപ്പത്രങ്ങൾ ഉപയോഗിക്കാവുന്നതും

ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ മുദ്രവില വരുന്ന ഇടപാടുകൾക്ക് ഇ-സ്റ്റാമ്പിംഗ് സംവിധാനം ഉപയോഗിക്കുന്നതിനും ഉത്തരവായിരുന്നു. എന്നാൽ ഇ-സ്റ്റാമ്പിംഗ് സമ്പൂർണ്ണമായി നടപ്പിലാക്കുന്ന കാര്യത്തിൽ തീരുമാനമെടുത്തിട്ടില്ല.

(ബി) ഇ-സ്റ്റാമ്പിംഗ് ആരംഭിച്ചതോടെ വ്യാജമുദ്ര പത്രങ്ങളുടെ നിർമ്മാണം/ഉപയോഗം എന്നിവ സംബന്ധിച്ച റിപ്പോർട്ടുകളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) വകുപ്പിനെ ആധുനികവത്കരിക്കുന്നതിന്റെ ഭാഗമായി വിവിധ സേവനങ്ങൾ ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറ്റുകയുണ്ടായി. പൊതുജനങ്ങൾക്ക് ഓൺലൈനായി ബാദ്ധ്യത/ബാദ്ധ്യതരഹിത സർട്ടിഫിക്കറ്റ്, സർട്ടിഫൈഡ് കോപ്പികളുള്ള അപേക്ഷ, സ്പെഷ്യൽ മാര്യേജുകൾക്കുള്ള അപേക്ഷ/നോട്ടീസ്, ലിസ്റ്റ് സർട്ടിഫിക്കറ്റ്, സൊസൈറ്റി രജിസ്ട്രേഷൻ, പാർട്ട്ണർഷിപ്പ് ഫേമുകളുടെ രജിസ്ട്രേഷൻ തുടങ്ങിയവകൾക്കുള്ള അപേക്ഷകൾ സമർപ്പിക്കുന്നതിനും ഇ-പേയ്മെന്റ്, ഇ-സ്റ്റാമ്പിംഗ് മുഖേന ഫീസും മുദ്രയും ഒടുക്കുന്നതിനുള്ള സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്. ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾ ഓഫീസിൽ വരാതെതന്നെ അപേക്ഷകർക്ക് ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുകയുണ്ടായി. കൂടാതെ വസ്തു വിൽക്കുന്നയാൾക്കോ/വാങ്ങുന്നയാൾക്കോ ഇടനിലക്കാരുടെ സഹായമില്ലാതെ സ്വയം ആധാരം തയ്യാറാക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. സബ് രജിസ്ട്രാർ ഓഫീസുകളിലെ റിക്കാർഡ് മുറികളുടെ ആധുനീകരണത്തിന്റെ ഭാഗമായി എട്ട് ഓഫീസുകളിൽ കോംപാക്ടേഴ്സ് സ്ഥാപിച്ചു. എ 3 സൈസിലുള്ള 500 പേജുകൾ ഉൾക്കൊള്ളുന്ന പതിനാലായിരത്തോളം രജിസ്റ്റർ വാല്യങ്ങൾ ബൈൻഡ് ചെയ്യുകയുണ്ടായി. 56 ഓഫീസുകളിൽ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

**സബ് -രജിസ്ട്രാർ ഓഫീസുകളിൽ ഇന്റർനെറ്റ് തകരാർ**

133 (1329) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സബ്-രജിസ്ട്രാർ ഓഫീസുകളിൽ ഇന്റർനെറ്റ് സംവിധാനത്തിൽ പലപ്പോഴും തകരാർ സംഭവിക്കുന്നതുമൂലം ജനങ്ങൾക്ക് കൃത്യസമയത്ത് സേവനങ്ങൾ ലഭ്യമല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത വിഷയം പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സബ്-രജിസ്ട്രാർ ഓഫീസുകളിൽ നെറ്റ്‌വർക്ക് ലഭ്യമാക്കുന്നതിന് BSNL-ന്റെ ലീസ്ഡ് ലൈനുകളും KSWAN സംവിധാനവുമാണ് ഉപയോഗപ്പെടുത്തുന്നത്. ഇവയിലെ തകരാറുകൾ യഥാസമയം പരിഹരിക്കുന്നതിൽ ഉണ്ടാകുന്ന കാലതാമസമാണ് ഓൺലൈൻ പ്രവർത്തനങ്ങൾ താൽക്കാലികമായി മന്ദീഭവിക്കാൻ കാരണമായത്.

(ബി) സംസ്ഥാനത്തെ സബ് രജിസ്ട്രാർ ആഫീസുകളിലെ നെറ്റ്‌വർക്ക് സംവിധാനം ഇടയ്ക്കിടെ തടസ്സപ്പെടുന്നത് പരിഹരിക്കുന്നതിനുവേണ്ട അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അടിക്കടി തകരാർ റിപ്പോർട്ട് ചെയ്യപ്പെടുന്ന ഓഫീസുകളിൽ ലീസ്ഡ് ലൈനിന് പകരം ഒപ്റ്റിക്കൽ ഫൈബർ കണക്ഷൻ അടിയന്തരമായി ലഭ്യമാക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഡാറ്റാ സെന്ററിൽ സ്ഥാപിച്ചിരിക്കുന്ന രജിസ്ട്രേഷൻ സെർവറുകളുടെ ശേഷി കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. പുതിയ സെർവറുകൾ സ്ഥാപിച്ചുകഴിഞ്ഞാൽ സബ്-രജിസ്ട്രാർ ഓഫീസുകളുടെ പ്രവർത്തനത്തിനും പൊതുജനങ്ങൾക്കുള്ള സേവനങ്ങൾക്കുമുള്ള പബ്ലിക് പേൾ സംവിധാനം കൂടുതൽ കാര്യക്ഷമമാകുന്നതാണ്. എല്ലാ സബ് രജിസ്ട്രാർ ആഫീസുകളിലും ഓരോ ബാക്ക്അപ്പ് സർക്ക്യൂട്ടുകൾ ലഭ്യമാക്കുന്നതിനുള്ള സാധ്യതയും പരിശോധിച്ചുവരുന്നു.

**സബ്-രജിസ്ട്രാർ ഓഫീസുകളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത**

134 (1330) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സബ്-രജിസ്ട്രാർ ഓഫീസുകളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയും ശോചനീയാവസ്ഥയും കാരണം പൊതുജനങ്ങൾ പ്രത്യേകിച്ചും വൃദ്ധജനങ്ങൾ അനുഭവിക്കുന്ന കഷ്ടതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) രജിസ്ട്രേഷൻ നടപടികൾ ആധുനികവത്കരിക്കുന്നതോടൊപ്പം ഓഫീസുകളിലെ അടിസ്ഥാന സൗകര്യ വികസനത്തിനും കൂടി മുൻതൂക്കം കൊടുത്തുകൊണ്ടുള്ള വികസനപരിപാടികൾ ആസൂത്രണം ചെയ്യാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) രജിസ്ട്രേഷൻ വകുപ്പിലെ ആകെയുള്ള 315 സബ്-രജിസ്ട്രാർ ഓഫീസുകളിൽ 209 ഓഫീസുകൾ മാത്രമാണ് സർക്കാർവക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നത്. ഇവയിലെല്ലാം തന്നെ ജീവനക്കാർക്കും പൊതുജനങ്ങൾക്കും അവശ്യംവേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. സ്വകാര്യ വ്യക്തികളുടെയോ മറ്റ് സ്ഥാപനങ്ങളുടെയോ കെട്ടിടങ്ങളിൽ വാടകയ്ക്ക് പ്രവർത്തിക്കുന്ന ഓഫീസുകൾക്ക് രജിസ്ട്രേഷൻ വകുപ്പിന്റെ പ്രവർത്തനത്തിനനുസൃതമായ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയുണ്ട്. ഇവയ്ക്ക് കെട്ടിട നിർമ്മാണത്തിന് സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് അടിസ്ഥാന സൗകര്യമുള്ള കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## കൊല്ലം സബ്-രജിസ്ട്രാർ ഓഫീസ് കെട്ടിടം

135 (1331) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം സബ്-രജിസ്ട്രാർ ഓഫീസ് പ്രവർത്തിച്ചുവരുന്ന കെട്ടിടം പൊളിച്ചുമാറ്റി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) തിരുവിതാംകൂർ രാജഭരണ കാലയളവിലെ ചരിത്ര പാരമ്പര്യമുള്ളതും വാസ്തുശിൽപഭംഗിയുള്ളതുമായ പ്രസ്തുത കെട്ടിടം പൊളിച്ചുമാറ്റുന്നതിനുള്ള നീക്കം ഉപേക്ഷിച്ച് സംരക്ഷിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) ഇക്കാര്യം പരിഗണനയിലില്ല.

## പരപ്പനങ്ങാടി രജിസ്ട്രാർ ഓഫീസിന്റെ നവീകരണ പ്രവൃത്തി

136 (1332) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ പരപ്പനങ്ങാടി രജിസ്ട്രാർ ഓഫീസിന്റെ നവീകരണ പ്രവൃത്തി ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നവീകരണ പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) പരപ്പനങ്ങാടി സബ്- രജിസ്ട്രാർ ഓഫീസ് ഉൾപ്പെടെ 52 ഓഫീസുകൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ കെട്ടിട നിർമ്മാണ പ്രവൃത്തികളുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി നിയമിച്ചിട്ടുണ്ട്. നിർമ്മാണം തുടങ്ങുന്നതിനുള്ള പ്രാരംഭ പ്രവൃത്തികൾ നടന്നുവരുന്നു.

**കുഴുപ്പിള്ളി സബ് രജിസ്ട്രാർ ഓഫീസ് നിർമ്മാണം**

137 (1333) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിലെ കുഴുപ്പിള്ളി സബ് രജിസ്ട്രാർ ഓഫീസ് നിർമ്മാണത്തിന് അനുമതി നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ എന്നത്തേയ്ക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിലെ കുഴുപ്പിള്ളി സബ് രജിസ്ട്രാർ ഓഫീസ് ഉൾപ്പെടെ 52 ഓഫീസുകളുടെ കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ കെട്ടിട നിർമ്മാണ പ്രവൃത്തികളുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി നിയമിച്ചിട്ടുണ്ട്. നിർമ്മാണം തുടങ്ങുന്നതിനുള്ള പ്രാരംഭ പ്രവൃത്തികൾ നടന്നുവരുന്നു.

**നിലമ്പൂർ-നഞ്ചൻഗോഡ് റെയിൽപ്പാത**

138 (1334) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ-നഞ്ചൻഗോഡ് റെയിൽപ്പാത പരിഗണനയിലുണ്ടോ; 2016-2017-ലെ കേന്ദ്ര റെയിൽവേ ബഡ്ജറ്റിൽ എക്സ്ട്രാ ബഡ്ജറ്ററി റിസോഴ്സ് ഉപയോഗിച്ച് നിർമ്മിക്കേണ്ട പാതകളുടെ പട്ടികയിൽ നിലമ്പൂർ-നഞ്ചൻഗോഡ് പാതയും ഉൾപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പാതയുടെ നിർമ്മാണത്തിന് പ്രതീക്ഷിക്കുന്ന തുക എത്രയാണ്; ഈ തുകയിൽ കേന്ദ്രവും കേരളവും കർണ്ണാടകയും വഹിക്കേണ്ട ചെലവുകൾ എത്ര വീതമാണ്;

(സി) നിലമ്പൂർ-നഞ്ചൻഗോഡ് പാതക്ക് പൊതുകടമെടുപ്പിലൂടെ എത്രയെങ്കിലും തുക സമാഹരിക്കേണ്ടതുണ്ടോ; ഈ തുക ആരാണ് സമാഹരിക്കേണ്ടത്; ഇങ്ങനെ സമാഹരിക്കുന്ന തുക തിരിച്ചടക്കേണ്ടത് ആരാണ്; വിശദമാക്കാമോ;

(ഡി) നിലമ്പൂർ-നഞ്ചൻഗോഡ് റയിൽവേ പാതയുടെ ഫൈനൽ ലൊക്കേഷൻ സർവ്വേ നടത്തേണ്ടത് ആരുടെ ഉത്തരവാദിത്വമാണ്; സംയുക്ത സംരംഭമെന്ന നിലയ്ക്ക് സംസ്ഥാന സർക്കാർ മാത്രമാണോ ഈ പാതയുടെ സർവ്വേയ്ക്കായി പണം മുടക്കേണ്ടത്;

(ഇ) മറ്റൊരു സംസ്ഥാനത്തിൽ കൂടെ കടന്ന് പോകുന്ന റെയിൽവേ പദ്ധതിയെന്ന നിലയ്ക്ക് സർവ്വേ നടത്തുന്നതിന് കർണ്ണാടക സംസ്ഥാനവും കേന്ദ്രവും അനുമതി നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) നിലമ്പൂർ-നഞ്ചൻഗോഡ് റെയിൽപാത പരിഗണനയിലുണ്ട്. 2016-17-ലെ കേന്ദ്ര റെയിൽവേ ബഡ്ജറ്റിൽ എക്സ്ട്രാ ബഡ്ജറ്ററി റിസോഴ്സ് ഉപയോഗിച്ച് നിർമ്മിക്കേണ്ട പാതകളുടെ പട്ടികയിൽ നിലമ്പൂർ - നഞ്ചൻഗോഡ് പാതയും ഉൾപ്പെട്ടിട്ടുണ്ട്.

(ബി-ഡി) നിലമ്പൂർ-നഞ്ചൻഗോഡ് റെയിൽ പാതയുടെ ഫൈനൽ ലൊക്കേഷൻ സർവ്വേ നടത്തേണ്ടത് സംയുക്ത സംരംഭമായ കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡാണ്. പദ്ധതിയുടെ പ്രാരംഭ പഠനം തുടങ്ങാനിരിക്കുകയാണ്. 5500 കോടിയോളം രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഈ പാതയുടെ നിർമ്മാണത്തിനാവശ്യമായ തുക പൊതുകടമെടുപ്പ് മുഖേനയോ, കേന്ദ്രവും കേരളവും കർണാടകവും കൂടിയോ വഹിക്കേണ്ടിവരുമെന്ന് പ്രതീക്ഷിക്കുന്നു. പഠനശേഷമേ കൃത്യമായ പദ്ധതി ചെലവും ആയതിലേയ്ക്ക് ആവശ്യമായ തുകയും എങ്ങനെ കണ്ടെത്താം എന്ന കാര്യത്തിൽ വ്യക്തത വരികയുള്ളൂ.

(ഇ) മറ്റൊരു സംസ്ഥാനത്തിലൂടെയും വനത്തിലൂടെയും കടന്നുപോകുന്ന റെയിൽവേ പദ്ധതിയെന്ന നിലയ്ക്ക് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം, നാഷണൽ ബോർഡ് ഓഫ് വൈൽഡ്ലൈഫ് സ്റ്റാൻഡിംഗ് കമ്മിറ്റി, ദേശീയ കടുവാ സംരക്ഷണ അതോറിറ്റി എന്നിവയുടെ അനുമതിയും ഓൺലൈൻ അപേക്ഷ

സമർപ്പിക്കുന്നതിനുള്ള പ്രാഥമിക സർവ്വേ, വിശദമായ സർവ്വേ എന്നിവ നടത്തുന്നതിനുള്ള അനുമതിക്കായും കേന്ദ്ര, കർണ്ണാടക സർക്കാരുകൾക്ക് കത്തുകൾ നൽകിയിട്ടുണ്ട്. അനുമതി ലഭിച്ചിട്ടില്ല.

## കായംകുളം-കൃഷ്ണപുരം-മാമ്പ്രകന്നേൽ റെയിൽവേ ഓവർബ്രിഡ്ജ്

139 (1335) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം-കൃഷ്ണപുരം-മാമ്പ്രകന്നേൽ റെയിൽവേ ഓവർ ബ്രിഡ്ജിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട പദ്ധതിയുടെ നിലവിലുള്ള പുരോഗതി വിശദമാക്കാമോ?

### ഉത്തരം

10-7-2017-ലെ സ.ഉ. (സാധാ.)നമ്പർ 942/2017/പൊ.മ.വ പ്രകാരം ടി പദ്ധതിക്ക് 60 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ആർ.ബി.ഡി.സി.കെ.-യെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി നിയമിക്കുകയും ചെയ്തിട്ടുണ്ട്. വിശദമായ സർവ്വേ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. പദ്ധതിക്കുവേണ്ട വിശദമായ പദ്ധതി രേഖ തയ്യാറാക്കി ഒരു മാസത്തിനകം കിഫ്ബിക്ക് സമർപ്പിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## പരപ്പനങ്ങാടി ചെട്ടിപ്പടി റെയിൽവേ ഓവർബ്രിഡ്ജിന്റെ നിർമ്മാണം

140 (1336) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ പരപ്പനങ്ങാടി ചെട്ടിപ്പടി റെയിൽവേ ഓവർബ്രിഡ്ജിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് എന്തെങ്കിലും നടപടിക്രമങ്ങൾ ബാക്കിയുണ്ടോയെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) 24-5-2017-ലെ സ.ഉ. (സാധാ.) നമ്പർ 698/2017/പൊ.മ.വ. പ്രകാരം ടി പദ്ധതിക്ക് 32.60 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദമായ പദ്ധതിരേഖ കിഫ്ബിക്ക് സമർപ്പിച്ച് 30.20 കോടി രൂപയുടെ അനുമതിയും നൽകിയിട്ടുണ്ട്.

(ബി) ഭൂമി ഏറ്റെടുക്കുന്നതിനുള്ള റിക്വിസിഷൻ മലപ്പുറം ജില്ലാ കളക്ടർക്ക് 24-8-2017-ന് സമർപ്പിച്ചിട്ടുണ്ട്. റെയിൽവേ ഭാഗത്തിന്റെ ജി.എ.ഡി. റെയിൽവേയുടെ അംഗീകാരത്തിനായി 26-9-2017-ന് സമർപ്പിച്ചിട്ടുണ്ട്. ഭൂമി ലഭ്യമായശേഷം ടെണ്ടർ നടപടികൾ ആരംഭിക്കുവാൻ കഴിയും.

## ഇടുക്കി നിയോജകമണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

141 (1337) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഇടുക്കി നിയോജകമണ്ഡലത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണ്;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഇടുക്കി നിയോജകമണ്ഡലത്തിൽ നിന്ന് ഏതെല്ലാം സ്കൂളുകൾക്കുള്ള പ്രൊപ്പോസലുകൾ സമർപ്പിക്കപ്പെട്ടുവെന്നും ഏതെല്ലാം പ്രൊപ്പോസലുകൾക്ക് അംഗീകാരം നൽകിയെന്നും വിശദമാക്കാമോ;

(സി) ഇതിനോടകം ഭരണാനുമതി നൽകിയിട്ടുള്ള പദ്ധതികളുടെ പ്രവർത്തനപുരോഗതി വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇടുക്കി നിയോജകമണ്ഡലത്തിൽനിന്നും ഒരു സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കുന്നതിന് കിഫ്ബിയുടെ അഞ്ചുകോടി രൂപ ധനസഹായവും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് കിഫ്ബിയുടെ മൂന്നുകോടി രൂപ ധനസഹായ പദ്ധതിയും നടപ്പിലാക്കുന്നുണ്ട്. എട്ടുമുതൽ 12 വരെയുള്ള ക്ലാസ് മുറികൾ ഹൈടെക് ആക്കുന്നതിന്റെ ഭാഗമായി ഇടുക്കി നിയോജകമണ്ഡലത്തിൽനിന്നും തെരഞ്ഞെടുത്ത 56 സ്കൂളുകളുടെ 369 ക്ലാസ് മുറികളിൽ 316 ക്ലാസ് മുറികളിലേയ്ക്കുള്ള ഉപകരണ വിതരണം പൂർത്തിയായിട്ടുണ്ട്.

(ബി & സി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഇടുക്കി നിയോജകമണ്ഡലത്തിലെ മുരിക്കാട്ടുകുടി ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിന്റെ പുനരുദ്ധാരണത്തിന് കിഫ്ബിയുടെ അഞ്ചുകോടി രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. ഇതിന്റെ ടെണ്ടർ നടപടികൾ പൂർത്തിയായിവരുന്നു. കിഫ്ബിയുടെ മൂന്നുകോടി രൂപ ധനസഹായ പദ്ധതിക്കായി ഡി.പി.ആർ. സമർപ്പിച്ച ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ, പണിക്കൻകുടിയുടെ പ്രൊപ്പോസൽ സർക്കാർ പരിഗണനയിലാണ്.

**പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം**

142 (1338) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കെട്ടിടം നിർമ്മിക്കുന്നതിന് തലശ്ശേരി നിയോജകമണ്ഡലത്തിലെ ഗവൺമെന്റ് എൽ.പി. സ്കൂൾ തലശ്ശേരിക്ക് 4-12-2017-ന് 100 ലക്ഷം രൂപ അനുവദിച്ചുകൊണ്ടുള്ള ഭരണാനുമതി ലഭ്യമായിട്ടുണ്ടെങ്കിലും ആയതിന്റെ നിർമ്മാണ പ്രവൃത്തി ഇതുവരെയും ആരംഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ കാരണം എന്താണെന്നും നിർമ്മാണ പ്രവൃത്തി എന്നാരംഭിക്കാനാകുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

**ചലഞ്ച് ഫണ്ട്**

143 (1339) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വികസന പരിപാടിയുടെ ഭാഗമായി പൊതു വിദ്യാഭ്യാസ മേഖലയിലെ സ്വകാര്യ സ്ഥാപനങ്ങൾക്കുള്ള ചലഞ്ച് ഫണ്ട് സംബന്ധിച്ച് എന്തൊക്കെ തീരുമാനങ്ങളാണ് വിദ്യാഭ്യാസ വകുപ്പ് എടുത്തിട്ടുള്ളത്; ഈ ഫണ്ട് അനുവദിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഈ പദ്ധതി പ്രകാരം സഹായധനം നൽകിയിട്ടുള്ള സ്ഥാപനങ്ങളുടെ ലിസ്റ്റ്, അനുവദിച്ച തുക എന്നിവയുടെ വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) 2017-18 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് പ്രസംഗത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലെ നാലാമത്തെ പദ്ധതിയായി ഉൾക്കൊള്ളിച്ചിട്ടുള്ളത് എയ്ഡഡ് സ്കൂളുകൾക്ക് നൽകാവുന്ന ചലഞ്ച് ഫണ്ടാണ്. സ്കൂൾ മാനേജ്മെന്റ്/സ്കൂൾ സംരക്ഷണ സമിതി നിക്ഷേപിക്കുന്ന തുകയ്ക്ക് ആനുപാതികമായി പരമാവധി ഒരു കോടി രൂപവരെ പ്രസ്തുത പദ്ധതിയിലൂടെ നൽകുവാനാണ് ഉദ്ദേശിക്കുന്നത്.

എയ്ഡഡ് സ്കൂളുകൾക്കുള്ള ചലഞ്ച് ഫണ്ട് പദ്ധതിക്കായി പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. *

(ബി) ഇതുവരെ ഒരു സ്കൂളിനും ധനസഹായം നൽകിയിട്ടില്ല.

## മുല്ലശ്ശേരി ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കാൻ നടപടി

144 (1340) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകൾ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ എന്തെല്ലാം നിർമ്മാണ പ്രവൃത്തികളാണ് നടത്തുന്നത്;

(ബി) നിർമ്മാണ പ്രവൃത്തികളുടെ ആകെ അടങ്കൽ തുക എത്രയാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടോയെന്നും എപ്പോൾ പൂർത്തീകരിക്കണമെന്നത് സംബന്ധിച്ച് നിർദ്ദേശം നൽകിയിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ കിഫ്ബിയുടെ അഞ്ചുകോടി രൂപ ധനസഹായത്തിലുൾപ്പെടുത്തി സ്കൂളിന്റെ പുനരുദ്ധാരണമാണ് നടത്തുന്നത്.

(ബി) ഡി.പി.ആർ. പ്രകാരം 5.12 കോടി (അഞ്ചുകോടി പന്ത്രണ്ട് ലക്ഷം രൂപ മാത്രം) രൂപയ്ക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. ആയതിന് 4.95 കോടി (നാലുകോടി തൊണ്ണൂറ്റഞ്ച് ലക്ഷം രൂപ മാത്രം) രൂപയാണ് കിഫ്ബി അനുവദിച്ചിട്ടുള്ളത്.

(സി) നിർമ്മാണത്തിനായി ശ്രീശൈലം ജെ.വി, ജ്യോതി സ്വരൂപ മിത്തൽ എന്നിവർക്കാണ് കോൺട്രാക്ട് അവാർഡ് ചെയ്തിട്ടുള്ളത്. 2019 വർഷത്തിൽ പൂർത്തിയാക്കുന്നതിനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**സർക്കാർ സ്കൂളുകളിൽ ലാബുകൾ**

145 (1341) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളുകളുടെ ലാബുകളും ലൈബ്രറികളും വിപുലീകരിക്കുന്നതിന് ഭരാണാനുമതി ലഭിച്ച പ്രവൃത്തികളുടെ ടെണ്ടർ നടപടി വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) എപ്പോൾ ഈ പ്രവൃത്തികൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) സർക്കാർ സ്കൂളുകളിലെ ലബോറട്ടറികളുടെയും ലൈബ്രറികളുടെയും നവീകരണത്തിനായി Kerala Infrastructure and Technology for Education (KITE)-നെ ചുമതലപ്പെടുത്തുകയും സംസ്ഥാനത്തെ 38 സ്കൂളുകളിൽ ലബോറട്ടറികളും ലൈബ്രറികളും പുതിയ കെട്ടിടം ആവശ്യമുണ്ടെങ്കിൽ ആയത് ഉൾപ്പെടെ ഏത് രീതിയിൽ നവീകരണ പ്രവർത്തനങ്ങൾ നടത്തുവാൻ സാധിക്കും എന്നത് സംബന്ധിച്ച് വിശദമായ പ്രൊപ്പോസൽ ലഭ്യമാക്കുവാൻ KITE-നോട് നിർദ്ദേശിച്ചിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം**

146(1342) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി എയ്ഡഡ് മേഖലയിലെ സ്കൂളുകളുടെ വികസനത്തിന് എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) സർക്കാർ/എയ്ഡഡ് മേഖലയിലെ സ്കൂളുകളിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം നടപ്പാക്കിത്തുടങ്ങിയതിന്റെ ഗുണഫലങ്ങൾ എന്തൊക്കെ എന്ന് അറിയാൻ കഴിഞ്ഞിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഈ അക്കാഡമിക് വർഷം ഈ മേഖലയിൽ എത്ര മാത്രം കുട്ടികളുടെ എണ്ണം വർദ്ധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പൊതുവിദ്യാഭ്യാസ മേഖലയുടെ ഉന്നതിക്കായി വേറെ എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) എയ്ഡഡ് മേഖലയിലെ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ചാലഞ്ച് ഫണ്ട് എന്ന പദ്ധതി പ്രാബല്യത്തിൽ വരുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ക്ലാസ് മുറികൾ ഹൈടെക് ആക്കുന്ന പദ്ധതിയുടെ ഭാഗമായി ഉപകരണങ്ങൾ എയ്ഡഡ് സ്കൂളുകൾക്കും നൽകിവരുന്നുണ്ട്. അക്കാദമിക മികവിനായി അക്കാദമിക് മാസ്റ്റർപ്ലാൻ തയ്യാറാക്കി തുടർ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കും.

(ബി) കഴിഞ്ഞിട്ടുണ്ട്. അക്കാദമിക മികവിനായി എല്ലാ വിദ്യാലയങ്ങളും അക്കാദമിക് മാസ്റ്റർപ്ലാൻ തയ്യാറാക്കിക്കഴിഞ്ഞു. അത് പ്രായോഗികമാക്കാനുള്ള ആക്ഷൻപ്ലാൻ എല്ലാ വിദ്യാലയങ്ങളിലും ഉടൻ ആരംഭിക്കും. അതിന്റെ ഭാഗമായി ഗുണമേന്മയുള്ള വിദ്യാഭ്യാസം, കുട്ടികളുടെ പഠനനേട്ടം, തുല്യത എന്നിവയാണ് ഗുണഫലങ്ങൾ. കഴിഞ്ഞ അദ്ധ്യയന വർഷം കുട്ടികൾ അധികമായി പൊതുവിദ്യാഭ്യാസ മേഖലയിലേയ്ക്ക് എത്തിച്ചേർന്നിരുന്നു. എന്നാൽ ഈ വർഷം കൃത്യമായ കണക്ക് അറിയണമെങ്കിൽ ആറാം പ്രവർത്തി ദിവസത്തെ കണക്കുകൾ ലഭ്യമായാൽ മാത്രമേ വ്യക്തമാക്കാനാകൂ.

(സി) പൊതുവിദ്യാഭ്യാസ മേഖലയുടെ ഉന്നതിക്കായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

1. സ്കൂൾ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ
2. ജൈവ വൈവിദ്ധ്യ പാർക്കുകൾ, ഓട്ടിസം പാർക്കുകൾ
3. സ്പോർട്സ്, ആർട്സ് ആക്ടിവിറ്റിക്കുള്ള പദ്ധതികൾ
4. അക്കാദമിക മികവ് കൈവരിക്കുന്നതിനായി 'ഗണിതവിജയം', 'ലിറ്റിൽ ഗലീലിയോ' തുടങ്ങിയ പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.
5. ഭാഷാപഠനത്തിന്റെ ഉന്നതിക്കായി 'ഹലോ ഇംഗ്ലീഷ്', 'മലയാളത്തിളക്കം', 'സുരീലി ഹിന്ദി' പദ്ധതികൾ.
6. സർഗ്ഗവാസനകൾ പരിപോഷിപ്പിക്കുന്നതിനായി ടാലന്റ് ലാബ്.
7. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കാനായി 'ശ്രദ്ധ', 'നവപ്രഭ' തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

**പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം**

147(1343) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ക്ലാസ്സ് മുറികൾ ഹൈടെക് ആക്കുന്ന പദ്ധതികളുമായി സർക്കാർ മുന്നോട്ട് പോകുമ്പോൾ മിക്ക എയ്ഡഡ് സ്കൂളുകളും ആവശ്യമായ ഭൗതിക സാഹചര്യം ഒരുക്കുന്നതിന് അലംഭാവം കാട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ വിഷയത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

**പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം**

148(1344) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ആരംഭിച്ചതിനു ശേഷം പൊതുവിദ്യാലയങ്ങളിൽ ചേർക്കുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനം വർദ്ധനവാണ് രേഖപ്പെടുത്തിയിട്ടുള്ളത്;

(ബി) ഈ പദ്ധതി ആരംഭിച്ചതിനുശേഷം പൊതുവിദ്യാലയങ്ങളിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക് നിരക്കിലുണ്ടായ വ്യത്യാസം എപ്രകാരമാണെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) കൊഴിഞ്ഞുപോകുന്ന വിദ്യാർത്ഥികളെ വിദ്യാലയങ്ങളിൽ തിരികെയെത്തിക്കുന്നതിന് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

ഉത്തരം

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ആരംഭിച്ചതിനുശേഷം പൊതുവിദ്യാലയങ്ങളിൽ ചേർക്കുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2016-17 അദ്ധ്യയന വർഷത്തെ അപേക്ഷിച്ച് 2017-18 അദ്ധ്യയന വർഷത്തിൽ ഏകദേശം നാല് ശതമാനത്തിന്റെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(ബി) പരിശോധിച്ചിട്ടുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു. കഴിഞ്ഞ അഞ്ചുവർഷത്തെ കൊഴിഞ്ഞുപോക്ക് സംബന്ധിച്ച കണക്കുകൾ ചുവടെ ചേർക്കുന്നു:

| വർഷം | കൊഴിഞ്ഞുപോക്ക് ശതമാനത്തിൽ |
|---|---|
| 2012 - 2013 | 0.48 |
| 2013 - 2014 | 0.27 |
| 2014 - 2015 | 0.34 |
| 2015 - 2016 | 0.22 |
| 2016 - 2017 | 0.20 |

(സി) കൊഴിഞ്ഞുപോക്ക് തടയുന്നതിന് പ്രാദേശികമായ നടപടികൾ അതാത് വിദ്യാഭ്യാസ ഓഫീസർമാരുടെയും എസ്.എസ്.എ.യുടെയും നേതൃത്വത്തിൽ സ്വീകരിച്ചിട്ടുണ്ട്.

**പൊതുവിദ്യാഭ്യാസ യജ്ഞം**

149(1345) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ യജ്ഞം നടപ്പിലാക്കുകവഴി ഹൈസ്കൂൾ, ഹയർസെക്കൻഡറി തലത്തിലുള്ള എല്ലാ ക്ലാസ്സ് മുറികളും ഹൈടെക് ക്ലാസ്സ് മുറികളായി മാറ്റി പഠന പ്രവർത്തനങ്ങൾക്ക് പുതിയ മാനം നൽകുന്നതിന് കഴിഞ്ഞിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഈ വർഷം പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്ക് കൂടുതൽ കുട്ടികളെ ആകർഷിക്കുന്നതിന് ഈ പദ്ധതി നടപ്പിലാക്കിയതുമൂലം കഴിഞ്ഞിട്ടുണ്ടോ ;

(സി) ഈ യജ്ഞത്തിന്റെ ഭാഗമായി അക്കാഡമിക് രംഗത്ത് നടപ്പിലാക്കിയ മാറ്റങ്ങൾ എന്തൊക്കെയാണ്; അദ്ധ്യാപകർക്ക് ഏതൊക്കെ തരത്തിലുള്ള പരിശീലനമാണ് ഇതിന്റെ ഭാഗമായി നൽകിയതെന്ന് അറിയിക്കുമോ;

(ഡി) ഇംഗ്ലീഷ് ഭാഷാപഠനത്തിന് പ്രാധാന്യം നൽകുന്നതിനുവേണ്ടി എല്ലാ ജില്ലകളിലും ജില്ലാതല ഇംഗ്ലീഷ് പഠനകേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി ഓരോ ക്ലാസ്സിലേയ്ക്കും ലാപ്ടോപ്പ് കമ്പ്യൂട്ടർ, സീലിംഗിൽ ഉറപ്പിച്ചിട്ടുള്ള മൾട്ടിമീഡിയ പ്രൊജക്ടർ, പ്രൊജക്ഷൻ സ്ക്രീൻ, യു.എസ്.ബി. സ്പീക്കർ, ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് തുടങ്ങിയ സൗകര്യങ്ങളും സ്കൂളിന് പൊതുവായി കമ്പ്യൂട്ടർ ലാബ്, ടി.വി., മൾട്ടി ഫംഗ്ഷൻ പ്രിന്റർ, ക്ലാസ് മുറികളെ തമ്മിൽ ബന്ധിപ്പിക്കുന്ന നെറ്റ്‌വർക്കിംഗ് സംവിധാനം, ഐ.സി.ടി. അധിഷ്ഠിത പഠന പ്രവർത്തനങ്ങൾക്ക് അനുയോജ്യമായ പഠന വിഭവങ്ങൾ ലഭ്യമാക്കുന്നതിന് 'സമഗ്ര' വിഭവ പോർട്ടൽ, അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും പ്രത്യേക പരിശീലനം തുടങ്ങിയവയാണ് ലഭ്യമാക്കുന്നത്. പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളായും അന്താരാഷ്ട്ര നിലവാരത്തിലേയ്ക്കും എത്തിക്കുന്നതിനായി സർക്കാർ നടപ്പിലാക്കുന്ന പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായുള്ള ഹൈടെക് സ്കൂൾ പദ്ധതിയിലൂടെ കുട്ടികൾക്കും അദ്ധ്യാപകർക്കും ഡിജിറ്റൽ പഠന വിഭവങ്ങളും ഇന്റർനെറ്റ് സാധ്യതകളും പ്രയോജനപ്പെടുത്തി പഠന-ബോധന പ്രക്രിയ ലളിതവും ആസ്വാദ്യകരവുമാക്കുന്നതിന് സഹായകമായിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഡിജിറ്റൽ വിഭവങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ട് പഠന-ബോധന പ്രക്രിയ ഫലപ്രദമായി നടപ്പിലാക്കുന്നതിന് എല്ലാ ഹൈസ്കൂൾ, ഹയർ സെക്കൻഡറി അദ്ധ്യാപകർക്കും അവരവരുടെ വിഷയത്തിൽ നാലുദിവസത്തെ പ്രത്യേക ഐ.സി.ടി പരിശീലനം 'സമഗ്ര' വിഭവ പോർട്ടലിന്റെ സഹായത്തോടെ ലഭ്യമാക്കിയിട്ടുണ്ട്. ഓരോ സ്കൂളിന്റെയും സമഗ്ര വികസനത്തിനായി ജനപങ്കാളിത്തത്തോടുകൂടിയ മാസ്റ്റർപ്ലാൻ തയ്യാറാക്കി തുടർനടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ മോണിറ്ററിംഗ് ശക്തമാക്കിയും മൂല്യനിർണ്ണയം കുറ്റമറ്റതാക്കിയും പഠനം ഉറപ്പാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരികയാണ്. എസ്.സി.ഇ.ആർ.റ്റി., എസ്.എസ്.എ., ആർ.എം.എസ്.എ.യുടെ നേതൃത്വത്തിൽ ഒന്നു മുതൽ പത്താം തരംവരെ എല്ലാ അദ്ധ്യാപകർക്കും വിഷയാടിസ്ഥാനത്തിൽ പരിശീലനവും നൽകിയിട്ടുണ്ട്.

(ഡി) ഉണ്ട്. എല്ലാ ജില്ലകളിലും ഡയറ്റ് കേന്ദ്രീകരിച്ച് ജില്ലാതല ഇംഗ്ലീഷ് പഠനകേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

## വിദ്യാഭ്യാസമേഖലയിലെ മാറ്റങ്ങൾ

150(1346) ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ മേഖലയിൽ പുതിയതായി കോളേജുകൾ, പോളിടെക്നിക് കോളേജുകൾ, എഞ്ചിനീയറിംഗ് കോളേജുകൾ, മെഡിക്കൽ കോളേജുകൾ എന്നിവ ആരംഭിക്കണമെന്ന നിർദ്ദേശം സർക്കാർ മുമ്പാകെയുണ്ടോ; ഉണ്ടെങ്കിൽ കൈക്കൊള്ളാനുദ്ദേശിക്കുന്ന നടപടികൾ വിശദീകരിക്കാമോ;

(ബി) ഏത് ജില്ലയിൽ ഏത് സ്ഥലത്താണ് പുതിയ കോളേജുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഹയർ സെക്കൻഡറി വിദ്യാഭ്യാസം അടിസ്ഥാന വിദ്യാഭ്യാസത്തിന്റെ ഭാഗമാക്കാനും പൊതുപരീക്ഷ പത്താം ക്ലാസ്സിന് പകരം പ്ലസ് ടു തലത്തിൽ മാത്രമാക്കാനുമുള്ള നിർദ്ദേശം സർക്കാർ മുമ്പാകെയുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) അങ്കണവാടികളെ സർക്കാർ എയ്ഡഡ് എൽ.പി. സ്കൂളുകളുടെ ഭാഗമാക്കണമെന്ന നിർദ്ദേശം സർക്കാർ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ & ബി) 2018-19 അദ്ധ്യയന വർഷം കാസർഗോഡ് ജില്ലയിലെ കിനാനൂർ, പാലക്കാട് ജില്ലയിലെ തരൂർ, ഇടുക്കി ജില്ലയിലെ ശാന്തൻപാറ എന്നിവിടങ്ങളിൽ സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജുകൾ ആരംഭിക്കുമെന്ന് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ആയതിനാൽ കാസർഗോഡ് ജില്ലയിലെ കിനാനൂർ, പാലക്കാട് ജില്ലയിലെ തരൂർ എന്നിവിടങ്ങളിൽ കോളേജുകൾ അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) ഇല്ല.

(സി) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

## ദിവസവേതനാടിസ്ഥാനത്തിൽ അദ്ധ്യാപകരുടെ നിയമനം

151(1347) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്ത അദ്ധ്യയന വർഷം എയ്ഡഡ് സ്കൂളുകളിൽ 30 ദിവസത്തിലേറെ ദൈർഘ്യമുള്ള ഒഴിവുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത അദ്ധ്യാപകരുടെ യോഗ്യത നിശ്ചയിച്ചിട്ടുണ്ടോ; കെ-ടെറ്റ് യോഗ്യതയുള്ളവർക്ക് മുൻഗണന നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ; ദിവസവേതനമായി എന്ത് തുകയാണ് നൽകുവാൻ ഉദ്ദേശിക്കുന്നത്;

(സി) ഒരേ മാനേജ്മെന്റിൽ താല്ക്കാലികമായി പുനർവിന്യസിക്കപ്പെട്ട സംരക്ഷിത അദ്ധ്യാപകരെ 180 ദിവസത്തിലധികംവരുന്ന ഒഴിവുകളിലേയ്ക്ക് നിയമിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) 2018-19 അദ്ധ്യയന വർഷത്തേയ്ക്ക് അനുമതി നൽകിയിട്ടുണ്ട്.

(ബി) സ്ഥിരം അദ്ധ്യാപക നിയമനങ്ങൾക്കുള്ള യോഗ്യതയെല്ലാം ദിവസവേതനാടിസ്ഥാനത്തിലുള്ള നിയമനങ്ങൾക്കും ബാധകമാണ്. കെ-ടെറ്റ് യോഗ്യത നേടിയവർ/നിലവിലുള്ള സർക്കാർ നിർദ്ദേശങ്ങൾ പ്രകാരം കെ-ടെറ്റ് പാസ്സാകുന്നതിൽനിന്നും ഇളവ് അനുവദിച്ചിട്ടുള്ളവർ എന്നിവരെയാണ് ദിവസവേതനാടിസ്ഥാനത്തിലും നിയമിക്കേണ്ടതെന്നും അങ്ങനെയുള്ളവരുടെ അഭാവത്തിൽ മാത്രം കെ-ടെറ്റ് യോഗ്യതയില്ലാത്തവരെ നിയമിക്കാവുന്നതാണെന്നും ഇത്തരം സന്ദർഭങ്ങളിൽ മേൽയോഗ്യതയുള്ളവരുടെ അഭാവം സംബന്ധിച്ച് ഡിക്ലറേഷൻ, മാനേജർ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർ മുമ്പാകെ ഹാജരാക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. 28-4-2017-ലെ ജി.ഒ.(പി) നമ്പർ 56/2017/ധന. പ്രകാരം ദിവസവേതനാടിസ്ഥാനത്തിൽ നിയമിതരാകുന്ന പ്രൈമറി സ്കൂൾ അദ്ധ്യാപകർക്ക് പ്രതിദിനം 895 രൂപയും (പ്രതിമാസം പരമാവധി 25,900 രൂപ) ഹൈസ്കൂൾ ടീച്ചർക്ക് പ്രതിദിനം 1025 രൂപയും (പ്രതിമാസം പരമാവധി 29,700 രൂപ) പാർട്ട്-ടൈം ഹൈസ്കൂൾ ഭാഷാദ്ധ്യാപകർക്ക് പ്രതിദിനം 710 രൂപയും (പ്രതിമാസം പരമാവധി 19,850 രൂപ), പ്രൈമറി സ്കൂൾ പാർട്ട്-ടൈം ഭാഷാദ്ധ്യാപകർക്ക് 685 രൂപയും (പ്രതിമാസം പരമാവധി 18,450 രൂപ) വേതനമായി അനുവദിക്കാവുന്നതാണ്.

(സി) 180 ദിവസം മുതൽ ഒരു അക്കാദമിക വർഷത്തിൽ താഴെവരെ ദൈർഘ്യമുള്ള ഒഴിവുകളിലേയ്ക്ക് പ്രസ്തുത മാനേജ്മെന്റിൽ താൽക്കാലികമായി പുനർവിന്യസിക്കപ്പെട്ട സംരക്ഷിതാദ്ധ്യാപകരുണ്ടെങ്കിൽ അവരെ തിരികെ വിളിക്കാവുന്നതാണെന്നും സ്ഥിരമായി പുനർവിന്യസിക്കപ്പെട്ട സംരക്ഷിതാദ്ധ്യാപകരുണ്ടെങ്കിൽ അവരെ തിരികെ വിളിക്കേണ്ടതില്ലെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

## നേമം മണ്ഡലത്തിലെ സർക്കാർ സ്കൂളുകൾ

152(1348) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നേമം നിയോജകമണ്ഡലത്തിൽ സർക്കാർ മേഖലയിൽ എത്ര എൽ.പി., യു.പി., എച്ച്.എസ്., എച്ച്.എസ്.എസ്. സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ടെന്നും ഇവയുടെ പേരുവിവരം, ഡിവിഷനുകളുടെ എണ്ണം, കുട്ടികളുടെ എണ്ണം, ആൺകുട്ടികൾ എത്ര, പെൺകുട്ടികൾ എത്ര എന്നീ വിവരങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

1 മുതൽ 10 ക്ലാസ്സുവരെയുള്ള വിവരം അനുബന്ധം (1) ആയി ചേർക്കുന്നു.* ഹയർ സെക്കൻഡറി സ്കൂളുകളെ സംബന്ധിച്ച വിവരം അനുബന്ധം (2) ആയി ചേർക്കുന്നു. *

## പ്രീ-സ്കൂൾ മുതൽ പ്ലസ് ടു വരെയുള്ള പഠന പദ്ധതി ഏകീകരണം

153(1349) ശ്രീ. ആർ. രാമചന്ദ്രൻ :

ശ്രീ. ഇ. കെ. വിജയൻ :

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :

ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രീ-സ്കൂൾ മുതൽ പ്ലസ്ടു വരെയുള്ള പഠന പദ്ധതി ഏകീകരിക്കുന്നതിന് കേന്ദ്രസർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പഠന പദ്ധതി ഏകീകരണം വഴി ഉണ്ടാകുന്ന നേട്ടങ്ങളും കോട്ടങ്ങളും വിശദമാക്കുമോ;

(സി) പഠനപദ്ധതി ഏകീകരണം നടപ്പിലാക്കുന്ന സ്കൂളുകൾക്ക് ലഭ്യമാകുന്ന സഹായങ്ങൾ വിശദമാക്കുമോ;

(ഡി) ഇതിനോടനുബന്ധിച്ച് കേന്ദ്രമാനവവിഭവശേഷി മന്ത്രാലയം പുറത്തിറക്കിയ മറ്റു മാർഗ്ഗനിർദ്ദേശങ്ങളിൽ പ്രധാനപ്പെട്ടവ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രീ-സ്കൂൾ മുതൽ പ്ലസ് ടു വരെയുള്ള പഠന പദ്ധതി ഏകീകരിക്കുന്നതിന് സമഗ്ര ശിക്ഷ അഭിയാൻ പദ്ധതി പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രൈമറി തലം മുതൽ സെക്കൻഡറി തലംവരെയുള്ള പ്രവർത്തനങ്ങൾ ഒരു സംവിധാനത്തിനുകീഴിൽ വരുമ്പോൾ ലാബ്, പഠനോപകരണങ്ങൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഷെയർ ചെയ്യുവാൻ സാധിക്കും, ഈ സാഹചര്യത്തിൽ അക്കാദമിക നിലവാരം ഉയർത്തുന്നതിന് സാധിക്കുന്നു.

(സി) 1. ഒന്നുമുതൽ എട്ടുവരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് സൗജന്യ പാഠപുസ്തകങ്ങളും രണ്ടുജോഡി സൗജന്യ യൂണിഫോമും.

2. സ്കൂൾ ഗ്രാന്റ് എല്ലാ സർക്കാർ സ്കൂളുകൾക്കും

3. ഭിന്നശേഷി കുട്ടികൾക്ക് ഉപകരണങ്ങളും അലവൻസുകളും

4. ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പ്

5. ലേണിംഗ് എൻഹാൻസ്മെന്റ് പ്രോഗ്രാം (എൽ.ഇ.പി) ന് സാമ്പത്തിക സഹായം

6. സയൻസ്, ഗണിതം എന്നിവയ്ക്ക് പ്രത്യേക പദ്ധതികളും അദ്ധ്യാപകർക്ക് പരിശീലനവും

7. ആർ.ടി.-മാരായ അദ്ധ്യാപകരുടെ നിയമനം

8. സ്കൂളുകൾക്ക് ലൈബ്രറി ഗ്രാന്റ്

9. ഹോർട്ടികൾച്ചർ തെറാപ്പി.

(ഡി) മാർഗ്ഗനിർദ്ദേശങ്ങളുടെ കരടുരേഖ പരിശോധിച്ചുവരുന്നതേയുള്ളൂ.

**സൗജന്യ യൂണിഫോം വിതരണം**

154(1350) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എത്ര ലക്ഷം വിദ്യാർത്ഥികൾക്കാണ് സർക്കാർ സൗജന്യ യൂണിഫോം വിതരണം നടത്തുന്നതെന്ന് വിശദമാക്കുമോ;

(ബി) യൂണിഫോം വിതരണം പൂർത്തീകരിച്ചോ; ആയത് എന്നാണ് പൂർത്തീകരിച്ചതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ & ബി) 2018-19 അദ്ധ്യയന വർഷത്തെ ആറാം പ്രവൃത്തി ദിവസത്തെ കണക്കെടുപ്പ് പൂർത്തിയായിക്കഴിഞ്ഞെങ്കിൽ മാത്രമേ സൗജന്യ യൂണിഫോം നൽകുന്ന വിദ്യാർത്ഥികളുടെ കൃത്യമായ എണ്ണം കണക്കാക്കാനും വിതരണം പൂർത്തിയാക്കാനും സാധിക്കുകയുള്ളൂ.

## സ്കൂൾ കുട്ടികൾക്ക് സൗജന്യ യൂണിഫോം പദ്ധതി

155(1351) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഒന്നാം ക്ലാസ്സ് മുതൽ എട്ടാം ക്ലാസ്സ് വരെയുള്ള എല്ലാ കുട്ടികൾക്കും സൗജന്യമായി യൂണിഫോം നൽകിയതുവഴി എത്ര കുട്ടികൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്;

(ബി) ഇതിനായി എത്ര കോടി രൂപ ചെലവഴിച്ചു;

(സി) പ്രസ്തുത പദ്ധതി വിപുലീകരിച്ച് പത്താം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് സൗജന്യ യൂണിഫോം നൽകുന്നതിന് നടപടി സ്വീകരിക്കുവാൻ ഉദ്ദേശ്യമുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) 2018-19 വർഷത്തെ യൂണിഫോം വിതരണം പൂർത്തിയാക്കിയിട്ടില്ല. ഈ അദ്ധ്യയന വർഷത്തെ ആറാം പ്രവൃത്തി ദിവസത്തെ കണക്കെടുപ്പ് പൂർത്തിയായശേഷം മാത്രമേ യൂണിഫോം വിതരണം പൂർത്തിയാക്കാൻ സാധിക്കുകയുള്ളൂ.

(ബി) അദ്ധ്യയന വർഷത്തിൽ യൂണിഫോം നൽകുന്നതിനായി ഇതുവരെ 86,36,50,000 (എൺപത്തിയാറ് കോടി മുപ്പത്തിയാറ് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) രൂപ ചെലവഴിച്ചു. ആറാം പ്രവൃത്തി ദിവസത്തെ കണക്കെടുപ്പ് പൂർത്തിയായശേഷം മാത്രമേ യൂണിഫോം വിതരണത്തിനുവരുന്ന ആകെ ചെലവ് കണക്കാക്കാൻ സാധിക്കുകയുള്ളൂ.

(സി) ഇപ്പോൾ പരിഗണനയിലില്ല.

## മലപ്പുറം ഡി.ഡി.ഇ.ഓഫീസ് സിവിൽ സ്റ്റേഷനിലേയ്ക്ക് മാറ്റാൻ നടപടി

156(1352) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ഡി.ഡി.ഇ. ഓഫീസ് സിവിൽ സ്റ്റേഷനിലേയ്ക്ക് മാറ്റണമെന്നാവശ്യപ്പെട്ട് മലപ്പുറം എം.എൽ.എ. നൽകിയ നിവേദനത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ;

(ബി) മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്നയച്ച 5-4-2018-ലെ കത്ത് നമ്പർ ജി.1803058192/2018/CMO പ്രകാരം പൊതുവിദ്യാഭ്യാസ സെക്രട്ടറിയും ഡി.പി.ഐ.യും സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(സി) ഡി.ഡി.ഇ. ഓഫീസ് സിവിൽസ്റ്റേഷനിലേയ്ക്ക് മാറ്റി സ്ഥാപിക്കുവാൻ സത്വര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) മലപ്പുറം എം.എൽ.എ. നൽകിയ നിവേദനം പരിശോധിച്ച് വ്യക്തമായ ശിപാർശ ലഭ്യമാക്കാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) പൊതുവിദ്യാഭ്യാസ ഡയറക്ടർ ശിപാർശ ലഭ്യമാക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

**യൂണിഫോം വിതരണം**

157(1353) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ കുട്ടികൾക്കായുള്ള യൂണിഫോം വിതരണം പൂർത്തിയായോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രൈമറി വിഭാഗത്തിലെ ആൺകുട്ടികൾക്ക് പാന്റിനുള്ള തുണി നൽകാതെ ഹാഫ് ട്രൗസറിനുള്ള തുണിയായി 50 സെന്റീമീറ്റർ മാത്രം നൽകുന്നത് ഏതെങ്കിലും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണോ എന്ന് വ്യക്തമാക്കാമോ ;

(സി) ഇത് കാരണം കുട്ടികൾ പാന്റിനുള്ള തുണി പുറത്ത് നിന്ന് വാങ്ങേണ്ടി വരുന്നതിന്റെ ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ?

ഉത്തരം

(എ) ഇല്ല. സർക്കാർ പ്രൈമറി സ്കൂളുകളിൽ നൽകുന്ന കൈത്തറി യൂണിഫോം വിതരണം നടന്നുവരികയാണ്. കഴിഞ്ഞ അദ്ധ്യയന വർഷത്തെ കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായ അളവ് കൈത്തറി തുണിയാണ് ആദ്യ ഘട്ടത്തിൽ വിതരണം ചെയ്തത്. എന്നാൽ ഈ അദ്ധ്യയന വർഷത്തിലെ ആറാം പ്രവൃത്തി ദിവസത്തെ കുട്ടികളുടെ കൃത്യമായ എണ്ണം കണക്കാക്കിയശേഷം പുതുതായി അഡ്മിഷൻ എടുക്കുന്ന കുട്ടികൾക്കുകൂടി കൈത്തറി യൂണിഫോം രണ്ടാംഘട്ട വിതരണം പൂർത്തിയാക്കേണ്ടതായിട്ടുണ്ട്. കൈത്തറി യൂണിഫോം നൽകാത്ത സർക്കാർ സ്കൂളുകളിലെ APL വിഭാഗം ആൺകുട്ടികൾക്കും എയ്ഡഡ് സ്കൂളുകളിലെ മുഴുവൻ കുട്ടികൾക്കും കുട്ടി ഒന്നിന് 400 രൂപ ക്രമത്തിൽ ഒന്നാംഘട്ടത്തിൽ തുക അനുവദിച്ചുനൽകിയിട്ടുണ്ട്. ഈ അദ്ധ്യയന വർഷത്തിലെ ആറാം പ്രവൃത്തി ദിവസത്തെ കുട്ടികളുടെ കൃത്യമായ എണ്ണം കണക്കാക്കിയശേഷം അധിക തുക

ആവശ്യമുള്ള സ്കൂളുകൾക്ക് രണ്ടാംഘട്ടത്തിൽ ആവശ്യമായ തുക അനുവദിക്കുന്നതാണ്. കൈത്തറി യൂണിഫോം നൽകാത്ത സർക്കാർ സ്കൂളുകളിൽ APL ആൺകുട്ടികൾ ഒഴികെയുള്ള കുട്ടികൾക്ക് യൂണിഫോമിനുള്ള തുക അനുവദിക്കുന്നത് SSA മുഖേനയാണ്.

(ബി) ഓരോ സ്റ്റാൻഡേർഡിലും പഠിക്കുന്ന കുട്ടികൾക്ക് യൂണിഫോമിന് ആവശ്യമായ ശരാശരി അളവിന്റെ ചാർട്ട് തയ്യാറാക്കി നൽകിയത് കൈത്തറി ഡയറക്ടറാണ്. ഈ ശരാശരി അളവ് പ്രകാരമാണ് ആകെ ആവശ്യമുള്ള കൈത്തറി തുണിയുടെ അളവ് കണക്കാക്കുന്നത്. ഒന്നുമുതൽ നാലുവരെ ക്ലാസുകളിൽ പഠിക്കുന്ന ആൺകുട്ടികൾക്ക് ഹാഫ് ട്രൗസറും അഞ്ചുമുതൽ ഏഴുവരെ ക്ലാസ്സുകളിൽ പഠിക്കുന്ന ആൺകുട്ടികൾക്ക് പാന്റിനും ആവശ്യമായ അളവാണ് കണക്കാക്കിയിട്ടുള്ളത്.

(സി) പുറത്തുനിന്ന് വാങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കാരണം സ്കൂളുകളിൽ യൂണിഫോമിനായി വിതരണം ചെയ്യുന്ന കൈത്തറി തുണി പൊതു വിപണിയിൽ ലഭ്യമല്ല.

**സ്കൂൾ സുരക്ഷ പദ്ധതി സംബന്ധിച്ച നിർദ്ദേശങ്ങൾ**

158(1354) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴക്കാലത്ത് സ്കൂൾ കെട്ടിടങ്ങൾ തകർന്നുവീണ് കുട്ടികൾക്ക് അപകടം സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ദേശീയ ദുരന്തനിവാരണ അതോറിറ്റി, സ്കൂൾ സുരക്ഷ പദ്ധതി സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ;

(സി) സ്കൂൾ തുറക്കുന്നതിനുമുമ്പ് സ്കൂൾ കെട്ടിടങ്ങളുടെ അറ്റകുറ്റ പണി പൂർത്തിയാക്കി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് വാങ്ങണമെന്ന നിർദ്ദേശം കർശനമായി പാലിച്ചിട്ടുണ്ടോ;

(ഡി) ഫിറ്റ്നസ് സർട്ടിഫിക്കറ്റ് തെറ്റായ രീതിയിൽ നേടിയ സ്കൂളുകളിൽ എന്തെങ്കിലും അപകടം സംഭവിക്കുന്നപക്ഷം പ്രധാന അദ്ധ്യാപകനും മാനേജ്മെന്റിനുമെതിരെ കർശന നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) നിലവിൽ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഉണ്ട്. ദേശീയ ദുരന്തനിവാരണ അതോറിറ്റിയുടെ സ്കൂൾ സുരക്ഷാ പദ്ധതി സംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നടപ്പിലാക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ഇതിനകം നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) എല്ലാ അദ്ധ്യയന വർഷവും സംസ്ഥാനത്തെ സ്കൂളുകൾ തുറക്കുന്നതിനുമുമ്പായി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയർമാർ സ്കൂൾ കെട്ടിടങ്ങളുടെ സുരക്ഷ പരിശോധിച്ചതിനുശേഷം മാത്രമേ ടി കെട്ടിടങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകാവൂ എന്ന കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് പരിപാലിക്കപ്പെടാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) സ്കൂളുകളിൽ തെറ്റായ രീതിയിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നേടിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**സൗജന്യമായി യൂണിഫോം വിതരണം**

159(1355) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്കാണ് സർക്കാർ നേരിട്ട് സൗജന്യമായി യൂണിഫോം വിതരണം ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) കൈത്തറി യൂണിഫോം തുണി സർക്കാരിന് ലഭ്യമാക്കിയത് ഏത് ഏജൻസിയാണെന്ന് വ്യക്തമാക്കുമോ;

(സി) വിതരണം ചെയ്യുന്ന യൂണിഫോം തുണികൾ സംസ്ഥാനത്തൊട്ടാകെ ഒരേ നിറമാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) ഒന്നുമുതൽ എട്ടുവരെ ക്ലാസ്സുകളിലെ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന മുഴുവൻ കുട്ടികളും സൗജന്യ യൂണിഫോം പദ്ധതിയുടെ പരിധിയിൽ വരുന്നവരാണ്.

(ബി) സംസ്ഥാന കൈത്തറിയും ടെക്സ്റ്റയിൽസും കാര്യാലയം (Directorate).

(സി) നിലവിൽ പരിഗണനയിലില്ല.

**ഹെറിറ്റേജ് സ്കൂളുകൾ**

160(1356) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല നിയോജകമണ്ഡലത്തിൽ 150 വർഷം പിന്നിട്ട ഹെറിറ്റേജ് സ്കൂളുകളുടെ കണക്കെടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ 150 വർഷം പിന്നിട്ട ഹെറിറ്റേജ് സ്കൂളുകൾ ഏതെല്ലാം എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) വർക്കല നിയോജകമണ്ഡലം ഉൾപ്പെടെ കേരളത്തിലെ 150 വർഷം പിന്നിട്ട ഹെറിറ്റേജ് സ്കൂളുകളുടെ കണക്കെടുത്തിട്ടുണ്ട്.

(ബി) വർക്കല നിയോജകമണ്ഡലത്തിൽ 150 വർഷം പിന്നിട്ട ഹെറിറ്റേജ് സ്കൂളുകൾ ഉള്ളതായി കണ്ടെത്തിയിട്ടില്ല.

**സ്കൂളുകളിലെ പി.ഡി. അക്കൗണ്ടുകളിലുള്ള തുക**

161(1357) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 29-3-2017-ലെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 884/2017/പൊ.വി.വ. പ്രകാരം സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ പി.ഡി. അക്കൗണ്ടുകളിൽ വർഷങ്ങളായി ചെലവഴിക്കാതെ കിടന്ന തുക വിനിയോഗിക്കുന്നതിന് അനുവാദം ലഭിച്ചതനുസരിച്ച് വാമനപുരം നിയോജക മണ്ഡലത്തിലെ ഓരോ സ്കൂളും വിനിയോഗിച്ച തുക എത്ര വീതമെന്നും ബാക്കിയുള്ള തുക എത്രയെന്നും സ്കൂൾ തിരിച്ച് വിശദമാക്കാമോ;

(ബി) പ്രസ്തുത തുക വിനിയോഗിക്കുന്നതിന് ഏത് തീയതി വരെ അനുവാദമുണ്ട് എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ ഓരോ സ്കൂളുകളിലെയും പി.ഡി. അക്കൗണ്ടുകളിലെ തുക സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) സംസ്ഥാനത്തെ സ്കൂളുകളുടെ പി.ഡി.അക്കൗണ്ടുകളിൽ 31-3-2017 വരെ അവശേഷിച്ച തുക പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് നിലവിലുള്ള സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ വിനിയോഗിക്കാവുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പ്രീ-സ്കൂൾ മുതൽ പ്ലസ് ടു വരെയുള്ള പഠന പദ്ധതി ഏകീകരണം

162(1358) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രീ-സ്കൂൾ മുതൽ പ്ലസ്ടു വരെയുള്ള പഠനപദ്ധതി ഏകീകരിക്കാനുള്ള കേന്ദ്രസർക്കാരിന്റെ നിർദ്ദേശം സംസ്ഥാന സർക്കാർ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) കേന്ദ്ര നിർദ്ദേശം നടപ്പാക്കുകയാണെങ്കിൽ സർക്കാർ സ്കൂളുകൾക്ക് ലഭിക്കുന്ന സഹായങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത സഹായങ്ങൾ എയ്ഡഡ് സ്കൂളുകൾക്കും ലഭിക്കുമോയെന്ന് വ്യക്തമാക്കാമോ;

(ഡി) കുട്ടികൾക്കും സ്കൂളുകൾക്കും നൽകുന്ന സാമ്പത്തിക സഹായങ്ങളെപ്പറ്റി കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയം മാർഗ്ഗനിർദ്ദേശങ്ങൾ പുറത്തിറക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഇ) എങ്കിൽ പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങളുടെ പകർപ്പ് ലഭ്യമാക്കാമോ;

(എഫ്) ഇത് സംബന്ധിച്ച പദ്ധതി നിർവഹണച്ചുമതല ഏത് സമിതിക്കാണെന്ന് വ്യക്തമാക്കാമോ;

(ജി) പദ്ധതികർമ്മരേഖയും ബഡ്ജറ്റും തയ്യാറാക്കി സമിതിക്ക് നൽകാൻ സംസ്ഥാനങ്ങൾക്ക് സമയം തീരുമാനിച്ചിട്ടുണ്ടോ എന്നും കേരളം പദ്ധതി രേഖ സമർപ്പിക്കേണ്ടത് എപ്പോഴാണെന്നും ആയത് നിർദ്ദിഷ്ട സമയത്തിനകം സമർപ്പിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) തീരുമാനിച്ചിട്ടുണ്ട്.

(ബി) 1. ഒന്നാം ക്ലാസ് മുതൽ എട്ടാം ക്ലാസ് വരെയുള്ള എല്ലാ കുട്ടികൾക്കും സൗജന്യ പാഠപുസ്തകം

2. ഒന്നുമുതൽ എട്ടുവരെ ക്ലാസുകളിലെ എല്ലാ പെൺകുട്ടികൾക്കും എസ്.സി./എസ്.റ്റി വിഭാഗത്തിലെ എല്ലാ ആൺകുട്ടികൾക്കും ബി.പി.എൽ. വിഭാഗത്തിലെ ആൺകുട്ടികൾക്കും സൗജന്യമായ രണ്ട് സെറ്റ് യൂണിഫോം.

3. സ്കൂൾ ഗ്രാൻഡ് എല്ലാ സർക്കാർ സ്കൂളുകൾക്കും

4. ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പ്.

(സി) 1. ഒന്ന് മുതൽ എട്ടുവരെ സൗജന്യ പാഠപുസ്തകം

2. ഭിന്നശേഷി കുട്ടികൾക്ക് ഉപകരണങ്ങൾ വിതരണം ചെയ്യുന്നു.

3. അക്കാദമിക മികവ് വർദ്ധിപ്പിക്കുവാനുള്ള പ്രവർത്തനങ്ങൾ എന്നിവ എയ്ഡഡ് സ്കൂളുകളിൽ ലഭിക്കുന്നതാണ്.

(ഡി & ഇ) മാർഗ്ഗനിർദ്ദേശങ്ങളുടെ കരട് രേഖ പരിശോധിച്ച് വരുന്നതേയുള്ളൂ.

(എഫ്) നിർവ്വഹണ ചുമതല ഇന്റഗ്രേറ്റഡ് പദ്ധതിയായ സമഗ്ര ശിക്ഷാ അഭിയാൻ എന്ന പ്രോജക്ടിനാണ്.

(ജി) കേരളം പദ്ധതിരേഖ 2018 മേയ് 1-ന് മുൻപ് സമർപ്പിക്കേണ്ടതായിരുന്നു. മേയ് 1-ന് തന്നെ കേരളം പദ്ധതി സമർപ്പിക്കുകയും മേയ് 4 മുതൽ 8 വരെ അപ്രൈസൽ നടപടി പൂർത്തിയാക്കുകയും മേയ് 10-ാം തീയതി പ്രോജക്ട് അപ്രൂവൽ ബോർഡ് മീറ്റിംഗ് കഴിയുകയും ചെയ്തു.

## സ്കൂളുകളിൽ ജൈവ വൈവിധ്യ ഉദ്യാനം

163(1359) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവവൈവിധ്യത്തേയും കൃഷിയെയും പരിസ്ഥിതിയെയും കുറിച്ച് കുട്ടികൾക്ക് അറിവും അഭിരുചിയും വളർത്തുവാൻ വളരെയധികം സഹായകരമാകുന്ന ജൈവവൈവിധ്യ ഉദ്യാനം പദ്ധതി ഇതുവരെ എത്ര സ്കൂളുകളിൽ നടപ്പാക്കിയിട്ടുണ്ട്;

(ബി) ഇത് കുട്ടികളുടെ പഠനത്തെ എത്തുമാത്രം സ്വാധീനിക്കാൻ കഴിയും എന്നാണ് കണക്കാക്കിയിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 1200 സ്കൂളുകളിൽ ജൈവവൈവിധ്യ ഉദ്യാനം പദ്ധതി നടപ്പിലാക്കി വരുന്നു.

(ബി) വിദ്യാലയത്തിന് ചുറ്റുമുള്ള ജൈവവൈവിധ്യത്തെക്കുറിച്ച് അറിയുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള താൽപ്പര്യം വിദ്യാർത്ഥികളിൽ വളർത്തുക, പ്രകൃതി വിഭവ സംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് അവബോധം ഉണർത്തുക തുടങ്ങിയ ലക്ഷ്യങ്ങളോടെയാണ് പൊതുവിദ്യാലയങ്ങളിൽ പ്രസ്തുത പദ്ധതി ആരംഭിച്ചത്. പ്രകൃതിയിലേയ്ക്കുള്ള മടക്കയാത്ര പഠിക്കേണ്ടത് സ്കൂൾ തലത്തിൽ നിന്നുതന്നെയാകണമെന്ന ഉദ്ദേശ്യത്തോടെയാണ് സംസ്ഥാനത്തെ പ്രൈമറി സ്കൂളുകളിൽ ജൈവവൈവിധ്യ ഉദ്യാനം പദ്ധതി നടപ്പിലാക്കുന്നത്.

## സ്കൂളുകളിൽ ഓട്ടിസം പാർക്ക് പദ്ധതി

164(1360) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് വളരാനും വികസിക്കാനുമായി ഓട്ടിസം പാർക്കുകൾ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം സ്ഥലങ്ങളിലെ സ്കൂളുകളുമായി ബന്ധപ്പെട്ടാണ് ഓട്ടിസം പാർക്കുകൾ നിർമ്മിക്കുന്നത്;

(സി) ഇതിന്റെ നടപടിക്രമങ്ങൾ ഏതുഘട്ടത്തിലാണ് ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഒരു നിയോജകമണ്ഡലത്തിൽ ഒരു സ്കൂൾ വീതം 14 സർക്കാർ സ്കൂളുകളിലാണ് ഓട്ടിസം പാർക്കുകൾ നിർമ്മിക്കുന്നത്.

(സി) 2017-18 സാമ്പത്തിക വർഷത്തിൽ ഓട്ടിസം പാർക്കുകൾ നിർമ്മിക്കുന്നതിനായി ഏഴ് കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ ഓട്ടിസം പാർക്കുകൾക്കായി ഭരണാനുമതി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ അന്തിമഘട്ടത്തിലുമാണ്.

## സ്കൂളുകളിൽ സ്വീകരിച്ച സുരക്ഷാ നടപടികൾ

165(1361) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ അദ്ധ്യയന വർഷത്തിൽ സ്കൂൾ തുറക്കുന്നതിനുമുമ്പായി സ്കൂളുകളിൽ സ്വീകരിച്ച സുരക്ഷാ നടപടികൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സ്കൂൾ പരിസരങ്ങളിലെ അപകട സാധ്യതകൾ വിലയിരുത്തി അവ കുറയ്ക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) സ്കൂളുകളിലെ അറ്റകുറ്റപ്പണികൾ എല്ലാം തന്നെ പൂർത്തിയാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) എല്ലാ അദ്ധ്യയന വർഷവും സംസ്ഥാനത്തെ സ്കൂളുകൾ തുറക്കുന്നതിന് മുമ്പായി ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയർമാർ സ്കൂൾ കെട്ടിടങ്ങളുടെ സുരക്ഷ പരിശോധിച്ച് ഫിറ്റ്നസ്/

അൺഫിറ്റ്നസ് സർട്ടിഫിക്കറ്റുകൾ നൽകുന്നതിനുള്ള നിർദ്ദേശം നൽകിവരുന്നു. സ്കൂളിനും സ്കൂൾ കുട്ടികൾക്കും ഭീഷണിയായി നിൽക്കുന്ന മരങ്ങൾ നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരം മുറിച്ചുമാറ്റുന്നതിനുള്ള അനുവാദവും സ്കൂൾ അധികൃതർക്ക് നൽകിയിട്ടുണ്ട്. ഇതുകൂടാതെ സ്കൂളിനോട് ചേർന്ന് അപകടാവസ്ഥയിലുള്ള വൈദ്യുതി പോസ്റ്റുകൾ, വൈദ്യുതി കണക്ഷനുകൾ എന്നിവ പരിശോധിക്കുന്നതിനും അപകടാവസ്ഥ പരിഹരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുവാനും സ്കൂൾ കോമ്പൗണ്ടിലും പരിസരങ്ങളിലുമുള്ള വെള്ളക്കെട്ടുകൾ, കുളങ്ങൾ, കിണറുകൾ എന്നിവ അപകടരഹിതമെന്ന് ഉറപ്പുവരുത്തുവാനും സ്കൂൾ വാഹനങ്ങളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റുകൾ ബന്ധപ്പെട്ടവരിൽനിന്നും വാങ്ങുവാനും വേണ്ടത്ര പരിചയം ഇല്ലാത്തവരും അംഗവൈകല്യമുള്ളവരും കാഴ്ച/കേൾവി കുറവുള്ളവരും അനാരോഗ്യവാന്മാരും സ്കൂൾ വാഹനങ്ങളുടെ ഡ്രൈവർ/ക്ലീനർ എന്നിവരായി ജോലി ചെയ്യുന്നില്ലെന്ന് ഉറപ്പാക്കാനും ശക്തമായ മഴ, മറ്റ് പ്രകൃതിക്ഷോഭങ്ങൾ എന്നിവ കാരണം സ്കൂളുകൾക്ക് അവധി പ്രഖ്യാപിക്കുന്നതറിയാതെ സ്കൂളുകളിൽ എത്തിച്ചേരുന്ന കുട്ടികളെ സുരക്ഷിതമായി വീടുകളിൽ എത്തിക്കുവാനും അടിയന്തിര സാഹചര്യങ്ങളിൽ ജില്ലാ കളക്ടറേറ്റ്/ജില്ലാ ദുരന്ത നിവാരണ സമിതി എന്നിവയുമായി ബന്ധപ്പെടുവാനും എല്ലാ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും സ്കൂൾ അധികൃതർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) സർക്കാർ സ്കൂളുകളിലെ അറ്റകുറ്റപ്പണികൾ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളും എയ്ഡഡ്/അൺ എയ്ഡഡ് സ്കൂളുകളുടെ അറ്റകുറ്റപ്പണികൾ ബന്ധപ്പെട്ട മാനേജ്മെന്റും പൂർത്തീകരിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നേടി മാത്രമേ ക്ലാസ്സുകൾ നടത്താവൂ എന്ന കർശന നിർദ്ദേശം എല്ലാ അദ്ധ്യയന വർഷാരംഭത്തിനും മുമ്പായി നൽകിവരുന്നുണ്ട്.

**പൊതുവിദ്യാലയങ്ങളിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള അധികാരം**

166(1362) <u>ശ്രീ. പി. വി. അൻവർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാലയങ്ങളിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കുള്ള അധികാരവും ചുമതലകളും എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പൊതുവിദ്യാലയങ്ങളിലെ ഭരണപരമായ കാര്യങ്ങൾ, സർക്കാരും പൊതുവിദ്യാഭ്യാസ വകുപ്പും നടപ്പിലാക്കുന്ന പദ്ധതികൾ എന്നിവ നിയന്ത്രിക്കേണ്ടത് അതത് തദ്ദേശഭരണ സ്ഥാപനങ്ങളാണോ; കേരള വിദ്യാഭ്യാസ നിയമം അനുസരിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഇതിനുള്ള അധികാരമുണ്ടോ;

(സി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞവുമായി ബന്ധപ്പെട്ട രേഖകളും വരവ്-ചെലവ് കണക്കുകളും സൂക്ഷിക്കേണ്ടതും പരിശോധിക്കേണ്ടതും തദ്ദേശ ഭരണ സ്ഥാപനങ്ങളാണോ;

(ഡി) പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞവുമായി ബന്ധപ്പെട്ട് പൊതു വിദ്യാലയങ്ങളിൽ നടപ്പാക്കുന്ന പദ്ധതികൾക്ക് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഏതെല്ലാം അനുമതികളാണ് ആവശ്യമായിട്ടുള്ളത്;

(ഇ) ഇത്തരത്തിൽ ആവശ്യമായ അനുമതികൾ രാഷ്ട്രീയ താൽപ്പര്യത്താൽ നിഷേധിക്കുവാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അധികാരമുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കേരള പഞ്ചായത്ത് രാജ് ആക്ട്, കേരള മുനിസിപ്പാലിറ്റി ആക്ട് എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം സർക്കാരിന്റെ ചുമതലകളും സ്ഥാപനങ്ങളും പദ്ധതികളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്ത് സർക്കാർ പുറപ്പെടുവിച്ച 18-9-1995-ലെ ജി.ഒ. (പി) നമ്പർ 189/95/ത.സ്വ.ഭ.വ.നമ്പർ ഉത്തരവ് പ്രകാരമുള്ള അധികാരങ്ങളും ചുമതലകളും പൊതുവിദ്യാലയങ്ങളിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്കുണ്ട്.

(ബി) കേരള പഞ്ചായത്ത് രാജ് ആക്ട്, കേരള മുനിസിപ്പാലിറ്റി ആക്ട് എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം സർക്കാരിന്റെ ചുമതലകളും സ്ഥാപനങ്ങളും പദ്ധതികളും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്ത് സർക്കാർ പുറപ്പെടുവിച്ച 18-9-1995-ലെ ജി. ഒ. (പി) നമ്പർ 189/95/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ്, സർക്കാർ കൈമാറിയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അക്കാദമിക് കാര്യങ്ങളിലെ ഇടപെടൽ സംബന്ധിച്ച 19-10-2010-ലെ 44667/ഇ.എം.2/08/ത.സ്വ.ഭ.വ. നമ്പർ സർക്കുലർ പ്രകാരം സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം ലഭിക്കുന്നതിനുള്ള കുട്ടികളുടെ അവകാശ നിയമം 2009 പ്രകാരവും പുറപ്പെടുവിച്ച 20-9-2014-ലെ സ. ഉ. (പി) നമ്പർ 192/2014/പൊ.വി.വ. ഉത്തരവ് പ്രകാരവുമാണ് തദ്ദേശ ഭരണ സ്ഥാപനങ്ങൾ നടപടികൾ സ്വീകരിക്കേണ്ടത്.

(സി & ഡി) 28-9-2016 ലെ സ.ഉ. (പി) നമ്പർ 41/2016/ആ.സാ.വ., 26-11-2016 ലെ സ.ഉ. (പി) നമ്പർ 50/2016/ആ.സാ.വ., 19-4-2017-ലെ സ.ഉ. (പി) നമ്പർ 10/2017/ആ.സാ.വ., 30-5-2017-ലെ സ.ഉ. (സാധാ.)നമ്പർ 1630/2017/പൊ.വി.വ. നമ്പർ ഉത്തരവുകൾ പ്രകാരമാണ് നടപടികൾ സ്വീകരിക്കേണ്ടത്.

(ഇ) ഇല്ല.

28-9-2016-ലെ സ.ഉ.(പി) നമ്പർ 41/2016/ആ.സാ.വ., 26-11-2016-ലെ സ.ഉ.(പി) നമ്പർ 50/2016/ആ.സാ.വ., 19-4-2017-ലെ സ.ഉ.(പി) നമ്പർ 10/2017/ആ.സാ.വ., 30-5-2017-ലെ സ.ഉ. (സാധാ.) നമ്പർ 1630/2017/പൊ.വി.വ നമ്പർ ഉത്തരവുകൾ പ്രകാരമാണ് നടപടികൾ സ്വീകരിക്കേണ്ടത്.

**പൊതുവിദ്യാലയങ്ങളിൽ ഗ്രീൻ പ്രോട്ടോക്കോൾ**

167(1363) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാലയങ്ങളിൽ ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കിയശേഷം പ്രസ്തുത പദ്ധതി അവലോകനം ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പുതിയ അദ്ധ്യയന വർഷത്തിൽ സംസ്ഥാനത്തെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഗ്രീൻ പ്രോട്ടോക്കോൾ പദ്ധതി വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) പഠനത്തോടൊപ്പം പ്രകൃതിസംരക്ഷണം നിലനിർത്തുന്നതിനുള്ള ഉദ്യമത്തിൽ പങ്കാളികളാകുന്നതിനും പുതുതലമുറയിൽ ഒരു പുതിയ സംസ്കാരം സൃഷ്ടിക്കുന്നതിനും ഈ പദ്ധതിയിലൂടെ കഴിഞ്ഞിട്ടുണ്ടോ;

(ഡി) പ്രകൃതിസംരക്ഷണത്തിനായി 'ജൈവ വൈവിധ്യ ഉദ്യാനം വിദ്യാലയങ്ങളിൽ' എന്ന പദ്ധതി സംസ്ഥാനത്തെ സ്കൂളുകളിൽ പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇതിനായി എന്ത് തുകയാണ് വകയിരുത്തിയിട്ടുള്ളത് എന്ന് അറിയിക്കുമോ?

ഉത്തരം

(എ) പൊതുവിദ്യാലയങ്ങളിൽ ഗ്രീൻ പ്രോട്ടോക്കോൾ കർശനമായി പാലിക്കുന്നതിനുള്ള നിർദ്ദേശം എല്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും നൽകിയിട്ടുണ്ട്. 2018-19 വർഷം പദ്ധതിയുടെ സംസ്ഥാനതലത്തിലുള്ള അവലോകനം നടത്തിയിട്ടില്ല.

(ബി) പൊതുവിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള എല്ലാ വിദ്യാലയങ്ങളിലും ഓഫീസുകളിലും പൊതുപരിപാടികൾ നടക്കുന്ന വേളകളിലും ഗ്രീൻ പ്രോട്ടോക്കോൾ കർശനമായി പാലിക്കുന്നതിനുള്ള നിർദ്ദേശം പുതിയ അദ്ധ്യയന വർഷത്തിലും നൽകുന്നതാണ്.

(സി) ഉണ്ട്.

(ഡി) 2018-19 അദ്ധ്യയന വർഷം സംസ്ഥാനത്തെ 2750 സ്കൂളുകളിൽ ജൈവവൈവിധ്യ ഉദ്യാനം പദ്ധതി നടപ്പിലാക്കുന്നതിന് 300 ലക്ഷം (മുന്നൂറ് ലക്ഷം രൂപ മാത്രം) രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കഴിഞ്ഞ വർഷം ടി പദ്ധതി 1200 സ്കൂളുകളിൽ നടപ്പാക്കിയിരുന്നു.

**ഹൈടെക് ക്ലാസ് മുറികൾ**

168(1364) <u>ശ്രീ. യു. ആർ. പ്രദീപ് </u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ 8-ാം ക്ലാസ്സ് മുതൽ 12-ാം ക്ലാസ്സുവരെയുള്ള ക്ലാസ്സ് മുറികളിൽ ഹൈടെക്ക് പഠനസൗകര്യങ്ങൾ ലഭ്യമാക്കുന്ന പദ്ധതി പ്രകാരം, ഇതുവരെ എത്ര ക്ലാസ്സ് മുറികൾ ഹൈടെക് ആയി മാറ്റിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഇനി എത്ര ക്ലാസ്സ് മുറികൾ ഹൈടെക് ആക്കി മാറ്റാനുണ്ടെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത ക്ലാസ്സ് മുറികൾ എന്നത്തേക്ക് ഹൈടെക് ആക്കി മാറ്റാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ 475 സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ, ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളിലെ 45000 ക്ലാസ് മുറികൾ ഹൈടെക് ആക്കുന്ന പദ്ധതി അനുസരിച്ച് 34500 ക്ലാസ് മുറികൾ ഹൈടെക് ആക്കുന്നതിനുള്ള ഉപകരണ വിതരണം ഇതിനോടകം പൂർത്തിയാക്കിയിട്ടുണ്ട്.

(ബി) 10,500 ക്ലാസ് മുറികൾ ഹൈടെക് ആക്കാനുണ്ട്.

(സി) സ്കൂളുകൾ ക്ലാസ് മുറികൾ സജ്ജമാക്കുന്ന മുറയ്ക്ക് ഹൈടെക് ആക്കുന്നതിനുള്ള ഉപകരണങ്ങൾ കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി

ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) മുഖേന ലഭ്യമാക്കും. ഇതുവരെ സജ്ജമായ എല്ലാ ഹൈസ്കൂൾ, ഹയർസെക്കൻഡറി സ്കൂൾ ക്ലാസ് മുറികളിലേയ്ക്കും ഉപകരണങ്ങൾ ഇതിനകം ലഭ്യമാക്കിയിട്ടുണ്ട്.

**അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്ന സ്കൂളുകൾ**

169(1365) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകൾക്കാണ്, അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതുമായി ബന്ധപ്പെട്ട് ഫണ്ട് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) നിർമ്മാണവുമായി ബന്ധപ്പെട്ട് ഓരോ സ്കൂളിലും നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം നൽകുമോ;

(സി) ഓരോ സ്കൂളിലേയും നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ-സി) നെന്മാറ നിയോജകമണ്ഡലത്തിലെ നെന്മാറ ഗവ. ബി.എച്ച്.എസ്.-ന്റെ പുനർനിർമ്മാണത്തിനായി കിഫ്ബിയുടെ അഞ്ചുകോടി രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത സ്കൂളിന്റെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി ആർ.പി.പി. ഇൻഫ്രായെ പ്രവൃത്തി ഏൽപ്പിച്ചിട്ടുണ്ട്. ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്ന പദ്ധതിയായ കിഫ്ബിയുടെ മൂന്നുകോടി രൂപയിലുൾപ്പെടുത്തി ജി.എച്ച്.എസ്.എസ്. കൊടുവായൂരിന് 3.45 കോടി രൂപയ്ക്ക് (മൂന്ന് കോടി നാൽപ്പത്തഞ്ച് ലക്ഷം രൂപ മാത്രം) കിഫ്ബി അംഗീകാരം ലഭ്യമായിട്ടുണ്ട്. ഈ സ്കൂളിന് ടെണ്ടർ വിളിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. മുതലമട ജി.എച്ച്.എസ്.എസ്.-ന്റെ ഡി.പി.ആർ. സർക്കാരിന്റെ പരിഗണനയിലാണ്.

**ഹൈടെക് ക്ലാസ് മുറികൾ പദ്ധതി**

170(1366) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എട്ട് മുതൽ പന്ത്രണ്ട് വരെയുള്ള ക്ലാസ് മുറികൾ ഹൈടെക് ആക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം ജില്ലയിൽ എത്ര സ്കൂളുകളിൽ ഹൈടെക് ക്ലാസ് മുറികൾ നിർമ്മിച്ചെന്ന് വ്യക്തമാക്കുമോ;

(ബി) നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിൽ ക്ലാസ് മുറികൾ ഹൈടെക് ആക്കിയെന്നും എത്ര സ്കൂളുകളിൽ പണിപൂർത്തിയാക്കാനുണ്ടെന്നും അവ ഏതെല്ലാം സ്കൂളുകളാണെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഹൈടെക് സ്കൂൾ പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിലുള്ള 402 സ്കൂളുകളിലെ 2913 ക്ലാസ് മുറികൾ ഹൈടെക് ആക്കി മാറ്റിയിട്ടുണ്ട്.

(ബി) നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ ക്ലാസ് മുറികൾ ഹൈടെക് ആക്കിയിട്ടുള്ള സ്കൂളുകളുടെ പേരുവിവരം, പദ്ധതി പൂർത്തീകരിക്കാൻ ബാക്കിയുള്ള സ്കൂളുകളുടെ വിവരം എന്നിവ അനുബന്ധമായി ചേർക്കുന്നു. *

**കോതമംഗലം മണ്ഡലത്തിലെ തെരഞ്ഞെടുത്തിട്ടുള്ള സ്കൂളുകൾ**

171(1367) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുവേണ്ടി കോതമംഗലം മണ്ഡലത്തിൽനിന്നും തെരഞ്ഞെടുത്തിട്ടുള്ള സ്കൂളുകൾ ഏതെല്ലാമെന്നും ഓരോ സ്കൂളിനും അനുവദിച്ചിട്ടുള്ള തുക എത്രയെന്നും വ്യക്തമാക്കാമോ;

(ബി) ഓരോ സ്കൂളിലും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ എന്താണെന്ന് വ്യക്തമാക്കാമോ;

(സി) ഏതെല്ലാം സ്കൂളുകളിൽ ടെണ്ടർ നടപടികൾ പൂർത്തിയാക്കിയെന്ന് വിശദമാക്കാമോ;

(ഡി) ഓരോ സ്കൂളിന്റേയും അന്താരാഷ്ട്ര നിലവാരത്തിലേയ്ക്കുയർത്തുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

ഉത്തരം

(എ-ഡി) കോതമംഗലം ചെറുവത്തൂർ ഗവ. മോഡൽ ഹയർസെക്കൻഡറി സ്കൂളിന്റെ പുനരുദ്ധാരണത്തിനായി കിഫ്ബി അഞ്ചുകോടി രൂപ അനുവദിച്ചിട്ടുണ്ട്. ടെണ്ടർ നടപടി പൂർത്തിയായി വരുന്നു. പല്ലാരിമംഗലം ഗവ. വി.എച്ച്.എസ്.എസ്.-നെ മൂന്നുകോടി രൂപ പദ്ധതിയിൽ ഉൾപ്പെടുത്തി കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## മാവേലിക്കര മണ്ഡലത്തിലെ തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകൾ

172(1368) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിദ്യാലയങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതുമായി ബന്ധപ്പെട്ട് മാവേലിക്കര മണ്ഡലത്തിലെ തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളുടെ നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിർവ്വഹണ ഏജൻസികൾ, എസ്.പി.വി. എന്നിവ ഏതെന്നും വിശദമാക്കാമോ?

ഉത്തരം

(എ) മാവേലിക്കര നിയോജകമണ്ഡലത്തിൽ കിഫ്ബിയുടെ അഞ്ചുകോടി രൂപ ധനസഹായത്തോടെ മാവേലിക്കര ജി.എച്ച്.എസ്.എസ്.-ന്റെ പുനരുദ്ധാരണ ത്തിനായുള്ള ടെണ്ടർ നടപടി പൂർത്തിയായിവരുന്നു. കിഫ്ബിയുടെ മൂന്നുകോടി രൂപ ധനസഹായത്തിലുൾപ്പെടുത്തി ജി.വി.എച്ച്.എസ്.എസ്. ചുനക്കര, ജി.കെ.എം.എച്ച്.എസ്.എസ്. വള്ളിക്കുന്ന് എന്നീ സ്കൂളുകളെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി തെരഞ്ഞെടുത്തിട്ടുണ്ട്. ഇതിൽ ഗവ.വി.എച്ച്.എസ്.എസ്. ചുനക്കരയുടെ ഡി.പി.ആർ. ഭരണാനുമതിക്കായി സർക്കാരിന്റെ പരിഗണനയിലാണ്. ജി.കെ.എം.എച്ച്.എസ്.എസ്. വള്ളിക്കുന്നിന്റെ ഡി.പി.ആർ. കിഫ്ബിയുടെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ട്.

(ബി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞവുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾക്ക് SPV-യായി കൈറ്റിനേയും PMC-യായി WAPCOS-നെയും തെരഞ്ഞെടുത്തിട്ടുണ്ട്.

## സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള പദ്ധതി

173(1369) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയിരം സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള പദ്ധതിയുടെ ഭാഗമായി ഹൈസ്കൂൾ, ഹയർസെക്കൻഡറി തലത്തിലുള്ള ക്ലാസ്സ് മുറികൾ ഹൈടെക് ആക്കുമെന്ന പ്രഖ്യാപനം പൂർണ്ണതോതിൽ പ്രാവർത്തികമാക്കി യിട്ടുണ്ടോ;

(ബി) കുട്ടികളുടെ അഭിരുചിയും മികവും മനസ്സിലാക്കുന്നതിനും അവരുടെ കഴിവുകൾ പരിപോഷിപ്പിക്കുന്നതിനും പുറത്തുനിന്നുമുള്ള വിവിധ മേഖലയിൽ വൈദഗ്ധ്യമുള്ളവരുടെ സേവനം ഉപയോഗിക്കുന്നതിനും അവരുമായി കുട്ടികൾക്ക് ഇന്ററാക്റ്റീവ് സെഷനുകൾ സംഘടിപ്പിക്കുന്നതിനും പദ്ധതിയുണ്ടോ;

(സി) അഖിലേന്ത്യാ നിലവാരത്തിലുള്ള മത്സര പരീക്ഷകളിലും ഇന്റർവ്യൂകളിലും പങ്കെടുക്കുന്നതിന് നമ്മുടെ കുട്ടികളെ പ്രാപ്തരാക്കുന്നതിന് ഹൈസ്കൂൾ തലത്തിൽത്തന്നെ സ്ഥിരം പാഠ്യവിഷയങ്ങൾക്ക് പുറമെയുള്ള ക്ലാസ്സുകൾ ആരംഭിക്കുന്നതിന് പദ്ധതി നടപ്പിലാക്കുമോ;

(ഡി) പൊതുവിദ്യാലയങ്ങളുടെ പ്രസക്തിയും ആവശ്യകതയും വീണ്ടെടുക്കുന്നതിന് എന്തെല്ലാം പ്രവർത്തനങ്ങളാണ് ഇനിയും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) 43500 ക്ലാസ് മുറികൾ ഹൈടെക് ആക്കുന്നതിനുള്ള ഉപകരണ വിതരണം ഇതിനോടകം പൂർത്തിയാക്കിയിട്ടുണ്ട്. അവശേഷിക്കുന്ന ക്ലാസ് മുറികൾ സജ്ജമാകുന്നതിനനുസരിച്ച് അവിടെയും ഹൈടെക് ഉപകരണങ്ങൾ വിന്യസിക്കാൻ എല്ലാ ക്രമീകരണങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി സ്കൂളുകളിൽ ആരംഭിച്ച 'ലിറ്റിൽ കൈറ്റ്സ് ഐ.ടി. മേഖലയിൽ വൈദഗ്ദ്ധ്യമുള്ളവരുടെ സേവനം പ്രയോജനപ്പെടുത്തുന്നതിന് പദ്ധതിയുണ്ട്.

(സി) നിലവിൽ ഇത്തരം പദ്ധതി നടപ്പിലാക്കിയിട്ടില്ല.

(ഡി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞവുമായി ബന്ധപ്പെട്ട് നടപ്പിലാക്കിവരുന്ന പദ്ധതികൾ പൂർണ്ണതയിൽ പ്രാവർത്തികമാകുന്നതോടുകൂടി പൊതുവിദ്യാലയങ്ങളുടെ പ്രസക്തി വീണ്ടെടുക്കാൻ കഴിയുന്നതാണ്. പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്, എസ്.എസ്.എ., ആർ.എം.എസ്.എ., എസ്.സി.ഇ.ആർ.റ്റി. (കൈറ്റ്) എന്നിവ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ പൊതുവിദ്യാഭ്യാസ രംഗത്ത് വളരെയധികം മാറ്റങ്ങൾ കൊണ്ടുവരുന്നുണ്ട്. വിദ്യാർത്ഥികളുടെ അഭിരുചികൾ വളർത്തുന്നതിനുള്ള പരിപാടികളും പദ്ധതികളും ആവിഷ്കരിച്ചുവരികയാണ്.

**നേമം മണ്ഡലത്തിലെ കിഫ്ബി വിദ്യാഭ്യാസ പദ്ധതികൾ**

174(1370) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം മണ്ഡലത്തിൽ കിഫ്ബിയിലൂടെ പ്രഖ്യാപിച്ചിട്ടുള്ള വിദ്യാഭ്യാസ വകുപ്പിന്റെ പദ്ധതികൾ എന്തെല്ലാമാണ്; വിശദവിവരം നൽകുമോ;

(ബി) ഇതിൽ കിഫ്ബി അംഗീകാരം നൽകിയിട്ടുള്ള പദ്ധതികളുടെ വിശദവിവരം നൽകുമോ; ബാക്കിയുള്ള പദ്ധതികളുടെ സ്റ്റാറ്റസ് റിപ്പോർട്ട് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) കിഫ്ബി ധനസഹായത്തോടെ നേമം മണ്ഡലത്തിൽ അഞ്ചുകോടി രൂപ ധനസഹായത്തോടെ ഒരു സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കുന്ന പദ്ധതിയും മൂന്ന് കോടി രൂപ ധനസഹായത്തോടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുമുള്ള പദ്ധതികളുമാണ് നടപ്പിലാക്കുന്നത്. സംസ്ഥാനത്തെ എല്ലാ സർക്കാർ/എയ്ഡഡ് ഹൈസ്കൂൾ/ഹയർ സെക്കൻഡറി/വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂളുകളിലും കിഫ്ബി ധനസഹായത്തോടെ ഹൈടെക് ആക്കുന്നതോടനുബന്ധിച്ച് ഈ മണ്ഡലത്തിലെ 19 സ്കൂളുകളും ഹൈടെക് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

അഞ്ചുകോടി രൂപ ധനസഹായത്തോടെ നേമം നിയോജകമണ്ഡലത്തിലെ കാലടി ഗവ.എച്ച്.എസ്.-നെ മികവിന്റെ കേന്ദ്രമാക്കുന്ന പദ്ധതിയുടെ ടെൻഡർ നടപടികൾ അവസാന ഘട്ടത്തിലാണ്.

## വർക്കല മണ്ഡലത്തിൽ ക്ലാസ് മുറികൾ ഹൈടെക് ആക്കുന്ന പദ്ധതി

175(1371) <u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ-എയ്ഡഡ് സ്കൂളുകളിലെ എട്ട് മുതൽ പന്ത്രണ്ട് വരെയുള്ള ക്ലാസ് മുറികൾ ഹൈടെക് ആക്കുന്ന പദ്ധതി പ്രകാരം വർക്കല മണ്ഡലത്തിലെ എത്ര ക്ലാസ് മുറികൾ ഹൈടെക് ആക്കിയിട്ടുണ്ട്;

(ബി) ഇനി എത്ര ക്ലാസ് മുറികൾ ഹൈടെക് ആക്കുന്നതിന് അവശേഷിക്കുന്നുണ്ടെന്നും അത് ഏതെല്ലാം സ്കൂളുകളിലാണെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) വർക്കല മണ്ഡലത്തിലെ 200 ക്ലാസ് മുറികൾ ഹൈടെക് ആക്കിയിട്ടുണ്ട്.

(ബി) വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

## ചിറ്റൂർ നിയോജകമണ്ഡലത്തിലെ പൊതുവിദ്യാഭ്യാസ സംരക്ഷണ പ്രവർത്തനങ്ങൾ

176(1372) <u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ചിറ്റൂർ നിയോജകമണ്ഡലത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിർമ്മാണ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

പ്രവൃത്തികൾ സ്കൂളിലെ പഠനത്തെയും റെഗുലർ ക്ലാസ്സുകളെയും ബാധിക്കാതെ നടപ്പിൽവരുത്തുന്നു എന്നുറപ്പാക്കുന്നതിന് നിർമ്മാണത്തിന് ടെണ്ടർ ഉറപ്പിച്ച സ്ഥാപനം, മേൽനോട്ടം വഹിക്കുന്ന സ്ഥാപനം, കൈറ്റ് എന്നിവയ്ക്ക് എന്തൊക്കെ നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത്;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ സ്കൂൾ അധികൃതർ, പി.ടി.എ., ജനപ്രതിനിധികൾ എന്നിവരുടെ യോഗം ജില്ലാ അധികാരിയുടെ നേതൃത്വത്തിൽ വിളിച്ച് ചേർക്കാൻ വിദ്യാഭ്യാസ വകുപ്പ് നടപടിയെടുക്കുമോ;

(സി) ആയിരത്തിൽ അധികം കുട്ടികൾ പഠിക്കുന്ന തത്തമംഗലം ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ, നന്ദിയോട് ഗവൺമെന്റ് ഹൈസ്കൂൾ, കോഴിപ്പാറ ഗവൺമെന്റ് എച്ച്.എസ്. എന്നിവയെ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായ വികസന പരിപാടികളിൽ ഉൾപ്പെടുത്താൻ എന്തൊക്കെ നടപടികളാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഉത്തരവ് പ്രകാരം കുട്ടികളുടെ സുരക്ഷ, ആരോഗ്യം എന്നിവ കണക്കിലെടുത്തും അദ്ധ്യയനം തടസ്സപ്പെടാത്ത രീതിയിലും കെട്ടിടങ്ങൾ പൊളിച്ചുമാറ്റേണ്ടതാണെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. നിലവിലുള്ള കെട്ടിടങ്ങൾ പൊളിച്ചുമാറ്റുമ്പോൾ പ്രസ്തുത കെട്ടിടത്തിലുള്ള ക്ലാസ് മുറികൾക്ക് സുരക്ഷിതമായ മറ്റൊരിടം കണ്ടെത്തുന്നതിന് വിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിരുന്നു. കൂടാതെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള എഗ്രിമെന്റിൽ താഴെപ്പറയുന്ന നിബന്ധനകൾ ഉൾപ്പെടുത്തി ബന്ധപ്പെട്ട എല്ലാവർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(1) നിർമ്മാണം നടക്കുന്ന സ്ഥലത്തിനുചുറ്റും ബാരിക്കേഡ് കെട്ടുക.

(2) നിർമ്മാണ സ്ഥലത്തും പരിസരത്തും കുട്ടികൾ വരുന്നത് ഒഴിവാക്കണം.

(3) നിർമ്മാണ സാമഗ്രികൾ കൺസ്ട്രക്ഷൻ സ്ഥലത്തേയ്ക്ക് കൊണ്ടുവരുന്നതിന് സ്കൂൾ എൻട്രൻസ് ഒഴിവാക്കി മറ്റുവഴികൾ കണ്ടെത്തുന്നതിന് കഴിവതും ശ്രദ്ധിക്കണം.

(4) സ്കൂൾ സമയങ്ങളിൽ നിർമ്മാണ പ്രവർത്തനത്തിനായുള്ള ട്രാൻസ്പോർട്ടേഷൻ ഒഴിവാക്കണം.

(5) നിർമ്മാണ സ്ഥലത്തേയ്ക്ക് അനധികൃത പ്രവേശനം നിരോധിക്കുക.

(6) യാതൊരുതരത്തിലും അപകടങ്ങൾ ഉണ്ടാകാതെയിരിക്കാൻ എപ്പോഴും പ്രത്യേകം ശ്രദ്ധിക്കുക.

(7) നിർമ്മാണത്തൊഴിലാളികൾക്ക് പ്രത്യേക ഡ്രസ്സും സുരക്ഷാ സംവിധാനങ്ങളും ഉറപ്പുവരുത്തുക

(8) സുരക്ഷാ സൂപ്പർവൈസറും അപകടങ്ങളിൽ രക്ഷപ്പെടുന്നതിനായി എമർജൻസി മാനേജ്മെന്റ് ടീമും നിർമ്മാണ സ്ഥലത്ത് ലഭ്യമാണെന്ന് ഉറപ്പുവരുത്തുക.

(ബി) മിഷന്റെ പ്രവർത്തനങ്ങൾ ജില്ലാതലത്തിൽ അവലോകനം ചെയ്യുന്നതിനായി ജില്ലാതല കർമ്മസേന രൂപീകരിച്ചിട്ടുണ്ട്.

(സി) 2018-19-ലെ ബഡ്ജറ്റ് പ്രസംഗമനുസരിച്ച് ആയിരത്തിലധികം കുട്ടികൾ പഠിക്കുന്ന 2017-18 ബഡ്ജറ്റിൽ വിട്ടുപോയ സ്കൂളുകളെ മൂന്നുകോടി രൂപ പദ്ധതിയിലുൾപ്പെടുത്തി ധനസഹായം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അതനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ സ്കൂളുകൾ**

177(1373) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി തിരൂരങ്ങാടി നിയോജകമണ്ഡലത്തിൽ നിന്നും തെരഞ്ഞെടുത്ത തൃക്കുളം ഗവൺമെന്റ് ഹൈസ്കൂൾ, തിരൂരങ്ങാടി ജി.എച്ച്.എസ്.എസ്., കൊടിഞ്ഞി ജി.എം.യു.പി. സ്കൂൾ എന്നിവയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട എന്തെല്ലാം നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിർമ്മാണ പുരോഗതി അറിയിക്കുമോ?

ഉത്തരം

(എ & ബി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി തിരൂരങ്ങാടി നിയോജകമണ്ഡലത്തിൽനിന്നും തെരഞ്ഞെടുത്ത തൃക്കുളം ഗവൺമെന്റ് ഹൈസ്കൂൾ, തിരൂരങ്ങാടി ജി.എച്ച്.എസ്.എസ്., കൊടിഞ്ഞി ജി.എം.യു.പി.സ്കൂൾ എന്നിവയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

## പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

178(1374) ശ്രീ. ടി. എ. അഹമ്മദ് കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി മങ്കട മണ്ഡലത്തിലെ മക്കരപ്പറമ്പ് ഹയർ സെക്കൻഡറി സ്കൂളിനെ അന്താരാഷ്ട്ര നിലവാരത്തിൽ എത്തിക്കുന്നതുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) മികവിന്റെ കേന്ദ്രമായി തെരഞ്ഞെടുത്ത കടുങ്ങപുരം ഗവൺമെന്റ് ഹൈസ്കൂളിന് 3 കോടി രൂപ അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനുണ്ടായ കാലതാമസം വിശദമാക്കാമോ;

(സി) 2018-19 സാമ്പത്തിക വർഷം ഇത്തരത്തിൽ സ്കൂളുകളെ തെരഞ്ഞെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) മക്കരപ്പറമ്പ് ഹയർസെക്കൻഡറി സ്കൂളിന്റെ പുനരുദ്ധാരണത്തിനായി കിഫ്ബി അഞ്ചുകോടി രൂപ അനുവദിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനം നടത്തുന്നതിനായി കോൺട്രാക്ടറായി സെഗുറോ ഫൗണ്ടേഷൻസ് & സ്ട്രക്ചേഴ്സിനെ തെരഞ്ഞെടുത്തിട്ടുണ്ട്.

(ബി) അനുവദിച്ചിട്ടില്ല. ഡി.പി.ആർ. ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് ഫണ്ട് അനുവദിക്കുന്നതിനായി കിഫ്ബിയുടെ അംഗീകാരത്തിന് സമർപ്പിക്കുന്നതാണ്.

(സി) 2018-19 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾ പ്രകാരമുള്ള സ്കൂളുകളെ തെരഞ്ഞെടുക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

## വാഴമുട്ടം ഹൈസ്കൂൾ

179(1375) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ആയിരത്തിൽ കൂടുതൽ കുട്ടികൾ പഠിക്കുന്ന സ്കൂളുകൾക്കുള്ള മൂന്ന് കോടി രൂപയുടെ ധനസഹായത്തിന് നേമം നിയോജകമണ്ഡലത്തിൽ നിന്നും തെരഞ്ഞെടുത്ത വാഴമുട്ടം ഹൈസ്കൂളിലെ പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയെന്താണെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ആയിരത്തിൽ കൂടുതൽ കുട്ടികൾ പഠിക്കുന്ന സ്കൂളുകൾക്കുള്ള മൂന്ന് കോടി രൂപയുടെ ധനസഹായത്തിന് നേമം നിയോജകമണ്ഡലത്തിൽനിന്നും വാഴമുട്ടം ഹൈസ്കൂളിനെ ഉൾപ്പെടുത്തിയതായി കാണുന്നില്ല.

**ഒരു ഡയറക്ടറേറ്റിനുകീഴിൽ സെക്കൻഡറി, ഹയർ സെക്കൻഡറി മേഖലകൾ**

180(1376) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> :

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒന്ന് മുതൽ പന്ത്രണ്ട് വരെയുള്ള ക്ലാസ്സുകൾ ഒന്നിപ്പിച്ച് ഒരു ഡയറക്ടറേറ്റിനുകീഴിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിനുവേണ്ടി ചെയ്ത കാര്യങ്ങൾ വിശദമാക്കാമോ;

(സി) ഏതെങ്കിലും പഠനത്തിന്റെയോ, റിപ്പോർട്ടിന്റെയോ അടിസ്ഥാനത്തിലാണോ ഈ രീതി കൊണ്ടുവരുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ സംവിധാനം നിലവിൽ വന്നാൽ സെക്കൻഡറി, ഹയർ സെക്കൻഡറി മേഖലയിൽ ജോലി ചെയ്ത് വരുന്ന അദ്ധ്യാപകരുടെ ജോലി ഘടനയിൽ ഏതെങ്കിലും തരത്തിലുള്ള മാറ്റങ്ങൾ ഉണ്ടാകുമോയെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ-ഡി) 2009-ലെ വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് പൊതുവിദ്യാഭ്യാസ മേഖലയിൽ നടപ്പിൽ വരുത്തുവാൻ ഉദ്ദേശിക്കുന്ന ഘടനാപരവും അക്കാദമികപരവുമായിട്ടുള്ള എല്ലാവിധ പരിഷ്കാരങ്ങളുടെയും വിവിധ വശങ്ങൾ പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ മുൻ എസ്.സി.ഇ.ആർ.ടി. ഡയറക്ടർ എം.എ.ഖാദർ ചെയർമാനായി ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്.

ടി കമ്മിറ്റിയുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ആയതിലെ ശിപാർശകൾ പരിശോധിച്ച് ഉചിതമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## ഹലോ ഇംഗ്ലീഷ് പഠന പദ്ധതി

181(1377) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.പി., ഹൈസ്കൂൾ, പ്ലസ്ടു തലങ്ങളിൽ ഇംഗ്ലീഷ് അധ്യാപനത്തിന്റെ പഠനനിലവാരം ഉയർത്തേണ്ട സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാവുന്നതെന്ന് വിശദമാക്കുമോ;

(സി) ഹലോ ഇംഗ്ലീഷ് പഠന പദ്ധതി യു.പി. തലത്തിൽ വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

### ഉത്തരം

(എ-സി) ഉണ്ട്. സ്കൂൾതലത്തിൽ പഠനനിലവാരം ഉയർത്തുന്നതിന് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞ പരിപാടിയെ അടിസ്ഥാനമാക്കി ഒട്ടേറെ കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇംഗ്ലീഷ് ഉൾപ്പെടെ എല്ലാ വിഷയങ്ങളുടെയും അദ്ധ്യാപന നിലവാരം ഉയർത്തുന്നതിനും അദ്ധ്യാപകരുടെ റഫറൻസിനും ക്ലാസ് റൂം വിനിമയത്തിനുമായി 'സമഗ്ര' എന്ന വെബ്പോർട്ടൽ വഴി പഠന വിഭവങ്ങൾ ലഭ്യമാക്കിവരുന്നു.

വിദ്യാലയങ്ങളിലെ ഇംഗ്ലീഷ് ഭാഷാ പഠന നിലവാരം ഉയർത്താനായി സർക്കാർ ആവിഷ്ക്കരിച്ച പഠന പോഷണ പരിപാടിയാണ് 'ഹലോ ഇംഗ്ലീഷ് '. 2017-18 വർഷത്തിൽ പ്രൈമറിതലത്തിൽ ആരംഭിച്ച ഈ പദ്ധതി 2018-19 വർഷത്തിൽ യു.പി., ഹൈസ്കൂൾ തലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതാണ്. ഇതിനായി അദ്ധ്യാപകർക്കുള്ള പരിശീലന സാമഗ്രികളും കൈപുസ്തകങ്ങളും തയ്യാറാക്കിയിട്ടുണ്ട്.

## നേമം മണ്ഡലത്തിലെ സ്കൂളുകളിൽ ജൈവവൈവിധ്യ ഉദ്യാനം

182(1378) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം നിയോജകമണ്ഡലത്തിലെ ഏതൊക്കെ സ്കൂളുകൾക്കാണ് ജൈവവൈവിധ്യ ഉദ്യാനം നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനുള്ള എന്തെല്ലാം നടപടിക്രമങ്ങൾ പൂർത്തിയായിയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 1. ഗവ. യു.പി.സ്കൂൾ മുടവൻമുഗൾ

2. ബി.എൻ.വി.യു.പി.സ്കൂൾ, പൂഞ്ചക്കരി

3. യു.പി.സ്കൂൾ, നെടുങ്കാട്

4. യു.പി.സ്കൂൾ, കുന്നപ്പുഴ

5. ചിന്മയ വിദ്യാലയ, ആറ്റുകാൽ

6. ഗവ. യു.പി.സ്കൂൾ, അമ്പലത്തറ

7. ഗവ. യു.പി.സ്കൂൾ, തൂലം.

(ബി) ജൈവവൈവിധ്യ ഉദ്യാനം നിർമ്മിക്കുന്നതിനായി 2017-18 സാമ്പത്തിക വർഷത്തിൽ സ്കൂളൊന്നിന് 10,000 രൂപ (പതിനായിരം രൂപ മാത്രം) വീതം അനുവദിച്ചിട്ടുണ്ട്. ഹെഡ്മാസ്റ്റർ/മാനേജർ/പി.ടി.എ./എം.പി.ടി.എ. അംഗങ്ങൾ എന്നിവരുടെ സാന്നിദ്ധ്യത്തിൽ കമ്മിറ്റികൾ രൂപീകരിച്ച് ഔദ്യോഗികമായി ഉദ്ഘാടനം നടത്തുകയും ചെയ്യുന്നുണ്ട്.

ജൈവവൈവിധ്യ ഉദ്യാന നിർമ്മാണത്തിനായി സ്കൂളിന്റെ പരിസരത്ത് പച്ചക്കറികൾ, ഔഷധച്ചെടികൾ, ചെറിയ മരങ്ങൾ, പഴവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ എന്നിവ നട്ടുപിടിപ്പിക്കുകയും കൂടാതെ ശലഭപാർക്ക്, ജൈവവേലി, മഴക്കുഴി എന്നിവയും നിർമ്മിച്ചിട്ടുണ്ട്. കുട്ടികളുടെ ക്ലാസ്സിലെ കമ്മിറ്റി ജൈവവൈവിധ്യ ഉദ്യാനം പരിപാലിക്കുന്നതിന് നേതൃത്വം നൽകുന്നുമുണ്ട്.

**നേമം നിയോജകമണ്ഡലത്തിൽ അന്താരാഷ്ട്ര നിലവാരമുള്ള സ്കൂളുകൾ**

183(1379) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാലയങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്ന പദ്ധതിയിൽ നേമം നിയോജകമണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളാണ് ഉൾപ്പെട്ടിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത സ്കൂളുകളുടെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ.)അംഗീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(സി) ഡി.പി.ആർ. തയ്യാറാക്കി സമർപ്പിക്കാൻ ചുമതലപ്പെടുത്തിയ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി.) ഏതെന്ന് വ്യക്തമാക്കാമോ;

(ഡി) ഓരോ സ്കൂളിനും അനുവദിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ;

(ഇ) നിർമ്മാണപ്രവർത്തനങ്ങളുടെ ചുമതലയും മേൽനോട്ട ചുമതലയും ഏതെല്ലാം സ്ഥാപനങ്ങൾക്കാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) നേമം നിയോജകമണ്ഡലത്തിലെ കാലടി ഗവ. എച്ച്.എസ്. അഞ്ചുകോടി പദ്ധതിയിലും കമലേശ്വരം ജി.എച്ച്.എസ്. മൂന്നുകോടി പദ്ധതിയിലും ഉൾപ്പെട്ടിട്ടുണ്ട്.

(ബി) കാലടി ഗവ.എച്ച്.എസ്.-ന്റെ ഡി.പി.ആർ. അംഗീകരിച്ചിട്ടുണ്ട്. കമലേശ്വരം സ്കൂളിന്റെ ഡി.പി.ആർ. തയ്യാറാക്കിയിട്ടില്ല. പ്രസ്തുത സ്കൂളിൽ നിർമ്മാണ പ്രവർത്തനത്തിനായി സ്ഥലസൗകര്യമില്ലായെന്ന് കിറ്റ്കോ സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

(സി) നിർമ്മാണ പ്രവർത്തനങ്ങളുടെ എസ്.പി.വി. ആയി കൈറ്റിനേയും ഡി.പി.ആർ. തയ്യാറാക്കുന്നതിന് കിറ്റ്കോയെയുമാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്.

(ഡി) കാലടി ഗവ.എച്ച്.എസ്.എസ്.-ന് അഞ്ചുകോടി രൂപ കിഫ്ബി അനുവദിച്ചിട്ടുണ്ട്.

(ഇ) നിർമ്മാണ പ്രവർത്തനങ്ങളുടെ ചുമതലയ്ക്കായി കൈറ്റിനെയും പി.എം.സി.യായി വാപ്കോസിനെയുമാണ് തെരഞ്ഞെടുത്തിട്ടുള്ളത്.

**വൈകല്യമുള്ള വിദ്യാർത്ഥികൾക്ക് അനുവദിക്കുന്ന ആനുകൂല്യം**

184(1380) ശ്രീ. അനിൽ അക്കര: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എൽ.സി. പരീക്ഷ എഴുതുന്ന ശാരീരികമോ മാനസികമോ ആയ വൈകല്യമുള്ള വിദ്യാർത്ഥികൾക്ക് അനുവദിക്കുന്ന ആനുകൂല്യം വ്യാപകമായി ദുരുപയോഗപ്പെടുത്തുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത ആനുകൂല്യത്തിന്റെ ദുരുപയോഗം തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ?

ഉത്തരം

(എ & ബി) ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള പരീക്ഷാനുകൂല്യത്തിന്റെ ദുരുപയോഗം തടയുന്നതിനായി ചുവടെപ്പറയുന്ന നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് 15-5-2018-ലെ സ.ഉ. (കൈ.)63/2018/പൊ.വി.വ. നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

1. അദ്ധ്യാപകരുടെയും റിസോഴ്സ് അദ്ധ്യാപകരുടെയും നിരീക്ഷണ ഫലമായി വൈകല്യം കണ്ടെത്തിയ, നിലവിൽ പഠിച്ചുകൊണ്ടിരിക്കുന്ന കുട്ടികളുടെയും പുതുതായി പ്രവേശനം തേടിയ കുട്ടികളിൽ വൈകല്യമുള്ളവരുടെയും അന്തിമ ലിസ്റ്റ് ഒന്നാം പാദ വാർഷിക പരീക്ഷയ്ക്ക് മുമ്പേ തന്നെ ഓരോ സ്കൂളുകളിലും തയ്യാറാക്കി പ്രസിദ്ധീകരിക്കേണ്ടതാണ്.

2. മെഡിക്കൽ ബോർഡ് സർട്ടിഫൈ ചെയ്ത ഇത്തരം കുട്ടികൾക്കാവശ്യമായ, പരീക്ഷ എഴുതുന്നതിനടക്കമുള്ള, എല്ലാവിധ സഹായങ്ങളും യഥാസമയം നൽകുന്നുണ്ടെന്ന് പ്രധാനാദ്ധ്യാപകർ ഉറപ്പുവരുത്തേണ്ടതാണ്.

3. ഒന്നാം പാദ വാർഷിക പരീക്ഷയ്ക്ക് മുമ്പേ തന്നെ 10-ാം ക്ലാസിൽ 2019 മാർച്ച് പരീക്ഷയിൽ സഹായം ആവശ്യമുള്ള മുഴുവൻ കുട്ടികളുടെയും അന്തിമലിസ്റ്റ് പ്രസിദ്ധീകരിക്കേണ്ടതാണ്.

## നബാർഡ് റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ട് പദ്ധതി

185(1381) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേങ്ങര ഗവൺമെന്റ് മോഡൽ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിനെ നബാർഡ് റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ട് (RIDF) പദ്ധതിയിലുൾപ്പെടുത്തി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന്റെ നിലവിലെ അവസ്ഥ എന്തെന്ന് അറിയിക്കാമോ;

(ബി) ഈ കെട്ടിട നിർമ്മാണത്തിനായി വകയിരുത്തിയിട്ടുള്ള തുകയെത്രയെന്നും അത് എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകുമെന്നും അറിയിക്കുമോ?

<u>ഉത്തരം</u>

(എ & ബി) വേങ്ങര ഗവൺമെന്റ് മോഡൽ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിനെ നബാർഡ് റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ട് (RIDF) പദ്ധതിയിലുൾപ്പെടുത്തിയിട്ടില്ല.

## പട്ടാമ്പി മണ്ഡലത്തിൽ വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ

186(1382) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിദ്യാഭ്യാസ വകുപ്പ് 2016-17, 2017-18 എന്നീ വർഷങ്ങളിൽ പട്ടാമ്പി മണ്ഡലത്തിൽ നടപ്പിലാക്കിയതോ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതോ ആയ പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന്റെ ഭാഗമായി സംസ്ഥാനത്തെ സർക്കാർ സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതിയനുസരിച്ച് നടുവട്ടം ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിനെ അഞ്ചുകോടി രൂപ പദ്ധതിക്കും ഗവ.എച്ച്.എസ്.എസ്. വാടാനാംകുറിശ്ശി, ഗവ. എച്ച്.എസ്.എസ്. കൊപ്പം, ഗവ. എച്ച്.എസ്.എസ്. പട്ടാമ്പി എന്നീ സ്കൂളുകളെ മൂന്നുകോടി രൂപ പദ്ധതിക്കും തെരഞ്ഞെടുത്തിട്ടുണ്ട്. ഇവയിൽ കിഫ്ബിയുടെ അംഗീകാരം ലഭിച്ച സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ടെൻഡർ നടപടികളും ബാക്കിയുള്ളവ കിഫ്ബിയുടെ അംഗീകാരത്തിനുമായി നൽകിയിട്ടുണ്ട്. കൂടാതെ 2017-18 സാമ്പത്തിക വർഷത്തിൽ ഒരു കോടിരൂപ പദ്ധതിയിലുൾപ്പെടുത്തി ഗവ.എൽ.പി.സ്കൂൾ, പട്ടാമ്പിക്ക് അടിസ്ഥാന സൗകര്യവികസനത്തിനായി ഒരുകോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

2016-17 സാമ്പത്തിക വർഷത്തിൽ നാല് ഗവ. ഹയർ സെക്കൻഡറി സ്കൂളുകൾക്ക് ലാബ് ഉപകരണങ്ങൾ വാങ്ങുന്നതിന് ഒരു ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി പട്ടാമ്പി നിയോജകമണ്ഡലത്തിലെ സ്കൂളുകൾക്ക് ഐ.ടി. ഉപകരണങ്ങൾ വിതരണം ചെയ്തിട്ടുണ്ട്.

അതോടൊപ്പം 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ പൊതു വിദ്യാഭ്യാസ വകുപ്പ് സംസ്ഥാനതലത്തിൽ നടപ്പിലാക്കിയ എല്ലാ പദ്ധതികളിലും പട്ടാമ്പി നിയോജകമണ്ഡലത്തിലെ സ്കൂളുകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ വകുപ്പിനെ സംബന്ധിക്കുന്ന വിവരങ്ങൾ ശേഖരിച്ചുനൽകുന്നതാണ്.

## സ്കൂൾ പാഠപുസ്തകങ്ങളുടെ അച്ചടി

187(1383) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം വിതരണം ചെയ്യാനുള്ള സ്കൂൾ പാഠപുസ്തകങ്ങളുടെ അച്ചടി പൂർത്തിയായിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) പാഠപുസ്തകങ്ങൾ എന്നത്തേയ്ക്ക് വിതരണം പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 2018-19 അദ്ധ്യയന വർഷത്തേയ്ക്കുള്ള ഒന്നുമുതൽ 10 വരെ ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ മൂന്ന് വാല്യങ്ങളായാണ് അച്ചടിച്ച് വിതരണം ചെയ്യുന്നത്. ഇതിൽ ഒന്നാം വാല്യം പാഠപുസ്തകങ്ങളുടെ അച്ചടി പൂർത്തിയായിട്ടുണ്ട്. ഹയർ സെക്കൻഡറി

ഒന്നാം വർഷ പാഠപുസ്തകങ്ങൾ ക്ലാസ് ആരംഭിക്കുന്നതിനുമുമ്പ് തന്നെ ലഭ്യമാക്കണമെന്ന ലക്ഷ്യത്തോടെ അച്ചടി പുരോഗമിക്കുകയാണ്. രണ്ടാംവർഷ പാഠപുസ്തകങ്ങളുടെ അച്ചടി 95% പൂർത്തിയായി കഴിഞ്ഞു.

(ബി) ഒന്നുമുതൽ 10 വരെ ക്ലാസ്സുകളിലെ ഒന്നാം വാല്യം പാഠപുസ്തകങ്ങളുടെ വിതരണം പൂർത്തിയായിട്ടുണ്ട്. രണ്ടും മൂന്നും വാല്യം പാഠപുസ്തകങ്ങളുടെ വിതരണം താഴെപറയുന്ന ഷെഡ്യൂൾ പ്രകാരമാണ്.

രണ്ടാം വാല്യം - 2018 ആഗസ്റ്റ് മാസത്തിലും

മൂന്നാം വാല്യം - 2018 ഒക്ടോബർ മാസത്തിലും

ഹയർ സെക്കൻഡറി രണ്ടാംവർഷ പാഠപുസ്തകങ്ങൾ ജൂൺ 25-ാം തീയതിക്ക് മുമ്പുതന്നെ വിതരണം പൂർത്തിയാക്കാനും ഒന്നാം വർഷ പാഠപുസ്തകങ്ങൾ ജൂലൈ അഞ്ചാം തീയതിയോടുകൂടി വിതരണം പൂർത്തിയാക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്.

**പാഠപുസ്തക വിതരണം**

188(1384) ശ്രീ. ജോർജ് എം. തോമസ് :

ശ്രീ. കെ. വി. വിജയദാസ് :

ശ്രീ. പി. വി. അൻവർ :

ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ അദ്ധ്യയന വർഷത്തേക്കുള്ള പാഠ പുസ്തകങ്ങൾ മുൻകൂട്ടി വിതരണം നടത്തിയതിനുപുറമേ സൗജന്യ സ്കൂൾ യൂണിഫോം വിതരണവും ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) സൗജന്യ യൂണിഫോമിനാവശ്യമായ കൈത്തറി തുണിത്തരങ്ങൾ നിർമ്മിക്കുന്നത് ആരാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിക്കാവശ്യമായ കൈത്തറി തുണി ഉല്പാദനം പൂർത്തിയായിട്ടുണ്ടോ എന്നും ഇതിനാവശ്യമായ ഫണ്ട് വിതരണം ആരംഭിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ആരംഭിച്ചിട്ടുണ്ട്. 2018 മെയ് രണ്ടുമുതൽ എല്ലാ ജില്ലകളിലും കൈത്തറി യൂണിഫോം വിതരണം ആരംഭിച്ചിട്ടുണ്ട്. കഴിഞ്ഞ അദ്ധ്യയന വർഷത്തെ കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായ അളവ് കൈത്തറി തുണിയാണ്

ആദ്യഘട്ടത്തിൽ വിതരണം ചെയ്തിട്ടുള്ളത്. ഈ അദ്ധ്യയന വർഷത്തെ ആറാം പ്രവൃത്തി ദിവസത്തെ കുട്ടികളുടെ കൃത്യമായ എണ്ണം കണക്കാക്കിയതിനുശേഷം അധികമായി അഡ്മിഷൻ എടുക്കുന്ന കുട്ടികൾക്കുള്ള കൈത്തറി യൂണിഫോം വിതരണം രണ്ടാംഘട്ടത്തിൽ നടത്തുന്നതാണ്. അതുപോലെ കൈത്തറി യൂണിഫോം നൽകാത്ത സർക്കാർ/എയ്ഡഡ് സ്കൂൾ കുട്ടികൾക്ക് യൂണിഫോം അനുവദിക്കുന്നതിനായി കുട്ടി ഒന്നിന് 400 രൂപ ക്രമത്തിൽ ഒന്നാം ഘട്ടത്തിൽ വിതരണം ചെയ്തിട്ടുണ്ട്. ഈ അദ്ധ്യയന വർഷത്തെ ആറാം പ്രവൃത്തി ദിവസത്തെ കുട്ടികളുടെ കൃത്യമായ എണ്ണം കണക്കാക്കിയതിന് ശേഷം അധിക തുക ആവശ്യമുള്ള പക്ഷം രണ്ടാംഘട്ടത്തിൽ അനുവദിക്കുന്നതാണ്.

(ബി) കൈത്തറി ആൻഡ് ടെക്സ്റ്റൈൽസ് ഡയറക്ടറാണ് കൈത്തറി തുണിത്തരങ്ങളുടെ നിർമ്മാണം നടത്തുന്നത്.

(സി) ഉണ്ട്.

## പ്രീ-പ്രൈമറി അദ്ധ്യാപകർ, ആയമാർ എന്നിവരെ സ്ഥിരപ്പെടുത്തുവാൻ നടപടി

189 (1385) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ സ്കൂളുകളിൽ പ്രീ-പ്രൈമറി വിഭാഗത്തിൽ ജോലി ചെയ്തു വരുന്ന പ്രീ-പ്രൈമറി അദ്ധ്യാപകർ, ആയമാർ എന്നിവരെ സ്ഥിരപ്പെടുത്തുന്നതിന് സർക്കാർ ആലോചിക്കുമോ; വിശദവിവരങ്ങൾ നൽകാമോ?

ഉത്തരം

ഈ വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

## ഗ്രേസ് മാർക്ക്

190(1386) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എസ്. എസ്. എൽ. സി., പ്ലസ് ടു ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ഗ്രേസ് മാർക്ക് അനുവദിക്കുന്ന രീതി പരിഷ്കരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകാമോ?

ഉത്തരം

എസ്.എസ്.എൽ.സി. ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ഗ്രേസ് മാർക്ക് അനുവദിക്കുന്ന രീതി പരിഷ്കരിക്കുന്നത് സംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുവാൻ എസ്.സി.ഇ.ആർ.റ്റി.യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

പ്ലസ് ടു ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ഗ്രേസ് മാർക്ക് അനുവദിക്കുന്ന രീതി പരിഷ്കരിക്കുന്നതു സംബന്ധിച്ച വിഷയം പരിശോധിച്ചുവരുന്നു.

## ഹൈടെക് ക്ലാസ് മുറികൾ

191(1387) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ-എയ്ഡഡ് സ്കൂളുകളിലെ 8 മുതൽ 12 വരെയുള്ള ക്ലാസ് മുറികൾ ഹൈടെക് ആക്കുന്ന പദ്ധതി പ്രകാരം നേമം നിയോജകമണ്ഡലത്തിൽ ഏതെല്ലാം സ്കൂളുകളിൽ എത്ര ക്ലാസ് മുറികൾ വീതമാണ് ഹൈടെക് ആക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) ഇതിന് തുക അനുവദിച്ചതുപ്രകാരമുള്ള പ്രോജക്ട് പ്രൊപ്പോസലിന്റെ ഇപ്പോഴത്തെ അവസ്ഥ എന്തെന്നും ഈ പ്രവൃത്തികൾ എന്നാരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

### ഉത്തരം

(എ) നേമം നിയോജകമണ്ഡലത്തിൽ ഹൈടെക് സ്കൂൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന സ്കൂളുകളുടെയും അവയിലെ ക്ലാസ് മുറികളുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

(ബി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സംസ്ഥാനത്തെ 4775 സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ, ഹയർ സെക്കൻഡറി/ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളിലെ 45000 ക്ലാസ് മുറികളിലേയ്ക്കുള്ള ഐ.ടി. സൗകര്യങ്ങൾ ഒരുക്കുന്ന ഹൈടെക് സ്കൂൾ പദ്ധതിക്കായി 493.5 കോടി രൂപ (നാനൂറ്റി തൊണ്ണൂറ്റിമൂന്ന് കോടി അൻപത് ലക്ഷം) കിഫ്ബി അനുവദിച്ചിട്ടുണ്ട്. 2018 ജനുവരി 22-ന് പദ്ധതി ആരംഭിച്ചു. 34500 ക്ലാസ് മുറികൾ ഹൈടെക് ആക്കുന്നതിനുള്ള ഉപകരണ വിതരണം ഇതിനോടകം പൂർത്തിയാക്കിയിട്ടുണ്ട്.

## മാങ്കോട് എച്ച്.എസ്.എസ്.-ന്റെ കെട്ടിട നിർമ്മാണം

192(1388) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി നിയോജകമണ്ഡലത്തിലുള്ള മാങ്കോട് എച്ച്.എസ്സ്.എസ്സ്.-ന്റെ കെട്ടിട നിർമ്മാണത്തിനായി 5 കോടി രൂപ അനുവദിക്കാനായി എം.എൽ.എ. നൽകിയ കത്തുപ്രകാരം പൊതുമരാമത്ത് വകുപ്പ് 365 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് കഴിഞ്ഞ സാമ്പത്തിക വർഷം നൽകിയിരുന്നുവോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ആയതിൻമേൽ നാളിതുവരെ എന്തെങ്കിലും തുടർനടപടികൾ കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതം പരിമിതമായിരുന്നതുകൊണ്ട് ഉൾപ്പെടുത്താതിരുന്ന ഈ പ്രവൃത്തി ഈ സാമ്പത്തിക വർഷം ഉൾപ്പെടുത്തുമോ;

(ഡി) എങ്കിൽ ആയതിലേയ്ക്ക് ആവശ്യമായ നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകുമോ?

<u>ഉത്തരം</u>

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

**മലപ്പുറം ജില്ലയിലെ എല്ലാ ഹൈസ്കൂളുകളിലും പ്ലസ് ടു കോഴ്സ്**

193(1389) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> :
<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> :
<u>ശ്രീ. സി. മമ്മൂട്ടി</u> :
<u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ കഴിഞ്ഞ എസ്.എസ്.എൽ.സി. പരീക്ഷയിൽ തുടർവിദ്യാഭ്യാസത്തിന് യോഗ്യത നേടിയ കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി പ്ലസ് ടു സീറ്റുകൾ നിലവിലില്ല എന്ന വസ്തുത ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) പലർക്കും അവരുടെ അഭിരുചിയ്ക്കനുസൃതമായ വിഷയങ്ങൾ പഠിക്കാൻ അവസരം ലഭിക്കുന്നില്ല എന്നത് അനുഭാവപൂർവ്വം പരിഗണിക്കുമോ;

(സി) പ്ലസ് ടു അനുവദിക്കാത്ത എല്ലാ ഹൈസ്കൂളുകളിലും പ്ലസ് ടു കോഴ്സ് അനുവദിച്ച് ഇക്കാര്യത്തിൽ വിദ്യാർത്ഥികളുടേയും രക്ഷകർത്താക്കളുടേയും ആശങ്കകൾ പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) മലപ്പുറം ജില്ലയിൽ കഴിഞ്ഞ എസ്.എസ്.എൽ.സി. പരീക്ഷയിൽ തുടർവിദ്യാഭ്യാസത്തിന് യോഗ്യത നേടിയ കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി പ്ലസ് ടു സീറ്റുകൾ നിലവിലില്ലാത്ത അവസ്ഥയില്ല.

(ബി) സംസ്ഥാനത്തെ എല്ലാ വിദ്യാർത്ഥികളുടെയും അഭിരുചിക്കനുസൃതമായി വിഷയങ്ങൾ അനുവദിക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുണ്ട്. എന്നിരുന്നാലും കൂടുതൽ വിദ്യാർത്ഥികൾ താത്പര്യം പ്രകടിപ്പിക്കുന്ന സയൻസ്, കോമേഴ്സ് വിഷയങ്ങളിൽ പ്ലസ് ടൂ സീറ്റുകൾ കൂടുതലായി അനുവദിച്ചു വരുന്നുണ്ട്.

(സി) എല്ലാ ഹൈസ്കൂളുകളിലും പ്ലസ് ടൂ കോഴ്സ് അനുവദിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

**പണിക്കൻകുടി ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ**

194(1390) <u>ശ്രീ. റോഷി അഗസ്റ്റിൻ</u> : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2017-18 ബഡ്ജറ്റിൽ വിഭാവനം ചെയ്ത സർക്കാർ സ്കൂളുകളുടെ ഭൗതിക സൗകര്യം മെച്ചപ്പെടുത്താനുള്ള പദ്ധതി പ്രകാരം ഇടുക്കി നിയോജകമണ്ഡലത്തിൽ നിന്ന് സമർപ്പിച്ച പണിക്കൻകുടി ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂളിന്റെ 3 കോടി രൂപയുടെ പ്രൊപ്പോസലിന് അംഗീകാരം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

അംഗീകാരം നൽകിയിട്ടില്ല. പ്രസ്തുത പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

**ഹയർ സെക്കൻഡറി സ്ഥലംമാറ്റ മാനദണ്ഡം**

195(1391) <u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർസെക്കൻഡറി വിദ്യാഭ്യാസ വകുപ്പിൽ പുതിയതായി പുറത്തിറക്കിയ സ്ഥലം മാറ്റ മാനദണ്ഡത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) സ്ഥലംമാറ്റ മാനദണ്ഡം സംബന്ധിച്ച ഉത്തരവിൽ അധ്യാപകരെ മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഹയർ സെക്കൻഡറി പ്രിൻസിപ്പൽമാർക്ക് ട്രാൻസ്ഫർ മാനദണ്ഡത്തിൽ ഇളവ് നൽകിയതിന് പ്രത്യേക കാരണമുണ്ടോ;

(ഡി) പ്രസ്തുത മാനദണ്ഡം പ്രിൻസിപ്പൽ ഉൾപ്പെടെ ഹയർ സെക്കൻഡറി വിദ്യാഭ്യാസ വകുപ്പിലെ മുഴുവൻ ജീവനക്കാർക്കും ഒരേപോലെ ബാധകമാക്കാൻ നടപടിയെടുക്കുമോ?

<u>ഉത്തരം</u>

(എ) പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഹയർ സെക്കൻഡറി പ്രിൻസിപ്പൽമാർക്ക് പ്രത്യേകമായി സ്ഥലംമാറ്റ മാനദണ്ഡങ്ങൾ രൂപീകരിച്ചിട്ടില്ല.

(ഡി) ഹയർ സെക്കൻഡറി അധ്യാപകർക്ക് സ്ഥലംമാറ്റ മാനദണ്ഡങ്ങൾ നിശ്ചയിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രിൻസിപ്പൽമാരുടെ തസ്തിക സെലക്ഷൻ തസ്തികയായതിനാലാണ് പ്രസ്തുത ഉത്തരവിന്റെ പരിധിയിൽ കൊണ്ടുവരാത്തത്. ഹയർ സെക്കൻഡറി വിദ്യാഭ്യാസ വകുപ്പിലെ മറ്റുള്ള ജീവനക്കാർക്ക് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള സ്ഥലംമാറ്റ മാനദണ്ഡങ്ങളാണ് ബാധകമാക്കിയിട്ടുള്ളത്.

## കിഫ്ബിയിൽനിന്നും 3 കോടി രൂപ വീതം അനുവദിച്ച സ്കൂളുകൾ

196(1392) <u>ശ്രീ. ഒ. ആർ. കേളു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ നിന്നും മൂന്ന് കോടി രൂപ അനുവദിച്ച കാട്ടിക്കുളം ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ, പനമരം ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ, വെള്ളമുണ്ട ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ എന്നിവയുടെ പദ്ധതി സംബന്ധിച്ച നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) മൂന്ന് കോടി രൂപയുടെ പദ്ധതിയ്ക്കായി മാസ്റ്റർ പ്ലാൻ തയ്യാറാക്കിയ ഏജൻസി ഏതാണ്;

(സി) പദ്ധതിയുടെ ടെണ്ടർ നടപടി എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്?

<u>ഉത്തരം</u>

(എ) വെള്ളമുണ്ട ഗവ. ഹയർ സെക്കൻഡറി സ്കൂളിന്റെ പദ്ധതിയ്ക്ക് കിഫ്ബിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. കാട്ടിക്കുളം/പനമരം ഗവ. എച്ച്.എസ്.എസ്. എന്നിവയുടെ പദ്ധതികൾ കിഫ്ബിയുടെ പരിഗണനയിലാണ്.

(ബി) മൂന്ന് കോടി രൂപയുടെ പദ്ധതിക്കായി മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത് 'കിറ്റ്കോ' എന്ന സർക്കാർ അംഗീകൃത ഏജൻസിയാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) ടെണ്ടർ നടപടി അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് എത്രയും വേഗം പദ്ധതി പൂർത്തിയാക്കുന്നതാണ്.

**പാറശ്ശാല മണ്ഡലത്തിലെ ശാസ്ത്രപോഷിണി ലാബുകൾ**

197 (1393) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 വർഷത്തിൽ പാറശ്ശാല നിയോജകമണ്ഡലത്തിൽ ശാസ്ത്രപോഷിണി ലാബുകൾ സ്ഥാപിക്കുന്നതിനായി ഏതൊക്കെ സ്കൂളുകളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത് എന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്കുള്ള ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ശാസ്ത്രപോഷണി ലാബ് നിർമ്മിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; ഇതിനായി നിർവ്വഹണ ഏജൻസികളെ നിശ്ചയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) 2016-17 വർഷത്തിൽ പാറശ്ശാല നിയോജകമണ്ഡലത്തിൽ ശാസ്ത്രപോഷിണി ലാബുകൾ സ്ഥാപിക്കുന്നതിനായി സ്കൂളുകൾ തെരഞ്ഞെടുത്തിട്ടില്ല.

(ബി) ബാധകമല്ല.

(സി) ശാസ്ത്രപോഷണി ലാബ് സ്ഥാപിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

1. ഹൈസ്കൂളുകൾ ആയിരിക്കണം.

2. അടച്ചുറപ്പുള്ള മൂന്ന് ക്ലാസ് റൂമുകൾ ഉണ്ടായിരിക്കണം.

3. അതത് വിഷയങ്ങളിൽ (ഫിസിക്സ്, കെമിസ്ട്രി, ബയോളജി) യോഗ്യതയുള്ള അദ്ധ്യാപകരുണ്ടായിരിക്കണം.

4. സ്കൂളിലെ ഹൈസ്കൂൾ വിദ്യാർത്ഥികളുടെ എണ്ണം.

കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലാണ് ഈ പദ്ധതി നടപ്പിലാക്കിവരുന്നത്.

## സ്കൂളുകളിൽ ശാസ്ത്രപോഷിണി ലാബുകൾ

198(1394) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം വിഭാഗങ്ങളിൽപ്പെട്ട സ്കൂളുകളിലാണ് ശാസ്ത്രപോഷിണി ലാബുകൾ സ്ഥാപിക്കുവാൻ സർക്കാർ ഉദ്ദേശിച്ചതെന്നും ഇതിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമെന്നും വിശദമാക്കുമോ;

(ബി) പ്രസ്തുത ലാബുകൾക്കായി നിർദ്ദിഷ്ട രൂപരേഖ (type design) ഉണ്ടോ; ഇവയുടെ നിർവ്വഹണചുമതല നിക്ഷിപ്തമാക്കിയത് ആരിലാണ് ; വിശദമാക്കുമോ;

(സി) കൊല്ലം ജില്ലയിൽ എത്ര സ്കൂളുകളിൽ പ്രസ്തുത ലാബുകൾ സ്ഥാപിച്ചുവെന്നും അത് എവിടെയെല്ലാമാണെന്നും വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ എല്ലാ ഗവൺമെന്റ് ഹൈസ്കൂളുകളിലും ഘട്ടംഘട്ടമായി ഈ പദ്ധതി നടപ്പിലാക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്. പദ്ധതിയുടെ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.

1. കുട്ടികളിൽ ശാസ്ത്രത്തോടുള്ള അഭിരുചി വളർത്തുക.

2. കുട്ടികൾക്ക് ശാസ്ത്രം സ്വയം പഠിച്ച് വളരാനുള്ള സാഹചര്യമൊരുക്കുക.

3. കുട്ടികളിൽ പുതുമയാർന്ന ആശയങ്ങളെക്കുറിച്ച് ചിന്തിക്കുന്നതിന് പ്രോത്സാഹനവും പ്രചോദനവും നൽകുക.

4. ലബോറട്ടറി പരീക്ഷണങ്ങളുടെ സഹായത്തോടെ ശാസ്ത്രീയമായ ആശയങ്ങൾ കുട്ടികളിലേയ്ക്ക് പകർന്നുനൽകുന്നതിനുവേണ്ടി അദ്ധ്യാപകർക്കുവേണ്ട സാഹചര്യം സൃഷ്ടിക്കുക.

(ബി) ഉണ്ട്. ഈ പദ്ധതി പ്രകാരം ഫിസിക്സ്, കെമിസ്ട്രി, ബയോളജി തുടങ്ങിയ വിഷയങ്ങളിൽ കേരളത്തിലെ ഹൈസ്കൂൾ പാഠ്യപദ്ധതി ബന്ധപ്പെടുത്തിയുള്ള പരീക്ഷണങ്ങൾ കുട്ടികൾക്ക് ചെയ്യുന്നതിനായി ലബോറട്ടറികൾ സ്ഥാപിക്കുക.

ഈ പദ്ധതി കേരളത്തിലെ ഹൈസ്കൂളുകളിൽ നടപ്പിലാക്കി വരുന്നത് ശാസ്ത്ര സാങ്കേതിക വകുപ്പിന് കീഴിലുള്ള കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലാണ്.

(സി) കൊല്ലം ജില്ലയിൽ 10 സ്കൂളുകളിൽ പ്രസ്തുത ലാബുകൾ സ്ഥാപിച്ചിട്ടുണ്ട്.

1. ഗവ. എച്ച്.എസ്.എസ്. കുമ്മിൾ, കടയ്ക്കൽ
2. ജി.വി.എച്ച്.എസ്., കുളക്കട, കൊട്ടാരക്കര,
3. ജി.എച്ച്.എസ്.എസ്., അഞ്ചാലുംമൂട്, പെരിനാട്, കൊല്ലം.
4. ഗവ. മോഡൽ എച്ച്.എസ്.എസ്. ഫോർ ബോയ്സ്, കൊല്ലം
5. ഗവ. എച്ച്.എസ്.എസ്., മങ്ങാട്, കൊല്ലം.
6. ഗവ. എച്ച്.എസ്.എസ്., കുലശേഖരപുരം, ക്ലാപ്പന പി.ഒ., കൊല്ലം
7. ജി.വി.എച്ച്.എസ്.എസ്. & എച്ച്.എസ്.എസ്. കരുനാഗപ്പള്ളി, കൊല്ലം.
8. ജി.എച്ച്.എസ്.എസ്. വെള്ളമണൽ, മയ്യനാട്, കൊല്ലം.
9. ജി.എച്ച്.എസ്.എസ്., തൊടിയൂർ, തൊടിയൂർ നോർത്ത്, കൊല്ലം.
10. ജി.എച്ച്.എസ്.എസ്., പരവൂർ തെക്കുംഭാഗം, പരവൂർ, കൊല്ലം.

**പുതിയ എസ്.എസ്.എ. രൂപീകരണം**

199 (1395) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള എസ്.എസ്.എ.-യും ആർ.എം.എസ്.എ.-യും ലയിപ്പിച്ചു കൊണ്ട് പുതിയ എസ്. എസ്.എ. രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ഒന്നാം ക്ലാസ് മുതൽ പ്ലസ് ടൂ വരെ ഇപ്രകാരമുള്ള സംവിധാനത്തിൻ കീഴിൽ വന്നാൽ വിദ്യാഭ്യാസ മേഖലയിൽ ഉണ്ടാകുവാൻ സാധ്യതയുള്ള പുരോഗതികൾ എന്തെല്ലാമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; ഇതിന്റെ വിശദാംശം നൽകുമോ?

ഉത്തരം

(എ & ബി) പൊതുവിദ്യാഭ്യാസമേഖലയിൽ പ്രൈമറി തലം മുതൽ സെക്കൻഡറി തലം വരെയുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന്റെ ഭാഗമായി കേന്ദ്ര സർക്കാർ നിർദ്ദേശ പ്രകാരം എസ്.എസ്.എ., ആർ.എം.എസ്.എ. എന്നീ പദ്ധതികൾ സംയോജിപ്പിച്ച് 'സമഗ്ര ശിക്ഷാ

അഭിയാൻ' എന്ന് പുതിയ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനായി തീരുമാനമായിട്ടുണ്ട്. നിലവിലുള്ള സൊസൈറ്റികൾ പിരിച്ചുവിടുന്നതിനും പുതിയ സൊസൈറ്റി രൂപീകരിക്കുന്നതിനും ഇതിനായി മെമ്മോറാണ്ടം ഓഫ് അസോസിയേഷനും റൂൾസ് ആൻഡ് റെഗുലേഷൻസ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രൈമറിതലം മുതൽ സെക്കൻഡറി തലം വരെയുള്ള പ്രവർത്തനങ്ങൾ ഒരു സംവിധാനത്തിൻ കീഴിൽ വരുന്നതോടെ ലാബ്, പഠനോപകരണങ്ങൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ പങ്കുവയ്ക്കുവാൻ സാധിക്കുന്നതുവഴി അക്കാദമിക നിലവാരം ഉയർത്താനാകും. കൂടാതെ അദ്ധ്യാപക പരിശീലനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ സാധിക്കും. കുട്ടികളുടെ പഠനനേട്ടങ്ങൾ ക്രമാനുഗതമായി വിലയിരുത്തി ആവശ്യമായ പരിഹാര പോഷണ പ്രവർത്തനങ്ങൾ നൽകാൻ കഴിയും.

**സമഗ്ര ശിക്ഷാ അഭിയാൻ**

200(1396) <u>ശ്രീ. ഹൈബി ഈഡൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ വിദ്യാഭ്യാസരംഗത്ത് പ്രവർത്തിക്കുന്ന സർവ്വ ശിക്ഷാ അഭിയാൻ, രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ എന്നിവ സംയോജിപ്പിച്ച് സമഗ്ര ശിക്ഷാ അഭിയാൻ എന്ന പേരിൽ പുതിയ എസ്.എസ്.എ. രൂപീകരിച്ചിട്ടുണ്ടോ;

(ബി) ഇതുസംബന്ധിച്ച നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകുമോ;

(സി) എസ്.എസ്.എ., ആർ.എം.എസ്.എ. സൊസൈറ്റികൾ പിരിച്ചുവിട്ട് പുതിയ സൊസൈറ്റി രൂപീകരിച്ചിട്ടുണ്ടോ; ഇതുസംബന്ധിച്ച നിയമാവലിക്കും ചട്ടങ്ങൾക്കും രൂപം നൽകിയിട്ടുണ്ടോ;

(ഡി) ഒന്ന് മുതൽ പന്ത്രണ്ട് വരെയുള്ള ക്ലാസ്സുകളിലെ കാര്യങ്ങൾ പുതിയ എസ്.എസ്.എ.-യുടെ കീഴിൽ കൊണ്ടുവരുന്നത് സംസ്ഥാനത്തിന് ഗുണകരമാണോ; ഇതിന്റെ അടിസ്ഥാനത്തിൽ കേന്ദ്രം അനുവദിക്കുന്ന ഫണ്ടിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ & സി) ടി പദ്ധതികൾ സംയോജിപ്പിച്ചുകൊണ്ട് സമഗ്ര ശിക്ഷാ അഭിയാൻ എന്ന പുതിയ പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച നടപടിക്രമങ്ങൾ പ്രാരംഭഘട്ടത്തിലാണ്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള സൊസൈറ്റികൾ

പിരിച്ചുവിടുന്നതിനും പുതിയ സൊസൈറ്റി രൂപീകരിക്കുന്നതിനുമുള്ള നടപടികൾ ദ്രുതഗതിയിൽ സ്വീകരിച്ചുവരുന്നു. പുതിയ സൊസൈറ്റി രൂപീകരിക്കുന്നതിനുള്ള നിയമാവലിയുടെയും ചട്ടങ്ങളുടെയും കരട് തയ്യാറാക്കുകയും ആയത് പരിഗണനയിലുമാണ്.

(ഡി) അതെ. പ്രൈമറിതലം മുതൽ സെക്കൻഡറിതലം വരെയുള്ള പ്രവർത്തനങ്ങൾ ഒരു സംവിധാനത്തിൽ കീഴിൽ വരുന്നതോടെ ലാബ്, പഠനോപകരണങ്ങൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ പങ്കുവയ്ക്കുവാൻ സാധിക്കുന്നതുവഴി അക്കാദമിക് നിലവാരം ഉയർത്താനാകും. നടപ്പുവർഷം കേന്ദ്രം അനുവദിക്കുന്ന വിഹിതം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമായിട്ടില്ല.

**നേമം മണ്ഡലത്തിലെ സ്കൂളുകളിലെ ലാബുകളുടെ നവീകരണം**

201(1397) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകൾ മികവിന്റെ കേന്ദ്രങ്ങളാക്കൽ പദ്ധതിയുടെ ഭാഗമായി ലാബുകൾ നവീകരിക്കുന്നതിനായി നേമം മണ്ഡലത്തിൽ നിന്നും തെരഞ്ഞെടുത്ത സ്കൂളുകൾ ഏതെല്ലാമാണ്;

(ബി) പ്രസ്തുത സ്കൂളുകളിൽ ലാബിന്റെ നവീകരണം സംബന്ധിച്ച പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ ഇതുവരെ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ & ബി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ കീഴിൽ ലാബുകളുടെ നവീകരണം മാത്രമായി ഒരു പ്രൊപ്പോസൽ നിലവിലില്ല. എന്നാൽ കിഫ്ബിയുടെ 5 കോടി ധനസഹായത്തിൽ ഉൾപ്പെട്ട് പുനരുദ്ധാരണം നടത്തുന്ന നേമം മണ്ഡലത്തിലെ കാലടി ഗവ. എച്ച്.എസ്.-ന്റെ പദ്ധതിയിൽ ലാബുകളുടെ നിർമ്മാണവും ഉൾപ്പെട്ടിട്ടുണ്ട്. പ്രസ്തുത നിർമ്മാണം Heather Constructions-നെ ഏൽപ്പിച്ചിട്ടുണ്ട്.

**ഈസ്റ്റ് ചാലക്കുടി ഗേൾസ് ഹൈസ്കൂൾ ഹോസ്റ്റൽ നിർമ്മാണം**

202(1398) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട ഈസ്റ്റ് ചാലക്കുടി ഗവൺമെന്റ് ഗേൾസ് ഹൈസ്കൂൾ കോമ്പൗണ്ടിൽ ആർ.എം.എസ്.എ. ഫണ്ടുപയോഗിച്ച് ഗേൾസ് ഹോസ്റ്റൽ നിർമ്മിക്കുന്നതിന്റെ നടപടികൾ ഏത് ഘട്ടത്തിലാണ് ;

(ബി) നിർമ്മാണം ഉടൻ ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട ഈസ്റ്റ് ചാലക്കുടി ഗവ. ഗേൾസ് ഹൈസ്കൂൾ കോമ്പൗണ്ടിൽ ആർ.എം.എസ്.എ. ഫണ്ടുപയോഗിച്ച് ഗേൾസ് ഹോസ്റ്റൽ നിർമ്മിക്കുന്നതിന്റെ നിർമ്മാണ ചുമതല കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിനെ ഏൽപ്പിക്കുകയും നിർമ്മാണവുമായി ബന്ധപ്പെട്ട് കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡുമായി നിയമാനുസൃതമായ കരാറിലേർപ്പെടുന്നതിനും അനുബന്ധ നടപടികൾ സ്വീകരിക്കുന്നതിനും തൃശ്ശൂർ വിദ്യാഭ്യാസ ഉപഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) ഹോസ്റ്റൽ നിർമ്മാണം ഉടൻ ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

**സ്കൂൾ പാചകത്തൊഴിലാളികളുടെ ആരോഗ്യസ്ഥിതി**

203(1399) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിലെ ഉച്ചഭക്ഷണം പരിപാടി സംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പ് എന്തെങ്കിലും പുതിയ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) സ്കൂൾ പാചകത്തൊഴിലാളികളുടെ ആരോഗ്യസ്ഥിതി കാലാകാലങ്ങളിൽ പരിശോധിക്കുന്നതിനും അവർ യാതൊരുവിധ രോഗങ്ങളും ഇല്ലാത്തവരുമാണെന്ന് ഉറപ്പ് വരുത്തുന്നതിനും പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) സ്കൂൾ ഉച്ചഭക്ഷണ മെനുവിൽ നിന്ന് രസം, അച്ചാർ തുടങ്ങിയവ കർശനമായി ഒഴിവാക്കിയിട്ടുണ്ട്. ചോറിനോടൊപ്പം ഒരു കറിയും രണ്ട് വിഭവങ്ങളും നിർബന്ധമാക്കിയിട്ടുണ്ട്. സ്കൂൾ നൂൺഫീഡിംഗ് കമ്മിറ്റിയിൽ പാചകത്തൊഴിലാളിയേയും വിദ്യാർത്ഥി പ്രതിനിധിയെയും എയ്ഡഡ് സ്കൂൾ ആണെങ്കിൽ മാനേജരേയോ മാനേജരുടെ പ്രതിനിധിയെയോകൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. സ്കൂളിലെ ഉച്ചഭക്ഷണത്തിനോടനുബന്ധിച്ച പാൽ വിതരണത്തിനായി പാൽ സൊസൈറ്റികൾക്ക് പ്രാധാന്യം നൽകണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) സ്കൂൾ തുറക്കുന്ന ദിവസം തന്നെ ഹെൽത്ത് കാർഡ് ഹാജരാക്കുവാൻ പാചകത്തൊഴിലാളികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഓരോ ആറുമാസം കൂടുമ്പോഴും ഹെൽത്ത് കാർഡ് ഹാജരാക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്.

**ദേവികുളം നിയോജകമണ്ഡലത്തിലെ പൊതുവിദ്യാലയങ്ങൾ**

204(1400) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതു വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതുമായി ബന്ധപ്പെട്ട് ദേവികുളം നിയോജകമണ്ഡലത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന് ആദ്യഘട്ടത്തിൽ ഒരു നിയോജകമണ്ഡലത്തിൽ ഒരു സ്കൂളിനെ മാത്രമാണ് തെരഞ്ഞെടുത്തിരിക്കുന്നത്. അതിന്റെ ഭാഗമായി ദേവികുളം നിയോജകമണ്ഡലത്തിൽനിന്നും കിഫ്ബിയുടെ അഞ്ചുകോടി രൂപ ധനസഹായത്തോടെ മികവിന്റെ കേന്ദ്രമാക്കുന്നതിന് കുഞ്ചിത്തണ്ണി ഗവ. എച്ച്.എസ്.എസ്. എന്ന സ്കൂളിന് 5.80 കോടി രൂപയുടെ (അഞ്ചുകോടി എൺപത് ലക്ഷം രൂപ മാത്രം) ഭരണാനുമതിയും അഞ്ചുകോടി രൂപയുടെ കിഫ്ബി ധനസഹായവും ലഭ്യമാക്കിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനത്തിന്റെ എസ്.പി.വി. ആയി കൈറ്റിനെയും പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റായി WAPCOS എന്ന അംഗീകൃത കമ്പനിയെയും ചുമതലപ്പെടുത്തി-യിട്ടുണ്ട്. ടെണ്ടർ നടപടിക്രമങ്ങളിലൂടെ കോൺട്രാക്ടർ തെരഞ്ഞെടുപ്പിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കിഫ്ബിയുടെ മൂന്നുകോടി രൂപ പദ്ധതിയിൽ ജി.എച്ച്.എസ്. അടിമാലി എന്ന സ്കൂളിനെ തെരഞ്ഞെടുത്ത് കിഫ്ബി അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. വിദ്യാഭ്യാസ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി ഒരു കോടി രൂപയുടെ പദ്ധതിയിൽ ജി.യു.പി. സ്കൂൾ തേക്കുപാറ എന്ന സ്കൂളിന് സർക്കാർ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. മികവിന്റെ കേന്ദ്രമാക്കുന്നതിന്റെ ഭാഗമായി ഹൈടെക് സ്കൂൾ പദ്ധതി നടപ്പിലാക്കുന്നുണ്ട്. അതിനായി ദേവികുളം മണ്ഡലത്തിലെ 49 സ്കൂളുകളിലെ 270 ക്ലാസ് മുറികളിൽ 260 ക്ലാസ് മുറികൾ ഹൈടെക് ആക്കുന്നതിനായി ഉപകരണ വിതരണം ഇതിനോടകം പൂർത്തിയാക്കിയിട്ടുണ്ട്.

## കണ്ടശ്ശാംകടവ് പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്മാരക സ്കൂളിന് പുതിയ കെട്ടിടം

205(1401) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ കണ്ടശ്ശാംകടവ് പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്മാരക ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിലെ ജീർണ്ണാവസ്ഥയിലുള്ള ഉപയോഗശൂന്യമായ കെട്ടിടം പൊളിച്ചുമാറ്റുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(ബി) പ്രസ്തുത സ്കൂളിന് അനുവദിച്ച പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശങ്ങൾ നൽകാമോ?

<u>ഉത്തരം</u>

(എ) സ്കൂളിലെ കെട്ടിടം പൊളിച്ചെടുക്കുന്നതിനും ലേലം ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതിന് പ്രധാന അദ്ധ്യാപികയെ തൃശ്ശൂർ ജില്ലാ പഞ്ചായത്ത് മുഖേന ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) സ്കൂളിലെ പ്രസ്തുത കെട്ടിടങ്ങൾ പൊളിക്കുന്നതിന്റെ നടപടികൾ നടന്നുവരുന്നുണ്ട്. ആയത് കഴിഞ്ഞാൽ പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

## പൊൻമുണ്ടം സർക്കാർ എച്ച്.എസ്.എസ്.-ലെ ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത

206(1402) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 135 വർഷം പഴക്കമുള്ളതും 1700-ലധികം കുട്ടികൾ പഠിക്കുന്നതും മികച്ച അക്കാഡമിക് നിലവാരത്തിൽ പ്രവർത്തിക്കുന്നതുമായ മലപ്പുറം താനൂർ സബ് ജില്ലയിലെ പൊൻമുണ്ടം സർക്കാർ എച്ച്.എസ്.എസ്.-ലെ ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വെറും 37 സെന്റിൽ പ്രവർത്തിക്കുന്ന മേൽസൂചിപ്പിച്ച വിദ്യാലയത്തിന് സ്വന്തമായുള്ള ഭൂമിയിൽ കെട്ടിടനിർമ്മാണത്തിന് ഭൂമിയുടെ തരംമാറ്റൽ അനുമതിക്കായി ലഭിച്ച അപേക്ഷയിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഭൂമി തരംമാറ്റൽ നടന്നില്ലെങ്കിൽ കുട്ടികളുടെ ഭാവി കണക്കിലെടുത്ത് പകരം ഭൂമി കണ്ടെത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ ഭേദഗതി ബിൽ കേരള നിയമസഭ അംഗീകരിച്ചതിനുശേഷം പൊൻമുണ്ടം സർക്കാർ ഹയർ സെക്കൻഡറി സ്കൂളിന്റെ ഭൂമിയുടെ തരം മാറ്റൽ അപേക്ഷയിൽ അനുയോജ്യമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(സി) ഭൂമി തരംമാറ്റൽ സാദ്ധ്യമല്ലാത്ത സാഹചര്യമുണ്ടായാൽ അപ്പോൾ പരിഗണിക്കാവുന്നതാണ്.

**പെരുമുടിയൂർ സ്കൂളിന് അനുവദിച്ചിട്ടുള്ള പദ്ധതികൾ**

207(1403) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടാമ്പി മണ്ഡലത്തിലെ പെരുമുടിയൂർ ഹയർസെക്കൻഡറി സ്കൂളിന് 2016-17 ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

പട്ടാമ്പി മണ്ഡലത്തിലെ പെരുമുടിയൂർ ഹയർ സെക്കൻഡറി സ്കൂളിന് 2016-17 വർഷത്തിൽ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല.

**തിരുവനന്തപുരം ജില്ലയിലെ സ്കൂളുകൾക്ക് വാഹനം വാങ്ങൽ**

208(1404) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ വിവിധ സ്കൂളുകൾക്ക് വാഹനം വാങ്ങുന്നതിനായി എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ടിൽനിന്നും തുക അനുവദിച്ച് ഭരണാനുമതി ലഭിച്ചിട്ടും തുടർനടപടികൾ വൈകിയതുകാരണം സ്കൂൾ തുറന്നാലും വാഹനം ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വിഷയത്തിൽ എന്തുനടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇ-ടെണ്ടർ നടപടികളിലൂടെ പ്രസ്തുത സ്കൂളുകൾക്ക് വാഹനം വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**അട്ടക്കുളങ്ങര സർക്കാർ സ്കൂളിന്റെ നവീകരണം**

209(1405) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർഷങ്ങളുടെ പാരമ്പര്യമുള്ള തിരുവനന്തപുരം അട്ടക്കുളങ്ങര സർക്കാർ സ്കൂളിന്റെ നവീകരണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ്; ഏത് സ്ഥാപനത്തെയാണ് നിർമ്മാണ പ്രവർത്തനങ്ങളുടെ ചുമതല ഏല്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) സ്കൂളിന്റെ 140 വർഷം പഴക്കമുള്ള ഹെറിറ്റേജ് ബ്ലോക്ക് പൊളിച്ച് നീക്കിയിട്ടുണ്ടോ; അവിടെ പുതിയ കെട്ടിടം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ;

(സി) നിർമ്മാണ പ്രവർത്തനങ്ങൾക്ക് എത്ര തുകയാണ് ഇതുവരെ അനുവദിച്ചത്; പുതിയ അദ്ധ്യയന വർഷം ആരംഭിക്കുന്ന സാഹചര്യത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തരമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നവീകരണ പ്രവർത്തനങ്ങളുടെ ആദ്യഘട്ടം പൂർത്തിയായി. ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിനാണ് നിർമ്മാണ പ്രവർത്തനങ്ങളുടെ ചുമതല നൽകിയിട്ടുള്ളത്.

(ബി) ഹെറിറ്റേജ് ബ്ലോക്ക് പൊളിച്ചുനീക്കാതെയുള്ള പുനരുദ്ധാരണ പ്രവർത്തനങ്ങളാണ് നടത്തുന്നത്.

(സി) 57,40,000 രൂപ (അൻപത്തിയേഴ് ലക്ഷത്തി നാൽപതിനായിരം രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തരമായി നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

## പെരിങ്ങോത്ത് പ്രഖ്യാപിച്ച മോഡൽ റെസിഡൻഷ്യൽ സ്കൂൾ നിർമ്മാണം

210(1406) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പയ്യന്നൂർ മണ്ഡലത്തിലെ പെരിങ്ങോത്ത് പ്രഖ്യാപിച്ച എം.ആർ.എസ്. (മോഡൽ റെസിഡൻഷ്യൽ സ്കൂൾ) തുടങ്ങുന്നതിന് ഭരണാനുമതി ലഭിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ?

ഉത്തരം

പെരിങ്ങോമിൽ മോഡൽ റെസിഡൻഷ്യൽ സ്കൂൾ ആരംഭിക്കുന്നത് സംബന്ധിച്ച് സാമ്പത്തിക ബാദ്ധ്യത, ആവശ്യമുള്ള തസ്തികകൾ എന്നിവ ഉൾപ്പെടുത്തിയിട്ടുള്ള ശിപാർശ പൊതുവിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്. അത് പരിശോധിച്ചുവരികയാണ്.

## സ്കൂളുകൾക്ക് ലബോറട്ടറി, ലൈബ്രറി സംവിധാനം

211(1407) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട മണ്ഡലത്തിലെ ജി.എച്ച്.എസ്.എസ്. കുളത്തുമ്മൽ, ജി.എച്ച്.എസ്.എസ് വിളവൂർക്കൽ എന്നീ സ്കൂളുകൾക്ക് ലബോറട്ടറി, ലൈബ്രറി സംവിധാനം മെച്ചപ്പെടുത്തുന്നതിനുള്ള [സ.ഉ. (സാധാ.) നമ്പർ 4198/17] നടപടി എന്തായെന്നും തുടർനടപടിയെന്തെന്നും വിശദമാക്കാമോ?

ഉത്തരം

6-11-2017-ലെ 4198/2017 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ലബോറട്ടറികളും ലൈബ്രറികളും നവീകരണത്തിനായി Kerala Infrastructure and Technology for Education (KITE)-നെ ചുമതലപ്പെടുത്തുകയും കാട്ടാക്കട മണ്ഡലത്തിലെ ജി.എച്ച്.എസ്.എസ്. കുളത്തുമ്മൽ, ജി.എച്ച്.എസ്.എസ്. വിളവൂർക്കൽ എന്നീ സ്കൂളുകൾ ഉൾപ്പെടെയുള്ള സംസ്ഥാനത്തെ 38 സ്കൂളുകളിൽ ലബോറട്ടറികളും ലൈബ്രറികളും പുതിയ കെട്ടിടം ആവശ്യമുണ്ടെങ്കിൽ ആയത് ഉൾപ്പെടെ ഏത് രീതിയിൽ നവീകരണ പ്രവർത്തനങ്ങൾ നടത്തുവാൻ സാധിക്കുമെന്നത് സംബന്ധിച്ച് വിശദമായ പ്രൊപ്പോസൽ ലഭ്യമാക്കുവാൻ KITE-നോട് നിർദ്ദേശിച്ചിട്ടുണ്ട്.

**കെ. ഇ. ആർ. ഭേദഗതി**

212(1408) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അദ്ധ്യാപക നിയമനാംഗീകാരവുമായി ബന്ധപ്പെട്ട കെ.ഇ.ആർ. ഭേദഗതിക്ക് മുൻകാലപ്രാബല്യം നൽകിയിട്ടുണ്ടോ;

(ബി) ഉത്തരവിന് മുൻകാല പ്രാബല്യം നൽകിയതിനാൽ ഭേദഗതി ഉത്തരവ് പുറപ്പെടുവിച്ച തീയതിക്ക് മുമ്പായി നിയമനം ലഭിച്ച അദ്ധ്യാപകർ അംഗീകാരം ലഭിക്കാതെ പ്രയാസപ്പെടുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. 3-12-2016-ലെ 199/2016 നമ്പർ ഉത്തരവ് പ്രകാരം നടപ്പിലാക്കിയ കെ.ഇ.ആർ. ഭേദഗതിക്ക് 29-1-2016 മുതൽ മുൻകാലപ്രാബല്യം നൽകിയിട്ടുണ്ട്.

(ബി) കെ.ഇ.ആർ. ഭേദഗതിമൂലം നിയമനാംഗീകാരം ലഭിക്കാത്ത സാഹചര്യമില്ല. 3-12-2016-ലെ ജി.ഒ. (പി) നമ്പർ 199/2016/പൊ.വി.വ. പ്രകാരമുള്ള കെ.ഇ.ആർ. ഭേദഗതിക്ക് 29-1-2016 മുതൽ മുൻകാല പ്രാബല്യം നൽകിയിരുന്നു. 29-1-2016-ലെ ജി.ഒ. (പി) നമ്പർ 29/2016/പൊ.വി.വ. പ്രകാരം സർക്കാർ പ്രഖ്യാപിച്ച അദ്ധ്യാപക സംരക്ഷണത്തിനും നിയമനങ്ങൾക്കുമുള്ള മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളുമാണ് 3-12-2016-ലെ ഭേദഗതിയിൽ ഉൾപ്പെട്ടിരുന്നത്. ആയതിനാൽ ഈ ഭേദഗതികൾക്ക് നൽകിയ മുൻകാല പ്രാബല്യം (29-1-2016) ബഹു. കേരള ഹൈക്കോടതിയും അംഗീകരിച്ചിട്ടുണ്ട്. ഈ കെ.ഇ.ആർ. ഭേദഗതിക്കുള്ള മുൻകാലപ്രാബല്യം ചട്ടവിരുദ്ധമല്ല. 29-1-2016-ലെ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്കനുസൃതമായി നടത്തപ്പെട്ട നിയമനങ്ങളുടെ അംഗീകാരങ്ങളൊന്നും തടസ്സപ്പെടുന്നില്ല.

**അംഗീകാരമില്ലാത്ത സ്കൂളുകൾ**

213(1409) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അംഗീകാരമില്ലാത്ത സ്കൂളുകൾ പ്രവർത്തിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം സ്കൂളുകളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടുണ്ടോ;

(ബി) വിദ്യാഭ്യാസ അവകാശ നിയമപ്രകാരം ഇത്തരം സ്കൂളുകൾ പ്രവർത്തിപ്പിക്കുന്നത് അനുവദനീയമാണോ;

(സി) പ്രസ്തുത സ്കൂളുകൾ അടച്ചുപൂട്ടണമെന്ന നിർദ്ദേശം നൽകിയിരുന്നോ; ആ നിർദ്ദേശം നടപ്പിലാക്കുവാൻ സാധിക്കാതെ വന്ന സാഹചര്യമെന്താണെന്ന് അറിയിക്കുമോ;

(ഡി) അനാദായകരമായ സർക്കാർ സ്കൂളുകൾ വർദ്ധിക്കുന്നതിന് അംഗീകാരമില്ലാത്ത ഇത്തരം സ്കൂളുകളുടെ പ്രവർത്തനം ഒരു പരിധിവരെ കാരണമായിട്ടുണ്ടോ;

(ഇ) അംഗീകാരമില്ലാത്ത സ്കൂളുകളുടെ പ്രവർത്തനം തടയുന്നതിനും പുതിയ ഇത്തരം സ്കൂളുകൾ ആരംഭിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തുന്നതിനും എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) അനുവദനീയമല്ല.

(സി) വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി വിദ്യാഭ്യാസ അവകാശ ചട്ടം 2011-ലെ ചട്ടം 14 പ്രകാരം സംസ്ഥാനത്ത് അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുകയും ഇതനുസരിച്ച് 10-6-2013-ലെ സ.ഉ. (കൈ.) നമ്പർ 184/2013/പൊ.വി.വ. ഉത്തരവ് പ്രകാരം സംസ്ഥാന പാഠ്യപദ്ധതിയിൽ ഉൾപ്പെട്ട അംഗീകാരമില്ലാത്ത സ്കൂളുകൾക്ക് അംഗീകാരം നേടുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് മാനദണ്ഡങ്ങൾ പാലിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടർ ശിപാർശ ചെയ്തതുമായ 395 സ്കൂളുകൾക്ക് അംഗീകാരം നൽകുകയുമുണ്ടായി. വിദ്യാഭ്യാസ അവകാശ നിയമത്തിന്റെയും കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ സംസ്ഥാനത്ത് നിലവിൽ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾ 2018-19 അദ്ധ്യയന വർഷം മുതൽ അടച്ചുപൂട്ടുന്നതിന് സർക്കാർ തീരുമാനിക്കുകയും തുടർ നടപടികൾക്ക് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകുകയുമുണ്ടായി. എന്നാൽ അംഗീകാരം ലഭിക്കുന്നതിന് അർഹതയുണ്ടായിരുന്നിട്ടും അംഗീകാരം ലഭിച്ചില്ലെന്ന പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ അർഹതയുള്ള കേസുകൾ പുനഃപരിശോധിക്കുവാൻ സർക്കാർ തീരുമാനമെടുത്തിട്ടുണ്ട്.

(ഡി) മറ്റു പല ഘടകങ്ങൾക്കൊപ്പം ഇതും ഒരു കാരണമാണ്.

(ഇ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങൾ ഹൈടെക്കാക്കുവാനും അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുവാനുള്ള നടപടിക്രമങ്ങൾ സർക്കാർ സ്വീകരിക്കുകയും കൈക്കൊണ്ട നടപടികളുടെ ഫലമായി കൂടുതൽ വിദ്യാർത്ഥികളെ പൊതുവിദ്യാലയങ്ങളിലേയ്ക്ക് ആകർഷിക്കുവാൻ സാധിച്ചിട്ടുണ്ട്. ആയത് അനംഗീകൃത സ്കൂളുകളുടെ പ്രവർത്തനം കുറയ്ക്കുവാൻ സഹായകമാകുന്നതാണ്. സംസ്ഥാനത്ത് നിലവിൽ അംഗീകാരമില്ലാതെ/ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന അൺഎയ്ഡഡ് സ്കൂളുകളുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കി സർക്കാർ വെബ്സൈറ്റിലും ദൃശ്യ, ശ്രവ്യ, പത്ര മാധ്യമങ്ങളിലും നൽകുവാനും വിദ്യാഭ്യാസ ഓഫീസുകളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ജനങ്ങളുടെ അറിവിലേയ്ക്കായി പ്രദർശിപ്പിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

## ഈ വർഷം സർക്കാർ സ്കൂളുകളിൽ പ്രവേശനം നേടിയ കുട്ടികളുടെ എണ്ണം

214 (1410) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ അദ്ധ്യയന വർഷത്തിൽ എത്ര കുട്ടികളാണ് സർക്കാർ സ്കൂളുകളിൽ പ്രവേശനം നേടിയതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ; ഏതെല്ലാം ക്ലാസ്സുകളിലേക്കാണ് പ്രവേശനം നേടിയതെന്ന് വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ അദ്ധ്യയനവർഷത്തേക്കാൾ കൂടുതൽ കുട്ടികൾ ഈ വർഷം സർക്കാർ സ്കൂളുകളിൽ പ്രവേശനം നേടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വർദ്ധനവ് എത്രയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) സ്കൂൾ തുറന്നശേഷം 6-ാം പ്രവൃത്തി ദിവസത്തെ കണക്കുകൾ ലഭ്യമായ ശേഷം മാത്രമേ കുട്ടികളുടെ എണ്ണം ലഭ്യമാകുകയുള്ളൂ.

## എസ്.എസ്.എൽ.സി. പരീക്ഷയിൽ എ പ്ലസ് നേടിയ വിദ്യാർത്ഥികൾ

215 (1411) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ എസ്.എസ്.എൽ.സി. പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയ വിദ്യാർത്ഥികളുടെ എണ്ണം വ്യക്തമാക്കാമോ;

(ബി) മുൻവർഷത്തേക്കാൾ എത്ര വർദ്ധനവുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) മാർച്ച് 2018-ലെ എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് എല്ലാ വിഷയങ്ങൾക്കും 34313 വിദ്യാർത്ഥികൾ എ പ്ലസ് ഗ്രേഡ് നേടിയിട്ടുണ്ട്.

(ബി) മുൻവർഷത്തേക്കാൾ 13346 വിദ്യാർത്ഥികൾ ഈ വർഷം എ പ്ലസ് നേടിയിട്ടുണ്ട്.

**അപകട ഇൻഷ്വറൻസ് പദ്ധതി**

216 (1412) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന ഹയർ സെക്കൻഡറി, വി.എച്ച്.എസ്.സി. വിദ്യാർത്ഥികൾക്ക് അപകട ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിന് ഉദ്ദേശ്യമുണ്ടോ; ഈ പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) മുൻസർക്കാരിന്റെ കാലത്ത് 1 മുതൽ 10 വരെയുള്ള ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്ക് അപകട ഇൻഷ്വറൻസ് പദ്ധതി പുനരാരംഭിച്ചിരുന്നോ ; എത്ര കുട്ടികൾക്കാണ് പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം ലഭിച്ചത്; വിശദാംശം വെളിപ്പെടുത്തുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) പുനരാരംഭിച്ചിരുന്നു. ആനുകൂല്യം ലഭിച്ചവരുടെ വിശദാംശങ്ങൾ ശേഖരിച്ചുവരുന്നു.

**സൗജന്യ കൈത്തറി യൂണിഫോം**

217(1413) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന തലത്തിൽ എത്ര വിദ്യാർത്ഥികൾക്ക് സൗജന്യ കൈത്തറി യൂണിഫോം വിതരണം ചെയ്തിട്ടുണ്ട്; ജില്ല തിരിച്ച് പട്ടിക വ്യക്തമാക്കാമോ;

(ബി) ഏത് ക്ലാസ്സ് മുതൽ ഏത് ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്കാണ് ഇപ്പോൾ വിതരണം നടത്തിയതെന്ന് വ്യക്തമാക്കാമോ ;

(സി) യൂണിഫോം വിതരണം എല്ലാ ക്ലാസ്സുകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ടോ ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 439550 വിദ്യാർത്ഥികൾക്ക് സൗജന്യ കൈത്തറി യൂണിഫോം വിതരണം ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള പട്ടിക ചുവടെ ചേർക്കുന്നു:

| | |
|---|---|
| തിരുവനന്തപുരം | 53,790 |
| കൊല്ലം | 40,620 |
| പത്തനംതിട്ട | 11,397 |
| ഇടുക്കി | 8,863 |
| കോട്ടയം | 12,409 |
| ആലപ്പുഴ | 25,755 |
| എറണാകുളം | 20,533 |
| തൃശ്ശൂർ | 18,151 |
| പാലക്കാട് | 36,555 |
| മലപ്പുറം | 1,08,564 |
| കോഴിക്കോട് | 42,218 |
| വയനാട് | 15,058 |
| കണ്ണൂർ | 20,160 |
| കാസർഗോഡ് | 25,477 |

(ബി) ഒന്ന് മുതൽ ഏഴ് വരെ (ഒന്ന് മുതൽ നാല് വരെയും ഒന്ന് മുതൽ അഞ്ച് വരെയും ഒന്ന് മുതൽ ഏഴ് വരെയും അഞ്ച് മുതൽ ഏഴ് വരെയും മാത്രം പ്രവർത്തിക്കുന്ന സർക്കാർ പ്രൈമറി സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക്)

(സി) ഇപ്പോൾ പരിഗണനയിലില്ല.

**എയ്ഡഡ് സ്കൂളുകളിലെ ദിവസവേതന നിയമനം**

218 (1414) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ അദ്ധ്യയന വർഷം എയ്ഡഡ് സ്കൂളുകളിൽ മുപ്പത് ദിവസത്തിലേറെ ദൈർഘ്യമുള്ള ഒഴിവുകളിൽ ദിവസവേതന അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരവിറക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ലീവ് വേക്കൻസിയിലുള്ള നിയമനത്തിലാണോ അതോ റിട്ടയർമെന്റ്/ഡിവിഷൻ വർദ്ധനവുമൂലമുള്ള ഒഴിവുകളിലും ഇത്തരം നിയമനമാണോ നടത്തേണ്ടതെന്ന് വ്യക്തമാക്കാമോ;

(സി) എയ്ഡഡ് സ്കൂളുകളിൽ നടത്തിയ എത്ര നിയമനങ്ങൾക്ക് അംഗീകാരം നൽകാൻ ബാക്കിയുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ഡി) റിട്ടയർമെന്റ് ഒഴിവിലും അധിക ഡിവിഷനിലും നിയമനം നടത്തുമ്പോൾ എയ്ഡഡ് സ്കൂൾ മാനേജർമാർ പാലിക്കേണ്ട ചട്ടങ്ങൾ സംബന്ധിച്ച് പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ ഉണ്ടോ; എങ്കിൽ പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങളുടെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. 18-5-2018-ലെ സ.ഉ. (സാധാ.) നമ്പർ 1841/2018/പൊ.വി.വ.-ന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(ബി) ഒരു അക്കാദമിക് വർഷത്തിൽത്താഴെയും എന്നാൽ 30 ദിവസത്തിൽ കൂടുതലുമുള്ള താൽക്കാലിക ഒഴിവുകളിലാണ് ദിനവേതനാടിസ്ഥാനത്തിൽ നിയമനം നടത്തേണ്ടത്.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) റിട്ടയർമെന്റ് ഒഴിവിലെ നിയമനം സംബന്ധിച്ച് പ്രത്യേക മാർഗ്ഗ നിർദ്ദേശങ്ങളില്ല. റൂൾ 43, 51A, 51B എന്നിവ പാലിച്ചുകൊണ്ട് കെ.ഇ.ആർ. അദ്ധ്യായം XIVA റൂൾ 1 പ്രകാരം മാനേജർക്ക് നിയമനം നടത്താവുന്നതാണ്.

അധിക ഡിവിഷനിലെ നിയമനം സംബന്ധിച്ച് പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടില്ല. 3-12-2016-ലെ സ.ഉ. (പി) 199/16/പൊ.വി.വ. പ്രകാരമുള്ള കെ.ഇ.ആർ. ഭേദഗതി അനുസരിച്ചാണ് ഇത്തരം തസ്തികകളിൽ നിലവിൽ നിയമനം നടത്തേണ്ടത്. എന്നാൽ ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ച്, ഈ ഉത്തരവിന്റെ പരിധിയിൽ വരുന്ന നിയമനം, നിയമനാംഗീകാരം, പുനർവിന്യാസം എന്നിവ തത്ക്കാലം സ്റ്റേ ചെയ്തിരിക്കുകയാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**അരൂർ മണ്ഡലത്തിൽ വിദ്യാഭ്യാസ വികസന പ്രവർത്തനങ്ങൾ**

219(1415) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അരൂർ മണ്ഡലത്തിൽ വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) ഈ പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സംസ്ഥാനത്തെ സർക്കാർ സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതിയനുസരിച്ച് ഗവൺമെന്റ് എച്ച്.എസ്. ചന്തിരൂറിനെ 5 കോടി രൂപ പദ്ധതിക്കും, ഗവൺമെന്റ് എച്ച്.എസ്.എസ്. തിരുനെല്ലൂരിനെ 3 കോടി രൂപ പദ്ധതിക്കും തെരഞ്ഞെടുത്തിട്ടുണ്ട്. ഗവൺമെന്റ് എൽ.പി. സ്കൂൾ, മട്ടത്തിൽ ഭാഗത്തിന് കെട്ടിട നിർമ്മാണത്തിനായി ഒരു കോടി രൂപ അനുവദിച്ചിട്ടുണ്ട്.

കൂടാതെ തിരുനെല്ലൂർ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിന് ലാബ് ഉപകരണങ്ങൾ വാങ്ങുന്നതിന് ഒരു ലക്ഷം രൂപയും, 15 പുതിയ കമ്പ്യൂട്ടറുകളും നൽകിയിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി അരൂർ നിയോജകമണ്ഡലത്തിലെ 33 സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ, ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളിലെ 308 ക്ലാസ്സ് മുറികൾ ഹൈടെക് ആക്കുന്നതിനുള്ള ഉപകരണ വിതരണം പൂർത്തിയാക്കുകയും ചെയ്തു.

അതോടൊപ്പം പൊതുവിദ്യാഭ്യാസ വകുപ്പ് സംസ്ഥാനതലത്തിൽ നടപ്പിലാക്കിയ എല്ലാ പദ്ധതികളിലും അരൂർ നിയോജകമണ്ഡലത്തിലെ സ്കൂളുകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഉന്നതവിദ്യാഭ്യാസ വകുപ്പിനെ സംബന്ധിക്കുന്ന വിവരങ്ങൾ ശേഖരിച്ചുനൽകുന്നതാണ്.

(ബി) ഗവ. എച്ച്.എസ്.എസ്. ചന്തിരൂറിന് അനുവദിച്ച 5 കോടി രൂപ പദ്ധതിക്ക് കിഫ്ബി അനുമതി ലഭിക്കുകയും നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ടെണ്ടർ പ്രോസസിംഗ് കൈറ്റിന്റെ നേതൃത്വത്തിൽ നടന്നുവരുന്നുമുണ്ട്. ഗവൺമെന്റ് എച്ച്.എസ്.എസ്., തിരുനെല്ലൂരിന്റെ 3 കോടി രൂപയുടെ പ്രൊപ്പോസൽ കിഫ്ബി അനുമതിക്കായി നൽകിയിട്ടുണ്ട്. മണ്ഡലത്തിലെ സ്കൂളുകളിലെ ശേഷിക്കുന്ന ക്ലാസ്സ്മുറികൾ സജ്ജമാക്കുന്നതിനനുസരിച്ച് ഹൈടെക് ആക്കുന്നതുമാണ്.

## ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ ഉന്നമനം

220(1416) ശ്രീ. റോഷി അഗസ്റ്റിൻ :
ഡോ. എൻ. ജയരാജ് :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. പി. ജെ. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർ, ഓട്ടിസം ബാധിച്ചവർ, സെറിബ്രൽ പാൾസി എന്നീ വിഭാഗത്തിൽപ്പെടുന്ന കുട്ടികളെ പഠിപ്പിക്കുന്ന 33 തെരഞ്ഞെടുത്ത സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകിയതിനുശേഷം ഈ മേഖലയുടെ സമഗ്രമായ ഉന്നമനത്തിനായി എന്തെല്ലാം കാര്യങ്ങളാണ് വിഭാവന ചെയ്തിട്ടുള്ളത്; വ്യക്തമാക്കുമോ;

(ബി) ബഡ്സ് സ്കൂളുകൾ അടക്കം ഈ വിഭാഗത്തിൽപ്പെട്ട എല്ലാ സ്പെഷ്യൽ സ്കൂളുകളെയും സംബന്ധിച്ച സമഗ്രമായ പാക്കേജിന് ഇതിനോടകം രൂപം നൽകുവാൻ വിദ്യാഭ്യാസ വകുപ്പിന് സാധിച്ചുവോ; വ്യക്തമാക്കുമോ;

(സി) ഇതുമായി ബന്ധപ്പെട്ട് സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചുവോ; വിശദാംശങ്ങൾ നല്കുമോ;

(ഡി) നടപ്പു സാമ്പത്തികവർഷത്തിന്റെ ആദ്യപാദം പിന്നിടുന്നതിനു മുൻപുതന്നെ ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

### ഉത്തരം

(എ & ബി) മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന 33 സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി അനുവദിച്ച് പുറപ്പെടുവിച്ച 9-2-2016-ലെ സ.ഉ. (എംഎസ്.) നമ്പർ 38/2016/പൊ.വി.വ. നമ്പർ ഉത്തരവ് 1-1-2016 മുതൽ 30-4-2016 വരെയുള്ള മന്ത്രിസഭാ തീരുമാനങ്ങൾ പുനഃപരിശോധിച്ച മന്ത്രിസഭാ ഉപസമിതി പുനഃപരിശോധിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ബഡ്സ് സ്കൂളുകളടക്കമുള്ള ഈ വിഭാഗത്തിൽപ്പെട്ട എല്ലാ സ്പെഷ്യൽ സ്കൂളുകളേയും സംബന്ധിച്ച ഒരു സമഗ്ര പാക്കേജിന് രൂപം നൽകുന്ന കാര്യത്തിൽ റിപ്പോർട്ട് സമർപ്പിക്കുവാൻ സാമൂഹ്യനീതി വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. പ്രസ്തുത റിപ്പോർട്ട് ലഭ്യമായശേഷമേ ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. നിലവിൽ മാനസിക വെല്ലുവിളികൾ നേരിടുന്ന

കുട്ടികൾക്കായുള്ള സ്പെഷ്യൽ സ്കൂളുകൾക്ക് സംസ്ഥാന സർക്കാർ പൊതുവിദ്യാഭ്യാസ വകുപ്പ് മുഖേന സാമ്പത്തിക സഹായം നൽകിവരുന്നുണ്ട്. 2017-18 സാമ്പത്തിക വർഷം 13 കോടി രൂപ സാമ്പത്തിക സഹായമായി ടി സ്കൂളുകൾക്കായി അനുവദിച്ച് വിതരണം ചെയ്തിട്ടുണ്ട്. 2018-19 വർഷം പ്രസ്തുത സ്കൂളുകൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനായി 14 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ സൗജന്യ ഉച്ചഭക്ഷണ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ട്.

(സി) റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

(ഡി) സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് ലഭ്യമായാൽ ആയത് പരിശോധിച്ച് ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

**വിദ്യാഭ്യാസ പദ്ധതികൾക്കായുള്ള കേന്ദ്രസഹായത്തിന്റെ കുറവ്**

221(1417) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ രംഗത്ത് പല പുതിയ പദ്ധതികളും സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കി വരുമ്പോഴും കേന്ദ്രസഹായത്തിന്റെ കുറവ് വരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേന്ദ്രവിഹിതത്തിൽ ഉണ്ടാകുന്ന കുറവ് ഏതെല്ലാം മേഖലകളെ പ്രതികൂലമായി ബാധിക്കുമെന്ന് വ്യക്തമാക്കാമോ ;

(സി) നിലവിൽ അനുവദിച്ചിട്ടുള്ള കേന്ദ്രഫണ്ട് എത്രയാണെന്നും വർദ്ധിച്ച കേന്ദ്രസഹായം ലഭ്യമാക്കുവാൻവേണ്ടി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്നും വിശദമാക്കുമോ?

ഉത്തരം

(എ-സി) ഉണ്ട്. ടി കുറവ് പൊതുവിദ്യാഭ്യാസത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് ആവിഷ്കരിച്ചിരിക്കുന്ന വിവിധ പദ്ധതികളെ പ്രതികൂലമായി ബാധിക്കും. 2018-19 സാമ്പത്തിക വർഷം നടപ്പിലാക്കുന്ന പദ്ധതിയുടെ അംഗീകരിച്ച മിനിട്ട്സ് കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയത്തിൽനിന്നും ലഭ്യമായിട്ടില്ല. പദ്ധതി അംഗീകരിച്ച് എത്ര തുക അനുവദിച്ചിട്ടുണ്ട് എന്നറിഞ്ഞതിനു ശേഷമേ ഫണ്ടിന്റെ കുറവ് സംബന്ധിച്ച് ആയത് ഏതെല്ലാം മേഖലകളെ പ്രതികൂലമായി ബാധിക്കുമെന്നും അറിയാൻ സാധിക്കുകയുള്ളൂ.

## തൃപ്പൂണിത്തുറയിൽ ഓട്ടിസം പാർക്ക്

222(1418) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറയിൽ ഓട്ടിസം പാർക്ക് സ്ഥാപിക്കണമെന്ന് ഏതെങ്കിലും നിവേദനം വിദ്യാഭ്യാസ വകുപ്പിന് ലഭ്യമായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ;

(സി) ഇവിടെ ഓട്ടിസം പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അവയുടെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി - ഡി) പ്രസക്തമല്ല.

## വിദ്യാർത്ഥികൾക്കായി വിവിധ സ്കോളർഷിപ്പുകൾ

223(1419) ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഠന മികവ് കാഴ്ചവയ്ക്കുന്ന വിദ്യാർത്ഥികൾക്കായി സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള വിവിധ സ്കോളർഷിപ്പുകൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) കേന്ദ്ര സർക്കാർ സഹായത്തോടെ സംസ്ഥാന സർക്കാർ ഏതെങ്കിലും തരത്തിലുള്ള വിദ്യാഭ്യാസ സ്കോളർഷിപ്പ് നല്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നല്കാമോ;

(സി) കേന്ദ്ര സർക്കാർ നേരിട്ട് നടപ്പാക്കുന്ന ഏതെങ്കിലും വിദ്യാഭ്യാസ സ്കോളർഷിപ്പ് പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ - സി) 100% കേന്ദ്ര സർക്കാർ പദ്ധതികളായി പൊതുവിദ്യാഭ്യാസ വകുപ്പ് മുഖാന്തരം നൽകുന്ന സ്കോളർഷിപ്പുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.* ടി സ്കോളർഷിപ്പ് തുക കുട്ടികളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ഡയറക്ട് ബാങ്ക് ട്രാൻസ്ഫർ മുഖാന്തരം ലഭ്യമാക്കുകയാണ് ചെയ്യുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ഉന്നത വിദ്യാഭ്യാസരംഗത്ത് അനുവദിച്ച പുതിയ കോഴ്സുകൾ

224(1420) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉന്നത വിദ്യാഭ്യാസ രംഗത്ത് പുതിയ കോഴ്സുകൾ അനുവദിച്ചിട്ടുണ്ടെങ്കിൽ ഏതെല്ലാം സ്ഥാപനങ്ങളിലാണ് പുതിയ കോഴ്സുകൾ അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനുവദിച്ച കോഴ്സുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| കോളേജിന്റെ പേര് | കോഴ്സുകളുടെ വിവരം |
|---|---|
| ഗവ. കോളേജ്, മൂന്നാർ | എം.എ. തമിഴ്, എം.കോം |
| ഗവ. കോളേജ്, കൽപ്പറ്റ | എം.സി.ജെ., എം.എ. ഇക്കണോമിക്സ് |
| ഗവ. കോളേജ്, മാനന്തവാടി | എം.എ. ഇംഗ്ലീഷ്,<br>എം.എ. ഡെവലപ്മെന്റ്<br>ഇക്കണോമിക്സ് |
| ബ്രണ്ണൻ കോളേജ്, തലശ്ശേരി | ബി.എസ്.സി. സ്റ്റാറ്റിസ്റ്റിക്സ്,<br>എം.എസ്.സി. സുവോളജി |
| ഗവ. കോളേജ്, കട്ടപ്പന | എം.എ. ഇക്കണോമിക്സ്,<br>എം.എസ്.സി. കെമിസ്ട്രി |
| മഹാരാജാസ് കോളേജ്, എറണാകുളം | എം.എ. മ്യൂസിക് |
| ഗവ. കോളേജ്, കരുനാഗപ്പള്ളി | ബി.എ. സോഷ്യോളജി |

കൂടാതെ തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ എം.ടെക് മാനുഫാക്ചറിംഗ് ആൻഡ് ഓട്ടോമേഷൻ എഞ്ചിനീയറിംഗ്, എം.ടെക്. റോബോട്ടിക്സ് ആന്റ് ഓട്ടോമോഷൻ എഞ്ചിനീയറിംഗ്, കൊല്ലം ടി.കെ.എം. കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ എം.ടെക്. അർബൻ പ്ലാനിംഗ് എന്നീ ഡിസിപ്ലിനുകളിൽ കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്.

## പരീക്ഷാ ഫീസിന് കേരള സർവ്വകലാശാലയിൽ ഓൺലൈൻ സംവിധാനം

225(1421) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാലയ്ക്ക് കീഴിലുള്ള കോളേജുകളിലെയും പ്രൈവറ്റ് വിദ്യാർത്ഥികളുടെയും ബിരുദ എഞ്ചിനീയറിംഗ് പരീക്ഷകളുടെ ഫീസ് അടയ്ക്കുന്നതിനുള്ള സംവിധാനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) സംവിധാനങ്ങളുടെ അപര്യാപ്തതമൂലം വിദ്യാർത്ഥികൾക്ക് ഫീസ് അടയ്ക്കുന്നതിന് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നടപ്പാക്കിയത് പോലെ ഓൺലൈനായി പരീക്ഷാഫീസ് അടക്കുന്നതിനുള്ള സംവിധാനം കേരള സർവ്വകലാശാലയിലും ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) നിലവിൽ കേരള സർവ്വകലാശാലയ്ക്ക് കീഴിലുള്ള പരീക്ഷകളുടെ ഫീസ് സർവ്വകലാശാലയുടെ പാളയം, കാര്യവട്ടം ക്യാമ്പസുകളിലുള്ള ക്യാഷ് കൗണ്ടർ മുഖേനയും ജില്ലാതല ജനസേവനകേന്ദ്രങ്ങൾ വഴിയും എസ്.ബി.ഐ., ജില്ലാ സഹകരണ ബാങ്ക് മുതലായ ബാങ്കുകളിൽ നിന്നുള്ള ഡിമാന്റ് ഡ്രാഫ്റ്റ് വഴിയും അടയ്ക്കാവുന്നതാണ്.

(ബി & സി) പരീക്ഷാഫീസ് അടയ്ക്കുന്നതിന് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുന്ന വിഷയം സർവ്വകലാശാല പരിശോധിച്ചുവരുന്നു.

## മുൻ സർക്കാർ എയ്ഡഡ് ആക്കിയ കോളേജുകളിലെ അദ്ധ്യാപക തസ്തികകൾ

226(1422) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ എയ്ഡഡ് പദവി നൽകിയ കോളേജുകളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കോളേജുകളിലെ അദ്ധ്യാപക തസ്തികകൾക്ക് നിയമനാംഗീകാരം നൽകിയോയെന്ന് വ്യക്തമാക്കാമോ;

(സി) നിയമനാംഗീകാരം നൽകിയില്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ-സി) മുൻ സർക്കാർ, കോളേജുകൾക്ക് എയ്ഡഡ് പദവി നൽകിയിട്ടില്ല.

## സ്വാശ്രയ കോളേജ് വിദ്യാർത്ഥികളുടെ കരുതൽ ധനം ഡെപ്പോസിറ്റ്

227(1423) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ കോളേജുകൾ വിദ്യാർത്ഥികളിൽനിന്ന് കരുതൽ ധനം ഡെപ്പോസിറ്റ് ആയി സ്വീകരിക്കാറുണ്ടോ;

(ബി) എങ്കിൽ ഇതുപോലെ സ്വാശ്രയ കോളജുകളിൽ നിന്ന് സർക്കാർ കരുതൽ ധനം സ്വീകരിക്കുന്നത് സംബന്ധിച്ച് ജസ്റ്റിസ് കെ. കെ. ദിനേശൻ കമ്മീഷൻ ശിപാർശ സമർപ്പിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇതുസംബന്ധിച്ച നിർദ്ദേശം സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; അംഗീകരിച്ചിട്ടുണ്ടെങ്കിൽ നിർദ്ദേശം നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ അതുവഴി കഴിഞ്ഞ അദ്ധ്യയന വർഷം എത്ര തുക സർക്കാരിന് ലഭിച്ചിട്ടുണ്ട്;

(ഡി) പ്രതിവർഷം ഓരോ കോളേജിലും ചേരുന്ന ആകെ കുട്ടികളിൽ നിന്ന് കോളേജുകൾ കരുതൽ ധനം പിരിച്ചെടുക്കുന്നെങ്കിൽ ഇതിന് തുല്യമായ തുക കോളേജുകൾ പ്രതിവർഷം സർക്കാരിന് അടയ്ക്കണമെന്ന് വ്യവസ്ഥ ഉൾക്കൊള്ളിക്കുന്നതിന് ആലോചിക്കുന്നുണ്ടോ;

(ഇ) എങ്കിൽ ഇത് സർക്കാരിന് പ്രസ്തുത കോളേജുകളിൽ വർഷാവർഷം സൗജന്യ ഫീസിൽ അർഹരായ വിഭാഗം കുട്ടികൾക്ക് പഠനസൗകര്യമൊരുക്കുന്നതിന് ഉപകരിക്കുമെന്നത് കണക്കിലെടുത്ത് ഈ രീതിയിൽ തീരുമാനം നടപ്പിലാക്കുമോ?

ഉത്തരം

(എ) സ്വകാര്യ സ്വാശ്രയ കോളേജുകൾ കരുതൽ ധനം സ്വീകരിക്കാറുണ്ട്.

(ബി) സർക്കാർ നിയന്ത്രണത്തിലുള്ള സ്വാശ്രയ കോളേജുകൾ കരുതൽ ധനം വാങ്ങുന്നില്ല.

(സി-ഇ) ജസ്റ്റിസ് കെ. കെ. ദിനേശൻ കമ്മീഷൻ റിപ്പോർട്ട് സർക്കാർ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. റിപ്പോർട്ടിലെ ശിപാർശകൾ സർക്കാർ പരിശോധിച്ചുവരുന്നു.

## പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സിവിൽ സർവ്വീസ് പരീക്ഷാ പരിശീലന പദ്ധതികൾ

228(1424) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സിവിൽ സർവ്വീസ് പരീക്ഷയിൽ വിജയം കൈവരിക്കുന്നതിനായി വിദ്യാഭ്യാസ വകുപ്പ് എന്തെല്ലാം പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമിയിൽ എസ്.സി./ എസ്.റ്റി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് അഡ്മിഷൻ ഫീസ്, ട്യൂഷൻ ഫീസ്, ഹോസ്റ്റൽ ഫീസ് എന്നീ ഇനങ്ങളിൽ എത്ര രൂപയാണ് നൽകേണ്ടിവരുന്നത് എന്ന് ഇനം തിരിച്ച് വിശദീകരിക്കാമോ?

ഉത്തരം

(എ) 23-2-2005-ലെ സ.ഉ. (സാധാ.)നമ്പർ 318/2005/ഉ.വി.വ. പ്രകാരം സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യുക്കേഷൻ കേരളയുടെ നിയന്ത്രണത്തിലും മേൽനോട്ടത്തിലും ആരംഭിച്ച സ്ഥാപനമാണ് കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമി. 1970 മുതൽ സിവിൽ സർവ്വീസ് രംഗത്ത് മലയാളി സാന്നിദ്ധ്യം കുറഞ്ഞുവരുന്ന ഗുരുതരമായ അവസ്ഥ കണക്കിലെടുത്താണ് 2005-ൽ കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമി ആരംഭിച്ചിട്ടുള്ളത്. സമൂഹത്തിലെ വിവിധ വിഭാഗങ്ങളിൽപ്പെടുന്ന കുട്ടികളോടൊപ്പം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കും പരിശീലനം നൽകിവരുന്നു. എന്നാൽ 2011-നുശേഷം നാളിതുവരെയും സിവിൽ സർവ്വീസ് പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥി വിദ്യാർത്ഥിനികൾക്ക് യാതൊരുവിധ സാമ്പത്തിക സഹായവും അനുവദിച്ചിട്ടില്ല.

എന്നാൽ സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരളയുടെ കീഴിലുള്ള കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമിയുടെ വിവിധ സെന്ററുകളിൽ റഗുലർ ബാച്ചിൽ പരിശീലനത്തിനായി തെരഞ്ഞെടുക്കപ്പെടുന്ന പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളിൽ പരമാവധി 120 പേർക്ക് വിദ്യാഭ്യാസാനുകൂല്യം പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും നൽകുന്നതിന് 17-5-2018-ലെ സ.ഉ.(കൈ.) നമ്പർ 36/2018/പ.ജ.പ.വ.വി.വ. പ്രകാരം ഉത്തരവായിട്ടുണ്ട്.

(ബി) നിലവിൽ പ്രിലിംസ്-കം-മെയിൻസ് എന്ന 9 മാസം ദൈർഘ്യമുള്ള കോഴ്സിന് ആപ്ലിക്കേഷൻ ഫീസ് 200 രൂപയും ട്യൂഷൻ ഫീസ് 47200 രൂപയും (18% ജി.എസ്.ടി. ഉൾപ്പെടെ) കോഷൻ ഡെപ്പോസിറ്റ് 2000 രൂപ ഉൾപ്പെടെ 49400 രൂപയാണ്. അക്കാദമിക്ക് സ്വന്തമായി ഹോസ്റ്റലില്ല.

## തൃപ്പൂണിത്തുറ ആർട്സ് കോളേജിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നതിന് നടപടി

229(1425) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിച്ചു എന്ന് അറിയിക്കുമോ; അവയുടെ വിശദാംശം വ്യക്തമാക്കാമോ;

(ബി) തൃപ്പൂണിത്തുറ ആർട്സ് കോളേജിൽ ആവശ്യത്തിന് അടിസ്ഥാന സൗകര്യങ്ങൾ ഉള്ളത് പരിഗണിച്ച് ഇവിടെ സയൻസ് വിഭാഗത്തിലെ കോഴ്സുകൾ അനുവദിക്കണമെന്ന് ഏതെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ;

(സി) പ്രസ്തുത കോളേജിൽ സയൻസ് വിഭാഗം കോഴ്സുകൾ അനുവദിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) അനുബന്ധമായി ചേർക്കുന്നു.*

(ബി) ഇല്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

## ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിലവാരമുയർത്താൻ നടപടി

230 (1426) ശ്രീ. എ. പി. അനിൽ കുമാർ :

ശ്രീ. ഷാഫി പറമ്പിൽ :

ശ്രീ. കെ. എസ്. ശബരീനാഥൻ :

ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്ന സംസ്ഥാനത്തെ സ്ഥാപനങ്ങൾക്ക് ദേശീയ നിലവാരം കൈവരിക്കുന്നതിന് സാധിക്കാത്തത് എന്തുകൊണ്ടാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഉന്നത വിദ്യാഭ്യാസ രംഗത്ത് ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് ഉന്നത വിദ്യാഭ്യാസ കൗൺസിൽ നടത്തുന്ന ഇടപെടലുകൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(സി) ഉന്നത വിദ്യാഭ്യാസ രംഗത്ത് പ്രബുദ്ധത, ധൈഷണിക പര്യാവരൺ എന്നീ പദ്ധതികൾ നടപ്പിലാക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) മാനവവിഭവശേഷി വികസന മന്ത്രാലയത്തിന്റെ റാങ്കിംഗിൽ ആദ്യത്തെ നൂറ് സർവ്വകലാശാലകളിൽ സംസ്ഥാനത്തെ സർവ്വകലാശാലകളുടെ റാങ്ക് എത്രയാണ്;

(ഇ) റാങ്കിംഗിൽ വളരെ പുറകിലായ നമ്മുടെ സർവ്വകലാശാലകളെ മുൻ നിരയിൽ എത്തിക്കുന്നതിന് എന്തൊക്കെ പ്രവർത്തനങ്ങളാണ് ആവിഷ്കരിച്ചിട്ടുള്ളത്?

ഉത്തരം

(എ) ഉന്നതവിദ്യാഭ്യാസ രംഗത്ത് സംസ്ഥാനത്തെ സ്ഥാപനങ്ങൾ നിലവാരം കാത്തുസൂക്ഷിക്കുന്നുണ്ട്.

(ബി) ഉന്നതവിദ്യാഭ്യാസ രംഗത്ത് ഗുണനിലവാരം ഉയർത്തുന്നതിനുള്ള നവീന ആശയങ്ങളും പരിപാടികളും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) ഈ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

(ഡി) മാനവവിഭവശേഷി വികസന മന്ത്രാലയത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന റാങ്കിംഗിൽ ആദ്യത്തെ നൂറ് സർവ്വകലാശാലകളിൽ ഉൾപ്പെട്ടിട്ടുള്ള സംസ്ഥാനത്തെ സർവ്വകലാശാലകളുടെ റാങ്ക് ചുവടെ ചേർക്കുന്നു:

| സർവ്വകലാശാല | റാങ്ക് |
|---|---|
| കേരള സർവ്വകലാശാല | 30 |
| മഹാത്മാഗാന്ധി സർവ്വകലാശാല | 34 |
| കൊച്ചിൻ ശാസ്ത്ര സാങ്കേതിക സർവ്വകലാശാല | 69 |
| കാലിക്കറ്റ് സർവ്വകലാശാല | 73 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഇ) കിഫ്ബി ധനസഹായത്തോടെ സംസ്ഥാനത്തെ 5 സർവ്വകലാശാലകൾ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയ്ക്ക് 240 കോടി രൂപയുടെ ഭരണാനുമതി നൽകിക്കഴിഞ്ഞു. മഹാത്മാഗാന്ധി കാലിക്കറ്റ് സർവ്വകലാശാലകളുടെ വിശദമായ പദ്ധതിരേഖകൾ സർക്കാർ പരിശോധിച്ചുവരുന്നു.

**ഉന്നതവിദ്യാഭ്യാസം**

231(1427) ശ്രീമതി പി. അയിഷാ പോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗവേഷണമേഖലയുടെ നിലവാരം ഉയർത്തുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ;

(ബി) ഉന്നത വിദ്യാഭ്യാസ രംഗത്തിന്റെ നിലവാരം ഉയർത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

**ഉത്തരം**

(എ & ബി) സംസ്ഥാനത്തെ സർവ്വകലാശാലകളിലെ ഗവേഷണമേഖലയുടെ നിലവാരമുയർത്തുന്നതിന് കേരളത്തിലെ 2 സർവ്വകലാശാലകൾക്ക് (മഹാത്മാഗാന്ധി സർവ്വകലാശാലയ്ക്കും കുസാറ്റിനും) 50 കോടി രൂപ വീതം ലഭിക്കുന്ന പദ്ധതിക്ക് (Component 10, Research Innovation and Quality Improvement) റൂസ 2-ാം ഘട്ട പദ്ധതി പ്രകാരം അംഗീകാരം ലഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പിലാകുമ്പോൾ സംസ്ഥാനത്തെ മുഴുവൻ സർവ്വകലാശാലകളെയും ബന്ധിപ്പിക്കുന്ന ഗവേഷണ പദ്ധതികൾ നടപ്പിലാക്കുവാൻ സാധിക്കുമെന്ന് കരുതുന്നു. കൂടാതെ കിഫ്ബി ധനസഹായത്തോടെ സംസ്ഥാനത്തെ സർവ്വകലാശാലകളെ അന്താരാഷ്ട്ര തലത്തിൽ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള ഒരു കർമ്മപദ്ധതി സർക്കാർ ആവിഷ്കരിച്ചുവരികയാണ്. അന്താരാഷ്ട്ര നിലവാരത്തിലുള്ള ലാബ്, ലൈബ്രറിയുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസനമാണ് ലക്ഷ്യമിടുന്നത്.

കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയ്ക്ക് 240.9 കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിക്കഴിഞ്ഞു. മറ്റ് സർവ്വകലാശാലകളുടെ പദ്ധതി രൂപരേഖ സർക്കാർ പരിശോധിച്ചുവരുന്നു. കേരള, എം.ജി., കാലിക്കറ്റ്, കണ്ണൂർ, കുസാറ്റ്, മലയാളം സർവ്വകലാശാലകളെ ബന്ധിപ്പിച്ചുകൊണ്ട് ഒരു ഇ-ഗവേണൻസ് പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. വിദ്യാർത്ഥി പ്രവേശനം, പരീക്ഷ, ഫലപ്രഖ്യാപനം, സർട്ടിഫിക്കറ്റ് വിതരണം എന്നിവയ്ക്ക് ഒരു ഏകീകൃത രൂപം നിർദ്ദിഷ്ട ഇ-ഗവേണൻസ് പദ്ധതി നടപ്പിലാക്കുമ്പോൾ കൈവരിക്കാനാകുമെന്ന് കരുതുന്നു.

ശതോത്തര വാർഷികം ആഘോഷിക്കുന്ന തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ്, എറണാകുളം മഹാരാജാസ് കോളേജ്, പാലക്കാട് വിക്ടോറിയ കോളേജ്, തലശ്ശേരി ബ്രണ്ണൻ കോളേജ്, തൃശ്ശൂർ കേരള വർമ്മ കോളേജ് എന്നീ കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുവേണ്ടി കിഫ്ബി മുഖേന 150 കോടി രൂപയുടെ പ്രത്യേക നിക്ഷേപ പാക്കേജിൽ ഉൾപ്പെടുത്തി ഉത്തരവായിട്ടുണ്ട്. ടി പദ്ധതിയുടെ നടത്തിപ്പിനായി KITE-നെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി നിശ്ചയിച്ചും ഉത്തരവായിട്ടുണ്ട്.

## ഉന്നത വിദ്യാഭ്യാസരംഗത്തെ ശാക്തീകരണം

232(1428) ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ. ബാബു :
ശ്രീ. എം. രാജഗോപാലൻ :
ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവകലാശാലകളുടെയും കോളേജുകളുടെയും പശ്ചാത്തല സൗകര്യം വർദ്ധിപ്പിച്ചുകൊണ്ടും അദ്ധ്യാപകരുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തിക്കൊണ്ടും ഉന്നത വിദ്യാഭ്യാസം ശാക്തീകരിക്കാനായി നടത്തിവരുന്ന പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കാമോ;

(ബി) രാജ്യത്തെ മികച്ച 100 കോളേജുകളിൽ 17 എണ്ണവും സർവ്വകലാശാലകളിൽ 4 എണ്ണവും കേരളത്തിലാണെന്നത് സംസ്ഥാനത്തിന്റെ ഉന്നത വിദ്യാഭ്യാസരംഗത്തെ മികവ് വെളിപ്പെടുത്തുമ്പോൾ അത് കൂടുതൽ ഉയരങ്ങളിലേയ്ക്ക് എത്തിക്കുന്നതിനുള്ള സർക്കാരിന്റെ പ്രവർത്തനങ്ങളെ രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാന്റെ വിവേചനപൂർണ്ണമായ പ്രവർത്തനം എത്തരത്തിൽ ബാധിക്കാനിടയുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) റൂസയിൽ നിന്ന് ഫണ്ട് ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ?

### ഉത്തരം

(എ) റൂസ പദ്ധതി പ്രകാരം താഴെപ്പറയുന്ന പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്.

- 6 യൂണിവേഴ്സിറ്റികൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിനായി 20 കോടി രൂപ വീതം നൽകിയിട്ടുണ്ട്.

➢ 20 ഗവ. കോളേജുകൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിനായി 2 കോടി രൂപ വീതം നൽകിയിട്ടുണ്ട്.

➢ യൂണിവേഴ്സിറ്റികൾക്കും കോളേജുകൾക്കും അടിസ്ഥാന സൗകര്യ വികസനത്തിനുള്ള സാമ്പത്തിക സഹായം നൽകുന്നു.

➢ കേരള സർവ്വകലാശാലയിലെ യു.ജി.സി. അക്കാദമിക് സ്റ്റാഫ് കോളേജിന് അദ്ധ്യാപക ഗുണനിലവാരം ഉയർത്തുന്നതിനുള്ള പദ്ധതിക്കായി ഒരു കോടി രൂപ നൽകിയിട്ടുണ്ട്.

➢ സർവ്വകലാശാലകൾ/കോളേജുകൾ സംഘടിപ്പിക്കുന്ന അന്തർദ്ദേശീയ-ദേശീയ സെമിനാറുകൾ, ശില്പശാലകൾ എന്നിവയ്ക്ക് സാമ്പത്തിക സഹായം നൽകി വരുന്നു.

➢ മാതൃകാ കോളേജ് പദ്ധതി പ്രകാരം ഇടുക്കി ജില്ലയിലെ മൂന്നാർ സർക്കാർ കോളേജിന് 4 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

➢ 31 ഗവ. ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ സ്ത്രീ സൗഹൃദ കേന്ദ്രങ്ങൾ സ്ഥാപിക്കുവാനുള്ള പദ്ധതിക്ക് തത്വത്തിൽ അംഗീകാരം ലഭിച്ചിട്ടുണ്ട്.

➢ സംസ്ഥാനത്തെ മുഴുവൻ സർക്കാർ കോളേജുകളെയും ബന്ധിപ്പിക്കുന്ന വീഡിയോ കോൺഫറൻസിംഗ് പദ്ധതി-നിലവിൽ 18 ഗവൺമെന്റ് കോളേജുകളിൽ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്.

➢ സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 40 ഗവ. കോളേജുകളിൽ ഇ-ജേർണലും ലാപ്ടോപ്പും നൽകി അക്കാദമിക ഗുണനിലവാരം ഉയർത്തുന്നതിനുള്ള പദ്ധതി.

➢ സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 40 ഗവ. കോളേജുകളിൽ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് ഉപയോഗിക്കുവാൻ സാധിക്കുന്ന വിധത്തിൽ തയ്യാറാക്കിയ പ്രത്യേകം ലാപ്ടോപ്പും സോഫ്റ്റ്‌വെയറും നൽകുന്ന പദ്ധതി.

➢ ശാസ്ത്രയാൻ പദ്ധതി 2018 – സർവ്വകലാശാലകളിലെയും കോളേജുകളിലെയും ഗവേഷണ നേട്ടങ്ങൾ പൊതുസമൂഹത്തിന് പ്രയോജനപ്പെടുത്തുന്നതിനുള്ള നൂതന പദ്ധതി.

➢ റൂസ 2-ാം ഘട്ടവുമായി ബന്ധപ്പെട്ട് സർവ്വകലാശാലകളിലെ ഗവേഷണ നിലവാരം ഉയർത്തുന്ന പദ്ധതിയുടെ ഭാഗമായി മഹാത്മാഗാന്ധി സർവ്വകലാശാലയ്ക്കും കുസാറ്റിനും 50 കോടി രൂപ വീതം ലഭിക്കുന്ന പദ്ധതി റൂസ അംഗീകാരം നൽകിയിട്ടുണ്ട്.

➢ 5 സ്വയംഭരണ കോളേജുകൾക്ക് 5 കോടി രൂപ വീതം ലഭിക്കുന്ന പദ്ധതിക്കും റൂസ 2 പ്രകാരം അംഗീകാരം ലഭിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ മേഖലയുടെ വളർച്ചയ്ക്ക് പ്രതികൂലമായി റൂസ വിവേചന പൂർണ്ണമായ നടപടികളൊന്നും സ്വീകരിക്കുന്നില്ല.

(സി) റൂസയിൽനിന്നും ഫണ്ട് ലഭ്യമാക്കുന്നതിനുള്ള പ്രധാന മാനദണ്ഡം സ്ഥാപനങ്ങൾക്ക് ലഭിച്ചിട്ടുള്ള NAAC ഗ്രേഡും, സ്വയംഭരണ പദവിയും സാമൂഹിക-ശാസ്ത്ര ഗവേഷണരംഗത്ത് സർവ്വകലാശാലകൾ കൈവരിച്ചിട്ടുള്ള നേട്ടങ്ങളുമാണ്.

**കരുനാഗപ്പള്ളി - തഴവ ഗവൺമെന്റ് കോളേജിന് സ്ഥലം**

233(1429) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി - തഴവ ഗവൺമെന്റ് കോളേജിനുവേണ്ടി കിഫ്ബി അനുവദിച്ച തുക ഉപയോഗിച്ച് സ്ഥലം ഏറ്റെടുക്കുന്നതിന് പദ്ധതി സമർപ്പിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) പ്രസ്തുത കോളേജിനു വേണ്ടി പഞ്ചായത്ത് നിർദ്ദേശിച്ചിരുന്ന സ്ഥലം ഏറ്റെടുക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ;

(സി) സ്ഥലം ഏറ്റെടുക്കുന്നതിനായി റീ-നോട്ടിഫിക്കേഷൻ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ, വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല. കരുനാഗപ്പള്ളി തഴവ ഗവ. കോളേജിന് സ്ഥലം ഏറ്റെടുക്കുന്നതിനായി കണ്ടെത്തിയ ഭൂമിയിൽ ചില നിയമപ്രശ്നങ്ങൾ ഉള്ളതിനാൽ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള പദ്ധതികൾ കിഫ്ബിയിൽ സമർപ്പിക്കുവാൻ സാധിച്ചിട്ടില്ല.

(ബി & സി) കരുനാഗപ്പള്ളി താലൂക്കിൽ 2016-ൽ പ്രവർത്തനമാരംഭിച്ച തഴവ ഗവ. ആർട്സ് ആൻഡ് സയൻസ് കോളേജിനുവേണ്ടി നോട്ടിഫൈ ചെയ്ത കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ തഴവ ഗ്രാമപഞ്ചായത്തിലെ പാവുമ്പ പ്രദേശത്ത് അംബേദ്കർ കോളനിക്ക് സമീപമുള്ള 5 ഏക്കർ സ്ഥലം കോളേജിന്റെ ഭൗതികസൗകര്യങ്ങൾ ഒരുക്കുന്നതിന് അനുയോജ്യമല്ലാത്തതിനാലും ഉടമസ്ഥരിലൊരാൾ റവന്യൂ റിക്കവറി നടപടികൾ നേരിടുന്നതിനാലും ഭൂമി ഏറ്റെടുക്കുവാൻ കഴിഞ്ഞിട്ടില്ല. ഈ സാഹചര്യത്തിൽ പുതിയ വസ്തു കണ്ടെത്തുന്നതിന് റീ-നോട്ടിഫിക്കേഷനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**കലാലയങ്ങളെയും സർവ്വകലാശാലകളെയും മെച്ചപ്പെടുത്തുന്നതിന് നടപടി**

234(1430) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പൊതുവിദ്യാലയങ്ങളെ ഭൗതികമായും ഗുണപരമായും മെച്ചപ്പെടുത്തിയെടുത്തതുപോലെ കലാലയങ്ങളെയും സർവ്വകലാശാലകളെയും മെച്ചപ്പെടുത്തി എടുക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കുമോ;

(ബി) കേരളത്തിലെ പല കോളേജുകളുടെയും അക്കാദമിക് നിലവാരം മറ്റുസംസ്ഥാനങ്ങളിലെ കോളേജുകളെ അപേക്ഷിച്ച് പിറകിലാണ് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് മാറ്റിയെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കിഫ്ബി ധനസഹായത്തോടെ സംസ്ഥാനത്തെ സർവ്വകലാശാലകളെ അന്താരാഷ്ട്ര തലത്തിൽ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള ഒരു കർമ്മപദ്ധതി സർക്കാർ ആവിഷ്കരിച്ചുവരികയാണ്. അന്താരാഷ്ട്ര നിലവാരത്തിലുള്ള ലാബ്, ലൈബ്രറിയുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസനമാണ് ലക്ഷ്യമിടുന്നത്.

കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയ്ക്ക് 240.9 കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിക്കഴിഞ്ഞു. മറ്റ് സർവ്വകലാശാലകളുടെ പദ്ധതി രൂപരേഖ സർക്കാർ പരിശോധിച്ചുവരുന്നു. കേരള, എം.ജി., കാലിക്കറ്റ്, കണ്ണൂർ, കുസാറ്റ്, മലയാളം സർവ്വകലാശാലകളെ ബന്ധിപ്പിച്ചുകൊണ്ട് ഒരു ഇ-ഗവേണൻസ് പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. വിദ്യാർത്ഥി പ്രവേശനം, പരീക്ഷ, ഫലപ്രഖ്യാപനം, സർട്ടിഫിക്കറ്റ് വിതരണം എന്നിവയ്ക്ക് ഒരു ഏകീകൃത രൂപം നിർദ്ദിഷ്ട ഇ-ഗവേണൻസ് പദ്ധതി നടപ്പിലാക്കുമ്പോൾ കൈവരിക്കാനാകുമെന്ന് കരുതുന്നു.

(ബി) ഉണ്ട്. സർക്കാർ കോളേജുകളും സർവ്വകലാശാലകളും മികവിന്റെ കേന്ദ്രങ്ങളായി (Centres of Excellence) മാറുമ്പോൾ അക്കാദമിക നിലവാരം ഉയർത്താനാകുമെന്ന് പ്രതീക്ഷിക്കുന്നു.

**തഴവ ഗവണ്മെന്റ് കോളേജിൽ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ**

235(1431) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി തഴവ ഗവണ്മെന്റ് കോളേജിനാവശ്യമായ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ അനുവദിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത കോളേജിൽ ഇപ്പോൾ ഏതെല്ലാം ബിരുദ കോഴ്സുകൾ നിലവിലുണ്ടെന്നും പുതിയതായി ഏതെങ്കിലും ബിരുദ കോഴ്സുകൾ അനുവദിച്ചിട്ടുണ്ടോയെന്നും വിശദീകരിക്കുമോ;

(സി) ഇവിടെ ആവശ്യമായ അദ്ധ്യാപക - അനദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ - സി) കരുനാഗപ്പള്ളി തഴവ ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജിൽ അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിക്കുകയും പുതിയതായി ആരംഭിച്ചിട്ടുള്ള ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ അവയുടെ പ്രവർത്തനത്തിന് ഒഴിച്ചുകൂടാനാവാത്ത എത്രയെണ്ണം തസ്തികകൾ സൃഷ്ടിക്കേണ്ടതുണ്ട് എന്നതിന്റെ വിശദവിവരം ലഭ്യമാക്കുവാൻ കോളേജ് വിദ്യാഭ്യാസ ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) ബി.എ. ഇംഗ്ലീഷ്, ബി.എ. മലയാളം, ബി.കോം കോഴ്സുകൾ നിലവിലുണ്ട്. പുതിയതായി ബി.എ. സോഷ്യോളജി അനുവദിച്ചിട്ടുണ്ട്.

**കോളേജ് വിദ്യാഭ്യാസ വകുപ്പിൽ ഇക്കണോമിക്സ് അസിസ്റ്റന്റ് പ്രൊഫസർ നിയമനം**

236(1432) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജ് വിദ്യാഭ്യാസ വകുപ്പിൽ ഇക്കണോമിക്സ് അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേയ്ക്കുള്ള പി. എസ്. സി റാങ്ക് ലിസ്റ്റ് നിലവിൽ വന്നത് എന്നാണ്; വ്യക്തമാക്കുമോ;

(ബി) ഈ ലിസ്റ്റിൽനിന്നും ഇതുവരെയായി എത്ര പേരെ നിയമിച്ചു; നിലവിൽ എത്ര ഒഴിവുകൾ ഉണ്ട്;

(സി) ഈ ഒഴിവുകളിൽ താൽക്കാലിക അടിസ്ഥാനത്തിൽ എത്ര പേരെ നിയമിച്ചിട്ടുണ്ട്;

(ഡി) താൽക്കാലിക അടിസ്ഥാനത്തിൽ നിയമിച്ചവരെ ഒഴിവാക്കി പി.എസ്.സി. ലിസ്റ്റിൽ നിന്നും നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പ്രസ്തുത തസ്തികയിൽ പുതുതായി എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്; ഇതിലേയ്ക്ക് പി. എസ്. സി. ലിസ്റ്റിൽ നിന്നും നിയമനം നടത്താതിരിക്കുന്നതിനുള്ള കാരണം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കോളേജ് വിദ്യാഭ്യാസ വകുപ്പിൽ ലക്ചറർ ഇൻ ഇക്കണോമിക്സ് തസ്തികയുടെ റാങ്ക് പട്ടിക 30-5-2016-ന് നിലവിൽവന്നു.

(ബി) പ്രസ്തുത റാങ്ക് പട്ടികയിൽനിന്നും 30 ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. നിലവിൽ 3 ഒഴിവുകളാണ് ഉള്ളത്. ഒരൊഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2 ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(സി & ഡി) ഈ ഒഴിവുകളിൽ താൽക്കാലിക അടിസ്ഥാനത്തിൽ ആരെയും നിയമിച്ചിട്ടില്ല.

(ഇ) 3 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. പുതുതായി സൃഷ്ടിച്ച തസ്തികയിൽ ജീവനക്കാരെ സ്ഥലംമാറ്റം/പുതിയ നിയമനം എന്നിവ പ്രകാരം നിയമിച്ചിട്ടുണ്ട്.

**പെൻഷൻ ആനുകൂല്യം സംബന്ധിച്ച ഫയൽ തീർപ്പാക്കൽ**

237(1433) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരീക്കോട് സുല്ലമുസലാം അറബിക് കോളേജിൽനിന്നും വിരമിച്ച അസോസിയേറ്റ് പ്രൊഫസറായ എം. അബ്ദുൾ റഹിമാന്റെ പെൻഷൻ ആനുകൂല്യം സംബന്ധിച്ച ഫയൽ എത്ര നാളായി കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിൽ ഉത്തരവാകാതെ കിടക്കുന്നു എന്നറിയിക്കുമോ;

(ബി) ഉന്നതവിദ്യാഭ്യാസ ഡി വകുപ്പിൽ നിന്നും 24-4-2018-ൽ D2/49/2018/Hedn. പ്രകാരം ഇതു സംബന്ധിച്ച ഉത്തരവ് നൽകിയിട്ടും D2/25513/2015/Coll.Edn. എന്ന ഫയലിൽ തീർപ്പുകൽപ്പിക്കുവാൻ താമസിക്കുന്നതിന്റെ കാരണം എന്താണെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത ഫയലിൽ അടിയന്തരമായി തീർപ്പുകൽപ്പിച്ച് പെൻഷൻ ആനുകൂല്യം നൽകുവാൻ ബന്ധപ്പെട്ടവർക്ക് ഉത്തരവ് നൽകുമോ എന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) ശ്രീ. എം. അബ്ദുൾ റഹിമാന്റെ പെൻഷൻ പ്രൊപ്പോസൽ 22-4-2017 മുതൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിൽ പരിഗണനയിലാണ്.

(ബി & സി) ശ്രീ. എം. അബ്ദുൾ റഹിമാന്റെ പെൻഷൻ ബുക്കിൽ സുല്ലമുസലാം അറബിക് കോളേജ് പ്രിൻസിപ്പാൾ ടിയാനെതിരെ വകുപ്പുതല ജുഡീഷ്യൽ അന്വേഷണം തുടരുന്നുവെന്ന് അഭിപ്രായം രേഖപ്പെടുത്തിയാണ് നൽകിയിരുന്നത്. അച്ചടക്ക നടപടികൾ തുടരുന്ന ഒരു ജീവനക്കാരന് റിട്ടയറിംഗ് പെൻഷൻ അനുവദനീയമല്ല. 24-4-2018-ലെ ഡി2/49/2018/ഉ.വി.വ. നമ്പർ കത്ത് പ്രകാരം ശ്രീ. എം. അബ്ദുൾ റഹിമാനെതിരെയുള്ള ബാദ്ധ്യതകളും അച്ചടക്ക നടപടികളും തീർപ്പുകൽപ്പിച്ചുവെന്ന് ഉറപ്പുവരുത്തിയതിനുശേഷം പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ചുനൽകുവാനാണ് നിർദ്ദേശം നൽകിയിരുന്നത്. മേഖലാ ഡെപ്യൂട്ടി ഡയറക്ടറിൽ നിന്നും ശ്രീ. എം. അബ്ദുൾ റഹിമാൻ സർക്കാരിലേയ്ക്കുള്ള ബാദ്ധ്യതകൾ ഒടുക്കിയെന്ന് ഉറപ്പുവരുത്തിയശേഷം പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ചു നൽകുന്നതിന് സത്വരനടപടികൾ സ്വീകരിക്കുന്നതാണ്.

**മങ്കട ഗവണ്മെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജ് കെട്ടിട നിർമ്മാണം**

238(1434) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട ഗവണ്മെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജ് കെട്ടിട നിർമ്മാണത്തിന്റെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ ;

(ബി) കെട്ടിട നിർമ്മാണം വേഗത്തിൽ പൂർത്തീകരിക്കുന്നതിന് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കാമോ;

(സി) 30-1-2018-ൽ ഇത് സംബന്ധിച്ച് നിയമസഭയിൽ നൽകിയ മറുപടിക്ക് ശേഷം വകുപ്പുതലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) മങ്കട ഗവണ്മെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജിന്റെ ബ്ലോക്ക് വർക്ക് 45% പൂർത്തിയായി. സ്ട്രക്ചറൽ വർക്ക് 80% പൂർത്തിയായി. എം.എൽ.എ. ആസ്തിക വികസന ഫണ്ടിലെ രണ്ടാമത്തെ ഗഡു ലഭിക്കാത്തതിനാൽ കിറ്റ്കോ കെട്ടിടനിർമ്മാണം നിർത്തിവച്ചിരിക്കുകയാണ്.

(ബി &സി) എം.എൽ.എ. ആസ്തിക വികസന ഫണ്ടിലെ രണ്ടാമത്തെയും മൂന്നാമത്തെയും ബില്ലുകളുടെ ലെറ്റർ ഓഫ് ക്രെഡിറ്റ്, 14-5-2018-ലെ സ.ഉ. (സാധാ.) നമ്പർ 4154/2018/ധന. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**തലശ്ശേരി ചൊക്ലി ഗവൺമെന്റ് കോളേജിന്റെ നിർമ്മാണ പ്രവർത്തനം**

239(1435) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 വർഷത്തെ കിഫ്ബിയിൽ ഉൾപ്പെടുത്തിയ തലശ്ശേരി ചൊക്ലി ഗവൺമെന്റ് കോളേജിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തിയുടെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) ആയതിന്റെ നിർമ്മാണ പ്രവൃത്തി ആരംഭിച്ചോ; ഇല്ലെങ്കിൽ പ്രവൃത്തി ആരംഭിക്കുന്നതിന് ഇനി എന്തെല്ലാം നടപടികളാണുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2017-18 വർഷത്തെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ തലശ്ശേരി ചൊക്ലി ഗവൺമെന്റ് കോളേജിന്റെ ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിക്കുകയും 2018 ഏപ്രിൽ 25-ന് നടന്ന കിഫ്ബി മീറ്റിംഗിൽ പ്രസ്തുത പദ്ധതി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) കിഫ്ബിയിൽ നിന്നും ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് പദ്ധതി നടത്തിപ്പിനായി ചുമതലയുള്ള കൈറ്റ് ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ച് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുവാൻ നടപടി കൈക്കൊള്ളുന്നതാണ്.

**മലപ്പുറം ഗവൺമെന്റ് വനിതാ കോളേജിൽ തസ്തിക സൃഷ്ടിക്കുന്നതിന് നടപടി**

240(1436) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ഗവൺമെന്റ് വനിതാ കോളേജിൽ പ്രിൻസിപ്പൽ തസ്തികയുൾപ്പെടെ അദ്ധ്യാപക, അനദ്ധ്യാപക ജീവനക്കാരുടെ തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത ഫയലിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(സി) പുതുതായി അനുവദിച്ച കോളേജുകളിൽ പ്രിൻസിപ്പൽ തസ്തികയില്ലാത്ത ഏക കോളേജാണ് മലപ്പുറം ഗവൺമെന്റ് വനിതാ കോളേജെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ അവിടെ ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുവാൻ സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-ഡി) മലപ്പുറം വനിതാ കോളേജിൽ കെമിസ്ട്രി -1, ഇംഗ്ലീഷ് -2 എന്നിങ്ങനെ 3 അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. പ്രിൻസിപ്പൽ തസ്തികയുൾപ്പെടെയുള്ള അദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നത് സർക്കാരിന്റെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് മാത്രമേ പരിഗണിക്കാനാവുകയുള്ളൂ. എന്നിരുന്നാലും അറ്റൻഡർ, സ്വീപ്പർ, സാനിട്ടേഷൻ വർക്കർ തുടങ്ങിയ തസ്തികകളിലേയ്ക്ക് കുടുംബശ്രീ യൂണിറ്റ് മുഖാന്തരം കരാർ/ദിവസ വേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കാൻ 9-5-2018-ലെ സ. ഉ. (സാധാ.) 918/2018/ ഉ.വി.വ. പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

**കുന്ദമംഗലം ഗവൺമെന്റ് കോളജിന് കെട്ടിട നിർമ്മാണം**

241(1437) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം ഗവൺമെന്റ് കോളജിന് കെട്ടിടം നിർമ്മിക്കാൻ കിഫ്ബി മുഖേന ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ;

(ബി) എത്ര തുകയാണ് ഇതിനായി വകയിരുത്തിയിട്ടുള്ളത്; പ്രസ്തുത പ്രവൃത്തി സംബന്ധിച്ച നിലവിലെ സ്ഥിതി വിശദമാക്കാമോ?

ഉത്തരം

(എ) കുന്ദമംഗലം ഗവ. ആർട്സ് ആൻഡ് സയൻസ് കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള വിശദമായ പദ്ധതി റിപ്പോർട്ട് (ഡി.പി.ആർ.) കിഫ്ബിയിൽ സമർപ്പിക്കുകയും 2018 ഏപ്രിൽ 25-ന് നടന്ന കിഫ്ബിയുടെ യോഗം പ്രസ്തുത പദ്ധതിക്ക് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) 10.74 കോടി രൂപയുടെ പ്രൊപ്പോസലാണ് സമർപ്പിച്ചിട്ടുള്ളത്. പദ്ധതി നിർവ്വഹണത്തിനായുള്ള പ്രത്യേക കാര്യ ഏജൻസിയായ (SPV) KITE മുഖേന നടപ്പിലാക്കുന്ന പ്രസ്തുത പദ്ധതി 2018 ജൂൺ മാസം അവസാനത്തോടെ ആരംഭിച്ച് ഏകദേശം 18 മാസം കൊണ്ട് നിർമ്മാണം പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

**കുന്ദമംഗലം സർക്കാർ കോളേജ്**

242(1438) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-യുടെ നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കുന്ദമംഗലം സർക്കാർ കോളേജിന് അനുവദിച്ച കെട്ടിടത്തിന്റെ പ്രവൃത്തി പൂർത്തീകരിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ക്ലാസ്സുകൾ ഇവിടേക്ക് മാറ്റുന്നതിന് സ്ഥലസൗകര്യം പര്യാപ്തമാണോ എന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) ക്ലാസ്സുകൾ സ്ഥിരം കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സ്ഥലസൗകര്യം പര്യാപ്തമല്ല. സ്ഥലം എം.എൽ.എ. യുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും തുക അനുവദിച്ച് താൽക്കാലികമായി ക്ലാസ് റൂമുകൾ വേർതിരിച്ച് ക്ലാസ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) 2018-19 അദ്ധ്യയന വർഷം മുതൽ പുതിയ കെട്ടിടത്തിൽ ക്ലാസുകൾ ആരംഭിക്കുവാൻ കഴിയുമെന്ന് കരുതുന്നു.

**ബാലുശ്ശേരി ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജ്**

243(1439) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജിന്റെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിനായി കിഫ്ബിയിലൂടെ എത്ര കോടി രൂപയാണ് അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) ഈ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള ടെണ്ടർ നടപടി എപ്പോൾ പൂർത്തിയാക്കാനാണുദ്ദേശിക്കുന്നത്;

(സി) കോളേജിൽ നിലവിൽ നടന്നുകൊണ്ടിരിക്കുന്ന ഗ്രൗണ്ട് ഫ്ലോർ നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കുന്നതിനായി പ്ലാൻ ഫണ്ടിൽ നിന്നും തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഈ പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വേഗത്തിലാക്കുമോ?

ഉത്തരം

(എ) ബാലുശ്ശേരി ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജിന്റെ ഭൗതികസൗകര്യം മെച്ചപ്പെടുത്തുന്നതിനായിട്ടുള്ള വിശദമായ പദ്ധതി റിപ്പോർട്ട് (ഡി.പി.ആർ.) 2018 ഏപ്രിൽ 25-ന് നടന്ന കിഫ്ബി യോഗം അംഗീകരിക്കുകയുണ്ടായി. എന്നാൽ ഇതുസംബന്ധിച്ച ഉത്തരവ് ലഭിച്ചാൽ മാത്രമേ കിഫ്ബി അനുവദിച്ച തുക അറിയാൻ കഴിയൂ.

(ബി) ഈ പ്രവൃത്തി അംഗീകരിച്ചുകൊണ്ടുള്ള ഉത്തരവ് കിഫ്ബിയിൽ നിന്നും കിട്ടിയാൽ മാത്രമേ ടെണ്ടർ നടപടികൾ ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ.

(സി) ബാലുശ്ശേരി ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജിലെ ഗ്രൗണ്ട് ഫ്ലോറിന്റെ നിർമ്മാണത്തിന് 2017-18 സാമ്പത്തിക വർഷത്തിൽ 28-3-2018-ലെ ജി.ഒ. (ആർടി.) നമ്പർ 623/18/ഉ.വി.വ. പ്രകാരം ഭരണാനുമതി നൽകിയിരുന്നുവെങ്കിലും സാമ്പത്തിക നിയന്ത്രണം കാരണം തുക അനുവദിച്ച് നൽകിയില്ല. ഇതേത്തുടർന്ന് 15-5-2018-ന് നടന്ന വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ വീണ്ടും പ്രൊപ്പോസൽ സമർപ്പിക്കുകയും 2018-19 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിൽ നിന്ന് ഒരു കോടി രൂപയുടെ പ്രൊപ്പോസലിന് വർക്കിംഗ് ഗ്രൂപ്പ് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്.

**കുളത്തൂർ ഗവണ്മെന്റ് കോളേജിൽ പുതിയ കോഴ്സ്**

244(1440) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര കുളത്തൂർ ഗവൺമെന്റ് കോളേജിലെ നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട് കിറ്റ്കോ ഡി.പി.ആർ. പൂർത്തിയാക്കി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) കുളത്തൂർ ഗവൺമെന്റ് കോളേജിൽ പുതിയ കോഴ്സ് ആവശ്യപ്പെട്ടുകൊണ്ട് എം.എൽ.എ.-യുടെ കത്തുൾപ്പെടെ കോളേജ് പി.റ്റി.എ. കമ്മിറ്റി നൽകിയ നിവേദനത്തിൻമേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) 2018-19 അദ്ധ്യയന വർഷത്തിൽ എത്ര പുതിയ കോഴ്സുകളാണ് കുളത്തൂർ കോളേജിൽ ആരംഭിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) കുളത്തൂർ ഗവൺമെന്റ് കോളേജിന് എന്തൊക്കെ അപര്യാപ്തതകളാണ് നിലവിൽ ഉള്ളതെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) നെയ്യാറ്റിൻകര കുളത്തൂർ ഗവൺമെന്റ് കോളേജിലെ നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട ഡി.പി.ആർ. തയ്യാറായിവരുന്നു.

(ബി) ടി കത്തിൻമേൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) എം.എസ്.സി. ജ്യോഗ്രഫി, ബി.എ. ട്രാവൽ ആൻഡ് ടൂറിസം എന്നീ പുതിയ കോഴ്സുകൾ ആരംഭിക്കുവാൻ കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് പ്രൊപ്പോസൽ കോളേജ് പ്രിൻസിപ്പൽ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ ടി കോളേജിൽ ബി.റ്റി.റ്റി.എം. കോഴ്സ് അനുവദിക്കുന്നത് സംബന്ധിച്ച് കേരള സ്റ്റേറ്റ് ഹയർ എഡ്യുക്കേഷൻ കൗൺസിലിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്.

(ഡി) കോളേജിന്റെ പ്രധാനപ്പെട്ട നിലവിലുള്ള അപര്യാപ്തതകൾ ചുവടെപ്പറയുന്നവയാണ്:

1. കോളേജ് പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെയും സ്ഥലത്തിന്റെയും ഉടമസ്ഥാവകാശം ഇതുവരെ കോളേജ് വിദ്യാഭ്യാസ വകുപ്പിന് കൈമാറിക്കിട്ടിയിട്ടില്ല.

2. മതിയായ കെട്ടിട സൗകര്യമില്ല.

3. കോളേജിന് സ്വന്തമായി ജലസ്രോതസ്സ് ഇല്ലാത്തതിനാൽ കുടിവെള്ളത്തിനായി അടുത്തുള്ള സ്ഥാപനത്തെ ആശ്രയിക്കേണ്ടിവരുന്നു.

**കോടഞ്ചേരി ഗവൺമെന്റ് കോളേജിൽ ബിരുദാനന്തര ബിരുദ കോഴ്സുകൾ**

245(1441) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോടഞ്ചേരി ഗവൺമെന്റ് കോളേജിൽ പുതിയ ബിരുദാനന്തര ബിരുദ കോഴ്സുകൾ അനുവദിക്കുമെന്ന പ്രഖ്യാപനം നടപ്പിൽ വരാത്തതിന്റെ കാരണം വിശദമാക്കുമോ;

(ബി) ഉപരിപഠന സാധ്യതകൾ ഇല്ലാത്ത പ്രദേശമെന്നതും പിന്നോക്കാവസ്ഥയും ഭൂപ്രകൃതിയും പ്രത്യേകം കണക്കിലെടുത്ത് ബിരുദാനന്തര ബിരുദ കോഴ്സുകൾ ഈ വർഷംതന്നെ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) കോടഞ്ചേരി ഗവ. കോളേജിൽ ബിരുദാനന്തര ബിരുദ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു.

**മാനേജ്മെന്റ് കോളേജുകൾക്ക് പ്രവർത്തനാനുമതി**

246(1442) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ എത്ര മാനേജ്മെന്റ് കോളേജുകൾക്ക് പ്രവർത്തനാനുമതി നൽകിയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത കോളേജുകളിൽ പുതിയതായി അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(സി) അനുമതി ലഭിച്ചിട്ടും ചില കോളേജുകൾക്ക് പ്രവർത്തിക്കുവാൻ പറ്റാത്ത സാഹചര്യം ബോധിപ്പിച്ചുകൊണ്ട് ഏതെങ്കിലും മാനേജ് മെന്റ് പരാതി നൽകിയിട്ടുണ്ടോ; ആയതിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 1. ശ്രീ. ശബരീശ ആർട്സ് ആൻഡ് സയൻസ് കോളേജ്, മുരുക്കുംവയൽ, കോട്ടയം.

2. ശ്രീ. സത്യസായി ആർട്സ് ആൻഡ് സയൻസ് കോളേജ്, തോന്നയ്ക്കൽ, തിരുവനന്തപുരം.

3. എസ്.എസ്.വി. കോളേജ്, നഗരൂർ, തിരുവനന്തപുരം.

4. ബിഷപ്പ് യേശുദാസൻ സി.എസ്.ഐ. കോളേജ്, മുളയറ, തിരുവനന്തപുരം.

5. ബജാ മോഡൽ കോളേജ്, കാസർഗോഡ്.

(ബി) അദ്ധ്യാപക അനദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടില്ല.

(സി) പരാതി ലഭിച്ചതായി കാണുന്നില്ല.

**എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാല**

247(1443) ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാലയിൽ നിന്നും പഠനം പൂർത്തിയാക്കിയ ആദ്യ ബാച്ച് എന്ന് പുറത്തിറങ്ങിയെന്ന് വ്യക്തമാക്കുമോ;

(ബി) വിജയകരമായി പഠനം പൂർത്തിയാക്കിയവർക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇവിടെനിന്നും പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് സർട്ടിഫിക്കറ്റുകൾ ലഭിക്കാത്തത് കാരണം ഉപരിപഠനം തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത യൂണിവേഴ്സിറ്റിയിൽനിന്നും പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് അടിയന്തരമായി സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാലയിൽ 2015-16 അദ്ധ്യയന വർഷം മുതൽക്കാണ് അഫിലിയേറ്റ് ചെയ്ത കോളേജുകളിലേയ്ക്ക് വിദ്യാർത്ഥി പ്രവേശനം നടത്തിയത്. സർവ്വകലാശാലയിൽ നിന്നും ബി.ടെക് പഠനം പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾ 2019-ലാണ് പുറത്തിറങ്ങുന്നത്. 2017 ജൂലൈയിൽ എം.ടെക്. പഠനം പൂർത്തിയാക്കിയവരിൽ യോഗ്യരായ വിദ്യാർത്ഥികൾക്ക് സർവ്വകലാശാല പ്രൊവിഷണൽ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ജൂലൈ 2017-ൽ എം.ടെക് പഠനം പൂർത്തിയാക്കിയവരിൽ യോഗ്യരായ വിദ്യാർത്ഥികൾക്ക് ഒറിജിനൽ ഡിഗ്രി സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള സത്വര നടപടികൾ സർവ്വകലാശാല കൈക്കൊണ്ടുവരികയാണ്.

**കെ. റ്റി. യു.-വിന്റെ ജനാധിപത്യ സമിതികൾ**

248(1444) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ.പി.ജെ. അബ്ദുൾകലാം ശാസ്ത്ര സാങ്കേതിക സർവ്വകലാശാല (കെ.റ്റി.യു.) യുടെ ജനാധിപത്യ സമിതികളായ സെനറ്റ്, സിൻഡിക്കേറ്റ് മുതലായവ എന്നത്തേയ്ക്ക് രൂപീകരിക്കാനാകും; വിശദവിവരം നൽകുമോ;

(ബി) പ്രസ്തുത സമിതികളുടെ രൂപീകരണം നീണ്ടുപോകുന്നതിന്റെ കാരണങ്ങൾ വിശദീകരിക്കുമോ;

(സി) ഇക്കാര്യത്തിൽ എന്തെങ്കിലും സാങ്കേതിക തടസ്സം നേരിട്ടിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

(എ-സി) എ.പി.ജെ. അബ്ദുൾ കലാം ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ പ്രവർത്തനം കൂടുതൽ ജനാധിപത്യപരവും ചിട്ടയോടും കൂടി മാറ്റുന്നതിനായി സർക്കാർ സർവ്വകലാശാല ആക്ടിൽ വേണ്ടുന്ന ഭേദഗതി വരുത്തി ഓർഡിനൻസ് പുറത്തിറക്കുകയുണ്ടായി. 29-5-2018-ലെ G. O. (Rt.) No. 1053/2018/H.Edn. ഉത്തരവ് പ്രകാരം എ.പി.ജെ. അബ്ദുൾ കലാം ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ ബോർഡ് ഓഫ് ഗവർണേഴ്സ് പുനഃസംഘടിപ്പിച്ചിട്ടുണ്ട്. സർവ്വകലാശാലയുടെ സിൻഡിക്കേറ്റ്, അക്കാദമിക് കൗൺസിൽ എന്നിവ രൂപീകരിക്കുവാനുള്ള നടപടികൾ നടന്നുവരുന്നു.

**സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെ അക്കാദമിക് നിലവാരം**

249(1445) <u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ ഈ വർഷത്തെ വിദ്യാർത്ഥി പ്രവേശനം സംബന്ധിച്ച് മാനേജ്മെന്റുകളുമായി സർക്കാർ ധാരണയിലെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഈ വർഷം എഞ്ചിനീയറിംഗ് കോളേജ് പ്രവേശനത്തിനുള്ള പ്രവേശന പരീക്ഷയുടെ മിനിമം മാർക്ക് ലഭിക്കാതെ 35 ശതമാനം കുട്ടികൾ അയോഗ്യരായ സാഹചര്യത്തിൽ എഞ്ചിനീയറിംഗ് കോളേജുകളിൽ നിലവിലുള്ള സീറ്റുകളിൽ വിദ്യാർത്ഥികളെ ലഭിക്കാത്ത സാഹചര്യമുണ്ടോ;

(സി) അഞ്ച് വർഷമായി 30 ശതമാനത്തിൽ താഴെ മാത്രം പ്രവേശനം നടത്തുന്ന എഞ്ചിനീയറിംഗ് കോളേജുകൾ അടച്ചുപൂട്ടണമെന്ന് അഖിലേന്ത്യ സാങ്കേതിക കൗൺസിൽ നിർദ്ദേശിച്ചിട്ടുണ്ടോ; ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ എത്ര എഞ്ചിനീയറിംഗ് കോളേജുകൾ അടച്ചുപൂട്ടേണ്ടിവരുമെന്ന് അറിയിക്കുമോ;

(ഡി) കഴിഞ്ഞ അദ്ധ്യയന വർഷം ഒരു വിദ്യാർത്ഥിപോലും പ്രവേശനം നേടാത്ത എത്ര എഞ്ചിനീയറിംഗ് കോളേജുകൾ സംസ്ഥാനത്തുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ ഈ വർഷത്തെ വിദ്യാർത്ഥി പ്രവേശനം സംബന്ധിച്ച് കേരള സെൽഫ് ഫിനാൻസിംഗ് എഞ്ചിനീയറിംഗ് കോളേജ് മാനേജ്മെന്റ് അസോസിയേഷൻ, ആർക്കിടെക്ചർ കോളേജ് മാനേജ്മെന്റ് അസോസിയേഷൻ എന്നിവരുമായി കരാറിലേർപ്പെട്ടിട്ടുണ്ട്. കേരള കത്തോലിക് എഞ്ചിനീയറിംഗ് കോളേജ് മാനേജ്മെന്റ് അസോസിയേഷനുമായി 2017-ൽ മൂന്ന് അദ്ധ്യയനവർഷത്തേയ്ക്ക് (2017-18, 2018-19, 2019-20) കരാർ ഒപ്പുവച്ചിട്ടുണ്ട്. കരാർ അംഗീകരിച്ചുകൊണ്ടും, കരാറിലെ പ്രധാന വ്യവസ്ഥകൾ ഉൾപ്പെടുത്തിക്കൊണ്ടും പുറപ്പെടുവിച്ച സർക്കാർ ഉത്തരവുകളുടെ പകർപ്പ് അനുബന്ധം ആയി ചേർത്തിട്ടുണ്ട്.+

(ബി) 2018-19 അദ്ധ്യയന വർഷം പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അലോട്ട്മെന്റിനായി ലഭിച്ച 36213 സീറ്റുകളിൽ 16234 വിദ്യാർത്ഥികൾ മാത്രമാണ് ഓപ്ഷൻ നൽകി പ്രവേശനം നേടിയിട്ടുള്ളത്. കൂടാതെ, എഞ്ചിനീയറിംഗിൽ നിലവിൽ യോഗ്യരായ വിദ്യാർത്ഥികളുടെ എണ്ണവും കഴിഞ്ഞ വർഷം അനുവദിച്ച സീറ്റുകളുടെ എണ്ണവും താരതമ്യം ചെയ്യുമ്പോൾ എഞ്ചിനീയറിംഗ് കോളേജുകളിൽ നിലവിലുള്ള സീറ്റുകളിൽ വിദ്യാർത്ഥികളെ ലഭിക്കാത്ത സാഹചര്യമുണ്ടാവാൻ സാധ്യത കുറവാണ്.

(സി) എ.ഐ.സി.റ്റി.ഇ. അപ്രൂവൽ പ്രോസസ് ഹാൻഡ് ബുക്ക് 2018-19-ലെ വ്യവസ്ഥ 2.4.3 പ്രകാരം, കഴിഞ്ഞ 5 വർഷവും തുടർച്ചയായി അനുവദിക്കപ്പെട്ട സീറ്റുകളിൽ 30% താഴെ മാത്രം പ്രവേശനം നടത്തുന്ന എഞ്ചിനീയറിംഗ് കോഴ്സുകളിലെ നടപ്പ് അദ്ധ്യയന വർഷത്തെ സീറ്റുകളുടെ എണ്ണം AICTE-യുടെ അംഗീകാരത്തോടെ ആകെ അനുവദിക്കപ്പെട്ട സീറ്റുകളുടെ എണ്ണം 50% ആയി പരിമിതപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കഴിഞ്ഞ 5 വർഷവും ഒരു സീറ്റിലും പ്രവേശനം നടത്താത്ത കോഴ്സുകൾ എ.ഐ.സി.റ്റി.ഇ. അംഗീകാരത്തോടെ നിർത്തലാക്കുവാൻ വ്യവസ്ഥ 2.4.4 പ്രകാരം നിഷ്കർച്ചിട്ടുണ്ട്.

---

\+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) സർക്കാർ എയ്ഡഡ് മേഖലയിൽ പ്രവർത്തിക്കുന്ന എഞ്ചിനീയറിംഗ് കോളേജുകളിൽ ഇത്തരം സാഹചര്യമുണ്ടായിട്ടില്ല. സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജായ പി.എ. അസീസ് കോളേജ് ഓഫ് എഞ്ചിനീയറിംഗ് ആൻഡ് ടെക്നോളജിയിൽ കഴിഞ്ഞ അദ്ധ്യയന വർഷം ഒരു വിദ്യാർത്ഥിപോലും പ്രവേശനം നേടുകയുണ്ടായില്ല.

**എഞ്ചിനീയറിംഗ് കോളേജുകളിലെ കുറഞ്ഞ വിജയശതമാനത്തിന്റെ കാരണം**

250(1446) ശ്രീ. ഹൈബി ഈഡൻ :

ശ്രീ. റോജി എം. ജോൺ :

ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളുടെ നിലവാരം ഉയർത്തുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) സ്വകാര്യ സ്വാശ്രയ വിദ്യാഭ്യാസ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിച്ച ജസ്റ്റിസ് കെ. ദിനേശൻ അദ്ധ്യക്ഷനായ സമിതിയുടെ ശിപാർശകളിൽ എന്തൊക്കെ നടപടികളാണ് ഇതിനകം കൈക്കൊണ്ടിട്ടുള്ളത്;

(സി) സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിലെ വിജയശതമാനം കുറയുന്ന സാഹചര്യം ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ;

(ഡി) 2016-17 വർഷത്തെ സർക്കാർ, എയ്ഡഡ്, സ്വാശ്രയ എഞ്ചിനീയറിംഗ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ബി. ടെക്-ന്റെ വിജയശതമാനം എത്ര വീതമായിരുന്നു;

(ഇ) പത്ത് ശതമാനത്തിൽ താഴെ വിജയശതമാനം ഉണ്ടായിരുന്ന എത്ര വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ട്; പ്രസ്തുത സ്ഥാപനങ്ങളിലെ കുറഞ്ഞ വിജയശതമാനത്തിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസരംഗം ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി സർക്കാർ രൂപപ്പെടുത്തിയിട്ടുള്ള വിവിധ പദ്ധതികളുടെ നടത്തിപ്പുചുമതല സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ നിക്ഷിപ്തമാണ്. ഈ പദ്ധതികളുടെ നടത്തിപ്പിലൂടെ സാമൂഹ്യബോധമുള്ള

സാങ്കേതിക വിദഗ്ധരെ വാർത്തെടുക്കാനും അക്കാദമിക് നിലവാരമുയർത്തി അതുവഴി സംസ്ഥാനത്തിന്റെ വികസനത്തിൽ പങ്കാളികളാകാനും ലക്ഷ്യമിടുന്നു. കരിക്കുലം പരിഷ്കരണമുൾപ്പെടെയുള്ള ഭരണപരമായ പ്രവർത്തനങ്ങളോടൊപ്പം വിദ്യാർത്ഥികളുടെ സംരംഭകത്വ പ്രവർത്തനങ്ങൾക്കും വകുപ്പ് തലത്തിൽ ശ്രദ്ധ നൽകുന്നുണ്ട്.

അടിസ്ഥാന സൗകര്യ വികസനം, ഹോസ്റ്റൽ സൗകര്യങ്ങൾ, ലാബ്/വർക്ക്ഷോപ്പുകളുടെ നവീകരണം, ഡിജിറ്റൈസേഷൻ ഉൾപ്പെടുത്തിയുള്ള ലൈബ്രറി ശാക്തീകരണം/കോ-എക്സ്ട്രാ കരിക്കുലർ പ്രവർത്തനങ്ങൾക്കാവശ്യമായ സൗകര്യങ്ങൾ ഒരുക്കൽ, സ്ഥലമെടുപ്പ് ആവശ്യമായ സ്ഥാപനങ്ങൾക്ക് അതിനുവേണ്ട നടപടിക്രമങ്ങളുടെ പൂർത്തീകരണം, ഇവയിലൂടെ പഠനപ്രക്രിയ പൂർണ്ണതയിലെത്തിച്ച് സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസരംഗത്തിന്റെ നിലവാരമുയർത്താനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. ജലവിനിയോഗം, മലിനജല സംസ്കരണം, ഊർജ്ജസംരക്ഷണം, പാരമ്പര്യേതര ഊർജ്ജ ഉല്പാദനവും വിനിയോഗവും ഇവയ്ക്കുള്ള സാങ്കേതികവിദ്യകൾ, വിദ്യാർത്ഥികൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കൽ ഇവയിൽ ശ്രദ്ധ നൽകുന്നതോടൊപ്പം സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കാനും ലക്ഷ്യമിടുന്നു.

തിരുവനന്തപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിലെ ട്രാൻസ്പോർട്ടേഷൻ റിസർച്ച് സെന്റർ, പ്രോഡക്റ്റ് ഡിസൈൻ ആൻഡ് ഡെവലപ്മെന്റ് സെന്റർ, ബാർട്ടൺഹിൽ എഞ്ചിനീയറിംഗ് കോളേജിലെ സെന്റർ ഫോർ ബാംബൂ ടെക്നോളജി, കോട്ടയം രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ നടപ്പാക്കിയിട്ടുള്ള റീയൂസബിൾ ബിൽഡിംഗ് സിസ്റ്റം, കണ്ണൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ ആരംഭിച്ച റൂറൽ ടെക്നോളജി ഡെവലപ്മെന്റ് സെന്റർ, ഇവ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലെ പ്രധാന ഗവേഷണ സംരംഭങ്ങളാണ്.

സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസത്തിന്റെ നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി വിദ്യാർത്ഥികൾക്ക് പ്രായോഗിക പരിശീലന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി ഇൻഡസ്ട്രി-ഇൻസ്റ്റിറ്റ്യൂട്ട് ഇന്ററാക്ഷൻ സെല്ലുകൾ, വിസിറ്റിംഗ് ഫാക്കൽറ്റി പ്രോഗ്രാമുകൾ എന്നിവയും നടത്തപ്പെടുന്നുണ്ട്. വിവിധ സ്ഥാപനങ്ങളിൽ ഉൽപ്പാദന പരിശീലന കേന്ദ്രങ്ങൾ, റോബോട്ടിക്സ് ലാബുകൾ, നിർമ്മാണ സാമഗ്രികളുടെ പരിശോധന കേന്ദ്രങ്ങൾ ഇവ സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്. ദേശീയ അന്തർദ്ദേശീയ തലങ്ങളിലെ മുൻനിര സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോടും വ്യവസായ സംരംഭങ്ങളോടും സഹകരിച്ച്

വിദ്യാർത്ഥികൾക്കായി ഹ്രസ്വകാല ഇന്റേൺഷിപ്പ് സംഘടിപ്പിക്കുന്നുണ്ട്. വിദ്യാർത്ഥികളുടെ സംരംഭകത്വ പ്രവർത്തനങ്ങൾക്കുവേണ്ടി ടെക്നോളജി ബിസിനസ് ഇൻക്യുബേഷൻ സെന്ററുകൾ വിവിധ സ്ഥാപനങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. ഇതിന്റെ അനുബന്ധ പ്രവർത്തനങ്ങൾ കേരള സ്റ്റാർട്ട് അപ് മിഷനുമായി സഹകരിച്ച് നടപ്പാക്കിവരുന്നു. സാമൂഹ്യ വികസനത്തിൽ സംസ്ഥാനത്തെ സാങ്കേതിക വിദ്യാർത്ഥികളുടെ പങ്ക് ഉറപ്പാക്കാൻ എൻ.എസ്.എസ്. ടെക്നിക്കൽ സെല്ലിന്റെ ആഭിമുഖ്യത്തിൽ 'പുനർജ്ജനി' പദ്ധതി നടപ്പാക്കി വരുന്നു. ഇതോടൊപ്പം വിദ്യാർത്ഥികളുടെ സമഗ്ര വ്യക്തിത്വ വികസനം ഉറപ്പുവരുത്താൻ എല്ലാ ഉന്നത സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലും മാനവവിഭവശേഷി സെല്ലുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. പഠനപ്രക്രിയയുടെ നിലവാരം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി അദ്ധ്യാപകർക്ക് ആവശ്യമായ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതോടൊപ്പം ഉയർന്ന യോഗ്യതകൾ നേടാനും ദേശീയ/അന്തർദേശീയ സെമിനാറുകളിലും വർക്ക് ഷോപ്പുകളിലും പങ്കെടുക്കുവാനും വേണ്ട സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ദേശീയതലത്തിൽ നടപ്പാക്കിവരുന്ന NVEQF-ലേയ്ക്ക് സംസ്ഥാന സാങ്കേതിക വിദ്യാഭ്യാസരംഗത്തെ സമന്വയിപ്പിക്കാനുള്ള നടപടികളും നടപ്പാക്കിവരുന്നു.

2018-19-ൽ സംസ്ഥാനത്തെ എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും 'ഇന്റർ ഡിസിപ്ലിനറി ഗവേഷണ കേന്ദ്രങ്ങൾ' സ്ഥാപിക്കാനുദ്ദേശിക്കുന്നു. ഇതിന്റെ ഭാഗമായി ഓരോ സ്ഥാപനവും തനതായ മേഖല തെരഞ്ഞെടുത്ത് പ്രാരംഭ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. അദ്ധ്യാപകരുടെ നേതൃത്വത്തിൽ വിദ്യാർത്ഥികളെയും ഉൾപ്പെടുത്തി സാമൂഹ്യപ്രസക്തിയുള്ള ഗവേഷണ പ്രവർത്തനങ്ങളിലൂടെ പഠന പ്രക്രിയയുടെ നിലവാരമുയർത്തുവാനും സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ദേശീയ അന്തർദ്ദേശീയ അംഗീകാരം നേടാനും ലക്ഷ്യമിടുന്നു. ഇതിന്റെ തുടക്കമെന്ന നിലയിൽ തിരുവനന്തപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജ് 'സ്റ്റുഡന്റ് സാറ്റലൈറ്റ്' രൂപകല്പന ചെയ്തത് വിക്ഷേപിക്കാൻ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഈ പ്രവർത്തനങ്ങളുടെ ഫലമായി സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസ മേഖല ഈ അടുത്ത കാലഘട്ടത്തിൽ മികച്ച പുരോഗതി കൈവരിച്ചിട്ടുണ്ട്. തിരുവനന്തപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജ്, കേന്ദ്ര മാനവവിഭവശേഷി വകുപ്പിന്റ NIRF പ്രകാരം രാജ്യത്തെ മികച്ച എഞ്ചിനീയറിംഗ് കോളേജുകളിൽ 75-ാം സ്ഥാനവും ആർക്കിടെക്ചർ പരിശീലന മേഖലയിൽ രാജ്യത്ത് നാലാം സ്ഥാനവും കൈവരിച്ചിട്ടുണ്ട്. തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട്, വയനാട്, കണ്ണൂർ എന്നീ എഞ്ചിനീയറിംഗ് കോളേജുകളിലെ വിവിധ ഡിസിപ്ലിനുകളിൽ NBA അക്രെഡിറ്റേഷൻ നേടിയിട്ടുണ്ട്.

സംസ്ഥാനത്തെ മുഴുവൻ ഉന്നത സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ദേശീയ തലത്തിൽ അക്രെഡിറ്റേഷൻ നേടിയെടുക്കാനുള്ള പ്രവർത്തനങ്ങളിലും ശ്രദ്ധ നൽകുന്നുണ്ട്. ഇതിന്റെ തുടർച്ചയായി എല്ലാ ഉന്നത സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോടും അക്കാദമിക് മാസ്റ്റർപ്ലാൻ തയ്യാറാക്കി സമർപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾക്കാവശ്യമായ ഏകോപനത്തിനും പരിശീലനത്തിനുമായി അക്കാദമിക് സ്റ്റാഫ് കോളേജ്, ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ ഇവ സ്ഥാപിക്കാൻ ലക്ഷ്യമിടുന്നു. സംസ്ഥാനത്തെ സ്വകാര്യ സ്വാശ്രയ കോളേജുകളിലെ വിദ്യാഭ്യാസ നിലവാരത്തെക്കുറിച്ച് പഠിക്കുന്നതിനായി മൂന്നംഗ കമ്മീഷനെ നിയമിച്ചിട്ടുണ്ട്.

(ബി) തത്വത്തിൽ അംഗീകരിച്ച ജസ്റ്റിസ് കെ. ദിനേശൻ കമ്മീഷൻ റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരികയാണ്.

(സി) സർക്കാർ മേഖലയിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിലെ നിലവിലെ വിജയം എഴുപത് ശതമാനത്തിനു മുകളിലാണ്. സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളെക്കാൾ വിജയശതമാനത്തിലും പ്ലേസ്മെന്റ് കണക്കുകളിലും ഉന്നതനിലവാരമാണ് സർക്കാർ മേഖലയിലെ എഞ്ചിനീയറിംഗ് കോളേജുകൾ പുലർത്തുന്നത്.

(ഡി & ഇ) സർക്കാർ എയ്ഡഡ് മേഖലയിലെ എഞ്ചിനീയറിംഗ് കോളേജുകളിലെ നിലവിലെ വിജയം എഴുപത് ശതമാനത്തിന് മുകളിലാണ്.

എ.പി.ജെ. അബ്ദുൾ കലാം ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള എഞ്ചിനീയറിംഗ് കോളേജുകളിൽ 2015-16 അദ്ധ്യയന വർഷത്തിലാണ് വിദ്യാർത്ഥികൾക്ക് പ്രവേശനം ആരംഭിച്ചത്. 2019 ജൂലൈ മാസത്തോടുകൂടി ആദ്യ ബാച്ച് വിദ്യാർത്ഥികൾ പഠനം പൂർത്തിയാക്കി പുറത്തിറങ്ങുന്ന അവസരത്തിൽ മാത്രമേ ബി.ടെക്-ന്റെ വിജയശതമാനം വ്യക്തമാക്കാൻ കഴിയുകയുള്ളൂ.

**നടുവിൽ പോളിടെക്നിക്കിന്റെ നിർമ്മാണവും പ്രവർത്തനവും**

251(1447) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടുവിലിൽ ആരംഭിക്കാനുദ്ദേശിക്കുന്ന ഗവൺമെന്റ് പോളിടെക്നിക്കിന് വേണ്ട സ്ഥലം നടുവിൽ ടെക്നിക്കൽ സ്കൂളിന്റെ കൈവശമുള്ള സ്ഥലത്തുനിന്നും കൈമാറാനുള്ള മന്ത്രിസഭാ തീരുമാനം നടപ്പിലാക്കിയോ;

(ബി) ആയതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ;

(സി) പോളിടെക്നിക് പ്രവർത്തിക്കാനാവശ്യമായ അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

<u>ഉത്തരം</u>

(എ - സി) 16-3-2015 തീയതിയിലെ ക്യാബിനറ്റ് തീരുമാനം 8766 പ്രകാരം നടുവിൽ സർക്കാർ ടെക്നിക്കൽ ഹൈസ്കൂളിന്റെ വസ്തുവിൽ നിന്നും കെട്ടിടമുൾപ്പെടെ അഞ്ചേക്കർ സ്ഥലം നടുവിൽ സർക്കാർ പോളിടെക്നിക് കോളേജിന് കൈമാറാൻ അനുമതിയായിട്ടുണ്ട്. പ്രസ്തുത വിവരം സ്പെഷ്യൽ ഓഫീസറെ അറിയിച്ചിട്ടുണ്ട്. എന്നാൽ സ്ഥലമെടുപ്പ് ഇനിയും യാഥാർത്ഥ്യമായിട്ടില്ല. ശ്രീ. എ. കെ. ആന്റണി എം.പി. ഫണ്ടിൽ നിന്നും അൻപത് ലക്ഷം രൂപയും ശ്രീ. കെ. സി. ജോസഫ് എം.എൽ.എ. ഫണ്ടിൽ നിന്നും എഴുപത്തിയഞ്ച് ലക്ഷം രൂപയും ഉപയോഗിച്ചുകൊണ്ട് ടി കോളേജിനായി കെട്ടിടങ്ങൾ പണിത് സ്പെഷ്യൽ ഓഫീസർക്ക് കൈമാറി നൽകിയിട്ടുണ്ട്. ആദ്യ വർഷ ക്ലാസ് ആരംഭിക്കുന്നതിനുള്ള ലാബ് ഉപകരണങ്ങൾ, ലൈബ്രറി പുസ്തകങ്ങൾ, ഫർണിച്ചറുകൾ എന്നിവ വാങ്ങുന്നതിനുള്ള സപ്ലൈ ഓർഡർ തയ്യാറാക്കിയിട്ടുണ്ട്. ഡ്രോയിംഗ് ആൻഡ് ഡിസ്ബേഴ്സിംഗ് ഓഫീസർ (ഡി.ഡി.ഒ.) കോഡിനായി ആലംകോട്, കണ്ണൂർ ട്രഷറികളിൽ അപേക്ഷിച്ചുവെങ്കിലും ആയത് ലഭ്യമാകാത്ത സാഹചര്യത്തിൽ ഡെപ്പോസിറ്റ് വർക്കായി തുടങ്ങേണ്ട നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുവാനായിട്ടില്ല.

**മുക്കം ഗവൺമെന്റ് പോളിടെക്നിക്**

252(1448) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ അനുമതി നൽകിയ മുക്കം ഗവൺമെന്റ് പോളിടെക്നിക് ആരംഭിക്കാൻ താമസമുണ്ടാവുന്നതെന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇക്കാര്യത്തിലുള്ള തടസ്സങ്ങൾ പരിഹരിക്കുന്നതിന് വകുപ്പിന്റെ ഭാഗത്തു നിന്നും നടത്തിയ ഇടപെടലുകൾ വ്യക്തമാക്കുമോ;

(സി) പോളിടെക്നിക് യാഥാർത്ഥ്യമാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) 3-6-2015-ലെ സ.ഉ. (കൈ.) 229/15/ഉ.വി.വ. ഉത്തരവ് പ്രകാരം കോഴിക്കോട് ജില്ലയിലെ മുക്കത്ത് ഗവൺമെന്റ് പോളിടെക്നിക് കോളേജ് ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കോഴിക്കോട് ഗവൺമെന്റ്

പോളിടെക്നിക് കോളേജിൽനിന്നും പ്രിൻസിപ്പാളായി വിരമിച്ച ശ്രീ. വി. സി. പൂക്കോയ തങ്ങളെ സ്പെഷ്യൽ ഓഫീസറായി നിയോഗിക്കുകയും സ്ഥാപനം ആരംഭിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. ശേഷം 17-3-2017-ലെ സ.ഉ. (സാധാ.) 576/16/ഉ.വി.വ. നമ്പർ പ്രകാരം കോഴിക്കോട് വനിതാ പോളിടെക്നിക് കോളേജിലെ പ്രിൻസിപ്പാൾ ശ്രീമതി ബീന പി.-യെ സ്പെഷ്യൽ ഓഫീസറായി നിയോഗിച്ചിട്ടുണ്ട്.

കോഴിക്കോട് താലൂക്ക് താഴേക്കാട് വില്ലേജ് ചേന്ദമംഗലം ദേശത്ത് റീസർവ്വേ നമ്പർ 91 മംഗലശ്ശേരി തോട്ടത്തിൽ പുറമ്പോക്ക് ഭൂമിയായ 5 ഏക്കർ സ്ഥലത്ത് മുക്കം സർക്കാർ പോളിടെക്നിക് കോളേജ് ആരംഭിക്കുന്നതിന് സർക്കാർ തീരുമാനിച്ചിരുന്നു. എന്നാൽ പ്രസ്തുത സ്ഥലം വനഭൂമിയായതിനാൽ വനം വകുപ്പിൽ നിന്ന് റവന്യൂ വകുപ്പിന് കൈമാറേണ്ടതും പകരം സ്ഥലം റവന്യൂ വകുപ്പ് വനം വകുപ്പിനായി നൽകേണ്ടതുമുണ്ട്. സ്ഥലം കൈമാറ്റം ചെയ്യുന്നതിന്റെ ഫയൽ തിരുവനന്തപുരം സ്പെഷ്യൽ എംഫാറസ്റ്റേഷൻ ആൻഡ് നോഡൽ ഓഫീസറുടെ പരിഗണനയിലാണ്. ഇത്തരത്തിൽ സ്ഥലം കൈമാറി ലഭിച്ചാൽ മാത്രമേ നിർദ്ദിഷ്ട മുക്കം സർക്കാർ പോളിടെക്നിക് കോളേജ് ആരംഭിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കാനാവുകയുള്ളൂ.

**മൂവാറ്റുപുഴ അയവന ടെക്നിക്കൽ ഹൈസ്കൂൾ നിർമ്മാണം**

253(1449) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ അയവന റ്റി.എച്ച്.എസ്. നിർമ്മാണത്തിനായി കണ്ടെത്തിയ സ്ഥലം സംബന്ധിച്ച് നിലനിൽക്കുന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്കൂൾ നിർമ്മാണത്തിനും വിദ്യാർത്ഥികളുടെ യാത്രയ്ക്കും അനുയോജ്യമല്ലാത്ത പ്രസ്തുത സ്ഥലം ഒഴിവാക്കി അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ;

(സി) അനുയോജ്യമായ സ്ഥലം ഏറ്റെടുത്ത് റ്റി. എച്ച്. എസ്. നിർമ്മാണം ആരംഭിക്കുന്നതിലെ കാലതാമസം എന്താണെന്നും അത് പരിഹരിക്കുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ?

ഉത്തരം

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അയവന ടെക്നിക്കൽ ഹൈസ്കൂൾ നിർമ്മാണത്തിനായി മൂവാറ്റുപുഴ താലൂക്കിലെ ഏനാനെല്ലൂർ വില്ലേജിലെ സർവ്വേ നമ്പർ 557/7 C2, 557/7 B, 557/7 B2, 557/7 A2 എന്നീ സർവ്വേ

നമ്പറുകളിൽപ്പെട്ട 1.7 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിനായി 3-9-2015-ലെ G.O. (Rt.) 2284/2015/H.Edn. പ്രകാരം ഭരണാനുമതി നൽകുകയും സ്ഥലമേറ്റെടുപ്പിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിരുന്നു. എന്നാൽ പ്രസ്തുത സ്ഥലം ടെക്നിക്കൽ ഹൈസ്കൂളിന് അനുയോജ്യമല്ലെന്നും സ്ഥലമേറ്റെടുപ്പിലെ അഴിമതി അന്വേഷിക്കണമെന്നും ആവശ്യപ്പെട്ട് അയവന ഗ്രാമപഞ്ചായത്ത് മെമ്പർ സമർപ്പിച്ച പരാതി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കാൻ എറണാകുളം ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## സർവ്വകലാശാലകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് പ്രത്യേക പദ്ധതി

254(1450) ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. ആന്റണി ജോൺ :
പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വകലാശാലകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് പ്രത്യേക പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പരീക്ഷാ നടത്തിപ്പ് കാര്യക്ഷമവും സമയബന്ധിതവുമാക്കുന്നതിനും സർവ്വകലാശാലകൾ തമ്മിലുള്ള അക്കാദമിക ബന്ധം മെച്ചപ്പെടുത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) പരീക്ഷാ കലണ്ടർ മുൻകൂട്ടി പ്രസിദ്ധീകരിക്കുന്നതിനും ഫലപ്രഖ്യാപനത്തിലെ കാലതാമസം ഒഴിവാക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ഡി) സർവ്വകലാശാലകളുടെ ഉന്നമനം ലക്ഷ്യമാക്കിയുള്ള കേന്ദ്രാവിഷ്കൃത പദ്ധതി (റൂസ )പ്രകാരം എത്ര കോടി രൂപ ലഭ്യമായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ-സി) കിഫ്ബി ധനസഹായത്തോടെ സംസ്ഥാനത്തെ സർവ്വകലാശാലകളെ അന്താരാഷ്ട്ര തലത്തിൽ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള ഒരു കർമ്മപദ്ധതി സർക്കാർ ആവിഷ്കരിച്ചുവരികയാണ്. അന്താരാഷ്ട്ര നിലവാരത്തിലുള്ള ലാബ്, ലൈബ്രറിയുൾപ്പെടെയുള്ള അടിസ്ഥാനസൗകര്യ വികസനമാണ് ലക്ഷ്യമിടുന്നത്.

കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയ്ക്ക് 240.9 കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിക്കഴിഞ്ഞു. മറ്റ് സർവ്വകലാശാലകളുടെ പദ്ധതി രൂപരേഖ സർക്കാർ പരിശോധിച്ചുവരുന്നു. കേരള, എം.ജി., കാലിക്കറ്റ്, കണ്ണൂർ, കുസാറ്റ്, മലയാളം സർവ്വകലാശാലകളെ ബന്ധിപ്പിച്ചുകൊണ്ട് ഒരു ഇ- ഗവേണൻസ് പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. വിദ്യാർത്ഥി പ്രവേശനം, പരീക്ഷ, ഫലപ്രഖ്യാപനം, സർട്ടിഫിക്കറ്റ് വിതരണം എന്നിവയ്ക്ക് ഒരു ഏകീകൃത രൂപം നിർദ്ദിഷ്ട ഇ-ഗവേണൻസ് പദ്ധതി നടപ്പിലാക്കുമ്പോൾ കൈവരിക്കാനാകുമെന്ന് കരുതുന്നു.

(ഡി) സർവ്വകലാശാലകളുടെ ഉന്നമനം ലക്ഷ്യമാക്കി കേന്ദ്രാവിഷ്കൃത പദ്ധതി (റൂസ) പ്രകാരം സംസ്ഥാനത്തെ 6 സർവ്വകലാശാലകൾക്ക് നാളിതുവരെ കേന്ദ്ര-സംസ്ഥാന വിഹിതങ്ങൾ ചേർത്ത് 95.46 കോടി രൂപ അടിസ്ഥാന സൗകര്യവികസനത്തിനായി നൽകിയിട്ടുണ്ട്. ഇതുകൂടാതെ സംസ്ഥാനത്തെ മറ്റ് ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് കേന്ദ്ര-സംസ്ഥാന വിഹിതങ്ങൾ ചേർത്ത് നൽകിയ 49.175 കോടി രൂപയുടെ ധനസഹായം ഉൾപ്പെടെ നിലവിൽ ആകെ 144.635 കോടി രൂപ റൂസ വഴി സംസ്ഥാനത്ത് ലഭ്യമാക്കിയിട്ടുണ്ട്.

## സംസ്കൃത സർവ്വകലാശാലയുടെ കൊയിലാണ്ടി സെന്ററിന്റെ വികസനം

255(1451) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്കൃത സർവ്വകലാശാലയുടെ അധീനതയിൽ കൊയിലാണ്ടി മണ്ഡലത്തിലെ കോട്ടക്കുന്നിൽ ഏതെങ്കിലും തരത്തിലുള്ള പ്രവർത്തനങ്ങൾ നടത്താൻ സർവ്വകലാശാല ഉദ്ദേശിക്കുന്നുണ്ടോ;

(ബി) സംസ്കൃത സർവ്വകലാശാലയുടെ കൊയിലാണ്ടി സെന്ററിന്റെ വികസനവുമായി ബന്ധപ്പെട്ട് ഏതെങ്കിലും പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(സി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ നിലവിലുള്ള അവസ്ഥ വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ-സി) സംസ്കൃത സർവ്വകലാശാലയുടെ അധീനതയിൽ കൊയിലാണ്ടി കോട്ടക്കുന്നിൽ റൂസയുടെ ധനസഹായത്തോടെ ഇന്ത്യൻ ശാസ്ത്ര സാങ്കേതിക പഠനത്തിനായി ഗവേഷണത്തിന് ഊന്നൽ നൽകുന്ന പ്രൊഫഷണൽ കോളേജ് ആരംഭിക്കുന്നതിനുള്ള 26 കോടി രൂപയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

**സർവ്വകലാശാലകളിലെ സാമ്പത്തിക കെടുകാര്യസ്ഥത**

256(1452) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവ്വകലാശാലകളിലെ സാമ്പത്തിക കെടുകാര്യസ്ഥത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമായി ബന്ധപ്പെട്ട് കേരള ഓഡിറ്റ് വകുപ്പ് എന്തെങ്കിലും പരാമർശങ്ങൾ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിൽ മാതൃകാപരമായ നടപടികൾ സ്വീകരിക്കാമോ?

ഉത്തരം

(എ & ബി) കേരളത്തിലെ സർവ്വകലാശാലകളിലെ ധനമാനേജ്മെന്റ് കുറ്റമറ്റതാക്കുന്നതിന്റെ ഭാഗമായി കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ചട്ടപ്രകാരമുള്ള ഓഡിറ്റ് നടത്തുകയും ന്യൂനതകൾ ഉണ്ടെങ്കിൽ റിപ്പോർട്ട് നൽകുകയും ചെയ്യുന്നുണ്ട്. ഓഡിറ്റ് പരാമർശിക്കുന്ന ന്യൂനതകളിന്മേൽ യഥാവിധി നടപടികളും കൈക്കൊണ്ടുവരുന്നുണ്ട്.

**കേരള സർവ്വകലാശാലയിൽ മികവിന്റെ വർഷം**

257(1453) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 വർഷം മികവിന്റെ വർഷമായി ആചരിക്കുവാൻ കേരള സർവ്വകലാശാല തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതുവഴി കൈവരിക്കുവാൻ ഉദ്ദേശിക്കുന്നത് എന്താണെന്ന് വെളിപ്പെടുത്തുമോ ;

(ബി) പരീക്ഷകൾ കഴിഞ്ഞ് ഒരു വർഷത്തോളമായിട്ടും പല കോഴ്സുകളുടെയും പരീക്ഷാഫലം കേരള സർവ്വകലാശാല പ്രസിദ്ധീകരിക്കാത്തത് വിദ്യാർത്ഥികളുടെ ഭാവിയെ ദോഷകരമായി ബാധിച്ചു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) യഥാസമയം പരീക്ഷാ ഫലം പ്രസിദ്ധീകരിക്കാത്തതിനാൽ പല പ്രമുഖ കമ്പനികളും കാമ്പസ് റിക്രൂട്ട്മെന്റിനായി ഈ വർഷം കേരള സർവ്വകലാശാലയുടെ കീഴിലുള്ള പല കോളേജുകളിലും എത്തിയില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) വാർഷിക പരീക്ഷ മാറ്റി സെമസ്റ്റർ സമ്പ്രദായം കൊണ്ടുവന്നത് കൃത്യമായി പരീക്ഷാഫലം പ്രസിദ്ധീകരിക്കുന്നതിന് വേണ്ടിയായിരുന്നോ;

(ഇ) കേരള സർവ്വകലാശാലയിലെ കാര്യക്ഷമതയില്ലാത്ത ഭരണസംവിധാനവും മൂല്യനിർണ്ണയം നടക്കുന്നതിലെ തർക്കവും അത് പരിഹരിക്കുന്നതിൽ പരാജയപ്പെട്ടതുമാണ് കാര്യങ്ങൾ അവതാളത്തിലാക്കിയതെന്നത് പരിഗണിച്ച് പരീക്ഷാ ഫലം കൃത്യസമയത്ത് പ്രസിദ്ധീകരിക്കുന്നതിന് ആവശ്യമായ ഇടപെടൽ നടത്തുമോ?

ഉത്തരം

(എ) സർവ്വകലാശാല ഇത്തരത്തിൽ തീരുമാനിച്ചതായി കാണുന്നില്ല.

(ബി) ചില കോഴ്സുകളുടെ പരീക്ഷാഫലം പ്രസിദ്ധീകരിക്കുവാൻ കാലതാമസമുണ്ടായതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് സമയബന്ധിതമായി പരീക്ഷാഫലം പ്രസിദ്ധീകരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ഇല്ല.

(ഡി) അതെ.

(ഇ) പരീക്ഷാഫലം കൃത്യസമയത്ത് പ്രസിദ്ധീകരിക്കുന്നതിന് ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

**കേരള സർവ്വകലാശാലയിൽ ജ്യോഗ്രഫിക്ക് പ്രത്യേക പഠനവകുപ്പ്**

258(1454) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാലയിലെ ഇതര വിഷയങ്ങൾക്കൊക്കെ പ്രത്യേകം പഠനവകുപ്പ് ഉണ്ടായിട്ടും സ്കൂൾ തലം മുതൽ പ്രത്യേക വിഷയമായി പഠിക്കുന്ന ജ്യോഗ്രഫിക്ക് പ്രത്യേക പഠനവകുപ്പ് ഇല്ലായെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കേരള സർവ്വകലാശാലയുടെ ബഡ്ജറ്റിൽ ഒരു ജ്യോഗ്രഫി പഠനവകുപ്പ് തുടങ്ങുമെന്ന് പ്രഖ്യാപിച്ചിരുന്നതിന്റെ തുടർ നടപടി എന്തായി എന്നറിയിക്കുമോ ;

(സി) ജ്യോഗ്രഫിയുടെ പ്രാധാന്യം കണക്കിലെടുത്ത് കേരള സർവ്വകലാശാലയിൽ ജ്യോഗ്രഫിക്ക് പ്രത്യേക പഠനവകുപ്പ് ആരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) കേരള സർവ്വകലാശാലയുടെ 2018-19 വർഷത്തെ ബഡ്ജറ്റിൽ ജ്യോഗ്രഫി പഠന വകുപ്പ് തുടങ്ങുവാൻ ശിപാർശ ചെയ്തിട്ടുണ്ട്. വിശദമായ പ്രൊപ്പോസൽ സർവ്വകലാശാല തലത്തിൽ തയ്യാറാക്കിവരുന്നു.

## എ.പി.ജെ.അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാല

259(1455) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ. പി. ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാലയെ ലോകോത്തര നിലവാരത്തിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) മറ്റ് സാങ്കേതിക സർവ്വകലാശാലകളെ അപേക്ഷിച്ച് പരീക്ഷ നടത്തിപ്പിലും ഫലപ്രഖ്യാപനത്തിലും മറ്റും എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാലയുടെ സ്ഥിതി വളരെ പരിതാപകരമാണെന്ന മാധ്യമവാർത്തകളിൽ എന്തെങ്കിലും വസ്തുതയുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(സി) ഇത് പരിഹരിയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) എ.പി.ജെ. അബ്ദുൾ കലാം ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ പ്രവർത്തനം കൂടുതൽ ജനാധിപത്യപരവും ചിട്ടയോടും കൂടി മാറ്റുന്നതിനായി സർക്കാർ സർവ്വകലാശാല ആക്ടിൽ വേണ്ടുന്ന ഭേദഗതി വരുത്തി ഓർഡിനൻസ് പുറത്തിറക്കുകയുണ്ടായി. അതുപ്രകാരം സർവ്വകലാശാല പ്രവർത്തനം മികവുറ്റതാക്കുന്നതിനുവേണ്ടി ബോർഡ് ഓഫ് ഗവർണേഴ്സ്, സിൻഡിക്കേറ്റ്, അക്കാഡമിക് കൗൺസിൽ എന്നിവ പുനഃസംഘടിപ്പിക്കുവാനും ബോർഡ് ഓഫ് സ്റ്റഡീസ്, പ്ലാനിംഗ് ബോർഡ്, ഫിനാൻസ് കമ്മിറ്റി എന്നിവ രൂപീകരിക്കുവാനും നടപടി സ്വീകരിച്ചിട്ടുണ്ട്. സർവ്വകലാശാലയുടെ പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട് കാര്യങ്ങൾ കൂടുതൽ ഫലപ്രദമായി നടപ്പിലാക്കണമെന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പൂർണ്ണമായും ഇ-ഗവേണൻസ് സംവിധാനത്തിൽ പ്രവർത്തിക്കുന്ന സർവ്വകലാശാലയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുവാൻ ഇ-ഗവേണൻസ് സംവിധാനത്തിൽ വേണ്ട പരിഷ്കാരങ്ങൾ പുനഃപരിശോധനകൾക്കായി സർവ്വകലാശാലയുടെ തന്നെ അഫിലിയേറ്റഡ് കോളേജുകളിലെ അദ്ധ്യാപകർ അടങ്ങുന്ന ഒരു വിദഗ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ട്.

(ബി & സി) ഇല്ല. പരീക്ഷ, മൂല്യനിർണ്ണയം, ഫലപ്രഖ്യാപനം എന്നിവയുടെ മേൽനോട്ടത്തിനും വിലയിരുത്തലിനുമായി പ്രോ-വൈസ് ചാൻസലർ കൺവീനർ ആയി സർവ്വകലാശാലയുടെ Statutory Officer-മാർ അടങ്ങുന്ന ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. സർവ്വകലാശാലയുടെ അക്കാദമിക് കലണ്ടർ പ്രകാരം യഥാസമയം ഫലം പ്രസിദ്ധീകരിക്കുവാൻ ശ്രമിക്കാറുണ്ട്. ഫലം പ്രസിദ്ധീകരിക്കുന്നതിൽ കാലതാമസമുണ്ടാകാറില്ല.

**അധിക വൈദഗ്ധ്യം ആർജ്ജിക്കൽ പദ്ധതി (അസാപ്)**

260(1456) ശ്രീമതി പി. അയിഷാ പോറ്റി :

ശ്രീ. എം. സ്വരാജ് :

ശ്രീ. ഐ.ബി. സതീഷ് :

ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അറിവ് നേടുന്നതിനോടൊപ്പം തൊഴിൽ നൈപുണ്യംകൂടി ആർജ്ജിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കിവരുന്ന അധിക വൈദഗ്ധ്യം ആർജ്ജിക്കൽ പദ്ധതി (അസാപ്), ആഗോള തൊഴിൽ വിപണിയിൽ നേട്ടമുണ്ടാക്കാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നതിന് ഏതു വിധത്തിൽ പ്രയോജനപ്രദമാകുന്നുണ്ടെന്ന് അറിയിക്കാമോ;

(ബി) ഏതൊക്കെ മേഖലകളിൽ വൈദഗ്ധ്യം ആർജ്ജിക്കാൻ അസാപ് അവസരം ഒരുക്കുന്നുവെന്ന് അറിയിക്കാമോ;

(സി) എത്ര വിദ്യാഭ്യാസ സ്ഥാപനങ്ങൾ വഴിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നതെന്നും അതിനായി ഈടാക്കുന്ന ഫീസും, പ്ലേസ്മെന്റ് അവസരങ്ങളും സംബന്ധിച്ച വിശദാംശം അറിയിക്കാമോ?

ഉത്തരം

(എ) കേരളത്തിലെ ഹയർ സെക്കൻഡറി, ആർട്സ് ആൻഡ് സയൻസ് വിദ്യാർത്ഥികളിൽ തൊഴിൽ നൈപുണ്യവും തൊഴിൽ ലഭ്യതാശേഷിയും വർദ്ധിപ്പിക്കുന്നതിനനുയോജ്യമായ പാഠ്യപദ്ധതിയാണ് അസാപിലൂടെ നടപ്പിലാക്കുന്നത്.

ആധുനിക തൊഴിൽ മേഖലകളിലെ തൊഴിൽ ലഭ്യതയ്ക്ക് അനിവാര്യമായ ഇംഗ്ലീഷ് പ്രയോഗശേഷിയും ആശയവിനിമയശേഷിയും വർദ്ധിപ്പിക്കുന്നതിനായി കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷും, കമ്പ്യൂട്ടർ ഉപയോഗ നൈപുണ്യത്തിനുള്ള മൊഡ്യൂളും ഉൾക്കൊള്ളുന്ന ഫൗണ്ടേഷൻ മൊഡ്യൂൾ അസാപ് പരിശീലനത്തിലെ പൊതുഘടകമാണ്. ഇതോടൊപ്പം തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികളുടെ അഭിരുചിക്കനുസൃതമായി ഒരു തൊഴിൽ കോഴ്സും ഓരോ വിദ്യാർത്ഥിക്കും ലഭ്യമാക്കുന്നുണ്ട്. ഇത്തരത്തിൽ വിവിധ തൊഴിൽ മേഖലകളിൽ ജോലി ചെയ്യുന്നതിനാവശ്യമായ നൈപുണ്യം ആർജ്ജിക്കുവാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നുണ്ട്.

(ബി) നിലവിൽ 23 മേഖലകളിലായി 81 കോഴ്സുകൾ അസാപ് നൽകിവരുന്നുണ്ട്. 23 മേഖലകളുടെയും 81 തൊഴിൽ കോഴ്സുകളുടെയും പേരുവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) നിലവിൽ 1210 വിദ്യാലയങ്ങളിൽ അസാപ് പദ്ധതി നടപ്പിലാക്കി വരുന്നു. സർക്കാർ/എയ്ഡഡ് ഹയർ സെക്കൻഡറി/വൊക്കേഷണൽ ഹയർ സെക്കൻഡറി വിദ്യാലയങ്ങളിലും ആർട്സ് ആൻഡ് സയൻസ് കോളേജുകളിലുമാണ് പദ്ധതി നടപ്പിലാക്കിവരുന്നത്. കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് കോഴ്സിന്റെ ഫീസ് 3,200 രൂപയാണ്. വിവിധ നൈപുണ്യ കോഴ്സുകളുടെ ഫീസ് കോഴ്സിനെ ആസ്പദമായി വ്യത്യാസം വരും. അസാപും ഏജൻസികളും സംയുക്തമായി കുട്ടികൾക്ക് പ്ലേസ്മെന്റ് അവസരങ്ങൾ ഒരുക്കാറുണ്ട്.

## ഗ്രൂപ്പ് വില്ലേജുകളുടെ വിഭജനം

261(1457) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര ഗ്രൂപ്പ് വില്ലേജുകൾ ഉണ്ടെന്ന് നിയോജകമണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഓരോ ഗ്രൂപ്പ് വില്ലേജിലും എത്ര വില്ലേജുകളാണുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഗ്രൂപ്പ് വില്ലേജുകൾ എന്നുമുതലാണ് പ്രവർത്തിക്കാൻ തുടങ്ങിയതെന്ന് വ്യക്തമാക്കാമോ;

(ഡി) ഒരേ മുറിയിൽ ഒന്നിൽ കൂടുതൽ വില്ലേജുകൾ പ്രവർത്തിക്കുമ്പോൾ ജനങ്ങൾക്കും ഉദ്യോഗസ്ഥർക്കുമുണ്ടാകുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെല്ലാം ഗ്രൂപ്പ് വില്ലേജുകൾ വിഭജിച്ചിട്ടുണ്ടെന്നും അതിന് ചെലവായ തുക എത്രയാണെന്നും വ്യക്തമാക്കാമോ;

(എഫ്) ഇനി വിഭജിക്കാനുദ്ദേശിക്കുന്ന ഗ്രൂപ്പ് വില്ലേജുകൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ)

| ജില്ല | നിയോജകമണ്ഡലം | ഗ്രൂപ്പ് വില്ലേജുകളുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം | ആറ്റിങ്ങൽ | 1 |
| | ചിറയൻകീഴ് | 2 |
| എറണാകുളം | ആലുവ | 2 |
| | പിറവം | 3 |
| | തൃപ്പൂണിത്തുറ | 1 |
| തൃശ്ശൂർ | ചേലക്കര | 12 |
| | കുന്നംകുളം | 9 |
| | ഗുരുവായൂർ | 5 |
| | മണലൂർ | 7 |
| | വടക്കാഞ്ചേരി | 10 |
| | ഒല്ലൂർ | 1 |
| | തൃശ്ശൂർ | 2 |
| | നാട്ടിക | 4 |
| | കൈപ്പമംഗലം | 2 |
| | പുതുക്കാട് | 2 |
| | ചാലക്കുടി | 4 |
| | കൊടുങ്ങല്ലൂർ | 3 |
| കാസർഗോഡ് | കാസർഗോഡ് | 8 |
| | കാഞ്ഞങ്ങാട് | 1 |
| | തൃക്കരിപ്പൂർ | 2 |
| | ഉദുമ | 3 |
| | മഞ്ചേശ്വരം | 15 |

(ബി)

| ജില്ല | ഗ്രൂപ്പ് വില്ലേജുകളുടെ എണ്ണം | ഉൾപ്പെട്ടിരിക്കുന്ന വില്ലേജുകളുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം | 3 | 2 വീതം |
| എറണാകുളം | 5 | 2 വീതം |
| | 1 | 3 വീതം |
| തൃശ്ശൂർ | 49 | 2 വീതം |
| | 12 | 3 വീതം |
| കാസർഗോഡ് | 1 | 5 വീതം |
| | 4 | 4 വീതം |
| | 5 | 3 വീതം |
| | 19 | 2 വീതം |

(സി) വില്ലേജുകൾ രൂപീകരിച്ചത് മുതൽ ഗ്രൂപ്പ് വില്ലേജുകളും നിലവിലുള്ളതാണ്.

(ഡി) ഉണ്ട്.

(ഇ) ഇളമ്പ-മുദാക്കൽ ഗ്രൂപ്പ് വില്ലേജിനെ വിഭജിച്ച് 'ഇളമ്പ' എന്ന പുതിയ വില്ലേജ് രൂപീകരിച്ചിട്ടുണ്ട്. അത്യാവശ്യം വേണ്ടുന്ന ജീവനക്കാരെ ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയമിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുള്ള ഇളമ്പ വില്ലേജോഫീസിന്റെ കെട്ടിട നിർമ്മാണത്തിന് 8,62,951 രൂപ ചെലവഴിച്ചിട്ടുണ്ട്.

(എഫ്) സംസ്ഥാനത്തെ വില്ലേജുകളിലെ വർദ്ധിച്ച ജനസംഖ്യയും ഭൂപ്രകൃതിയും പരിഗണിച്ച് അടിയന്തര പ്രാധാന്യം നൽകി വിഭജന നടപടികൾ തുടർന്നുവന്നിരുന്നു. എന്നാൽ സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തികസ്ഥിതി കണക്കിലെടുത്ത് വില്ലേജ് വിഭജനം ഇപ്പോൾ സർക്കാർ പരിഗണനയിലില്ല. പുതിയ വില്ലേജുകളുടെ രൂപീകരണം സംബന്ധിച്ച വിഷയം ഗ്രൂപ്പ് വില്ലേജുകളുടെ വിഭജനവുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിക്കുന്ന സമയത്ത് പരിശോധിക്കുന്നതാണ്.

## ഭൂമി യഥാസമയം പോക്കുവരവ് ചെയ്തുനൽകാൻ നടപടി

262(1458) ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളിൽ ഭൂമി പോക്കുവരവ് ചെയ്തു നൽകുവാനുള്ള അപേക്ഷകൾ യഥാസമയം തീർപ്പുകൽപ്പിക്കാതെ കെട്ടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഓരോ വില്ലേജ് ഓഫീസിലും കെട്ടിക്കിടക്കുന്ന പോക്കുവരവ് ചെയ്യുന്നതിനുള്ള അപേക്ഷകളുടെ വിവരം ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) കോടതിവിധി ഉണ്ടായിട്ടും പോക്കുവരവ് ചെയ്തുനൽകാത്ത ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി)അപേക്ഷകരുടെ ജില്ലതിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 9382 |
| കൊല്ലം | 2812 |
| പത്തനംതിട്ട | 1059 |
| ആലപ്പുഴ | 1030 |
| കോട്ടയം | 6892 |
| ഇടുക്കി | 367 |
| എറണാകുളം | 2118 |

| | |
|---|---|
| തൃശ്ശൂർ | 0 |
| പാലക്കാട് | 7015 |
| മലപ്പുറം | 29178 |
| കോഴിക്കോട് | 5033 |
| വയനാട് | 5523 |
| കണ്ണൂർ | 1031 |
| കാസർഗോഡ് | 0 |

(സി) കോടതിവിധി ഉണ്ടായിട്ടും പോക്കുവരവ് ചെയ്ത് നൽകാത്തതായുള്ള കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ശ്രദ്ധയിൽപ്പെടുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കുന്നതാണ്.

**റവന്യൂ ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളാക്കുന്ന പദ്ധതി**

263(1459) <u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ ഓഫീസുകളെ പൂർണ്ണമായും ജനസൗഹൃദ ഓഫീസുകളാക്കി മാറ്റുന്നതിന് ആവിഷ്കരിച്ച പദ്ധതികൾ എന്തൊക്കെയാണ്;

(ബി) റവന്യൂ വകുപ്പിലെ അഴിമതിക്കുള്ള ഒരു കാരണം കാലാനുസൃതമല്ലാത്ത നിയമങ്ങളും ചട്ടങ്ങളുമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിയമങ്ങളും ചട്ടങ്ങളും പരിഷ്കരിക്കുന്നതിനും റവന്യൂ ഓഫീസുകളുടെ പ്രവർത്തനം സുതാര്യവും കാര്യക്ഷമവും ആക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) വില്ലേജ്, താലൂക്ക് ഓഫീസുകളിൽനിന്ന് ഇടനിലക്കാരെ പൂർണ്ണമായും ഒഴിവാക്കുമെന്ന പ്രഖ്യാപനം പൂർണ്ണതോതിൽ പ്രാവർത്തികമാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) വില്ലേജാഫീസുകളിൽ കയറിയിറങ്ങി ക്ഷമകെടുമ്പോൾ ജനങ്ങൾ വില്ലേജ് ഓഫീസുകൾ തീവയ്ക്കുന്നതും വില്ലേജ് ഓഫീസുകളിൽ തൂങ്ങിമരിക്കുന്നതുമായ സംഭവങ്ങൾ ഒഴിവാക്കുന്നതിന് ജനങ്ങളുടെ ക്ഷമകെടുത്തുന്ന പ്രവർത്തനങ്ങൾ ജീവനക്കാരുടെ ഭാഗത്ത് നിന്ന് ഉണ്ടാകുന്നില്ലായെന്ന് ഉറപ്പ് വരുത്തുന്നതിന് ഉതകുന്ന പരിശീലന പരിപാടികൾ സംഘടിപ്പിക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ റവന്യൂ ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റി അവയിൽനിന്ന് വേഗത്തിലും (speedly) ആധുനിക രീതിയിലുള്ള അന്തരീക്ഷത്തിലും (Modern) ഉറപ്പായും (Assuured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശത്തോടുകൂടിയാണ് (SMART) സ്മാർട്ട് റവന്യൂ ആഫീസ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഇതനുസരിച്ച് വില്ലേജ് ആഫീസുകളിൽ നിന്നുള്ള സേവനങ്ങൾ പൗരന് ഏത് സമയത്തും എവിടെയും (Any time Anywhere) ലഭ്യമാക്കുവാനാണ് ലക്ഷ്യമിടുന്നത്.

(ബി) കാലാനുസൃതമല്ലാത്ത നിയമങ്ങളും ചട്ടങ്ങളും കാലാകാലങ്ങളിൽ പരിഷ്കരിച്ചുവരുന്നുണ്ട്.

(സി) ഉണ്ട്. റവന്യൂ ഓഫീസുകളിൽ ഏജന്റുമാരുടെ ഇടപെടൽ ഒഴിവാക്കുന്നത് സംബന്ധിച്ച് ഒരു നിർദ്ദേശം ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയത്തിൽ നിന്നും സർക്കുലർ മുഖേന പുറപ്പെടുവിക്കുകയും ടി സർക്കുലറിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ജില്ലാ കളക്ടർമാർ, ആർ.ഡി.ഒ.-മാർ, വിജിലൻസ് ഡെപ്യൂട്ടി കളക്ടർമാർ എന്നിവർക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതും ഇക്കാര്യത്തിൽ കർശന നടപടികൾ സ്വീകരിച്ചിട്ടുള്ളതായി ജില്ലാ കളക്ടർമാർ റിപ്പോർട്ട് ചെയ്തിട്ടുള്ളതുമാണ്.

(ഡി) സർക്കാർ ജീവനക്കാരുടെ ഭാഗത്ത് നിന്ന് ജനസൗഹാർദ്ദപരമായ പ്രവർത്തനങ്ങളും ഇടപെടലും ഉണ്ടാക്കുന്നതിനും, റവന്യൂ ഓഫിസുകളെ ജനസൗഹൃദ ഓഫീസുകളാക്കുന്നതിനുമായി ഐ.എൽ.ഡി.എം.-ൽ." People friendly administration, Soft Skill training for better Public Relations, Ethics in Administration " എന്നീ വിഷയങ്ങളിൽ പരിശീലനം നൽകിവരുന്നു.

## റവന്യൂ വകുപ്പിലെ ഓൺലൈൻ സേവനങ്ങൾ

264(1460) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂനികുതി സ്വീകരിക്കലും പോക്കുവരവും ഓൺ ലൈനായി നിർവ്വഹിക്കുന്നതിന് റവന്യൂ വകുപ്പിൽ നിലവിൽ സംവിധാനമുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) നിലവിൽ ഏതൊക്കെ ജില്ലകളിലാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതി സംസ്ഥാനമൊട്ടാകെ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 1576 എണ്ണത്തിൽ ഓൺലൈൻ പോക്കുവരവ്, ഓൺലൈൻ ഭൂനികുതി സംവിധാനങ്ങൾ നിലവിലുണ്ട്. അവശേഷിക്കുന്ന വില്ലേജുകളിൽ ഡിജിറ്റലൈസേഷൻ പൂർത്തിയാക്കി ഓൺലൈൻ പോക്കുവരവ് നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അതിവേഗം പുരോഗമിച്ചുവരുന്നു.

(ബി) എല്ലാ ജില്ലകളിലും പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(സി) പദ്ധതി സംസ്ഥാനമൊട്ടാകെ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനു വേണ്ടി 17-10-2015-ലെ സ.ഉ. (എംഎസ്.) നമ്പർ 575/2015/റവന്യൂ., 16-12-2016-ലെ സ.ഉ. (എംഎസ്.) നമ്പർ 117/2016/റവന്യൂ, 10-5-2018-ലെ സ.ഉ. (കൈ.) നമ്പർ 180/2018/റവ. എന്നിവ പ്രകാരം നടപടികൾ സ്വീകരിച്ചുവരുന്നു.

**റവന്യൂ വകുപ്പിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക**

265(1461) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17, 2017-18 വർഷങ്ങളിൽ റവന്യൂ വകുപ്പിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക എത്ര; എത്ര തുക ചെലവഴിക്കാതെ കിടന്നു; വ്യക്തമാക്കുമോ;

(ബി) അഡീഷണൽ ഓതറൈസേഷൻ വഴി പണം ലഭിക്കുവാൻ നൽകിയ പ്രൊപ്പോസൽ ഏതെല്ലാം; ഇത് എത്ര തുകയ്ക്ക് ആയിരുന്നുവെന്നും എത്ര തുക ലഭിച്ചു എന്നും വ്യക്തമാക്കാമോ;

(സി) സപ്ലിമെന്ററി ഗ്രാൻഡിനുവേണ്ടി നൽകിയ പ്രൊപ്പോസൽ ഏതെല്ലാം; ലഭിച്ച തുക എത്ര; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

## വില്ലേജ് ആഫീസുകളെ അഴിമതിമുക്തമാക്കുന്നതിന് നടപടി

266 (1462) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ എല്ലാ വില്ലേജ് ഓഫീസുകളിലും പൗരാവകാശരേഖ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) കേരളത്തിലെ എല്ലാ വില്ലേജ് ഓഫീസുകളെയും അഴിമതി വിമുക്തമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) കേരളത്തിലെ വില്ലേജ് ഓഫീസുകളിൽ സോഷ്യൽ ഓഡിറ്റ് സമ്പ്രദായം നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരളത്തിലെ എല്ലാ വില്ലേജ് ഓഫീസുകളിലും പൗരാവകാശരേഖ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

(ബി) റവന്യൂ വകുപ്പിലെ അഴിമതി നിയന്ത്രിക്കുന്നതിലേയ്ക്കായി മൂന്ന് വിജിലൻസ് ഡെപ്യൂട്ടി കളക്ടർമാർക്ക് മൂന്ന് മേഖലകളായി തിരിച്ച് ചുമതല നൽകിയിട്ടുള്ളതാണ്. എല്ലാ ജില്ലാ കളക്ടറേറ്റുകളിലും ഒരു സീനിയർ സൂപ്രണ്ടിന്റെ ചുമതലയിൽ ഇൻസ്പെക്ഷൻ ആൻഡ് വിജിലൻസ് വിഭാഗം കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. താലൂക്ക് തലത്തിൽ ഡെപ്യൂട്ടി തഹസിൽദാർമാരുടെ നേതൃത്വത്തിൽ പരിശോധനാ വിഭാഗവും പ്രവർത്തിച്ചുവരുന്നുണ്ട്. ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽനിന്നും എല്ലാ കളക്ടറേറ്റുകളിലും റവന്യൂ ഡിവിഷണൽ ഓഫീസുകളിലും താലൂക്കാഫീസുകളിലും വാർഷിക പരിശോധന നടത്തിയിട്ടുള്ളതും താലൂക്കുകളിലും വില്ലേജ് ഓഫീസുകളിലും ആകസ്മിക പരിശോധന നടത്തി പരിശോധന കുറിപ്പ് തയ്യാറാക്കി ന്യൂനതകൾ പരിഹരിച്ച് വരുന്നുണ്ട്. കൂടാതെ അഴിമതിരഹിത ഭരണ നിർവ്വഹണത്തിനുവേണ്ടി സർക്കാർ നിർദ്ദേശ പ്രകാരമുള്ള നോട്ടീസുകൾ, ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഫോൺ നമ്പരുകൾ, മേൽവിലാസം എന്നിവ കളക്ടറേറ്റ്, താലൂക്ക്, വില്ലേജ് ഓഫീസുകൾ എന്നിവിടങ്ങളിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ ഓഫീസുകളിൽ വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ഉദ്യോഗസ്ഥരുടെ ഫോൺ നമ്പരുകൾ, ഓഫീസ് മേൽവിലാസം എന്നിവ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്ക് കാര്യക്ഷമമായതും അഴിമതിരഹിതവുമായ സേവനം നൽകുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന സർക്കുലറുകൾ റവന്യൂ വകുപ്പിലെ ജീവനക്കാർക്ക് നൽകിയിട്ടുണ്ട്.

(സി) ഈ വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

## വില്ലേജ് ഓഫീസുകൾ ജനസൗഹൃദമാക്കുന്നതിന് നടപടി

267(1463) ശ്രീ. കെ. ദാസൻ :

ശ്രീ. ജെയിംസ് മാത്യു :

ശ്രീ. യു. ആർ. പ്രദീപ് :

ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്ലേജ് ഓഫീസുകൾ ജനസൗഹൃദമാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) വിവിധ ആവശ്യങ്ങൾക്കായി വില്ലേജ് ഓഫീസിൽ എത്തുന്നവർക്ക് കാലതാമസം കൂടാതെ സേവനം ലഭ്യമാക്കുന്നതിനും നടപടിക്രമങ്ങൾ സുതാര്യമാക്കുന്നതിനും എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) വില്ലേജാഫീസുകളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിന് പ്രത്യേക സംഘത്തെ നിയോഗിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ഡി) വില്ലേജാഫീസുകളിലെ സേവനം സംബന്ധിച്ച് പൊതുജനങ്ങൾക്ക് ഉണ്ടാകുന്ന പരാതികൾ പരിഹരിക്കുന്നതിന് നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റി അവയിൽനിന്ന് വേഗത്തിലും (Speedy) ആധുനിക രീതിയിലുള്ള അന്തരീക്ഷത്തിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുകയെന്ന ഉദ്ദേശ്യത്തോടുകൂടിയാണ് (SMART) സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ആധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിടങ്ങളും പൊതുജനങ്ങൾക്ക് വിശ്രമത്തിനും ഇ-ഗവേണൻസിന്റെ സഹായത്തോടുകൂടി വില്ലേജാഫീസിൽ നിന്നുള്ള സേവനങ്ങൾ ഏതുസമയത്തും എവിടെവച്ചും ലഭ്യമാക്കുന്നതിനുമുള്ള സൗകര്യങ്ങളാണ് ഒരുക്കുന്നത്.

(ബി) വില്ലേജ് ഓഫീസുകൾ ഉൾപ്പെടെയുള്ള റവന്യൂ ഓഫീസുകളിൽനിന്നും ലഭിക്കുന്ന സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സുതാര്യമാക്കുന്നതിനും വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. *

(സി) നിലവിൽ പരിഗണനയിലില്ല.

(ഡി) ആധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിടങ്ങൾ നിർമ്മിച്ച് പൊതുജനങ്ങൾക്ക് ആവശ്യമായ സൗകര്യങ്ങൾകൂടി ഉൾപ്പെടുത്തി ഇ-ഗവേണൻസിന്റെ സാദ്ധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തി വില്ലേജ് ആഫീസിൽനിന്നുള്ള സേവനങ്ങൾ ഏതുസമയത്തും എവിടെവച്ചും ലഭ്യമാക്കുന്നതിനുള്ള സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്.

## എറണാകുളം ജില്ലയിൽ എം.പി.ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കിയ വികസനപ്രവർത്തനങ്ങൾ

268 (T* 1464) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2009-2014, 2014-2018 സാമ്പത്തിക വർഷങ്ങളിൽ എറണാകുളം ജില്ലയിൽ എം.പി. ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ ഏതെല്ലാമെന്ന് നിയോജകമണ്ഡലാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിജസ്ഥിതി അറിയിക്കുമോ;

(സി) എറണാകുളം, ചാലക്കുടി, കോതമംഗലം, കോട്ടയം എന്നീ ലോകസഭാ മണ്ഡലങ്ങളിൽ നോമിനേറ്റഡ് (ലോകസഭ) എം.പി.-മാരുടെ ഫണ്ടും, രാജ്യസഭ എം.പി.-മാരുടെ ഫണ്ടുകളും സംബന്ധിച്ച് പ്രസ്തുത സാമ്പത്തിക വർഷങ്ങളിൽ നടപ്പിലാക്കിയ വികസനപ്രവർത്തനങ്ങളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

### ഉത്തരം

(എ-സി) 2009-2014, 2014-2018 സാമ്പത്തിക വർഷങ്ങളിൽ എറണാകുളം, തൃശ്ശൂർ, കോട്ടയം എന്നീ ജില്ലകളിൽ എം.പി. ഫണ്ട് വിനിയോഗിച്ച് പ്രവൃത്തികൾ ഒന്നും ഏറ്റെടുത്ത് നടപ്പാക്കിയിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

T* മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

## വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം

269 (1465) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽ വില്ലേജ് ഓഫീസുകൾ അടക്കം അഴിമതിമുക്ത മാക്കുന്നതിന്റെ ഭാഗമായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) വില്ലേജ് ഓഫീസുകളിൽനിന്നും ഏതെല്ലാം സേവനങ്ങളാണ് ഇപ്പോൾ ഓൺലൈനായി ലഭ്യമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) റവന്യൂ വകുപ്പിലെ അഴിമതി നിയന്ത്രിക്കുന്നതിനായി മൂന്ന് വിജിലൻസ് ഡെപ്യൂട്ടി കളക്ടർമാർക്ക് മൂന്ന് മേഖലകളായി തിരിച്ച് ചുമതല നൽകിയിട്ടുണ്ട്. കൂടാതെ എല്ലാ ജില്ലാ കളക്ടറേറ്റുകളിലും ഒരു സീനിയർ സൂപ്രണ്ടിന്റെ ചുമതലയിൽ ഇൻസ്പെക്ഷൻ ആൻഡ് വിജിലൻസ് വിഭാഗം കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. താലൂക്ക് തലത്തിൽ ഡെപ്യൂട്ടി തഹസിൽദാരുടെ നേതൃത്വത്തിൽ പരിശോധനാ വിഭാഗവും പ്രവർത്തിച്ചുവരുന്നുണ്ട്. എല്ലാ കളക്ടറേറ്റുകളിലും റവന്യൂ ഡിവിഷണൽ ഓഫീസുകളിലും താലൂക്കാഫീസുകളിലും വാർഷിക പരിശോധന നടത്തിയിട്ടുള്ളതും താലൂക്കുകളിലെ വില്ലേജാഫീസുകളിലും ആകസ്മിക പരിശോധന നടത്തി പരിശോധനാ കുറിപ്പ് തയ്യാറാക്കി ന്യൂനതകൾ പരിഹരിച്ച് വരുന്നതുമാണ്. കൂടാതെ അഴിമതിരഹിത ഭരണ നിർവ്വഹണത്തിനുവേണ്ടി സർക്കാർ നിർദ്ദേശ പ്രകാരമുള്ള നോട്ടീസുകൾ, ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഫോൺ നമ്പരുകൾ, മേൽവിലാസം എന്നിവ കളക്ടറേറ്റ്, താലൂക്ക്, വില്ലേജ് ഓഫീസ് എന്നിവിടങ്ങളിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ ഓഫീസുകളിൽ വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ഉദ്യോഗസ്ഥരുടെ ഫോൺ നമ്പരുകൾ, ഓഫീസ് മേൽവിലാസം എന്നിവ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്ക് കാര്യക്ഷമമായും അഴിമതിരഹിതവുമായ സേവനം നൽകുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന സർക്കുലറുകൾ റവന്യൂ വകുപ്പിലെ ജീവനക്കാർക്ക് നൽകിയിട്ടുണ്ട്.

(ബി) വില്ലേജ്-താലൂക്ക് ഓഫീസുകളിൽ നിന്നും പൊതുജങ്ങൾക്കാവശ്യമായ വിവിധ സർട്ടിഫിക്കറ്റുകൾ വേഗത്തിലും സുതാര്യമായും ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ള പദ്ധതിയാണ് 'ഇ-ഡിസ്ട്രിക്ട് പദ്ധതി'. നിലവിൽ 24 ഇനം സർട്ടിഫിക്കറ്റുകൾ ഈ പദ്ധതിമുഖേന ഓൺലൈനായി നൽകിവരുന്നു. ഭൂസംബന്ധമായി റവന്യൂ-രജിസ്ട്രേഷൻ വകുപ്പുകൾ

നൽകുന്ന സേവനങ്ങളെ പരസ്പരം ബന്ധപ്പെടുത്തി കൈമാറ്റം ചെയ്യപ്പെടുന്ന ഭൂമിയുടെ പോക്കുവരവ് ഓൺലൈൻ മുഖേന സാധ്യമാകുന്നു. ആധുനിക വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ വസ്തുവിന്റെ പോക്കുവരവ് നടപടികൾ വേഗത്തിലും സുതാര്യമായും കുറ്റമറ്റതായും നടപ്പിലാക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് സംയോജിത ഓൺലൈൻ പോക്കുവരവ് പദ്ധതി നടപ്പിലാക്കുന്നത്. സംസ്ഥാനത്ത് സംയോജിത ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കിയിട്ടുള്ള വില്ലേജുകളിൽ അടയ്ക്കാവുന്ന റവന്യൂ വകുപ്പിലെ വിവിധ നികുതികൾ, സാമ്പത്തിക സേവനങ്ങൾ, വിവിധയിനം ഫീസുകൾ എന്നിവ ഇ-ട്രഷറി സംവിധാനവുമായി സംയോജപ്പിച്ചുകൊണ്ടാണ് നടപ്പിലാക്കിയിരിക്കുന്നത്.

**റീ-സർവ്വേ നടപടികൾ പൂർത്തീകരിക്കാൻ പ്രത്യേക മിഷൻ**

270(1466) ശ്രീ. കെ. കൃഷ്ണൻകുട്ടി :

ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ റീ-സർവ്വേ നടപടികൾ രണ്ടുവർഷത്തിനകം പൂർത്തീകരിക്കാനായി ആരംഭിക്കുന്ന പ്രത്യേക മിഷന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) നിലവിൽ റീ-സർവ്വേ നടപടികൾ മന്ദഗതിയിലാകാൻ കാരണമായ ഘടകങ്ങൾ എന്തൊക്കെയാണ്; പുതിയ മിഷനിലൂടെ ഇവയ്ക്ക് പരിഹാരം കണ്ടെത്താനാവുമെന്ന് കരുതുന്നുണ്ടോ;

(സി) വൻകിട തോട്ടമുടമകളും മറ്റ് സ്വകാര്യ വ്യക്തികളും അനധികൃതമായി കൈവശം വച്ചിരിക്കുന്ന ഭൂമിയുടെ വിവരങ്ങൾ ലഭ്യമാക്കാനും ഈ പദ്ധതിയുടെ സുതാര്യത പൂർണമായും ഉറപ്പ് വരുത്താനും സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) റീ-സർവ്വേ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് കേന്ദ്ര-സംസ്ഥാന സർക്കാർ അംഗീകൃത ഏജൻസികളുടെ സേവനം പ്രയോജനപ്പെടുത്തിയും സർവ്വേ സംബന്ധിച്ച് സാങ്കേതിക പരിജ്ഞാനം ഉള്ളവരെയും സർവ്വെ സ്കൂളിൽ നിന്നും സർവ്വേ ട്രെയിനിംഗ് ലഭിച്ചവരെയും

ഉൾപ്പെടുത്തിയും വാലിഡേഷൻ ജോലികൾ സർവ്വേ വകുപ്പിലെ നിലവിലെ ഉദ്യോഗസ്ഥരെക്കൊണ്ട് നിർവ്വഹിപ്പിച്ചും സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വേ പൂർത്തിയാക്കുന്നതിനുള്ള അനുവാദം നൽകി സർക്കാർ ഉത്തരവായിട്ടുണ്ട്. ടി ഉത്തരവ് പ്രകാരമുള്ള നടപടിക്രമങ്ങൾ പ്രാരംഭഘട്ടത്തിലാണ്. ഇത് നടപ്പിലാക്കുന്നതിനുള്ള Detailed Project Report തയ്യാറാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 903 വില്ലേജുകളുടെ റീ-സർവ്വേ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. റീ-സർവ്വേ പ്രവർത്തനങ്ങൾ കൂടാതെ ലാൻഡ് റിക്കാർഡ് മെയിന്റനൻസുമായി ബന്ധപ്പെട്ടുള്ള സർവ്വേ, പട്ടയ വിതരണത്തിനാവശ്യമായ സർവ്വേ, പുറമ്പോക്ക് റീ-ഫിക്സിംഗുമായി ബന്ധപ്പെട്ട സർവ്വേ, സർക്കാരിന്റെ വിവിധ പ്രോജക്ടുകൾ ക്കാവശ്യമായ സ്പെഷ്യൽ സർവ്വേ മുതലായ പ്രവർത്തനങ്ങൾക്ക് റീസർവ്വേയിൽ നിന്നാണ് ജീവനക്കാരെ നിയോഗിക്കുന്നത്. പല സാഹചര്യങ്ങളിലും ഭൂപരിപാലനവുമായി ബന്ധപ്പെട്ട് അപേക്ഷകൾ തീർപ്പാക്കുന്നതിന്റെ ഭാഗമായി അദാലത്ത് പ്രവർത്തനങ്ങൾക്ക് വേണ്ടി റിസർവ്വേ നിറുത്തിവച്ചും ജീവനക്കാരെ നിയോഗിക്കേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ട്. ഇക്കാരണങ്ങൾ റിസർവ്വേ പ്രവർത്തനങ്ങൾ മന്ദഗതിയിലാകാൻ കാരണമായിട്ടുണ്ട്.

(സി) സംസ്ഥാനത്തെ ഡിജിറ്റൽ സർവ്വേ പൂർത്തിയാകുന്ന മുറയ്ക്ക് കൃത്യമായ ഭൂരേഖകൾ ലഭിക്കുന്നതിനാൽ അനധികൃതമായി കൈവശം വച്ചിരിക്കുന്ന ഭൂമിയെ സംബന്ധിക്കുന്ന വിവരങ്ങൾ വേഗത്തിൽ കണ്ടെത്താൻ സാധിക്കും. സുതാര്യത പൂർണ്ണമായും ഉറപ്പുവരുത്തുന്ന തരത്തിൽ കേന്ദ്രസംസ്ഥാന അംഗീകൃത ഏജൻസികളുടെ സേവനം പ്രയോജനപ്പെടുത്തിയും സർവ്വേ സംബന്ധിച്ച് സാങ്കേതിക പരിജ്ഞാനം ഉള്ളവരെയും സർവ്വേ സ്കൂളിൽ നിന്നും സർവ്വേ ട്രെയിനിംഗ് ലഭിച്ചവരെയും ഉൾപ്പെടുത്തിയും വാലിഡേഷൻ ജോലികൾ സർവ്വേ വകുപ്പിലെ നിലവിലുള്ള ഉദ്യോഗസ്ഥരെക്കൊണ്ട് നിർവ്വഹിപ്പിച്ചും സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വേ നടപ്പിലാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

### തങ്കശ്ശേരി പോസ്റ്റോഫീസ് സ്ഥിതിചെയ്യുന്ന ഭൂമി

271(1467) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം വെസ്റ്റ് വില്ലേജിൽ പ്രവർത്തിച്ചുവരുന്ന തങ്കശ്ശേരി പോസ്റ്റോഫീസിന്റെ ഭൂമി റവന്യൂ വകുപ്പിന്റെ അധീനതയിലുള്ളതാണോ; ആണെങ്കിൽ സർവ്വേ നമ്പർ സഹിതം വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഭൂമിയിൽ പ്രവർത്തിച്ചുവരുന്ന ടി പോസ്റ്റോഫീസ് ഉൾപ്പെടെയുള്ള കെട്ടിടത്തിന്റെ കൈവശാവകാശവും പരിപാലനവും മറ്റേതെങ്കിലും വകുപ്പുകളുടെ നിയന്ത്രണത്തിൻ കീഴിലാണോ; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) അല്ല.

(ബി) വില്ലേജ് റിക്കോർഡുകളിൽ സർക്കാർ PHED എന്നും (പബ്ലിക് ഹെൽത്ത് എൻജിനീയറിംഗ് ഡിപ്പാർട്ട്മെന്റ്) നാളത് കേരള വാട്ടർ അതോറിറ്റിയുടെ കൈവശത്തിലുള്ളതുമാണ്.

**സ്മാർട്ട് വില്ലേജ് ഓഫീസുകൾ**

272(1468) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്ലേജ് ഓഫീസുകൾ സ്മാർട്ട് ആക്കുന്നത് സംബന്ധിച്ച് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതി പ്രകാരം ഓരോ വില്ലേജ് ഓഫീസിലും നടപ്പിൽ വരുത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) കോഴിക്കോട് ജില്ലയിൽ ഏതെല്ലാം വില്ലേജ് ഓഫീസുകളാണ് സ്മാർട്ട് ആക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റി അവയിൽനിന്ന് വേഗത്തിലും (Speedy) ആധുനിക രീതിയിലുള്ള അന്തരീക്ഷത്തിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുകയെന്ന ഉദ്ദേശ്യത്തോടുകൂടിയാണ് (SMART) സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ആധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിടങ്ങളും പൊതുജനങ്ങൾക്ക് വിശ്രമത്തിനും ഇ-ഗവേണൻസിന്റെ സഹായത്തോടുകൂടി വില്ലേജാഫീസിൽ നിന്നുള്ള സേവനങ്ങൾ ഏതുസമയത്തും എവിടെവച്ചും ലഭ്യമാക്കുന്നതിനുമുള്ള സൗകര്യങ്ങളാണ് ഒരുക്കുന്നത്.

(സി) കോഴിക്കോട് ജില്ലയിൽ സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള വില്ലേജുകളുടെ വിവരം ചുവടെ ചേർക്കുന്നു:

| വർഷം | വില്ലേജിന്റെ പേര് |
|---|---|
| 2013-14 | നഗരം |
| 2016-17 | പന്തീരങ്കാവ് |
| 2017-18 | 1. കരുവൻതുരുത്തി<br>2. ആയഞ്ചേരി |

**കുട്ടനാട്ടിലെ വികസന പ്രവൃത്തി**

273(1469) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽപാടങ്ങളും തോടുകളും ആറുകളും കൊണ്ട് നിറഞ്ഞുനിൽക്കുന്ന ഭൂപ്രദേശമായ കുട്ടനാട്ടിൽ, കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ സമിതിയുടെ അനുവാദം ലഭിക്കാത്തതുമൂലം പ്രസ്തുത പ്രദേശത്തിന്റെ വികസനത്തിന് ആവശ്യമായ റോഡുകളുടേയും പാലങ്ങളുടേയും പല നിർമാണ പ്രവൃത്തികളും മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് അടിയന്തരമായി പരിഹരിക്കുന്നതിന് ഉചിതമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ചമ്പക്കുളം, അമ്പലപ്പുഴ എന്നീ ബ്ലോക്കുകളിലെ 9 റോഡ് നിർമ്മാണ പ്രവർത്തനങ്ങൾ മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ടി റോഡ് നിർമ്മാണ പ്രവർത്തനങ്ങളുടെ അപേക്ഷകൾ പ്രാദേശിക നിരീക്ഷണ സമിതിയുടെ ശിപാർശയോടുകൂടി സംസ്ഥാനതല സമിതിക്ക് അനുമതിക്കായി കൃഷി വകുപ്പിൽ ലഭിച്ചിട്ടുണ്ട്. ഇതിൽ ചില പ്രവൃത്തികളുടെ പ്രൊപ്പോസലുകൾ സമിതിയിൽ വച്ചെങ്കിലും അംഗീകരിച്ചിട്ടില്ല.

**തുടർച്ചാനുമതി ആവശ്യമുള്ള സർവ്വേ, റവന്യൂ ഓഫീസുകൾ**

274(1470) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തുടർച്ചാനുമതി ആവശ്യമുള്ള സർവ്വേ, റവന്യൂ ഓഫീസുകൾ ഏതൊക്കെയാണെന്നും അവിടെ ജോലി ചെയുന്ന ജീവനക്കാരുടെ എണ്ണം, തസ്തിക സഹിതവും അറിയിക്കാമോ;

(ബി) പ്രസ്തുത ഓഫീസുകളിൽ പുതിയ സാമ്പത്തിക വർഷം മുതൽ തുടർച്ചാനുമതി ലഭിക്കാത്തതുമൂലം ഉണ്ടായിട്ടുള്ള പ്രതിസന്ധികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ?

ഉത്തരം

(എ) റവന്യൂ വകുപ്പിൽ തുടർച്ചാനുമതി വേണ്ട ഓഫീസുകളുടെ വിശദാംശങ്ങൾ അനുബന്ധം 1* ആയും സർവ്വേ വകുപ്പിൽ തുടർച്ച അനുമതി വേണ്ട ഓഫീസുകളുടെ വിശദാംശങ്ങൾ അനുബന്ധം 2 ആയും ചേർത്തിരിക്കുന്നു.*

(ബി) ഉണ്ട്. ധനകാര്യ വകുപ്പിൽനിന്നും തുടർച്ചാനുമതി ലഭ്യമാകുന്ന മുറയ്ക്ക് നിലവിലുള്ള മാനദണ്ഡങ്ങൾക്ക് വിധേയമായി തുടർച്ചാനുമതി നൽകുന്നതാണ്.

**ഭൂരഹിതരില്ലാത്ത കേരളം പദ്ധതി**

275(1471) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കുമോ; ഇതിനകം എത്ര ഗുണഭോക്താക്കൾക്ക് ഈ പദ്ധതി പ്രകാരം ഭൂമി കൈമാറി;

(ബി) നിലവിൽ അർഹതയുള്ള എത്ര കുടുംബങ്ങൾ ഉണ്ടെന്നാണ് കണ്ടെത്തിയിട്ടുള്ളത്; അവർക്ക് ഭൂമി നൽകുന്നതിന് എത്ര ഹെക്ടർ ഭൂമി ആവശ്യമുണ്ടെന്നും സർക്കാരിന്റെ കൈവശം നിലവിൽ ഇക്കാര്യത്തിനായി എത്ര ഭൂമിയുണ്ടെന്നും വ്യക്തമാക്കുമോ;

(സി) വീട് വയ്ക്കുവാൻ അനുയോജ്യമായതും കുടിവെള്ളം ലഭ്യമാകുന്നതും , വഴി സൗകര്യവുമുള്ള സ്ഥലമാണോ ഈ പദ്ധതി പ്രകാരം അനുവദിക്കുന്നത്;

(ഡി) സർക്കാർ ഇതിനകം കണ്ടെത്തിയ ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ ഭാഗമായുള്ള ഭൂമി, ലൈഫ് പദ്ധതിയുടെ ഭാഗമായുള്ള ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിന് ഉപയോഗിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്ക് 2018-19 സാമ്പത്തിക വർഷം തുക വകയിരുത്തിയിട്ടില്ല. ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം വിതരണം ചെയ്ത ഭൂമിയെ സംബന്ധിച്ച് വഴി സൗകര്യം ഇല്ലെന്നും വീടുവയ്ക്കാൻ അനുയോജ്യമല്ലെന്നും തുടങ്ങി ആക്ഷേപങ്ങളുണ്ടായിട്ടുണ്ട്. ടി ആക്ഷേപങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികളാണ് നിലവിൽ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്.

ഇതിനകം 30723 ഗുണഭോക്താക്കൾക്ക് ഭൂമി കൈമാറിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിപ്രകാരം 291757 അപേക്ഷകളാണ് ലഭിച്ചിരുന്നത്. ആയതിൽനിന്നും വ്യക്തമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ 243928 കുടുംബങ്ങളെ പദ്ധതിയുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്തിരുന്നു. ആയതിൽ 30723 പേർക്ക് ഭൂമി കൈമാറുകയും ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന അർഹരായ ഗുണഭോക്താക്കൾക്ക് നൽകുന്നതിന് ഏകദേശം 3240 ഹെക്ടർ ഭൂമി ആവശ്യമുള്ളതും നിലവിൽ 270 ഹെക്ടർ ഭൂമി ലഭ്യവുമാണ്.

(സി) വീട് വയ്ക്കാൻ അനുയോജ്യമായ സ്ഥലമാണ് ടി പദ്ധതി പ്രകാരം നൽകിവരുന്നത്. വഴി സൗകര്യം ലഭ്യമാകാത്ത കേസുകളിൽ വഴി ലഭ്യമാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) 2011-ൽ കേന്ദ്ര സർക്കാർ നടത്തിയ സാമൂഹിക-സാമ്പത്തിക ജാതി സെൻസസ്സിൽനിന്നും ലഭിച്ചിട്ടുള്ള ഭൂരഹിതർ, ഭൂമിയുള്ള ഭവനരഹിതർ എന്നീ വിഭാഗങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളവരുടെ പട്ടികയും വിവരങ്ങളും കോർപ്പറേഷൻ/ മുനിസിപ്പാലിറ്റി/ഗ്രാമ പഞ്ചായത്തിൽ നിലവിൽ വിവിധ പദ്ധതികൾക്കായി തയ്യാറാക്കിയിട്ടുള്ള ഭൂരഹിത, ഭവനരഹിതരുടെ പട്ടികയും അടിസ്ഥാന രേഖയായി പരിഗണിച്ചാണ് ലൈഫ് മിഷൻ പദ്ധതിയിലെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്ക് 2018-19 സാമ്പത്തിക വർഷം തുക വകയിരുത്തിയിട്ടുമില്ല. ആയതിനാൽ ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ ഭാഗമായി കണ്ടെത്തിയിട്ടുള്ളതും ലൈഫ് മിഷൻ പദ്ധതിയുടെ ഭാഗമായി ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിനനുയോജ്യമായതുമായ ഭൂമി ടി ആവശ്യത്തിന് ഉപയോഗിക്കാനുദ്ദേശിക്കുന്നുണ്ട്.

**മൂന്നാർ നീലക്കുറിഞ്ഞി സങ്കേതം**

276(1472) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :

ശ്രീ. അൻവർ സാദത്ത് :

ശ്രീ. പി. ടി. തോമസ് :

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാർ നീലക്കുറിഞ്ഞി സങ്കേതത്തിന്റെ വിസ്തൃതി 3200 ഹെക്ടറായി നിലനിർത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഇതുസംബന്ധിച്ച ഉത്തരവ് പുറത്തിറങ്ങിയിട്ടുണ്ടോ;

(ബി) കുറിഞ്ഞി സങ്കേതത്തിലെ പട്ടയപ്രശ്നം എപ്രകാരം പരിഹരിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്; ഇതിനായി സെറ്റിൽമെന്റ് ഓഫീസറെ നിയോഗിച്ചിട്ടുണ്ടോ;

(സി) നീലക്കുറിഞ്ഞി സങ്കേതം സംബന്ധിച്ച് റവന്യൂ അഡീഷണൽ ചീഫ് സെക്രട്ടറി നൽകിയ റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയായിരുന്നു;

(ഡി) നിവേദിതാ പി. ഹരൻ നേരത്തെ ഇറക്കിയ ഉത്തരവിലും ഇപ്പോൾ സർക്കാർ ഇറക്കിയ ഉത്തരവിലും കാര്യമായ വൈരുദ്ധ്യവും ആശയക്കുഴപ്പവും നിലനിൽക്കുന്നുവെന്നത് വസ്തുതയാണോ;

(ഇ) കുറിഞ്ഞി സങ്കേതത്തിലെ പട്ടയഭൂമി ഒഴിവാക്കിയാൽ വിസ്തൃതി 3200 ഹെക്ടറായി നിലനിർത്തുവാൻ റവന്യൂ ഭൂമി ഇവിടെ ലഭ്യമാണോ; എങ്കിൽ എത്ര ഹെക്ടർ റവന്യൂ ഭൂമിയാണ് ഇപ്രകാരം കൂട്ടിച്ചേർക്കുന്നത്;

(എഫ്) നീലക്കുറിഞ്ഞി മേഖലയിൽ അക്കേഷ്യ, യൂക്കാലിപ്റ്റ്സ്, ഗ്രാൻഡിസ് എന്നീ മരങ്ങൾ നട്ട് വളർത്തുന്നത് നിരോധിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ വിഷയം സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള 10-5-2018-ലെ G.O. (Ms.)178/2018/റവ. നമ്പർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി) നിലവിൽ ദേവികുളം സബ്കളക്ടറെ സെറ്റിൽമെന്റ് ഓഫീസറായി നിയമിച്ചിട്ടുണ്ട്. 10-5-2018-ലെ ഉത്തരവിൻ പ്രകാരമുള്ള സെറ്റിൽമെന്റ് ഓഫീസറുടെ നിയമനം നടത്തിയിട്ടില്ല. കുറിഞ്ഞിസങ്കേതത്തിന്റെ പട്ടയപ്രശ്നം പരിഹരിക്കുന്നതിനും തുടർ നടപടികൾ സ്വീകരിക്കുന്നതിനുമായി പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) മുൻ അഡീഷണൽ ചീഫ് സെക്രട്ടറി നിവേദിത പി. ഹരന്റെ നേതൃത്വത്തിലുള്ള ഉന്നതാധികാര സമിതി സമർപ്പിച്ച റിപ്പോർട്ട് പ്രകാരമുള്ള ശിപാർശകൾ ചുവടെ ചേർക്കുന്നു:

1. വട്ടവട കൊട്ടക്കമ്പൂർ, കാന്തല്ലൂർ, മറയൂർ, കീഴാന്തൂർ വില്ലേജുകളിലെ യൂക്കാലി പ്ലാന്റേഷനുകൾ സർക്കാർ ഏറ്റെടുക്കണം.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

2. കസ്തൂരിരംഗൻ റിപ്പോർട്ടിന്റെ അന്തഃസത്ത ഉൾക്കൊണ്ടുകൊണ്ട് ടി മേഖലയുടെ പാരിസ്ഥിതിക ദുർബലാവസ്ഥ പരിഗണിച്ച് അഞ്ചുനാട് മേഖലയിലെ സർക്കാരിന്റെയും സ്വകാര്യ വ്യക്തികളുടെയും വനം വകുപ്പിന്റെയും കൈവശത്തിലുള്ള ഭൂമിയിൽ നിൽക്കുന്ന എല്ലാ യൂക്കാലി, അക്കേഷ്യ അടക്കമുള്ള മരങ്ങളുടെ വിളവെടുപ്പ് നിരോധിക്കണം. Kerala Promotion of Tree Growth in Non-Forest Areas Act-2005-ന്റെ കീഴിൽ യൂക്കാലി മരങ്ങളുടെ വിളവെടുപ്പ് നിരോധിക്കുന്നതിനായുള്ള നിയമ ഭേദഗതികൾ സർക്കാർ പരിഗണനയിലിരിക്കുന്നതിനാൽ സ്വകാര്യ ഭൂമിയിൽ നിൽക്കുന്ന യൂക്കാലി മരങ്ങളുടെ കൃഷി നിരോധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കണം.

3. മേഖലയിലെ ഓരോ തണ്ടപ്പേരും തണ്ടപ്പേർ കക്ഷികൾക്ക് നോട്ടീസ് കൊടുത്ത് പരിശോധിക്കണം. നിശ്ചയിക്കുന്ന അധികാരകേന്ദ്രം മുമ്പാകെ ഓരോ കക്ഷിയും നേരിൽ ഹാജരാകണം. നിയമപരമായ ചുമതലപ്പെടുത്തലോ അപേക്ഷയോ സർവ്വമുക്ത്യാർ മുഖാന്തരമുള്ള ഹാജരാകലോ അനവദനീയമല്ല. കൈവശത്തിലുള്ള രേഖകൾ സഹിതം അവകാശം തെളിയിക്കുന്നതായി തണ്ടപ്പേർ കക്ഷി നേരിൽ ഹാജരാകണം. ഇതിന്റെ ഭാഗമായി ആത്മാർത്ഥതയുള്ള ഒരു ടീം ടി പരിശോധനയ്ക്കായി സജ്ജമാക്കണം.

4. ടി ജോലികൾ വന്യജീവി സംരക്ഷണ നിയമ പ്രകാരം ചുമതലപ്പെട്ട സെറ്റിൽമെൻഡ് ഓഫീസർ 7 വർഷങ്ങൾക്കുമുമ്പ് നിർവ്വഹിക്കേണ്ടതായിരുന്നു വെങ്കിലും ആയത് പൂർത്തീകരിച്ചിട്ടില്ല. ആയതിനാൽ ഈ ജോലികൾ നിർവ്വഹിക്കുന്നതിന് നിയമത്താൽ ചുമതലപ്പെട്ട ലാൻഡ് റവന്യൂ കമ്മീഷണറെ ചുമതലപ്പെടുത്താവുന്നതാണ്. കമ്മീഷണർ ഈ ജോലികൾ 3 മാസത്തിനുള്ളിൽ നിർവ്വഹിക്കേണ്ടതാണ്. ആയതിന് ഇതിന്റെ ഭാഗമായി ആത്മാർത്ഥതയുള്ള ടീമുകളെ ടി പരിശോധനയ്ക്കായി ലാൻഡ് റവന്യൂ കമ്മീഷണർ സജ്ജമാക്കണം.

5. ഇത്തരത്തിൽ പരിശോധന പൂർത്തികരിച്ചതിനുശേഷം പ്രഥമദൃഷ്ട്യാ യോഗ്യമെന്നു കാണുന്നവയുടെ സ്ഥല പരിശോധന നടത്തേണ്ടതാണ്. ഇതിന് ആത്മാർത്ഥതയുള്ള സർവ്വേ റവന്യൂ വനം വകുപ്പ് ഉദ്യോഗസ്ഥർ അടങ്ങുന്ന ടീമുകളെ ടി പരിശോധനയ്ക്കായി ലാൻഡ് റവന്യൂ കമ്മീഷണർ സജ്ജമാക്കണം. GPS സംവിധാനം ഉപയോഗിച്ചായിരിക്കണം ടി പരിശോധന നടത്തേണ്ടത്. ദേവികുളം സബ്കളക്ടർ ഇത്തരത്തിൽ ലാൻഡ് റവന്യൂ കമ്മീഷണർ പരിശോധിച്ച് ബോദ്ധ്യപ്പെടുന്ന യഥാർത്ഥ പട്ടയത്തിൽപ്പെട്ട ഭൂമിയുടെ അതിർത്തി നിർണ്ണയം നടത്തുകയും ടി വസ്തുവിന്റെ മാപ്പ് സഹിതം പട്ടയകക്ഷിക്ക്/നിയമാനുസൃത അവകാശിക്ക് കൈമാറുകയും ചെയ്യണം. ഈ ജോലികൾ 4 മാസത്തിനുള്ളിൽ പൂർത്തീകരിക്കണം. ഈ അവസരത്തിൽ കുറുഞ്ഞി ഉദ്യാനത്തിന്റെ അതിർത്തിയും

നിശ്ചയിക്കണം. ഇത്തരത്തിൽ നിർമ്മിക്കുന്ന രേഖകളുടെ ഒരു സെറ്റ് ഡിജിറ്റൽ ഫോർമാറ്റിൽ ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ സൂക്ഷിക്കണം.

6. കഴിഞ്ഞ അഞ്ച് വർഷങ്ങളിലായി സർക്കാർ ഭൂമിയിൽ നിന്നും യൂക്കാലിപ്റ്റസ് മരങ്ങൾ മുറിച്ചുകടത്തിയ ഇനത്തിൽ സർക്കാരിന് കോടികളാണ് നഷ്ടപ്പെട്ടിട്ടുള്ളത് എന്നതിനാൽ ടി പരിശോധന പൂർത്തിയാകുന്നതുവരെ അഞ്ചുനാട് മേഖലയിലെ യൂക്കാലിപ്റ്റസ് മരങ്ങളുടെ മുറിക്കൽ നിരോധിക്കണം.

7. ഈ ശിപാർശകൾ നടപ്പാക്കുന്നതുമായി ബന്ധപ്പട്ട ടീമുകളിൽ വനംവകുപ്പ് ജീവനക്കാരെയും ഉൾപ്പടുത്തേണ്ടതും വനം വകുപ്പ് ഉദ്യോഗസ്ഥർ ചോലവനത്തെ നശിപ്പിക്കുന്ന പ്രവൃത്തി ചെയ്യുന്ന അനധികൃത കയ്യേറ്റക്കാരെ ഒഴിപ്പിക്കേണ്ടതും ടി പ്രദേശം ഉദ്യാനത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തി അതിർത്തിവേലി സ്ഥാപിച്ച് സൂക്ഷിക്കേണ്ടതുമാണ്. വനംവകുപ്പ് ഒരു ഭൂതലാധിഷ്ഠിത മാപ്പ് കരുതേണ്ടതുമാണ്. അതുകഴിഞ്ഞ് മാത്രമേ കുറിഞ്ഞി ഉദ്യാന പ്രഖ്യാപനം പൂർണ്ണതയിൽ എത്തുകയുള്ളൂ.

8. ഇതേ തരത്തിലുള്ള പരിശോധന അഞ്ചുനാട് മേഖലയിലെ മറ്റ് മൂന്ന് വില്ലേജുകളിൽക്കൂടി നടപ്പിലാക്കേണ്ടതും ദേവികുളം റവന്യൂ ഡിവിഷണൽ ഓഫീസർ മതിയായ പരിശോധന നടത്തേണ്ടതും അനധികൃ കയ്യേറ്റക്കാരെ ഒഴിപ്പിക്കേണ്ടതുമാണ്. കൂടാതെ ഒരു ഭൂതലാധിഷ്ഠിത മാപ്പ് കൂടി നിർമ്മിക്കേണ്ടതാണ്.

9. മൂന്നാർ പ്രദേശം പരിസ്ഥിതി സൗഹാർദ്ദ ടൂറിസം മേഖലയായി വികസിപ്പിക്കേണ്ടതും പൊതുസ്ഥലം കയ്യേറിയിട്ടുള്ള ഭൂമാഫിയയെ ഒഴിപ്പിക്കേണ്ടതും ടി പ്രദേശത്തിന്റെ ടൂറിസം പ്രത്യേകത സർക്കാർ മനസിലാക്കി കൃത്യമായി പ്ലാൻ ചെയ്യേണ്ടതും അത്തരത്തിൽ പ്ലാൻ ചെയ്താൽ ടൂറിസം മേഖലയിലൂടെ സർക്കാരിന് വലിയ വരുമാനം നേടാവുന്നതുമാണ്.

10. ഉദ്യാനമേഖലയിലെങ്കിലും സർവ്വമുക്ത്യാർ മുഖേനയുള്ള ഭൂമി കൈമാറ്റം പൂർണ്ണമായി നിരോധിക്കേണ്ടതാണ്.

11. റവന്യൂ ഭൂമി വനം വകുപ്പ് പാട്ടത്തിന് കൊടുക്കുന്ന സമ്പ്രദായം അവസാനിപ്പിക്കേണ്ടതാണ്. പാട്ടത്തിന് കൊടുക്കുകയാണെങ്കിൽ പാട്ട ഉടമ്പടിയിൽ റവന്യൂ വകുപ്പിനെക്കൂടി കക്ഷി ചേർക്കേണ്ടതാണ്. പരമാവധി വേഗത്തിൽ അഞ്ചുനാട് മേഖലയിലെ യൂക്കാലി വളർത്തൽ അവസാനിപ്പിക്കേണ്ടതാണ്.

12. ഇടുക്കി ജില്ലയ്ക്ക് പുറത്തുള്ളതും സ്ഥാപിത താത്പര്യങ്ങളില്ലാത്തതും കഴിവതും സീനിയറുമായ ഒരു ഉദ്യോഗസ്ഥനെ ശിപാർശപ്രകാരമുള്ള ജോലികൾ നിർവ്വഹിക്കുന്നതിലേയ്ക്കായി ലാൻഡ് റവന്യൂ കമ്മീഷണറായി നിയമിക്കേണ്ടതാണ്.

13. നിയമവിരുദ്ധമായ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളതും ജോലിയിൽ കൃത്യവിലോപം കാണിച്ചിട്ടുള്ളതും ഭൂമാഫിയയെ സഹായിച്ചിട്ടുള്ളതുമായ എല്ലാ ജീവനക്കാർക്കെതിരെയും ശക്തമായ അച്ചടക്ക നടപടിയും ശിപാർശ ചെയ്യുന്നു.

14. അഞ്ചുനാട് മേഖലയിൽ ഭൂമി കയ്യേറിയിട്ടുള്ള ആളുകളെ തിരിച്ചറിയുന്നതിനായി വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ മുഖേന ഒരു ത്വരിത പരിശോധന നടത്തേണ്ടതും ആയതിന്റെ റിപ്പോർട്ട് ഒരു മാസത്തിനുള്ളിൽ സമർപ്പിക്കേണ്ടതുമാണ്.

15. അഞ്ചുനാട് മേഖലയിൽ നിയമവിരുദ്ധമായി ജനപ്രതിനിധികളുടെയോ അവരുടെ ആശ്രിതരുടെയോ പേരിൽ ഭൂമി വാങ്ങിയിട്ടുള്ള ജനപ്രതിനിധികളെ അവരുടെ വസ്തു സംബന്ധിച്ച വാർഷിക റിട്ടേൺ വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയുടെ റിപ്പോർട്ട് എന്നിവയിലൂടെ തിരിച്ചറിയേണ്ടതും അത്തരം കേസുകൾ ലോകായുക്തയ്ക്ക് റഫർ ചെയ്യേണ്ടതുമാണ്.

(ഡി) നിവേദിത പി. ഹരൻ സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ചിട്ടുള്ള 16-2-2016-ലെ സ.ഉ. (എംഎസ്.) 69/2015/റവ. നമ്പർ ഉത്തരവ് ദൈനംദിന ജനജീവിതം ദുസ്സഹമാക്കിയെന്നും വികസനപ്രവർത്തനങ്ങൾ തടസ്സപ്പെടുത്തിയെന്നും നിരന്തരമായി പരാതികൾ ഉയർന്നിരുന്നുവെന്നും ആയതിനാൽ ടി വിഷയം പരിശോധിക്കുവാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ വിവിധ യോഗങ്ങളിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലും വിഷയം സർക്കാർ വിശദമായി പരിശോധിച്ചതിന്റെയും അടസ്ഥാനത്തിലാണ് 10-5-2018-ലെ G.O. (Ms.)178/2018/റവ. ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

(ഇ) കൊട്ടക്കമ്പൂർ വില്ലേജിലെ ബ്ലോക്ക് 58, വട്ടവട വില്ലേജിലെ ബ്ലോക്ക് 62 എന്നിവയിലെ പട്ടയഭൂമി മാത്രം ഒഴിവാക്കി ബ്ലോക്ക് 59, 60, 61, 63 എന്നിവയിലെ റവന്യൂഭൂമികൂടി, പ്രധാനമായും ഗ്രാന്റീസ് തോട്ടങ്ങൾ ഉള്ള പ്രദേശങ്ങൾ, ഉൾപ്പെടുത്തി ഉചിതമായ രീതിയിൽ 3200 ഹെക്ടറിൽ കുറയാത്ത വിധം അതിരുകൾ പുനർനിർണ്ണയം ചെയ്യാനാണ് ഉത്തരവായിട്ടുള്ളത്.

(എഫ്) 16-2-2016-ലെ സ.ഉ. (എം.എസ്)69/2015/റവ. നമ്പർ ഉത്തരവ് പ്രകാരം നീലക്കുറിഞ്ഞി മേഖലയിൽ അക്കേഷ്യ, യൂക്കാലിപ്റ്റസ്, ഗ്രാന്റീസ് മരങ്ങൾ നട്ടുവളർത്തുന്നത് നിരോധിച്ചിട്ടുണ്ട്. 10-5-2018-ലെ സ.ഉ. (കൈ.) 178/2016/റവ. നമ്പർ ഉത്തരവ് പ്രകാരം ടി മേഖലയിലെ അക്കേഷ്യ, യൂക്കാലിപ്റ്റസ്, ഗ്രാന്റീസ് മരങ്ങൾ പിഴുതുമാറ്റുന്നതിന് ഉത്തരവായിട്ടുണ്ട്.

**നീലക്കുറിഞ്ഞി ഉദ്യാനത്തിന്റെ പരിധി**

277(1473) ശ്രീ. പി. ടി. തോമസ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറിഞ്ഞിമല നീലക്കുറിഞ്ഞി ഉദ്യാനത്തിന്റെ പരിധിയിൽ നിന്നും കൊട്ടക്കമ്പൂർ വില്ലേജിലെ 58-ാം ബ്ലോക്ക് നമ്പറിൽപ്പെടുന്ന സ്ഥലവും വട്ടവട വില്ലേജിലെ 62-ാം നമ്പർ ബ്ളോക്കിൽപ്പെടുന്ന സ്ഥലവും ഒഴിവാക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണ്;

(ബി) നീലക്കുറിഞ്ഞി ഉദ്യാനത്തിന്റെ പരിധി 3200 ഹെക്ടറായി നിലനിർത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; മേൽപ്പറയും പ്രകാരം സ്ഥലം ഒഴിവാക്കുന്ന സാഹചര്യത്തിൽ ഉദ്യാനത്തിന്റെ പരിധി 3200 ഹെക്ടറായി നിലനിർത്തുന്നതിന് എപ്രകാരമാണ് സാധിക്കുകയെന്ന് വ്യക്തമാക്കുമോ;

(സി) മന്ത്രിതല സമിതിയുടെ ശിപാർശപ്രകാരമാണോ മേൽപ്പറഞ്ഞ സ്ഥലങ്ങൾ ഒഴിവാക്കിയത്;

(ഡി) കൊട്ടക്കമ്പൂർ വില്ലേജിലെ 58-ാം നമ്പർ ബ്ലോക്ക് ഒഴിവാക്കിയത് ജോയിസ് ജോർജ്ജ് എം.പി.-യുടെ കയ്യേറ്റ ഭൂമി സംരക്ഷിക്കുന്നതിനായിട്ടാണെന്ന വിമർശനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ-സി) 10-5-2018-ലെ സ.ഉ. (കൈ)178/2018/റവ. നമ്പർ ഉത്തരവ് പ്രകാരം ദേവികുളം താലൂക്കിലെ കൊട്ടക്കമ്പൂർ വില്ലേജിലെ ബ്ലോക്ക് 58, വട്ടവട വില്ലേജിലെ ബ്ലോക്ക് 62 എന്നിവയിലെ പട്ടയഭൂമി മാത്രം ഒഴിവാക്കി ബ്ലോക്ക് 59, 60, 61, 63 എന്നിവയിലെ റവന്യൂഭൂമികൂടി ഉൾപ്പെടുത്തി ഉചിതമായ രീതിയിൽ 3200 ഹെക്ടറിൽ കുറയാത്തവിധം അതിരുകൾ പുനർനിർണ്ണയം ചെയ്യാനാണ് ഉത്തരവായിട്ടുള്ളത്.

16-2-2015-ലെ സ.ഉ. (എംഎസ്.) 69/2015/റവ. നമ്പർ ഉത്തരവ് ദൈനംദിന ജനജീവിതം ദുസ്സഹമാക്കിയെന്നും വികസന പ്രവർത്തനങ്ങൾ തടസ്സപ്പെടുത്തിയെന്നും നിരന്തരമായി പരാതികൾ ഉയർന്നിരുന്നു. ആയതിനാൽ ടി വിഷയം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് റവന്യൂ-വനം-

വൈദ്യുതി വകുപ്പ് മന്ത്രിമാരുടെ സംയുക്ത സമിതിയെ ചുമതലപ്പെടുത്തിയിരുന്നു. ടി സമിതി സമർപ്പിച്ച റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിലും ഈ വിഷയം സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ വിവിധ യോഗങ്ങളിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലുമാണ് മേൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## സർക്കാർ പുറമ്പോക്ക് ഭൂമി കയ്യേറ്റം

278(1474) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം നിയോജകമണ്ഡലത്തിലെ കൊല്ലം വെസ്റ്റ് വില്ലേജിൽ തങ്കശ്ശേരി ഡിവിഷൻ പരിധിയിൽ സർക്കാർ പുറമ്പോക്ക് ഭൂമി ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ സർവ്വേ നമ്പർ സഹിതം വിശദാംശം ലഭ്യമാക്കുമോ;

(ബി) തങ്കശ്ശേരി പൈതൃക മേഖലയിൽ സർക്കാർ പുറമ്പോക്ക് ഭൂമി കയ്യേറി വീടുകൾ നിർമ്മിക്കുകയോ മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുകയോ ചെയ്തിട്ടുണ്ടോ; കയ്യേറ്റം ഒഴിപ്പിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇതുസംബന്ധിച്ച് കൊല്ലം കോർപ്പറേഷന് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

### ഉത്തരം

(എ) കൊല്ലം വെസ്റ്റ് വില്ലേജിൽ തങ്കശ്ശേരി ഡിവിഷനിൽ റീ-സർവ്വേ ബ്ലോക്ക് നമ്പർ 250 മുതൽ 260 വരെയുള്ള 78 സബ് ഡിവിഷനുകളിലായി 7.25.94 ഹെക്ടർ സ്ഥലം പുറമ്പോക്ക് ഉള്ളതാണ്.

(ബി) സർക്കാർ പുറമ്പോക്ക് കയ്യേറി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയ കക്ഷിക്ക് എതിരെ ഭൂസംരക്ഷണ നിയമ പ്രകാരം കേസെടുത്തിട്ടുണ്ട്. തോട് കയ്യേറുന്നതിനെതിരെ നിയമ നടപടികൾ സ്വീകരിക്കേണ്ടത് കോർപ്പറേഷൻ അധികൃതരായതിനാൽ തുടർ നടപടി കൈക്കൊള്ളുന്നതിനായി കോർപ്പറേഷൻ സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ട്. കത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. *

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**കായൽ കയ്യേറ്റം**

279(1475) ശ്രീ. കെ. എൻ. എ. ഖാദർ:
ശ്രീ. പി. കെ. ബഷീർ :
ശ്രീ. പി. ഉബൈദുള്ള :
ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായൽ കയ്യേറ്റം കണ്ടുപിടിക്കാൻ ഉപഗ്രഹ സഹായത്തോടെ സർവ്വേ നടത്താൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) കായലുകളുടെ വിസ്തൃതി കുറഞ്ഞുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കയ്യേറ്റമൊഴിപ്പിച്ച് സർക്കാരിലേക്ക് മുതൽക്കൂട്ടാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കായൽ കയ്യേറ്റം കണ്ടുപിടിക്കാൻ ഉപഗ്രഹ സഹായത്തോടെ സർവ്വേ നടത്താൻ റവന്യൂ വകുപ്പ് തീരുമാനിച്ചിട്ടില്ല.

(ബി) പത്തനംതിട്ട, വയനാട്, പാലക്കാട്, ഇടുക്കി ജില്ലകളിൽ കായലുകൾ ഇല്ല. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, കോട്ടയം, മലപ്പുറം എന്നീ ജില്ലകളിൽ കായലുകളുടെ വിസ്തൃതി കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

(സി) കായൽ കയ്യേറ്റം റിപ്പോർട്ട് ചെയ്തിട്ടുള്ള കേസുകളിൽ കേരള ഭൂ സംരക്ഷണ നിയമം 1957 പ്രകാരം തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**അനധികൃത സാധൂകരിക്കലുകൾ**

280(1476) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വേ നമ്പറിലെ പിഴവ് തിരുത്താൻ അനുവദിച്ചിട്ടുള്ള ഉത്തരവിന്റെ മറവിൽ വൻകിടക്കാരും റിസോർട്ട് ഭൂമാഫിയകളും പതിച്ചുനൽകുവാൻ കഴിയാത്ത ഭൂമിക്ക് സാധുതയുള്ള പട്ടയങ്ങൾ നേടുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം അനധികൃത സാധൂകരിക്കലുകൾ തടയുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) സാധാരണക്കാരായ കർഷകർക്ക് ഉപകാരപ്രദമായ ഉത്തരവിന്റെ മറവിൽ തട്ടിപ്പ് നടത്തുന്നവർക്കെതിരെയും അതിന് കൂട്ടുനിൽക്കുന്നവർക്കെതിരെയും നിയമനടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല

(ബി) ശ്രദ്ധയിൽപ്പെട്ടാൽ ഇത്തരം അനധികൃത സാധൂകരിക്കൽ തടയുന്നതിനുള്ള കർശന നടപടി സ്വീകരിക്കുന്നതാണ്.

(സി) നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

**കരിപ്പുഴ കനാലിന്റെ വശങ്ങളിലെ കയ്യേറ്റം**

281(1477) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മെഗാടൂറിസം പദ്ധതിയുടെ ഭാഗമായി കായംകുളം കായലോര ടൂറിസം പദ്ധതികൾ അവസാനഘട്ടത്തിൽ എത്തിയിട്ടുള്ള സാഹചര്യത്തിൽ കായംകുളം കായലിന്റെ അനുബന്ധമായുള്ള കരിപ്പുഴ കനാലിന്റെ വശങ്ങളിലുള്ള സർക്കാർ പുറമ്പോക്ക് വസ്തു ചില സ്വകാര്യ വ്യക്തികൾ കൈവശം വച്ചിട്ടുള്ളത് പരിശോധിച്ച് ആയത് തിരിച്ചെടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

കായംകുളം വില്ലേജിൽ കരിപ്പുഴ കനാലിൽ ശ്രദ്ധയിൽപ്പെട്ടിട്ടുള്ള അനധികൃത കയ്യേറ്റത്തിന് KLC Act പ്രകാരം കേസ് ബുക്ക് ചെയ്ത് ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**മൂന്നാറിലെ വ്യാജ പട്ടയങ്ങളും അനധികൃത കയ്യേറ്റങ്ങളും**

282(1478) ശ്രീ. പി. ടി. തോമസ് :

ശ്രീ. അടൂർ പ്രകാശ് :

ശ്രീ. അനൂപ് ജേക്കബ്:

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാറിലെ വ്യാജ പട്ടയങ്ങൾ കണ്ടെത്തുന്നതിനും അനധികൃത കയ്യേറ്റക്കാരെ ഒഴിപ്പിക്കുന്നതിനും ഈ സർക്കാരിന് താല്പര്യമില്ലായെന്ന് ആക്ഷേപമുണ്ടായിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര വ്യാജപട്ടയങ്ങൾ റദ്ദ് ചെയ്തുവെന്നും എത്ര അനധികൃത കയ്യേറ്റക്കാരെ മൂന്നാറിൽ നിന്നും ഒഴിപ്പിച്ചുവെന്നും വെളിപ്പെടുത്തുമോ;

(സി) കെ.ഡി.എച്ച്., പള്ളിവാസൽ, ചിന്നക്കനാൽ വില്ലേജുകളിൽ സർക്കാർ ഭൂമി വ്യാപകമായി കയ്യേറിയതായി കണ്ടെത്തിയിട്ടും അത് ഒഴിപ്പിക്കുന്നതിന് നടപടി സ്വീകരിക്കാത്തത് എന്തുകൊണ്ടാണ് ;

(ഡി) മൂന്നാറിൽ വൻകിട ഭൂമി കയ്യേറ്റക്കാരെ കണ്ടെത്തി ഭൂമി തിരിച്ച് പിടിക്കുന്നതിനും യഥാർത്ഥ കുടിയേറ്റ കർഷകരെ സംരക്ഷിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) മൂന്നാറിൽ പട്ടയം നൽകുന്ന നടപടി പുനരാരംഭിച്ചിട്ടുണ്ടോ; എങ്കിൽ എത്ര പേർക്ക് പുതുതായി പട്ടയം നൽകിയെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം ജില്ലയിൽ വ്യാജ പട്ടയങ്ങൾ റദ്ദ് ചെയ്തിട്ടില്ലാത്തതാണ്. മൂന്നാർ മേഖലയിൽ നിന്നും 27 കയ്യേറ്റങ്ങൾ ഒഴിപ്പിച്ചിട്ടുണ്ട്.

(സി) കെ.ഡി.എച്ച്. പള്ളിവാസൽ, ചിന്നക്കനാൽ എന്നീ വില്ലേജുകളിലെ അനധികൃത കയ്യേറ്റം കണ്ടെത്തുന്നതിനും, ഒഴിപ്പിക്കുന്നതിനും 31-5-2010-ലെ സ.ഉ. (കൈ.)201/2010/ആർ.ഡി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഒരു സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടറെയും സ്പെഷ്യൽ റവന്യൂ ഓഫീസറെയും നിയമിക്കുകയും ടി പ്രദേശത്തെ അനധികൃത കയ്യേറ്റം കണ്ടെത്തി ഒഴിപ്പിച്ചു വരുന്നതുമാണ്. കൂടാതെ ടി ആവശ്യത്തിനായി ഭൂസംരക്ഷണ സേനയുടെയും പോലീസിന്റെയും സേവനവും ഉപയോഗപ്പെടുത്തിവരുന്നു.

(ഡി) ഇടുക്കി ജില്ലയിലെ സർക്കാർ ഭൂമിയിന്മേലുള്ള അനധികൃത കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെടുന്ന കേസുകളിൽ കെ.ഡി.എച്ച്. വില്ലേജിൽ 1971-ലെ കണ്ണൻ ദേവൻ മലകൾ (ഭൂമി വീണ്ടെടുക്കൽ) നിയമപ്രകാരവും മറ്റ് വില്ലേജുകളിൽ 1957-ലെ ഭൂസംരക്ഷണ നിയമം എന്നിവ പ്രകാരമുള്ള നടപടികളും (ഭൂസംരക്ഷണ നിയമം ഭേദഗതി 2009) ശിക്ഷാനടപടികളും സ്വീകരിച്ചുവരുന്നു. കൂടാതെ സർക്കാർ

ഭൂമിയിലുള്ള അനധികൃത പ്രവേശനങ്ങൾ തടയുന്നതിനായി സബ്ഡിവിഷൻ അധികാരികളുടെ മേൽനോട്ടത്തിൽ എല്ലാ താലൂക്കുകളിലും താലൂക്ക് തലത്തിൽ പ്രത്യേക സംഘം രൂപീകരിച്ച് ഭൂസംരക്ഷണ പ്രവർത്തനങ്ങൾ നിയന്ത്രിച്ചും ഏകോപിപ്പിച്ചും വരുന്നതാണ്.

(ഇ) പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**സർക്കാർ ഭൂമിയും തോട്ടഭൂമിയും സംരക്ഷിക്കുന്നതിനും അനധികൃത ഭൂമി കൈമാറ്റം തടയുന്നതിനുമായി നിയമനിർമ്മാണം**

283(1479) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഭൂമിയും തോട്ടഭൂമിയും സംരക്ഷിക്കുന്നതിനും അനധികൃത ഭൂമി കൈമാറ്റം തടയുന്നതിനുമായി നിയമനിർമ്മാണം നടത്തുന്നത് പരിഗണനയിലുണ്ടോ; എങ്കിൽ ഇത് ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) നിയമത്തിന്റെ അഭാവം അനധികൃത കയ്യേറ്റങ്ങൾ വർദ്ധിപ്പിക്കുമെന്ന് സർക്കാർ കരുതുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(സി) എങ്കിൽ നിയമനിർമ്മാണത്തിനായുള്ള സത്വര നടപടികൾ സർക്കാർ സ്വീകരിക്കുമോ?

ഉത്തരം

(എ-സി) സർക്കാർ ഭൂമിയും തോട്ടഭൂമിയും സംരക്ഷിക്കുന്നതിനും അനധികൃത ഭൂമി കൈമാറ്റം തടയുന്നതിനുമായുള്ള നിയമത്തിന്റെ അഭാവം അനധികൃത കയ്യേറ്റങ്ങൾ വർദ്ധിപ്പിക്കുമെന്ന് സർക്കാർ കരുതുന്നു. ആയതിനാൽ സർക്കാർ ഭൂമിയും തോട്ട ഭൂമിയും സംരക്ഷിക്കുന്നതിനും അനധികൃത ഭൂമികൈമാറ്റം തടയുന്നതിനുമായി (കേരള ലാൻഡ് ഗ്രാബിംഗ് (പ്രോഹിബിഷൻ) ആക്ട്) നിയമനിർമ്മാണം നടത്തുന്നതിനായി കരട് ബിൽ തയ്യാറാക്കുകയും ആയതിന് നിയമ വകുപ്പ് ലഭ്യമാക്കിയ അഭിപ്രായവും സഹിതം വിദഗ്ദ്ധോപദേശത്തിനായി അഡ്വക്കേറ്റ് ജനറലിന് സമർപ്പിച്ചിട്ടുണ്ട്.

**സർക്കാർഭൂമി കയ്യേറ്റം**

284(1480) ശ്രീ. വി. ടി. ബൽറാം:

ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർഭൂമി കയ്യേറ്റം ഓരോ ജില്ലയിലും എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) ഇതിൽ ഓരോ ജില്ലയിലും സർക്കാർ തിരിച്ചുപിടിച്ച ഭൂമി എത്രയാണെന്ന് വിശദമാക്കാമോ;

(സി) ബാക്കിയുള്ള ഭൂമി തിരിച്ചുപിടിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) സംസ്ഥാനത്തെ സർക്കാർ ഭൂമി കയ്യേറ്റങ്ങളുടെ എണ്ണവും തിരിച്ചുപിടിച്ച ഭൂമിയുടെ വിസ്തീർണ്ണവും ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | കയ്യേറ്റങ്ങളുടെ എണ്ണം | തിരിച്ചുപിടിച്ച ഭൂമിയുടെ വിസ്തീർണ്ണം (ഹെക്ടർ) |
|---|---|---|---|
| 1 | തിരുവനന്തപുരം | 110 | 4.60.91 |
| 2 | കൊല്ലം | 101 | 12.63.18 |
| 3 | പത്തനംതിട്ട | 192 | 3.20.06 |
| 4 | ആലപ്പുഴ | 594 | 5.82.93 |
| 5 | കോട്ടയം | 81 | 8.24.03 |
| 6 | ഇടുക്കി | 115 | 179.69.52 |
| 7 | എറണാകുളം | 169 | 2.46.71 |
| 8 | തൃശ്ശൂർ | 76 | 3.75.00 |
| 9 | മലപ്പുറം | 43 | 3.31.37 |
| 10 | പാലക്കാട് | 575 | 1.58.44 |
| 11 | കോഴിക്കോട് | 229 | 6.26.03 |
| 12 | വയനാട് | 153 | 4.71.31 |
| 13 | കണ്ണൂർ | 88 | 0.26.92 |
| 14 | കാസർഗോഡ് | 110 | 4.60.91 |
| | ആകെ | 2636 | 241.1732 (ഹെക്ടർ) |

(സി) സർക്കാർ ഭൂമിയിലെ അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് കേരള ഭൂസംരക്ഷണ നിയമം 1957 പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

താലൂക്ക് തലങ്ങളിൽ ഭൂരേഖാ തഹസിൽദാരുടെ നേതൃത്വത്തിലും ജില്ലാ തലങ്ങളിൽ (എൽ.ആർ) ഡെപ്യൂട്ടി കളക്ടർമാരുടെ നേതൃത്വത്തിലും സ്ക്വാഡുകൾ രൂപീകരിച്ച് കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിക്കുന്നുണ്ട്.

**റീ-സർവ്വേ രേഖകളിൽ പട്ടയഭൂമി തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നത് തിരുത്തുന്നതിന് നടപടി**

285(1481) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിൽ ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്തിൽ ആലച്ചൽക്കോണം വാർഡിലെ റീ-സർവ്വേ രേഖകളിൽ പട്ടയഭൂമി 'വിറകുവനം' എന്ന് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്ന എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ബി) ഇത്തരത്തിൽ 'വിറകുവനം' എന്ന ഗണത്തിൽ വരുന്ന എത്ര ഭൂമി പ്രസ്തുത പഞ്ചായത്തിൽ ഉണ്ട് ; വിശദവിവരം ലഭ്യമാക്കാമോ?

(സി) ഈ തെറ്റായ രേഖപ്പെടുത്തൽ കാരണം പൊതുജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഒറ്റശേഖരമംഗലം വില്ലേജിലെ ബ്ലോക്ക് 28-ൽ 8 ഹെക്ടർ 51 ആർ 55 ച.മീ. വസ്തുവും ബ്ലോക്ക് 29-ൽ 16 ഹെക്ടർ 84 ആർ 85 ച.കി.മീ. വസ്തുവും ബി.റ്റി.ആർ. പ്രകാരം വിറകുവനത്തിൽ ഉൾപ്പെട്ടിട്ടുണ്ട്.

(സി) ഇത്തരത്തിൽ പട്ടയ ഭൂമി തെറ്റായി വിറകുവനം എന്ന് രേഖപ്പെടുത്തിയിട്ടുള്ളതായി കക്ഷികളിൽനിന്നും പരാതി ലഭിക്കുന്ന മുറയ്ക്ക് കൈവശ രേഖകൾ പരിശോധിച്ചും സർവ്വേയറുടെ സേവനം ലഭ്യമാക്കിയും ടി ഭൂമി ഇനം മാറ്റി പട്ടയഭൂമിയാക്കി നൽകാറുണ്ട്.

**പട്ടയ വിതരണം**

286(1482) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പട്ടയങ്ങൾ വിതരണം ചെയ്തുവെന്ന് വിശദമാക്കുമോ:

(ബി) പുതുതായി എത്ര പട്ടയങ്ങൾ വിതരണം ചെയ്യുന്നതിനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) നിലവിൽ വിതരണം ചെയ്തതും പുതുതായി വിതരണത്തിന് തയ്യാറാക്കിയതുമായ പട്ടയങ്ങൾ ഏതൊക്കെ വില്ലേജുകളിൽ ഉൾപ്പെടുന്നതാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) കോട്ടയം, പത്തനംതിട്ട, മലപ്പുറം ജില്ലകളിൽ ഏതെല്ലാം വില്ലേജുകളിലെ പട്ടയവിതരണമാണ് കേസിൽ ഉൾപ്പെട്ടതുമൂലം തടസ്സപ്പെട്ടിരിക്കുന്നത്;

(ഇ) കോട്ടയം ജില്ലയിലെ ആലപ്രയിലെയും പത്തനംതിട്ട ജില്ലയിലെ പെരുംപെട്ടി പ്രദേശത്തെയും 1977 ന് മുമ്പുള്ള കൈവശക്കാർക്ക് പട്ടയം നൽകുന്നതിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ;

(എഫ്) പ്രസ്തുത തടസ്സം നീക്കി പട്ടയം വിതരണം ചെയ്യുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആകെ 62495 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്.

(ബി) പുതുതായി 7168 പട്ടയങ്ങൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) നിലവിൽ വിതരണം ചെയ്തതും പുതുതായി വിതരണത്തിന് തയ്യാറാക്കിയതുമായ പട്ടയങ്ങൾ ഏതൊക്കെ വില്ലേജുകളിൽ ഉൾപ്പെട്ടുവരുന്നു എന്നുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.+

(ഡി) കോട്ടയം ജില്ലയിൽ കാഞ്ഞിരപ്പള്ളി താലൂക്കിൽ മണിമല വില്ലേജിൽ ആലപ്ര പ്രദേശത്തെ പട്ടയ വിതരണം തടസപ്പെട്ടിരിക്കുന്നു. ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം പട്ടയം നൽകുന്നതിനായി ഏറ്റെടുത്ത പത്തനംതിട്ട ജില്ലയിലെ റാന്നി താലൂക്കിലെ വടശ്ശേരി വില്ലേജിലെ 52.02 ആർ സ്ഥലത്തിന്റെ പട്ടയവിതരണം ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ തടസ്സപ്പെട്ടിട്ടുള്ളതാണ്. മലപ്പുറം ജില്ലയിലെ നിലമ്പൂർ വില്ലേജിൽ കേസിൽ ഉൾപ്പെട്ടതുമൂലം പട്ടയവിതരണം തടസ്സപ്പെട്ടിട്ടുള്ള ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരമുള്ള 5 കേസുകൾ ഉണ്ട്.

(ഇ) ബഹുമാനപ്പെട്ട കേരള ഹൈക്കൊടതിയുടെ എം.എസ്.എ 01/81 നമ്പർ കേസിലെ വിധിയെത്തുടർന്ന് കോട്ടയം ജില്ലയിലെ ആലപ്ര പ്രദേശത്തെ

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പട്ടയവിതരണം തടസ്സപ്പെട്ടിട്ടുണ്ട്. ടി ഹൈക്കോടതി വിധിയിൽ 162/2018 നമ്പർ പ്രകാരം റിവ്യൂ ഹർജി ഫയൽ ചെയ്തിട്ടുണ്ട്. പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളി താലൂക്കിലെ പെരുമ്പെട്ടി വില്ലേജിലെ വലിയകാവ് വനഭൂമിയിന്മേൽ കോടതി കേസുകൾ നിലവിലുള്ളതിനാലും കേന്ദ്രസർക്കാരിന്റെ അനുമതി ലഭിച്ചിട്ടില്ലാത്ത തിനാലും ടി വനഭൂമിക്ക് പട്ടയം നൽകിയിട്ടില്ലാത്തതാകുന്നു.

(എഫ്) കോടതി കേസുകളുടെ അന്തിമവിധിക്കും കേന്ദ്ര സർക്കാരിന്റെ അനുമതിക്കും വിധേയമായി മാത്രമേ നടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ.

## പട്ടയഭൂമിയിലെ വാണിജ്യസ്ഥാപനങ്ങൾ

287(1483) <u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിക്കും വീട് വയ്ക്കുന്നതിനും നൽകിയ പട്ടയ ഭൂമിയിൽ നിർമ്മിച്ച വാണിജ്യ സ്ഥാപനങ്ങളെ ക്രമവൽക്കരിക്കുന്നതിനായി ഭൂമി പതിവ് ചട്ടം ഭേദഗതി ചെയ്യുന്നതിനായി തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പട്ടയഭൂമിയിലെ വാണിജ്യസ്ഥാപനങ്ങളുടെ നിർമ്മാണം ക്രമപ്പെടുത്തുന്നതിനുള്ള തീരുമാനത്തിന്റെ ആനുകൂല്യം പട്ടയഭൂമിയിൽ നിർമ്മിച്ച റിസോർട്ടുകൾക്കും ലഭ്യമാകുമോ; എങ്കിൽ അത് അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്നതിനുള്ള സാഹചര്യമുണ്ടാക്കുമോയെന്ന് പരിശോധിക്കുമോ ;

(സി) പാട്ടത്തിന് നൽകിയ ഭൂമിയെ സംബന്ധിച്ച് തീരുമാനം എടുക്കുന്നതിന് ഒരു സമിതിയെ നിയോഗിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ ?

<u>ഉത്തരം</u>

(എ & ബി) കൃഷിക്കും വീട് വയ്ക്കുന്നതിനും നൽകിയ പട്ടയഭൂമിയിൽ നിർമ്മിച്ച വാണിജ്യസ്ഥാപനങ്ങളെ ക്രമവത്കരിക്കുന്നത് സംബന്ധിച്ച് 17724/A2/2017/ റവ. നമ്പർ ഫയലിൽ പരിശോധിച്ചുവരുന്നു.

(സി) ഉണ്ട്. സർക്കാർഭൂമി പാട്ടത്തിന് നൽകിയിട്ടുള്ള കേസുകൾ പരിശോധിച്ച് ശിപാർശ സമർപ്പിക്കുന്നതിന് 18-2-2017-ലെ സ.ഉ. (എംഎസ്.) നമ്പർ 55/2017/റവ., 17-1-2018-ലെ സ. ഉ. (എംഎസ്.) നമ്പർ 15/2018/റവ. എന്നിവ പ്രകാരം സമിതി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**പട്ടയവിതരണത്തിലെ പുരോഗതി**

288(1484) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. ജെ. ജോസഫ് :
ശ്രീ. മോൻസ് ജോസഫ്:
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ പട്ടയവിതരണത്തിലെ പുരോഗതി വ്യക്തമാക്കാമോ;

(ബി) ഇടുക്കി, വയനാട് എന്നീ ജില്ലകളിലെ പട്ടയവിതരണത്തിൽ ഉണ്ടായിട്ടുള്ള കാലതാമസം പരിഹരിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) കയ്യേറ്റം ഒഴിപ്പിക്കുന്നതിന്റെ മറവിൽ വർഷങ്ങളായി താമസിച്ചുവരുന്ന കുടിയേറ്റ കർഷകരെ കുടിയിറക്കുവാൻ റവന്യൂ അധികൃതർ ശ്രമിക്കുന്നതായുള്ള പരാതിക്ക് പരിഹാരം കാണുവാൻ ശ്രമം നടത്തുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ വിവിധ ഇനങ്ങളിലായി 82495 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. പട്ടയവിതരണം ഊർജ്ജിതപ്പെടുത്തുന്നതിന് പട്ടയമേളകൾ സംഘടിപ്പിച്ചിട്ടുള്ളതാകുന്നു:

| ക്രമ നമ്പർ | ജില്ല | വിതരണം ചെയ്ത പട്ടയങ്ങളുടെ എണ്ണം |
|---|---|---|
| 1 | 2 | 3 |
| 1 | തിരുവനന്തപുരം | 635 |
| 2 | കൊല്ലം | 136 |
| 3 | പത്തനംതിട്ട | 128 |
| 4 | ആലപ്പുഴ | 316 |
| 5 | കോട്ടയം | 318 |
| 6 | ഇടുക്കി | 14310 |
| 7 | എറണാകുളം | 1984 |
| 8 | പാലക്കാട് | 5668 |

| 1 | 2 | 3 |
|---|---|---|
| 9 | തൃശ്ശൂർ | 17741 |
| 10 | മലപ്പുറം | 10169 |
| 11 | കോഴിക്കോട് | 5484 |
| 12 | വയനാട് | 695 |
| 13 | കണ്ണൂർ | 1559 |
| 14 | കാസർഗോഡ് | 3352 |
| | **ആകെ** | **62495** |

(ബി) ഇടുക്കി ജില്ലയിൽ പട്ടയവിതരണത്തിന് കാലതാമസം നേരിട്ടിട്ടില്ല. വയനാട് ജില്ലയിൽ ഭൂപതിവ് കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള കാലതാമസം നിമിത്തവും മറ്റു ചില നിയമ പ്രശ്നങ്ങൾമൂലവും പട്ടയവിതരണത്തിനുണ്ടായ കാലതാമസം നീക്കി പട്ടയ വിതരണ നടപടികൾ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്.

(സി) കയ്യേറ്റം ഒഴിപ്പിക്കുന്നതിന്റെ മറവിൽ വർഷങ്ങളായി താമസിച്ചുവരുന്ന കുടിയേറ്റ കർഷകരെ ഒഴിപ്പിക്കുന്നതിനുള്ള നടപടി റവന്യൂ അധികൃതർ സ്വീകരിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**പട്ടയം**

289(1485) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവളം നിയോജകമണ്ഡലത്തിലെ തീരദേശ വില്ലേജുകളായ പൂവാർ, കരുങ്കുളം, കോട്ടുകാൽ, വിഴിഞ്ഞം എന്നിവിടങ്ങളിൽ തീരദേശവാസികളായ മൽസ്യത്തൊഴിലാളികൾ മുപ്പത് വർഷത്തിലധികമായി സമുദ്രതീര പുറമ്പോക്കിൽ താമസിക്കുകയും അവർക്ക് പട്ടയം കിട്ടുന്നതിലേയ്ക്ക് അപേക്ഷിച്ച് നടപടികൾ പൂർത്തിയാക്കി രണ്ട് വർഷമായി റവന്യൂ വകുപ്പിൽ സർക്കാർ ഉത്തരവിനായി നൽകിയിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ആയിരത്തോളം വരുന്ന ഇവർക്ക് എന്നത്തേയ്ക്ക് പട്ടയം ലഭിക്കുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) ഉണ്ട്. കോവളം നിയോജകമണ്ഡലത്തിലെ തീരദേശ വില്ലേജുകളായ വിഴിഞ്ഞം, പൂവാർ, കരിങ്കുളം, കോട്ടുകാൽ എന്നിവിടങ്ങളിൽ

താമസിക്കുന്ന അർഹരായ സമുദ്രതീര പുറമ്പോക്കിൽ മുപ്പത് വർഷത്തിലധികമായി താമസിച്ചുവരുന്ന തീരദേശ മത്സ്യത്തൊഴിലാളികൾക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കൊച്ചി താലൂക്കിൽ ഇനാം പ്രോപ്പർട്ടിക്ക് പട്ടയം

290(1486) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പശ്ചിമ കൊച്ചിയിലെ ഇടക്കൊച്ചി, പള്ളുരുത്തി, തോപ്പുംപടി, രാമേശ്വരം വില്ലേജുകളിൽ ഇനാം പ്രോപ്പർട്ടിക്ക് പട്ടയം ലഭിക്കാത്തതിനാൽ ജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൊച്ചി താലൂക്കിൽ ഇനാം പ്രോപ്പർട്ടിക്ക് പട്ടയം ലഭിക്കുന്നതിനായുള്ള എത്ര അപേക്ഷകൾ ലഭ്യമായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇനാം പ്രോപ്പർട്ടി പോക്കുവരവ് ചെയ്യുന്നതിനുള്ള വിജ്ഞാപനത്തിന്റെ കാലാവധി 2018 ഡിസംബറിൽ അവസാനിക്കുമെന്നുള്ളത് കണക്കിലെടുത്ത് ഇനാം പ്രോപ്പർട്ടിക്ക് പട്ടയം നൽകുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ;

(ഡി) വിജ്ഞാപനത്തിന്റെ കാലാവധി ദീർഘിപ്പിച്ചു നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) കൊച്ചി താലൂക്കിൽ ആകെ 121 അപേക്ഷകളാണുള്ളത്.

(സി) അപേക്ഷ സ്വീകരിക്കുന്ന കാലാവധിയാണ് 2018 ഡിസംബറിൽ അവസാനിക്കുന്നത്. ഭൂമിയുടെ ഉടമസ്ഥരിൽ നിന്ന് ലഭിക്കുന്ന അപേക്ഷകളിൽ നടപടി പൂർത്തിയാക്കി പട്ടയം നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

## പട്ടയവും കൈവശാവകാശ രേഖയും

291(1487) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടയം, കൈവശാവകാശ രേഖ എന്നിവ എത്ര പേർക്ക് നൽകിയെന്ന് ജില്ല, താലൂക്ക് എന്നിങ്ങനെ തരംതിരിച്ച് വ്യക്തമാക്കുമോ;

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നൽകിയ പട്ടയം, കൈവശ രേഖ എന്നിവയുടെ താലൂക്ക് തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| ക്രമനമ്പർ | ജില്ല | താലൂക്ക് | പട്ടയത്തിന്റെ വിവരം | കൈവശ രേഖയുടെ വിവരം |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1 | തിരുവനന്തപുരം | തിരുവനന്തപുരം | 164 | 0 |
| | | നെയ്യാറ്റിൻകര | 237 | 0 |
| | | നെടുമങ്ങാട് | 21 | 0 |
| | | ചിറയൻകീഴ് | 14 | 1 |
| | | കാട്ടാക്കട | 40 | 0 |
| | | വർക്കല | 10 | 0 |
| 2 | കൊല്ലം | കൊല്ലം | 4 | 15 |
| | | കൊട്ടാരക്കര | 38 | 14 |
| | | കരുനാഗപ്പള്ളി | 25 | 5 |
| | | കുന്നത്തൂർ | 0 | 3 |
| | | പത്തനാപുരം | 0 | 1 |
| | | പുനലൂർ | 23 | 8 |
| 3 | പത്തനംതിട്ട | കോഴഞ്ചേരി | 0 | 0 |
| | | മല്ലപ്പള്ളി | 0 | 0 |
| | | അടൂർ | 3 | 0 |
| | | റാന്നി | 3 | 0 |
| | | തിരുവല്ല | 0 | 0 |
| | | കോന്നി | 0 | 0 |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| 4 | ആലപ്പുഴ | ചേർത്തല | 173 | 7 |
| | | അമ്പലപ്പുഴ | 67 | 10 |
| | | കുട്ടനാട് | 70 | 2 |
| | | കാർത്തികപ്പള്ളി | 1 | 4 |
| | | മാവേലിക്കര | 3 | 0 |
| | | ചെങ്ങന്നൂർ | 2 | 1 |
| 5 | കോട്ടയം | കോട്ടയം | 1 | 0 |
| | | ചങ്ങനാശ്ശേരി | 5 | 0 |
| | | കാഞ്ഞിരപ്പള്ളി | 52 | 0 |
| | | മീനച്ചിൽ | 0 | 0 |
| | | വൈക്കം | 0 | 0 |
| 6 | ഇടുക്കി | തൊടുപുഴ | 472 | 0 |
| | | ദേവികുളം | 541 | 0 |
| | | പീരുമേട് | 2128 | 0 |
| | | ഉടുമ്പൻചോല | 6141 | 0 |
| | | ഇടുക്കി | 5028 | 0 |
| 7 | എറണാകുളം | കണയന്നൂർ | 137 | 9 |
| | | പറവൂർ(നോർത്ത്) | 17 | 1 |
| | | ആലുവ | 31 | 1 |
| | | കുന്നത്തുനാട് | 63 | 56 |
| | | കൊച്ചി | 23 | 3 |
| | | മൂവാറ്റുപുഴ | 21 | 0 |
| | | കോതമംഗലം | 172 | 0 |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| 8 | തൃശ്ശൂർ | തൃശ്ശൂർ | 2291 | 1 |
| | | മുകുന്ദപുരം | 488 | 1 |
| | | തലപ്പിള്ളി | 4271 | 0 |
| | | കൊടുങ്ങല്ലൂർ | 194 | 0 |
| | | ചാവക്കാട് | 21 | 0 |
| | | ചാലക്കുടി | 632 | 0 |
| 9 | പാലക്കാട് | പാലക്കാട് | 25 | 0 |
| | | ചിറ്റൂർ | 119 | 0 |
| | | ആലത്തൂർ | 63 | 0 |
| | | ഒറ്റപ്പാലം | 604 | 0 |
| | | മണ്ണാർക്കാട് | 144 | 0 |
| | | പട്ടാമ്പി | 200 | 0 |
| 10 | മലപ്പുറം | ഏറനാട് | 1780 | 0 |
| | | നിലമ്പൂർ | 981 | 0 |
| | | പെരിന്തൽമണ്ണ | 2309 | 0 |
| | | തിരൂർ | 2128 | 0 |
| | | പൊന്നാനി | 1003 | 0 |
| | | തിരൂരങ്ങാടി | 1033 | 0 |
| | | കൊണ്ടോട്ടി | 935 | 0 |
| 11 | കോഴിക്കോട് | കോഴിക്കോട് | 42 | 0 |
| | | വടകര | 8 | 0 |
| | | കൊയിലാണ്ടി | 9 | 0 |
| | | താമരശ്ശേരി | 15 | 0 |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| 12 | വയനാട് | വൈത്തിരി | 46 | 14 |
| | | സുൽത്താൻ ബത്തേരി | 68 | 0 |
| | | മാനന്തവാടി | 38 | 47 |
| 13 | കണ്ണൂർ | കണ്ണൂർ | 0 | 0 |
| | | തലശ്ശേരി | 39 | 0 |
| | | തളിപ്പറമ്പ് | 146 | 0 |
| | | ഇരിട്ടി | 120 | 0 |
| 14 | കാസറഗോഡ് | കാസറഗോഡ് | 291 | 0 |
| | | ഹോസ്ദുർഗ് | 1007 | 0 |
| | | മഞ്ചേശ്വരം | 336 | 0 |
| | | വെള്ളരിക്കുണ്ട് | 348 | 150 |

**കോതമംഗലം മണ്ഡലത്തിലെ ഭൂമി കൈവശക്കാർക്ക് പട്ടയം**

292(1488) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം നിയമസഭാമണ്ഡലത്തിലെ കുട്ടമ്പുഴ, കല്ലേയിമേട്, മണികണ്ഠൻചാൽ, മാമലക്കണ്ടം, നേര്യമംഗലം, കീറുപ്പാറ, കവളങ്ങാട് പ്രദേശങ്ങളിലെ വനം ഭൂമി കൈവശക്കാർക്കും റവന്യൂ ഭൂമി കൈവശക്കാർക്കും പട്ടയം നല്കുന്ന നടപടിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) കുട്ടമ്പുഴ വില്ലേജിലെ കല്ലേലിമേട് - മണികണ്ഠൻചാൽ പ്രദേശത്ത് 1970-ന മുമ്പായി ഭൂമി കൈവശപ്പെടുത്തി കൃഷി ചെയ്ത് ജീവിക്കുന്നവരും കൈവശ രേഖ നല്കിയിട്ടുള്ളവരുമായ കൃഷിക്കാർക്ക് സർവ്വേ രേഖയിൽ ഹിൽമെൻ സെറ്റിൽമെന്റ് എന്ന് രേഖപ്പെടുത്തിയുട്ടുള്ളതുമൂലം പട്ടയം കിട്ടാതിരിക്കുന്ന സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) ആദിവാസികളാരും താമസിക്കാത്ത മേഖലയിൽ തെറ്റായി ഹിൽമെൻ സെറ്റിൽമെന്റ് എന്ന് രേഖപ്പെടുത്തിയ നടപടി പുനപരിശോധിച്ച് ഇടുക്കി പാക്കേജിന്റെ ഭാഗമായി പട്ടയം നല്കിയതുപോലെ കോതമംഗലം താലൂക്കിലെ പട്ടയ വിതരണ നടപടി ആരംഭിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) കോതമംഗലം നിയമസഭാ മണ്ഡലത്തിലെ കുട്ടമ്പുഴ, നേര്യമംഗലം, കീരമ്പാറ, കളവങ്ങോട് പ്രദേശങ്ങളിലെ വനഭൂമി കൈവശം വച്ച് വന്നിരുന്നതും സംയുക്ത പരിശോധന ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതുമായ 1371 പേർക്ക്

325.44.40 ഹെക്ടർ ഭൂമി പതിച്ച നൽകിയിട്ടുള്ളതാണ്. കല്ലേടിമേട്, മണികണ്ഠൻചാൽ പ്രദേശങ്ങളിൽപ്പെട്ട സംയുക്ത പരിശോധന ലിസ്റ്റിൽ ഉൾപ്പട്ടിട്ടുള്ളവർക്ക് ഭൂമി പതിച്ചനൽകിയിട്ടില്ലാത്തതാണ്. ടി ഭൂമി റീസർവ്വേയ്ക്ക് ശേഷം റവന്യൂ രേഖകളിൽ ഹിൽമെൻ സെറ്റിൽമെന്റ് എന്ന് രേഖപ്പെടത്തി യിട്ടുള്ളതിനാലാണ് പതിച്ച് നൽകാത്തത്.

മേൽപ്പറഞ്ഞിട്ടുള്ള വില്ലേജുകളിൽ റവന്യൂ ഭൂമി കൈവശം വച്ച് വന്നിരുന്നതിൽ എൽ.എ. കമ്മിറ്റി പാസ്സാക്കിയ 133 പേരിൽ 80 പേർക്ക് പട്ടയം അനുവദിച്ചിട്ടുള്ളതാണ്. ബാക്കിയുള്ളവ പതിവ് ലിസ്റ്റിൽ ഉൾപ്പെടുത്തി വരുന്ന മുറയ്ക്ക് പട്ടയം അനുവദിക്കുന്നതാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**നാദാപുരം മണ്ഡലത്തിലെ പട്ടയവിതരണം**

293(1489) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ ചെക്കിയാട് പ്രദേശത്തെ അരീക്കര കുന്നിൽ ബി.എസ്.എഫ്. കേന്ദ്രത്തിനും, സർക്കാർ വ്യവസായ പാർക്കിനുംവേണ്ടി പൊതുജനങ്ങളിൽ നിന്നും മിച്ചഭൂമിയായി ലാൻഡ് ബോർഡ് ഏറ്റെടുത്ത ഭൂമി തിരിച്ച് നൽകേണ്ട പട്ടയവിതരണം എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പട്ടയവിതരണം വൈകുന്നതിന്റെ കാരണം വിശദമാക്കാമോ ?

ഉത്തരം

(എ & ബി) ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ശ്രീ. കെ. പി. ഉദയവർമ്മരാജയും മറ്റുള്ളവരും ഫയൽ ചെയ്ത സി.ആർ.പി(എൽ.ആർ.) 65/2014 നമ്പർ കേസിൽ ഐ.എ.221/2014-ൽ 10-11-2014-ലെ ഉത്തരവ് പ്രകാരം ടി കേസിൽ ഇനിയൊരു ഉത്തരവ് ഉണ്ടാകുന്നതുവരെ സ്റ്റേ നിലവിലുണ്ട്. ആയത് നീങ്ങുന്ന മുറയ്ക്ക് മാത്രമേ പട്ടയ വിതരണം പൂർത്തീകരിക്കുവാൻ കഴിയുകയുള്ളൂ.

**വാമനപുരം നിയോജകമണ്ഡലത്തിൽ പട്ടയം ലഭിക്കാനുള്ള അപേക്ഷകൾ**

294(1490) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിന്റെ പരിധിയിലുള്ള പുറമ്പോക്ക് ഭൂമിയിൽ താമസിച്ചിരുന്നവർ പട്ടയം ലഭിക്കാനായി സമർപ്പിച്ച എത്ര അപേക്ഷകൾ നിലവിൽ പരിഗണനയിലുണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത അപേക്ഷകളുടെ നിലവിലെ സ്ഥിതി എന്താണ്;

(സി) അപേക്ഷകരുടെ വിശദവിവരങ്ങൾ നൽകാമോ?

<u>ഉത്തരം</u>

(എ) 3 അപേക്ഷകൾ.

(ബി) 1964-ലെ കേരള ഭൂപതിവ് ചട്ടം 24 പ്രകാരം പതിച്ചു നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) 1. ശ്രീമതി വാസന്തി, ചിലവിളക്കോണത്ത് പുത്തൻവീട്, കണിച്ചോട്, കുളച്ചൽ പി.ഒ.

2. ശ്രീമതി ഗീത, ചരുവിള പുത്തൻവീട്, അട്ടുപ്പുപാല, വാമനപുരം

3. ശ്രീ. രാജേന്ദ്രൻ നാടാർ, ജെസ്സി ഭവൻ, കണിച്ചോട്, കളമച്ചൽ പി.ഒ., വാമനപുരം.

മേൽവിവരിച്ചിട്ടുള്ള മൂന്ന് അപേക്ഷകരിൽ ഒരാളായ ശ്രീ. രാജേന്ദ്രൻ നാടാരുടെ അപേക്ഷയിന്മേൽ നെടുമങ്ങാട് തഹസിൽദാർ ലഭ്യമാക്കിയ റിപ്പോർട്ട് പിശോധിച്ചാൽ ടിയാന്റെ പേരിൽ പതിവ് ഭൂമികൾ ഉണ്ടെന്നും മകന് ആയത് കൈമാറ്റം ചെയ്തതായും കുറച്ച് ഭൂമി വിറ്റിട്ടുള്ളതായും വ്യക്തമായ സാഹചര്യത്തിൽ നിലവിലെ ഭൂമിപതിവ് നിയമപ്രകാരം ഭൂമി പതിച്ചുനൽകുവാൻ നിർവ്വാഹമില്ലെന്നുള്ള വിവരം അപേക്ഷകനെ അറിയിച്ചിട്ടുണ്ട്. ടി സാഹചര്യത്തിൽ പുറമ്പോക്ക് ഭൂമി പതിച്ചുനൽകുന്നതിനുള്ള രണ്ട് അപേക്ഷകൾ മാത്രമാണ് നിലവിൽ പരിഗണനയിലുള്ളത്.

## ആലത്തൂർ മണ്ഡലത്തിലെ പട്ടയ വിതരണം

295(1491) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലത്തൂർ മണ്ഡലത്തിൽ എത്ര പേർക്ക് പട്ടയം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പട്ടയം ലഭിച്ചവരുടെ വിവരങ്ങൾ വില്ലേജ് തിരിച്ച് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ആലത്തൂർ നിയമസഭാ മണ്ഡലത്തിലെ പരിധിയിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2 പേർക്ക് പട്ടയം നൽകിയിട്ടുണ്ട്.

(ബി)

| വില്ലേജ് | പേര് | മേൽവിലാസം |
|---|---|---|
| ആലത്തൂർ (ഭൂമി നൽകുന്നത് മുത്തൂർ-1 വില്ലേജിൽ) | ബാലസുബ്രഹ്മണ്യൻ | ദേവകി നിവാസ്, പ്ലാക്കപ്പറമ്പിൽ, കാട്ടുശ്ശേരി, ആലത്തൂർ. |
| എരിമയൂർ-1 | ചിന്ന | W/o. തങ്കൻ (L), ചുള്ളിമട, എരിമയൂർ. |

**അഞ്ചുചങ്ങല പ്രദേശത്ത് പട്ടയ വിതരണം**

296(1492) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഞ്ചുചങ്ങല പ്രദേശത്ത് താമസിക്കുന്ന പട്ടയരഹിതരായവർക്ക് പട്ടയം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഇവർക്ക് പട്ടയം ലഭ്യമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

ഉത്തരം

(എ) അഞ്ചുചങ്ങല പ്രദേശത്ത് വീടുവച്ച് താമസിക്കുന്ന 477 കുടുംബങ്ങൾക്ക് സർക്കാരിന്റെ 18-2-2016-ലെ സ. ഉ. (എംഎസ്.) 118/16 നമ്പർ ഉത്തരവ് പ്രകാരം പട്ടയം അനുവദിക്കാൻ ഉത്തരവായിരുന്നു. അനർഹർ എന്നു കണ്ടെത്തിയ ഒരു കുടുബത്തെ ഒഴിവാക്കി അർഹരായ 476 കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ ജില്ലാ കളക്ടർ മുഖാന്തരം സ്വീകരിച്ചുവരുന്നു.

(ബി) 1964-ലെ കേരള ഭൂപതിവ് ചട്ടങ്ങളിൽ ചട്ടം 24 പ്രകാരം നിബന്ധനകൾക്ക് ആവശ്യമായ ഇളവ് നൽകി ടി പ്രദേശത്തെ കൈവശക്കാർക്ക് പട്ടയം നൽകുന്നതിന് 18-2-2016-ലെ സ. ഉ. (എംഎസ്.) നമ്പർ 118/16/ആർ.ഡി. പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

**പട്ടയവിതരണത്തിന്റെ പുരോഗതി**

297(1493) ശ്രീ. മുല്ലക്കര രത്നാകരൻ:

ശ്രീമതി ഗീതാ ഗോപി:

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:

ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലാൻഡ് ട്രൈബ്യൂണലുകളിൽ കെട്ടിക്കിടക്കുന്ന കേസുകൾ തീർപ്പാക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ പട്ടയവിതരണത്തിന്റെ പുരോഗതി വ്യക്തമാക്കുമോ;

(സി) കേന്ദ്ര ഗവൺമെന്റിന്റെയും സുപ്രീം കോടതിയുടെയും അനുമതി ലഭിച്ച വനഭൂമിയിൽ അവശേഷിക്കുന്നവർക്ക് പട്ടയം നൽകുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന 12 ലാൻഡ് ട്രൈബ്യൂണലുകൾക്ക് പുറമേ ദേവസ്വങ്ങൾ ജന്മിയായി വരുന്ന കേസുകളിൽ ക്രയ സർട്ടിഫിക്കറ്റ് നൽകുന്നതിനായി ജില്ലകളിലെ ഭൂപരിഷ്കരണ ഡെപ്യൂട്ടി കളക്ടർ ഓഫീസറായ 17 ദേവസ്വം ലാൻഡ് ട്രൈബ്യൂണലും പ്രവർത്തിച്ചുവരുന്നു. ഏറ്റവും കൂടുതൽ കേസുകൾ തീർപ്പാക്കാൻ ബാക്കിയുള്ള തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, മലപ്പുറം, കണ്ണൂർ ജില്ലകളിലെ 29 സ്പെഷ്യൽ തഹസിൽദാർമാർക്ക് ലാൻഡ് ട്രൈബ്യൂണലിന്റെ അധിക ചുമതലയും നൽകിയിട്ടുണ്ട്. ലാൻഡ് ട്രൈബ്യൂണലിൽ ഉദ്യോഗസ്ഥരായി നിയമിക്കുന്നവരെ 2 വർഷത്തേയ്ക്ക് സ്ഥലം മാറ്റരുതെന്നും അവർ 2 വർഷം സർവ്വീസ് ശേഷിക്കുന്നവരും ആയിരിക്കണമെന്ന് 23-5-2017-ൽ ഉത്തരവ് നൽകുകയും ചെയ്തിട്ടുണ്ട്. ലാൻഡ് ട്രൈബ്യൂണലുകളിലെ റിപ്പോർട്ടിംഗ് ഓഫീസറായ റവന്യൂ ഇൻസ്പെക്ടറുടെ ജോലിഭാരവും സമബന്ധിതമായി റിപ്പോർട്ടുകൾ സമർപ്പിക്കാൻ കഴിയാത്തതും പരിഹരിക്കാൻ സംസ്ഥാനത്തെ മുഴുവൻ വില്ലേജ് ഓഫീസർമാരെയും ഇതിനായുള്ള ഡെസിഗ്നേറ്റഡ് ഓഫീസർമാരായി നിയമിച്ച് ഉത്തരവായിട്ടുണ്ട്. പാലക്കാട് ജില്ലയിൽ കാണം കേസുകൾ കൈകാര്യം ചെയ്യുന്നതിനായി ഭൂരേഖ തഹസിൽദാർമാരെ സെറ്റിൽമെന്റ് ഓഫീസറായി നിയമിച്ചിട്ടുണ്ട്. ഓരോ ലാൻഡ് ട്രൈബ്യൂണലും പ്രതിമാസം തീർപ്പാക്കേണ്ട കേസുകളുടെ ടാർജറ്റ് നിശ്ചയിച്ച് നൽകുകയും ആയത് ലാൻഡ് റവന്യൂ കമ്മീഷണർ, ലാൻഡ് ബോർഡ് സെക്രട്ടറി എന്നിവർ പ്രതിമാസ അവലോകനങ്ങളും നടത്തിവരുന്നു. ഇത്തരം നടപടികളിലൂടെ കേസ്

തീർപ്പാക്കുന്നതിലും ക്രയസർട്ടിഫിക്കറ്റ് വിതരണത്തിലും ഗണ്യമായ പുരോഗതി ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. മുൻവർഷങ്ങളിൽ പ്രതിവർഷം 14000-16000 വരെ കേസുകൾ തീർപ്പാക്കിയിരുന്ന സ്ഥാനത്ത് 1-4-2017 മുതൽ 31-3-2018 വരെ 53065 കേസുകൾ തീർപ്പാക്കാനും ഈ സർക്കാർ അധികാരത്തിൽ വന്നതുമുതൽ 2016-2018 കാലയളവിൽ 2 വർഷങ്ങളിൽ 72334 കേസുകൾ തീർപ്പാക്കാനും അതിൽ 42321 പട്ടയങ്ങൾ നൽകാനും കഴിഞ്ഞിട്ടുണ്ട്. 1963-ലെ കേരള ഭൂപരിഷ്കരണ നിയമം വകുപ്പ് 72B പ്രകാരം കക്ഷികൾക്ക് നേരിട്ട് ലാൻഡ് ട്രിബ്യൂണലിൽ ക്രയ സർട്ടിഫിക്കറ്റിനായി അപേക്ഷ നൽകുന്നതിനുള്ള സമയപരിധി അവസാനിച്ചിരുന്നു. ഈ കാലാവധി 31-12-2018 വരെ ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. കേസുകൾ സമയബന്ധിതമായി തീർപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചതിലൂടെ തിരുവനന്തപുരം, കൊല്ലം, കോട്ടയം, പത്തനംതിട്ട, ഇടുക്കി, ആലപ്പുഴ, വയനാട് ജില്ലകളിലെ കേസുകൾ 500-ൽ താഴെയായി കുറവ് വരുത്താൻ കഴിഞ്ഞിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ 62495 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്.

(സി) ബഹുമാനപ്പെട്ട സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ഭൂരഹിതരായ ആദിവാസികൾക്ക് വിതരണം ചെയ്യുന്നതിലേയ്ക്കായി കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭിച്ച 19000 ഏക്കർ ഭൂമി പാലക്കാട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ അഞ്ചു ജില്ലകളിൽ ഉൾപ്പെട്ടുവരുന്നതാണ്. ഇത് സംബന്ധിച്ച് നാളിതുവരെ ടി ജില്ലകളിൽ കൈക്കൊണ്ടിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ താഴെപ്പറയും പ്രകാരമാണ്:

പാലക്കാട്: നാളിതുവരെ 679 പേർക്കായി 628.15 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. ബാക്കി സ്ഥലം വിതരണം ചെയ്യുന്നതിനുള്ള സർവ്വേ നടപടികൾ അന്തിമഘട്ടത്തിലാണ്.

മലപ്പുറം: കേന്ദ്ര സർക്കാർ അനുമതി നൽകിയ സ്ഥലം നാളിതുവരെയും വനംവകുപ്പിൽ നിന്നും റവന്യൂ വകുപ്പിന് വിട്ടുകിട്ടിയിട്ടില്ല. അടിയന്തരമായി ടി സ്ഥലം റവന്യൂ വകുപ്പിൽ നിക്ഷിപ്തമാക്കാനുള്ള നടപടികൾ സ്വീകരിക്കുവാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

വയനാട്: പട്ടികവർഗ്ഗക്കാരുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് വയനാട് ജില്ലയിൽ ആകെ കണ്ടെത്തി വിതരണം ചെയ്യേണ്ട 7430 ഏക്കർ നിക്ഷിപ്ത വനഭൂമിയിൽ 7008 ഏക്കർ ഇതിനകം കണ്ടെത്തിയിട്ടുള്ളതും ബാക്കി 422 ഏക്കർ ഭൂമിയിൽ 142 ഏക്കർ ഭൂമി മുത്തങ്ങ ഭൂമി സമരത്തിൽ പങ്കെടുത്ത പട്ടികവർഗ്ഗക്കാർക്കായി കണ്ടെത്തുകയും അവശേഷിക്കുന്ന 280 ഏക്കർ ഭൂമിയുടെ സർവ്വേ നടപടികൾ പൂർത്തീകരിക്കുവാനുള്ളതുമാണ്.

കണ്ണൂർ: ഫോറസ്റ്റ്-റവന്യൂ-സർവ്വേ സ്പെഷ്യൽ ടീമിന്റെ സഹായത്തോട സർവ്വേ നടപടികൾ നടന്നുവരുന്നു.

കാസർഗോഡ്: ആകെ അനുമതി ലഭിച്ച 37.1873 ഹെക്ടർ ഭൂമിയിൽ 30.3520 ഹെക്ടർ വിതരണം ചെയ്തിട്ടുള്ളതും ബാക്കി ഭൂമിയുടെ സർവ്വേ നടപടികൾ പുരോഗമിച്ചുവരുന്നതുമാണ്.

**വൈപ്പിൻ മണ്ഡലത്തിലെ ഓഖി നാശനഷ്ടങ്ങൾ**

298(1494) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി ദുരന്തത്തെത്തുടർന്ന് വൈപ്പിൻ നിയോജകമണ്ഡലത്തിൽ എത്ര രൂപയുടെ നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) വൈപ്പിൻ നിയോജകമണ്ഡലത്തിലെ ഓഖി ദുരന്തബാധിത മേഖലയിൽ നാളിതുവരെ ചെലവഴിച്ച തുക എത്രയെന്നും ഏതൊക്കെ പ്രവൃത്തികൾക്കാണെന്നും വിശദമാക്കാമോ?

ഉത്തരം

(എ & ബി) ഓഖി ദുരന്തവുമായി ബന്ധപ്പെട്ട് വൈപ്പിൻ നിയോജക മണ്ഡലത്തിൽ ഉണ്ടായ നാശനഷ്ടങ്ങളുടെയും അനുവദിച്ച തുകയുടെയും വിവരങ്ങൾ തരംതിരിച്ച് സൂക്ഷിച്ചിട്ടില്ല. എറണാകുളം ജില്ലയിൽ കൊച്ചി താലൂക്കിൽ 26701 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 15 കി.ഗ്രാം അരി വീതം 400.515 മെട്രിക് ടൺ വിതരണം ചെയ്തിട്ടുള്ളതാണ്. കൂടാതെ 7-12-2017-ലെ ഭക്ഷ്യ പൊതുവിതരണ വകുപ്പ്, സ്പെഷ്യൽ സെക്രട്ടറിയുടെ 212/ഡി2/2017/ഭ.പൊ.വി.വ. നമ്പർ കത്തു പ്രകാരം 2017 ഡിസംബർ മാസത്തെ റേഷനും മത്സ്യത്തൊഴിലാളികൾക്ക് സൗജന്യമായി നൽകിയിട്ടുള്ളതാണ്.

കരയിൽവച്ച് മരണമടഞ്ഞ മത്സ്യത്തൊഴിലാളികൾ അല്ലാത്ത രണ്ടുപേരുടെ ആശ്രിതർക്ക് ധനസഹായമായി എസ്.ഡി.ആർ.എഫ്-ൽ നിന്ന് 4 ലക്ഷം രൂപ വീതവും പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 2 ലക്ഷം രൂപ വീതവും (ആകെ 12 ലക്ഷം രൂപ) അനുവദിച്ചിട്ടുള്ളതാണ്.

ആശ്വാസ ധനസഹായമായി 8540 കടുബങ്ങൾക്ക് 2000 രൂപ വീതം 1,70,80,000 രൂപ (ഒരു കോടി എഴുപത് ലക്ഷത്തി എൺപതിനായിരം രൂപ മാത്രം) ഫിഷറീസ് വകുപ്പ് മുഖേന വിതരണം നടത്തിയിട്ടുള്ളതാണ്.

കാണാതായ മത്സ്യത്തൊഴിലാളികളെ കണ്ടെത്തുന്നതിനായി തിരച്ചിൽ നടത്തുന്നതിന് 1,04,00,000 രൂപ (ഒരു കോടി നാല് ലക്ഷം രൂപ മാത്രം)ഫിഷറീസ് വകുപ്പിന് അനുവദിച്ചിരുന്നതും, ആയതിനാൽ 71,22,400 രൂപ (എഴുപത്തിയൊന്ന് ലക്ഷത്തി ഇരുപത്തിരണ്ടായിരത്തി നാനൂറ് രൂപ മാത്രം) ചെലവഴിച്ചിട്ടുള്ളതുമാണ്.

അടിയന്തര സാഹചര്യം നേരിടുന്നതിന് ദുരിതാശ്വാസ ക്യാമ്പുകളിലേയ്ക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ടി 15 ലക്ഷം രൂപ കൊച്ചി തഹസിൽദാർക്ക് എസ്.ഡി.ആർ.എഫ്.-ൽ നിന്നും അനുവദിച്ചിരുന്നതും 10,84,399 രൂപ (പത്ത് ലക്ഷത്തി എൺപത്തി നാലായിരത്തി മുന്നൂറ്റി തൊണ്ണൂറ്റിയൊമ്പത് രൂപ മാത്രം) ചെലവഴിച്ചിട്ടുള്ളതുമാണ്.

ജില്ലാ ദുരന്തനിവാരണ അതോറിറ്റി ഫണ്ടിൽ നിന്നും ജില്ലാ മെഡിക്കൽ ഓഫീസർക്ക് 2.5 ലക്ഷം രൂപയും ശുചിത്വ മിഷന് 3,44,350 രൂപ (മൂന്ന് ലക്ഷത്തി നാല്പത്തി നാലായിരത്തി മുന്നൂറ്റി അമ്പത് രൂപ മാത്രം)-യും തഹസിൽദാർമാർക്കായി 1,48,900 രൂപയും (ഒരു ലക്ഷത്തി നാൽപ്പത്തി എട്ടായിരത്തി തൊള്ളായിരം രൂപ മാത്രം) ദുരിതാശ്വാസ പ്രവർത്തനത്തിന്റെ ഭാഗമായി അനുവദിച്ച് നൽകിയിട്ടുള്ളതും ആയത് ചെലവഴിച്ചിട്ടുള്ളതുമാണ്.

ഓഖി ദുരന്തവുമായി ബന്ധപ്പെട്ട് വീടുകൾക്കുണ്ടായ നാശനഷ്ടങ്ങൾക്ക് 1,49,23,550 രൂപ (ഒരു കോടി നാൽപ്പത്തി ഒൻപത് ലക്ഷത്തി ഇരുപത്തി മൂവായിരത്തി അഞ്ഞൂറ്റി അമ്പത് രൂപ മാത്രം)-യും കൊച്ചി തഹസിൽദാർക്ക് അനുവദിച്ചിരുന്നതും ആയതിനാൽ 70,11,350 രൂപയും (എഴുപത് ലക്ഷത്തി പതിനൊന്നായിരത്തി മുന്നൂറ്റിയമ്പത് രൂപ മാത്രം) ചെലവഴിച്ചിട്ടുള്ളതുമാണ്.

**സൈക്ലോൺ ഷെൽറ്ററുകളുടെ നിർമ്മാണം**

299(1495) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചുഴലിക്കാറ്റ് പ്രതിരോധ പ്രവർത്തനം പ്രാവർത്തിക മാക്കിയിട്ടുണ്ടോയെന്നും വിവിധോദ്ദേശ സൈക്ലോൺ ഷെൽറ്ററുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ടോയെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരമുള്ള പുനരധിവാസ കേന്ദ്രങ്ങൾ ഏതൊക്കെ ജില്ലകളിലാണ് സ്ഥാപിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) പ്രകൃതിക്ഷോഭം ഉണ്ടാകുമ്പോൾ അഭയകേന്ദ്രങ്ങളായി ഉപയോഗിക്കുന്ന സ്കൂളുകൾക്ക് സമീപം പ്രസ്തുത പുനരധിവാസകേന്ദ്രങ്ങൾ നിർമ്മിക്കുന്നതിന് മുൻഗണന നൽകുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ചുഴലിക്കാറ്റ് പ്രതിരോധ പ്രവർത്തങ്ങളുടെ ഭാഗമായി സൈക്ലോൺ ഷെൽറ്ററുകളുടെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുന്നു. ലോകബാങ്കിന്റെ ധനസഹായത്തോടെയാണ് സംസ്ഥാനത്ത് ഈ പദ്ധതി നടപ്പിലാക്കുന്നത്.

(ബി) കടലോര ജില്ലകളായ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, മലപ്പുറം, കണ്ണൂർ, കാസർഗോഡ് എന്നിവിടങ്ങളിലാണ് പുനരധിവാസ കേന്ദ്രങ്ങൾ നിർമ്മിക്കാൻ തീരുമാനിച്ചിട്ടുള്ളത്.

(സി) അഭയ കേന്ദ്രങ്ങളായി ഉപയോഗിക്കുന്ന സ്കൂളുകൾക്ക് സമീപമാണ് പുനരധിവാസ കേന്ദങ്ങൾ പണിയാൻ ഉദ്ദേശിച്ചിട്ടുള്ളത്. ആകെ പണിയാൻ തീരുമാനിച്ച 27 സൈറ്റുകളിൽ 12 എണ്ണം സ്കൂൾ കോമ്പൗണ്ടിലാണ്. ഇതിൽ 9 എണ്ണവും അഭയ കേന്ദ്രങ്ങളായി പ്രവർത്തിക്കുന്ന സ്കൂളുകളാണ്.

**ദുരന്തനിവാരണ വിഭാഗം മുഖേന നടപ്പാക്കുന്ന ഫ്ലഡ് പ്രവൃത്തികൾ**

300(1496) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിന് കീഴിലുള്ള ഡിസാസ്റ്റർ മാനേജ്മെന്റ് വിഭാഗം വഴി നടപ്പാക്കുന്ന ഫ്ലഡ് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്താൻ ചെറുകിട കരാറുകാർ വിമുഖത കാണിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) പ്രവൃത്തികൾ കഴിഞ്ഞ് ബില്ല് മാറിക്കിട്ടാൻ എന്തെങ്കിലും കാലതാമസം നിലനിൽക്കുന്നുണ്ടോ;

(സി) പണം ലഭ്യമാക്കി നൽകുന്നതിൽ കാലതാമസം വരുന്നില്ല എന്ന് ഉറപ്പുവരുത്താനുള്ള നിർദ്ദേശങ്ങൾ സർക്കാരിന്റെ ഭാഗത്ത് നിന്നും നൽകുമോ?

<u>ഉത്തരം</u>

(എ) ചില ജില്ലകളിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി & സി) പ്രവൃത്തി പൂർത്തീകരിച്ച് നടപടിക്രമങ്ങൾ പൂർത്തിയാക്കി ബിൽ സമർപ്പിക്കുന്നത് പ്രകാരമുള്ള മുൻഗണനാക്രമം അനുസരിച്ചാണ് ബിൽ തുക

അനുവദിച്ചുവരുന്നത്. ഭരണാനുമതി കാലാവധിക്കുള്ളിൽ പ്രവൃത്തി ആരംഭിക്കുകയും ഭരണാനുമതി കാലാവധിക്കുശേഷം പ്രവൃത്തി പൂർത്തിയാക്കുകയും ബിൽ സമർപ്പിക്കുകയും ചെയ്തിട്ടുള്ള പ്രവൃത്തികളിൽ കാലതാമസത്തിനുള്ള കാരണം സഹിതം പ്രത്യേക അപേക്ഷകൾ സമർപ്പിക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത അപേക്ഷകൾ പ്രത്യേകം പരിശോധിച്ച് തീരുമാനം എടുക്കാറുണ്ട്. ബിൽ തുക സമയബന്ധിതമായി അനുവദിക്കുന്നതിനുള്ള വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ 27-3-2018-ലെ സ.ഉ. (കൈ.) നമ്പർ 3/2018/ ഡി.എം.ഡി. നമ്പർ ഉത്തരവ് പ്രകാരം എല്ലാ ജില്ലാ കളക്ടർമാർക്കും നൽകിയിട്ടുണ്ട്.

### കോന്നി മണ്ഡലത്തിലെ റിവർ മാനേജ്മെന്റ് ഫണ്ട് പാലങ്ങൾ

301(1497) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് കോന്നി മണ്ഡലത്തിൽ പാലങ്ങൾ നിർമ്മിക്കുന്നതിനെടുത്ത തീരുമാനപ്രകാരം പ്രവർത്തനങ്ങളുടെ നിലവിലെ അവസ്ഥ എന്തെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഏതെങ്കിലും പാലത്തിന്റെ പണി പൂർത്തികരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദീകരിക്കുമോ;

(സി) നിലവിലുള്ള തടസ്സങ്ങൾ നീക്കി അടിയന്തരമായി പാലങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകുമോ;

(ഡി) ഓരോ പാലത്തിന്റെയും നിർമ്മാണത്തിൽ നിലനിൽക്കുന്ന തടസ്സങ്ങളും ആയത് പരിഹരിക്കുവാൻ സർക്കാർ നാളിതുവരെ കൈക്കൊണ്ടിട്ടുള്ള പ്രവർത്തനങ്ങളും വ്യക്തമാക്കുമോ;

(ഇ) എന്നത്തേയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുമെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് കോന്നി മണ്ഡലത്തിലെ പാലങ്ങളായ കൈപ്പട്ടൂർ പാലം-66 ശതമാനം, തുപ്പാറ പാലം-63 ശതമാനം, ചിറ്റൂർ കടവ് പാലം-29.75 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) പാലങ്ങളുടെ പണികൾ പൂർണ്ണമായിട്ടില്ല. പാലം പണികൾക്ക് ആവശ്യമായ ഫണ്ട് പത്തനംതിട്ട ജില്ലാ കളക്ടറുടെ ആർ.എം.എഫ്. അക്കൗണ്ടിൽ ലഭ്യമാകാത്തതിനാൽ പണികൾ പൂർത്തീകരിക്കുവാൻ സാധിച്ചിട്ടില്ല.

(സി-ഇ) ലാൻഡ് റവന്യൂ കമ്മീഷണറുടെ 28-5-2018-ലെ എൽ.ആർ.1 13683/18-ാം നമ്പർ റിപ്പോർട്ട് പ്രകാരം ജില്ലാ കളക്ടറുടെ അംഗീകാരമില്ലാതെ കരാറിൽ ഏർപ്പെട്ടതിനാലും സൈറ്റ് കൈമാറിയത് സംബന്ധിച്ച് ക്രമക്കേടുകൾ ഉള്ളതിനാലും പ്രസ്തുത പാലങ്ങളുടെ പണി തുടരുന്നത് സംബന്ധിച്ച് നിയമോപദേശം തേടേണ്ടതുണ്ടെന്ന് സ്റ്റേറ്റ് ഹൈലെവൽ കമ്മിറ്റി യോഗം തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ നിയമ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിരിക്കുകയാണ്.

ഫണ്ടിന്റെ അപര്യാപ്തത പാലം പണിക്ക് തടസ്സമായിരുന്നു. മലപ്പുറം ജില്ലയില RMF- ൽ നിന്നും പത്തനംതിട്ട ജില്ലയിലേയ്ക്ക് തുക കൈമാറാൻ ഉത്തരവ് നൽകിയെങ്കിലും മലപ്പുറം ജില്ലയിലെ TSB അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ടായിരുന്ന തുക സംസ്ഥാന സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്ക് കൈമാറിയ സാഹചര്യത്തിൽ പത്തനംതിട്ട ജില്ലയ്ക്ക് ഫണ്ട് കിട്ടാതെ വന്നു. ഈ പ്രതിസന്ധി പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഭാരതപ്പുഴയുടെ വലതുകര നിർമ്മാണം**

302 (1498) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിലെ പിഷാരക്കൽ ദുർഗ്ഗാ ഭഗവതി ക്ഷേത്രത്തിനുസമീപം ഭാരതപ്പുഴയുടെ വലതുകര നിർമ്മാണത്തിനുവേണ്ടി ആർ.എം.എഫ്. പദ്ധതിയിൽപ്പെടുത്തിയ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രൊപ്പോസലിന് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഇതുസംബന്ധിച്ച് റവന്യൂ വകുപ്പിലുള്ള ഫയലിന്റെ മുഴുവൻ വിവരങ്ങളും ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിലെ പിഷാരക്കൽ ദുർഗ്ഗാ ഭഗവതി ക്ഷേത്രത്തിനു സമീപം ഭാരതപ്പുഴയിൽ വലതുകര സംരക്ഷണ ഭിത്തി നിർമ്മാണം എന്ന പ്രവൃത്തി 3-11-2017-ൽ നടന്ന സ്റ്റേറ്റ് ഹൈ ലെവൽ കമ്മിറ്റി യോഗത്തിൽ ഉൾപ്പെടുത്തി പരിശോധിക്കുകയും പ്രോപ്പോസലിൽ ചില മാറ്റങ്ങൾ നിർദ്ദേശിച്ചുകൊണ്ട് പുതുക്കിയ പ്രൊപ്പോസൽ സമർപ്പിക്കുവാൻ ആവശ്യപ്പെടുകയും

ചെയ്തു. എന്നാൽ പുതുക്കിയ പ്രൊപ്പോസൽ ജില്ലാ കളക്ടറിൽ നിന്നും ലഭിച്ചിട്ടില്ലാത്തതിനാൽ ഭരണാനുമതി നൽകിയിട്ടില്ല.

(സി) സംസ്ഥാന ഉന്നതതല സമിതിയുടെ യോഗ തീരുമാനപ്രകാരം മൂന്നംഗ സബ് കമ്മിറ്റി അംഗങ്ങൾ സൈറ്റ് സന്ദർശിച്ച് പരിശോധനാ റിപ്പോർട്ട് 3-11-2017-ലെ സംസ്ഥാന ഉന്നതതല സമിതി യോഗത്തിൽ സമർപ്പിക്കുകയുണ്ടായി. ടി പ്രദേശത്ത് 2 മുതൽ 3 മീറ്റർ പൊക്കത്തിൽ സംരക്ഷണ ഭിത്തി കെട്ടിയാൽ മതിയാകുമെന്നും എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുള്ള ഭാഗത്തിന് പുറമേയുള്ള ബാക്കി ഭാഗത്തും സംരക്ഷണം ആവശ്യമാണെന്നും നദീതടത്തിൽ ജൈവ സംരക്ഷണ പ്രവർത്തനങ്ങൾ ചെയ്യേണ്ടതാണെന്നും സബ് കമ്മിറ്റി നിർദ്ദേശിച്ചു. ഇതിന്റെ അടിസ്ഥാനത്തിലുള്ള പുതുക്കിയ എസ്റ്റിമേറ്റാണ് ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിരിക്കുന്നത്. ഇത്തരത്തിൽ പുതുക്കിയ പ്രൊപ്പോസൽ നാളിതുവരെ ലഭിച്ചിട്ടില്ല.

## കൃഷിഭൂമി കാർഷികേതര ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്താൻ ഇളവുകൾ

303(1499) ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-ലെ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം കൃഷിഭൂമി കാർഷികേതര ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്താൻ ഏതെങ്കിലും വിധത്തിലുള്ള ഇളവുകൾ അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ബേസിക്ക് തണ്ടപ്പേർ രജിസ്റ്ററിൽ (ബി.റ്റി.ആർ.) നിലം എന്ന് രേഖപ്പെടുത്തിയതും പ്രത്യക്ഷത്തിൽ കൃഷിഭൂമി അല്ലാത്തതുമായ ഭൂമി കാർഷികേതര ആവശ്യങ്ങൾക്ക് (ഭവനനിർമ്മാണം ഉൾപ്പെടെ) ഉപയോഗിക്കാൻ അനുവാദം നല്കുന്നുണ്ടോ;ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ബി.റ്റി.ആറിൽ കൃഷിഭൂമി എന്ന് രേഖപ്പെടുത്തിയിട്ടുള്ളതും എന്നാൽ ഡേറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ടില്ലാത്തതുമായ ഭൂമിയിൽ ഭവനനിർമ്മാണത്തിന് അനുമതി നല്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ) 2017-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ഓർഡിനൻസ് വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ ഉടമസ്ഥന് അപ്രകാരമുള്ള ഭൂമി, വീട് വയ്ക്കുന്നതിനുള്ള ആവശ്യത്തിനോ വാണിജ്യാവശ്യങ്ങൾക്കോ മറ്റ് ആവശ്യങ്ങൾക്കോ ഉപയോഗിക്കാൻ അനുവദിക്കുന്നുണ്ട്.

(ബി & സി) 2017-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ഓർഡിനൻസ് പ്രകാരം ബി.റ്റി.ആർ.-ൽ നിലം/കൃഷിഭൂമി എന്ന് രേഖപ്പെടുത്തിയിയതും എന്നാൽ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം തയ്യാറാക്കി പ്രസിദ്ധപ്പെടുത്തിയ ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്തതുമായ ഭൂമിയിൽ ഭവന നിർമ്മാണം ഉൾപ്പെടെയുള്ള ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ അനുവദിക്കുന്നുണ്ട്.

**തണ്ണീർത്തട സംരക്ഷണ നിയമം**

304(1500) <u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വയലുകളുടെ വിസ്തൃതി കഴിഞ്ഞ നാല്പത് വർഷത്തിനിടയിൽ 7.54 ലക്ഷം ഹെക്ടറിൽ നിന്നും 1.9 ലക്ഷം ഹെക്ടറായി ചുരുങ്ങിയതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഈ കാലയളവിൽ തണ്ണീർത്തടങ്ങൾ 49 ശതമാനം കുറഞ്ഞുവെന്നത് ഗൗരവമായി എടുത്തിട്ടുണ്ടോ;

(സി) നിലവിലുള്ള വയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കുന്നതിന് എന്ത് കർമ്മ പദ്ധതികളാണ് സർക്കാർ ആലോചിക്കുന്നത്;

(ഡി) തണ്ണീർത്തട സംരക്ഷണ നിയമത്തിൽ കൂടുതൽ ഇളവ് നൽകുന്നത് സ്ഥിതി സങ്കീർണ്ണമാക്കുമെന്നതിനാൽ ഇത് പുനഃപരിശോധിക്കുമോ?

<u>ഉത്തരം</u>

(എ) നെല്ലും അവശ്യ ഭക്ഷ്യവസ്തുക്കളും കൃഷി ചെയ്യുന്നതിൽ നിന്നും നാണ്യവിളകൾ കൃഷി ചെയ്യുന്നതിലേയ്ക്കുള്ള ചുവടുമാറ്റം നിമിത്തവും ഗാർഹികാവശ്യങ്ങൾക്കായും വ്യവസായ വാണിജ്യാവശ്യങ്ങൾക്കായും നെൽവയലുകൾ നികത്തിയതു നിമിത്തവും സംസ്ഥാനത്തെ നെൽവയലുകളുടെ വിസ്തൃതി വളരെയധികം ചുരുങ്ങിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ തണ്ണീർത്തടങ്ങളുടെ വിസ്തൃതിയിൽ ഗണ്യമായ കുറവ് സംഭവിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) സംസ്ഥാനത്തെ നെൽവയലുകളും നീർത്തടങ്ങളും സംരക്ഷിക്കുകയും, അവ പരിവർത്തനപ്പെടുത്തുകയും, രൂപാന്തരപ്പെടുത്തുകയും ചെയ്യുന്നത് നിയന്ത്രിക്കുക എന്നീ ഉദ്ദേശ്യത്തോടെ നടപ്പിലാക്കിയ കേരള തണ്ണീർത്തട സംരക്ഷണ നിയമം സംസ്ഥാനത്തൊട്ടാകെ കർശനമായി നടപ്പിലാക്കിവരുന്നുണ്ട്. ഈ നിയമപ്രകാരം

നെൽവയലുകളുടെയും തണ്ണീർത്തടങ്ങളുടെയും ഡാറ്റാബാങ്ക് തയ്യാറാക്കി പ്രസിദ്ധീകരിക്കുകയും, അതിലുൾപ്പെട്ടുവരുന്ന ഭൂമിയുടെ സംരക്ഷണം ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ കർശനമായി നിരീക്ഷിക്കുകയും, സംരക്ഷണം ഉറപ്പു വരുത്തുകയും ചെയ്യുന്നു. നിയമലംഘനം തടയുന്നതിനായി അവധി ദിസങ്ങളിലുൾപ്പെടെ സ്ക്വാഡുകൾ പ്രവർത്തിച്ചുവരുന്നതും നിയമലംഘനങ്ങൾ ശ്രദ്ധയിൽപ്പെട്ട കേസുകളിൽ സ്റ്റോപ്പ് മെമ്മോ നൽകുകയും, അനധികൃതമായി പരിവർത്തനം ചെയ്ത നെൽവയലുകൾ പൂർവ്വസ്ഥിതിയിലാക്കുന്നതിനുള്ള ഉത്തരവുകൾ നൽകുകയും വാഹനം കണ്ടുകെട്ടുന്നതിന് ഭൂവുടമയ്ക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിയ്ക്കുന്നതുൾപ്പെടെയുള്ള നടപടികൾ ഫലപ്രദമായി സ്വീകരിച്ചു വരുന്നു.

(ഡി) നിലവിൽ തണ്ണീർത്തടമായി സ്ഥിതിചെയ്യുന്ന ഭൂമി പരിവർത്തന പ്പെടുത്തുന്നതിനോ നിർമ്മാണ പ്രർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നതിനോ യാതൊരു വിധത്തിലുമുള്ള ഇളവുകളും ഇപ്പോൾ നൽകിയിട്ടില്ല. എന്നാൽ നെൽവയലായിട്ടുള്ള ഭൂമി പൊതു അവശ്യത്തിന് ഉപയോഗിക്കുന്നതിന് വ്യവസ്ഥകൾക്ക് വിധേയമായി അനുമതി നൽകുന്നതിനാണ് നിയമത്തിൽ ഇളവ് അനുവദിച്ചിട്ടുള്ളത്.

**നെൽവയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കാൻ നടപടി**

305(1501) ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. കെ. രാജൻ:
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അവശേഷിക്കുന്ന നെൽവയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കുന്നതിന് ഈ സർക്കാർ നടത്തിവരുന്ന ശ്രമങ്ങൾ വിശദമാക്കുമോ;

(ബി) ഡാറ്റാ ബാങ്ക് സംബന്ധിച്ച ആക്ഷേപങ്ങൾ പരിശോധിക്കുന്നതിന് നെൽവയൽ-തണ്ണീർത്തട സംരക്ഷണ ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) 2008-ന് മുൻപ് നികത്തപ്പെട്ടതും ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്തതും നിലവിൽ കൃഷിയില്ലാത്തതുമായ ഭൂമി തരംമാറ്റുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഇത്തരത്തിൽ ഭൂമി തരംമാറ്റുന്നതിന് ചുമത്തുന്ന ചാർജ്ജ് നെൽകൃഷി പ്രോത്സാഹനത്തിനുള്ള ഫണ്ടായി നീക്കിവയ്ക്കുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നെൽവയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കുന്നതിനായി 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണനിയമം സംസ്ഥാനത്തൊട്ടാകെ കർശനമായി നടപ്പിലാക്കിവരുന്നു. നിയമലംഘനം തടയുന്നതിനായി അവധി ദിവസങ്ങളിൽ ഉൾപ്പെടെ സ്ക്വാഡുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. നിയമലംഘനങ്ങൾ ശ്രദ്ധയിൽപ്പെടുന്ന കേസുകളിൽ സ്റ്റോപ്പ് മെമ്മോ നൽകി ഭൂമി പരിവർത്തനം ചെയ്യുന്നത് തടയുകയും നെൽവയലുകൾ പൂർവ്വസ്ഥിതിയിലാക്കുന്നതിനുള്ള ഉത്തരവ് നൽകുകയും വാഹനങ്ങൾ കണ്ടുകെട്ടുകയും ഭൂവുടമയ്ക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

(ബി) ഉണ്ട്. പ്രസിദ്ധീകരിക്കപ്പെട്ട ഡാറ്റാ ബാങ്കുകളെ സംബന്ധിച്ച് ധാരാളം പരാതികളും ആക്ഷേപങ്ങളും ഉയർന്നുവന്ന സാഹചര്യത്തിലും ആയവ ബോധിപ്പിക്കുന്നതിന് കെരള നെൽവയൽ തണ്ണീത്തട സംരക്ഷണ ചട്ടങ്ങളിൽ വ്യവസ്ഥ ഇല്ലാത്തതിനാലും 4-4-2017-ലെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഡബ്ല്യു.എ. 571/2017-ാം നമ്പർ കേസിൽ ഇക്കാര്യം പരിശോധിക്കണമെന്ന് ഉത്തരവായ സാഹചര്യത്തിലും ഡാറ്റാ ബാങ്കിലെ തെറ്റായ വിവരംമൂലം സങ്കടം അനുഭവിക്കുന്ന വ്യക്തികൾക്ക് പുനഃപരിശോധനാ അപേക്ഷ സമർപ്പിക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി ഡാറ്റാ ബാങ്ക് പരിഷ്കരിച്ച് പ്രസിദ്ധീകരിക്കുന്നതിന് 30-5-2017-ലെ സ.ഉ.(പി) നമ്പർ 34/2017/റവന്യൂ നമ്പർ വിജ്ഞാപന പ്രകാരം 2008-ലെ കേരള നെൽവയൽ തണ്ണീത്തട സംരക്ഷണ ചട്ടങ്ങൾ ഭേദഗതി ചെയ്തു.

(സി) ഉണ്ട്. 2017-ലെ കേരള നെൽവയൽ തണ്ണീത്തട സംരക്ഷണ (ഭേദഗതി) ഓർഡിനൻസ് പ്രകാരം ചേർന്നുകിടക്കുന്ന ഭൂമിയിലെ നെൽകൃഷിയേയോ മറ്റ് ഏതെങ്കിലും വിളകളുടെ കൃഷിയേയോ ദോഷകരമായി ബാധിക്കാത്ത കേസുകളിൽ വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ സ്വഭാവ വ്യതിയാനം വരുത്തുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) ഈ ആക്ടിന് കീഴിൽ സമാഹരിക്കപ്പെടുന്ന എല്ലാ തുകയും ഒരു വികസന ഫണ്ടിലേയ്ക്ക് മാറ്റിവയ്ക്കുന്നതാണ്. ഈ തുക നെൽവയലോ, തണ്ണീത്തടമോ, വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയോ പൂർവ്വസ്ഥിതിയിലാക്കുന്നതിനും ആക്ടിലെ മറ്റാവശ്യങ്ങൾക്കും ഉപയോഗിക്കുന്നതാണ്.

**ഭൂമി ഏറ്റെടുക്കൽ നടപടി**

306(1502) <u>ശ്രീ. പി. ജെ. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊടുപുഴ നിയോജകമണ്ഡലത്തിലെ തൊടുപുഴ സ്റ്റേഡിയം, മുട്ടം ബൈപ്പാസ്, പുറപ്പുഴ- വഴിത്തല റോഡ് എന്നിവയുടെ ഭൂമി ഏറ്റെടുക്കൽ നടപടി ഏതുഘട്ടം വരെയായി എന്ന് വിശദമാക്കുമോ;

(ബി) കാലതാമസം ഒഴിവാക്കി ഭൂമി ഏറ്റെടുക്കൽ നടപടി ഊർജ്ജിതമാക്കുമോ യെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) തൊടുപുഴ നിയോജകമണ്ഡലത്തിലെ തൊടുപുഴ സ്റ്റേഡിയത്തിനുള്ള ഭൂമി ഏറ്റെടുക്കുന്നതിലേയ്ക്ക് 2013-ലെ RFCTLARR ആക്ട്, 2015-ലെ LARR Rules എന്നിവ പ്രകാരം ഏറ്റെടുക്കുന്നതിന്റെ മുന്നോടിയായി പ്രാരംഭ ചെലവുകൾക്കുള്ള തുക അർത്ഥനാധികാരി ഒടുക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ ഏറ്റെടുക്കൽ നടപടി ആരംഭിച്ചിട്ടില്ലാത്തതാണ്. അർത്ഥനാധികാരി പ്രാരംഭ ചെലവുകൾക്കായി തുക ഒടുക്കുന്നമുറയ്ക്ക് നിലവിലുള്ള മാനദണ്ഡങ്ങൾക്കനുസൃതമായി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

മുട്ടം ബൈപ്പാസ് റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് 2013-ലെ RFCTLARR ആക്ട് അനുസരിച്ച് ലഭിച്ച അർത്ഥനാപത്രം പൂർണ്ണമല്ലാത്തതും അനുബന്ധരേഖകൾ ഹാജരാക്കിയിട്ടില്ലാത്തതുമാണ്. ആയത് ലഭ്യമാക്കുന്നതിന് അർത്ഥനാധികാരിക്ക് കത്ത് നൽകിയിട്ടുള്ളതാണ്. അർത്ഥനാപത്രവും അനുബന്ധ രേഖകളും ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

പുറപ്പുഴ-വഴിത്തല റോഡിന്റെ ഭൂമി ഏറ്റെടുക്കുന്നതിനായി 2013-ലെ RFCTLARR ആക്ട് പ്രകാരമുള്ള അർത്ഥനാപത്രവും അനുബന്ധരേഖകളും അർത്ഥനാധികാരിക്ക് ലഭ്യമാക്കേണ്ടതുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് നിലവിലുള്ള മാനദണ്ഡങ്ങൾക്ക് അനുസൃതമായി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**കുട്ടിക്കാനത്തെ അമ്മച്ചിക്കൊട്ടാരം**

307(1503) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ മഹാരാജാവിന്റെ വേനൽക്കാല വസതിയായിരുന്ന ഇടുക്കി കുട്ടിക്കാനത്തെ അമ്മച്ചിക്കൊട്ടാരവും ഭൂമിയും അന്യാധീനപ്പെട്ടുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതുസംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത ഭൂമിയും കൊട്ടാരവും ഇപ്പോൾ ആരുടെ കൈവശമാണെന്നും നിലവിലെ കൈവശക്കാർക്ക് അത് ലഭിച്ചത് എപ്രകാരമാണെന്നും വിശദമാക്കുമോ;

(സി) കൈമാറ്റത്തിന്റെ നിയമസാധുതയെപ്പറ്റി ഉന്നതതല അന്വേഷണം വേണമെന്ന് ആർ.ഡി.ഒ. ശിപാർശ ചെയ്തിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ശിപാർശയുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ടി വിഷയത്തിൽ അന്വേഷണം നടത്തി റിപ്പോർട്ട് നൽകാൻ ലാൻഡ് റവന്യൂ കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) തിരുവിതാംകൂർ മഹാരാജാവായിരുന്ന ശ്രീ. ബാലരാമവർമ്മയുടെ വേനൽക്കാല വസതിയായിരുന്ന ഇടുക്കി ജില്ലയില പീരുമേട് വില്ലേജിലെ കുട്ടിക്കാനം കൊട്ടാരവും അതിനോട് ചേർന്നുള്ള 24 ഏക്കർ 50 സെന്റ് ഭൂമിയും കേരള ഭൂപരിഷ്കരണ നിയമത്തിലെ സെക്ഷൻ 81 പ്രകാരം മിച്ചഭൂമി കേസിൽ നിന്നും ഒഴിവാക്കി നൽകിയതാണ്. നിലവിലെ കൈവശക്കാർക്ക് പ്രസ്തുത ഭൂമി ലഭിച്ചത് രജിസ്റ്റർ ചെയ്ത പല ആധാരങ്ങളിലൂടെയാണ്. ആയത് സംബന്ധിച്ച വിശദമായ പരിശോധന ലാൻഡ് റവന്യൂ കമ്മീഷണർ നടത്തിവരുന്നു.

(സി) ഉണ്ട്. ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ അസിസ്റ്റന്റ് കമ്മീഷണർ (എൽ.എ)-യുടെ നേതൃത്വത്തിൽ ഒരു ടീം രൂപീകരിച്ച് അന്വേഷണം നടത്തിവരുന്നു.

**പൊതു ആവശ്യങ്ങൾക്കായി കൃഷിക്ക് ആഘാതം സംഭവിക്കാത്ത സ്ഥലങ്ങളിലെ നിർമ്മാണ അനുമതി**

308(1504) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു ആവശ്യങ്ങളുടെ വിഭാഗത്തിൽ റോഡ്, പാലം, ആശുപത്രികൾ എന്നിവയുടെ നിർമ്മാണ അനുമതിക്കായി ലഭിച്ച അപേക്ഷകളിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) നിലവിൽ കൃഷിഭൂമിയല്ലാത്ത സ്ഥലങ്ങളിലും കൃഷിക്ക് ആഘാതം സംഭവിക്കാത്ത സ്ഥലങ്ങളിലും ജനങ്ങളുടെ അടിസ്ഥാന ആവശ്യങ്ങളുടെ ഗണത്തിൽപ്പെടുന്ന റോഡിനുവേണ്ടി സമർപ്പിക്കുന്ന അപേക്ഷകൾ ഇല്ലാത്ത കാരണങ്ങൾ പറഞ്ഞ് നിരസിക്കുന്ന കാര്യം പരിശോധിക്കുമോ;

(സി) മലപ്പുറം ജില്ലയിൽ ഇത്തരത്തിൽ പൊതു ആവശ്യത്തിനായി ലഭിച്ച അപേക്ഷകൾ എത്ര; ഇതിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഡി) പരിശോധനയ്ക്കായി എത്തുന്ന ഉദ്യോഗസ്ഥർ പ്രദേശത്തിന്റെ അവസ്ഥയോ സാഹചര്യമോ പഠിക്കാതെ അപേക്ഷകൾ നിരുപാധികം നിരസിക്കുന്ന കാര്യം പരിശോധിക്കുമോ;

(ഇ) ഇരിമ്പിളിയം പഞ്ചായത്തിലെ തിരുനിലം-വെണ്ടല്ലൂർ റോഡിന്റെ ആവശ്യം റവന്യൂ വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; വിശദമായ വിവരം ലഭ്യമാക്കുമോ;

(എഫ്) റോഡ് നിർമ്മാണത്തിന് വേണ്ട അനുമതി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം തയ്യാറാക്കിയിട്ടുള്ള ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട ഭൂമി പൊതു ആവശ്യത്തിനായി രൂപാന്തരപ്പെടുത്തുന്നതിന് പ്രാദേശിക നിരീക്ഷണ സമിതികളിൽ അപേക്ഷ സമർപ്പിക്കേണ്ടതും ടി പ്രാദേശിക നിരിക്ഷണ സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനതല നിരീക്ഷണ സമിതി തീരുമാനം കൈക്കൊള്ളുന്നതുമാണ്. 2017-ലെ 41-ാം നമ്പർ ഓർഡിനൻസ് 27 എ(8) പ്രകാരം പൊതു ആവശ്യങ്ങൾക്കായി വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ പരിവർത്തനപ്പെടുത്തൽ ആവശ്യമാകുന്നിടത്ത് സമീപത്ത് നെൽവയൽ ഏതെങ്കിലുമുണ്ടെങ്കിൽ അതിലേയ്ക്കുള്ള സുഗമമായ നീരൊഴുക്കിനെ തടസ്സപ്പെടുത്തുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിന് സ്വീകരിക്കേണ്ട നടപടികൾ വിശദീകരിച്ചുകൊണ്ട് ആർ.ഡി.ഒ.-മാർ സർക്കാരിന് റിപ്പോർട്ട് നൽകുകയും ആയത് ഉറപ്പുവരുത്തുന്നതിന് ആവശ്യമായ ജലസംരക്ഷണ നടപടികൾ നിർദ്ദേശിക്കുന്നതുമാണ്.

(ബി) ശ്രദ്ധയിൽപ്പെടുന്നപക്ഷം പരിശോധിക്കുന്നതാണ്.

(സി) മലപ്പുറം ജില്ലയിൽ 4 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ആയതിന് റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി കൃഷി ഓഫീസർ, വില്ലേജ് ഓഫീസർ എന്നിവർക്ക് അയച്ചുകൊടുത്തിരിക്കുകയാണ്.

(ഡി) പരിശോധിക്കുന്നതാണ്.

(ഇ) പരിശോധിച്ചിട്ടുണ്ട്. ഇരിമ്പിളിയം പഞ്ചായത്തിലെ തിരുനിലം-വെണ്ടല്ലൂർ റോഡിന്റെ നിർമ്മാണം നെൽവയലിലൂടെ ആയതിനാൽ ബന്ധപ്പെട്ട പ്രാദേശിക നിരീക്ഷണ സമിതി മുമ്പാകെ അപേക്ഷ നൽകാവുന്നതാണെന്ന്

കാണിച്ച് 27-7-2018-ൽ അസിസ്റ്റന്റ് എഞ്ചിനീയർ എൽ.എസ്.ജി.ഡി. സബ്ഡിവിഷൻ, കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് എന്നിവർക്ക് മലപ്പുറം ജില്ലാ കളക്ടർ മറുപടി നൽകിയിട്ടുണ്ട്.

(എഫ്) പ്രാദേശിക നിരീക്ഷണ സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അനുയോജ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**ഐരവൺ വില്ലേജിൽ സിവിൽ സർവ്വീസ് അക്കാദമിക്ക് സ്ഥലം**

309(1505) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിൽ കോന്നി താലൂക്കിൽ ഐരവൺ വില്ലേജിൽപ്പെട്ട സ്ഥലം സിവിൽ സർവ്വീസ് അക്കാദമി നിർമ്മിക്കുന്നതിന് ലഭ്യമാക്കണമെന്ന് കാണിച്ച് അപേക്ഷ നൽകിയിട്ടുണ്ടോ; എങ്കിൽ എന്നാണ് നൽകിയത്; ഇതിന്മേൽ നാളിതുവരെ എന്തെല്ലാം തുടർനടപടികളാണ് സ്വീകരിച്ചതെന്ന് വിശദീകരിക്കാമോ;

(ബി) പ്രസ്തുത വിഷയത്തിൽ എന്തെല്ലാം തുടർനടപടികളാണ് കൈക്കൊള്ളാനുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) നടപടികൾ പൂർത്തീകരിച്ച് എന്നത്തേയ്ക്ക് സ്ഥലം വിട്ടുനൽകുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ-സി) പത്തനംതിട്ട ജില്ലയിൽ കോന്നി താലൂക്കിൽ ഐരവൺ വില്ലേജിൽപ്പെട്ട 16.19 ആർ സ്ഥലം സിവിൽ സർവ്വീസ് അക്കാദമി നിർമ്മിക്കുന്നതിനായി കൈമാറുന്നതിനുള്ള സ്റ്റേറ്റ് സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരള ഡയറക്ടറുടെ അപേക്ഷ 29-5-2018-ൽ ലാൻഡ് റവന്യൂ കമ്മീഷണർ മുഖേന ലഭ്യമാക്കിയിട്ടുണ്ട്. ടി വിഷയം എ 1/127/2018/റവ. എന്ന ഫയലിൽ പരിശോധിച്ചുവരുന്നു.

**മലപ്പുറം ഗവൺമെന്റ് വനിതാ കോളേജിനുള്ള സ്ഥലമെടുപ്പ്**

310(1506) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ഗവണ്മെന്റ് വനിതാ കോളേജിനുള്ള സ്ഥലമെടുപ്പ് നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകുമോ;

(ബി) വ്യവസായ വളർച്ചാ കേന്ദ്രത്തിൽ കോളേജിന് സ്വന്തമായി അനുവദിച്ച 5 ഏക്കർ ഭൂമി കൈമാറുന്നതിനുള്ള നടപടികൾ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) ഭൂമി കൈമാറ്റത്തിൽ ഇനിയും എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാനുള്ളത്; എന്നത്തേയ്ക്ക് കൈമാറാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ-സി) മലപ്പുറം ജില്ലയിൽ ഏറനാട് താലൂക്കിൽ പാണക്കാട് വില്ലേജിൽ 205/1, 205/2, 207/2 എന്നീ സർവ്വേ നമ്പരുകളിൽ കിടക്കുന്ന 5 ഏക്കർ ഭൂമി കൈമാറ്റത്തിനായി ജില്ലാ കളക്ടർ നൽകിയ പ്രൊപ്പോസൽ ലാൻഡ് റവന്യൂ കമ്മീഷണർ ലഭ്യമാക്കിയിരുന്നു. ഇക്കാര്യം പരിശോധിച്ചതിൽ കെ.എസ്.ഐ.ഡി.സി.-യുടെ ഇൻഡസ്ട്രീസ് ഗ്രോത്ത് സെന്റർ സ്ഥാപിക്കുന്നതിനായി ഏറ്റെടുത്തിട്ടുള്ള 251 ഏക്കറിൽനിന്നും 243.79 ഏക്കർ ഭൂമി INKID-ന് 90 വർഷം പാട്ടത്തിന് നൽകിയിരുന്നു എന്നും ടി ഭൂമിയിൽനിന്നും 25 ഏക്കർ ഭൂമി മലബാർ കാൻസർ സെന്റർ ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനും 5 ഏക്കർ ഭൂമി ഗവ. വനിതാ കോളേജ് സ്ഥാപിക്കുന്നതിനും വിട്ടുനൽകുവാൻ 3-2-2016-ലെ ജി. ഒ. (ആർടി.) 132/16/ID പ്രകാരം ഉത്തരവായിട്ടുണ്ട് എന്ന് വ്യക്തമായിരുന്നു. റവന്യൂ ഭൂമിയുടെ കൈമാറ്റം, കൈവശാവകാശം, ഭൂമി പതിവ് എന്നിവ റവന്യൂ വകുപ്പിൽ നിക്ഷിപ്തമാണ് എന്നതിനാൽ 3-2-2016-ലെ സർക്കാർ ഉത്തരവ് വ്യവസായ സമ്മതമായി കണക്കാക്കിക്കൊണ്ട് മലപ്പുറം ഗവ. വനിതാ കോളേജിന് ഭൂമി അനുവദിച്ച നടപടി സാധൂകരിക്കുന്നത് സംബന്ധിച്ച നടപടി സ്വീകരിച്ചുവരുന്നതും ഇത് സംബന്ധിച്ച 107/L1/17/റവ. നമ്പർ ഫയലിൽ ധനകാര്യ വകുപ്പിന്റെ സമ്മതം 9-5-2018-ന് ആരാഞ്ഞിരിക്കുകയുമാണ്. ധനകാര്യ വകുപ്പിന്റെ സമ്മതം ലഭിക്കുന്ന മുറയ്ക്ക് ചട്ടപ്രകാരമുള്ള മറ്റ് നടപടികൾ സ്വീകരിച്ച് ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**കോഴിക്കോട് ജില്ലയിലെ കിഫ്ബി പ്രവൃത്തികൾക്കുള്ള ഭൂമിയേറ്റെടുക്കൽ**

311(1507) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയ റോഡ് വികസന പ്രവൃത്തികളുടെ ലാൻഡ് അക്വിസിഷൻ പ്രവൃത്തികൾ റവന്യൂ ലാൻഡ് അക്വിസിഷൻ വിഭാഗത്തിൽ നിലവിലുള്ള ജീവനക്കാരെ ഉപയോഗിച്ച് പൂർത്തിയാക്കുന്നതിന് വർഷങ്ങളോളം കാത്തിരിക്കേണ്ടിവരും എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) കിഫ്ബി വഴിയുള്ള പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ലാൻഡ് അക്വിസിഷൻ പ്രവൃത്തികൾക്കായി ഒരു സ്പെഷ്യൽ ഓഫീസ് സംവിധാനം രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുള്ള റോഡ് വികസന പ്രവൃത്തികളുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായി നിലവിൽ അർത്ഥനകളൊന്നും അർത്ഥനാധികാരി ലഭ്യമാക്കിയിട്ടില്ല.

(ബി) കിഫ്ബി വഴിയുള്ള പ്രവൃത്തികൾക്കുള്ള അർത്ഥന ലഭ്യമാകുന്ന മുറയ്ക്ക് റവന്യൂ ലാൻഡ് അക്വിസിഷൻ വിഭാഗത്തിലെ നിലവിലുള്ള ജീവനക്കാരെ ഉപയോഗിച്ച് സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യം സംജാതമാകുന്നപക്ഷം പ്രത്യേക ലാൻഡ് അക്വിസിഷൻ യൂണിറ്റ് രൂപീകരിക്കുകയോ, നിലവിലുള്ള യൂണിറ്റിന് അധികം ജീവനക്കാരെ നൽകിയോ സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**പാട്ടക്കാലാവധി അവസാനിച്ച ഭൂമി**

312(1508) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാട്ടക്കാലാവധി 31-3-2006-ൽ അവസാനിച്ചിട്ടുള്ളതും പാട്ടത്തുക അടയ്ക്കാതെ പാട്ടവ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് ഫോർട്ട് കൊച്ചിയിലെ കൊച്ചിൻ ക്ലബ്ബിന്റെ കൈവശം വച്ചിരിക്കുന്നതുമായ 4.44.220 ഏക്കർ ഭൂമി തിരിച്ചെടുക്കുന്നത് സംബന്ധിച്ച വിഷയം മന്ത്രിസഭാ യോഗത്തിൽ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ & ബി) ഉണ്ട്. ഈ വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് മുൻപായി, ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിനായി ഫയൽ അയച്ചിരിക്കുകയാണ്.

**കേരള ലാ അക്കാദമിക്ക് സർക്കാർ പതിച്ച് നൽകിയ സ്ഥലം**

313(1509) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തെ കേരള ലാ അക്കാഡമിക്ക് സർക്കാർ പതിച്ച് നൽകിയ സ്ഥലത്ത് വാണിജ്യാവശ്യത്തിനായി കെട്ടിടം നിർമ്മിച്ചതായി തിരുവനന്തപുരം ജില്ലാ കളക്ടർ നടത്തിയ പരിശോധനയിൽ കണ്ടെത്തിയിരുന്നോ;

(ബി) കേരള ലാ അക്കാഡമിക്ക് എത്ര ഏക്കർ സ്ഥലമാണ് പതിച്ച് നൽകിയിരുന്നതെന്ന് വെളിപ്പെടുത്തുമോ; അതിൽ ഉപയോഗശൂന്യമായി കിടക്കുന്ന 3.5 ഏക്കർ സ്ഥലവും വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്ന സ്ഥലവും തിരിച്ചെടുക്കണമെന്ന് റവന്യൂ വകുപ്പ് ശിപാർശ നൽകിയിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ നിയമ വകുപ്പിന്റെ ഉപദേശം തേടിയിരുന്നോ; എങ്കിൽ അവരുടെ ഉപദേശം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ഡി) റവന്യൂ വകുപ്പിന്റെ ശിപാർശ അടങ്ങിയ ഫയലിൽ മുഖ്യമന്ത്രി തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ എന്ത് തീരുമാനമാണ് കൈകൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കണ്ടെത്തിയിരുന്നു.

(ബി) 11.29 ഏക്കർ പതിച്ച് നൽകിയിട്ടുണ്ട്. ഉപയോഗശൂന്യമായി കിടക്കുന്നതും വാണിജ്യ ആവശ്യത്തിനായി ഉപയോഗിക്കുന്ന സ്ഥലവും തിരിച്ചെടുക്കുന്നതിനായി സർക്കാരിൽനിന്നും നിർദ്ദേശം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ലാ അക്കാദമിയുടെ മുഖകവാടം പൊളിച്ചുനീക്കുകയും മറ്റുള്ളവ ഒഴിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയുമാണ്.

(സി) തേടിയിരുന്നു. നിയമ വകുപ്പിന്റെ മറുപടി അനുബന്ധമായി ചേർക്കുന്നു*

(ഡി) ഉണ്ട്. സംസ്ഥാനത്ത് വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനായി നല്കിയിട്ടുള്ള ഭൂമിയിൽ പ്രസ്തുത ആവശ്യത്തിനായി ഉപയോഗിക്കാത്ത എത്ര ഭൂമിയുണ്ടെന്ന കാര്യവും അതിനോടൊപ്പം, അവരുടെ പക്കൽ പതിച്ചു നൽകിയതിന് പുറമേ കൂടുതൽ ഭൂമിയുണ്ടോ എന്ന കാര്യവും വിശദാംശം സഹിതം പരിശോധിച്ചു സമർപ്പിക്കുവാനാണ് ബഹു. മുഖ്യമന്ത്രി ഉത്തരവിട്ടത്.

### മാനന്തവാടി താലൂക്കിലെ മിച്ചഭൂമി

314(1510) <u>ശ്രീ. ഒ. ആർ. കേളു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി താലൂക്കിലുള്ള മിച്ചഭൂമിയുടെ കണക്ക് വില്ലേജ് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) മാനന്തവാടി താലൂക്കിലെ മിച്ചഭൂമി അവസാനമായി അളന്ന് തിട്ടപ്പെടുത്തിയത് എപ്പോഴാണെന്ന് വ്യക്തമാക്കാമോ;

(സി) മാനന്തവാടി താലൂക്കിലെ മിച്ചഭൂമി അന്യാധീനപ്പെട്ടുപോയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) മാനന്തവാടി താലൂക്കിലെ മിച്ചഭൂമിയുടെ വിവരങ്ങൾ വില്ലേജ് അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| തൃശ്ശിലേരി | - | 124.19 ഏക്കർ |
| വെള്ളമുണ്ട | - | 52.80 ഏക്കർ |
| കാഞ്ഞിരങ്ങാട് | - | 51.1725 ഏക്കർ |
| ചെറുകാട്ടൂർ | - | 57.43 ഏക്കർ |
| അഞ്ചുകുന്ന് | - | 159.72 ഏക്കർ |
| പെരുന്നന്നൂർ | - | 43.86 ഏക്കർ |
| തവിഞ്ഞാൽ | - | 316.28 ഏക്കർ |
| നല്ലൂർനാട് | - | 118.91 ഏക്കർ |
| മാനന്തവാടി | - | 395.455 ഏക്കർ |
| വാളാട് | - | 318.26 ഏക്കർ |
| പയ്യമ്പള്ളി | - | 108.7525 ഏക്കർ |
| പേര്യ | - | 285.30 ഏക്കർ |
| തൊണ്ടർനാട് | - | 355.07 ഏക്കർ |
| പനമരം | - | 184.41 ഏക്കർ |
| തിരുനെല്ലി | - | 118.84 ഏക്കർ |
| എടവക | - | 111.125 ഏക്കർ |
| **ആകെ** | - | **2801.575 ഏക്കർ** |

(ബി) 24-10-2017.

(സി) ഇല്ല.

**പാട്ടക്കാലാവധി കഴിഞ്ഞ ഭൂമി തിരിച്ചെടുക്കൽ**

315(1511) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എളങ്കുന്നപ്പുഴ വില്ലേജിലെ സർവ്വേ നമ്പർ 1404 (റീസർവ്വേ 595)-ൽ ഉൾപ്പെട്ട 2 ഏക്കർ 84 സെന്റ് ഭൂമി സർക്കാർ പാട്ടത്തിന് നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ ഏതുവർഷമെന്നും ആർക്കെന്നും എത്ര കാലത്തേയ്ക്കെന്നും വിശദമാക്കാമോ;

(ബി) പാട്ടക്കാലാവധി കഴിഞ്ഞിട്ടുണ്ടെങ്കിൽ ഭൂമി തിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പാട്ടക്കാലാവധിക്ക് ശേഷവും സർക്കാർ പാട്ടം കൈപ്പറ്റിയിട്ടുണ്ടോ; എങ്കിൽ എത്ര തവണയെന്നും, ഏതു കാലയളവിലെന്നും കൈപ്പറ്റിയ ഉദ്യോഗസ്ഥൻ ആരെന്നും വ്യക്തമാക്കാമോ;

(ഡി) പാട്ടക്കാലാവധിക്ക് ശേഷവും പാട്ടം സ്വീകരിച്ച നടപടി നിയമവിധേയമാണോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 28-5-1976-ലെ ജി.ഒ. എം.എസ്.730/76/RD നമ്പർ ഉത്തരവ് പ്രകാരം എളങ്കുന്നപ്പുഴ വില്ലേജ് സർവ്വേ നമ്പർ 1404 (Resurvey 595)-ൽപ്പെട്ട 2 ഏക്കർ 84 സെന്റ് സർക്കാർ ഭൂമി ഓച്ചംതുരുത്ത് സാന്താക്രൂസ് ഹൈസ്കൂളിന് കളിസ്ഥലമായി ഉപയോഗിക്കുന്നതിന് 1-7-1975 മുതൽ 10 വർഷത്തേയ്ക്ക് പാട്ടത്തിന് അനുവദിച്ചിരുന്നതായി കാണുന്നു.

(ബി) പാട്ടക്കാലാവധി കഴിഞ്ഞതിനുശേഷം ഭൂമി പതിച്ച് ലഭിക്കുന്നതിന് സ്കൂൾ അധികൃതർ അപേക്ഷ സമർപ്പിച്ചിട്ടുള്ളതിനാൽ പാട്ടഭൂമി തിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

(സി) ഉണ്ട്. 2017-18 വരെയുള്ള പാട്ടം സ്കൂൾ അധികൃതർ ഒടുക്ക് വരുത്തിയിട്ടുള്ളതാണ്. എളങ്കുന്നപ്പുഴ വില്ലേജ് ഓഫീസിലാണ് പാട്ടത്തുക ഒടുക്കുന്നത്.

(ഡി) പാട്ടഭൂമി കൈവശം വച്ചനുഭവിക്കുന്ന കാലയളവിലെ പാട്ടത്തുക ഒടുക്കുവാൻ കൈവശക്കാരൻ ബാധ്യസ്ഥനാണ്.

**പാട്ടക്കാലാവധി കഴിഞ്ഞ ഭൂമി തിരിച്ചുപിടിക്കാൻ നടപടി**

316(1512) ശ്രീ. പി. കെ. ബഷീർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാളിതുവരെയായി എത്ര ഹെക്ടർ സ്ഥലം വിവിധ കമ്പനികൾക്കായി കൃഷി/തോട്ടം ആവശ്യത്തിനായി പാട്ടത്തിന് നൽകിയിട്ടുണ്ട്; ഓരോന്നിനും അനുവദിച്ച പാട്ടക്കാലാവധി, പാട്ടത്തുക ഇവ എത്രയാണ്; വിശദാംശം ലഭ്യമാക്കുമോ;

(ബി) പാട്ടക്കാലാവധി കഴിഞ്ഞ ഏതെല്ലാം ഭൂമികൾ തിരികെ സർക്കാരിലേക്ക് വന്നുചേർന്നിട്ടുണ്ട്; വിശദാംശം നൽകുമോ;

(സി) പാട്ടഭൂമി കൈവശം വച്ചിരുന്നവർക്ക് അവ വിൽക്കുന്നതിന് അനുമതിയുണ്ടോ;

(ഡി) പാട്ടഭൂമി കൈവശം വച്ച് വരുന്നവർ പാട്ടഭൂമി വിറ്റിട്ടുണ്ടെങ്കിൽ അവ തിരിച്ചുപിടിക്കുന്നതിനും പാട്ടക്കാലാവധി കഴിഞ്ഞ ഭൂമി അടിയന്തരമായി തിരിച്ച് പിടിച്ച് സർക്കാരിലേയ്ക്ക് മുതൽക്കൂട്ടുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് നാളിതുവരെയായി വിവിധ കമ്പനികൾക്കായി കൃഷി/തോട്ടം ആവശ്യത്തിന് പാട്ടത്തിന് നൽകിയ ഭൂമിയുടെ വിവരം:

| ജില്ല | വിസ്തീർണ്ണം (ഹെക്ടറിൽ) |
|---|---|
| 1 | 2 |
| തിരുവനന്തപുരം | പാട്ടത്തിന് നൽകിയില്ല. |
| കൊല്ലം | 0.0488 |
| പത്തനംതിട്ട | 3298.3773 |
| ആലപ്പുഴ | 26.0871 |
| കോട്ടയം | 21.7250 |
| ഇടുക്കി | 386.8059 |
| എറണാകുളം | 4.4061 |
| തൃശ്ശൂർ | 81.3765 |
| പാലക്കാട് | 3321.701 |

| 1 | 2 |
|---|---|
| മലപ്പുറം | പാട്ടത്തിന് നൽകിയില്ല. |
| കോഴിക്കോട് | പാട്ടത്തിന് നൽകിയില്ല. |
| വയനാട് | 0.2873 |
| കണ്ണൂർ | 33.7800 |
| കാസർഗോഡ് | 1378.3400 |

അനുവദിച്ച പാട്ടക്കാലാവധി, പാട്ടത്തുക എന്നീ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) പാട്ടക്കാലാവധി കഴിഞ്ഞ് തിരികെ സർക്കാരിലേയ്ക്ക് വന്നുചേർന്ന ഭൂമിയുടെ വിവരം

| ജില്ല | വിസ്തീർണ്ണം (ഹെക്ടറിൽ) |
|---|---|
| തിരുവനന്തപുരം | ഇല്ല |
| കൊല്ലം | പാട്ടക്കാലാവധി കഴിഞ്ഞെങ്കിലും പുതുക്കി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| പത്തനംതിട്ട | വിവരം ശേഖരിച്ചുവരുന്നു. |
| ആലപ്പുഴ | 0.3441 |
| കോട്ടയം | 1.2035 |
| ഇടുക്കി | ഇല്ല |
| എറണാകുളം | 0.5223 |
| തൃശ്ശൂർ | 111 ഏക്കർ ഏറ്റെടുക്കാൻ ഉത്തരവായെങ്കിലും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ സ്റ്റേ നിലവിലുണ്ട്. |
| പാലക്കാട് | 246.5465 (വനം വകുപ്പ് മുഖാന്തരം ഏറ്റെടുത്തു) |
| മലപ്പുറം | ഇല്ല |
| കോഴിക്കോട് | ഇല്ല |
| വയനാട് | 71 സെന്റ് ഏറ്റെടുക്കാൻ ഉത്തരവായെങ്കിലും ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ കേസുള്ളതിനാൽ ഏറ്റെടുത്തിട്ടില്ല. |
| കണ്ണൂർ | പാട്ടം പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| കാസർഗോഡ് | ഇല്ല |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) പാട്ടവ്യവസ്ഥയിൽ സർക്കാർ ഭൂമി കൈവശം വച്ചുവരുന്നവർക്ക് അത് വിൽക്കുവാൻ അവകാശമില്ല.

(ഡി) പാട്ടവ്യവസ്ഥയിൽ ലംഘനം ഉള്ളതായി ശ്രദ്ധയിൽപ്പെടുന്ന പക്ഷം പ്രസ്തുത ഭൂമി സർക്കാരിലേയ്ക്ക് തിരിച്ചെടുക്കുന്നതിനുള്ള നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതാണ്.

**നോട്ടിഫിക്കേഷനിലൂടെ വനം വകുപ്പ് പട്ടയഭൂമി ഏറ്റെടുത്ത നടപടി**

317(1513) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ വൈത്തിരി താലൂക്കിലെ വെള്ളരിമല വില്ലേജിൽ വ്യക്തികൾ കരമടച്ച് കൈവശം വച്ചിരുന്ന പട്ടയം ലഭിച്ച ഭൂമി നോട്ടിഫിക്കേഷനിലൂടെ വനം വകുപ്പ് ഏറ്റെടുത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അത്തരം പരാതികളിൽ സംയുക്തപരിശോധന നടത്തണമെന്ന നിർദ്ദേശം നടപ്പിൽവരുത്തിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഇപ്രകാരം വീഴ്ചവരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ ;

(ഡി) സംയുക്ത പരിശോധന പൂർത്തീകരിച്ചശേഷം 4 ഏക്കർ വരെ ഭൂമി കൈവശം വച്ചിട്ടുള്ള കർഷകർക്ക് എന്നത്തേയ്ക്ക് പട്ടയം നൽകാനാകും; വിശദമാക്കുമോ?

ഉത്തരം

(എ) വയനാട് ജില്ലയിൽ വൈത്തിരി താലൂക്കിൽ വെള്ളരിമല വില്ലേജിൽ വ്യക്തികൾ കരമടച്ച് കൈവശം വച്ചിരുന്ന പട്ടയം ലഭിച്ചതും അല്ലാത്തതും 1971-ലെ കേരള പ്രൈവറ്റ് ഫോറസ്റ്റ് (വെസ്റ്റിംഗ് ആന്റ് അസൈൻമെന്റ്) ആക്ട് വിവക്ഷിക്കുന്ന രീതിയിലുള്ളതുമായ സ്വകാര്യ ഭൂമികൾ സർക്കാരിലേയ്ക്ക് വിവിധ കാലഘട്ടങ്ങളിൽ നിക്ഷിപ്തമാക്കിയിട്ടുണ്ട്. 2003-ലെ കേരള (വെസ്റ്റിംഗ് ആന്റ് മാനേജ്മെന്റ് ഓഫ് ഇക്കോളജിക്കലി ഫ്രജൈൽ ലാൻഡ്) ആക്ട് സെക്ഷൻ 3 പ്രകാരവും സ്വകാര്യ ഭൂമികൾ സർക്കാർ ഏറ്റെടുത്തിട്ടുണ്ട്.

(ബി & സി) നോട്ടിഫിക്കേഷനിലൂടെ വനം വകുപ്പ് ഏറ്റെടുത്ത ഭൂമിയിൽ 1-1-1977-ന് മുമ്പ് കൈവശമുള്ള ഭൂമി പരിശോധന നടത്തുന്നുണ്ട്. വൈത്തിരി താലൂക്കിലെ സംയുക്ത പരിശോധന പൂർത്തിയായിട്ടുള്ളതാണ്.

(ഡി) സംയുക്ത പരിശോധന പൂർത്തീകരിച്ച കേസുകളിൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് പട്ടയം നൽകാൻ സാധിക്കുന്നതാണ്. ഇതിനായി കൈവശഭൂമി സർവ്വേ ചെയ്യുന്ന ജോലി ഇപ്പോൾ നടന്നുവരുന്നുണ്ട്. ആയത് പൂർത്തിയാക്കിയശേഷം കേന്ദ്ര സർക്കാരിന് ശിപാർശ സമർപ്പിക്കുന്നതാണ്.

## പട്ടാമ്പി മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ

318(1514) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള ലാൻഡ് ഡെവലപ്മെൻറ് കോർപ്പറേഷൻ 2016-2018 കാലയളവിൽ പട്ടാമ്പി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ?

ഉത്തരം

കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ 2016-2018 കാലയളവിൽ പട്ടാമ്പി നിയോജകമണ്ഡലത്തിൽ പദ്ധതികളൊന്നും തന്നെ നടപ്പിലാക്കിയിട്ടില്ല.

## റോഡുകളുടെ ഫ്ലഡ് പ്രവൃത്തികളിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ

319(1515) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫ്ലഡ് പ്രവൃത്തികളിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കുന്ന റോഡുകളുടെ പ്രവൃത്തി നടത്തുന്നത് സംബന്ധിച്ച മാനദണ്ഡങ്ങൾ ഇടയ്ക്കിടെ മാറ്റുന്നത് പ്രയാസം സൃഷ്ടിക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മണ്ണ് റോഡുകൾ സംരക്ഷിക്കപ്പെടണമെങ്കിൽ അവയുടെ സൈഡ് കെട്ടി സംരക്ഷിക്കണമെന്നത് പരിഗണിക്കാത്തത് എന്തുകൊണ്ടെന്ന് വിശദമാക്കാമോ;

(സി) തൊഴിലുറപ്പ് പദ്ധതിയിൽ സോളിംഗ് ചെയ്ത റോഡുകളിൽ ടാർ ചെയ്യുന്നതിന് അനുവദിക്കാതിരിക്കാനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) സർക്കാർ ഇക്കാര്യത്തിൽ പുനരാലോചന നടത്തുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം മുൻപ് അരിക് കെട്ടിയ മണ്ണ് റോഡ് ആണെങ്കിൽ, ഈ കെട്ട് തകർന്ന് പോയിട്ടുണ്ടെങ്കിൽ ഈ കെട്ട് പുനർനിർമ്മിക്കുവാൻ ഒരു തടസവും ഇല്ല. എന്നാൽ പുതിയ പ്രവൃത്തിയായി അരിക് കെട്ടുവാൻ അനുമതി ഇല്ല; അതായത് മുൻപ് അരിക് കെട്ടിയിട്ടില്ലാത്ത റോഡുകളിൽ പുതുതായി അരിക് കെട്ടുവാൻ അനുമതിയില്ല.

(സി) കേന്ദ്രസർക്കാരിന്റെ മാനദണ്ഡപ്രകാരമാണ് ദുരന്ത പ്രതികരണ നിധിയിൽനിന്നും ആശ്വാസ ധനസഹായം അനുവദിക്കുന്നത്. നിലവിലുള്ള മാനദണ്ഡപ്രകാരം പ്രകൃതിക്ഷോഭത്തിൽ കേടുപാട് സംഭവിച്ച റോഡുകൾ/ എടുപ്പുകൾ എന്നിവയുടെ അറ്റകുറ്റപ്പണികൾ, പുനർനിർമ്മാണം മാത്രമാണ് (repair/restoration) ദുരന്ത പ്രതികരണ നിധിയിൽനിന്നും അനുവദനീയമായിട്ടുള്ളത്.

(ഡി) സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ വിനിയോഗ മാനദണ്ഡം കാലോചിതമായി പരിഷ്കരിക്കണം എന്ന് 15-ാം ധനകാര്യ കമ്മീഷനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

**പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതി**

320(1516) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി ആലപ്പുഴ ജില്ലയിൽ എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചുവെന്നും ഈ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്തെന്നും വിശദമാക്കാമോ; ഭരണാനുമതി ലഭിച്ച് ആറുമാസത്തിനു ശേഷവും ആരംഭിക്കാത്ത പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) എന്തുകൊണ്ടാണ് ഈ പ്രവൃത്തികൾ ആരംഭിക്കാത്തതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതിയിലുൾപ്പെടുത്തി ആലപ്പുഴ ജില്ലയിൽ 123 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിനാൽ നിർവ്വഹണാനുമതി ലഭിച്ചത് 39 പ്രവൃത്തികൾക്കാണ്. ടി റോഡ് പ്രവൃത്തികൾ അതത് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ നടന്നുവരുന്നുണ്ട്. ഭരണാനുമതി ലഭ്യമായി ആറ് മാസത്തിനുശേഷവും ആരംഭിക്കാത്ത പ്രവൃത്തികൾ ഒന്നും റിപ്പോർട്ട് ചെയ്തിട്ടില്ല.

(ബി) ബാധകമല്ല.

**കൊല്ലം ജില്ലയിൽ പ്രഖ്യാപിച്ച റവന്യൂ ഡിവിഷൻ ഓഫീസിന്റെ പ്രവർത്തനം**

321(1517) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ പ്രഖ്യാപിച്ച റവന്യൂ ഡിവിഷൻ ഓഫീസിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ സംസ്ഥാനത്ത് ഇതോടൊപ്പം പ്രഖ്യാപിച്ച പല റവന്യൂ ഡിവിഷൻ ഓഫീസുകളുടെയും ഉദ്ഘാടനം കഴിഞ്ഞിട്ടും കൊല്ലം ജില്ലയിൽ പ്രഖ്യാപിച്ച റവന്യൂ ഡിവിഷൻ ഓഫീസിന്റെ പ്രവർത്തനം ആരംഭിക്കാത്തത് എന്തുകൊണ്ടാണ് എന്നറിയിക്കാമോ;

(സി) പ്രസ്തുത ഓഫീസിന്റെ ആസ്ഥാനം സംബന്ധിച്ച് എന്തെങ്കിലും തർക്കം നിലവിലുണ്ടോ എന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി & സി) കൊല്ലം ജില്ലയിൽ റവന്യൂ ഡിവിഷൻ രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

**റവന്യൂ വകുപ്പിന്റെ ഭരണസംവിധാനം**

322(1518) <u>ശ്രീ. എൽദോ എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റവന്യൂ വകുപ്പിന്റെ ഭരണസംവിധാനം ശക്തിപ്പെടുത്തുന്നതിനായി ഈ സർക്കാർ കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വില്ലേജ് ഓഫീസുകൾ നവീകരിക്കുന്നതിനും സ്മാർട്ട് ആക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) വില്ലേജ് ഓഫീസുകളിലെ ജോലിഭാരം കണക്കിലെടുത്ത് ജീവനക്കാർക്ക് ഓഫീസുകളോടനുബന്ധിച്ച് ക്വാർട്ടേഴ്സ് പണികഴിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റവന്യൂ വകുപ്പിൽ 9-10-2017-ലെ G.O. (Rt.) No.4246/2017/RD പ്രകാരം കൊല്ലം, കോട്ടയം ജില്ലകളിൽ ഇടമൺ കൊച്ചി 400KV ട്രാൻസ്മിഷൻ ലൈൻ പ്രവർത്തനങ്ങൾക്കായി രണ്ട് എൽ.എ. യൂണിറ്റുകളിൽ ആരംഭിച്ചിട്ടുണ്ട്. കൂടാതെ ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം കൂടുതൽ കാര്യക്ഷമമായും അതിവേഗത്തിലും ലഭ്യമാക്കുന്നതിനായി

13-12-2017-ലെ സ.ഉ. (കൈ.) നമ്പർ 429/2017/റവ. നമ്പർ ഉത്തരവ് പ്രകാരം തൃശ്ശൂർ, കണ്ണൂർ ജില്ലകളിൽ പുതിയ രണ്ട് താലൂക്കുകൾ സൃഷ്ടിച്ചിട്ടുണ്ട്. അതുപോലെ പൊതുജനങ്ങളുടെ ആവശ്യങ്ങളും പ്രശ്നങ്ങളും കാര്യക്ഷമമായും സുതാര്യമായും വേഗതയിലും കൈകാര്യം ചെയ്യുന്നതിലേയ്ക്കായി 6-2-2018-ലെ സ.ഉ. (കൈ.)നമ്പർ 45/2018/റവ. നമ്പർ ഉത്തരവ് പ്രകാരം 5 റവന്യൂ ഡിവിഷണൽ ഓഫീസുകളും പുതുതായി ആരംഭിച്ചിട്ടുണ്ട്.

റവന്യൂ വകുപ്പിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമവും സുതാര്യവുമാക്കുന്നതിലേയ്ക്കായി ഇ-ഗവേണൻസിന്റെ സഹായത്തോടുകൂടി നിരവധി സേവനങ്ങൾ റവന്യൂ ഓഫീസുകളിൽ ലഭിക്കുന്നുണ്ട്. പ്രസ്തുത സേവനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധം-I ആയി ചേർത്തിട്ടുണ്ട്.*

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2016-17 സാമ്പത്തിക വർഷത്തിൽ 7 വില്ലേജാഫീസുകളും 2017-18 സാമ്പത്തിക വർഷത്തിൽ 39 വില്ലേജാഫീസുകളും (ആകെ 46) സ്മാർട്ട് വില്ലേജാഫീസുകൾ ആക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ആയതിന്റെ വിശദവിവരം അനുബന്ധം-II ആയി ചേർത്തിട്ടുണ്ട്.*

(സി) വില്ലേജാഫീസ് ജീവനക്കാർക്ക് ക്വാർട്ടേഴ്സ് പണിയുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. വില്ലേജ് ജീവനക്കാർക്ക് ക്വാർട്ടേഴ്സ് പണിയുന്നതിന് 13-ാം പഞ്ചവത്സര പദ്ധതിയിൽ പ്രൊപ്പോസൽ സമർപ്പിക്കുകയും അതിന്റെ ഒന്നാം വർഷ പദ്ധതിയായി 2017-18 സാമ്പത്തിക വർഷത്തിൽ 800 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും ടി തുകയ്ക്ക് ഇടുക്കി, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലായി 32 സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിന് 25-9-2017-ലെ G.O. (Rt.) No.4037/17/RD പ്രകാരം ഭരണാനുമതി നൽകുകയും ആയതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയും ചെയ്യുന്നു. 2018-19 വർഷത്തിൽ സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മാണത്തിന് 300 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ടി തുകയ്ക്ക് 12 സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലുണ്ട്.

## ചാലക്കുടി റവന്യൂ ടവർ നിർമ്മാണം

323(1519) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ ആദ്യബഡ്ജറ്റിൽ പ്രഖ്യാപിച്ച ചാലക്കുടി റവന്യൂ ടവർനിർമ്മാണം ഇനിയും ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) റവന്യൂ ടവറിനുവേണ്ടി ചാലക്കുടി നഗരസഭ നിർദ്ദേശിച്ച പോട്ടയിലെ സ്ഥലത്ത് നിർമ്മാണം നടത്തുന്നതിന് പ്രത്യേക അനുമതി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇതിനായി ചാലക്കുടി നഗരസഭ സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ അടിയന്തരമായി തീർപ്പുണ്ടാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി & സി) ചാലക്കുടി നഗരസഭ കൗൺസിലിന്റെ 3-3-2017-ലെ 8-ാം നമ്പർ തീരുമാനപ്രകാരം പോട്ട മിനി മാർക്കറ്റിനായി ഏറ്റെടുത്തിട്ടുള്ള സ്ഥലത്തുനിന്നും 1 ഏക്കർ സ്ഥലം റവന്യൂ ടവർ നിർമ്മാണത്തിന് അനുവദിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

2016-17 വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിലൂടെയും (ഖണ്ഡിക 217) മറുപടി പ്രസംഗത്തിലൂടെയും പ്രഖ്യാപിച്ച 25 പദ്ധതികൾ ഭവനനിർമ്മാണ ബോർഡിനെ ഏൽപ്പിച്ചുകൊണ്ട് 16-11-2016-ലെ സ.ഉ. (സാധാ.) നമ്പർ 56/2016/ ഭവനം നമ്പർ പ്രകാരം ഉത്തരവായിരുന്നു. എന്നാൽ ഈ പദ്ധതികൾ എല്ലാംതന്നെ റവന്യൂ വകുപ്പിന്റെ ഹെഡ് ഓഫ് അക്കൗണ്ടിലാണ് പ്രഖ്യാപിച്ചിട്ടുള്ളതെന്നും ബോർഡിനെ എസ്. പി. വി. ആക്കി നിയമിക്കേണ്ടതും പദ്ധതികൾക്ക് ഭരണാനുമതി നൽകേണ്ടതും റവന്യൂ വകുപ്പാണ് എന്ന് കിഫ്ബി അധികാരികൾ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ പദ്ധതികൾക്ക് (ചാലക്കുടി റവന്യൂ ടവർ ഉൾപ്പെടെ) ഭരണാനുമതി സംബന്ധിച്ച തുടർ നടപടികൾക്കായി ഫയൽ റവന്യൂ വകുപ്പിന് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**വിളപ്പിൽ വില്ലേജ് ഓഫീസ് നവീകരണം**

324 (1520) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിലെ വിളപ്പിൽ വില്ലേജ് ഓഫീസിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ വർഷം പ്രസ്തുത വില്ലേജ് ഓഫീസിനെ സ്മാർട്ട് വില്ലേജ് പട്ടികയിൽ ഉൾപ്പെടുത്തി നവീകരിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വികരിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 2018-2019 വർഷത്തെ പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി തിരുവനന്തപുരം ജില്ലയിലെ സ്മാർട്ട് വില്ലേജ് ഓഫീസ് പണിയുന്നതിനായി ജില്ലാ കളക്ടർ സമർപ്പിച്ച ലിസ്റ്റിൽ മുൻഗണനാക്രമം അനുസരിച്ച് ക്രമ നമ്പർ 6 ആയി വിളപ്പിൽ വില്ലേജിനെ ഉൾപ്പെടുത്തിയിട്ടുണ്ട്.

**സ്മാർട്ട് വില്ലേജ്**

325(1521) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിലെ ഏതെല്ലാം വില്ലേജ് ഓഫീസുകളാണ് സ്മാർട്ട് വില്ലേജാക്കി പ്രഖ്യാപിച്ചിട്ടുള്ളത്;

(ബി) സ്മാർട്ട് വില്ലേജ് ഓഫീസുകളിൽ വരുത്താനുദ്ദേശിക്കുന്ന മാറ്റങ്ങൾ എന്തൊക്കെയാണ്?

ഉത്തരം

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിലെ മൂത്തേടം വില്ലേജ് ഓഫീസാണ് സ്മാർട്ട് വില്ലേജായി പ്രഖ്യാപിച്ചിട്ടുള്ളത്.

(ബി) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ സ്മാർട്ട് വില്ലേജ് ഓഫീസുകളായി ഉയർത്തുന്നതിന് ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതിയാണ് സ്മാർട്ട് റവന്യൂ ആഫീസ് പദ്ധതി. സംസ്ഥാനത്തെ റവന്യൂ ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റി അവയിൽനിന്ന് വേഗത്തിലും (speedy) ആധുനിക രീതിയിലുള്ള അന്തരീക്ഷത്തിലും (Modern) ഉറപ്പായും (Assuured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശത്തോടുകൂടിയാണ് സ്മാർട്ട് (SMART) റവന്യൂ ആഫീസ് പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ളത്. ഇതനുസരിച്ച് വില്ലേജ് ആഫീസുകളിൽ നിന്നുള്ള സേവനങ്ങൾ പൗരന് ഏത് സമയത്തും എവിടെയും (Any time Anywhere) ലഭ്യമാക്കുവാനാണ് ലക്ഷ്യമിടുന്നത്.

**സ്മാർട്ട് വില്ലേജ് ഓഫീസുകൾ**

326(1522) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര വില്ലേജ് ആഫീസുകളെ സ്മാർട്ട് വില്ലേജ് ഓഫീസുകൾ ആക്കുന്നതിന് ഈ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് പേരുകൾ ഉൾപ്പെടെയുള്ള വിശദവിവരം ലഭ്യമാക്കാമോ;

(ബി) മാവേലിക്കര താലൂക്കിലെ വള്ളികുന്നം വില്ലേജാഫീസിനെ സ്മാർട്ട് വില്ലേജ് ഓഫീസ് ആക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2016-17 സാമ്പത്തിക വർഷം 7 വില്ലേജ് ഓഫീസുകളും 2017-18 സാമ്പത്തിക വർഷം 39 വില്ലേജ് ഓഫീസുകളും സ്മാർട്ട് വില്ലേജ് ഓഫീസുകൾ ആക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത വില്ലേജ് ഓഫീസുകളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ബി) ആലപ്പുഴ ജില്ലയിലെ വള്ളികുന്നം വില്ലേജ് ഓഫീസ് സ്മാർട്ട് വില്ലേജ് ആക്കുന്നതിന് 2017-18 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി നൽകുകയും പുതിയ കെട്ടിടത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ റൂഫ് ലെവൽ വരെ എത്തിയിട്ടുള്ളതുമാണ്.

**വില്ലേജ് ഓഫീസുകളിൽ ഐ. ടി. മിഷന്റെ സേവനം**

327(1523) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്ലേജ് ഓഫീസുകളിൽ ജനങ്ങൾക്ക് ഐ.ടി.യുമായി ബന്ധപ്പെട്ട സേവനങ്ങൾ കൂടുതൽ ലഭ്യമാക്കുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(ബി) നിലവിൽ വില്ലേജ് ഓഫീസ് വഴി നൽകുന്ന സേവനങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) ഐ. ടി. വഴിയുള്ള സേവനങ്ങൾ ലഭ്യമാക്കുവാൻ ഐ. ടി. വിദഗ്ധരെ വില്ലേജ് ഓഫീസുകളിൽ നിയമിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ; ഇതിനായി തസ്തിക സൃഷ്ടിച്ചിട്ടുണ്ടോ;

(ഡി) ഐ. ടി. മിഷന്റെ ജീവനക്കാർ എത്ര വില്ലേജ് ഓഫീസുകളിൽ ജോലി ചെയ്യുന്നു; ഇവരെ എല്ലാ വില്ലേജ് ഓഫീസുകളിലും നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ :

(ഇ) ജനങ്ങൾക്ക് മുൻപ് ലഭിച്ചുകൊണ്ടിരിക്കുന്ന സൗജന്യസേവനങ്ങൾക്ക് ഇപ്പോൾ അക്ഷയ മുതലായ സേവന കേന്ദ്രങ്ങൾ വഴി ഫീസ് നൽകേണ്ടിവരുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; ഇതിനായി ഫീസ് പരിമിതപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ & ബി) പൊതുജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾ വേഗത്തിലും എളുപ്പത്തിലുമാക്കുന്നതിനായി വിവരസാങ്കേതികവിദ്യയുടെ സഹായത്തോടെ താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

**1. ഇ-ഡിസ്ട്രിക്ട്**

വില്ലേജ്/താലൂക്ക് ഓഫീസുകളിൽനിന്നും പൊതുജനങ്ങൾക്കാവശ്യമായ വിവിധ സർട്ടിഫിക്കറ്റുകൾ വേഗത്തിലും സുതാര്യമായും ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ള പദ്ധതിയാണ് ഇ-ഡിസ്ട്രിക്ട് പദ്ധതി. നിലവിൽ 24 ഇനം സർട്ടിഫിക്കറ്റുകൾ ഈ പദ്ധതി മുഖേന ഓൺലൈനായി നൽകിവരുന്നു.

**2. സംയോജിത ഓൺലൈൻ പോക്കുവരവ്**

ആധുനിക വിവരസാങ്കേതികവിദ്യയുടെ സഹായത്തോടെ വസ്തുവിന്റെ പോക്കുവരവ് നടപടികൾ വേഗത്തിലും സുതാര്യമായും കുറ്റമറ്റരീതിയിലും നടപ്പിലാക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യലക്ഷ്യത്തോടു കൂടിയാണ് സംയോജിത ഓൺലൈൻ പോക്കുവരവ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 1576 എണ്ണത്തിൽ ഓൺലൈൻ പോക്കുവരവ് സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

**3. ഇ-പെയ്മെന്റ്**

സംസ്ഥാനത്ത് സംയോജിത ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കിയിട്ടുള്ള വില്ലേജുകളിൽ അടയ്ക്കാവുന്ന പെയ്മെന്റുകൾ ഓൺലൈൻ വഴി ഒടുക്കുന്നതിനുള്ള ഇ-പെയ്മെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. റവന്യൂ വകുപ്പിലെ വിവിധ നികുതികൾ, സാമ്പത്തിക സേവനങ്ങൾ, വിവിധയിനം ഫീസുകൾ എന്നിവ ഇ-ട്രഷറി സംവിധാനവുമായി സംയോജിപ്പിച്ചുകൊണ്ടാണ് ഇത് നടപ്പിലാക്കിയിരിക്കുന്നത്.

(സി & ഡി) വില്ലേജ് ഓഫീസിൽനിന്നും നൽകുന്ന സർട്ടിഫിക്കറ്റുകളിൽ 24 ഇനം സർട്ടിഫിക്കറ്റുകൾ ഇ-ഡിസ്ട്രിക്ട് പദ്ധതി മുഖേന ഓൺലൈനായി നൽകുന്നുണ്ട്. ഇത്തരത്തിൽ നൽകുന്ന സേവനങ്ങളുടെ ടെക്നോളജി സപ്പോർട്ട് നൽകുന്നതിനായി ഐ. ടി. മിഷന്റെ കീഴിൽ ഓരോ ജില്ലയിലും ഹാൻഡ് ഹോൾഡ് സപ്പോർട്ട് എഞ്ചിനീയർമാരെ നിയമിച്ചിട്ടുണ്ട്. ഓരോ HSE-ക്കും അതത് ജില്ലയിലെ വില്ലേജുകളിലെ ചാർജ് നൽകിയിട്ടുണ്ട്.

(ഇ) നാഷണൽ ഇ-ഗവേണൻസിന്റെ ഭാഗമായി നടപ്പിലാക്കിയ പദ്ധതിയാണ് ഇ-ഡിസ്ട്രിക്ട്. ഈ പദ്ധതി പോഷിപ്പിക്കുന്നതിലേയ്ക്കായിട്ടാണ് സേവന നിരക്ക് ഈടാക്കിയിട്ടുള്ളത്. ഇ-ഡിസ്ട്രിക്ട് പദ്ധതിയുടെ ഭാഗമായി ഈടാക്കുന്ന നിരക്കുകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

## വില്ലേജ് ഓഫീസുകൾ സ്മാർട്ട് ആക്കുന്നതിനുള്ള പദ്ധതി

328 (1524) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്ലേജ് ഓഫീസുകൾ സ്മാർട്ട് ആക്കുന്നതിനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ടോ;

(ബി) എന്തൊക്കെ ആധുനിക സൗകര്യങ്ങളാണ് ഓരോ ഓഫീസിലും ഒരുക്കുന്നത്; വിശദാംശം നൽകുമോ;

(സി) സർട്ടിഫിക്കറ്റുകൾ ഓൺലൈൻ വഴി നൽകുന്ന പദ്ധതി ഇതിനകം എല്ലാ വില്ലേജോഫീസുകളിലും നടപ്പിലാക്കിയിട്ടുണ്ടോ;

(ഡി) വില്ലേജ് രേഖകൾ ഡിജിറ്റലൈസ് ചെയ്യുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റി അവയിൽനിന്ന് വേഗത്തിലും (Speedy) ആധുനിക രീതിയിലുള്ള അന്തരീക്ഷത്തിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശത്തോടുകൂടിയാണ് സ്മാർട്ട് (SMART) റവന്യൂ ഓഫീസ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ആധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിടങ്ങളും പൊതുജനങ്ങൾക്ക് വിശ്രമത്തിനും ഇ-ഗവേണൻസിന്റെ സഹായത്തോടുകൂടി വില്ലേജ് ഓഫീസിൽ നിന്നുള്ള സേവനങ്ങൾ ഏത് സമയത്തും എവിടെവച്ചും ലഭ്യമാക്കുന്നതിനുമുള്ള സൗകര്യങ്ങളാണ് ഒരുക്കുന്നത്.

(സി) ഉണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 1576 വില്ലേജുകളുടെ അടിസ്ഥാന റിക്കോർഡുകൾ ഡിജിറ്റൈസ് ചെയ്ത് ഓൺലൈൻ പോക്കുവരവ്, ഓൺലൈൻ ഭൂനികുതി സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. അവശേഷിക്കുന്ന വില്ലേജുകളിൽ റിക്കോർഡുകളുടെ ഡിജിറ്റൈസേഷൻ പൂർത്തിയാക്കി ഓൺലൈൻ പോക്കുവരവ് നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അതിവേഗം പുരോഗമിച്ചു വരുന്നു. നാളിതുവരെ 602 വില്ലേജുകളുടെ തണ്ടപ്പേർ റിക്കോർഡുകളും ഡിജിറ്റൈസ് ചെയ്തിട്ടുണ്ട്.

**റവന്യൂ വകുപ്പ് ജീവനക്കാർക്കെതിരെയുള്ള വകുപ്പുതല നടപടികൾ**

329 (1525) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റവന്യൂ വകുപ്പിലെ ജീവനക്കാരിൽ അഴിമതിയുമായി ബന്ധപ്പെട്ട് എത്ര പേർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

ഉത്തരം

(എ) 276 പേർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ജില്ല തിരിച്ചുള്ള കണക്ക് താഴെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | നടപടി സ്വീകരിച്ച കേസുകളുടെ എണ്ണം |
|---|---|---|
| 1 | 2 | 3 |
| 1 | തിരുവനന്തപുരം | 39 |
| 2 | കൊല്ലം | 39 |
| 3 | ആലപ്പുഴ | 18 |
| 4 | പത്തനംതിട്ട | 4 |
| 5 | കോട്ടയം | 11 |
| 6 | ഇടുക്കി | 24 |
| 7 | എറണാകുളം | 23 |
| 8 | തൃശ്ശൂർ | 29 |
| 9 | പാലക്കാട് | 22 |
| 10 | മലപ്പുറം | 22 |

| 1 | 2 | 3 |
|---|---|---|
| 11 | വയനാട് | 24 |
| 12 | കോഴിക്കോട് | 13 |
| 13 | കണ്ണൂർ | 4 |
| 14 | കാസർഗോഡ് | 4 |
| | ആകെ | 276 |

**റവന്യൂ ഉദ്യോഗസ്ഥരുടെ പേരിൽ വിജിലൻസ് കേസ്**

330(1526) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര റവന്യൂ ഉദ്യോഗസ്ഥന്മാരുടെ പേരിൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന കാര്യം വ്യക്തമാക്കാമോ;

(ബി) വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത എത്ര റവന്യൂ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 59 റവന്യൂ ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്.

(ബി) വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത 12 റവന്യൂ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പ് അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത 12 ഉദ്യോഗസ്ഥർക്കും ചാർജ് മെമ്മോ നൽകിയിട്ടുള്ളതും ടിയാളുകൾക്കെതിരായ അച്ചടക്കനടപടി പുരോഗമിച്ച് വരുന്നതുമാണ്. വിശദാംശം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പേര് | തസ്തിക | വിജിലൻസ് കേസ് |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. കെ. പി. ദിലീപ് | വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് | VC 8/17/TSR |
| 2 | ശ്രീ. ഹബീബ് വി. എം. | വില്ലേജ് ഓഫീസർ | VC 15/16/IDK |
| 3 | ശ്രീ. രാജേഷ് ജി നായർ | വില്ലേജ് ഓഫീസർ | VC 15/16/IDK |
| 4 | ശ്രീ. അജയൻ കെ രാജൻ | വില്ലേജ് ഓഫീസർ | VC 15/16/IDK |

| 1 | 2 | 3 | 4 |
|---|---|---|---|
| 5 | ശ്രീ. ഗിരീഷ് കുമാർ | വില്ലേജ് ഓഫീസർ | VC 15/16/IDK |
| 6 | ശ്രീ. കെ. എസ്. സാബു | വില്ലേജ് ഓഫീസർ | VC 2/17/IDK |
| 7 | ശ്രീ. ആർ. രാജേഷ് | വില്ലേജ് ഓഫീസർ | VC 2/17/IDK |
| 8 | ശ്രീമതി മേഴ്സിക്കുട്ടി ജോർജ്ജ് | വില്ലേജ് ഓഫീസർ | VC 2/17/IDK |
| 9 | ശ്രീ. ഗ്ലാഡ്വിൻ. വി. എ. | വില്ലേജ് ഓഫീസർ | VC 2/17/IDK |
| 10 | ശ്രീ. വി. എം. അഷറഫ് | വില്ലേജ് ഓഫീസർ | VC 5/17/IDK |
| 11 | ശ്രീ. രേണുകുമാർ. കെ. ജി. | വില്ലേജ് ഓഫീസർ | VC 6/16/WYD |
| 12 | ശ്രീ. നസീർ. വി. സി. | വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് | VC 15/16/ALP |

**പുതുതായി അനുവദിച്ച റവന്യൂ ഓഫീസുകൾ**

331(1527) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് പുതുതായി അനുവദിച്ച റവന്യൂ ഓഫീസുകൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ഓഫീസുകളിൽ അനുവദിച്ചിട്ടുള്ള തസ്തികകളും എണ്ണവും ഓഫീസ് തിരിച്ച് അറിയിക്കാമോ?

ഉത്തരം

(എ) നെടുമങ്ങാട്, ഇരിങ്ങാലക്കുട, വടകര, തളിപ്പറമ്പ്, കാസർഗോഡ് എന്നീ പുതിയ അഞ്ച് റവന്യൂ ഡിവിഷനുകൾ രൂപീകരിച്ചിട്ടുണ്ട്.

(ബി)

| ക്രമ നമ്പർ | തസ്തിക | ഒരു ഓഫീസിലെ തസ്തികകൾ | അഞ്ച് RDO ഓഫീസുകളിൽ സൃഷ്ടിച്ച തസ്തികകളുടെ എണ്ണം |
|---|---|---|---|
| 1 | റവന്യൂ ഡിവിഷണൽ ഓഫീസർ | 1 | 5 |
| 2 | സീനിയർ സൂപ്രണ്ട് | 1 | 5 |
| 3 | ജൂനിയർ സൂപ്രണ്ട് | 2 | 10 |
| 4 | സീനിയർ ക്ലർക്ക് | 6 | 30 |
| 5 | ക്ലർക്ക് | 6 | 30 |
| 6 | സി. എ. | 1 | 5 |
| 7 | ടൈപ്പിസ്റ്റ് | 2 | 10 |
| 8 | ഡ്രൈവർ | 1 | 5 |
| 9 | അറ്റൻഡർ | 1 | 5 |
| 10 | ഓഫീസ് അറ്റൻഡർ | 2 | 10 |
| 11 | പി. റ്റി. എസ്. | 1 | 5 |
| ആകെ | | 24 | 120 |

**കോടതി ഉത്തരവിലൂടെ പോക്കുവരവ്**

332(1528) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാർ മേഖലയിൽ കോടതി ഉത്തരവിലൂടെ 2000-ന് ശേഷം എത്ര പോക്കുവരവ് നടത്തി നൽകിയിട്ടുണ്ട്;

(ബി) കോടതി ഉത്തരവ് പ്രകാരം പോക്കുവരവ് നടത്തി നൽകിയതുപോലെ ഈ മേഖലയിൽ പോക്കുവരവ് നടത്തി നൽകിയിട്ടില്ലാത്തവർക്ക് പോക്കുവരവ് നടത്തി നൽകാൻ സാധിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) മൂന്നാർ മേഖലയിൽ കോടതി ഉത്തരവിലൂടെ 2000-ന് ശേഷം 6 പോക്കുവരവുകൾ നടത്തിയിട്ടുണ്ട്.

(ബി) നിയമാനുസൃത രേഖകൾ പ്രകാരം പോക്കുവരവ് നടത്തി നൽകാവുന്നതാണ്.

**ഇടുക്കി ജില്ലയിലെ ഭൂപ്രശ്നങ്ങൾക്ക് പരിഹാരം**

333(T*1529) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ ഭൂപ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി 24-4-2018-ന് റവന്യൂ വകുപ്പ് മന്ത്രിയുടെ ചേമ്പറിൽ കൂടിയ യോഗത്തിന്റെ നടപടിക്കുറിപ്പിൻമേൽ വനം വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത യോഗനടപടിക്കുറിപ്പിലെ ഒന്നും രണ്ടും തീരുമാനങ്ങളിന്മേൽ ഉത്തരവുകളോ സർക്കുലറുകളോ വനം വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയുടെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഉത്തരവുകളോ സർക്കുലറുകളോ പുറപ്പെടുവിച്ചിട്ടില്ലെങ്കിൽ ആയതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) 14-5-1987-ൽ പുറപ്പെടുവിച്ച 664/87 നമ്പർ വിജ്ഞാപനത്തിലും 12-9-1990-ലെ 1241/90 നമ്പർ വിജ്ഞാപനത്തിലും ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ വനം വകുപ്പിന്റെ 11/ബി1/2018/വനം നമ്പർ ഫയലിൽ സ്വീകരിച്ചുവരുന്നു.

(ബി) ഇല്ല.

(സി) സ്വീകരിച്ചുവരുന്നു.

**പൂഞ്ഞാർ മണ്ഡലത്തിലെ വില്ലേജുകളിലെ സ്ഥലം കൈമാറ്റം**

334(1530) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ വിവിധ വില്ലേജുകളിലെ പുരയിടമായ വസ്തു വില്ലേജ് രേഖകളിൽ തോട്ടം എന്ന് രേഖപ്പെടുത്തിയിരിക്കുന്നതുമൂലം സ്ഥലം കൈമാറ്റങ്ങൾ നടക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത വിഷയം പരിഹരിക്കുവാൻ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

---

* മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് രാഷ്ട്രീയ പാർട്ടികളുടെ സർവ്വകക്ഷി യോഗം വിളിക്കുവാൻ സന്നദ്ധമാണോ; എങ്കിൽ എന്നാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ബന്ധപ്പെട്ട ഭൂമി മീനച്ചിൽ താലൂക്ക് ലാൻഡ് ബോർഡിലെ തീർപ്പാക്കിയിട്ടുള്ള മിച്ചഭൂമി കേസ് ഫയലുകളും വിവിധ ഓഫീസ് റിക്കാർഡുകളും പരിശോധിച്ചും പ്രാദേശിക അന്വേഷണം നടത്തിയും കേരള ഭൂപരിഷ്കരണ നിയമം പ്രകാരം മിച്ചഭൂമിയിൽ ഉൾപ്പെട്ടുവരുന്നതാണോ എന്ന് ഉറപ്പാക്കുകയും കെ. എൽ. ആർ. ആക്ട്, സെക്ഷൻ 81 പ്രകാരം ഇളവ് അനുവദിച്ച തോട്ടഭൂമി അല്ല എന്നോ റീ-സർവ്വേയിൽ സംഭവിച്ച പിശകാണെന്നോ ബോധ്യപ്പെടുന്ന കേസുകളിൽ തോട്ടം എന്നുള്ളത് പുരയിടം എന്ന് തിരുത്തിയും നൽകിവരുന്നു.

(ബി) പൊതുവായ റീ-സർവ്വേ അപാകതകൾ സംബന്ധിച്ച് പരാതികൾ വില്ലേജ് തലത്തിൽ അദാലത്ത് നടത്തി പരിഹരിക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിവരുന്നു.

**പുഷ്കരന്റെ പരാതി പരിഹരിക്കുവാൻ നടപടി**

335(1531) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുഷ്കരൻ എം., ഡിവൈൻ ഹൗസ്, മലയം പി.ഒ., കൊല്ലഭാഗം, തിരുവനന്തപുരം എന്നയാളുടെ പരാതി റവന്യൂ വകുപ്പിൽ നിലവിലുണ്ടോയെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പരാതിയിന്മേൽ റവന്യൂ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) വിവിധ ഉന്നത ഓഫീസുകളിൽനിന്നും പ്രസ്തുത പരാതി സംബന്ധിച്ച് വില്ലേജിലും താലൂക്കിലും കളക്ടറേറ്റിലും ലഭിച്ച കത്തുകളുടെ പകർപ്പ് ലഭ്യമാക്കുമോ; ഇതിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത പരാതി പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) ഹർജികൾ സംബന്ധിച്ച സമിതി (2016-2019) മുമ്പാകെ വാഹന ഗതാഗതം തടസ്സപ്പെടുത്തിയതിനെതിരെയും കള്ളക്കേസ് എടുത്ത് ദേഹോപദ്രവം ഏൽപ്പിച്ചതിനെതിരെയും ശ്രീ. പുഷ്കരൻ. എം. സമർപ്പിച്ച ഹർജിയിന്മേൽ 22-11-2017-ലെ സമിതിയുടെ തെളിവെടുപ്പ് യോഗത്തിൽ

എസ്. എച്ച്. ഒ.-യ്ക്കെതിരെയുള്ള പരാമർശത്തെ സംബന്ധിച്ച് ഡി. ജി. പി.-യോട് നടപടി സ്വീകരിക്കുവാനും വഴി പ്രശ്നം സംബന്ധിച്ച് ഇരുവിഭാഗത്തെയും നേരിൽ കേട്ട് തീരുമാനമെടുക്കാൻ തിരുവനന്തപുരം സബ് കളക്ടർക്കും നിർദ്ദേശം നൽകിയതനുസരിച്ച് 22-2-2018-ന് ഇരുകക്ഷികളെയും നേരിൽ കേട്ടപ്പോൾ പരാതിക്കാസ്പദമായ വസ്തുവിലേയ്ക്ക് ഉദ്ദേശം 5 അടി വീതിയിൽ വഴി ഉള്ളതായി പരാതി കക്ഷി അറിയിച്ചിരുന്നു. ഈ വിഷയത്തിൽ ഒ. എസ്. 692/14 നമ്പരായി തിരുവനന്തപുരം മുൻസിഫ് കോടതിയിൽ കേസ് നടന്നുവരുന്നുണ്ട്. പരാതിക്കാരന്റെ ആവശ്യം സിവിൽ സ്വഭാവമുള്ളതാണെന്ന് കണ്ടെത്തിയ സാഹചര്യത്തിൽ 30-11-2016-ൽത്തന്നെ എഫ്1/4094/16 നമ്പരായി പരാതിക്കാരന് തിരുവനന്തപുരം സബ്കളക്ടർ മറുപടി നൽകിയിരുന്നു.

സിവിൽ കോടതിയിൽ കേസ് നിലവിലുള്ള സാഹചര്യത്തിൽ കോടതി വിധിക്കനുസൃതമായി തുടർനടപടികൾ സ്വീകരിക്കേണ്ടതാണെന്ന് പരാതി കക്ഷിക്ക് മറുപടി നൽകിയിട്ടുള്ളതായി 18-4-2018-ൽ ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തതനുസരിച്ച് സർക്കാർ നിയമസഭാ സമിതിക്ക് മറുപടി നൽകി ഫയൽ തീർപ്പാക്കിയിട്ടുള്ളതാണ്. ഇതുസംബന്ധിച്ച് പരാതിക്കാരൻ സർക്കാരിൽ നേരിട്ട് പരാതികളൊന്നും തന്നെ സമർപ്പിച്ചിട്ടില്ല.

നിയമസഭാ സമിതിയിൽനിന്നും സർക്കാരിനും സർക്കാരിൽനിന്നും തിരുവനന്തപുരം ജില്ലാ കളക്ടർക്കും അയച്ച കത്തുകളുടെ പകർപ്പും വിളവൂർക്കൽ വില്ലേജ് ഓഫീസർ കാട്ടാക്കട താലൂക്കാഫീസിലേയ്ക്കയച്ച റിപ്പോർട്ടിന്റെ പകർപ്പും അനുബന്ധമായി ചേർക്കുന്നു.*

(ഡി) സ്വകാര്യ വഴിത്തർക്കം ആയതിനാലും കോടതിയുടെ പരിഗണനയിലുള്ളതിനാലും കോടതി ഉത്തരവിനനുസൃതമായി മാത്രമേ ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

## നെടുമങ്ങാട് റവന്യൂ ഡിവിഷൻ ഓഫീസ്

336(T*T1532) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് കേന്ദ്രമായി പുതിയ റവന്യൂ ഡിവിഷൻ ഓഫീസ് നിലവിൽ വന്നതിനെത്തുടർന്ന് നെയ്യാറ്റിൻകര താലൂക്കിലെ ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിന് പരിഹാരം കാണാൻ എന്ത് നടപടി സ്വീകരിക്കാനാകുമെന്ന് വിശദമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

*T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(സി) കാട്ടാക്കട താലൂക്ക് കേന്ദ്രമായി നിശ്ചിതദിവസങ്ങളിൽ ആർ.ഡി.ഒ. സിറ്റിംഗ് അനുവദിയ്ക്കാനാകുമോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി & സി) ഇക്കാര്യം പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

**നെയ്യാറ്റിൻകര താലൂക്കിനെ നെടുമങ്ങാട് ആർ. ഡി. ഒ.-യുടെ പരിധിയിൽ ഉൾപ്പെടുത്തിയത്**

337(1533) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര താലൂക്കിനെ നെടുമങ്ങാട് ആർ.ഡി.ഒ.-യുടെ കീഴിൽ ഉൾപ്പെടുത്തിയതുമായി ബന്ധപ്പെട്ട് നെയ്യാറ്റിൻകര എം.എൽ.എ. ഏപ്രിൽ മാസത്തിൽ നൽകിയ നിവേദനത്തിൻമേൽ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) തീരദേശം ഉൾപ്പെടുന്ന നെയ്യാറ്റിൻകര താലൂക്കിനെ നെടുമങ്ങാട് ആർ.ഡി.ഒ.യുടെ കീഴിൽ ഉൾപ്പെടുത്തിയതുമായി ബന്ധപ്പെട്ട് പ്രതിഷേധങ്ങൾ ഉണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നെടുമങ്ങാട് ആർ.ഡി.ഒ.യുടെ കീഴിൽ നെയ്യാറ്റിൻകര താലൂക്കിനെ ഉൾപ്പെടുത്തിയതിന്റെ പുനഃക്രമീകരണം എപ്പോൾ നടത്താൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ഡി) നെടുമങ്ങാട് ആർ.ഡി.ഒ.-യുടെ കീഴിൽ നെയ്യാറ്റിൻകര താലൂക്കിനെ ഉൾപ്പെടുത്തിയ തീരുമാനം പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെട്ട് റവന്യൂ മന്ത്രിയ്ക്ക് എത്ര നിവേദനം ലഭിച്ചുവെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഇക്കാര്യം പരിശോധിച്ച് തീരുമാനം കൈക്കൊള്ളാവുന്നതാണ്.

(ഡി) 4 നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്.

## കിഴക്കേകോട്ടയിലെ അനധികൃത കയ്യേറ്റ കച്ചവടസ്ഥാപനങ്ങൾ ഒഴിപ്പിക്കാൻ നടപടി

338(1534) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് ഉടമസ്ഥതയിലുള്ള ഭൂമി അനധികൃതമായി കയ്യേറ്റം നടത്തി കൈവശം വച്ചനുഭവിക്കുന്നത് ഒഴിപ്പിച്ചെടുക്കേണ്ട ഉത്തരവാദിത്വം റവന്യൂ വകുപ്പിനുമാത്രമാണോ; അല്ലെങ്കിൽ മറ്റ് ഏത് വകുപ്പുകൾക്കുകൂടിയാണ്; വിശദമാക്കുമോ;

(ബി) തിരുവനന്തപുരം കിഴക്കേകോട്ടയിലെ സംരക്ഷണ മതിലിനുചുറ്റുമുള്ള കച്ചവടസ്ഥാപനങ്ങൾ അനധികൃത കയ്യേറ്റമാണെന്ന് വ്യക്തമായിട്ടുണ്ടോ; വിശദമാക്കുമോ;

(സി) എങ്കിൽ ഇത് ഒഴിപ്പിച്ചെടുക്കുന്നതിന് റവന്യൂ ഉൾപ്പെടെയുള്ള അധികാരികൾ വിവിധ തീയതികളിൽ സ്വീകരിച്ച കർമ്മ നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; ഇതിന്റെ ഫലമായി കയ്യേറ്റം എത്ര സ്ഥലം കൈയ്യേറ്റക്കാരിൽ നിന്ന് ഒഴിപ്പിക്കാനായി; വ്യക്തമാക്കുമോ;

(ഡി) ഈ ഗവൺമെന്റ് കാലാവധി തീരും മുമ്പേ കയ്യേറ്റം ഒഴിപ്പിക്കൽ സാധ്യമാവുമെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഇ) അനധികൃത കയ്യേറ്റം ഒഴിപ്പിക്കുമെന്ന പ്രഖ്യാപനത്തിൽ മാത്രം ഒതുങ്ങാതെ സ്ഥലം ഒഴിപ്പിച്ച് എടുക്കാൻ ആത്മാർത്ഥമായ നടപടി സ്വീകരിക്കുമോ;

(എഫ്) ആദ്യം അനധികൃതമായി കച്ചവടസ്ഥാപനങ്ങൾ കെട്ടുകയും പിന്നീട് അത് ഉദ്യോഗസ്ഥരുടെ പിൻബലത്തിൽ നിലനിർത്തുകയും ചെയ്യുന്നവർക്ക് ഗവൺമെന്റ് പകരം സ്ഥലം വിട്ടുനൽകുകയോ അല്ലെങ്കിൽ ഗവൺമെന്റ് സ്ഥലത്ത് കെട്ടിടം കെട്ടി അനധികൃത കയ്യേറ്റക്കാരെ പുനരധിവസിപ്പിക്കുന്ന പ്രവണത നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നിലപാട് വ്യക്തമാക്കുമോ?

ഉത്തരം

(എ) സർക്കാർ ഉടമസ്ഥതയിലുള്ള ഭൂമി അനധികൃത കയ്യേറ്റക്കാരിൽ നിന്നും ഒഴിപ്പിക്കുന്നതിന് കേരള ഭൂസംരക്ഷണ നിയമം, 1957 പ്രകാരം റവന്യൂ, തദ്ദേശസ്വയംഭരണം, വനം, ഇറിഗേഷൻ, പൊതുമരാമത്ത് വകുപ്പുകൾക്ക്

അധികാരമുണ്ട്. പഞ്ചായത്തിരാജ് നഗരപാലിക നിയമപ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ കേരള ഹൈവേ പ്രൊട്ടക്ഷൻ ആക്ട് 1999 പ്രകാരം പൊതുമരാമത്ത് വകുപ്പ് അധികാരികൾ എന്നിവർക്കും അവരുടെ അധികാര പരിധിയിൽ വരുന്ന സർക്കാർ ഭൂമിയിലെ കയ്യേറ്റം ഒഴിപ്പിക്കുന്നതിന് അധികാരമുണ്ട്.

(ബി & സി) കിഴക്കേകോട്ടയിലെ സംരക്ഷണ മതിലിനുചുറ്റും പാട്ടത്തിന് നൽകിയിരുന്നതും പിന്നീട് പാട്ടം റദ്ദാക്കിയതുമായ സ്ഥലത്ത് കച്ചവട സ്ഥാപനങ്ങൾ നിലവിലും പ്രവർത്തിച്ചുവരുന്നുണ്ട്. ഇതൊഴികെയുള്ള അനധികൃത കയ്യേറ്റങ്ങൾ യഥാസമയം തന്നെ ഒഴിപ്പിച്ചിട്ടുള്ളതുമാണ്.

കെ. എസ്. ആർ. ടി. സി. കിഴക്കേകോട്ട ബസ് സ്റ്റാൻഡ് സ്ഥിതിചെയ്യുന്ന സർവ്വേ നമ്പർ 659-ൽപ്പെട്ട കെ. എസ്. ആർ. ടി. സി.-യുടെ പേരിൽ പട്ടയം ലഭ്യമായിട്ടുള്ള 72.250 സെന്റ് സ്ഥലത്ത് നിരവധി കച്ചവടക്കാർ അനധികൃതമായി കച്ചവടം നടത്തിവരുന്നുവെന്നും പ്രസ്തുത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ കെ. എസ്. ആർ. ടി. സി. എം. ഡി. അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള ഭൂസംരക്ഷണ നിയമപ്രകാരം കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് തിരുവനന്തപുരം തഹസിൽദാർ (എൽ.ആർ.)-ന് നിർദ്ദേശം നൽകിയിരുന്നു. 4-8-2016-ന് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ കച്ചവടസ്ഥാപനങ്ങളെ അടിയന്തരമായി ഒഴിപ്പിച്ച് പ്രസ്തുത ഭൂമി കെ. എസ്. ആർ. ടി. സി.-ക്ക് പൂർണ്ണമായി ലഭ്യമാക്കാൻ തീരുമാനമെടുത്തിരുന്നു.

ഇതിനെത്തുടർന്ന്, ജില്ലാ കളക്ടറുടെ ചേംബറിൽ 2-12-2016-ൽ നടന്ന ചർച്ചയുടെ അടിസ്ഥാനത്തിൽ കിഴക്കേകോട്ട കാത്തിരിപ്പ് കേന്ദ്രത്തിന് പരിസരത്തുള്ള കച്ചവടക്കാരെ ഒഴിപ്പിക്കുമ്പോൾ പുനരധിവസിപ്പിക്കുന്നതിനായി കിഴക്കേകോട്ട കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ കിഴക്കുവശത്തുള്ള ഡ്രെയിനേജ് റോഡിനോട് ചേർന്ന് കച്ചവടക്കാർക്ക് 80 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണമുള്ള ബങ്ക് നിബന്ധനയ്ക്ക് വിധേയമായി സ്ഥാപിക്കുന്നതിന് യോഗത്തിൽ തീരുമാന മെടുത്തിരുന്നു. എന്നാൽ ഈ സ്ഥലം കച്ചവടസ്ഥാപനങ്ങൾക്ക് അനുയോജ്യമല്ലെന്ന കാരണത്താൽ കച്ചവടക്കാർ പ്രസ്തുത സ്ഥലം സ്വീകരിക്കാൻ തയ്യാറായില്ല. ഇതിനെ തുടർന്ന് തിരുവനന്തപുരം തഹസിൽദാർ നടത്തിയ സ്ഥലപരിശോധനയിൽ കണ്ടുകൃഷി എന്ന് റവന്യൂ റിക്കാർഡുകളിൽ രേഖപ്പെടുത്തിയിട്ടുള്ളതായി കാണപ്പെടുന്നതും നിലവിൽ ഗവണ്മെന്റ് ഹോമിയോ ആശുപത്രിയുടെ വസ്തുവിനോടൊപ്പം ചേർന്ന കിടക്കുന്നതും പഴവങ്ങാടി ജംഗ്ഷനിൽ നിന്നും പടിഞ്ഞാറോട്ട് പോകുന്ന

പത്മവിലാസം റോഡിൽ ഉദ്ദേശം 50 മീറ്റർ ചെല്ലുമ്പോൾ കാണുന്നതുമായ 5.364 സെന്റ് സ്ഥലം കച്ചവടക്കാർക്ക് അനുവദിക്കാവുന്നതാണെന്ന് ജില്ലാ കളക്ടർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട റവന്യൂ, ഗതാഗത, സഹകരണ വകുപ്പ് മന്ത്രിമാർ, കെ. എസ്. ആർ. ടി. സി. എം. ഡി., ജില്ലാ കളക്ടർ, കേരള വ്യാപാരി-വ്യവസായി ഏകോപന സമിതി പ്രതിനിധികൾ എന്നിവർ 9-5-2018-ൽ യോഗം ചേരുകയും ഹോമിയോ കോളേജിന്റെ കൈവശമുള്ള വഴിയായി ഉപയോഗിച്ചിരുന്ന പുറമ്പോക്ക് ഭൂമി മാനുഷിക പരിഗണന നൽകി 20 വഴിയോരക്കച്ചവടക്കാർക്ക് അവരുടെ ഉപജീവനത്തിനുവേണ്ടി കച്ചവടം ചെയ്യാൻ വിട്ടുനൽകാനും തീരുമാനമെടുത്തിരുന്നു.

(ഡി & ഇ) സമയബന്ധിതമായി കയ്യേറ്റം ഒഴിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(എഫ്) ഇത്തരം പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## എറണാകുളം ജില്ലയിലെ മണ്ണിട്ട് നികത്തിയ നെൽവയലുകളും തണ്ണീർത്തടങ്ങളും

339(1535) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ തിരുവാങ്കുളം വില്ലേജിൽ ഇരുമ്പനത്ത് സംഗീതപരിപാടിക്കുവേണ്ടി ഏക്കർ കണക്കിന് നെൽവയലുകളും തണ്ണീർത്തടങ്ങളും മണ്ണിട്ട് നികത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇങ്ങനെ നികത്തുവാൻ ആവശ്യമായ അനുമതി വാങ്ങിയിട്ടാണോ പ്രസ്തുത സ്ഥലം നികത്തിയിട്ടുള്ളത്; എങ്കിൽ അനുമതി നൽകിയ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) അനുമതി ലഭിക്കാതെയാണ് പ്രസ്തുത സ്ഥലം നികത്തിയതെങ്കിൽ ഇത് പൂർവ്വസ്ഥിതിയിലാക്കുവാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോ; ഇതിന്റെ നടപടിക്രമങ്ങൾ എന്തായി എന്നതിന്റെ വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

(എ) എറണാകുളം ജില്ലയിലെ തിരുവാങ്കുളം വില്ലേജിൽ ഇരുമ്പനത്ത് നിർദ്ദിഷ്ട സംഗീത പരിപാടി നടത്താനിരുന്നതും തിരുവാങ്കുളം വില്ലേജിലെ മെസേഴ്സ് പുളിക്കൽ മെഡിക്കൽ ഫൗണ്ടേഷന്റെ ഉടമസ്ഥതയിലുള്ളതുമായ സ്ഥലം

ഡാറ്റാബാങ്ക് പ്രകാരം 10 മുതൽ 15 വർഷം മുമ്പ് വരെ നികത്തിയതായി രേഖപ്പെടുത്തപ്പെട്ടതാണ്. ടി സ്ഥലത്ത് മ്യൂസിക് ഷോയ്ക്ക് വേണ്ടി സ്റ്റേജ് നിർമ്മാണത്തിനും മെറ്റൽ പൊടി നിക്ഷേപിച്ച് ജെ. സി. ബി., റോഡ് റോളർ എന്നിവ കൊണ്ട് പരിവർത്തനങ്ങൾ നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മേൽ വിവരിച്ച സർവ്വേ നമ്പറുകളിൽപ്പെട്ട ഭൂമിയിൽ മ്യൂസിക് ഷോയ്ക്ക് വേണ്ടിയോ അല്ലാതെയോ ഏതെങ്കിലും രീതിയിലുള്ള പരിവർത്തനത്തിന് ഭൂവുടമയായ പുളിക്കൽ മെഡിക്കൽ ഫൗണ്ടേഷന് യാതൊരുവിധ അനുമതിയും നൽകിയിട്ടില്ലാത്തതാണ്.

(സി) ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ടി വസ്തു പൂർവ്വസ്ഥിതിയിലാക്കുന്നതിന് സ്ഥല ഉടമയായ മെസേഴ്സ് പുളിക്കൽ ഫൗണ്ടേഷന് കണയന്നൂർ തഹസീൽദാർ മുഖാന്തിരം നിർദ്ദേശം നൽകിയിട്ടുള്ളതും അതനുസരിച്ച് ടി സ്ഥലത്ത് അടുത്തിടെ നിക്ഷേപിച്ച ഗ്രാവൽ ഇതിനകംതന്നെ നീക്കം ചെയ്തിട്ടുള്ളതുമാണ്.

**ഇൻഡ്യൻ ഓയിൽ കോർപ്പറേഷന്റെ ഗ്യാസ് പൈപ്പ് ലൈൻ**

340(1536) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം നിയോജകമണ്ഡലത്തിൽ ചിത്രപ്പുഴ മുതൽ മാമല വരെയുള്ള ഭാഗത്ത്, തിരുവാങ്കുളം ബൈപ്പാസിനായി പ്രദേശവാസികൾ നൽകിയ സ്ഥലത്തും റവന്യൂ പുറംമ്പോക്കിലും ഇൻഡ്യൻ ഓയിൽ കോർപ്പറേഷന്റെ ഗ്യാസ് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അനുമതിയുടെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഈ ഇനത്തിൽ സർക്കാരിന് റോയൽറ്റി ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പിറവം നിയോജകമണ്ഡലത്തിൽ ചിത്രപ്പുഴ മുതൽ മാമല വരെയുള്ള ഭാഗത്ത്, തിരുവാങ്കുളം ബൈപ്പാസിനായി പ്രദേശവാസികൾ നൽകിയ സ്ഥലത്തും റവന്യൂ പുറമ്പോക്കിലും ഇൻഡ്യൻ ഓയിൽ കോർപ്പറേഷന്റെ ഗ്യാസ് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് സർക്കാർ അനുമതി തൽകിയിട്ടില്ല. എന്നാൽ തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റി 30-1-2016-ലെ പ്രമേയ നമ്പർ 15 ആയി അനുമതി നൽകിയിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇല്ല.

## ആമ്പല്ലൂർ വില്ലേജാഫീസിലെ ഫയലുകൾ പെട്രോളൊഴിച്ച് തീവച്ച സംഭവം

341(1537) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ ആമ്പല്ലൂർ വില്ലേജാഫീസിലെ ഫയലുകൾ പെട്രോളൊഴിച്ച് തീവച്ച സംഭവത്തിന് ഇടയാക്കിയ കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) കാഞ്ഞിരമറ്റം പാലക്കുന്ന് മല രവിയുടെ ഉടമസ്ഥതയിലുള്ള സ്ഥലം അളന്ന് തിട്ടപ്പെടുന്നതിന് 2017-ൽ ഹൈക്കോടതി ഉത്തരവ് നൽകിയിട്ടുണ്ടോ;

(സി) കോടതി ഉത്തരവ് നൽകി പത്ത് മാസം കഴിഞ്ഞിട്ടും പ്രസ്തുത സ്ഥലം അളന്ന് തിരിക്കാതിരുന്നതിനുള്ള ഉത്തരവാദി ആരാണെന്ന് കണ്ടെത്തിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കണയന്നൂർ താലൂക്കിൽ ആമ്പല്ലൂർ വില്ലേജിൽ ചക്കാലപറമ്പിൽ ശ്രീ. രവി എന്നയാൾ ടി വില്ലേജ് പഴയ സർവ്വേ നമ്പർ 494/13, 495 എന്നിവയിൽപ്പെട്ട വസ്തുവകകളുടെ അതിർത്തി നിർണ്ണയിച്ച് തരുന്നതിന് 3-9-2015-ൽ കണയന്നൂർ താലൂക്കിൽ അപേക്ഷ സമർപ്പിക്കുകയും അപേക്ഷയിൽ അടിയന്തിര നടപടിക്കായി ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുമ്പാകെ 33992/15 നമ്പരായി വ്യവഹാരം ഫയൽ ചെയ്യുകയും ചെയ്തു. 11-11-2015-ൽ ഹൈക്കോടതി വിധിയിൽ അപേക്ഷകനോട് കണയന്നൂർ അഡീഷണൽ തഹസിൽദാർ മുമ്പാകെ കേരള സർവ്വേ അതിരടയാള നിയമം ഫോം 8/10-ൽ അപേക്ഷ നൽകുവാനും അതനുസരിച്ച് അപേക്ഷകനെയും ബന്ധപ്പെട്ട കക്ഷികളെയും നേരിൽ കേട്ട് വസ്തു അളന്ന് തിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുള്ളതുമാണ്. അതനുസരിച്ച് ശ്രീ. രവി 8-12-2015-ൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളതുമാണ്. അയതിനെ തുടർന്ന് ടി താലൂക്കിലെ സർവ്വേയർ സ്ഥലപരിശോധന നടത്തി 11-3-2016-ൽ സ്കെച്ചും റിപ്പോർട്ടും സമർപ്പിച്ചിരുന്നു എന്ന് കണയന്നൂർ തഹസിൽദാർ അറിയിച്ചിട്ടുണ്ട്. എന്നാൽ ആമ്പല്ലൂർ വില്ലേജ് ഓഫീസിൽ തീയിട്ട് ഫയലുകൾ ഭാഗികമായി നശിപ്പിച്ചതിനെ സംബന്ധിച്ച് അന്വേഷണം നടന്നുവരികയാണ്.

(ബി & സി) താലൂക്ക് സർവ്വേയറുടെ പരിശോധനാ റിപ്പോർട്ട് തൃപ്തികരമല്ലെന്ന് സൂചിപ്പിച്ചുകൊണ്ടും ടി റിപ്പോർട്ടിൽ ആക്ഷേപം ബോധിപ്പിച്ചും 28-3-2017-ൽ ശ്രീ. രവി ജില്ലാ സർവ്വേ സൂപ്രണ്ട് മുമ്പാകെ അപ്പീൽ

ബോധിപ്പിക്കുകയും തുടർന്ന് ബഹു മാനപ്പെട്ട ഹൈക്കോടതിയിൽ ഡബ്ല്യു.പി.(സി) 25265/17 ആയി വ്യവഹാരം സമർപ്പിക്കുകയും ചെയ്തു. 31-7-2017-ലെ ഡബ്ല്യു.പി.(സി)25265/17-ലെ ഹൈക്കോടതി ഉത്തരവ് പ്രകാരം ജില്ലാ സർവ്വേ സൂപ്രണ്ടിനോട് അപ്പീൽ പരിഗണിച്ച് ആറാഴ്ചയ്ക്കകം തീരുമാനമെടുക്കാൻ നിർദ്ദേശിക്കുകയും ചെയ്തിരിക്കുന്നു.

കോടതിവിധിയുടെ അടിസ്ഥാനത്തിൽ ജില്ലാ സർവ്വേ സൂപ്രണ്ട് അപ്പീൽ പരിഗണിക്കുകയും മുൻ സർവ്വേയറുടെ സർവ്വേ നടപടികൾ സർവ്വേ അതിരടയാള ചട്ടം 43 അനുസരിച്ചതായി കാണുന്നില്ല എന്ന് കണ്ടെത്തുകയും ആയതിനാൽ ഫോം നമ്പർ 10-ൽ അപേക്ഷ വാങ്ങി നിയമാനുസൃത ഫീസ് ഈടാക്കി വസ്തുവിന്റെ അതിർത്തി ചൂണ്ടിക്കാണിച്ച് കൊടുക്കുന്നതിന് കണയന്നൂർ ഭൂരേഖ തഹസിൽദാർ നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് അപ്പീൽ 20-11-2017-ൽ തീർപ്പാക്കിയിട്ടുള്ളതാണ്. അതനുസരിച്ച് അപേക്ഷകന് 5-3-2018-ൽ നിശ്ചിത ഫോറത്തിൽ അപേക്ഷ നൽകുവാൻ ആവശ്യപ്പെട്ടുകൊണ്ട് കത്ത് നൽകുകയും 21-3-2018-ൽ ഫീസ് ഒടുക്കിയ രസീതും ഫാറം 10-ൽ ഉള്ള (റീ സർവ്വേ 385/1, 501/11, 556/7 എന്നീ നമ്പരുകളിൽപ്പെട്ട വസ്തുക്കളുടെ അതിർത്തി നിർണ്ണയത്തിന്) അപേക്ഷയും ശ്രീ. രവി സമർപ്പിച്ചിരുന്നു. ആയതിനെ തുടർന്ന് അയൽവാസികളായ വസ്തു ഉടമകൾക്ക് ചട്ട പ്രകാരമുള്ള നോട്ടീസ് നൽകി 10-5-2018-ന് സർവ്വേയർ സ്ഥല പരിശോധന നടത്തി റീസർവ്വേ നമ്പർ 556/7-ൽപ്പെട്ട കരഭൂമിയുടെ അതിർത്തി പുനർനിർണ്ണയം നടത്തി നൽകിയിട്ടുള്ളതാണ്. അപേക്ഷകന്റെ തന്നെ റീസർവ്വേ 501/1, 358/1-ലും പെട്ട നിലമായി കിടക്കുന്ന ഭൂമി കൈതക്കാടുകൾ വളർന്ന് സർവ്വേ നടത്തുവാൻ സാധിക്കാത്ത വിധത്തിൽ കിടക്കുന്നതിനാൽ കാട് വെട്ടിത്തെളിച്ച് സർവ്വേയ്ക്കനുയോജ്യമാക്കി തരുന്നതിന് ടി അപേക്ഷകനോട് നിർദ്ദേശിച്ചിരുന്നതും അപേക്ഷകൻ അത് പാലിക്കുകയും 28-5-2018-ന് സർവ്വേ നടപടികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുള്ളതുമാണ്.

**തിരുവനന്തപുരം ജില്ലയിലെ സ്മാർട്ട് വില്ലേജ് ഓഫീസുകൾ**

342(1538) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഏതെല്ലാം വില്ലേജോഫീസുകൾ സ്മാർട്ട് വില്ലേജാഫീസുകൾ ആക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; വിശദാംശം നൽകാമോ ;

(ബി) തിരുവനന്തപുരം ജില്ലയിൽ ഏതെല്ലാം വില്ലേജ് ഓഫീസുകളാണ് സ്മാർട്ട് വില്ലേജോഫീസുകൾ ആക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2016-17 സാമ്പത്തിക വർഷം 7 വില്ലേജ് ഓഫീസുകളും 2017-18 സാമ്പത്തിക വർഷം 39 വില്ലേജ് ഓഫീസുകളും സ്മാർട്ട് വില്ലേജ് ഓഫീസുകൾ ആക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത വില്ലേജ് ഓഫീസുകളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ബി) തിരുവനന്തപുരം ജില്ലയിൽ സ്മാർട്ട് വില്ലേജ് പദ്ധതി പ്രകാരം നവീകരണം/നിർമ്മാണത്തിനായി ഭരണാനുമതി ലഭിച്ച വില്ലേജുകളുടെ വിവരം ചുവടെ ചേർക്കുന്നു:

1. തൈക്കാട്
2. നാവായിക്കുളം
3. പള്ളിപ്പുറം
4. മാറനല്ലൂർ
5. കള്ളിക്കാട്
6. കഠിനംകുളം
7. ചെറുവയ്ക്കൽ
8. കടയ്ക്കാവൂർ
9. പട്ടം

**കാലവർഷക്കെടുതിയിൽ തകരാറിലായ റോഡുകളുടെ നിർമ്മാണം**

343(1539) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരസഭയിൽ ഫ്ലഡ് ഫണ്ട് ഉപയോഗിച്ച് 2016 മുതൽ കാലവർഷക്കെടുതിയിൽ തകരാറിലായ എത്ര റോഡുകളുടെ പണി പൂർത്തീകരിച്ചു; അവ ഏതെല്ലാം; എത്ര വർക്കുകൾ ടെണ്ടർ ചെയ്തു; ടെണ്ടർ ചെയ്തിട്ടും വർക്ക് നടക്കാത്ത എത്ര റോഡുകൾ നിലവിലുണ്ട്; അവ ഏതെല്ലാം; പ്രസ്തുത വർക്കുകൾ ഇനി ഏതു രീതിയിൽ നടത്തുവാൻ ഉദ്ദേശിക്കുന്നു എന്നറിയിക്കാമോ;

(ബി) തിരുവനന്തപുരം നഗര സഭയിൽ ഫ്ലഡ് വർക്ക് ചെയ്ത വകയിൽ 2016 മുതൽ എത്ര വർക്കുകളുടെ ബില്ല് മാറി നൽകി; ഇനി എത്ര വർക്കുകളുടേത് പെൻഡിംഗിൽ ഉണ്ട്; അവ ഏതെല്ലാം; വിശദമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) തിരുവനന്തപുരം ജില്ലയിൽ കഴക്കൂട്ടം മണ്ഡലത്തിൽ ഫ്ലഡ് വർക്കുകൾ നടപ്പിലാക്കുന്നതിന് പോത്തൻകോട് ബ്ലോക്ക് പഞ്ചായത്തിനെ ചുമതലപ്പെടുത്തിക്കൊണ്ടുള്ള ഉത്തരവ് നിലവിലുണ്ടോ;എങ്കിൽ കോപ്പി ലഭ്യമാക്കാമോ;

(ഡി) പ്രകൃതിക്ഷോഭ ദുരിതാശ്വാസ റോഡ് പണിയുടെ കാലാവധി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച് 2-5-2018-ൽ ഡി.എം.2/179/2018 ഡി.എം.ഡി. തിരുവനന്തപുരം ജില്ലാകളക്ടർക്ക് നൽകിയ കത്തിന് മറുപടി ലഭിച്ചിട്ടുണ്ടോ; എങ്കിൽ കോപ്പി ലഭ്യമാക്കുമോ; പ്രസ്തുത കാലാവധി ദീർഘിപ്പിച്ച് നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) 2016 മുതൽ തിരുവനന്തപുരം നഗരസഭയിൽ ഫ്ലഡ് വർക്കിൽ ഉൾപ്പെടുത്തി 7 പ്രവൃത്തികളാണ് പൂർത്തീകരിച്ച് ബിൽ സമർപ്പിച്ചിട്ടുള്ളത്. അവ താഴെ പറയുന്നവയാണ്.

| | |
|---|---|
| 1 | ചെന്നിലോട് വായനശാല കുന്നംപുറം റോഡ് |
| 2 | മുളമൂട് ഏലാ റോഡ് |
| 3 | പറയ്ക്കോട്ടുകുളം വാഴി സൈഡ് വാൾ |
| 4 | ശാസ്ത്രി നഗർ ഈസ്റ്റ് വെസ്റ്റ് റോഡ് |
| 5 | ആദർശ് നഗർ അർച്ചനാ നഗർ റോഡ് |
| 6 | കമലേശ്വരം വാർഡിലെ ജൂബിലി നഗർ നീലാറ്റിൻകര റോഡ് |
| 7 | അമ്പലത്തറ വാർഡിലെ നാഷണൽ കോളേജ് റോഡ് |

ടെണ്ടർ ചെയ്ത വർക്കുകളുടെയും ടെണ്ടർ ചെയ്തിട്ട് വർക്ക് നടത്താത്ത റോഡുകളുടെയും വിവരം ശേഖരിച്ചുവരുന്നു.

(ബി & സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) മറുപടി ലഭിച്ചിട്ടുണ്ട് (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു).* പ്രസ്തുത മറുപടിയുടെ അടിസ്ഥാനത്തിൽ ഫയൽ പരിശോധിച്ചുവരുന്നു.

**സർവ്വേ ചെയ്യാത്ത ഭൂമിയിലെ താമസക്കാർക്ക് പട്ടയം**

344(1540) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവളം നിയോജകമണ്ഡലത്തിലെ തീരദേശത്ത് സർവ്വേ ചെയ്യാത്ത ഭൂമിയിലെ താമസക്കാർക്ക് പട്ടയം ലഭിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പ്രസ്തുത സ്ഥലത്ത് താമസിക്കുന്നവർ പട്ടയത്തിന് അപേക്ഷിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവർക്ക് പട്ടയം നൽകുന്നതിന് പ്രസ്തുത ഭൂമി സർവ്വേ ചെയ്ത് വില്ലേജ് രേഖകളിൽ ഉൾപ്പെടുത്തുന്നതിന് അടിയന്തര നടപടി സ്വീകരിയ്ക്കുവാൻ തയ്യാറാകുമോ;

(സി) ആയതിലേയ്ക്ക് ഒരു സർവ്വേ ടീമിനെ നിയോഗിയ്ക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കോവളം നിയോജകമണ്ഡലത്തിലെ തീരദേശത്ത് സർവ്വേ ചെയ്യാത്ത ഭൂമിയിൽ താമസിക്കുന്ന കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിലേയ്ക്കായുള്ള നടപടികൾ നടന്നുവരുന്നതും ടി ഭൂമിയിലെ സർവ്വേ നടപടികൾ പുരോഗമിച്ച് വരികയുമാണ്.

(ബി & സി) പ്രസ്തുത സ്ഥലത്ത് താമസിക്കുന്നവർ പട്ടയത്തിന് അപേക്ഷിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സർവ്വേ ചെയ്യാത്ത ഭൂമികൾ സർവ്വേ ചെയ്യുന്നതിലേയ്ക്ക് 7-12-2017-ൽ നെയ്യാറ്റിൻകര റീ-സർവ്വേ അസിസ്റ്റന്റ് ഡയറക്ടറുടെ നടപടിക്രമ പ്രകാരം ഒരു സർവ്വേ ടീമിനെ നിയോഗിച്ചുത്തരവാകുകയും സർവ്വേ നടപടികൾ പുരോഗമിച്ച് വരികയുമാണ്.

**ആലത്തൂർ താലൂക്കോഫീസിൽ സർവ്വേയർ നിയമനം**

345(1541) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ താലൂക്കാഫീസിൽ ആവശ്യത്തിന് സർവ്വേയർമാരില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർവ്വേയർമാരുടെ കുറവ് കാരണം സർവ്വെ നടപടികൾ വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഒഴിഞ്ഞുകിടക്കുന്ന സർവ്വേയർ തസ്തികകളിൽ നിയമനം നടത്തി സർവ്വേ നടപടികൾ ത്വരിതഗതിയിലാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ആലത്തൂർ താലൂക്കോഫീസിൽ ആവശ്യത്തിന് സർവ്വേയർമാരില്ലാത്തതായി റിപ്പോർട്ടുകളൊന്നും സർക്കാരിൽ ലഭ്യമായിട്ടില്ല.

(ബി) സർവ്വേ നടപടികളിൽ തടസ്സം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) നിലവിൽ രണ്ടാം തരം സർവ്വേയർ തസ്തികയിലെ റാങ്ക് ലിസ്റ്റ് പി. എസ്. സി. പ്രസിദ്ധീകരിച്ചിരിക്കുന്നതായി കാണുന്നു. ആയതിനാൽ നിയമന ശിപാർശ ലഭിക്കുന്ന മുറയ്ക്ക് പാലക്കാട് ഉൾപ്പെടെയുള്ള ജില്ലകളിലെ ഒഴിവ് പൂർണ്ണമായി നികത്താൻ കഴിയുന്നതാണ്.

**സ്വകാര്യ ഏജൻസികൾ മുഖേനയുള്ള റീ-സർവ്വേ നടപടികൾ**

346(1542) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റീ-സർവ്വേ നടപടികൾ സ്വകാര്യ ഏജൻസികളെ ഏൽപ്പിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും ആലോചനകൾ നടക്കുന്നുണ്ടോ; എങ്കിൽ ഏത് രീതിയിലാണ് ഈ മേഖലയിൽ സ്വകാര്യവത്കരണം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ ;

(ബി) സ്വകാര്യ ഏജൻസികൾ നടത്തുന്ന സർവ്വേ നടപടികളിന്മേൽ സർവ്വെ വകുപ്പ് കൃത്യത പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് ഏത് തരത്തിലുള്ള ചുമതലകളാണ് വകുപ്പിന് നൽകുവാൻ തീരുമാനിച്ചിട്ടുള്ളത് ;

(സി) സംസ്ഥാനത്തെ റീ-സർവ്വേ നടപടികൾ പൂർത്തിയാക്കുന്നതിന് മറ്റെന്തെല്ലാം തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്; ഏത് രീതിയിൽ നടപടികൾ പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്?

<u>ഉത്തരം</u>

(എ) റീ-സർവ്വേ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് വകുപ്പിന്റെ മാനവശേഷി അപര്യാപ്തമായ സാഹചര്യത്തിൽ കേന്ദ്ര സംസ്ഥാന സർക്കാർ അംഗീകൃത ഏജൻസികളുടെ സേവനം പ്രയോജനപ്പെടുത്തിയും സർവ്വേ സംബന്ധിച്ച് സാങ്കേതിക പരിജ്ഞാനം ഉള്ളവരെയും സർവ്വേ സ്കൂളിൽ നിന്ന് സർവ്വേ ട്രെയിനിംഗ് ലഭിച്ചവരെയും ഉൾപ്പെടുത്തിയും വാലിഡേഷൻ ജോലികൾ സർവ്വേ വകുപ്പിലെ നിലവിലുള്ള ഉദ്യോഗസ്ഥരെക്കൊണ്ട് നിർവ്വഹിച്ചും സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വേ പൂർത്തിയാക്കുന്നതിനായി 10-5-2018-ൽ

സ.ഉ. (എംഎസ്.) 181/2018/റവന്യൂ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്. ടി വിഷയത്തിൽ നിലവിലെ സർവ്വേ നിയമത്തിൽ മാറ്റം വരുത്തുന്നതിനും Project Management Constultancy-യെ നിയമിക്കുന്നതിനുള്ള നടപടികൾ സർക്കാർ പരിശോധിച്ചുവരികയാണ്.

(ബി) വാലിഡേഷൻ ജോലികൾ സർവ്വേ വകുപ്പിലെ നിലവിലുള്ള ഉദ്യോഗസ്ഥരെക്കൊണ്ട് നിർവ്വഹിച്ച് സർവ്വേ നടപടികളിന്മേൽ കൃത്യത ഉറപ്പുവരുത്തുന്നതിനാണ് ലക്ഷ്യമിടുന്നത്.

(സി) കേന്ദ്ര-സംസ്ഥാന സർക്കാർ അംഗീകൃത ഏജൻസികളുടെ സേവനം പ്രയോജനപ്പെടുത്തിയും സർവ്വേ സംബന്ധിച്ച് സാങ്കേതിക പരിജ്ഞാനം ഉള്ളവരെയും സർവ്വേ സ്കൂളിൽ നിന്നും സർവ്വേ ട്രെയിനിംഗ് ലഭിച്ചവരെയും ഉൾപ്പെടുത്തിയും വാലിഡേഷൻ ജോലികൾ സർവ്വേ വകുപ്പിലെ നിലവിലുള്ള ഉദ്യോഗസ്ഥരെക്കൊണ്ട് നിർവ്വഹിച്ചും സംസ്ഥാനത്ത് വളരെ വേഗത്തിൽ തന്നെ ഡിജിറ്റൽ സർവ്വേ പൂർത്തിയാക്കുന്നതിന് കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**വാമനപുരം നിയോജകമണ്ഡലത്തിലെ റീ-സർവ്വേ ജോലികൾ**

347(1543) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിന്റെ പരിധിക്കുള്ളിൽ വരുന്ന വില്ലേജുകളിൽ റീ-സർവ്വേ ജോലികൾ ഏതുവരെയായി; വിശദമാക്കാമോ;

(ബി) നെടുമങ്ങാട് താലൂക്കിന്റെ പരിധിയിൽ സർവ്വേയർമാരുടെ കുറവുണ്ടോ; ഉണ്ടെങ്കിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വാമനപുരം നിയോജകമണ്ഡലത്തിന്റെ പരിധിക്കുള്ളിൽ വരുന്ന നെല്ലനാട്, കല്ലറ, കുറുപുഴ, പനവൂർ, ആനാട് എന്നീ വില്ലേജുകളിൽ റീ-സർവ്വേ പൂർത്തിയാക്കി റവന്യൂ ഭരണത്തിന് കൈമാറിയിട്ടുള്ളതാണ്. റീസർവ്വേ നടപടി സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഇല്ല. നെടുമങ്ങാട് താലൂക്ക് പരിധിയിൽ നിലവിലുള്ള എല്ലാ സർവ്വേയർ തസ്തികകളിലും ജീവനക്കാർ ജോലി ചെയ്തുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## റീ-സർവ്വേ നടപടികൾ

348(1544) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭൂമി റീ-സർവ്വേ നടത്തി ഡിജിറ്റൽ ലാൻഡ് റെക്കോർഡ് തയ്യാറാക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനാവശ്യമായ സർവ്വേ ജോലികൾ ഏത് ഏജൻസി മുഖേനയാണ് നടപ്പാക്കുക;

(സി) ഇതിനാവശ്യമായ ചെലവ് ജനങ്ങളിൽനിന്നും നേരിട്ട് ഈടാക്കുമോ;

(ഡി) റീസർവ്വേ നടത്തി നൽകണമെന്ന് ആവശ്യപ്പെടാത്തവരുടെ ഭൂമിയും ഇതിലേക്കായി ഫീസീടാക്കി റീ-സർവ്വേ ചെയ്യുന്നുണ്ടോ;

(ഇ) എങ്കിൽ സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ളവർക്ക് ഇത് ബുദ്ധിമുട്ടുണ്ടാക്കുമെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് മുഴുവൻ വില്ലേജുകളുടെയും ഡിജിറ്റൽ സർവ്വേ കേന്ദ്ര-സംസ്ഥാന സർക്കാർ അംഗീകൃത ഏജൻസികളുടെ സേവനം പ്രയോജനപ്പെടുത്തി പൂർത്തിയാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ്ഗ് താലൂക്കിലെ 10 വില്ലേജുകളുടെ ഡിജിറ്റൽ സർവ്വേ പൂർത്തിയായിട്ടുള്ളതും സംസ്ഥാനത്ത് 32 വില്ലേജുകളുടെ ഡിജിറ്റൽ സർവ്വേ പുരോഗതിയിലുമാണ്.

(ബി) റീ-സർവ്വേ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് കേന്ദ്ര-സംസ്ഥാന സർക്കാർ അംഗീകൃത ഏജൻസികളുടെ സേവനം പ്രയോജനപ്പെടുത്തിയും സർവ്വേ സംബന്ധിച്ച് സാങ്കേതിക പരിജ്ഞാനം ഉള്ളവരെയും സർവ്വേ സ്കൂളിൽ നിന്ന് സർവ്വേ ട്രെയിനിംഗ് ലഭിച്ചവരെയും ഉൾപ്പെടുത്തിയും വാലിഡേഷൻ ജോലികൾ സർവ്വേ വകുപ്പിലെ നിലവിലുള്ള ഉദ്യോഗസ്ഥരെക്കൊണ്ട് നിർവ്വഹിപ്പിച്ചും സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വേ പൂർത്തിയാക്കുന്നതിനുള്ള അനുമതി നൽകി സർക്കാർ ഉത്തരവായിട്ടുണ്ട്.

(സി) സർവ്വേ പ്രവർത്തനങ്ങൾക്ക് ആകെ ചെലവായ തുക ഭൂമിയുടെ വിസ്തീർണ്ണത്തിന് ആനുപാതികമായി വിഭജിച്ച് ഓരോ കൈവശത്തിനുമുള്ള സർവ്വേ ചാർജ്ജ് (ഡിമാന്റ്) കണക്കാക്കി തുക ഈടാക്കുന്നതിനുള്ള പട്ടിക തയ്യാറാക്കി റവന്യൂ വകുപ്പിന് നൽകി വില്ലേജ് ഓഫീസ് മുഖേന പ്രസ്തുത തുക ഭൂവുടമകളിൽ നിന്നും നിലവിൽ ഈടാക്കിവരുന്നു.

(ഡി) സർവ്വേ അതിരടയാള ആക്ട് 1961 അനുശാസിക്കുംവിധം വിജ്ഞാപനം നടത്തി സർവ്വേ നടത്തുന്ന പ്രദേശത്തെ ഫീൽഡ് ജോലി പൂർത്തിയാകുന്ന മുറയ്ക്ക് ടി പ്രദേശത്തെ എല്ലാ ഭൂവുടമകളിൽ നിന്നും സർവ്വേ ചാർജ്ജ് (ഡിമാന്റ്) ഈടാക്കി വരുന്നു.

(ഇ) ഭൂമിയുടെ വിസ്തീർണ്ണത്തിന് ആനുപാതികമായി താരതമ്യേന കുറഞ്ഞ തുകയാണ് സർവ്വേ ചാർജ്ജ് (ഡിമാന്റ്) ഇനത്തിൽ ഈടാക്കുന്നത്. ആയതിനാൽ സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ളവർക്ക് ഇത് ബുദ്ധിമുട്ടുണ്ടാക്കുമെന്ന് കരുതുന്നില്ല.

### കാസർഗോഡ് ജില്ലയിലെ റീസർവ്വേ ജോലികൾ

349(1545) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോഡ് ജില്ലയിലെ റവന്യൂ റീ-സർവ്വേ ജോലികൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നും ഇതുവരെയായി എത്രശതമാനം പൂർത്തീകരിച്ചിട്ടുണ്ടെന്നും അറിയിക്കാമോ;

(ബി) സംസ്ഥാനത്ത് റീ-സർവ്വേ നടപടികൾ പൂർത്തീകരിച്ച എത്ര ജില്ലകളുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കാസർഗോഡ് ജില്ലയിലെ റീ-സർവ്വേ ജോലികൾ പൂർണ്ണമായും പൂർത്തീകരിച്ചില്ല. എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് കണക്കാക്കിയിട്ടില്ല. ജില്ലയിൽ ആകെയുള്ള 128 വില്ലേജുകളിൽ 22 വില്ലേജുകളുടെ (17.19%) റീസർവ്വേ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് ഒരു ജില്ലയിലും റീ-സർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടില്ല.

### പാലക്കാട് ജില്ലയിൽ റീ-സർവ്വേ നടപടികൾ പൂർത്തിയാക്കിയ വില്ലേജുകൾ

350(1546) <u>ശ്രീ. വി. ടി. ബൽറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ റീ-സർവ്വേ നടപടികൾ പൂർത്തിയാക്കിയ വില്ലേജുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഉദ്യോഗസ്ഥന്മാരുടെ കുറവുമൂലം റീ-സർവ്വേ നടപടികൾ മുടങ്ങിക്കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കാമോ;

(സി) കൂടുതൽ ഉദ്യോഗസ്ഥന്മാരെ നിയമിച്ച് റീ-സർവ്വേ നടപടികൾ അടിയന്തരമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) പാലക്കാട് ജില്ലയിൽ റീ-സർവ്വേ പൂർത്തിയാക്കിയ വില്ലേജുകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) ഉദ്യോഗസ്ഥന്മാരുടെ കുറവുമൂലം റീ-സർവ്വേ നടപടികൾ മുടങ്ങിക്കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പാലക്കാട് ജില്ലയിൽ നിലവിലുള്ള ജീവനക്കാരെ നിയോഗിച്ച് പാലക്കാട് 2, പാലക്കാട് 3 എന്നീ വില്ലേജുകളുടെ റീ-സർവ്വേ പ്രവർത്തനങ്ങൾ നിർവ്വഹിച്ചുവരുന്നു.

(സി) കേന്ദ്ര-സംസ്ഥാന സർക്കാർ അംഗീകൃത ഏജൻസികളുടെ സേവനവും സാങ്കേതിക പരിജ്ഞാനമുള്ളവരെയും പ്രയോജനപ്പെടുത്തി സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വേ പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

**റീ-സർവ്വേ പ്രവർത്തനങ്ങൾ**

351(1547) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റീ-സർവ്വേ പ്രവർത്തനങ്ങളുടെ നിലവിലുള്ള സ്ഥിതിയും, ജില്ല തിരിച്ചുള്ള വിശദാംശങ്ങളും അറിയിക്കുമോ;

(ബി) റീ-സർവ്വേ രേഖകളുടെ ഡിജിറ്റൈസേഷൻ എത്രത്തോളം പൂർത്തിയായി എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത വില്ലേജുകൾ ഏതെല്ലാമെന്ന് ജില്ല തിരിച്ച് അറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ആകെയുള്ള 1664 വില്ലേജുകളിൽ 903 വില്ലേജുകളുടെ റീ-സർവ്വേ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. റീ-സർവ്വേ പ്രവർത്തനങ്ങളുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധം ആയി ചേർക്കുന്നു.*

(ബി) റീ-സർവ്വേ പൂർത്തീകരിച്ചിട്ടുള്ള 903 വില്ലേജുകളിൽ 832 വില്ലേജുകളിലെ FMB-കളുടെ ഡിജിറ്റൈസേഷൻ പൂർത്തീകരിച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) ഡിജിറ്റൈസേഷൻ പൂർത്തീകരിച്ചിട്ടുള്ള വില്ലേജുകളുടെ വിവരം അനുബന്ധം ആയി ചേർക്കുന്നു.*

**റീ-സർവ്വേ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി**

352(1548) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. സി. കെ. ശശീന്ദ്രൻ:
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുനരാരംഭിച്ച റീ-സർവ്വേ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ജനപങ്കാളിത്തം ഉറപ്പുവരുത്തി റീ-സർവ്വേ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) റീ-സർവ്വേ നടപടികൾ പൂർത്തീകരിച്ച വില്ലേജുകളിൽ വിവരങ്ങൾ ഡിജിറ്റൈസേഷൻ നടത്തി ഇ-രേഖാ വെബ് പോർട്ടലിൽ അപ്‌ലോഡ് ചെയ്തിട്ടുണ്ടോ;

(ഡി) റീ-സർവ്വേയുമായി ബന്ധപ്പെട്ട പരാതികളിൽ ദ്രുതഗതിയിൽ തീർപ്പ് കൽപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഇ) റീ-സർവ്വേ സമയബന്ധിതമായി പൂർത്തീകരിക്കാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്കു കീഴിലുള്ള അംഗീകൃത ഏജൻസികളെ ഏൽപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ ഹോസ്ദുർഗ്ഗ് താലൂക്കിൽ പൈലറ്റടിസ്ഥാനത്തിൽ ആരംഭിച്ച 10 വില്ലേജുകളുടെ ഡിജിറ്റൽ സർവ്വേ ഉൾപ്പെടെ 19 വില്ലേജുകളുടെ റീ-സർവ്വേ വർക്കുകൾ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ നാളിതുവരെ 903 വില്ലേജുകളുടെ റീ-സർവ്വേ പ്രവർത്തനങ്ങൾ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുള്ളതാണ്. ശേഷിക്കുന്ന വില്ലേജുകളുടെ റീ-സർവ്വേ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) റീ-സർവ്വേ പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തി പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുള്ളതും ടി പ്രവർത്തനങ്ങൾ തുടർന്നുവരുന്നതുമാണ്.

(സി) റീ-സർവ്വേ നടപടികൾ പൂർത്തീകരിച്ച വില്ലേജുകളിൽ വിവരങ്ങൾ ഡിജിറ്റൈസേഷൻ നടത്തി ഇ-രേഖാ വെബ് പോർട്ടലിൽ അപ്‌ലോഡ് ചെയ്തുവരുന്നു. നിലവിൽ 659 വില്ലേജുകളുടെ ഫീൽഡ് മെഷർമെന്റ് സ്കെച്ചുകൾ പ്രസ്തുത വെബ് പോർട്ടലിൽ നൽകിയിട്ടുണ്ട്.

(ഡി) റീ-സർവ്വേയുമായി ബന്ധപ്പെട്ട പരാതികൾ ഉൾപ്പെടെ ഭൂപരിപാലനവുമായി ബന്ധപ്പെട്ട എല്ലാ അപേക്ഷകളും സമയബന്ധിതമായി തീർപ്പാക്കുന്നതിനായി എൽ. ആർ. എം. അപേക്ഷകളിൽ വിവിധ ഘട്ടങ്ങളും വിവിധ ഉദ്യോഗസ്ഥതല പ്രവർത്തനങ്ങളും ഭേദഗതി ചെയ്ത് നടപടിക്രമങ്ങൾ ഏകീകരിച്ച് ഉത്തരവായത് പ്രകാരം ഭൂരേഖ പരിപാലനവും സംരക്ഷണവും തഹസീൽദാർ(ഭൂരേഖ)യുടെ നിയന്ത്രണത്തിൽ നിർവ്വഹിച്ചുവരുന്നു. ഇത് നടപ്പിലാക്കുന്നതിന് ജില്ലാ സർവ്വേ സൂപ്രണ്ടിനുണ്ടായിരുന്ന കർത്തവ്യങ്ങൾ ഹെഡ് സർവ്വേയർക്ക് നൽകി സർവ്വേ അതിരടയാള നിയമം 1964-ലെ റൂൾ 24, 36, 61 എന്നിവയിൽ ഭേദഗതി വരുത്തിയിട്ടുണ്ട്.

(ഇ) ഉണ്ട്. റീ-സർവ്വേ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് കേന്ദ്ര-സംസ്ഥാന സർക്കാർ അംഗീകൃത ഏജൻസികളുടെ സേവനം പ്രയോജനപ്പെടുത്തിയും സർവ്വേ സംബന്ധിച്ച് സാങ്കേതിക പരിജ്ഞാനം ഉള്ളവരെയും സർവ്വേ സ്കൂളിൽ നിന്ന് സർവ്വേ ട്രെയിനിംഗ് ലഭിച്ചവരെയും ഉൾപ്പെടുത്തിയും വാലിഡേഷൻ ജോലികൾ സർവ്വേ വകുപ്പിലെ നിലവിലുള്ള ഉദ്യോഗസ്ഥരെക്കൊണ്ട് നിർവ്വഹിച്ചും സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വേ പൂർത്തിയാക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. ടി ഉത്തരവ് പ്രകാരമുള്ള നടപടിക്രമങ്ങൾ പ്രാരംഭഘട്ടത്തിലാണ്.

**വട്ടിയൂർക്കാവ് നിയോജകമണ്ഡലത്തിൽ റീ-സർവ്വേ**

353(1549) <u>ശ്രീ. കെ. മുരളീധരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വട്ടിയൂർക്കാവ് നിയോജകമണ്ഡലത്തിലെ ഏതൊക്കെ വില്ലേജുകളിലാണ് റീ-സർവ്വേ നടപടികൾ പൂർത്തീകരിക്കാനുള്ളതെന്ന് വിശദമാക്കാമോ;

(ബി) റീ-സർവ്വേ നടപടികൾ പൂർത്തീകരിക്കാത്തതുകാരണം ഉടമസ്ഥർക്ക് കരം ഒടുക്കുന്നതിന് കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വട്ടിയൂർക്കാവ് നിയോജകമണ്ഡലത്തിലെ വട്ടിയൂർക്കാവ്, വഞ്ചിയൂർ എന്നീ വില്ലേജുകളിലാണ് റീ-സർവ്വേ നടപടികൾ പൂർത്തീകരിക്കാനുള്ളത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എൽ.ആർ.എം. നടപടികൾ മുഖേന പരാതികൾ പരിഹരിച്ചുവരുന്നു. വഞ്ചിയൂർ, വട്ടിയൂർക്കാവ് വില്ലേജുകളിൽ റീ-സർവ്വേ പൂർത്തിയായെങ്കിലും അപ്ഡേഷൻ വർക്കുകൾ നടന്നുകൊണ്ടിരിക്കുകയാണ്.

**നദികളിൽ നിന്നുള്ള മണൽവാരൽ നിയന്ത്രണം**

354(T*1550) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണൽ വാരൽ നിരോധനംമൂലം കേരളത്തിലെ നദികളിൽ മണൽ അടിഞ്ഞുകൂടി നീരൊഴുക്ക് ഇല്ലാതായ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ വിഷയത്തിൽ പഠനങ്ങൾ നടത്തിയിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(ബി) പുഴയുടെ നാശത്തിന് പലപ്പോഴും കാരണമാകുന്ന മണ്ണൊലിപ്പും അതിന് കാരണമാകുന്ന വന നശീകരണവും ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും തടയുന്നതിനും ഫലപ്രദമായ മാർഗ്ഗങ്ങൾ സ്വീകരിക്കാതെ മണൽ വാരൽ മാത്രം നിയന്ത്രിക്കുന്നത് നീരൊഴുക്കുകൾക്ക് വിപരീത ഫലം ചെയ്യും എന്നത് സംബന്ധിച്ച് ആവശ്യമായ പഠനം നടത്തുവാൻ തയ്യാറാകുമോ എന്ന് വ്യക്തമാക്കാമോ;

(സി) ചാലിയാർ പുഴയിൽ മണൽ വാരൽ നിരോധിച്ചിട്ടുണ്ടോ; ഈ പുഴയിലെ സാൻഡ് ഓഡിറ്റ് ആരാണ് നടത്തുന്നത്; നിലവിൽ സാൻഡ് ഓഡിറ്റ് പൂർത്തീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

ഉത്തരം

(എ) മണൽ വാരൽ നിരോധനംമൂലം കേരളത്തിലെ നദികളിൽ മണൽ അടിഞ്ഞുകൂടി നീരൊഴുക്ക് ഇല്ലാതായ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഓരോ നദിയിലും അടിയുന്ന മണലിന്റെ കണക്കെടുപ്പ് നടത്തുന്നതിന്റെ ഭാഗമായി വിവിധ ജില്ലകളിലായി താഴെ പറയുന്ന 19 നദികളുടെ സാൻഡ് ഓഡിറ്റ് നടത്തിയിട്ടുണ്ട് - നെയ്യാർ, കരമന, വാമനപുരം, കല്ലട & കുളത്തൂപ്പുഴ, ഇത്തിക്കര, പമ്പ, അച്ചൻകോവിൽ, മീനച്ചിൽ, പെരിയാർ, മൂവാറ്റുപുഴ, ചാലക്കുടി, കരുവന്നൂർ, കടലുണ്ടി, ചാലിയാർ, കുറ്റിയാടി, അഞ്ചരക്കണ്ടി, വളപട്ടണം, കബനി, ചന്ദ്രഗിരി.

* മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) ഓരോ നദിയിലും അടിഞ്ഞുകൂടുന്ന മണലിന്റെയും അതിൽ നിന്നും ഖനനം ചെയ്യാൻ കഴിയുന്ന മണലിന്റെയും കണക്കെടുപ്പ് ഓരോ മൂന്ന് വർഷത്തിലൊരിക്കൽ വീതം നടത്തിവരുന്നു. ഇപ്രകാരം തയ്യാറാക്കുന്ന സാൻഡ് ഓഡിറ്റിംഗ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് മണൽ വാരലിന് അനുമതി നൽകുന്നത്. എന്നാൽ ഇപ്രകാരം അനുമതി നൽകിയാൽ തന്നെയും പരിസ്ഥിതി വകുപ്പ് നൽകുന്ന പാരിസ്ഥിതികാനുമതി ലഭിക്കാത്തതുമൂലം പല സ്ഥലങ്ങളിലും മണൽ വാരാൻ കഴിയാത്ത അവസ്ഥയുണ്ട്.

(സി) ചാലിയാർ പുഴയിൽ മണൽവാരൽ നിരോധിച്ചിട്ടുണ്ട്. Center for Social & Resource Development എന്ന സ്ഥാപനമാണ് ചാലിയാറിൽ സാൻഡ് ഓഡിറ്റ് നടത്തിയിട്ടുള്ളത്. MOU പ്രകാരം തന്നെ പ്രസ്തുത സ്ഥാപനം ഓഡിറ്റ് പൂർത്തീകരിച്ചിട്ടുള്ളതും ഓഡിറ്റ് റിപ്പോർട്ട് സർക്കാർ അംഗീകരിച്ചിട്ടുള്ളതുമാണ്. സാൻഡ് ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മണൽ ഖനനം ചെയ്യുന്നതിനാവശ്യമായ പാരിസ്ഥിതികാനുമതിക്കായി SEIAA-യ്ക്ക് അപേക്ഷ സമർപ്പിച്ചെങ്കിലും ഇതുവരെയും അനുമതി ലഭിച്ചിട്ടില്ല.

**സർക്കാർ ജീവനക്കാർക്ക് ഭവന നിർമ്മാണ പദ്ധതി**

355(1551) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയതായി എത്ര ഭവന നിർമ്മാണ പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്; വിശദവിവരം നൽകുമോ;

(ബി) കുറഞ്ഞ ചെലവിൽ സർക്കാർ ജീവനക്കാർക്ക് വില്ലകളും ഫ്ലാറ്റുകളും നിർമ്മിച്ചു നൽകുന്ന പദ്ധതി നടപ്പിലാക്കുമോ; എങ്കിൽ വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാന സർക്കാരിന്റെ 2017-18 വർഷത്തെ ബഡ്ജറ്റ് വിഹിതം ഉപയോഗിച്ച് ഭവന നിർമ്മാണ ബോർഡ് മുഖേന സർക്കാർ ഭൂമിയിൽ സർക്കാർ ജീവനക്കാർക്കുള്ള ഭവന നിർമ്മാണ പദ്ധതിയിലൂടെ കാസർഗോഡ് ജില്ലയിൽ കാഞ്ഞങ്ങാട് 12 ഫ്ലാറ്റുകൾ നിർമ്മിച്ചുവരുന്നു.

(ബി) കുറഞ്ഞ ചെലവിൽ സർക്കാർ ജീവനക്കാർക്ക് വില്ലകളും ഫ്ലാറ്റുകളും നിർമ്മിച്ചുനൽകുന്ന പദ്ധതി ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

## ഭവന നിർമ്മാണ വകുപ്പിന്റെ പദ്ധതികൾ

356 (1552) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാവപ്പെട്ടവർക്ക് വീട് നിർമ്മിച്ച് നൽകുന്നതിന് ഭവന നിർമ്മാണ വകുപ്പിന്റെ പദ്ധതികൾ എന്തൊക്കെയാണ്; ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര പേർക്ക് ഈ പദ്ധതി പ്രകാരം വീട് നൽകിയിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഭവന വായ്പാ പദ്ധതികളിൽ വായ്പ അടച്ചുതീർത്ത പലതിന്റെയും ഗുണഭോക്താക്കൾക്ക് അവരുടെ വസ്തുവിന്റെ പ്രമാണം തിരികെ നൽകിയിട്ടില്ല എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇത് തിരികെ നൽകുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പാവപ്പെട്ടവർക്ക് വീട് നിർമ്മിച്ചുനൽകുന്ന പദ്ധതികളൊന്നും തന്നെ ഭവന നിർമ്മാണ ബോർഡിൽ നിലവിലില്ല. സ്വന്തമായി രണ്ടോ മൂന്നോ സെന്റ് ഭൂമിയെങ്കിലും കൈവശമുള്ള ദുർബ്ബല വിഭാഗം, താഴ്ന്ന വരുമാന വിഭാഗത്തിൽപ്പെട്ടവർക്ക് സന്നദ്ധ സംഘടന/എൻ. ജി. ഒ. കാരുണ്യവാന്മാരായ വ്യക്തികൾ എന്നിവരുടെ സഹകരണത്തോടെ വീട് നിർമ്മാണത്തിനായി 2 ലക്ഷം രൂപ സർക്കാർ സബ്സിഡി നൽകുന്ന 'ഗൃഹശ്രീ' പദ്ധതി സംസ്ഥാന ഭവന നിർമ്മാണ ബോർഡ് മുഖേന 2013-14 വർഷം മുതൽ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന ഒരു തുടർ പദ്ധതിയാണ്.

2014-15 (709 വീടുകൾക്കും), 2015-16 (1988 വീടുകൾക്കും) വർഷങ്ങളിൽ 'ഗൃഹശ്രീ' പദ്ധതി പ്രകാരം അനുവദിച്ച യഥാക്രമം 14.19 കോടി രൂപയും 39.76 കോടി രൂപയും ഉപയോഗപ്പെടുത്തി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം താഴെ പറയുന്ന തുക ധനസഹായമായി അനുവദിച്ചു:

| വർഷം | അനുവദനീയമായ വീടുകൾ | ഈ സർക്കാരിന്റെ കാലത്ത് പൂർണ്ണമായും ധനസഹായം നൽകിയിട്ടുള്ളത് |
|---|---|---|
| 2014-15 | 709 | 191 ഗുണഭോക്താക്കൾക്ക് 2 ലക്ഷം രൂപ വീതം സർക്കാർ സബ്സിഡി നൽകി (3.82 കോടി രൂപ) |
| 2015-16 | 1988 | 1328 ഗുണഭോക്താക്കൾക്ക് 2 ലക്ഷം രൂപ വീതം സർക്കാർ സബ്സിഡി നൽകി (26.56 കോടി രൂപ) |

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വായ്പ അടച്ചുതീർത്ത് ഒഴിമുറി ആധാരം രജിസ്റ്റർ ചെയ്ത് ഹാജരാക്കിയ എല്ലാവർക്കും പ്രമാണം നൽകിയിട്ടുണ്ട്. എന്നാൽ വായ്പക്കാരൻ മരണപ്പെട്ട കേസുകളിൽ അനന്തരാവകാശ സർട്ടിഫിക്കറ്റ് ഹാജരാക്കാത്തവർക്ക് പ്രമാണം തിരികെ നൽകാനുണ്ട്. രേഖകൾ ഹാജരാക്കുന്നതിന് ബന്ധപ്പെട്ടവരെ കത്ത് മുഖേനയും ഫോൺ മുഖേനയും അറിയിച്ചിട്ടുണ്ട്.

**ഗൃഹശ്രീ പദ്ധതി**

357(1553) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഗൃഹശ്രീ പദ്ധതിയിൻ കീഴിൽ എത്ര ഭവനങ്ങൾ അനുവദിച്ചു; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(ബി) ഓരോ വീടിനും അനുവദിച്ച തുക, പൂർത്തിയാക്കിയ വീടുകളുടെ എണ്ണം ഇവ വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയിൻ കീഴിൽ ഇനിയും പൂർത്തീകരിക്കാനുള്ള വീടുകളുടെ എണ്ണം എത്രയാണെന്ന് വിശദമാക്കാമോ;

(ഡി) നടപ്പ് സാമ്പത്തിക വർഷം എത്ര വീടുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട് ; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 2014-15, 2015-16 വർഷങ്ങളിൽ യഥാക്രമം 709, 1988 എണ്ണം വീടുകൾക്കുള്ള സബ്സിഡിയാണ് സർക്കാർ അനുവദിച്ചിട്ടുള്ളത്. 2014-15 വർഷത്തിൽ 'ഗൃഹശ്രീ' പദ്ധതി പ്രകാരം സർക്കാർ അനുവദിച്ച 14.19 കോടി രൂപ ഉപയോഗപ്പെടുത്തി 709 വീടുകൾക്ക് ധനസഹായം അനുവദിക്കുന്നതിന്റെ ഭാഗമായി 709 വീടുകൾക്കുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 30-4-2018-ലെ കണക്ക് പ്രകാരം 14 ജില്ലകളിലും അനുവദിച്ച ഗഡുക്കൾ സംബന്ധിച്ച വിവരം അനുബന്ധം (എ)* ആയി ചേർത്തിരിക്കുന്നു.

2015-16 വർഷത്തിൽ അനുവദനീയമായ 1988 വീടുകൾക്ക് 39.76 കോടി രൂപ ഉപയോഗപ്പെടുത്തി ധനസഹായം അനുവദിച്ചതിന്റെ 30-4-2018-ലെ കണക്ക് പ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 14 ജില്ലകളിലും ഗഡുക്കൾ അനുവദിച്ച വിവരം അനുബന്ധം (ബി)* ആയി ചേർത്തിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഓരോ വീടിനും ഒന്നാം ഗഡുവായി 50,000 രൂപയും രണ്ടാം ഗഡുവായി 1,00,000 രൂപയും മൂന്നാം ഗഡുവായി 1,00,000 രൂപയും നാലാം ഗഡുവായി 1,50,000 രൂപയുമായി ആകെ 4 ലക്ഷം രൂപയാണ് അനുവദിക്കുന്നത്. 2013-14 വർഷം മുതൽ സംസ്ഥാന ബഡ്ജറ്റ് അലോക്കേഷനിലൂടെ തുടർന്ന് വരുന്ന പദ്ധതിയാണിത്. കഴിഞ്ഞ സർക്കാർ അനുവദിച്ചതും ഇപ്പോൾ തുടർന്നുവരുന്നതുമായ രണ്ടാം ഘട്ടത്തിൽ 655 വീടുകളും രണ്ടാം ഘട്ടം (2014-15) ആയതിന് ശേഷം ഈ സർക്കാർ അനുവദിച്ച മൂന്നാം ഘട്ടത്തിൽ 1442 വീടുകളും പൂർത്തിയാക്കിയിട്ടുണ്ട്.

(സി) രണ്ടാം ഘട്ടത്തിൽ ഗുണഭോക്തൃ വിഹിതം അടച്ചതിൽ 17 വീടുകളും മൂന്നാം ഘട്ടത്തിൽ ഗുണഭോക്തൃ വിഹിതം അടച്ചതിൽ 299 വീടുകളും പണി പൂർത്തിയാക്കാനുണ്ട്.

(ഡി) നടപ്പ് സാമ്പത്തിക വർഷം ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഇടുക്കി നിയോജകമണ്ഡലത്തിലെ ഭൂ-ഭവന രഹിതരുടെ വിവരങ്ങൾ**

358(1554) <u>ശ്രീ. റോഷി അഗസ്റ്റിൻ</u> : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ്-ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇടുക്കി നിയോജകമണ്ഡലത്തിൽ സ്വന്തമായി ഭൂമിയോ ഭവനമോ ഇല്ലാത്ത കുടുംബങ്ങളുടെ വിവരങ്ങൾ ലഭ്യമാക്കുമോ; എങ്കിൽ ആയതിന്റെ പഞ്ചായത്ത് തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

ഇടുക്കി നിയോജകമണ്ഡലത്തിൽ ഒൻപത് ഗ്രാമപഞ്ചായത്തുകളിലായി 845 ഭൂരഹിത ഭവനരഹിതരായ കുടുംബങ്ങൾ ഉണ്ട്. ആയതിന്റെ പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പഞ്ചായത്തിന്റെ പേര് | ഭൂരഹിത ഭവന രഹിതരുടെ എണ്ണം |
|---|---|---|
| 1 | 2 | 3 |
| 1 | അറക്കുളം | 179 |
| 2 | ഇടുക്കി കഞ്ഞിക്കുഴി | 124 |
| 3 | കാമാക്ഷി | 33 |
| 4 | കാഞ്ചിയാർ | 117 |
| 5 | കൊന്നത്തടി | 60 |

| 1 | 2 | 3 |
|---|---|---|
| 6 | കുടയത്തൂർ | 108 |
| 7 | മരിയാപുരം | 46 |
| 8 | വാത്തുക്കുടി | 47 |
| 9 | വാഴത്തോപ്പ് | 131 |

**തീരദേശ വികസന കോർപ്പറേഷന്റെ പദ്ധതികൾ**

359(1555) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊല്ലം നിയോജകമണ്ഡലത്തിന്റെ പരിധിയിൽ, കേരള സംസ്ഥാന തീരദേശവികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കിയിട്ടുള്ളതും പുതിയതായി ഭരണാനുമതി ലഭിച്ചതുമായ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന 2017-18 സാമ്പത്തിക വർഷത്തിൽ സംസ്ഥാന സർക്കാരിന്റെ മത്സ്യത്തൊഴിലാളി അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി കൊല്ലം നിയോജക മണ്ഡലത്തിലെ കൊല്ലം ജില്ലാ ആശുപത്രി വികസിപ്പിക്കുന്നതിനായി 400.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ 10-5-2018-ൽ ടെണ്ടർ ചെയ്യുകയും 17-5-2018-ൽ കരാറുകാരന് സെലക്ഷൻ നോട്ടീസ് അയയ്ക്കുകയും ചെയ്തു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതിനകം 14 റോഡുകൾക്കായി 5.81 കോടി രൂപയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി പ്രവർത്തനം നടത്തിവരുന്നു. കൂടാതെ നബാർഡ് മുഖാന്തരം തങ്കശ്ശേരി ഹാർബറിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി 6.25 കോടി രൂപയ്ക്ക് ഭരണാനുമതി നൽകി ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

**കേന്ദ്ര സർക്കാരിന്റെ ബ്ലൂ റവല്യൂഷൻ പദ്ധതിയും ഓഖി ദുരിതാശ്വാസത്തിനായുള്ള അർഹതപ്പെട്ട കേന്ദ്ര സഹായം നേടിയെടുക്കലും**

360(1556) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഴക്കടൽ മത്സ്യബന്ധനത്തിനായി കേന്ദ്രം ആരംഭിച്ച 'ബ്ലൂ റവല്യൂഷൻ' പദ്ധതി പ്രകാരം സംസ്ഥാനത്തിന് എത്ര ബോട്ടുകളുടെ നിർമ്മാണത്തിന് സബ്സിഡി അനുവദിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; പദ്ധതി പ്രകാരം സബ്സിഡി ഒന്നും അനുവദിച്ചിട്ടില്ലെങ്കിൽ എന്തു കൊണ്ടാണ് ഈ സഹായം നേടിയെടുക്കാൻ കഴിയാത്തതെന്ന് വിശദമാക്കാമോ;

(ബി) ഈ പദ്ധതി പ്രകാരം സംസ്ഥാന ഗവൺമെന്റ് എത്ര രൂപയുടെ പദ്ധതി നിർദ്ദേശമാണ് സമർപ്പിച്ചിട്ടുള്ളത്; ഇതിൽ എത്ര രൂപയുടെ സഹായം നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട്;

(സി) ഓഖി ദുരിതാശ്വാസ സഹായത്തിൽ ഉൾപ്പെടെ അർഹതപ്പെട്ട കേന്ദ്ര സഹായം നേടിയെടുക്കുന്നതിൽ സംസ്ഥാനത്തിന് കഴിയാത്ത സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം മുൻകരുതലുകൾ വകുപ്പ് സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) ആഴക്കടൽ, മത്സ്യബന്ധനത്തിനായി കേന്ദ്രം ആരംഭിച്ച 'ബ്ലൂ റവല്യൂഷൻ' പദ്ധതി പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും കേന്ദ്ര സർക്കാർ നാളിതുവരെ ഭരണാനുമതി നൽകുകയോ സബ്സിഡി അനുവദിക്കുകയോ ചെയ്തിട്ടില്ല. ആദ്യ ഘട്ടത്തിൽ കേന്ദ്ര സർക്കാർ നിശ്ചയിച്ച 'ബ്ലൂ റവല്യൂഷൻ' പദ്ധതി മാർഗ്ഗനിർദ്ദേശപ്രകാരം 140 ലക്ഷം രൂപയാണ് യൂണിറ്റ് കോസ്റ്റായി നിശ്ചയിച്ചിരുന്നത്. അതിനനുസരിച്ചാണ് പദ്ധതി തയ്യാറാക്കി സമർപ്പിച്ചിരുന്നത്. എന്നാൽ അതിനുശേഷം പദ്ധതി മാർഗ്ഗനിർദ്ദേശങ്ങളിൽ വ്യത്യാസം വരുത്തുകയും യൂണിറ്റ് കോസ്റ്റ് 80 ലക്ഷം രൂപയായി ചുരുക്കി നിശ്ചയിക്കുകയും കേന്ദ്ര സബ്സിഡി 50% ആയി നിജപ്പെടുത്തുകയുമുണ്ടായി. 80 ലക്ഷം രൂപ ചെലവിൽ പദ്ധതിയിൽ വിഭാവന ചെയ്തിട്ടുള്ള പ്രകാരമുള്ള സ്റ്റീൽ ബോട്ടും മറ്റ് അനുസാരികകളും ഉൾപ്പെടുന്ന ഫിഷിംഗ് യൂണിറ്റുകൾ നിർമ്മിച്ച് പദ്ധതി വിജയകരമായി നടപ്പിലാക്കാൻ കഴിയില്ല എന്നതുകൊണ്ട് ടി ബുദ്ധിമുട്ടുകൾ ചൂണ്ടിക്കാട്ടി മാർഗ്ഗനിർദ്ദേശങ്ങളിൽ ഇളവ് ആവശ്യപ്പെട്ടുകൊണ്ടും 120 ലക്ഷം രൂപ യൂണിറ്റ് കോസ്റ്റ് കണക്കാക്കി 500 ബോട്ടുകൾക്ക് അനുമതിയും സാമ്പത്തിക സഹായവും ആവശ്യപ്പെട്ടുകൊണ്ട് 70812.5 ലക്ഷം രൂയുടെ പ്രൊപ്പോസൽ കേന്ദ്രസർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. ഭരണാനുമതി ലഭിച്ചിട്ടില്ല.

(സി) ഓഖി ദുരന്തത്തിൽപ്പെട്ട് മത്സ്യബന്ധന യൂണിറ്റുകൾ പൂർണ്ണമായും നഷ്ടപ്പെട്ട 120 മത്സ്യത്തൊഴിലാളികൾക്ക് അവ പുനഃസ്ഥാപിച്ച് നൽകുന്നതിനായി 9.88 കോടി രൂപയുടെ പദ്ധതി ബ്ലൂ റവല്യൂഷനിൽ ഉൾപ്പെടുത്തി സമർപ്പിച്ചിരുന്നു വെങ്കിലും അതിന്റെ 25 ശതമാനമായ 194.40 ലക്ഷം രൂപ മാത്രമാണ്

കേന്ദ്രസർക്കാർ അനുവദിച്ചിട്ടുള്ളത്. ഓഖി ദുരന്തം വിലയിരുത്തുന്നതിനായി കേരളം സന്ദർശിച്ച കേന്ദ്ര സംഘത്തിന് 7340 കോടിയുടെ പദ്ധതി സമർപ്പിച്ചതിൽ ഏകദേശം 2000 കോടിയോളം രൂപയുടെ പദ്ധതികൾ ഫിഷറീസ് മേഖലയുമായി ബന്ധപ്പെട്ടവയാണ്. എന്നാൽ അനുമതി ലഭിച്ചിട്ടില്ല.

## തലശ്ശേരി മണ്ഡലത്തിലെ മത്സ്യബന്ധന മേഖലയുടെ പുരോഗതി

361(1557) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം തലശ്ശേരി നിയോജക മണ്ഡലത്തിൽ മത്സ്യബന്ധന മേഖലയുടെ പുരോഗതി ലക്ഷ്യമാക്കി എന്തൊക്കെ കാര്യങ്ങൾ ആണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തലശ്ശേരി നിയോജക മണ്ഡലത്തിൽ മത്സ്യബന്ധന മേഖലയുടെ പുരോഗതി ലക്ഷ്യമാക്കി ഏർപ്പാടാക്കിയ പ്രവൃത്തികൾ ചുവടെ ചേർക്കുന്നു:

1. തലായ് മത്സ്യബന്ധന തുറമുഖ പദ്ധതിയുടെ ഭാഗമായ ഗ്രോയിൻ നിർമ്മാണം, ഡ്രെഡ്ജിംഗ് പ്രവൃത്തി, യാർഡ് ഫില്ലിംഗ്, ഡ്രെയിൻ നിർമ്മാണം, ഇന്റേണൽ റോഡ്, ചുറ്റുമതിൽ രണ്ടാം ഘട്ടം, ഗിയർഷെഡ്, നെറ്റ്മെന്റിംഗ് ഷെഡ്, വർക്ക്ഷോപ്പ്, പാർക്കിംഗ് ഏരിയ, ലോഡിംഗ് ഏരിയ, വൈദ്യുതീകരണം എന്നീ ഘടകങ്ങൾ ഏർപ്പാടാക്കി പ്രവൃത്തി പൂർത്തീകരിച്ചു. ടി പദ്ധതി 18-5-2018-ന് കമ്മീഷൻ ചെയ്തു.

2. തീരദേശ റോഡുകളുടെ പുനരുദ്ധാരണം:

| ക്രമ നമ്പർ | പ്രവൃത്തി | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|
| 1 | 2 | 3 |
| 1 | തലശ്ശേരി മുനിസിപ്പാലിറ്റിയിലെ ഓലേശ്വരം നെട്ടൂർ തെരു റോഡ് നവീകരണം | പ്രവൃത്തി പൂർത്തീകരിച്ചു |
| 2 | ന്യൂമാഹി ഗ്രാമപഞ്ചായത്തിലെ പരിമഠം - ഫിഷ് ലാൻഡിംഗ് സെന്റർ റോഡ് നവീകരണം | പ്രവൃത്തി പൂർത്തീകരിച്ചു |
| 3 | ഒളവിലം പാത്തിക്കൻ മോന്താൽ കടവ് റോഡ് ഫേസ് -1 | പ്രവൃത്തി പൂർത്തീകരിച്ചു |
| 4 | പാത്തിക്കൻ മോന്താൽ കടവ് റോഡ് ഫേസ് -2 | പ്രവൃത്തി പൂർത്തീകരിച്ചു |

| 1 | 2 | 3 |
|---|---|---|
| 5 | തലായ് ഹാർബറിനെയും ചാലിൽ ഗോപാലപേട്ട ഫിഷ്‌ലാൻഡിംഗ് സെന്ററിനെയും ബന്ധിപ്പിക്കുന്ന ലിങ്ക് റോഡ് | പ്രവൃത്തി 20% പൂർത്തീകരിച്ചു |
| 6 | ന്യൂമാഹി ഗ്രാമപഞ്ചായത്തിലെ പരിമഠം സിക്കന്തർ ക്ലബ് - പ്രസ്സ് വളപ്പ് റോഡ് | പ്രവൃത്തിക്ക് ഭരണാനുമതി നൽകിയതിനെത്തുടർന്ന് പ്രവൃത്തി ഏർപ്പാടാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

**മാവേലിക്കര മണ്ഡലത്തിൽ മത്സ്യബന്ധനവകുപ്പിന്റെ പ്രവൃത്തികൾ**

362(1558) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജകമണ്ഡലത്തിൽ മത്സ്യബന്ധനം, ഹാർബർ എഞ്ചിനീയറിംഗ് എന്നീ വകുപ്പുകൾ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിർമ്മാണ പൂർത്തീകരണത്തിന് സ്വീകരിച്ച നടപടികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) മാവേലിക്കര നിയോജകമണ്ഡലത്തിൽ മത്സ്യബന്ധനം, ഹാർബർ എഞ്ചിനീയറിംഗ് എന്നീ വകുപ്പുകൾ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദവിവരം ചുവടെ ചേർക്കുന്നു:

(എ) മാവേലിക്കര മണ്ഡലത്തിലെ പാലമേലിൽ ഒരു ആധുനിക മത്സ്യമാർക്കറ്റ് സ്ഥാപിക്കുന്നതിനായി 174.61 ലക്ഷം രൂപയുടെ പദ്ധതിക്ക് (90% ധനസഹായം നാഷണൽ ഫിഷറീസ് ഡെവലപ്‌മെന്റ് ബോർഡ്, 10% സംസ്ഥാന സർക്കാർ) ഭരണാനുമതി നൽകുകയും നിർവ്വഹണം നടന്നുവരികയും ചെയ്യുന്നു.

(ബി) തീരദേശ റോഡുകളുടെ നിലവാരം ഉയർത്തുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന മാവേലിക്കര മണ്ഡലത്തിൽ 8 റോഡ് പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി. 3 പ്രവൃത്തികൾ പൂർത്തീകരിച്ചു. 3 റോഡ് പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. താമരക്കുളം ജംഗ്ഷൻ - നെടുമ്പ്രത്തുവിള പൊയ്കയിൽ വയ്യാങ്കര റോഡ് പ്രവൃത്തിക്ക് സാങ്കേതിക അനുമതി

നൽകുന്നതിനും വള്ളിക്കുന്നം കാഞ്ഞിരത്തുംമൂട് പുത്തൻചന്ത റോഡ് പ്രവൃത്തിക്ക് പുതുക്കിയ സാങ്കേതിക അനുമതി നൽകി, പുനഃദർഘാസ് ക്ഷണിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പടയണിവട്ടം മണാട്ട്കുളം റോഡ് പ്രവൃത്തി പഞ്ചായത്ത് ഏർപ്പാടാക്കിയതിനാൽ ഒഴിവാക്കിയിരിക്കുകയാണ്.

(സി) മാവേലിക്കര ബ്ലോക്ക് ഓഫീസിലെ കോമ്പൗണ്ടിലെ കെട്ടിടത്തിൽ മത്സ്യഫെഡിന്റെ ആധുനിക ഫിഷ്മാർട്ട് സ്ഥാപിക്കുന്നതിനായി നടപടി സ്വീകരിച്ചുവരുന്നു.

(ബി) (1). മാവേലിക്കര മണ്ഡലത്തിലെ പാലമേലിൽ ആദിക്കാട്ടുകുളങ്ങര മത്സ്യമാർക്കറ്റ് സ്ഥാപിക്കുന്ന പ്രവൃത്തിയുടെ സിവിൽ പ്രവൃത്തികൾ പൂർത്തീകരിച്ചു. ഇ. ടി. പി., യാർഡ് കോൺക്രീറ്റ്, ഫ്ളേക്ക് ഐസ് യൂണിറ്റ്, ചിൽ റൂം മുതലായവ ചെയ്യേണ്ടതുണ്ട്.

(2). തീരദേശ റോഡുകളുടെ നിലവാരം സംബന്ധിച്ച വിശദവിവരം ചുവടെ ചേർക്കുന്നു:

| നമ്പർ | പ്രവൃത്തിയുടെ പേര് | ഭരണാനുമതി തുക (ലക്ഷത്തിൽ) | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | പ്രായിക്കര തറയിൽ - മുക്ക് കടത്തുകടവ് റോഡ് | 28.00 | പ്രവൃത്തി പൂർത്തീകരിച്ചു |
| 2 | വള്ളിക്കുന്നം പള്ളിക്കത്തറ – കൊട്ടാരത്തിൽമുക്ക് റോഡ് | 16.96 | പ്രവൃത്തി പൂർത്തീകരിച്ചു |
| 3 | വിവേകാനന്ദ ജംഗ്ഷൻ - മാവോലിമുക്ക് ടി. എ. കനാൽ എസ്.എൻ.ഡി.പി. ഹൈസ്കൂൾ റോഡ് | 34.45 | പ്രവൃത്തി പൂർത്തീകരിച്ചു |
| 4 | ആശാൻമുക്ക്-ഏലിയാസ് നഗർ റോഡ് | 22.79 | 75% പ്രവൃത്തി പൂർത്തിയായി. ശേഷിക്കുന്ന പ്രവൃത്തി പുരോഗമിച്ചുവരുന്നു. |
| 5 | നൂറനാട് പുലിമേൽ ചുനക്കര ബണ്ട് റോഡ് | 104.00 | 15% പ്രവൃത്തി പൂർത്തിയായി. ശേഷിക്കുന്ന പ്രവൃത്തി പുരോഗമിച്ചുവരുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 6 | കല്ലിൽക്കുന്നിൽ മുക്ക് കുമ്പിളുമല പള്ളി റോഡ് | 77.91 | പ്രവൃത്തി പുരോഗമിച്ചുവരുന്നു. |
| 7 | വള്ളിക്കുന്നം - കാഞ്ഞിരത്തുംമൂട് പുത്തൻചന്ത റോഡ് | 46.00 | പുതുക്കിയ സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| 8 | താമരക്കുളം ജംഗ്ഷൻ - നെടുമ്പ്രത്തുവിള പൊയ്കയിൽ വയ്യാങ്കര റോഡ് | 62.00 | സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| 9 | വള്ളിക്കുന്നം പഞ്ചായത്തിലെ പടയണിവട്ടം മണ്ണാട്ടുകുളം റോഡ് | | മറ്റ് ഏജൻസി (പഞ്ചായത്ത് ഏർപ്പാടാക്കിയിട്ടുണ്ട്). |

(3) മാവേലിക്കര ബ്ലോക്ക് പഞ്ചായത്ത് അനുവദിച്ച സ്ഥലത്ത് ഫിഷ്മാർട്ട് സ്ഥാപിക്കുന്നതിനായി 3,68,344 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

**മത്സ്യത്തൊഴിലാളി മേഖലയുടെ സമഗ്ര വികസനം**

363 (1559) <u>ശ്രീ. എ. എം. ആരിഫ്</u> :

<u>ശ്രീ. സി. കൃഷ്ണൻ</u> :

<u>ശ്രീ. വി. അബ്ദുറഹിമാൻ</u>:

<u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യത്തൊഴിലാളി മേഖലയുടെ സമഗ്ര വികസനത്തിനായി എന്തെല്ലാം നൂതന പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്;

(ബി) ഈ മേഖലയുടെ വികസനത്തിനായി പ്രഖ്യാപിച്ച രണ്ടായിരം കോടി രൂപയുടെ പാക്കേജ് നടപ്പാക്കുന്നതിനുള്ള പ്രവർത്തന രേഖ തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(സി) കാലാവസ്ഥാ മുന്നറിയിപ്പ് യഥാസമയം മത്സ്യത്തൊഴിലാളികൾക്ക് മൊബൈൽ ആപ്ലിക്കേഷൻ വഴി ലഭ്യമാക്കുന്നതിനുള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ഡി) പ്രകൃതി ക്ഷോഭങ്ങളിൽ അകപ്പെടുന്ന മത്സ്യത്തൊഴിലാളികളെ സഹായിക്കുന്നതിനായി അവർക്ക് ലൈഫ് ജാക്കറ്റ് ലഭ്യമാക്കുന്നതിനും മറൈൻ ആംബുലൻസുകൾ അനുവദിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) മത്സ്യത്തൊഴിലാളികളുടെ ഭൗതിക സാഹചര്യങ്ങളും ജീവിത നിലവാരവും ഉയർത്തുന്നതിനായി ഫിഷറീസ് വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

**ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ - 2016-17 വർഷം നടപ്പിലാക്കിയ പദ്ധതികൾ**

1. ഭവന രഹിതരായ 3149 മത്സ്യത്തൊഴിലാളികൾക്ക് ഭവന പദ്ധതി.

2. ഭൂരഹിതരായ 800 മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിന് ഭൂമി അനുവദിക്കുന്ന പദ്ധതി.

3. കടലാക്രമണത്താൽ ഭൂമിയും വീടും നഷ്ടപ്പെട്ട 248 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതി.

4. 4000 മത്സ്യത്തൊഴിലാളി ഭവനങ്ങൾ പുനരുദ്ധരിക്കുന്നതിനുള്ള പദ്ധതി - 2000 ലക്ഷം രൂപ.

5. 1700 ശുചിത്വമുള്ള ശൗചാലയ നിർമ്മാണ പദ്ധതി - 297.50 ലക്ഷം രൂപ.

6. മത്സ്യത്തൊഴിലാളികളുടെ കോളനി നവീകരണ പരിപാടി - 750 ലക്ഷം രൂപ.

7. 60 മത്സ്യത്തൊഴിലാളി ഗ്രാമങ്ങളിൽ ബോധവത്കരണ പരിപാടികൾ.

8. മത്സ്യത്തൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് കരിയർ ഗൈഡൻസ് 72 എണ്ണം.

9. 50 മെഡിക്കൽ ക്യാമ്പുകൾ.

10. തിരുവനന്തപുരം, മലപ്പുറം, കാസർഗോഡ് ജില്ലകളിൽ അക്ഷരസാഗരം പദ്ധതി 10 ലക്ഷം രൂപ.

11. മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ 20 കോടി രൂപ.

12. മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സൗജന്യ മെഡിക്കൽ എൻട്രൻസ്, പി.എസ്.സി., ബാങ്ക്, സിവിൽ സർവ്വീസ് പരിശീലന പരിപാടി.

13. മത്സ്യത്തൊഴിലാളി കോളനികളുടെ അടിസ്ഥാന സൗകര്യ വികസനം - 227 ലക്ഷം രൂപ.

14. മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസ ചെലവ് വഹിക്കൽ.

15. മത്സ്യത്തൊഴിലാളികളുടെ മക്കളുടെ വിദ്യാലയത്തിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക് തടയൽ പദ്ധതി.

16. ആധുനിക മത്സ്യ മാർക്കറ്റുകളുടെ നിർമ്മാണം.

17. മത്സ്യത്തൊഴിലാളി ഭവന പുനർ വൈദ്യുതീകരണം - (4000 എണ്ണം) - 800 ലക്ഷം രൂപ.

18. തീരപ്രദേശത്ത് അംഗനവാടികൾ, ലൈബ്രറികൾ എന്നിവ ഒരുക്കലും സൗകര്യം മെച്ചപ്പെടുത്തലും.

19. മത്സ്യത്തൊഴിലാളികളുടെ സമ്പാദ്യ ശീലം വർദ്ധിപ്പിക്കുന്നതിന് സമ്പാദ്യ സമാശ്വാസ പദ്ധതി.

20. ഭൂരഹിത മത്സ്യത്തൊഴിലാളികൾക്ക് പാർപ്പിട സമുച്ചയം നിർമ്മിക്കുന്ന പദ്ധതി. തിരുവനന്തപുരം ജില്ലയിൽ മുട്ടത്തറയിൽ 192 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള ഫ്ലാറ്റ് നിർമ്മാണം പൂർത്തീകരിച്ചു.

21. സീകേജ് ഫാമിംഗ് പദ്ധതി.

22. മത്സ്യത്തൊഴിലാളികൾക്ക് ഒറ്റത്തവണ ധനസഹായമായി 1350 രൂപ അനുവദിക്കുന്ന തണൽ പദ്ധതി.

23. ഫിഷറീസ് സ്കൂളുകളുടെ നവീകരണ പദ്ധതി.

24. മത്സ്യത്തൊഴിലാളികളുടെ മക്കൾ പഠിക്കുന്ന 20 സ്കൂളുകളിൽ അടുക്കളപ്പുര നവീകരണ പദ്ധതി - 200 ലക്ഷം രൂപ.

25. 50 തീരദേശ സർക്കാർ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്റൂം പദ്ധതി.

26. കൊല്ലം, എറണാകുളം, ആലപ്പുഴ, മലപ്പുറം എന്നീ ജില്ലകളിലെ മത്സ്യത്തൊഴിലാളികളുടെ 8, 9 ക്ലാസ്സുകളിൽ പഠിക്കുന്ന പെൺമക്കൾക്ക് സൈക്കിൾ നൽകുന്ന പദ്ധതി - 2000 പേർക്ക്.

27. തീരദേശത്തെ സ്കൂളുകളിൽ കായിക സൗകര്യവും കളിസ്ഥലവും ഏർപ്പെടുത്തുന്ന പദ്ധതി - 50 സ്കൂളുകൾ.

28. തീരദേശത്തെ വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം. തീരദേശത്തെ ആരോഗ്യ കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ 2325.5 ലക്ഷം രൂപ.

29. നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ.

**2017-18 വർഷം താഴെ പറയുന്ന പദ്ധതികൾ ഫിഷറീസ് വകുപ്പ് നടപ്പിലാക്കി വരുന്നു:**

1. 1200 മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിനായി 4 ലക്ഷം രൂപ നിരക്കിൽ ധനസഹായം

2. 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി 750 മത്സ്യത്തൊഴിലാളികൾക്ക് ഭൂമിയും വീടും നൽകുന്നതിന് 10 ലക്ഷം രൂപ നിരക്കിൽ ധനസഹായം.

3. 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിന് സ്ഥലം ഏറ്റെടുക്കുന്നതിനായി 7 കോടി രൂപ.

4. 200 മത്സ്യത്തൊഴിലാളികൾക്ക് ഫ്ലാറ്റ് നിർമ്മാണത്തിനായി 20 കോടി രൂപ.

5. സൗജന്യ മെഡിക്കൽ എൻട്രൻസ് /പി. എസ്. സി./ബാങ്ക് ടെസ്റ്റ്/ സിവിൽ സർവ്വീസ് പരിശീലന പരിപാടികൾ.

6. കൊല്ലം, കോഴിക്കോട്, എറണാകുളം ജില്ലകളിൽ അക്ഷര സാഗരം പദ്ധതി.

7. 1.86 ലക്ഷം ഗുണഭോക്താക്കൾക്ക് സമ്പാദ്യ സമാശ്വാസ പദ്ധതിയിലൂടെ 4,500/- രൂപ നിരക്കിൽ ആനുകൂല്യം.

8. പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ്സ് മുഖേന വിദ്യാഭ്യാസ ആനുകൂല്യം.

9. മത്സ്യത്തൊഴിലാളി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം നൽകുന്നതിനായി 20 കോടി രൂപ.

10. മത്സ്യത്തൊഴിലാളികൾക്ക് സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി.

11. പത്ത് റീജിയണൽ ഫിഷറീസ് സ്കൂളുകളെ സെന്റർ ഫോർ എക്സലൻസ് ആക്കുന്നതിനുള്ള സമഗ്ര പദ്ധതികൾ.

12. 40 കരിയർ ഗൈഡൻസ് പ്രോഗ്രാമുകൾ, 100 ബോധവത്കരണ പരിപാടികൾ, 30 മെഡിക്കൽ ക്യാമ്പുകൾ.

13. തിരുവനന്തപുരം ജില്ലയിൽ കാരോട് വില്ലേജിൽ 128 ഫ്ലാറ്റുകൾ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി മുഖേന നിർമ്മിക്കുന്നതിനുള്ള നടപടി ആരംഭിച്ചു.

14. ഗവൺമെന്റ് ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം/തീരദേശത്തെ ആരോഗ്യ കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ - 30 കോടി രൂപ.

15. പോസ്റ്റ്മെട്രിക് മത്സ്യത്തൊഴിലാളി വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ്സ് മുഖേന വിദ്യാഭ്യാസാനുകൂല്യം.

**2018-19 വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രധാന പദ്ധതികൾ**

1. 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്ന പദ്ധതി.

2. ആലപ്പുഴ, കണ്ണൂർ, തൃശ്ശൂർ ജില്ലകളിൽ അക്ഷരസാഗര പദ്ധതി.

3. പത്ത് ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും കുടവെള്ളം, വൈദ്യുതീകരണം എന്നിവയ്ക്കുമായി 30 കോടി രൂപയുടെ പദ്ധതി.

4. സാമൂഹ്യ സുരക്ഷാ പദ്ധതികളായ സമ്പാദ്യ സമാശ്വാസ പദ്ധതി, ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷുറൻസ് പദ്ധതി, സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി.

5. 40 കരിയർ ഗൈഡൻസ് പ്രോഗ്രാമുകൾ, 100 ബോധവത്കരണ പരിപാടികൾ, 30 മെഡിക്കൽ ക്യാമ്പുകൾ.

6. NCDC, NBCFDC/MNDFC, NABARD തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്ന് പലിശ രഹിത വായ്പ ലഭ്യമാക്കി മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനോപകരണങ്ങൾ വാങ്ങുന്നതിന് സഹായകരമായ പദ്ധതി.

7. മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് SC/ST കുട്ടികൾക്ക് ലഭിക്കുന്ന അതേ നിരക്കിലുള്ള വിദ്യാഭ്യാസ ആനുകൂല്യം.

8. വിദ്യാതീരം പദ്ധതിയിലൂടെ മത്സ്യത്തൊഴിലാളി വിദ്യാർത്ഥികൾക്ക് എൻട്രൻസ്, പി.എസ്.സി., ബാങ്ക് ടെസ്റ്റ്, സിവിൽ സർവ്വീസ് തുടങ്ങിയ മത്സരപ്പരീക്ഷകൾക്കുള്ള പരിശീലനം.

9. മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനോപകരണങ്ങൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി.

10. ആധുനിക മത്സ്യമാർക്കറ്റുകളുടെ നിർമ്മാണം.

11. മത്സ്യക്കുഞ്ഞുൽപ്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിന് ഉതകുന്ന തരത്തിൽ ഹാച്ചറികളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ.

12. മത്സ്യകൃഷി പ്രോത്സാഹനത്തിന് നൽകിയ മത്സ്യകൃഷി പദ്ധതി.

13. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് കടൽ സുരക്ഷാ ഉപകരണം.

14. പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്ക് ആഴക്കടൽ മത്സ്യബന്ധനം സാധ്യമാകുന്നതിന് ആവശ്യമായ ധനസഹായം.

15. പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്ക് ഇൻഷ്വറൻസ് പദ്ധതി.

16. അക്വാകൾച്ചർ ട്രെയിനിംഗ് സെന്ററുകളുടെ നവീകരണം.

17. മത്സ്യ രോഗ നിർണ്ണയത്തിന് അക്വാട്ടിക് അനിമൽ ഹെൽത്ത് ലാബുകൾ.

## II ഏജൻസികൾ മുഖേന നടപ്പിലാക്കുന്ന പ്രധാന പദ്ധതികൾ

A. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ:

| ക്രമ നമ്പർ | പദ്ധതികൾ | ധനസഹായ തുക |
|---|---|---|
| 1 | 2 | 3 |
| 1 | **ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി** | |
| | 1. അപകടമരണം/കാണാതാകൽ/സ്ഥിരവും പൂർണ്ണവുമായ അവശത | 10,00,000 |
| | 2. അപകടംമൂലം സ്ഥിരവും ഭാഗികവുമായ അവശത | 5,00,000 |
| | 3. കുട്ടികളുടെ പഠനച്ചെലവ് (2 പേർക്ക് പരമാവധി) | 10,000 |
| | 4. ശവസംസ്കാര ചെലവ് | 2,000 |
| | 5. അപകടത്തെത്തുടർന്ന് 24 മണിക്കൂർ ആശുപത്രി ചികിത്സയ്ക്ക് (പരമാവധി) | 25,000 |
| 2 | മത്സ്യബന്ധന സമയത്തോ, തൊട്ടുപിന്നാലെയോ അപകടം കൊണ്ടല്ലാതെയുള്ള മരണം (ബോർഡിൽ നിന്ന് ലഭിക്കുന്ന ധനസഹായം) | 50,000 |

| 1 | 2 | 3 |
|---|---|---|
| 3 | മത്സ്യത്തൊഴിലാളികളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം | 10,000 |
| 4 | വർദ്ധക്യകാല പെൻഷൻ (പ്രതിമാസം) | 1,100 |
| 5 | മത്സ്യത്തൊഴിലാളിയുടെ മരണം ആശ്രിതർക്കുള്ള ധനസഹായം (ബോർഡിൽ നിന്നും ലഭിക്കുന്ന ധനസഹായം) | 15,000 |
| 6 | **ആം ആദ്മി ബീമ യോജന പദ്ധതി (സംയോജിത PMSBY/PMJTBY)**<br>1) അപകടംമൂലം സംഭവിക്കുന്ന മരണം<br>2) അപകടംമൂലം സ്ഥിരവും പൂർണ്ണവുമായ അവശത<br>3) അപകടംമൂലം സ്ഥിരവും ഭാഗികവുമായ അവശത<br>4) സ്വാഭാവിക മരണം<br>5) 9, 10, 11, 12 എന്നീ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | <br>4,00,000<br>2,00,000<br>1,00,000<br>2,00,000<br>1200/- രൂപ (പ്രതിമാസം) |
| 7 | ആശ്രിതരുടെ മരണത്തോടനുബന്ധിച്ചുള്ള ചെലവ് | 600/- |
| 8 | **എസ്. എസ്. എൽ. സി. ക്യാഷ് അവാർഡ്**<br>10 എ+ ലഭിക്കുന്നവർക്ക്<br>9 എ+ ലഭിക്കുന്നവർക്ക്<br>8 എ+ ലഭിക്കുന്നവർക്ക്<br>റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളിൽ നിന്ന് ഏറ്റവും ഉയർന്ന ഗ്രേഡ് ലഭിക്കുന്ന 3 വിദ്യാർത്ഥികൾക്ക് (ഓരോ സ്കൂളിലേയും) | <br>5,000<br>4,000<br>3,000<br>3,000 |
| 9 | കുടുംബ സംവിധാന പദ്ധതി | 500 |
| 10 | മാരകരോഗ ചികിത്സാ പദ്ധതി (പരമാവധി) | 50,000 |
| 11 | ചെയർമാൻസ് റിലീഫ് ഫണ്ട് | 5,000 |
| 12 | ബോർഡിന്റെ പ്രത്യേക ധനസഹായം | ബോർഡ് നിശ്ചയിക്കുന്ന തുക |
| 13 | പ്രസവ ശുശ്രൂഷാ ധനസഹായം | 750 |
| 14 | **ഉന്നത വിദ്യാഭ്യാസ പ്രോത്സാഹനം**<br>+2 പരീക്ഷയിൽ എല്ലാ വിഷയത്തിലും എ+ ലഭിക്കുന്നവർക്ക്<br>വൊക്കേഷണൽ ഹയർ സെക്കൻഡറി പരീക്ഷയിൽ എല്ലാ വിഷയത്തിലും എ+ ലഭിക്കുന്നവർക്ക് | <br>5,000<br>5,000 |

| 1 | 2 | 3 |
|---|---|---|
| 15 | മരണപ്പെട്ട മത്സ്യത്തൊഴിലാളിയുടെ ഭാര്യയ്ക്ക് പെൻഷൻ (വിധവാ പെൻഷൻ) | 1,100 |
| 16 | **കായിക വിനോദ മത്സരത്തിൽ പ്രശസ്ത വിജയം നേടുന്നവർക്ക് പാരിതോഷികം** | |
| | **ദേശീയതലത്തിൽ** | |
| | ഒന്നാം സ്ഥാനം നേടുന്നവർക്ക് | 10,000 |
| | രണ്ടാം സ്ഥാനം നേടുന്നവർക്ക് | 8,000 |
| | മൂന്നാം സ്ഥാനം നേടുന്നവർക്ക് | 5,000 |
| | **ദേശീയ മത്സരങ്ങളിൽ സംസ്ഥാനത്തെ പ്രതിനിധീകരിക്കുന്നവർക്ക്** | |
| | **(ഗ്രൂപ്പ് അടിസ്ഥാനത്തിൽ)** | |
| | ഒന്നാം സ്ഥാനം നേടുന്നവർക്ക് | 8,000 |
| | രണ്ടാം സ്ഥാനം നേടുന്നവർക്ക് | 5,000 |
| | മൂന്നാം സ്ഥാനം നേടുന്നവർക്ക് | 3,000 |
| | **സംസ്ഥാന തലത്തിൽ** | |
| | ഒന്നാം സ്ഥാനം നേടുന്നവർക്ക് | 5,000 |
| | രണ്ടാം സ്ഥാനം നേടുന്നവർക്ക് | 3,000 |
| | മൂന്നാം സ്ഥാനം നേടുന്നവർക്ക് | 2,000 |
| | **ഗ്രൂപ്പ് അടിസ്ഥാനത്തിൽ** | |
| | ഒന്നാം സ്ഥാനം നേടുന്നവർക്ക് | 3,000 |
| | രണ്ടാം സ്ഥാനം നേടുന്നവർക്ക് | 2,000 |
| | മൂന്നാം സ്ഥാനം നേടുന്നവർക്ക് | 1,000 |
| 17 | തണൽ മത്സ്യത്തൊഴിലാളി ആശ്വാസ പദ്ധതി | 1,350 |
| 18 | അപകടംമൂലമുള്ള താത്കാലിക അവശത | 500 |

**അനുബന്ധ തൊഴിലാളി ക്ഷേമ പദ്ധതികൾ**

| | | |
|---|---|---|
| 1 | **ഗ്രൂപ്പ് ഇൻഷ്വറൻസ്** | |
| | 1. അപകടംമൂലം സ്ഥിരവും പൂർണ്ണവുമായ അവശത | 10,00,000 |
| | 2. അപകടംമൂലം സ്ഥിരവും ഭാഗികവുമായ അവശത | 5,00,000 |

| 1 | 2 | 3 |
|---|---|---|
| | 3. കുട്ടികളുടെ പഠനച്ചെലവ് (2 പേർക്ക് പരമാവധി)<br>4. ശവസംസ്കാരച്ചെലവ്<br>5. അപകടംമൂലം 24 മണിക്കൂറിലധികം ആശുപത്രി ചികിത്സയ്ക്ക് ധനസഹായം (പരമാവധി) | 10,000<br>2,000<br>25,000 |
| 2 | വർദ്ധക്യകാല പെൻഷൻ (പ്രതിമാസം) | 1,100 |
| 3 | അനുബന്ധത്തൊഴിലാളികളുടെ മരണത്തോടനുബന്ധിച്ച് ആശ്രിതർക്കുള്ള ധനസഹായം | 15,000 |
| 4 | പ്രസവ ശുശ്രൂഷാ ധനസഹായം | 750 |
| 5 | **എസ്. എസ്. എൽ. സി. ക്യാഷ് അവാർഡ്**<br>10 എ+ ലഭിക്കുന്നവർക്ക്<br>9 എ+ ലഭിക്കുന്നവർക്ക്<br>8 എ+ ലഭിക്കുന്നവർക്ക്<br>റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളിൽ നിന്ന് ഏറ്റവും ഉയർന്ന ഗ്രേഡ് ലഭിക്കുന്ന 3 വിദ്യാർത്ഥികൾക്ക് (ഓരോ സ്കൂളിലേയും) | <br>5,000<br>4,000<br>3,000<br>3,000 |
| 6 | മാരക ചികിത്സാ പദ്ധതി (പരമാവധി) | 25,000 |
| 7 | മത്സ്യത്തൊഴിലാളികളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം | 10,000 |
| 8 | കുടുംബ സംവിധാന പദ്ധതി | 500 |
| 9 | ബോർഡിന്റെ പ്രത്യേക ധനസഹായം | ബോർഡ് നിശ്ചയിക്കുന്ന തുക |
| 10 | ഉന്നത വിദ്യാഭ്യാസ പ്രോത്സാഹനം<br>1. +2 പരീക്ഷയിൽ എല്ലാ വിഷയത്തിലും എ+ ലഭിക്കുന്നവർക്ക്<br>2. വൊക്കേഷണൽ ഹയർ സെക്കൻഡറി പരീക്ഷയിൽ എല്ലാ വിഷയത്തിലും എ+ ലഭിക്കുന്നവർക്ക് | <br>5,000<br>5,000 |
| 11 | തണൽ മത്സ്യത്തൊഴിലാളി ആശ്വാസ പദ്ധതി (പ്രതിവർഷം) ഗവൺമെന്റ് അനുവദിക്കുന്ന മുറയ്ക്ക് | 1,350 |

**(ബി) മത്സ്യഫെഡ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ**

1. എൻ.സി.ഡി.സി. ധനസഹായത്തോടുകൂടിയുള്ള സംയോജിത മത്സ്യവികസന പദ്ധതി:

പരമ്പരാഗത മത്സ്യത്തൊഴിലാളി മേഖലയിൽ മത്സ്യഫെഡ് 1985 മുതൽ ഘട്ടംഘട്ടമായി നടപ്പിലാക്കി വരുന്ന പദ്ധതിയാണിത്. മത്സ്യഫെഡിലെ അംഗങ്ങളായ പ്രാഥമിക സഹകരണ സംഘങ്ങളിലെ അംഗങ്ങളായ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾക്കും മത്സ്യവിപണന സംവിധാനങ്ങൾ വിപുലീകരിക്കുന്നതിനും ആവശ്യമായ വായ്പ ലഭ്യമാക്കുക, സംഘങ്ങൾക്ക് മത്സ്യ സംസ്കരണത്തിന് അടിസ്ഥാന സൗകര്യം ഉണ്ടാക്കുക, മത്സ്യലേലം ശക്തിപ്പെടുത്തുന്നതിന് പ്രവർത്തന മൂലധനം ലഭ്യമാക്കുക എന്നിവ ഈ പദ്ധതി വഴി നൽകിവരുന്നു.

**2. മത്സ്യത്തൊഴിലാളികൾക്ക് ഉൽപ്പാദന വർദ്ധനവിനും വരുമാന വർദ്ധനവിനുമായി ഉൽപ്പാദന ബോണസ്സ് പദ്ധതി:**

ശക്തമായ പ്രാഥമിക സഹകരണ സംഘങ്ങൾ രൂപപ്പെടുത്തിയെടുക്കേണ്ടതിനും അതുവഴി മത്സ്യത്തൊഴിലാളികളിൽ സമ്പാദ്യശീലം വളർത്തേണ്ടതിനും അവരുടെ ഉന്നമനത്തിനും മത്സ്യമേഖലയുടെ ആകെ പുരോഗതിക്കും സമഗ്രമായ ഒരു പദ്ധതി ആവശ്യമായി വന്ന സാഹചര്യത്തിലാണ് മത്സ്യത്തൊഴിലാളികൾക്ക് ഉൽപ്പാദന ബോണസ്സ് നൽകുക എന്ന പദ്ധതി സംസ്ഥാന ബഡ്ജറ്റിലൂടെ നടപ്പിലാക്കുന്നതിന് മത്സ്യഫെഡ് രൂപം നൽകിയത്. സംഘം വഴി മത്സ്യ ലേലം ചെയ്യുന്നതിന്റെ മൊത്തം വിലയുടെ 1% തുക മത്സ്യത്തൊഴിലാളി ഗ്രൂപ്പിന്റെ സമ്പാദ്യമായി സംഘത്തിൽ നിക്ഷേപിക്കേണ്ടതും ആയതിന്റെ 50% തുക സർക്കാർ വിഹിതമായി മത്സ്യഫെഡിൽ നിന്നും ലഭ്യമാക്കുകയും ചെയ്യുന്ന പദ്ധതിയാണിത്.

**3. എൻ. ബി. സി. എഫ്. ഡി. സി./എൻ. എം. ഡി. എഫ്. സി. എന്നീ ദേശീയ ധനകാര്യസ്ഥാപനങ്ങളുടെ ധനസഹായത്തോടുകൂടിയുള്ള പദ്ധതികൾ:**

a. ടേം വായ്പകൾ:-

മത്സ്യത്തൊഴിലാളി മേഖലയിൽ വിവിധ തൊഴിൽ സംരംഭങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിനും മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിനുമായി ടേം വായ്പകൾ 6 ശതമാനം പലിശ നിരക്കിൽ 5 വർഷം വരെ കാലാവധിയിൽ വിതരണം ചെയ്തുവരുന്നു.

b. <u>മൈക്രോഫിനാൻസ് വായ്പ:-</u>

മത്സ്യഫെഡുമായി അഫിലിയേറ്റ് ചെയ്ത് പ്രവർത്തിക്കുന്ന പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ കീഴിൽ രൂപീകരിച്ചിട്ടുള്ള സ്വയം സഹായം ഗ്രൂപ്പുകൾ വഴി മൈക്രോഫിനാൻസ് വായ്പകൾ വിതരണം ചെയ്തുവരുന്നു. വ്യക്തികൾക്ക് ആദ്യ വായ്പയായി 10,000 രൂപയും വായ്പ തിരിച്ചടയ്ക്കുന്ന മുറയ്ക്ക് 15,000 രൂപ, 20,000 രൂപ, 25,000 രൂപ എന്നിങ്ങനെ 2 വർഷത്തെ കാലാവധിയിൽ പരമാവധി 6 ശതമാനം പലിശ നിരക്കിൽ സ്വയം സഹായ ഗ്രൂപ്പുകൾ വഴി വിതരണം ചെയ്തുവരുന്നു.

**4. മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യ വിപണനത്തിന് പലിശ രഹിത വായ്പാ പദ്ധതി:**

മത്സ്യത്തൊഴിലാളി വിഭാഗങ്ങളിൽപ്പെടുന്ന മത്സ്യവിപണനത്തിലേർപ്പെട്ടിരിക്കുന്ന വനിതകൾക്ക് പലിശ രഹിത വായ്പ വിവിധ ഘട്ടങ്ങളിലായി വിതരണം ചെയ്തുവരുന്നു. ആദ്യ വായ്പ 5,000 രൂപ ഒരു വർഷ കാലാവധിയിൽ തിരിച്ചടയ്ക്കുന്ന ഗുണഭോക്താക്കൾക്ക് യഥാക്രമം 10,000 രൂപ, 15,000 രൂപ, 20,000 രൂപ എന്നിങ്ങനെ വിതരണം ചെയ്യുന്നു. പലിശ രഹിത വായ്പ വിതരണത്തിനാവശ്യമായ വായ്പ തുക മത്സ്യഫെഡ് എൻ. ബി. സി. എഫ്. ഡി. സി., എൻ. എം. ഡി. എഫ്. സി. എന്നീ സ്ഥാപനങ്ങളിൽ നിന്നും വായ്പയായി ലഭ്യമാക്കുന്നു. വായ്പയുടെ പലിശ തുക, പദ്ധതി നടത്തിപ്പിനാവശ്യമായ തുക എന്നിവ മത്സ്യഫെഡിന് അനുവദിച്ച് പ്രാഥമിക മത്സ്യത്തൊഴിലാളി സംഘങ്ങൾ വഴിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

**5. ലോൺ ഡിസ്ട്രസ് റിലീഫ് സ്കീം:**

മത്സ്യഫെഡ് മൈക്രോഫിനാൻസ്, പലിശ രഹിത വായ്പ എന്നീ പദ്ധതികൾ വഴി മത്സ്യഫെഡിൽ നിന്നും വായ്പയെടുത്തിട്ടുള്ള ഗുണഭോക്താക്കളിൽ മരണമടയുന്നവരുടെ വായ്പ കണക്കിൽ ബാക്കി നിൽക്കുന്ന വായ്പ തുക പൂർണ്ണമായും ഒഴിവാക്കിക്കൊടുക്കുന്നതിനുള്ള ഒരു സ്കീം 2014-15 സാമ്പത്തിക വർഷം മുതൽ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. മേൽപ്പറഞ്ഞ പദ്ധതികൾ വഴി വായ്പയെടുക്കുന്ന ഗുണഭോക്താക്കൾ 50 രൂപ വീതം, വായ്പയെടുക്കുമ്പോൾ ഈ സ്കീമിലേയ്ക്ക് വിഹിതമായി അടയ്ക്കേണ്ടതാണ്. മരണമടയുന്ന ഗുണഭോക്താക്കളുടെ ബാക്കി നിൽക്കുന്ന വായ്പാ തുക പൂർണ്ണമായും ഒഴിവാക്കിക്കൊടുക്കുന്ന ഈ സ്കീം അവരുടെ കുടുംബങ്ങൾക്ക് വളരെയേറെ ഉപകാരപ്രദമാണ്.

**6. വലകൾക്കുള്ള സബ്സിഡി പദ്ധതി:**

മത്സ്യബന്ധന വലകളും മറ്റ് അനുബന്ധ സാമഗ്രികളും വാങ്ങുന്നതിന് ഒരു മത്സ്യത്തൊഴിലാളിക്ക് പരമാവധി 10,000 രൂപ വരെ സബ്സിഡി നൽകി വരുന്നു.

**7. ബാങ്കുകളിൽ നിന്നുള്ള വായ്പയ്ക്കുള്ള സബ്സിഡി പദ്ധതി:**

സർക്കാർ ധനകാര്യ സ്ഥാപനങ്ങളും ബാങ്കുകളും വഴി വായ്പയെടുത്ത് മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്ന മത്സ്യത്തൊഴിലാളികൾക്ക് വായ്പാ തുകയുടെ 25 ശതമാനം വരെ സബ്സിഡി നൽകി വരുന്നു.

8. **മത്സ്യഫെഡ് ഉപകരണ സുരക്ഷാ പദ്ധതി:**

മത്സ്യഫെഡ് വിവിധ വായ്പാ പദ്ധതികൾ വഴി വിതരണം ചെയ്യുന്ന മത്സ്യബന്ധന ഉപകരണങ്ങൾക്ക് അപകടം, പ്രകൃതിക്ഷോഭം എന്നിവ മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം ഉറപ്പാക്കുന്നതിനുവേണ്ടി മത്സ്യഫെഡ് നേരിട്ട് നടത്തുന്ന ഉപകരണ സുരക്ഷാ പദ്ധതിയാണിത്.

9. **നാടൻ വള്ളങ്ങളുടെ നവീകരണം:**

നാടൻ വള്ളങ്ങൾ യന്ത്രവൽക്കരിക്കുന്നതിന് 10 എച്ച്. പി.-യിൽ താഴെയുള്ള ഔട്ട് ബോർഡ് എഞ്ചിൻ വാങ്ങുന്ന മത്സ്യത്തൊഴിലാളികൾക്ക് ഈ പദ്ധതി പ്രകാരം പരമാവധി 10,000 രൂപ വരെ സബ്സിഡി നൽകിവരുന്നു.

**10. സബ്സിഡി നിരക്കിൽ വെള്ള മണ്ണെണ്ണ വിതരണ പദ്ധതി:**

സംസ്ഥാനത്തെ 22000 പരമ്പരാഗത മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കായി പ്രതിമാസം 3225 കിലോ ലിറ്റർ വെള്ള മണ്ണെണ്ണ ലിറ്ററൊന്നിന് 25 രൂപ സബ്സിഡി നൽകിക്കൊണ്ട് 9 തീരദേശ ജില്ലകൾ കേന്ദ്രീകരിച്ച് 13 മണ്ണെണ്ണ ബാങ്കുകളിലൂടെ മണ്ണെണ്ണ വിതരണം ചെയ്യുന്ന ബൃഹത്തായ പദ്ധതി മത്സ്യഫെഡ് നടപ്പിലാക്കുന്നു. 2015 ജൂലൈ മുതൽ ആരംഭിച്ച ഈ പദ്ധതി പ്രകാരം എഞ്ചിന്റെ കുതിരശക്തിക്കനുസരിച്ച് 140 ലിറ്റർ (10 എച്ച്. പി. വരെ), 150 ലിറ്റർ (10-15 എച്ച്. പി. വരെ), 190 ലിറ്റർ (15 എച്ച്. പി.-ക്ക് മുകളിൽ) വെള്ള മണ്ണെണ്ണ മാസംതോറും സബ്സിഡി നിരക്കിൽ ലഭ്യമാക്കുന്നു. അതനുസരിച്ച് 3500 രൂപ മുതൽ 5000 രൂപ വരെ സബ്സിഡി തുക പെർമിറ്റ് ഉടമയുടെ ബാങ്ക് അക്കൗണ്ടിൽ (ഡി.ബി.റ്റി.) നിക്ഷേപിക്കുന്നു.

## 11. മത്സ്യബന്ധനത്തിന് ഉപയോഗപ്രദമായ വിവിധ വാണിജ്യ പ്രവർത്തനങ്ങൾ:

➢ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനാവശ്യത്തിനായി സുസൂക്കി, യമഹ ഔട്ട് ബോർഡ് മോട്ടോറുകൾ മത്സ്യഫെഡ് നേരിട്ട് ഇറക്കുമതി ചെയ്ത് മിതമായ നിരക്കിൽ വിതരണം ചെയ്തുവരുന്നു.

➢ നിലവിലുള്ള ഇന്ധനക്ഷാമം പരിഹരിക്കുന്നതിനും പ്രവർത്തനച്ചെലവ് മൂന്നിലൊന്നായി കുറയ്ക്കുവാനും കഴിയുന്ന തരത്തിൽ യാൻമാർ ഡീസൽ എഞ്ചിനുകൾ (100 യൂണിറ്റ്) ഇറക്കുമതി ചെയ്ത് യൂണിറ്റൊന്നിന് പരമാവധി ഒരു ലക്ഷം രൂപ സബ്സിഡി നൽകിക്കൊണ്ട് വിതരണം ചെയ്തുവരുന്നു.

➢ മത്സ്യഫെഡും ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷനും സംയുക്തമായി എച്ച്. പി. മത്സ്യഫെഡ് 2 റ്റി ഓയിൽ മിതമായ നിരക്കിൽ വിതരണം ചെയ്തുവരുന്നു.

➢ മത്സ്യത്തൊഴിലാളികൾക്ക് മെച്ചപ്പെട്ട സേവനം ഉറപ്പുവരുത്തുന്നതിനായി മത്സ്യഗ്രാമങ്ങൾ കേന്ദ്രീകരിച്ച് ഔട്ട് ബോർഡ് മോട്ടോർ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു.

ഈ കേന്ദ്രങ്ങളിൽ നിന്നും വാറന്റി സർവ്വീസ് ഉൾപ്പെടെ റിപ്പയർ വർക്കുകൾ ചെയ്ത് നൽകുന്നുണ്ട്.

➢ മത്സ്യഫെഡ് വല നിർമ്മാണ കേന്ദ്രങ്ങളിൽ നിന്നും ഗുണമേന്മയേറിയ മത്സ്യബന്ധന വലകൾ ഉൽപ്പാദിപ്പിച്ച് മിതമായ നിരക്കിൽ വിതരണം ചെയ്തുവരുന്നു.

➢ മത്സ്യത്തൊഴിലാളികളുടെ സൗകര്യാർത്ഥം ഇൻ ബോർഡ് എഞ്ചിനുകൾ പ്രവർത്തിപ്പിക്കുന്നതിനായി, മത്സ്യഫെഡ് ഡീസൽ ബങ്കുകളിലൂടെ ഡീസൽ വിതരണം ചെയ്തുവരുന്നു.

➢ മത്സ്യത്തൊഴിലാളികൾ പിടിച്ചുകൊണ്ടുവരുന്ന മത്സ്യത്തിന് ന്യായമായ വില ഉറപ്പുവരുത്തുന്നതിന് ഉതകുന്ന തരത്തിൽ തീരദേശം കേന്ദ്രീകരിച്ച് പ്രാഥമിക സംഘങ്ങളുടെ നിയന്ത്രണത്തിൽ ലേല സമ്പ്രദായം നടത്തുകയും ഫ്രഷ് ഫിഷ്മാർട്ടുകൾ ആരംഭിച്ച് പ്രവർത്തിപ്പിച്ച് വരികയും ചെയ്യുന്നു. ഇതിലൂടെ മത്സ്യത്തൊഴിലാളികൾക്കും തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും കഴിയുന്നു.

➢ പൊതുജനങ്ങൾക്ക് ശുചിത്വത്തോടും വിഷമയമില്ലാതെയും ന്യായമായ വിലയ്ക്ക് മത്സ്യം ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ സംസ്ഥാനത്തുടനീളം 30 ആധുനിക രീതിയിലുള്ള ഫിഷ്മാർട്ടുകൾ സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നു.

ഇതിൽ പത്തനംതിട്ട ജില്ലയിൽ കോഴഞ്ചേരിയിലും കോഴിക്കോട് ജില്ലയിൽ തിരുവണ്ണൂരിലും 2016 സെപ്റ്റംബർ മാസമാണ് പ്രവർത്തനമാരംഭിച്ചത്. നടപ്പ് സാമ്പത്തിക വർഷം ആരംഭിക്കുന്ന 20 ഫിഷ്മാർട്ടുകളിൽ ഏതാനും ചിലത് വരുന്ന 100 ദിവസത്തിനുള്ളിൽ പ്രവർത്തനമാരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

➢ സാങ്കേതിക പരിജ്ഞാനമുള്ള മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ യുവാക്കൾക്ക് ഔട്ട് ബോർഡ് മോട്ടോർ റിപ്പയറിംഗ് വർക്കിൽ പരിശീലനം നൽകുന്നതുവഴി ഈ മേഖലയിൽ തൊഴിലവസരം സൃഷ്ടിക്കുവാനും അവരുടെ ജീവിത നിലവാരം ഉയർത്തുവാനും സാധിക്കുന്നു.

### 12. മത്സ്യഫെഡ് മുഖേന നടപ്പിലാക്കുന്ന വിവിധ ക്ഷേമ പദ്ധതികൾ:

**മത്സ്യത്തൊഴിലാളി അപകട ഇൻഷ്വറൻസ് പദ്ധതി:-**

മത്സ്യത്തൊഴിലാളികൾക്ക് അപകടമരണം സംഭവിച്ചാൽ അവരുടെ ആശ്രിതർക്ക് ആനുകൂല്യം ലഭിക്കത്തക്ക രീതിയിൽ ഇൻഷ്വറൻസ് കമ്പനികളുമായി സഹകരിച്ച് വ്യക്തിഗത ഗ്രൂപ്പ് അപകട ഇൻഷ്വറൻസ് പദ്ധതി മത്സ്യഫെഡ് നടപ്പിലാക്കിവരുന്നു. നിർദ്ദിഷ്ട പ്രീമിയം തുക അടച്ച് ഈ പദ്ധതിയിൽ അംഗങ്ങളാകുന്ന മത്സ്യത്തൊഴിലാളികൾക്ക് മാത്രമേ ഈ ആനുകൂല്യത്തിന് അർഹതയുള്ളൂ. നിലവിലുള്ള ഇൻഷ്വറൻസ് പദ്ധതി പ്രകാരം അപകട മരണത്തിന് 10 ലക്ഷം രൂപയും നൽകി വരുന്നു. ടി പദ്ധതിയിൽ അംഗങ്ങളായിട്ടുള്ളവർക്ക് അപകടത്തിൽ അംഗവൈകല്യം സംഭവിച്ചാൽ അതിന്റെ ശതമാനമനുസരിച്ച് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതാണ്.

**(സി) സാഫ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ**

തീരമൈത്രി പദ്ധതിയിൽ ഉൾപ്പെടുത്തി 2 മുതൽ 4 വരെ സ്ത്രീകൾ അടങ്ങുന്ന ഗ്രൂപ്പുകൾക്ക് ലഘുസംരംഭങ്ങൾ ആരംഭിക്കുന്നതിനായി പരമാവധി 2 ലക്ഷം രൂപ വരെ ഗ്രാന്റായി നൽകിവരുന്നു. കൂടാതെ തീരമൈത്രി പദ്ധതിയിൽ ഉൾപ്പെടുന്ന ഗ്രൂപ്പുകൾക്ക് ഒരു ലക്ഷം രൂപ വരെ തിരിച്ചടയ്ക്കേണ്ട റിവോൾവിംഗ് ഫണ്ടായും 25,000 രൂപ വരെ ടെക്നോളജി ഇംപ്രൂവ്മെന്റിനായും 50,000 രൂപ വരെ തങ്ങളുടേതല്ലാത്ത കാരണങ്ങളാൽ ഗ്രൂപ്പിന്റെ പ്രവർത്തനം നിലച്ചുപോയ ഗ്രൂപ്പുകൾക്ക് വീണ്ടും സംരംഭങ്ങൾ ആരംഭിക്കുന്നതിനായും നൽകിവരുന്നു. 5 ലക്ഷം രൂപ വരെ ബാങ്കിൽ നിന്നും ലോൺ എടുക്കുന്ന ഗ്രൂപ്പുകൾക്ക് പരമാവധി 60,000 രൂപ പലിശ ഇനത്തിലും നൽകിവരുന്നു.

തീരനൈപുണ്യ പദ്ധതിയിലൂടെ പ്ലസ്ടു തലം മുതൽ വിദ്യാഭ്യാസം നേടിയിട്ടുള്ള കുട്ടികൾക്ക് 2 മാസം നീണ്ടുനിൽക്കുന്ന ട്രെയിനിംഗിൽ ഓരോ വിദ്യാർത്ഥിക്കും പ്രതിമാസം സ്റ്റൈപൻഡായി 3,000 രൂപയും യൂണിഫോമും പാസ്പോർട്ടും നൽകിവരുന്നു. തീരമൈത്രി പദ്ധതിക്ക് 2018-19 വർഷം 17.60 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**മത്സ്യത്തൊഴിലാളികൾക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച്:-**

ഫിഷറീസ് വകുപ്പ് മുഖേനയുള്ള ഭവന നിർമ്മാണ ധനസഹായ പദ്ധതികളിൽ 2012-13 മുതൽ 2016-17 വരെ ധനസഹായം 2,00,000 രൂപയായിരുന്നു. അത് 2017-18 മുതൽ 4,00,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളികൾക്ക് ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷ്വറൻസ് തുക 5,00,000 രൂപയിൽ നിന്നും 10,00,000 രൂപയായി ഉയർത്തുകയും 17.12.2017 മുതൽ പ്രാബല്യത്തിൽ വരികയും ചെയ്തു.

സമ്പാദ്യ സമാശ്വാസ പദ്ധതി 2016-17-ൽ 2,700 രൂപ എന്നത് 4,500 രൂപയാക്കി വർദ്ധിപ്പിച്ചു. പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് നൽകുന്ന നിരക്കിനനുസരിച്ച് മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസച്ചെലവിനായി ലംപ്സംഗ്രാന്റ് അനുവദിച്ചുവരികയും പട്ടികജാതി/ പട്ടികവർഗ്ഗ വികസന വകുപ്പ് കാലാകാലങ്ങളിൽ വിദ്യാഭ്യാസ ആനുകൂല്യത്തിന് വർദ്ധനവ് വരുത്തുന്നതനുസരിച്ച് മത്സ്യത്തൊഴിലാളികളുടെ മക്കൾക്കും വിദ്യാഭ്യാസ ആനുകൂല്യ വർദ്ധനവ് വരുത്തുന്നുണ്ട്.

(ബി) സമുദ്ര തീരദേശ മേഖലയിലെ മത്സ്യത്തൊഴിലാളികൾക്കായി ഒരു സ്പെഷ്യൽ പാക്കേജ് ഉണ്ടാക്കുന്നതിനായി ശ്രീ. എസ്. എം. വിജയാനന്ദ്, ഐ. എ. എസ് (റിട്ട.) ചെയർമാൻ സി. എം. ഡി.-യുടെ അദ്ധ്യക്ഷതയിൽ ഫിഷറീസ് പ്രിൻസിപ്പൽ സെക്രട്ടറി, ഫിഷറീസ് ഡയറക്ടർ, ടി മേഖലയിലെ വിദഗ്ധർ എന്നിവരെ ഉൾപ്പെടുത്തി ഒരു വിദഗ്ധ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. തീരദേശ മേഖലയിലെ മത്സ്യത്തൊഴിലാളികൾ നേരിടുന്ന വെല്ലുവിളികളും കാലാവസ്ഥാ വ്യതിയാനങ്ങൾ മൂലമുള്ള പ്രശ്നങ്ങളും മത്സ്യത്തൊഴിലാളികൾക്കെതിരെയുള്ള ചൂഷണങ്ങളും അവരുടെ പാർപ്പിട സൗകര്യങ്ങളെക്കുറിച്ചും അവരെ സമൂഹത്തിന്റെ മേൽത്തട്ടിലേയ്ക്ക് ഉയർത്തിക്കൊണ്ട് വരുന്നതിനാവശ്യമായ നടപടികളെക്കുറിച്ചുമെല്ലാം ടി കമ്മിറ്റിയുടെ വിവിധ യോഗങ്ങളിൽ വിലയിരുത്തപ്പെട്ടിട്ടുണ്ട്. സ്പെഷ്യൽ പാക്കേജ് നടപ്പിലാക്കുന്നതിനുള്ള ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. Terms of reference പരിശോധിച്ചുവരുന്നു.

(സി) കടലിൽ പോകുന്നതും തിരികെ വരുന്നതുമായ മത്സ്യത്തൊഴിലാളികളുടെ വിവരം രേഖപ്പെടുത്തുന്നതിന് സഹായകരമായ 'സാഗര' എന്ന ഒരു മൊബൈൽ ആപ്ലിക്കേഷൻ എൻ.ഐ.സി.-യുടെ സഹായത്തോടെ വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇതുവഴി കേരളത്തിന്റെ തീരക്കടലിൽ മത്സ്യത്തൊഴിലാളികൾക്ക് കാലാവസ്ഥാ വ്യതിയാനങ്ങളും അപകട

മുന്നറിയിപ്പുകളും നൽകാൻ കഴിയും. 2018 മേയ് 31-ന് ഈ മൊബൈൽ ആപ്ലിക്കേഷൻ ഉദ്ഘാടനം ചെയ്യുകയും അത് മത്സ്യത്തൊഴിലാളികൾക്ക് ഡൗൺലോഡ് ചെയ്ത് നൽകി വരികയുമാണ്. നിശ്ചിത സമയത്തിനകം എല്ലാ മത്സ്യത്തൊഴിലാളികൾക്കും ഇത് എത്തിക്കാനാകും.

(ഡി) ഉണ്ട്. കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് രക്ഷപ്പെടുന്നതിന് സഹായകമായ ലൈഫ് ജാക്കറ്റുകൾ വാങ്ങി നൽകുന്നതിന് ഭരണാനുമതി നൽകുകയും പരീക്ഷണാടിസ്ഥാനത്തിൽ 100 ലൈഫ് ജാക്കറ്റുകൾ വാങ്ങുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഭാരം കുറഞ്ഞതും ഇൻഫ്ളേറ്റബിളുമായ ലൈഫ് ജാക്കറ്റുകൾ വാങ്ങി നൽകുന്നതിനാണുദ്ദേശിക്കുന്നത്. പരീക്ഷണാർത്ഥം വാങ്ങി ഉപയോഗിച്ച് മത്സ്യത്തൊഴിലാളികൾക്ക് ഗുണകരമാണെന്ന് കണ്ടാൽ എല്ലാ മത്സ്യത്തൊഴിലാളികൾക്കും ടി ലൈഫ് ജാക്കറ്റ് വാങ്ങി നൽകുന്നതിനാണുദ്ദേശിക്കുന്നത്. അതുപോലെ കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ അതിവേഗം കരയ്ക്കെത്തിച്ച് അവരുടെ ജീവൻ രക്ഷിക്കുന്നതിന് സഹായകമായ 3 മറൈൻ ആംബുലൻസുകൾ വാങ്ങുന്നതിന് വേണ്ട ധാരണാപത്രം ഫിഷറീസ് ഡയറക്ടറും കൊച്ചിൻ ഷിപ്പ്യാർഡ് അധികൃതരും തമ്മിൽ 31.05.2018-ൽ ഒപ്പ് വച്ചു. 18.24 കോടി രൂപ വില വരുന്ന 3 മറൈൻ ആംബുലൻസുകൾ 18 മാസം കൊണ്ട് പണി പൂർത്തിയാക്കി വകുപ്പിന് കൈമാറുമെന്ന് കൊച്ചിൻ ഷിപ്പ്യാർഡ് അധികൃതർ അറിയിച്ചിട്ടുണ്ട്.

### മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് പദ്ധതികൾ

364(1560) <u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മത്സ്യത്തൊഴിലാളി ക്ഷേമത്തിനായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്; വിശദമാക്കുമോ;

(ബി) മത്സ്യത്തൊഴിലാളികൾക്ക് ബോർഡ് മുഖാന്തിരം ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തെല്ലാം ധനസഹായങ്ങളാണ് ഈ പദ്ധതിവഴി നൽകുന്നതെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ-സി) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന മത്സ്യത്തൊഴിലാളികൾക്കായി 19 പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. പദ്ധതി വിശദാംശം താഴെ രേഖപ്പെടുത്തുന്നു.

**മത്സ്യത്തൊഴിലാളി ക്ഷേമ പദ്ധതി**

**1. ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി**

അപകട സാഹചര്യങ്ങളെ തീർത്തും അവഗണിച്ചുകൊണ്ട് ജീവസന്ധാരണത്തിനും നാടിന്റെ നന്മയ്ക്കും വേണ്ടി പണിയെടുക്കുവാൻ ബാദ്ധ്യസ്ഥരായ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ കുടുംബഭദ്രത ഉറപ്പുവരുത്തുന്നതിനുവേണ്ടി മത്സ്യബോർഡിന്റെ തുടക്കം മുതൽ നടപ്പാക്കിവരുന്ന പദ്ധതിയാണിത്. 7-12-2007 മുതൽ മത്സ്യസുരക്ഷാ പദ്ധതിയിൻകീഴിൽ ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി വരുന്നു. മത്സ്യബോർഡിൽ അംഗത്വമുള്ള എല്ലാ മത്സ്യത്തൊഴിലാളികളെയും ഈ പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്തിട്ടുണ്ട്. ഇൻഷ്വറൻസ് പ്രീമിയമായി പ്രത്യേകം തുകയൊന്നും ഗുണഭോക്താക്കളിൽ നിന്ന് ഈടാക്കുന്നില്ല എന്നതാണ് ഈ പദ്ധതിയുടെ പ്രത്യേകത.

17-12-2017 മുതൽ ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളികൾക്ക്/അവരുടെ നിയമാനുസൃത ആശ്രിതർക്ക് ലഭിക്കുന്ന ധനസഹായം താഴെ പറയുന്ന പ്രകാരമായിരിക്കും:

| | |
|---|---|
| അപകടമരണം | 10 ലക്ഷം രൂപ |
| മത്സ്യബന്ധന വേളയിൽ അപകടംമൂലം കാണാതാകൽ | 10 ലക്ഷം രൂപ |
| സ്ഥിരവും പൂർണ്ണവുമായ അവശത | 10 ലക്ഷം രൂപ |
| സ്ഥിരവും ഭാഗികവുമായ അവശത | 5,00,000 രൂപ |
| അപകടമരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസ സഹായം | 5,000 രൂപ പ്രകാരം പരമാവധി 10,000 രൂപ |
| അപകടംമൂലം 24 മണിക്കൂറിലധികം ആശുപത്രിയിൽ കിടത്തി ചികിത്സിക്കേണ്ടി വരുന്നവർക്ക് ധനസഹായം | 25,000/- (പരമാവധി) |

**2. മത്സ്യബന്ധന സമയത്തോ തൊട്ടുപിന്നാലെയോ അപകടം കൊണ്ടല്ലാതെ ആകസ്മിക കാരണങ്ങളാൽ ഉണ്ടാകുന്ന മരണത്തിന് ആശ്രിതർക്ക് ധനസഹായം**

മത്സ്യബന്ധന സമയത്തോ തൊട്ടുപിന്നാലെയോ അപകടം കൊണ്ടല്ലാതെ ആകസ്മിക കാരണങ്ങളാൽ മരിക്കുകയും ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി പ്രകാരമുള്ള ധനസഹായം ലഭിക്കാൻ അർഹതയില്ലാതാകുകയും ചെയ്യുന്ന മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് ആശ്വാസ ധനസഹായം നൽകുന്നതിനുള്ള പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം ആശ്രിതർക്ക് നൽകുന്ന സാമ്പത്തിക സഹായം 50,000 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്.

**3. വിവാഹ ധനസഹായ പദ്ധതി**

മത്സ്യത്തൊഴിലാളികളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം നൽകുന്നതിനുള്ള പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരമുള്ള ധനസഹായം 10,000 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. വിവാഹത്തിന് ശേഷം 60 ദിവസത്തിനുള്ളിൽ ബന്ധപ്പെട്ട രേഖകൾ (മാര്യേജ് സർട്ടിഫിക്കറ്റ്) സഹിതം ഫിഷറീസ് ഓഫീസർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്.

**4. പെൻഷൻ**

വാർദ്ധക്യ കാലത്ത് വരുമാനമാർഗ്ഗമൊന്നുമില്ലാതെ കഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് പ്രതിമാസ പെൻഷൻ നൽകുന്നതിനുള്ള പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം 1-4-2017 മുതൽ 1000 രൂപയിൽ നിന്ന് 1100 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

**5. മത്സ്യത്തൊഴിലാളികളുടെ ആശ്രിതരുടെ മരണാനന്തര ചെലവുകൾക്ക് ധനസഹായം നൽകുന്ന പദ്ധതി**

മത്സ്യത്തൊഴിലാളികളുടെ ആശ്രിതർ മരണമടയുമ്പോൾ ശവസംസ്കാരം തുടങ്ങിയ ചെലവുകൾ നടത്തുന്നതിന് സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം നൽകുന്ന സാമ്പത്തിക സഹായം 600 രൂപയാണ്. മത്സ്യത്തൊഴിലാളികളുടെ അച്ഛൻ, അമ്മ, ഭാര്യ/ഭർത്താവ്, മൈനർമാരായ ആൺമക്കൾ, അവിവാഹിതരായ പെൺമക്കൾ എന്നിവരുടെ മരണം സംഭവിക്കുമ്പോഴാണ് ഈ പദ്ധതി പ്രകാരമുള്ള ധനസഹായം നൽകുന്നത്.

### 6. ആം ആദ്മി ബീമാ യോജന

കേരളത്തിലെ മത്സ്യത്തൊഴിലാളികളുടെ സാമ്പത്തിക സാമൂഹിക പിന്നോക്കാവസ്ഥ മാറ്റിയെടുക്കുന്നതിനായി കേരള സംസ്ഥാന ഫിഷറീസ് വകുപ്പ്, എൽ.ഐ.സി.-യുമായി സഹകരിച്ച് മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന ബോർഡിൽ അംഗങ്ങളായിട്ടുള്ള മത്സ്യത്തൊഴിലാളികൾക്കായി ആം ആദ്മി ബീമാ യോജന എന്ന പദ്ധതി PMJJBY/PMSBY എന്നീ കേന്ദ്ര പദ്ധതികളുമായി സംയോജിപ്പിച്ച് 1-3-2018 മുതൽ 31-5-2019 വരെ (15 മാസത്തേയ്ക്ക്) പുതുക്കി നൽകിയിട്ടുണ്ട്.

പ്രസ്തുത പദ്ധതിയുടെ ആനുകൂല്യങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതികൾ | ധനസഹായത്തുക |
|---|---|---|
| 1 | അപകടം മൂലമുണ്ടാകുന്ന മരണത്തിന് | 4,00,000 |
| 2 | അപകടം മൂലമുണ്ടാകുന്ന സ്ഥിരവും പൂർണ്ണവുമായ അവശതയ്ക്ക് | 2,00,000 |
| 3 | അപകടംമൂലമുണ്ടാകുന്ന സ്ഥിരവും ഭാഗികവുമായ അവശതയ്ക്ക് | 1,00,000 |
| 4 | സാധാരണ മരണത്തിന് | 2,00,000 |
| 5 | 9, 10, 11, 12 എന്നീ ക്ലാസുകളിൽ പഠിക്കുന്ന മത്സ്യത്തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് (പരമാവധി രണ്ട് പേർക്ക് പ്രതിവർഷം) സ്കോളർഷിപ്പ് | 1200 |

### 7. മത്സ്യത്തൊഴിലാളികളുടെ മരണത്തോടനുബന്ധിച്ച് ആശ്രിതർക്കുള്ള ധനസഹായ പദ്ധതി

മത്സ്യത്തൊഴിലാളികളുടെ മരണാനന്തര ചെലവുകളിലേയ്ക്ക് മത്സ്യത്തൊഴിലാളികൾ ഏത് സാഹചര്യത്തിൽ മരിച്ചാലും 5,000 രൂപ ആശ്രിതർക്ക് സൗജന്യ ധനസഹായമായി നൽകുന്നതാണ് പദ്ധതി. ടി പദ്ധതി പ്രകാരമുള്ള ധനസഹായം 15,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

### 8. എസ്.എസ്.എൽ.സി. പരീക്ഷയിൽ ഉന്നത വിജയം നേടുന്നവർക്ക് ക്യാഷ് അവാർഡ്

വിദ്യാഭ്യാസ പുരോഗതി നേടുന്നതിന് മത്സ്യത്തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം നൽകുന്നതിനാണ് ഈ പദ്ധതി തയ്യാറാക്കിയിട്ടുള്ളത്.

ക്യാഷ് അവാർഡ് തുക:-

1. സംസ്ഥാന തലത്തിൽ എല്ലാ വിഷയങ്ങളിലും A+ നേടുന്നവർക്ക് - 5,000 രൂപ
2. സംസ്ഥാന തലത്തിൽ 9 വിഷയങ്ങളിൽ A+ നേടുന്നവർക്ക് - 4,000 രൂപ
3. സംസ്ഥാന തലത്തിൽ 8 വിഷയങ്ങളിൽ A+ നേടുന്നവർക്ക് - 3,000 രൂപ

4. റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളിൽ നിന്ന് ഏറ്റവും ഉയർന്ന ഗ്രേഡ് ലഭിക്കുന്ന 3 വിദ്യാർത്ഥികൾക്ക് (ഓരോ സ്കൂളിലേയും) - 3,000 രൂപ ക്യാഷ് അവാർഡിന് പുറമെ മെറിറ്റ് സർട്ടിഫിക്കറ്റുകളും നൽകുന്നതാണ്.

### 9. കുടുംബ സംവിധാന പദ്ധതി

വന്ധ്യംകരണ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന മത്സ്യത്തൊഴിലാളി സ്ത്രീകൾക്കും പുരുഷന്മാർക്കും സാമ്പത്തിക സഹായം നൽകിക്കൊണ്ട് കുടുംബ സംവിധാനത്തിന് പ്രോത്സാഹനം നൽകുന്നതിനുള്ള ഒരു പദ്ധതിയാണിത്. ശസ്ത്രക്രിയയോടനുബന്ധിച്ചുള്ള ശുശ്രൂഷാ ചെലവുകൾക്കായി 500 രൂപയാണ് ധനസഹായമായി നൽകുന്നത്.

### 10. മാരകരോഗ ചികിത്സാ പദ്ധതി

മാരകരോഗങ്ങൾ പിടിപെട്ട് കഷ്ടത അനുഭവിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് വിദഗ്ധ ചികിത്സയ്ക്കുവേണ്ട ധനസഹായം നൽകുന്നതിനുള്ള പദ്ധതിയാണിത്.

പദ്ധതിയിൽപ്പെടുന്ന രോഗങ്ങളും ധനസഹായവും:-

| | |
|---|---|
| 1. ഹൃദ്രോഗം | പരമാവധി 50,000 രൂപ |
| 2. വൃക്കരോഗം | 50,000 രൂപ |
| 3. ക്യാൻസർ | പരമാവധി 50,000 രൂപ |
| 4. തലച്ചോറിലെ ട്യൂമർ | പരമാവധി 50,000 രൂപ |
| 5. തളർവാതം | പരമാവധി 12,000 രൂപ |

6. ചികിത്സിച്ച് ഭേദമാക്കാൻ പറ്റുന്ന മാനസിക രോഗം പരമാവധി 5,000 രൂപ

11. ചെയർമാൻസ് റിലീഫ് ഫണ്ട്

അപ്രതീക്ഷിതമായി ഉണ്ടാകുന്ന അപകടങ്ങൾമൂലവും പ്രകൃതിക്ഷോഭങ്ങൾ മൂലവും ദുരിതമനുഭവിക്കേണ്ടിവരുന്ന മത്സ്യത്തൊഴിലാളികൾക്ക് അടിയന്തിര ധനസഹായം നൽകുന്നതിനുള്ള പദ്ധതിയാണിത്. അപകടംമൂലം ഗുരുതരമായ പരിക്കുപറ്റി ആശുപത്രിയിൽ പ്രവേശിപ്പിക്കുക, അപകടംമൂലം മത്സ്യത്തൊഴിലാളി മരണമടയുകയും കുടുംബാംഗങ്ങൾക്ക് നിത്യവൃത്തിക്ക് മാർഗ്ഗമില്ലാതാവുകയും ചെയ്യുക, അപകടംമൂലമുള്ള രക്ഷാപ്രവർത്തനങ്ങളിലേർപ്പെട്ട് പരിക്ക് പറ്റുക, വെള്ളപ്പൊക്കം, തീപിടുത്തം മുതലായവ നിമിത്തം വീടിനും വീട്ടുപകരണങ്ങൾക്കും നാശനഷ്ടങ്ങൾ സംഭവിക്കുക, അഭയാർത്ഥി ക്യാമ്പുകളിൽ പ്രവേശിപ്പിക്കപ്പെടുക, പാമ്പ്, പേനായ എന്നിവ കടിച്ചതുമൂലവും തീപ്പൊള്ളലേറ്റും ഇലക്ട്രിക് ഷോക്കേറ്റും അടിയന്തിര ചികിത്സ വേണ്ടിവരിക, മത്സ്യബന്ധന വേളയിൽ കാണാതാകുന്നവരുടെ കുടുംബത്തിന് ദുരിതമുണ്ടാവുക തുടങ്ങിയ അവസരങ്ങളിൽ സാഹചര്യത്തിന്റെ ഗൗരവമനുസരിച്ച് 500 രൂപ മുതൽ 5000 രൂപ വരെ ധനസഹായം അനുവദിക്കുന്നു.

### 12. ബോർഡിന്റെ പ്രത്യേക ധനസഹായം

ദുരിതമനുഭവിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിൽ നിശ്ചിത തുക ധനസഹായമായി ബോർഡിൽ നിന്നും അനുവദിക്കുന്നു.

### 13. പ്രസവ ശുശ്രൂഷയ്ക്കുള്ള ധനസഹായ പദ്ധതി

മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ വനിതകളുടെ ക്ഷേമം ലാക്കാക്കിക്കൊണ്ടുള്ള ഒരു പദ്ധതിയാണിത്. ക്ഷേമനിധിയിൽ കുടിശ്ശിക ഇല്ലാതെ വിഹിതം അടച്ചുതീർത്തിട്ടുള്ള പ്രവർത്തനോന്മുഖ മത്സ്യത്തൊഴിലാളി വനിതകൾക്കും മത്സ്യത്തൊഴിലാളികളുടെ ഭാര്യമാർക്കും പ്രസവ ശുശ്രൂഷാ ധനസഹായമായി 750 രൂപ വീതം നൽകി വരുന്നു.

### 14. ഉന്നത വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതി

അനുബന്ധത്തൊഴിലാളി കുടുംബങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് പ്രോത്സാഹനം നൽകുന്നതിനായി ലക്ഷ്യമിട്ടിട്ടുള്ളതാണ് ഈ പദ്ധതി. ഹയർ സെക്കൻഡറി (+2), വൊക്കേഷണൽ ഹയർ സെക്കൻഡറി പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും എ+ ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് 5000 രൂപ വീതം ഈ പദ്ധതി പ്രകാരമുള്ള പ്രോത്സാഹന ധനസഹായം നൽകിവരുന്നു.

### 15. ബോധവത്കരണ പരിപാടി

മത്സ്യത്തൊഴിലാളികൾക്ക് വേണ്ടി സംസ്ഥാന ഫിഷറീസ് വകുപ്പും മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡും നടപ്പിലാക്കുന്ന പദ്ധതികളെക്കുറിച്ച് മത്സ്യത്തൊഴിലാളികളിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള പദ്ധതിയാണിത്.

### 16. വിധവാ പെൻഷൻ

മത്സ്യത്തൊഴിലാളികളുടെ മരണംമൂലം നിരാലംബരായി തീരുന്ന അവരുടെ ഭാര്യമാർക്ക് ആശ്വാസ ധനസഹായമെന്ന നിലയിൽ പ്രതിമാസ പെൻഷൻ നൽകുന്നതിനുള്ള പദ്ധതിയാണിത്. മത്സ്യബോർഡിൽ വിഹിതമടച്ച് അംഗത്വമെടുത്തശേഷം വാർദ്ധക്യകാല പെൻഷൻ പദ്ധതി പ്രകാരമുള്ള പെൻഷൻ ഒരു ഗഡു പോലും വാങ്ങുന്നതിന് മുമ്പായി മരണമടയുന്ന മത്സ്യത്തൊഴിലാളികളുടെ ഭാര്യമാർക്ക് ഈ പദ്ധതി പ്രകാരം 1100 രൂപ പെൻഷൻ നൽകുന്നു.

### 17. കായിക വിനോദ മത്സരത്തിൽ വിജയം നേടുന്നവർക്ക് പ്രോത്സാഹന പദ്ധതി

മത്സ്യത്തൊഴിലാളികളുടെ മക്കളിൽ കായിക മത്സരങ്ങളിൽ ദേശീയ തലത്തിലും സംസ്ഥാന തലത്തിലും ഗ്രൂപ്പ് അടിസ്ഥാനത്തിലും വിജയം കൈവരിക്കുന്നവർക്ക് ക്യാഷ് അവാർഡും മെറിറ്റ് സർട്ടിഫിക്കറ്റും നൽകുന്നു.

(എ) ദേശീയ തലത്തിൽ

| | |
|---|---|
| ഒന്നാം സ്ഥാനം നേടുന്നവർക്ക് | : 10,000 രൂപ |
| രണ്ടാം സ്ഥാനം നേടുന്നവർക്ക് | : 8,000 രൂപ |
| മൂന്നാം സ്ഥാനം നേടുന്നവർക്ക് | : 5,000 രൂപ |
| സംസ്ഥാനത്തെ പ്രതിനിധീകരിക്കുന്നവർക്ക് | : 5,000 രൂപ |

(ബി) ഗ്രൂപ്പ് അടിസ്ഥാനത്തിൽ ദേശീയ തലത്തിൽ

| | |
|---|---|
| ഒന്നാം സ്ഥാനം നേടുന്നവർക്ക് | : 8,000 രൂപ |
| രണ്ടാം സ്ഥാനം നേടുന്നവർക്ക് | : 5,000 രൂപ |
| മൂന്നാം സ്ഥാനം നേടുന്നവർക്ക് | : 3,000 രൂപ |

(സി) സംസ്ഥാന തലത്തിൽ

| | |
|---|---|
| ഒന്നാം സ്ഥാനം നേടുന്നവർക്ക് | : 5,000 രൂപ |

| | |
|---|---|
| രണ്ടാം സ്ഥാനം നേടുന്നവർക്ക് | : 3,000 രൂപ |
| മൂന്നാം സ്ഥാനം നേടുന്നവർക്ക് | : 2,000 രൂപ |

(ഡി) ഗ്രൂപ്പ് അടിസ്ഥാനത്തിൽ സംസ്ഥാന തലത്തിൽ

| | |
|---|---|
| ഒന്നാം സ്ഥാനം നേടുന്നവർക്ക് | : 3,000 രൂപ |
| രണ്ടാം സ്ഥാനം നേടുന്നവർക്ക് | : 2,000 രൂപ |
| മൂന്നാം സ്ഥാനം നേടുന്നവർക്ക് | : 1,000 രൂപ |

18. **തണൽ പദ്ധതി**

സംസ്ഥാന സർക്കാർ കേരളത്തിലെ പരമ്പരാഗത മത്സ്യത്തൊഴിലാളി/ അനുബന്ധത്തൊഴിലാളികൾക്കായി നടപ്പിലാക്കുന്ന സാമ്പത്തിക സഹായ പദ്ധതിയാണ് തണൽ. ഫിഷറീസ് - തൊഴിൽ വകുപ്പുകളുടെ സംയുക്ത സംരംഭമായ ഈ പദ്ധതി പ്രകാരം കേരളത്തിലെ മത്സ്യത്തൊഴിലാളികൾക്കും അനുബന്ധത്തൊഴിലാളി കൾക്കുമായി പ്രതിവർഷം 30 കോടി രൂപയുടെ അധിക ധനസഹായം വിതരണം ചെയ്യുന്നു. ടി പദ്ധതി തൊഴിൽ വകുപ്പിന്റെ ധനസഹായത്തോടെ മത്സ്യബോർഡ് മുഖേന നടപ്പിലാക്കിവരുന്നു. കേന്ദ്ര സർക്കാരിന്റെ പൂർണ്ണ സാമ്പത്തിക സഹായത്തോടെ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന വിവരശേഖരണം നടത്തി ബയോമെട്രിക് തിരിച്ചറിയൽ കാർഡിന് എൻറോൾ ചെയ്ത മത്സ്യത്തൊഴിലാളികൾക്കും അനുബന്ധത്തൊഴിലാളികൾക്കും ഒറ്റത്തവണ ധനസഹായമായി പ്രതിവർഷം 1350 രൂപ നിരക്കിൽ ധനസഹായം നൽകുന്നു.

**19. അപകടംമൂലമുണ്ടാകുന്ന താൽക്കാലിക അവശതയ്ക്ക് ധനസഹായ പദ്ധതി**

അപകടംമൂലം ചുരുങ്ങിയത് ഏഴ് ദിവസത്തേയ്ക്കെങ്കിലും ചികിത്സാർത്ഥം തൊഴിൽ ചെയ്യാൻ കഴിയാതെ വന്നാൽ ഈ പദ്ധതി പ്രകാരം പരമാവധി 500 രൂപ ധനസഹായം ലഭിക്കും.

**മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തുന്നതിന് നടപടി**

365(1561) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വികസിത രാജ്യങ്ങളിൽ അനുവർത്തിച്ചുവരുന്ന ശാസ്ത്ര സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുള്ള മത്സ്യബന്ധന രീതിയും സംഭരണ-സംസ്കരണ-വിതരണ രീതികളും ഉപയോഗിക്കുന്നതിന് സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്ക്

പരിശീലനവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും നൽകി അവരുടെ ജീവിത നിലവാരം ഉയർത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദാംശം സഹിതം വ്യക്തമാക്കുമോ;

(ബി) നവീന ശാസ്ത്രസാങ്കേതിക സംവിധാനങ്ങൾ ഉപയോഗിച്ചുള്ള മത്സ്യബന്ധനരീതി പരിശീലിപ്പിക്കുന്നതിന് നിലവിൽ ഇൻസ്റ്റിറ്റ്യൂട്ടുകൾ ഉണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഇല്ലെങ്കിൽ ഇത്തരം ഇൻസ്റ്റിറ്റ്യൂട്ടുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) വികസിത രാജ്യങ്ങളിൽ അനുവർത്തിച്ചുവരുന്ന ശാസ്ത്ര സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുള്ള മത്സ്യബന്ധന രീതികളും വിതരണ രീതികളും ഉപയോഗിക്കുന്നതിന് സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്ക് കേന്ദ്ര സർക്കാർ സ്ഥാപനമായ CIFT മുഖേന പരിശീലനം നൽകിവരുന്നുണ്ട്. ഉത്തരവാദിത്വ മത്സ്യബന്ധനം, മൂല്യ വർദ്ധിത ഉത്പന്നങ്ങളുടെ ഉത്പാദനം, മത്സ്യോത്പന്നങ്ങളുടെ ഉത്പാദനം, ഗുണനിലവാരം ഉറപ്പുവരുത്തൽ എന്നീ മേഖലകളിലാണ് പരിശീലനം നൽകി വരുന്നത്. CIFT വികസിപ്പിച്ചെടുത്ത നൂതന സാങ്കേതിക വിദ്യകൾ സംസ്ഥാനത്ത് നടക്കുന്ന എക്സിബിഷനുകളിൽ പ്രദർശിപ്പിക്കുകയും അതുവഴി മത്സ്യത്തൊഴിലാളികൾക്ക് ഇവ പരിചയപ്പെടുത്തുകയും ചെയ്യുന്നുണ്ട്. ഫിഷറീസ് വകുപ്പിന്റെ കീഴിലുള്ള കട്ടുങ്ങല്ലൂരിലെ ട്രെയിനിംഗ് സെന്ററായ നിഫാമിൽ മത്സ്യത്തൊഴിലാളികൾക്ക് നൂതന മത്സ്യബന്ധന രീതികൾ സംബന്ധിച്ച് ബോധവത്കരണ പരിപാടികളും പരിശീലനങ്ങളും നൽകി വരുന്നുണ്ട്. പിടിച്ചെടുക്കുന്ന മത്സ്യത്തിന്റെ ഗുണനിലവാരവും ന്യായവിലയും ഉറപ്പാക്കുന്നതിനായി മത്സ്യഫെഡ് പ്രാഥമിക സഹകരണ സംഘങ്ങൾ വഴി നേരിട്ട് മത്സ്യം സംഭരിച്ച് വിപണന ശൃംഖല മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി & സി) കേന്ദ്ര റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടുകളായ CMFRI, CIFT, CIFNET, NIFHAT എന്നീ സ്ഥാപനങ്ങൾ നവീന ശാസ്ത്ര സാങ്കേതിക സംവിധാനങ്ങൾ ഉപയോഗിച്ചുള്ള മത്സ്യബന്ധന രീതികളിൽ പരിശീലനം നൽകിവരുന്നുണ്ട്.

**കടൽ കവർന്ന ഭൂമി സംബന്ധിച്ച പഠനറിപ്പോർട്ട്**

366(1562) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ. നാണു :
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഒന്നര പതിറ്റാണ്ടിൽ നാനൂറ്റി അമ്പതു ചതുരശ്ര കിലോമീറ്റർ ഭൂമി കടൽ കവർന്നു എന്ന പഠന റിപ്പോർട്ട് സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ;

(ബി) ഇപ്രകാരം ഏതൊക്കെ ജില്ലകളിലെ ഭൂമിയാണ് കൂടുതൽ നഷ്ടമായിട്ടുള്ളത്; ഇതുമൂലം സർക്കാരിനും വ്യക്തികൾക്കും എത്രത്തോളം സാമ്പത്തിക നഷ്ടം സംഭവിച്ചിട്ടുണ്ടെന്നാണ് കരുതുന്നത്; ഇതുസംബന്ധിച്ച് സംസ്ഥാന സർക്കാരോ ഫിഷറീസ് ആൻഡ് ഓഷ്യനോഗ്രാഫി സർവകലാശാലയോ എന്തെങ്കിലും തുടർപഠനങ്ങൾ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) ഇത്തരത്തിലുള്ള കടലെടുപ്പിന് കാരണങ്ങൾ എന്തൊക്കെയാണെന്നാണ് കണ്ടെത്തിയിട്ടുള്ളത്; ഇതിന് പരിഹാരം കാണാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ - സി) കഴിഞ്ഞ ഒന്നര പതിറ്റാണ്ടിൽ നാന്നൂറ്റി അമ്പത് ചതുരശ്ര കിലോമീറ്റർ ഭൂമി കടൽ കവർന്നു എന്ന വിഷയത്തിൽ ഫിഷറീസ് വകുപ്പ് മുഖേന പഠനങ്ങൾ ഒന്നും നടത്തിയിട്ടില്ല. ഇത് സംബന്ധിച്ച പഠനങ്ങൾ ഏറ്റെടുക്കുന്നതിന് ഫിഷറീസ് ആൻഡ് ഓഷ്യനോഗ്രഫി സർവ്വകലാശാലയോട് നിർദ്ദേശിക്കാവുന്നതാണ്.

**മത്സ്യത്തൊഴിലാളികളുടെ പുനരധിവാസം**

367(1563) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനായി ഏറ്റെടുത്ത സ്ഥലത്ത് ഫ്ലാറ്റുകൾ നിർമ്മിച്ചുനൽകുന്നത് സംബന്ധിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഫ്ലാറ്റുകളുടെ നിർമ്മാണം പൂർത്തിയാക്കി അർഹരായവർക്ക് എപ്പോഴത്തേയ്ക്ക് വിതരണം ചെയ്യാൻ സാധിക്കുമെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറ വില്ലേജിൽ 3.5 ഏക്കർ സ്ഥലം മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിന് ഫിഷറീസ് വകുപ്പിന് കൈമാറാൻ 18-2-2016-ന് റവന്യൂ വകുപ്പ് ഉത്തരവായിരുന്നുവെങ്കിലും ഫിഷറീസ് വകുപ്പിന് സ്ഥലം കൈമാറിക്കിട്ടിയിരുന്നില്ല.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത സ്ഥലം ഫിഷറീസ് വകുപ്പിന് കൈമാറി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും

വലിയതുറയിലെ സ്വീവേജ് ഫാമിലെ കാഷ്വൽ തൊഴിലാളികളെ പുനരധിവസിപ്പിക്കുന്ന വിഷയം പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ധാരണയാകുകയും അതിനുശേഷം സ്ഥലം അളന്ന് ഫിഷറീസ് വകുപ്പിന് ലഭിക്കുകയും ചെയ്തു. തുടർന്ന് 4-1-2017-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കെട്ടിട സമുച്ചയത്തിന്റെ നിർമ്മാണ ഉദ്ഘാടനം നിർവ്വഹിച്ചു. മുട്ടത്തറ വില്ലേജിൽ റവന്യൂ വകുപ്പിൽ നിന്നും കൈമാറിക്കിട്ടിയ 3.5 ഏക്കർ സ്ഥലത്ത് 192 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള ഫ്ലാറ്റ് സമുച്ചയ നിർമ്മാണം പൂർത്തീകരിച്ചു. ചുറ്റുമതിൽ, ഡ്രെയിനേജ് നിർമ്മാണം തുടങ്ങിയ പ്രവർത്തികൾ അതിവേഗം പുരോഗമിക്കുന്നു.

തിരുവനന്തപുരം ജില്ലയിൽ കാരോട് വില്ലേജിൽ ഫിഷറീസ് വകുപ്പ് ഏറ്റെടുത്ത 105.55 ആർ സ്ഥലത്ത് 128 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള ഫ്ലാറ്റ് സമുച്ചയ നിർമ്മാണം ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി മുഖേന നടപ്പാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. പദ്ധതിക്കായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ തയ്യാറാക്കിയ 1280 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് സാങ്കേതിക അനുമതിക്കായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് നൽകിയിരിക്കുകയാണ്.

(ബി) ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന നടപടികൾ അന്തിമഘട്ടത്തിലാണ്. മുട്ടത്തറയിലെ ഫ്ലാറ്റ് സമുച്ചയത്തിലെ ഇന്റേണൽ റോഡുകൾ, ചുറ്റുമതിൽ, സ്വീവേജ്, ഡ്രെയിനേജ് എന്നിവയുടെ നിർമ്മാണം അതിവേഗം പുരോഗമിച്ചുവരുന്നു. ആയത് പൂർത്തിയാക്കുന്ന മുറയ്ക്ക് ഫ്ലാറ്റുകൾ ഗുണഭോക്താക്കൾക്ക് അനുവദിച്ച് നൽകുന്നതാണ്.

**ഓഖി ദുരന്തം**

368(1564) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി ദുരന്തത്തിൽ തിരുവനന്തപുരം ജില്ലയിൽ എത്രപേർ മരണപ്പെട്ടിട്ടുണ്ട്; ഇനിയും എത്രപേരെയാണ് കണ്ടെത്താനുള്ളത് എന്ന് അറിയിക്കുമോ ;

(ബി) മരണപ്പെട്ട എത്രപേരുടെ ആശ്രിതർക്കാണ് ധനസഹായം നൽകാനുള്ളത്;

(സി) കാണാതായ എത്രപേരുടെ ആശ്രിതർക്ക് ധനസഹായം നൽകിയിട്ടുണ്ട്; ഇനിയും എത്രപേർക്ക് തുക നൽകാനുണ്ട് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഓഖി ദുരന്തത്തിൽ നാളിതുവരെ തിരുവനന്തപുരം ജില്ലയിൽ 51 പേർ മരണമടഞ്ഞു. 91 പേരെ കാണാതായിട്ടുണ്ട്.

(ബി) മരണമടഞ്ഞ 50 പേരുടെയും ആശ്രിതർക്ക് ധനസഹായം അനുവദിച്ചു. മരണമടഞ്ഞവരിൽ ഒരാൾ തിരുവനന്തപുരം ജില്ലക്കാരനാണെങ്കിലും അദ്ദേഹത്തിന്റെ കുടുംബം താമസിക്കുന്നത് തമിഴ്നാട്ടിലായതിനാൽ തമിഴ്നാട് സർക്കാരിൽ നിന്നും ആനുകൂല്യം കൈപ്പറ്റി.

(സി) ഓഖി ദുരന്തവുമായി ബന്ധപ്പെട്ട് കാണാതായ 91 പേരുടെ ആശ്രിതർക്കും 20 ലക്ഷം രൂപ വീതം ധനസഹായം നൽകിക്കഴിഞ്ഞു.

**ഓഖി ദുരന്തം**

369(1565) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി ദുരന്തത്തെത്തുടർന്ന് ആകെ തിരിച്ചുവരാനുള്ളവർ എത്രയാണെന്നും ഇവരിൽ മരണപ്പെട്ടവർ എത്രയാണെന്നും വ്യക്തമാക്കുമോ;

(ബി) ഓഖി ദുരന്ത ബാധിതർക്ക് ഇതിനോടകം ഗവൺമെന്റ് നൽകിയ സഹായം സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(സി) കാണാതായവരുടെയും മരണമടഞ്ഞവരുടെയും മക്കൾക്ക് വിദ്യാഭ്യാസ ചെലവിനു വേണ്ടി എന്തെല്ലാം സഹായം നൽകാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) മരണമടഞ്ഞവരുടെ ബന്ധുക്കൾക്ക് നൽകിയ സാമ്പത്തിക സഹായത്തിന്റെ ഒരു ചെറിയ പങ്ക് എങ്കിലും ദൈനംദിന ചെലവുകൾക്ക് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) ഓഖി ദുരന്തബാധിതർക്കായി കേന്ദ്ര ഗവൺമെന്റ് നൽകിയ സഹായത്തിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഓഖി ദുരന്തത്തിൽ 52 മത്സ്യത്തൊഴിലാളികൾ മരണമടഞ്ഞു. ഫിഷറീസ് വകുപ്പിന്റെ കണക്കുകൾ പ്രകാരം 91 മത്സ്യത്തൊഴിലാളികൾ തിരിച്ചുവരാനുണ്ട്.

(ബി) ഓഖി ദുരന്തത്തെത്തുടർന്ന് ദുരന്ത പ്രതികരണ അതോറിറ്റിയുടെ 4 ലക്ഷം രൂപയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള 6 ലക്ഷം രൂപയും ഫണ്ട് ബോർഡിൽ നിന്ന് 5 ലക്ഷം രൂപയും ഫിഷറീസ് വകുപ്പിന്റെ സഹായമായി 5 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 20 ലക്ഷം രൂപ മരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് അനുവദിച്ചു.

മരണപ്പെട്ടവരുടെ ബന്ധുക്കൾക്ക് ആശ്വാസ ധനസഹായമായി പ്രഖ്യാപിച്ച 20 ലക്ഷം രൂപയുടെ സഹായം കാണാതായ 91 പേരുടെ ആശ്രിതർക്കും അനുവദിച്ചിട്ടുണ്ട്.

സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും ഫിഷറീസ് വകുപ്പിന് അനുവദിച്ച തുക ഉപയോഗിച്ച് 1.66 ലക്ഷം മത്സ്യത്തൊഴിലാളികൾക്ക് 2,000 രൂപ വീതം ഉപജീവന സഹായം അനുവദിച്ചു. ദുരിത കാലയളവിൽ മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ സിവിൽ സപ്ലൈസ് വകുപ്പ് വഴി നൽകിയിട്ടുണ്ട്. പരിക്ക് പറ്റി സംസ്ഥാനത്തെ വിവിധ ആശുപത്രികളിൽ ചികിത്സ തേടിയ 179 മത്സ്യത്തൊഴിലാളികൾക്ക് ചികിത്സാ ധനസഹായമായി ആകെ 8,68,000 രൂപ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നൽകിയിട്ടുണ്ട്.

ഓഖി ദുരന്തത്തിൽ വീട് നഷ്ടപ്പെട്ട 74 മത്സ്യത്തൊഴിലാളികൾക്ക് പ്രതിമാസം 3,000 രൂപ വീതം വീട്ടുവാടകയിനത്തിൽ അനുവദിച്ചു. ഓഖി മരണത്തിൽ മത്സ്യബന്ധനോപാധികൾ പൂർണ്ണമായും നഷ്ടപ്പെട്ട തിരുവനന്തപുരം ജില്ലയിലെ 64 മത്സ്യത്തൊഴിലാളികൾക്ക് 3.08 കോടി രൂപ ആദ്യ ഘട്ടമായി നൽകിയിട്ടുണ്ട്.

മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കായുള്ള Inflatable life jacket 15000 മത്സ്യത്തൊഴിലാളികൾക്ക് നൽകാനുദ്ദേശിക്കുന്നു. അതിന്റെ ആദ്യ ഘട്ടമെന്ന നിലയിൽ, പരീക്ഷണാടിസ്ഥാനത്തിൽ, 100 മത്സ്യത്തൊഴിലാളികൾക്ക് നൽകുവാനുള്ള ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

ഓഖി ദുരിതാശ്വാസ കാലയളവിൽ മത്സ്യത്തൊഴിലാളികൾക്ക് ആശ്വാസ ധനസഹായമായി അനുവദിച്ച 2,000 രൂപ വിതരണം ചെയ്തിട്ടുണ്ട്.

(സി) മത്സ്യഗ്രാമം തിരിച്ച് വിവരശേഖരണം നടത്തിയതിന്റെ അടിസ്ഥാനത്തിൽ ഓഖി ചുഴലിക്കാറ്റിൽ മരിച്ചവരുടെയും കാണാതായവരുടെയും മക്കളായി 309 പേരുണ്ട്. ഇതിൽ 185 പേർക്ക് First level Graduation വരെ വിദ്യാഭ്യാസ ധനസഹായവും Graduation പൂർത്തിയാക്കിയ 124 പേർക്ക് തൊഴിൽ പരിശീലനം നൽകുവാനുമുള്ള 1392.82 ലക്ഷം രൂപയുടെ പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

(ഡി) ഓഖി ദുരന്തത്തെത്തുടർന്ന് ദുരന്ത പ്രതികരണ അതോറിറ്റിയുടെ 4 ലക്ഷം രൂപയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള 6 ലക്ഷം രൂപയും ഫണ്ട് ബോർഡിൽ നിന്ന് 5 ലക്ഷം രൂപയും ഫിഷറീസ് വകുപ്പിന്റെ സഹായമായി 5 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 20 ലക്ഷം രൂപ മരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് അനുവദിച്ചിട്ടുണ്ട്.

(ഇ) പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 2 ലക്ഷം രൂപ വീതം ഓഖി ദുരന്തത്തിൽ മരണപ്പെട്ടവർക്ക് നൽകിയിട്ടുണ്ട്. (തിരുവനന്തപുരം, കൊല്ലം, എറണാകുളം, കാസർഗോഡ്)

**ഓഖി ദുരിതത്തിൽപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപരിഹാരം**

370(1566) ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി ദുരിതത്തിൽപ്പെട്ടവർക്ക് നഷ്ടപരിഹാരം നൽകുന്നതിനോടൊപ്പം പരമ്പരാഗത മത്സ്യത്തൊഴിലാളി വിഭാഗത്തിൽതന്നെയുള്ള കമ്പവല ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നവരിൽ വള്ളവും വലയും നഷ്ടപ്പെട്ടവർക്കുകൂടി സഹായം നൽകാൻ നടപടി സ്വീകരിക്കുമോ;

(ബി) സാങ്കേതികമായി മത്സ്യത്തൊഴിലാളി രജിസ്ട്രേഷൻ ഉൾപ്പെടെയുള്ള നടപടികൾ മുടങ്ങിക്കിടക്കുന്ന ധാരാളം മത്സ്യത്തൊഴിലാളികൾക്കും നഷ്ടം സംഭവിച്ചിട്ടുള്ളതിനാൽ അവർക്കുകൂടി സഹായമെത്തിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) കമ്പവല ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നവരിൽ ഓഖി ദുരന്തത്തിൽപ്പെട്ട് നാശനഷ്ടം സംഭവിച്ചവർ ഉണ്ടെങ്കിൽ നഷ്ടപരിഹാരം നൽകുന്നതാണ്.

(ബി) സാങ്കേതികമായി മത്സ്യത്തൊഴിലാളി രജിസ്ട്രേഷൻ ഉൾപ്പെടെയുള്ള നടപടികൾ മുടങ്ങിക്കിടക്കുന്ന മത്സ്യത്തൊഴിലാളികളുടെ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് അവ പരിശോധിക്കുന്നതാണ്.

**മത്സ്യത്തൊഴിലാളികളുടെ സുരക്ഷ**

371(1567) ശ്രീ. കെ. ആൻസലൻ :
ശ്രീ. വി. ജോയി :
ശ്രീ. കെ. ജെ. മാക്സി :
ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികൾക്ക് ജീവൻ രക്ഷാ ഉപകരണങ്ങൾ നൽകുന്നതിനും ഓരോ ദിവസവും കടലിൽ പോകുന്നവരുടെ വിവരം ശേഖരിക്കുന്നതിനും ആപൽഘട്ടത്തിൽ അപായ സൂചന നൽകുന്നതിനും ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) വള്ളവും വലയും നഷ്ടപ്പെട്ടവർക്ക് നൽകിയ സഹായം എന്തെല്ലാമാണ്; ബദൽ ജീവനോപാധിക്ക് പദ്ധതിയുണ്ടോ;

(സി) അടിയന്തര ഘട്ടത്തിൽ രക്ഷാ പ്രവർത്തനത്തിനായി സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ ;

(ഡി) കടലാക്രമണ ഭീഷണിയുള്ള സ്ഥലങ്ങളിൽ വസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതിയുടെ പുരോഗതി അറിയിക്കാമോ?

ഉത്തരം

(എ) ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികൾക്ക് അപകടത്തിൽ നിന്ന് രക്ഷപ്പെടുന്നതിന് സഹായകമായ ലൈഫ് ജാക്കറ്റുകൾ വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഓരോ ദിവസവും കടലിൽ പോകുന്നതും തിരിച്ചുവരുന്നതുമായ മത്സ്യത്തൊഴിലാളികളുടെ വിവരം രേഖപ്പെടുത്തുന്നതിന് സഹായകമായ 'സാഗര' എന്ന ഒരു മൊബൈൽ ആപ്ലിക്കേഷൻ എൻ. ഐ. സി.-യുടെ സഹായത്തോടെ ഡൗൺലോഡ് ചെയ്ത് നൽകുന്നതിനും നടപടികൾ തുടങ്ങിയിട്ടുണ്ട്. ഈ ആപ്ലിക്കേഷൻ വഴി അപകട മുന്നറിയിപ്പുകൾ മത്സ്യത്തൊഴിലാളികൾക്ക് നൽകുന്നതിന് സാധിക്കും. ഇതുകൂടാതെ ഉപഗ്രഹങ്ങളുടെ സഹായത്തോടെ കാലാവസ്ഥാ വ്യതിയാനങ്ങളും മറ്റ്

അപകട മുന്നറിയിപ്പുകളും 1500 കി.മീ. വരെ അകലത്തുള്ള മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കാൻ സഹായിക്കുന്ന 'നാവിക് ' എന്ന ഉപകരണം ഐ.എസ്. ആർ.ഒ. വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇത് കെൽട്രോൺ വഴി വ്യാവസായികാടിസ്ഥാനത്തിൽ നിർമ്മിച്ച് കേരളത്തിലെ മുഴുവൻ കർമ്മനിരതരായ മത്സ്യത്തൊഴിലാളികൾക്കും വിതരണം ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കൂടാതെ മത്സ്യത്തൊഴിലാളികളുടെ മൊബൈലിലേയ്ക്ക് അപകട മുന്നറിയിപ്പുകളും മത്സ്യലഭ്യത സംബന്ധിച്ച വിവരങ്ങളും മറ്റും യഥാസമയം ലഭ്യമാക്കുന്നതിനായി 145000-ത്തോളം മത്സ്യത്തൊഴിലാളികളുടെ മൊബൈൽ ഫോൺ നമ്പരുകൾ Incois-ന് കൈമാറിയിട്ടുണ്ട്.

(ബി) ഓഖി ദുരന്തത്തിൽപ്പെട്ട് വള്ളവും വലയും ഉൾപ്പെടെയുള്ള മത്സ്യബന്ധന ഉപകരണങ്ങൾ നഷ്ടപ്പെട്ടവർക്ക് അവരുടെ നഷ്ടത്തിനാനുപാതികമായ തുക നഷ്ടപരിഹാരം നൽകുന്നതിന് ഉത്തരവാകുകയും ആയതനുസരിച്ച് തിരുവനന്തപുരം ജില്ലയിലെ 64 മത്സ്യത്തൊഴിലാളികൾക്ക് 2018 മേയ് 31-ന് 3.08 കോടി രൂപയുടെ നഷ്ടപരിഹാരത്തുക വിതരണം ചെയ്തു. മറ്റ് ജില്ലകളിലെ പൂർണ്ണമായും ഭാഗികമായും മത്സ്യബന്ധനോപാധികൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളുടെയും നഷ്ടം കണക്കാക്കി നഷ്ടപരിഹാരം നൽകുന്ന വിഷയം പരിശോധിച്ചുവരുന്നു. ഇതുകൂടാതെ മത്സ്യമേഖലയുടെ സമഗ്ര വികസനത്തിനായി 2000 കോടി രൂപയുടെ ഒരു സ്പെഷ്യൽ പാക്കേജ് നടപ്പാക്കുന്നതാണ്. അതിന്റെ ഡി. പി. ആർ. തയ്യാറാക്കുന്ന നടപടികൾ പുരോഗമിക്കുന്നു.

(സി) അടിയന്തര ഘട്ടത്തിൽ രക്ഷാപ്രവർത്തനത്തിനായി ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് രക്ഷാബോട്ടുകളും കടൽ രക്ഷാ സ്ക്വാഡുകളും സജ്ജമാക്കിയിട്ടുണ്ട്. കൂടാതെ തീരദേശ പോലീസും മറൈൻ എൻഫോഴ്സ്മെന്റും കോസ്റ്റ്ഗാർഡും നേവിയും രക്ഷാപ്രവർത്തനങ്ങൾ നടത്തുന്നതിന് സദാ സന്നദ്ധമാണ്. കൂടാതെ ഓഖി പോലുള്ള ദുരന്തങ്ങളുണ്ടാകുമ്പോൾ രക്ഷാപ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാൻ തക്കവണ്ണം പ്രധാനപ്പെട്ട 60 മത്സ്യഗ്രാമങ്ങൾ തെരഞ്ഞെടുത്ത് ഓരോ ഗ്രാമങ്ങളിൽ നിന്നും 5 യാനങ്ങൾ വീതം ലിസ്റ്റ് ചെയ്ത് ഓരോ യാനത്തിലും 3 വീതം എന്ന ക്രമത്തിൽ 15 സുരക്ഷാ സ്ക്വാഡുകൾ എന്ന ക്രമത്തിൽ ആകെ 900 കടൽ സുരക്ഷാ സ്ക്വാഡുകൾ രൂപീകരിച്ച് അവർക്ക് പരിശീലനം നൽകി ഉപയോഗപ്പെടുന്ന പദ്ധതി പരിഗണനയിലാണ്.

(ഡി) സംസ്ഥാനത്ത് കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന്റെ ആദ്യ ഘട്ടമെന്ന നിലയിൽ 248 കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി വീട് നിർമ്മിക്കുന്നതിനായി 25 കോടി രൂപയുടെ പ്രത്യേക പാക്കേജിന് 2016-17 ഭരണാനുമതി

നൽകിയിട്ടുണ്ട്. പദ്ധതി പ്രകാരം സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് 10 ലക്ഷം രൂപയാണ് അനുവദിക്കുന്നത്. പദ്ധതി നിർവ്വഹണത്തിനായി ഇതുവരെ 572 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

തിരുവനന്തപുരം ജില്ലയിൽ 104 പേർ ഭൂമി വാങ്ങുകയും ഭൂമി വാങ്ങിയതിൽ 40 പേർ ഭവന നിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൊല്ലം ജില്ലയിൽ 4 പേർ ഭൂമി വാങ്ങി ഭവന നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. തൃശ്ശൂർ ജില്ലയിൽ 2 പേർ ഭൂമി വാങ്ങിയിട്ടുണ്ട്. കടലാക്രമണം രൂക്ഷമായതും തീരപ്രദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ വസിക്കുന്ന മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനായി 2017-18 സാമ്പത്തിക വർഷത്തിൽ മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും എന്നതിൽപ്പെടുത്തി 150 കോടി രൂപയുടെ ഭവന പദ്ധതിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തിലും ടി പദ്ധതിക്ക് 150 കോടി വകയിരുത്തിയിട്ടുണ്ട്. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പദ്ധതി ഘടകങ്ങൾ | വകയിരുത്തിയ തുക (ലക്ഷത്തിൽ) | പുരോഗതി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | 50 മീറ്ററിനുള്ളിൽ വസിക്കുന്നവരും CRZ അനുവദനീയ സ്ഥലങ്ങളിൽ സ്വന്തം ഭൂമിയുള്ളവരുമായ 1200 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവനനിർമ്മാണത്തിന് ധന സഹായം@ 4 ലക്ഷം രൂപ | 4800.00 | 321 പേർ ഭവന നിർമ്മാണം ആരംഭിച്ചു. |
| 2 | 50 മീറ്ററിനുള്ളിൽ വസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി 750 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് ധനസഹായം @ 10 ലക്ഷം രൂപ | 7500.00 | 121 പേർ സ്ഥലം വാങ്ങുന്ന നടപടി സ്വീകരിച്ചു. 27 പേർ ഭവന നിർമ്മാണം ആരംഭിച്ചു. |
| 3 | തീരദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി ഒരു ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിന് | 700.00 | തിരുവനന്തപുരം കാരോട് വില്ലേജ് 105.55 ആർ സ്ഥലം ഫിഷറീസ് വകുപ്പ് ഏറ്റെടുത്തു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 4 | 200 മത്സ്യത്തൊഴിലാളി കുടുംബ ങ്ങളെ പുനരധിവസിപ്പിക്കുന്നതി ന് 25 ഫ്ലാറ്റ് അപ്പാർട്ടുമെന്റുകളുടെ നിർമ്മാണം | 2000.00 | തിരുവനന്തപുരം ജില്ലയിൽ മുട്ടത്തറ 192 ഫ്ലാറ്റുകളുടെ നിർമ്മാണം പൂർത്തീകരിച്ചു. |
| ആകെ | | 15000.00 | |

ഭൂരഹിതരും ഭവനരഹിതരായ മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനായി തിരുവനന്തപുരം മുട്ടത്തറ വില്ലേജിൽ 3.5 ഏക്കർ 192 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള ഫ്ലാറ്റ് സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി മുഖേന പൂർത്തീകരിച്ചു. കൂടാതെ തിരുവനന്തപുരം കാരോട് വില്ലേജിൽ ഫിഷറീസ് വകുപ്പ് വിലയ്ക്ക് വാങ്ങിയ 105.55 ആർ സ്ഥലത്ത് 128 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള ഫ്ലാറ്റ് അപ്പാർട്ട്മെന്റ് നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. അധിക പ്രവൃത്തികളായ ഡ്രെയിനേജ്, ഇന്റേണൽ റോഡുകൾ, ചുറ്റുമതിൽ എന്നിവ കൂടി പൂർത്തിയാകുന്ന മുറയ്ക്ക് ഗുണഭോക്താക്കൾക്ക് ഫ്ലാറ്റുകൾ അനുവദിച്ച് നൽകുന്നതാണ്. കൂടാതെ, അടിമലത്തുറയിൽ സർക്കാർ കൈവശമുള്ള സ്ഥലത്തും ഉടൻ ഫ്ലാറ്റ് നിർമ്മാണം ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനുപുറമെ, പൂന്തുറ, ബീമാപ്പള്ളി എന്നിവിടങ്ങളിലും ഭൂമി കണ്ടെത്തി ഫ്ലാറ്റ് നിർമ്മാണം നടത്തുന്നതിന് പദ്ധതി ആവിഷ്കരിക്കുന്നുണ്ട്.

**തീരദേശ രക്ഷാപ്രവർത്തനങ്ങൾക്ക് സ്ഥിരം സംവിധാനം**

372(1568) ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൺസൂൺ കാലം കണക്കിലെടുത്ത് തീരദേശത്ത് ഉണ്ടായേക്കാവുന്ന അപകടങ്ങളെ പ്രതിരോധിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) മലബാർ മേഖലയിൽ തീരദേശ രക്ഷാപ്രവർത്തനങ്ങൾക്കായി സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കുമോ;

(സി) ഓഖി പോലുള്ള ദുരന്തങ്ങൾ ഉണ്ടായാൽ കാര്യക്ഷമമായി രക്ഷാപ്രവർത്തനം നടത്തുന്നതിനും മുൻകൂട്ടി അറിഞ്ഞ് പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) മൺസൂൺകാലം കണക്കിലെടുത്ത് തീരദേശത്ത് ഉണ്ടായേയ്ക്കാവുന്ന അപകടങ്ങളെ പ്രതിരോധിക്കുന്നതിന് സർക്കാർ പല മുൻകരുതലുകളും സ്വീകരിച്ചിട്ടുണ്ട്. തീരദേശ ജില്ലകൾ കേന്ദ്രീകരിച്ച് കൺട്രോൾ റൂമുകൾ ആരംഭിച്ചിട്ടുണ്ട്. കടൽ പട്രോളിംഗ് കാര്യക്ഷമമാക്കുന്നതിന് 9 തീരദേശ ജില്ലകൾക്കായി ആകെ 17 ബോട്ടുകൾ വാടകയ്ക്കെടുക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ ബോട്ടുകൾ കേന്ദ്രീകരിച്ച് രക്ഷാപ്രവർത്തനം നടത്തുന്നതിനായി മത്സ്യത്തൊഴിലാളി വിഭാഗത്തിൽപ്പെടുന്നവരും കടൽ പരിചയമുള്ളവരുമായ 80-ഓളം പേരെ കടൽ സുരക്ഷാ സ്ക്വാഡുകളായി എല്ലാ മറൈൻ ജില്ലകളിലുമായി നിയമിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. പോലീസും മറൈൻ എൻഫോഴ്സ്മെന്റും ഇന്ത്യൻ നേവിയും ഇന്ത്യൻ കോസ്റ്റ്ഗാർഡും സംയോജിപ്പിച്ച് പ്രവർത്തിപ്പിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) മലബാർ മേഖലയൽപ്പെട്ട കാസർഗോഡ്, മലപ്പുറം എന്നീ ജില്ലകളിൽ ഫിഷറീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള കെട്ടിടമുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ പൂർത്തിയാക്കുകയും അവിടങ്ങളിലേയ്ക്ക് മതിയായ ജീവനക്കാരെ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലാണ്. ടി ഫിഷറീസ് സ്റ്റേഷനുകൾ യാഥാർത്ഥ്യമാകുന്നതോടുകൂടി മലബാർ മേഖലയിൽ കടൽ രക്ഷാപ്രവർത്തനത്തിന് സ്ഥിരം സംവിധാനം ആകുന്നതാണ്.

(സി) ഓഖി പോലുള്ള ദുരന്തങ്ങൾ ഉണ്ടായാൽ കാര്യക്ഷമമായി രക്ഷാപ്രവർത്തനം നടത്തുന്നതിന് ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് രക്ഷാബോട്ടുകളും കടൽ രക്ഷാ സ്ക്വാഡുകളും സജ്ജീകരിച്ചിട്ടുണ്ട്. കൂടാതെ കോസ്റ്റൽ പോലീസും മറൈൻ എൻഫോഴ്സ്മെന്റും കോസ്റ്റ്ഗാർഡും നേവിയും സംയുക്ത രക്ഷാപ്രവർത്തനം നടത്തുന്നത് ഉറപ്പാക്കിയിട്ടുണ്ട്. ഓഖി പോലുള്ള ദുരന്തങ്ങളെ മുൻകൂട്ടി 1500 കി. മീ. വരെ അകലത്തിൽ മത്സ്യത്തൊഴിലാളികളെ അറിയിക്കുന്നതിന് സഹായകമായ 'നാവിക്' എന്ന ഉപകരണം ഐ. എസ്. ആർ. ഒ.-യുടെ സഹായത്തോടെ തയ്യാറാക്കി പരീക്ഷിച്ച് വിജയിക്കുകയും അത് കെൽട്രോൺ വഴി വ്യാവസായികാടിസ്ഥാനത്തിൽ നിർമ്മിച്ച് എല്ലാ മത്സ്യത്തൊഴിലാളികൾക്കും ലഭ്യമാക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ട് പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഓഖി പോലുള്ള ദുരന്തങ്ങൾ ഉണ്ടായാൽ അടിയന്തര രക്ഷാപ്രവർത്തനങ്ങൾ നടത്താൻ കഴിയുന്ന തരത്തിൽ സംസ്ഥാനത്തെ പ്രധാനപ്പെട്ട 60 മത്സ്യഗ്രാമങ്ങളിൽ നിന്നായി 900 മത്സ്യത്തൊഴിലാളികളെ തെരഞ്ഞെടുത്ത് പരിശീലനം നൽകി ഉപയോഗപ്പെടുത്തുന്ന പദ്ധതിയും പരിഗണനയിലാണ്.

## ചമ്പക്കര മാർക്കറ്റിന്റെ പുനരുദ്ധാരണം

373(1569) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കാക്കര നിയോജകമണ്ഡലത്തിൽപ്പെട്ട ചമ്പക്കര മാർക്കറ്റ് ആധുനിക രീതിയിൽ പുനരുദ്ധരിക്കുന്നതിനുള്ള നടപടികൾ എന്തെല്ലാമെന്നും ഇതുവരെ നടന്ന പ്രവൃത്തികൾ എന്തെല്ലാമെന്നും വിശദമാക്കാമോ;

(ബി) ചമ്പക്കര മാർക്കറ്റിന്റെ നവീകരണ പ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) എറണാകുളം ജില്ലയിലെ തൃക്കാക്കര നിയോജക മണ്ഡലത്തിൽപ്പെട്ട ചമ്പക്കര ആധുനിക മത്സ്യമാർക്കറ്റിനായുള്ള ഡി. പി. ആർ. തയ്യാറാക്കുന്നതിനായി കൊച്ചി കോർപ്പറേഷൻ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഡി.പി.ആർ. തയ്യാറാക്കുന്ന തിനായി തദ്ദേശവാസികളേയും കൗൺസിലർമാരേയും കോർപ്പറേഷൻ ഉദ്യോഗസ്ഥരേയും ചേർത്തുകൊണ്ട് മീറ്റിംഗ് നടന്നുകഴിഞ്ഞു. കൊച്ചി കോർപ്പറേഷനിൽ നിന്നും ഫണ്ട് കൈമാറുന്ന മുറയ്ക്ക് ഡി. പി. ആർ. തയ്യാറാക്കുന്ന പ്രവൃത്തി ആരംഭിക്കുന്നതാണ്.

## മാവേലിക്കര മണ്ഡലത്തിൽ ഫിഷ് മാർക്കറ്റുകൾ

374(1570) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ ഫിഷ് മാർക്കറ്റുകൾ സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ആദിക്കാട്ടുകുളങ്ങര ഫിഷ് മാർക്കറ്റ് എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; പൂർത്തീകരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) മാവേലിക്കര മണ്ഡലത്തിലെ പാലമേലിൽ ആദിക്കാട്ടുകുളങ്ങര, ഒരു ആധുനിക മത്സ്യമാർക്കറ്റ് സ്ഥാപിക്കുന്നതിനായി 174.61 ലക്ഷം രൂപയുടെ പദ്ധതി (90% ധനസഹായം നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡിന്റെയും

10% സംസ്ഥാന സർക്കാരിന്റെയും) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന സമർപ്പിക്കുകയും ആയതിന് ഭരണാനുമതി നൽകുകയും ചെയ്തു. ടി പ്രവൃത്തി 95% പൂർത്തീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ മാങ്കാംകുഴി മത്സ്യമാർക്കറ്റ്, പുതിയകാവ് മത്സ്യമാർക്കറ്റ്, താമരക്കുളം മത്സ്യമാർക്കറ്റ് എന്നിവയുടെ നവീകരണത്തിന് യഥാക്രമം 282.31 ലക്ഷം രൂപ, 300.00 ലക്ഷം രൂപ, 280.00 ലക്ഷം രൂപയുടെ പദ്ധതി കൺസപ്റ്റ് റിപ്പോർട്ട് കിഫ്ബിയിൽ ഉൾപ്പെടുത്തി അംഗീകാരം നേടുന്നതിനായി തയ്യാറാക്കി വരുന്നു.

(ബി) മാവേലിക്കര മണ്ഡലത്തിലെ പാലമേലിൽ ആദിക്കാട്ടുകുളങ്ങര മത്സ്യമാർക്കറ്റ് സ്ഥാപിക്കുന്ന പ്രവൃത്തിയുടെ കരാർ പ്രകാരമുള്ള സിവിൽ പ്രവൃത്തികൾ ഇതിനോടകം പൂർത്തീകരിച്ചു. നിലവിൽ ഭരണാനുമതി പ്രകാരമുള്ള എഫ്ളുവെന്റ് ട്രീറ്റ്മെന്റ് പ്ലാൻഡ് കൂടി സ്ഥാപിക്കേണ്ടതുണ്ട്. കൂടാതെ മാർക്കറ്റ് പൂർണ്ണ തോതിൽ പ്രവർത്തനക്ഷമമാക്കുന്നതിന് യാർഡ് കോൺക്രീറ്റിംഗ് തുടങ്ങിയ അധിക പ്രവൃത്തികൾ കൂടി നടപ്പിലാക്കേണ്ടതുണ്ട്. പ്രസ്തുത പ്രവൃത്തികൾ ജൂലൈ അവസാനത്തോടുകൂടി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ഗുണനിലവാരമുള്ള മത്സ്യം ലഭ്യമാക്കുന്നതിന് നടപടി

375(1571) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗുണനിലവാരമുള്ള മത്സ്യം ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിരിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) ഇതിനായി നിലവിൽ ഏതെല്ലാം പദ്ധതികളാണുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(സി) ഏതെല്ലാം സ്ഥാപനങ്ങളാണ് ഈ പദ്ധതിയുടെ കീഴിൽ പ്രവർത്തിച്ച് വരുന്നതെന്ന് വിശദമാക്കുമോ?

### ഉത്തരം

(എ) ദേശീയ മത്സ്യവികസന ബോർഡ്/കേന്ദ്ര സർക്കാർ സഹായത്തോടെ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന സംസ്ഥാനത്തെ മത്സ്യമാർക്കറ്റുകൾ ആധുനികവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം 41 മത്സ്യമാർക്കറ്റുകൾ നവീകരിക്കുന്നതിന് അനുമതി നൽകുകയും 34 എണ്ണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 4 മാർക്കറ്റുകളുടെ നിർമ്മാണം പൂർത്തീകരിച്ചുവരുന്നു. 3 മാർക്കറ്റിന്റെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മത്സ്യവിപണന കേന്ദ്രങ്ങളിൽ ശുചിത്വം ഉറപ്പാക്കുന്നതിനായി മലിനജല സംസ്കരണ യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ട്. അധികം വരുന്ന മത്സ്യം കേടുകൂടാതെ സൂക്ഷിച്ചുവയ്ക്കുന്നതായി ചിൽ റൂം സംവിധാനവും ശുദ്ധമായ ഐസിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി ഫ്ളേക്ക് ഐസ് യൂണിറ്റും പ്രസ്തുത മത്സ്യ മാർക്കറ്റുകളിൽ ഒരുക്കിയിട്ടുണ്ട്.

കോൾഡ് ചെയിൻ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി മത്സ്യബന്ധന യാനങ്ങളിൽ ഇൻസുലേറ്റഡ് ബോക്സുകൾ നൽകുന്ന പദ്ധതിയും ഇൻസുലേറ്റഡ് ബോക്സുകൾ ഘടിപ്പിച്ച ഇരുചക്ര വാഹനങ്ങൾ, ഓട്ടോറിക്ഷകൾ, ട്രക്കുകൾ മുതലായവ ലഭ്യമാക്കുന്ന പദ്ധതിയും ലാൻഡിംഗ് സെന്ററുകളിലും മാർക്കറ്റുകളിലും ചിൽ റൂം സംവിധാനം ലഭ്യമാക്കുന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.

ഇതുകൂടാതെ സംസ്ഥാനത്തുടനീളം 60 മത്സ്യമാർക്കറ്റുകൾ സ്ഥാപിക്കുന്നതിനായി കിഫ്ബിയിൽ ഉൾപ്പെടുത്തി അംഗീകാരം നേടുന്നതിലേയ്ക്കായി കൺസപ്റ്റ് നോട്ട് തയ്യാറാക്കി വരുന്നു.

സംസ്ഥാനത്ത് ഗുണനിലവാരമുള്ള മത്സ്യം ലഭ്യമാക്കുന്നതിന് വിവിധ ജില്ലകളിലായി 31 ഫിഷ്മാർട്ടുകൾ മത്സ്യഫെഡിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്നു. കൂടാതെ തിരുവനന്തപുരത്ത് ഒരു മൊബൈൽ ഫിഷ്മാർട്ടും പ്രവർത്തിച്ചുവരുന്നു. ഇതിനുപറമേ 29 ഫിഷ് റീട്ടെയിൽ ഔട്ട്ലെറ്റുകൾ സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

മത്സ്യമാർക്കറ്റുകൾ, ഹർബറുകൾ, കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങൾ എന്നിവയിലെ മത്സ്യവിപണനത്തിൽ ഗുണനിലവാരം ഉറപ്പാക്കുന്നതിനും മത്സ്യ ലേലം ക്രമീകരിക്കുന്നതിനും ലക്ഷ്യമിട്ട് നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നു.

(ബി) സംസ്ഥാനത്ത് ഗുണനിലവാരം ഉറപ്പാക്കിയ മത്സ്യം ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനും ആരോഗ്യകരവും ശുചിത്വപൂർണ്ണമായ മത്സ്യവിപണന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും ആധുനിക സൗകര്യങ്ങളോടുകൂടി ഫിഷ് റീട്ടെയിൽ ഔട്ട്ലെറ്റുകൾ ആരംഭിക്കുന്നതിന് ലക്ഷ്യമിട്ട് സർക്കാർ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു.

(എ) കിഫ്ബി ധനസഹായത്തോടെ 60 മാർക്കറ്റുകൾ നവീകരിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

(ബി) മത്സ്യഫെഡ് വഴി പുതുതായി 20 ഫിഷ് ഔട്ട്ലെറ്റുകൾ കൂടി ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) മത്സ്യഫെഡ് വഴി മത്സ്യത്തിന്റെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനുവേണ്ടി അമോണിയ, ഫോർമാലിൻ ഉൾപ്പെടെയുള്ള രാസവസ്തുക്കൾ കണ്ടുപിടിക്കുന്നതിനുവേണ്ടി സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി പുതിയ ടെസ്റ്റ് കിറ്റുകൾ ലഭ്യമാക്കിയിട്ടുണ്ട്. ഇവ ഉപയോഗിച്ച് മത്സ്യത്തിൽ രാസവസ്തുക്കളുടെ സാന്നിദ്ധ്യം പരിശോധിച്ചുവരുന്നു.

(ഡി) മത്സ്യഫെഡ് വഴി മൊബൈൽ ഫിഷ്മാർട്ട് പ്രവർത്തിച്ചുവരുന്നു.

(ഇ) മത്സ്യമാർക്കറ്റ് നവീകരിക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ ബ്ലൂ റവല്യൂഷൻ പദ്ധതി രാഷ്ട്രീയ കൃഷി വികാസ് ആവാസ് യോജന പദ്ധതികളും നിലവിലുണ്ട്.

(സി) ഫിഷറീസ് വകുപ്പ്, സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി, കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ, മത്സ്യഫെഡ്, എൻ. എഫ്. ഡി. ബി. എന്നീ സ്ഥാപനങ്ങൾ ഇതുമായി ബന്ധപ്പെട്ട പദ്ധതികളുടെ കീഴിൽ പ്രവർത്തിച്ചുവരുന്നു.

## മത്സ്യബന്ധന വകുപ്പ് വയനാട് ജില്ലയിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ

376(1572) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധന വകുപ്പ് വയനാട് ജില്ലയിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ ഏതെല്ലാമാണ്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മത്സ്യബന്ധന വകുപ്പ് വയനാട് ജില്ലയിൽ ഉടങ്ങിയ പദ്ധതികൾ ഏതെല്ലാമാണ്;

(സി) മത്സ്യ കൃഷി വ്യാപിപ്പിച്ച് വയനാടിന്റെ കാർഷിക മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ പദ്ധതിയുണ്ടോ ; വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വയനാട് ജില്ലയിലെ മത്സ്യക്കൃഷി വ്യാപിപ്പിക്കുന്നതിനും മത്സ്യമേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി ഫിഷറീസ് വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**മത്സ്യ ഉൽപ്പാദനം**

377(1573) ശ്രീ. ജോൺ ഫെർണാണ്ടസ്:
ശ്രീ. കെ. ജെ. മാക്സി :
ശ്രീ. എം. നൗഷാദ് :
ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആഭ്യന്തര മത്സ്യ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും കൂട്ടുകൃഷി വ്യാപകമാക്കുന്നതിനും പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) മത്സ്യക്കുഞ്ഞുങ്ങളുടെ ഉല്പാദനം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനത്തെ ജലസമൃദ്ധമായ പാറമടകൾ, റിസർവോയറുകൾ തുടങ്ങിയവയിലെ മത്സ്യകൃഷിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു; വ്യക്തമാക്കാമോ;

(ഡി) ഉൾനാടൻ മത്സ്യകൃഷി ഊർജ്ജിതമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മത്സക്കുഞ്ഞുങ്ങളുടെ ഉൽപ്പാദനം മെച്ചപ്പെടുത്തുന്നതിനായി താഴെ പറയുന്ന നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്.

- നിലവിലുള്ള സർക്കാർ ഹാച്ചറികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി മത്സ്യക്കുഞ്ഞുങ്ങളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുക.
- പുതിയ മത്സ്യവിത്തുൽപ്പാദന കേന്ദ്രങ്ങൾ സ്ഥാപിക്കുക.
- പരമ്പരാഗത കാർപ്പ് മത്സ്യവിത്തുൽപ്പാദന കേന്ദ്രങ്ങളിൽ പുതിയ ഇനം (ഗിഫ്റ്റ്) മത്സ്യങ്ങളുടെയും തദ്ദേശയിനം മത്സ്യങ്ങളുടെയും (മുശി, കൈതക്കോര മുതലായവ) വിത്തുൽപ്പാദനത്തിനുള്ള അടിസ്ഥാന സൗകര്യങ്ങളൊരുക്കുക.
- തെരഞ്ഞെടുക്കപ്പെട്ട കർഷകർ വഴി മത്സ്യവിത്ത് പരിപാലന കേന്ദ്രങ്ങൾ സ്ഥാപിക്കുക.

കൂടാതെ ഓരുജല മത്സ്യക്കുഞ്ഞുങ്ങളുടെ വിത്തുൽപ്പാദനത്തിനായി വർക്കല ഓടയത്ത് ഒരു മത്സ്യ വിത്തുൽപ്പാദന കേന്ദ്രം സ്ഥാപിക്കുന്നതിനായി 900 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും പ്രസ്തുത ഹാച്ചറിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

ഇതിനുപുറമെ റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റത്തിൽ വളരെയധികം സാധ്യതയുള്ള ഗിഫ്റ്റ് തിലാപ്പിയയുടെ ഹാച്ചറി/റിയിറിംഗ് ഫാമുകൾ തിരുവനന്തപുരം ജില്ലയിലെ നെയ്യാറിലും പത്തനംതിട്ട ജില്ലയിലെ പന്നിവേലിച്ചിറയിലും സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനം പുരോഗമിച്ചുവരുന്നു.

തിരുവനന്തപുരം, നെയ്യാർ ദേശീയ മത്സ്യ വിത്തുൽപ്പാദന കേന്ദ്രം, തൃശ്ശൂർ പീച്ചി മത്സ്യവിത്തുൽപ്പാദന കേന്ദ്രം എന്നിവയുടെ മൂന്നാം ഘട്ട വികസന പ്രവർത്തനങ്ങൾക്കായി 1000 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ കടൽ മത്സ്യക്കുഞ്ഞുങ്ങളുടെ ഉൽപ്പാദനത്തിനായി ഒരു ഹാച്ചറി വിഴിഞ്ഞത്ത് സ്ഥാപിക്കുന്നതിനായി പദ്ധതി തയ്യാറാക്കി കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തെ റിസർവോയറുകളിൽ 1000 ഹെക്ടറിൽ കുറവ് ജലവിസ്തൃതിയുള്ള 2130 ഹെക്ടർ റിസർവോയർ പ്രദേശത്തും 1000 ഹെക്ടറിൽ കൂടുതൽ വിസ്തൃതിയുള്ള 10000 ഹെക്ടർ റിസർവോയറുകളിലും ശുദ്ധജല മത്സ്യകൃഷി ഏർപ്പെടുത്തുന്നതിനായി 2018-19 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തി 285.20 ലക്ഷം രൂപ അനുവദിച്ച് പദ്ധതി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ പാറമടകളിലെ മത്സ്യകൃഷി സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി ആർ. കെ. വി. വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി ശുദ്ധജല മത്സ്യങ്ങളുടെ കൂടുകൃഷി എന്ന പദ്ധതി അംഗീകാരത്തിനായി കേന്ദ്രസർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ ഇത്തരം പാറമടകളുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി അലങ്കാര മത്സ്യകൃഷി വികസിപ്പിക്കുന്നതിനായി കൂടുകളിലെ അലങ്കാര മത്സ്യകൃഷി എന്ന പദ്ധതി ജനകീയമത്സ്യകൃഷി രണ്ടാം ഘട്ടം പദ്ധതിയുടെ 2018-19 വർഷത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഉൾനാടൻ മത്സ്യകൃഷി ഊർജ്ജിതമാക്കുന്നതിനായി 2017-18 സാമ്പത്തിക വർഷത്തിൽ 23.38 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ ജനകീയ മത്സ്യകൃഷി രണ്ടാം ഘട്ടം പദ്ധതിയുടെയും ബ്ലൂ റവല്യൂഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്ര സർക്കാരിന്റെ സഹായം ലഭ്യമായ വിവിധ മത്സ്യകൃഷി പദ്ധതികളുടെയും പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

2018-19 സാമ്പത്തിക വർഷം ഉൾനാടൻ മത്സ്യക്ക്യഷി ഊർജ്ജിതമാക്കുന്നതിനായി 48 കോടി രൂപയുടെ ഭരണാനുമതി നൽകി പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. ബ്ലൂ റവല്യൂഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ മത്സ്യകൃഷി പ്രവർത്തനങ്ങൾക്കായി 3691.51 ലക്ഷം രൂപയുടെ ഭരണാനുമാതി ലഭ്യമാകുന്നതിനായി പദ്ധതി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ ആർ. കെ. വി. വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി കാർപ്പ് കൃഷി, ചെമ്മീൻ കൃഷി, ശുദ്ധജലാശയങ്ങളിലെ കൂട് കൃഷി എന്നീ പദ്ധതികൾക്കായി 2400 ലക്ഷം രൂപ അടങ്കൽ വരുന്ന പദ്ധതിയും കേന്ദ്രാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.

## കവ്വായി കായലിലെ കല്ലുമ്മക്കായ കൃഷി

378(1574) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കല്ലുമ്മകായ കൃഷിചെയ്യുന്ന തൃക്കരിപ്പൂർ മണ്ഡലത്തിലെ കവ്വായി കായലിലും പരിസരപ്രദേശങ്ങളിലുമുള്ള കൃഷിക്കാർക്ക് ഇവയുടെ വിത്തും അനുബന്ധ സാമഗ്രികളും ഇടത്തട്ടുകാരുടെ ചൂഷണമില്ലാതെ ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കുമോ ; വ്യക്തമാക്കുമോ?

ഉത്തരം

കല്ലുമ്മക്കായ കൃഷിക്ക് നിലവിൽ കടലിൽ നിന്നും ശേഖരിക്കുന്ന പ്രകൃതിദത്തമായ വിത്താണ് ഉപയോഗിച്ചുവരുന്നത്. ആയതിനാൽ കടലിലെ വിത്തിന്റെ ലഭ്യതയുടെ ഏറ്റക്കുറച്ചിലുകൾ അനുസരിച്ച് വില കൂടുകയും കുറയുകയും ചെയ്യുന്നുണ്ട്. നിലവിൽ ഏജന്റുമാരിൽ നിന്നും കർഷകർ നേരിട്ടാണ് വിത്ത് ശേഖരിക്കുന്നത്. ഇടത്തട്ടുകാരുടെ ചൂഷണമില്ലാതെ വിത്തും അനുബന്ധ സാമഗ്രികളും ലഭ്യമാക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

## മത്സ്യഫെഡിന് കീഴിലെ പ്രാഥമിക സംഘങ്ങൾ

379(1575) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിൽ മത്സ്യഫെഡിനു കീഴിൽ പ്രവർത്തിക്കുന്ന പ്രാഥമിക സംഘങ്ങൾ ഉണ്ടോ; വിശദാംശം അറിയിക്കാമോ;

(ബി) പ്രാഥമിക സംഘങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങളെന്തൊക്കെയാണ്; ഉൾനാടൻ മത്സ്യ കർഷകരെയും പ്രസ്തുത സംഘത്തിൽ ഉൾപ്പെടുത്താനാകുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) മലപ്പുറം ജില്ലയിൽ മത്സ്യഫെഡിൽ അഫിലിയേഷനുള്ളതും പൊന്നാനി താലൂക്ക് ഒഴികെ പ്രവർത്തന പരിധിയായി കാണിച്ച് രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന തിരൂർ ഉൾനാടൻ മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം (ക്ലിപ്തം) നമ്പർ എഫ്(എം) ഐ.36. നിലമ്പൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ടതാണ്.

(ബി) പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ ആരംഭിക്കുന്നതിന് മത്സ്യ മേഖലയുമായും അനുബന്ധ തൊഴിൽ മേഖലയിലും പ്രവർത്തിക്കുന്ന വ്യത്യസ്ത കുടുംബത്തിൽ ഉൾപ്പെട്ട ഏറ്റവും ചുരുങ്ങിയത് 25 ആളുകൾ ചേർന്ന് 1969-ലെ കേരള സഹകരണ സംഘ നിയമം വകുപ്പ് 6 ചട്ടം 3 പ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ചുകൊണ്ട് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന നിർദ്ദിഷ്ട സംഘത്തിന്റെ കരട് ബൈലാ പകർപ്പുകൾ, തുടങ്ങുവാൻ ഉദ്ദേശിക്കുന്ന സംഘത്തിന്റെ തുടർന്നുള്ള മൂന്ന് വർഷങ്ങളിലെ പ്രവർത്തനങ്ങൾ കാണിക്കുന്ന പ്രോജക്ട് റിപ്പോർട്ട്, രജിസ്ട്രേഷൻ ഫീ ഒടുക്കിയതിന്റെ ചലാൻ രശീതി, കരട് ബൈലായിൽ ഒപ്പ് വച്ചിരിക്കുന്ന വ്യക്തികൾ വ്യത്യസ്ത കുടുംബത്തിൽപ്പെട്ട ആളുകളാണെന്ന സാക്ഷ്യപത്രം, സംഘത്തിന്റെ ആദ്യകാല പ്രവർത്തനങ്ങൾ നടത്തുന്നതിനായി അംഗങ്ങളിൽ നിന്നും തെരഞ്ഞെടുത്ത പ്രൊമോട്ടിംഗ് കമ്മിറ്റി അംഗങ്ങളുടെ പട്ടിക, അംഗമാകാൻ ഉദ്ദേശിക്കുന്നവരിൽ നിന്നും ശേഖരിക്കുന്ന ഓഹരി തുക, പ്രവേശന ഫീ എന്നിവ കാണിക്കുന്ന പട്ടിക എന്നിവ സഹിതം നിശ്ചിത ഫോറത്തിൽ ഫിഷറീസ് സഹകരണ സംഘം രജിസ്ട്രാർക്ക് അപേക്ഷ നൽകാവുന്നതാണ്.

ഉൾനാടൻ മത്സ്യകർഷകരേയും പ്രസ്തുത സംഘത്തിൽ അനുഭാവി അംഗമാക്കാവുന്നതാണ്.

**വിഴിഞ്ഞം കരമടി തൊഴിലാളികൾക്ക് ഉണ്ടായ നഷ്ടം**

380(1576) <u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം നോർത്ത് പ്രദേശത്തെ കരമടി തൊഴിലാളികൾക്ക് തുറമുഖ പദ്ധതി ആഘാതത്താൽ ഉണ്ടായ നഷ്ടം വിലയിരുത്തുന്നതിനായി ജില്ലാ കളക്ടർ ചെയർമാനായി സർക്കാർ രൂപീകരിച്ച എൽ.ഐ.എ.സി.നടത്തിയ പഠനം പൂർത്തിയായിട്ടുണ്ടോ;

(ബി) എങ്കിൽ സമിതി അതിന്റെ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ & ബി) വിഴിഞ്ഞം തുറമുഖ പദ്ധതിമൂലം പദ്ധതി പ്രദേശത്തിന് പുറത്തുള്ള വിഴിഞ്ഞം നോർത്ത് പ്രദേശത്തെ കരമടി തൊഴിലാളികൾ ബാധിക്കപ്പെടില്ല എന്നാണ് പദ്ധതിയുടെ പാരിസ്ഥിതിക പഠന റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളത്.

എന്നാൽ ടി പ്രദേശത്തെ കരമടി തൊഴിൽ ബാധിക്കപ്പെട്ടതായി ടി പ്രദേശത്തുകാർ LIAC AC കമ്മിറ്റി മുമ്പാകെ ബോധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ഇതുസംബന്ധിച്ച പഠനം നടത്തുവാൻ CMFRI-യെ വിഴിഞ്ഞം തുറമുഖ കമ്പനി ചുമതലപ്പെടുത്തിയിട്ടുണ്ട്. പഠനം പൂർത്തിയായിട്ടില്ല.

## കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് അതോറിറ്റിയുടെ പ്രവൃത്തികൾ

381(1577) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് അതോറിറ്റി നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ നെയ്യാറ്റിൻകര ടൗൺ മാർക്കറ്റ്, പൊഴിയൂർ പ്രാഥമിക ആരോഗ്യ കേന്ദ്രം എന്നിവിടങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന്റെ എസ്റ്റിമേറ്റ് തുക കിഫ്ബിയുടെ അംഗീകാരത്തിന് നൽകിയിട്ടുണ്ടോ; എത്രയാണ് അടങ്കൽ തുക എന്ന് അറിയിക്കാമോ ;

(ബി) മേൽപ്പറഞ്ഞ മാർക്കറ്റ്, ആശുപത്രി എന്നിവിടങ്ങളിൽ പുതിയ നിർമ്മാണ പ്രവർത്തനം നടത്തുന്നതിന് എത്ര കോടി രൂപയാണ് ഓരോ സ്ഥലത്തിനും സർക്കാർ അനുവദിക്കാൻ പോകുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ നെയ്യാറ്റിൻകര ടൗൺ മത്സ്യമാർക്കറ്റ് നവീകരണത്തിനായി 416.30 ലക്ഷം രൂപയുടെ പദ്ധതി കൺസപ്റ്റ് റിപ്പോർട്ട് കിഫ്ബിയിൽ ഉൾപ്പെടുത്തി അംഗീകാരം നേടുന്നതിന് തീരദേശ വികസന കോർപ്പറേഷൻ തയ്യാറാക്കി വരുന്നു. പൊഴിയൂർ പ്രാഥമിക ആരോഗ്യകേന്ദ്രം പുനരുദ്ധാരണ പദ്ധതി കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## തലശ്ശേരിയിലെ തീരദേശ റോഡുകൾക്കുള്ള ഫണ്ട്

382(1578) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18-ൽ തലശ്ശേരി നിയോജകമണ്ഡലത്തിലെ ഏതെല്ലാം തീരദേശ റോഡുകൾക്കാണ് ഫണ്ടുകൾ അനുവദിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ ഓരോ റോഡും ഏതാണെന്നും ആയതിന് എത്ര തുക വീതം വകയിരുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) 2017-18-ൽ തലശ്ശേരി നിയോജകമണ്ഡലത്തിൽ ഫണ്ട് അനുവദിച്ചിട്ടുള്ള തീരദേശ റോഡുകളുടെ വിവരവും അനുവദിച്ച ഫണ്ടും ചുവടെ ചേർക്കുന്നു:

1. തലായ് ഫിഷിംഗ് ഹർബറിനേയും ചാലിൽ ഗോപാലപേട്ട ഫിഷ് ലാൻഡിംഗ് സെന്ററിനേയും ബന്ധിപ്പിക്കുന്ന ലിങ്ക് റോഡ് നിർമ്മാണം- 268.60 ലക്ഷം രൂപ

2. ന്യൂമാഹി ഗ്രാമപഞ്ചായത്തിലെ പരിമഠം - സിക്കന്തർ ക്ലബ്ബ് - പ്രസ് വളപ്പ് റോഡ് നവീകരണം - 46.50 ലക്ഷം രൂപ

**ചെല്ലാനം ഫിഷിംഗ് ഹാർബർ വികസനം**

383(T*1579) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെല്ലാനം ഫിഷിംഗ് ഹാർബറിന്റെ വികസനത്തിന് നബാർഡ് മുഖേന തുക അനുവദിച്ച് നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) തുക അനുവദിച്ച് നൽകിയിട്ടുണ്ടെങ്കിൽ ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

ഉത്തരം

(എ) ചെല്ലാനം ഫിഷിംഗ് ഹാർബറിന്റെ രണ്ടാം ഘട്ട വികസന പ്രവൃത്തികൾക്ക് നബാർഡ് RIDF XV ധനസഹായ പദ്ധതിയിൽ ഉൾപ്പെടുത്തി 29.90 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഭൂമി അക്വയർ ചെയ്ത് കിട്ടാൻ താമസം വന്നതിനാൽ പുലിമുട്ട് നിർമ്മാണം മാത്രമേ പൂർത്തിയാക്കാനായുള്ളൂ. ശേഷിച്ച അനുബന്ധ ഘടകങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് നബാർഡ് RIDF-23-ൽ ഉൾപ്പെടുത്തി 1037 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

*T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) RIDF XV പ്രകാരം രണ്ടാം ഘട്ട വികസന പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചതനുസരിച്ച് ഹാർബറിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും 120 മീറ്റർ നീളത്തിലുണ്ടായിരുന്ന തെക്കേ പുലിമുട്ട് 450 മീറ്റർ കൂടി ചെയ്ത് 570 മീറ്റർ നീളത്തിലും 120 മീറ്റർ നീളത്തിലുണ്ടായിരുന്ന വടക്കേ പുലിമുട്ട് 30 മീറ്റർ കൂടി ചെയ്ത് 150 മീറ്റർ നീളത്തിലും പൂർത്തീകരിച്ചിട്ടുണ്ട്.

ഹാർബറിന്റെ സ്ഥലമെടുപ്പ് നടപടികൾ വൈകിയതിനാൽ കരയിലെ അടിസ്ഥാന സൗകര്യങ്ങളായ വാർഫ്, ലേലപ്പുര, ലോക്കർ റൂം, നെറ്റ് മെന്റിംഗ് ഷെഡ്, ടോയ്‌ലറ്റ് ബ്ലോക്ക്, കാന്റീൻ, ഡോർമിറ്ററി, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾ RIDF XV-ന്റെ കാലാവധിക്കുള്ളിൽ നടത്തുവാൻ സാധിച്ചില്ല. ഈ അനുബന്ധ ഘടകങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് വീണ്ടും RIDF 23-ൽ ഉൾപ്പെടുത്തി 1037 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയതനുസരിച്ച് സാങ്കേതികാനുമതി നൽകി ദർഘാസ് ക്ഷണിക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു. സ്ഥലം എടുക്കുന്നതിന് 13 കോടി രൂപ റവന്യൂ വകുപ്പിന് നൽകിയിട്ടുണ്ട്. സ്ഥലം ഏറ്റെടുപ്പ് നടപടി പൂർത്തിയായി സ്ഥലം ലഭിച്ചാലുടനെ പ്രവൃത്തികൾക്ക് ടെണ്ടർ നടപടി സ്വീകരിച്ച് പ്രവൃത്തികൾ പൂർത്തിയാക്കുവാൻ സാധിക്കുന്നതാണ്.

**ഹാർബറുകളുടെ പുനരുദ്ധാരണം**

384(1580) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ നല്ല രീതിയിൽ പ്രവർത്തിക്കുന്ന എത്ര ഹാർബറുകൾ ഉണ്ട്; അവ ഏതെല്ലാമെന്ന് ജില്ലതിരിച്ച് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് പ്രവർത്തനരഹിതമായ എത്ര ഹാർബറുകൾ ഉണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) ഹാർബറുകളുടെ പുനരുദ്ധാരണത്തിന് എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഹാർബറുകളുടെ പുനരുദ്ധാരണത്തിന് കേന്ദ്ര സർക്കാരിൽ നിന്നും കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ എത്ര തുക ധനസഹായം ലഭിച്ചിട്ടുണ്ട്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് നിലവിൽ പ്രവർത്തിക്കുന്ന 13 ഹാർബറുകളാണുള്ളത്. ജില്ല തിരിച്ചുള്ള ഹാർബറുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ജില്ല | ഫിഷിംഗ് ഹാർബറുകൾ |
|---|---|---|
| 1 | തിരുവനന്തപുരം | വിഴിഞ്ഞം ഫിഷിംഗ് ഹാർബർ |
| 2 | കൊല്ലം | തങ്കശ്ശേരി ഫിഷിംഗ് ഹാർബർ |
| 3 | കൊല്ലം | നീണ്ടകര ഫിഷിംഗ് ഹാർബർ |
| 4 | ആലപ്പുഴ | കായംകുളം ഫിഷിംഗ് ഹാർബർ |
| 5 | എറണാകുളം | മുനമ്പം ഫിഷിംഗ് ഹാർബർ |
| 6 | മലപ്പുറം | പൊന്നാനി ഫിഷിംഗ് ഹാർബർ |
| 7 | കോഴിക്കോട് | ബേപ്പൂർ ഫിഷിംഗ് ഹാർബർ |
| 8 | കോഴിക്കോട് | പുതിയാപ്പ ഫിഷിംഗ് ഹാർബർ |
| 9 | കോഴിക്കോട് | ചോമ്പാൽ ഫിഷിംഗ് ഹാർബർ |
| 10 | കണ്ണൂർ | മാപ്പിളബേ ഫിഷിംഗ് ഹാർബർ |
| 11 | കണ്ണൂർ | അഴീക്കൽ ഫിഷിംഗ് ഹാർബർ |
| 12 | കണ്ണൂർ | തലായ് ഫിഷിംഗ് ഹാർബർ |
| 13 | കാസർഗോഡ് | ചെറുവത്തൂർ ഫിഷിംഗ് ഹാർബർ |

(ബി) സംസ്ഥാനത്ത് നിലവിൽ 24 ഫിഷിംഗ് ഹാർബറുകളാണ് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ കീഴിലുള്ളത്. 13 ഹാർബറുകൾ പ്രവർത്തനക്ഷമമാണ്. ശേഷിക്കുന്ന 11 ഹാർബറുകളിൽ 4 എണ്ണത്തിന്റെ നിർമ്മാണം (കൊയിലാണ്ടി, മഞ്ചേശ്വരം, ചേറ്റുവ, മുതലപ്പൊഴി) പുരോഗമിക്കുന്നു. കേന്ദ്ര ഫണ്ട് ലഭ്യമാകാത്തതിനാലും പുതുക്കിയ ഭരണാനുമതി ലഭിക്കാത്തതിനാലും മുടങ്ങിപ്പോയ പ്രവൃത്തികളുടെ പൂർത്തീകരണത്തിനായി നബാർഡ് വായ്പ പ്രയോജനപ്പെടുത്തി താനൂർ ഫിഷിംഗ് ഹാർബറിന് 36 കോടി രൂപയും വെള്ളയിൽ ഫിഷിംഗ് ഹാർബറിന് 22 കോടി രൂപയും അർത്തുങ്കൽ ഫിഷിംഗ് ഹാർബറിന് 61 കോടി രൂപയും വകയിരുത്തുമെന്ന് 2018-19 ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയിരുന്നു. ഇതിന്റെ ആദ്യ ഘട്ടമായി അർത്തുങ്കൽ, താനൂർ എന്നീ ഫിഷിംഗ് ഹാർബറുകൾക്ക് വേണ്ടി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തയ്യാറാക്കിയ 15 കോടി രൂപയുടെയും വെള്ളയിൽ ഫിഷിംഗ് ഹാർബറിന് 15.3 കോടി രൂപയുടെയും പ്രൊപ്പോസലുകൾ പരിശോധിച്ചുവരികയാണ്.

കാസർഗോഡ് ഫിഷിംഗ് ഹാർബറിൽ അപ്രോച്ച് ചാനലിലൂടെ മത്സ്യബന്ധനത്തിനായി ബോട്ടുകൾ പോകുന്നുണ്ടെങ്കിലും ഹാർബറിലെ വാർഫിൽ ഫിഷ് ലാൻഡിംഗ് നടക്കുന്നില്ല. ബോട്ടുകൾ വാർഫിൽ കെട്ടിയിടുന്നുണ്ടെങ്കിലും പുലിമുട്ടിന്റെ നീളവും വീതിയും വർദ്ധിപ്പിച്ചാൽ മാത്രമേ ഫിഷ് ലാൻഡിംഗ് നടത്തുകയുള്ളൂ എന്നാണ് മത്സ്യത്തൊഴിലാളികളുടെ നിലപാട്. പുലിമുട്ടിന്റെ നീളവും വീതിയും വർദ്ധിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ NABARD RIDF XXIV-ൽ ഉൾപ്പെടുത്തി പരിശോധിച്ചുവരികയാണ്.

തോട്ടപ്പള്ളി ഫിഷിംഗ് ഹാർബർ നിർമ്മാണം പൂർത്തിയാക്കി 3 വർഷം വരെ പ്രവർത്തനക്ഷമമായിരുന്നു. അതിനുശേഷം തെക്കേ പുലിമുട്ടിന്റെ തെക്ക് വശത്ത് സിൽട്ടേഷൻ ഉണ്ടാകുകയും ആയത് പരിഹരിക്കുന്നതിനായി CWPRS, പൂനെയുടെ ശിപാർശ അനുസരിച്ചുള്ള ഒരു പ്രൊപ്പോസൽ കേന്ദ്രസർക്കാരിന് സമർപ്പിച്ചു വെങ്കിലും നാളിതുവരെ അംഗീകാരം ലഭിച്ചിട്ടില്ല. 2018-19 ബഡ്ജറ്റ് പ്രസംഗത്തിൽ തോട്ടപ്പള്ളി ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണത്തിനായി 80 കോടി രൂപ വകയിരുത്തിയിരുന്നു. ആദ്യ ഘട്ടത്തിന്റെ പ്രൊപ്പോസൽ പരിശോധിച്ചു വരികയാണ്.

ചെത്തി ഫിഷിംഗ് ഹാർബറിന്റെ വികസന പദ്ധതി 2018-19 ബഡ്ജറ്റ് പ്രസംഗത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയുടെ SPV ആയി കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷനെ നിശ്ചയിക്കുന്നത് പരിശോധിച്ചുവരികയാണ്.

ചെല്ലാനം ഫിഷിംഗ് ഹാർബറിന്റെ ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായാൽ ഉടനെ RIDF XXIII-ൽ ഭരണാനുമതി നൽകിയ 10.37 കോടി രൂപയുടെ പ്രവൃത്തി പുനരാരംഭിക്കുന്നതാണ്. ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടി 13 കോടി രൂപ എറണാകുളം ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്.

(സി) ആർ. കെ. വി. വൈ. പദ്ധതിയിലുൾപ്പെടുത്തി, പുതിയാപ്പ, ചോമ്പാൽ, ബേപ്പൂർ എന്നീ ഹർബറുകളിൽ പുതിയ ബർത്തിംഗ് ജെട്ടി നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി ലഭിച്ചതനുസരിച്ച് പ്രവൃത്തി നടപ്പിലാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. രണ്ടാം ഘട്ട/മൂന്നാം ഘട്ട വികസനത്തിനായി നബാർഡ് RIDF 24 സ്കീമിൽ പദ്ധതി ഉൾപ്പെടുത്തി പരിശോധിച്ചുവരികയാണ്.

Capital Repairs & Maintenance Dredging of Fishing Harbours എന്ന ശീർഷകത്തിലുൾപ്പെടുത്തി എല്ലാ ഹാർബറുകളിലും പുനരുദ്ധാരണ പ്രവൃത്തി നടന്നുവരുന്നു.

(ഡി) ഹാർബറുകളുടെ പുനരുദ്ധാരണം, ആധുനികവൽക്കരണം എന്നിവയ്ക്കായി NFDB-യിൽ നിന്നും 2016-17 സാമ്പത്തിക വർഷം 165.16 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷവും 2018-19 സാമ്പത്തിക വർഷവും ഇതുവരെയും NFDB ധനസഹായം ലഭിച്ചിട്ടില്ല. പ്രവൃത്തി നടന്നുവരുന്ന ഹാർബറുകൾക്ക് 119 കോടി രൂപയുടെ സംസ്ഥാനത്തിന് അർഹമായ കേന്ദ്രസഹായം നിഷേധിച്ചിരിക്കുകയാണ്.

**ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നിർമ്മാണം**

385 (1581) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം അസംബ്ലി മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നിർമ്മാണം നടത്തേണ്ട പല പ്രവൃത്തികളും ഭരണാനുമതി ലഭിച്ച് മാസങ്ങൾ കഴിഞ്ഞിട്ടും ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഓരോ പ്രവൃത്തിയും ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണമെന്തെന്നും എന്നത്തേയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ കഴിയും എന്നും വിശദമാക്കുമോ ?

ഉത്തരം

ഉണ്ട്. കായംകുളം മണ്ഡലത്തിൽ ഭരണാനുമതി നൽകിയിട്ടും ഇതുവരെ ആരംഭിക്കുവാൻ കഴിയാത്ത പ്രവൃത്തികളുടെ വിശദവിവരം, നിലവിലെ സ്ഥിതി ഉൾപ്പെടെ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**പുതിയങ്ങാടിയിൽ പുതിയ ഐസ് പ്ലാന്റ്**

386(1582) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ പുതിയങ്ങാടിയിൽ 25 ടൺ ശേഷിയുള്ള പുതിയൊരു ഐസ് പ്ലാൻഡ് നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ്, ഹാർബർ എഞ്ചിനിയറിംഗ് വകുപ്പ് തയ്യാറാക്കി ഭരണാനുമതിക്ക് സമർപ്പിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ ?

ഉത്തരം

കണ്ണൂർ ജില്ലയിലെ പുതിയങ്ങാടിയിൽ പുതിയൊരു ഐസ് പ്ലാന്റ് നിർമ്മിക്കുന്നതിനുള്ള 190 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കായംകുളം ഫിഷിംഗ് ഹാർബർ

387(1583) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം ഫിഷിംഗ് ഹാർബറിലെ തകർന്ന പുലിമുട്ടും സിഗ്നൽ ലൈറ്റുകളുടെ അഭാവവും അപകടങ്ങൾ സൃഷ്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തകർന്ന പുലിമുട്ട് പുനർനിർമ്മിക്കുന്നതിന് പദ്ധതി നിലവിലുണ്ടോയെന്ന് വിശദീകരിക്കാമോ;

(സി) പ്രസ്തുത ഹാർബറിൽ നിന്നും മത്സ്യബന്ധനത്തിന് പോകുന്ന ബോട്ടുകളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുവേണ്ടി ഇവിടെ പുലിമുട്ട് പുനഃസ്ഥാപിച്ച് സിഗ്നൽ ലൈറ്റ് വയ്ക്കുന്നതിന് നടപടി സ്വീകരിക്കാമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കേരളത്തിലെ മത്സ്യബന്ധന തുറമുഖങ്ങളുടെ രണ്ടാം ഘട്ട നവീകരണ പ്രവൃത്തികൾക്കായി 584.32 കോടി രൂപയുടെ പദ്ധതി നബാർഡ് സഹായത്തോടെ നടപ്പാക്കുന്ന കാര്യം 2018-19-ലെ ബഡ്ജറ്റ് സ്പീച്ചിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ കായംകുളം മത്സ്യബന്ധന തുറമുഖത്തിന്റെ രണ്ടാം ഘട്ട വികസനത്തിന് 36 കോടി രൂപയുടെ പദ്ധതിയും ഉൾപ്പെടുന്നുണ്ട്. നബാർഡ് സ്കീമിൽ ഒന്നാം ഘട്ട പദ്ധതിയിൽ 100 കോടി രൂപയുടെ പദ്ധതിയുടെ പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു. ഇതിൽ കായംകുളം മത്സ്യബന്ധന തുറമുഖത്തിന്റെ തെക്കേ പുലിമുട്ടിന്റെ 844 ലക്ഷം രൂപയുടെ റിപ്ലനിഷ്മെന്റ് പ്രവൃത്തിയും ഉൾപ്പെടും.

(സി) തെക്കേ പുലിമുട്ടിന്റെ റിപ്ലനിഷ്മെന്റ് പ്രവൃത്തിക്ക് നബാർഡ്-24 പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കുന്നതിനായുള്ള 844 ലക്ഷം രൂപയുടെ പ്രോജക്ട് പരിശോധിച്ചുവരുന്നു.

## കശുവണ്ടി വ്യവസായം

388(1584) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി വ്യവസായ മേഖല ഇപ്പോൾ നേരിട്ടുകൊണ്ടിരിക്കുന്ന പ്രതിസന്ധികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) ഇവ പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികളെന്തെല്ലാം എന്ന് വെളിപ്പെടുത്താമോ;

(സി) ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നും ടെണ്ടറില്ലാതെ തോട്ടണ്ടി വാങ്ങുന്നതിനുള്ള തീരുമാനം അഴിമതിക്കും കശുവണ്ടി മേഖലയിലെ പ്രതിസന്ധിക്ക് ആക്കം കൂട്ടുന്നതിനും കാരണമാകുമോ ;

(ഡി) ഇത് സുതാര്യമായും അഴിമതി രഹിതമായും നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കശുവണ്ടി വ്യവസായ മേഖല ഇപ്പോൾ നേരിട്ടുകൊണ്ടിരിക്കുന്ന പ്രതിസന്ധികൾ തോട്ടണ്ടിയുടെ ലഭ്യതക്കുറവ്, തോട്ടണ്ടിയുടെ വില വർദ്ധന, കശുവണ്ടിപ്പരിപ്പിന്റെ വിലക്കുറവ്, ഇറക്കുമതി ചുങ്കം, മറ്റ് രാജ്യങ്ങളിൽ നിന്ന് നേരിടുന്ന കടുത്ത മത്സരം എന്നിവയാണ്.

(ബി) ഇടനിലക്കാരെ ഒഴിവാക്കി വിദേശ രാജ്യങ്ങളിൽ നിന്നും തോട്ടണ്ടി നേരിട്ട് ഇറക്കുമതി ചെയ്ത് തോട്ടണ്ടി ക്ഷാമം ഒരു പരിധി വരെ പരിഹരിക്കുന്നതിന് കേരള കാഷ്യൂ ബോർഡ് എന്ന കമ്പനി രൂപീകരിച്ചിട്ടുണ്ട്. കശുവണ്ടിയുടെ ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും തോട്ടണ്ടി ക്ഷാമം പരിഹരിക്കുന്നതിനുമായി സംസ്ഥാനത്ത് കശുമാവ് കൃഷി വ്യാപിപ്പിച്ച് തോട്ടണ്ടി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കേരളത്തിൽ ആഭ്യന്തരമായി ലഭ്യമായ തോട്ടണ്ടി കശുവണ്ടി വികസന കോർപ്പറേഷനും കാപെക്സും ശേഖരിച്ചുവരുന്നു.

(സി & ഡി) ടെണ്ടർ ഇല്ലാതെ തോട്ടണ്ടി വാങ്ങാൻ തീരുമാനിച്ചിട്ടില്ല.

**കശുവണ്ടി മേഖലയിലെ പ്രതിസന്ധി**

389(1585) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) കശുവണ്ടിയുടെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ;

(സി) ഇടനിലക്കാർ വൻതോതിൽ തോട്ടണ്ടി സംഭരിച്ച് മറിച്ചുവിൽക്കുന്നത് തടയാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ & ബി) പ്രോസസിംഗിന് ആവശ്യമായ അസംസ്കൃത വസ്തുവായ തോട്ടണ്ടിയുടെ ലഭ്യതക്കുറവാണ് കശുവണ്ടി വ്യവസായം നേരിടുന്ന പ്രധാന പ്രതിസന്ധി. ആയത് പരിഹരിക്കുന്നതിനായി തോട്ടണ്ടി സംഭരണത്തിന് ആവശ്യമായ പ്രവർത്തന മൂലധനം കശുവണ്ടി വികസന കോർപ്പറേഷനും

കാപെക്സിനും അനുവദിച്ചിട്ടുണ്ട്. 2017 മുതൽ കേരളത്തിൽ നിന്നുള്ള തോട്ടണ്ടി സംഭരിക്കുന്നതിന് സർക്കാർ തീരുമാനിച്ച് നടപ്പാക്കിവരുന്നു. 2017-ൽ കോർപ്പറേഷനും കാപെക്സും 2781.466 MTN തോട്ടണ്ടിയും 2018-ൽ ഇതുവരെ 5585.288 MTN തോട്ടണ്ടിയും ശേഖരിച്ചിട്ടുണ്ട്. ഇതിനുപുറമെ കേരള കാഷ്യൂ ബോർഡ് മുഖാന്തരം തോട്ടണ്ടി ഉൽപ്പാദകരായ ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്ന് അതാത് രാജ്യത്ത് ടെണ്ടർ വിളിച്ച് ഈ വർഷം തന്നെ തോട്ടണ്ടി സംഭരിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.

കടക്കെണിമൂലം പൂട്ടിക്കിടക്കുന്ന സ്വകാര്യ കാഷ്യൂ ഫാക്ടറികൾ പുനരുദ്ധരിക്കുന്നതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ വ്യവസായികളുമായും ധനകാര്യ സ്ഥാപനങ്ങളുമായും മീറ്റിംഗ് വിളിച്ചതിനെത്തുടർന്ന് 31-5-2018 വരെ വ്യവസായികളുടെ കടങ്ങൾക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചിരുന്നു. ഈ മാസം 8-ാം തീയതി ഇക്കാര്യത്തിൽ വീണ്ടും ധനകാര്യസ്ഥാപനങ്ങളുമായും 9-ാം തീയതി വ്യവസായികളുമായും ട്രേഡ് യൂണിയൻ പ്രതിനിധികളുമായും അവലോകനയോഗം ചേർന്ന് പ്രതിസന്ധി പരിഹരിക്കുന്നതിനുള്ള തുടർ നടപടി സ്വീകരിക്കുന്നതാണ്.

(സി) കശുവണ്ടി ഉൽപ്പാദക രാജ്യങ്ങളിൽ നിന്നും കുറഞ്ഞ വിലയ്ക്ക് ഇടനിലക്കാരെ ഒഴിവാക്കി ഗുണമേന്മയുള്ള തോട്ടണ്ടി സംഭരിക്കുന്നതിലേയ്ക്കായി കാഷ്യൂ ബോർഡ് രൂപീകരിച്ചിട്ടുണ്ട്. തോട്ടണ്ടി ഉൽപ്പാദകരായ ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നും ടെണ്ടർ നടപടികളിലൂടെ അതാത് രാജ്യത്തെ പത്രങ്ങളിൽ പരസ്യം ചെയ്ത് തോട്ടണ്ടി സംഭരിക്കുന്നത് വഴി ഇടനിലക്കാരെ ഒഴിവാക്കുന്നതിനും മറിച്ചുവിൽപ്പനയിലൂടെ വില കൂടിയ തോട്ടണ്ടി വാങ്ങിക്കേണ്ടി വരുന്ന സ്ഥിതിയും ഒഴിവാക്കാൻ കഴിയുന്നതാണ്. തീർത്തും സുതാര്യമായ നടപടിക്രമങ്ങളിലൂടെ കേരള കാഷ്യൂ ബോർഡിന് ഇത്തരം തെറ്റായ പ്രവണതകൾ ഒഴിവാക്കാൻ സാധിക്കുന്നതാണ്.

**കശുവണ്ടി മേഖലയുടെ വികസനം**

390(1586) ശ്രീ. രാജു എബ്രഹാം :

ശ്രീ. എം. മുകേഷ് :

ശ്രീമതി യു. പ്രതിഭ ഹരി :

ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അടഞ്ഞുകിടന്ന പൊതുമേഖലാ കശുവണ്ടി ഫാക്ടറികൾ പൂർണ്ണമായി തുറന്നു പ്രവർത്തിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) പൊതുമേഖലയിൽ ഉത്പാദിപ്പിക്കുന്ന കശുവണ്ടി സംഭരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ഇതിനായി വനം, കൃഷി, പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പുകളുടെ സഹകരണത്തോടെയുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) കശുവണ്ടി ഫാക്ടറികളുടെ പ്രവർത്തനം ഊർജ്ജിതമാക്കുന്നതിനും കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിനും കശുവണ്ടി തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും എന്തെല്ലാം നൂതന പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കശുവണ്ടി വികസന കോർപ്പറേഷന്റെയും കാപെക്സിന്റെയും കീഴിലുള്ള മുഴുവൻ ഫാക്ടറികളും പ്രവർത്തനം പുനരാരംഭിച്ചിട്ടുള്ളതാണ്.

(ബി & സി) കേരളത്തിൽ ഉൽപാദിപ്പിക്കുന്ന കശുവണ്ടി സംഭരിക്കുന്നതിന്റെ ഭാഗമായി കൃഷി വകുപ്പിന്റെയും പട്ടികജാതി - പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും കീഴിലുള്ള ഫാമുകൾ, പ്ലാന്റേഷൻ കോർപ്പറേഷൻ ലിമിറ്റഡ്, സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ കേരള, കൊല്ലം ജില്ലാ പഞ്ചായത്തിന്റെ വിവിധ ഫാമുകൾ, മറ്റ് വകുപ്പുകളുടെ കീഴിലുള്ള പ്രദേശങ്ങൾ എന്നിവിടങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന നാടൻ തോട്ടണ്ടി വില നിർണ്ണയ സമിതി നിശ്ചയിക്കുന്ന വിലയ്ക്ക് സംഭരിക്കുന്നതിന് കാപെക്സിനും കോർപ്പറേഷനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ കാപെക്സും കോർപ്പറേഷനും നാടൻ തോട്ടണ്ടി സംഭരിച്ചിട്ടുണ്ട്.

വനം വകുപ്പിന്റെ കീഴിലുള്ള കുറേയേറെ സ്ഥലങ്ങളിൽ ഇതിനകം തന്നെ കശുമാവ് കൃഷി ആരംഭിച്ചിട്ടുണ്ട്. വനം വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടത്തിയ ചർച്ചയെ തുടർന്ന് താഴെ പറയുന്ന കാര്യങ്ങളിൽ അടിയന്തര നടപടി കൈക്കൊള്ളാനും തീരുമാനിച്ചിട്ടുണ്ട്.

1. വനം വകുപ്പിന്റെ കീഴിൽ അക്കേഷ്യ, യൂക്കാലി, മാഞ്ചിയം തുടങ്ങിയവ കൃഷി ചെയ്തുവരുന്ന 16,000 ഹെക്ടർ സ്ഥലത്ത് മാനേജ്മെന്റ് പ്ലാൻ വ്യവസ്ഥ പ്രകാരം ഓരോ ഇനത്തിന്റേയും കാലാവധി തീരുന്ന മുറയ്ക്ക് കശുമാവ് കൃഷി ചെയ്യുന്ന കാര്യം പരിശോധിക്കുന്നതാണ്. ഇതിനായി നിലവിലുള്ള മരങ്ങളുടെ വാല്യുവേഷൻ നടപടികൾ അടിയന്തരമായി പൂർത്തിയാക്കുന്നതാണ്.

2. കെ. എഫ്. ഡി. സി.-യുടെ കീഴിലുള്ള പരമാവധി സ്ഥലങ്ങളിൽ കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതാണ്. ഇതിനായി പ്രത്യേക മീറ്റിംഗ് വിളിച്ചുകൂട്ടാൻ തീരുമാനിച്ചിരിക്കുകയാണ്.

3. വനം വകുപ്പിന്റെ സ്ഥലത്ത് കശുമാവ് കൃഷി വികസന ഏജൻസിയുടെ നേതൃത്വത്തിൽ മോഡൽ കാഷ്യൂ ഗാർഡൻ സ്ഥാപിക്കുന്നതാണ്.

4. വകുപ്പിന്റെ കീഴിലുള്ള 5000 ഹെക്ടർ സ്ഥലത്ത് കശുമാവ് കൃഷി ചെയ്യുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ഈ വർഷം 500 ഹെക്ടർ അനുയോജ്യമായ സ്ഥലം കണ്ടെത്തി അടിയന്തരമായി കൃഷി ആരംഭിക്കുന്നതാണ്.

5. പ്രായമേറിയ കശുമാവ് മുറിച്ച് മാറ്റി പകരം അത്യുൽപ്പാദനശേഷിയുള്ള പുതിയ ഇനം കശുമാവ് കൃഷി ചെയ്യുന്നതാണ്.

വനം വകുപ്പ് കൂടാതെ കൃഷി വകുപ്പ് പട്ടികജാതി - പട്ടികവർഗ്ഗ വികസന വകുപ്പ് തുടങ്ങിയ വകുപ്പുകൾ മുഖാന്തരവും കശുമാവ് കൃഷി ചെയ്യുന്നതിനും അതിനുവേണ്ട സഹായ സഹകരണങ്ങൾ ലഭ്യമാക്കുന്നതിനും സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. പ്ലാന്റേഷൻ അടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നതിനുള്ള തടസ്സങ്ങൾ കണ്ടെത്തി പരിഹാരം കാണുന്നതിന് അതാത് സ്ഥലത്തെ റവന്യൂ അധികാരികളിൽ നിന്നുള്ള റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തീരുമാനമെടുക്കാൻ റവന്യൂ വകുപ്പ് മന്ത്രിയുമായി നടത്തിയ ചർച്ചയിൽ തീരുമാനമായിട്ടുണ്ട്.

(ഡി) കാപെക്സിന്റെയും കശുവണ്ടി വികസന കോർപ്പറേഷന്റെയും കീഴിലുള്ള ഫാക്ടറികൾക്ക് സംസ്കരണത്തിനുള്ള കശുവണ്ടി സംഭരിക്കുന്നതിനാവശ്യമായ പ്രവർത്തന മൂലധനം ലഭ്യമാക്കിയും പ്രസ്തുത ഫാക്ടറികളിൽ ഭാഗിക യന്ത്രവത്കരണം, ആധുനികവത്കരണം എന്നിവ നടപ്പിലാക്കുന്നതിനാവശ്യമായ ധനസഹായം അനുവദിച്ചും സർക്കാർ ഇടപെടലുകൾ നടത്തിവരുന്നു. കൂടാതെ കശുവണ്ടിയിൽ നിന്നും കൂടുതൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനും കശുവണ്ടിയുടെ ബ്രാൻഡിംഗിനും ആവശ്യമായ സാമ്പത്തിക സഹായവും സർക്കാർ നൽകുന്നുണ്ട്.

കോർപ്പറേഷനിലേയും കാപെക്സിലേയും തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ ദിനങ്ങൾ ലഭ്യമാക്കിയിട്ടുള്ളതും അവർക്കർഹതപ്പെട്ട ഇ. പി. എഫ്., ഇ. എസ്. ഐ., ആർ. ഡബ്ല്യൂ. എഫ്. മുതലായ ആനുകൂല്യങ്ങൾ കൃത്യമായി വിതരണം ചെയ്തുവരുന്നതും അവരുടെ അവകാശങ്ങൾ സംരക്ഷിച്ചിട്ടുള്ളതുമാണ്.

**കശുവണ്ടി വ്യവസായം**

391(1587) <u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കശുവണ്ടി വ്യവസായത്തിന്റെ വളർച്ചയ്ക്കും ഈ മേഖലയിൽ തൊഴിൽ ലഭ്യമാക്കുന്നതിനും എന്തെല്ലാം നടപടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) ഇതിനായി എന്തെല്ലാം പദ്ധതികളാണ് ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

(സി) സംസ്ഥാനത്തിന് ആവശ്യമുള്ള തോട്ടണ്ടി എങ്ങനെ കണ്ടെത്തുവാനാണ് തീരുമാനിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) സംസ്കരണത്തിന് ആവശ്യമായ തോട്ടണ്ടിയുടെ ലഭ്യതക്കുറവാണ് കശുവണ്ടി വ്യവസായം നേരിടുന്ന പ്രധാന പ്രതിസന്ധി. ആയത് പരിഹരിക്കുന്നതിലേയ്ക്കായി കേരളത്തിലുൽപ്പാദിപ്പിക്കുന്ന തോട്ടണ്ടി പരമാവധി സംഭരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

കൂടാതെ കശുവണ്ടി ഉൽപ്പാദക രാജ്യങ്ങളിൽ നിന്നും കുറഞ്ഞ വിലയ്ക്ക് ഇടനിലക്കാരെ ഒഴിവാക്കി ഗുണമേന്മയുള്ള തോട്ടണ്ടി സംഭരിക്കുന്നതിലേയ്ക്കായി കാഷ്യൂ ബോർഡ് രൂപീകരിച്ചിട്ടുണ്ട്. ഈ വർഷം തന്നെ കശുവണ്ടി സംഭരിക്കുന്നതിനുള്ള നടപടികൾ ബോർഡ് സ്വീകരിച്ചിട്ടുണ്ട്.

ആഭ്യന്തരമായി തോട്ടണ്ടി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി കശുമാവ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ വിവിധ വകുപ്പുകളുമായി ചേർന്ന് നടത്തിവരികയാണ്. പ്ലാന്റേഷൻ അടിസ്ഥാനത്തിൽ കൃഷി വ്യാപിപ്പിക്കുന്ന കാര്യവും സർക്കാർ പരിശോധിച്ച് വരികയാണ്.

(സി) കശുവണ്ടി വികസന കോർപ്പറേഷനും കാപെക്സും തങ്ങളുടെ ഫാക്ടറികളുടെ സംസ്കരണത്തിനാവശ്യമായ തോട്ടണ്ടി ടെണ്ടർ മുഖാന്തരമായിരുന്നു സംഭരിച്ചിരുന്നത്. ഇതിനുപുറമെ 2017 മുതൽ സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഫാമുകൾ, തോട്ടങ്ങൾ, സർക്കാർ വകുപ്പുകളുടെ കീഴിലുള്ള സ്ഥലങ്ങൾ എന്നിവിടങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന തോട്ടണ്ടി വിലനിർണ്ണയ സമിതി നിശ്ചയിക്കുന്ന വിലയ്ക്ക് സംഭരിക്കാൻ കശുവണ്ടി വികസന കോർപ്പറേഷനും കാപെക്സിനും അനുമതി നൽകിയിട്ടുണ്ട്. നിലവിൽ ടെണ്ടർ നടപടികളിലൂടെ സംഭരിക്കുന്നതിനോടൊപ്പം വിദേശ രാജ്യങ്ങളിൽ നിന്നും തോട്ടണ്ടി ഇടനിലക്കാരെ ഒഴിവാക്കി സംഭരിക്കുന്നതിനുള്ള നടപടികൾ കാഷ്യൂ ബോർഡ് സ്വീകരിച്ചുവരുന്നു. തോട്ടണ്ടി ഉൽപ്പാദകരായ ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നും അതത് രാജ്യത്തെ ഭാഷയിൽ ടെണ്ടർ ഫ്ലോട്ട് ചെയ്ത് തോട്ടണ്ടി ഈ വർഷം തന്നെ സംഭരിക്കുന്നതിന് കേരള കാഷ്യൂ ബോർഡ് നടപടി സ്വീകരിച്ചിട്ടുണ്ട്.

ആഭ്യന്തരമായി കശുവണ്ടിയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. അത്യുൽപ്പാദനശേഷിയുള്ള കശുമാവിനങ്ങൾ വിവിധ വകുപ്പുകളുടെ കീഴിലുള്ള സ്ഥലങ്ങളിൽ കൃഷി ചെയ്യുന്നതിനാണ് ശ്രമിച്ചുവരുന്നത്. പ്ലാന്റേഷൻ അടിസ്ഥാനത്തിൽ കശുമാവ് കൃഷി ചെയ്താൽ മാത്രമേ ഇക്കാര്യത്തിൽ നല്ല മുന്നേറ്റം ഉണ്ടാക്കാൻ കഴിയുകയുള്ളൂ. അക്കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

9.30 AM]

## II. തിരുത്തിയ ഉത്തരം

നക്ഷത്രചിഹ്നമിടാത്ത 1021-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

മി. സ്പീക്കർ: പതിനാലാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിൽ 28-4-2017-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1021-ന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള പുതുക്കിയ മറുപടി ബഹുമാനപ്പെട്ട റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിക്ക് മേശപ്പുറത്ത് വയ്ക്കാവുന്നതാണ്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, 28-4-2017-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1021-ന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള പുതുക്കിയ മറുപടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.*

## III അറിയിപ്പ്

അടിയന്തര പ്രമേയ നോട്ടീസിന് അനുമതി നിഷേധിച്ചത് സംബന്ധിച്ച്

മി. സ്പീക്കർ: ഓർഡർ...... ഓർഡർ..... റൂൾ 50 എടുക്കുന്നതിന് മുമ്പ് ചട്ടം 50 അനുസരിച്ചുള്ള നോട്ടീസിന് ഇന്നലെ അനുമതി നിഷേധിച്ചതിനെ സംബന്ധിച്ച് സഭയ്ക്കകത്തും പുറത്തും മാധ്യമങ്ങളിലും തെറ്റിദ്ധാരണാപരമായ ചില പരാമർശങ്ങൾ ഉണ്ടായത് ചെയറിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. ഇത് തികച്ചും നിർഭാഗ്യകര മാണെന്ന് സഭയെ അറിയിക്കുകയാണ്. അടിയന്തരപ്രമേയത്തിന് അനുമതി തേടിക്കൊണ്ടുള്ള നോട്ടീസുകളിന്മേൽ തീരുമാനമെടുക്കുന്ന സന്ദർഭങ്ങളിൽ ഭരണപക്ഷത്തുനിന്നോ പ്രതിപക്ഷത്തുനിന്നോ ഒരുതരത്തിലുമുള്ള സമ്മർദ്ദവും ചെയറിന്റെ തീരുമാനത്തെ സ്വാധീനിക്കാറില്ലെന്ന കാര്യം അസന്ദിഗ്ദ്ധമായി സഭയെ അറിയിക്കുകയാണ്. അത്തരം നോട്ടീസുകൾ വിശദമായി പരിശോധിച്ച് ചട്ടങ്ങളുടെയും കീഴ്വഴക്കങ്ങളുടെയും അടിസ്ഥാനത്തിൽ മാത്രമാണ് അനുമതി നൽകണമെന്നോ വേണ്ടെന്നോ ഉള്ള തീരുമാനം കൈക്കൊള്ളുന്നത്. വരാപ്പുഴ കസ്റ്റഡി മരണം സംബന്ധിച്ച വിഷയത്തിന്മേൽ ലഭിച്ച ചട്ടം 50 അനുസരിച്ചുള്ള നോട്ടീസിൽ ഉന്നയിച്ചിരുന്ന കാര്യങ്ങൾ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലിരിക്കുന്നതും ഈ മാസം 13-ാം തീയതി അതിന്മേൽ ഹിയറിംഗ് നടത്താനിരിക്കുന്നതുമാണെന്ന വിവരമാണ് ചെയറിനുള്ളത്. കോടതിയിൽ നടക്കാനിരിക്കുന്ന വാദങ്ങളെ സ്വാധീനിക്കുന്ന തരത്തിലൊരു ചർച്ച സഭയിലുണ്ടാകുന്നത് ഉചിതമായിരിക്കുകയില്ലെന്ന പൂർണ്ണബോദ്ധ്യത്തിന്റെ

---

* അനുബന്ധമായി ചേർത്തിരിക്കുന്നു.

അടിസ്ഥാനത്തിൽ മാത്രമാണ് ചട്ടങ്ങളുടെയും കീഴ്വഴക്കങ്ങളുടെയും പിൻബലത്തിൽ നോട്ടീസിന് അനുമതി നിഷേധിച്ചത്. പതിമൂന്നാം കേരള നിയമസഭയിൽ 2016 ഫെബ്രുവരി 10, 16 തീയതികളിൽ സമാന സാഹചര്യങ്ങളിൽ അടിയന്തരപ്രമേയ നോട്ടീസിന് അന്നത്തെ ബഹുമാനപ്പെട്ട സ്പീക്കർ അനുമതി നിഷേധിച്ച കീഴ്വഴക്കം നമ്മുടെ മുന്നിലുണ്ട്. മാത്രവുമല്ല, അതിനുമുമ്പും നിരവധി തവണ ഇതേ കാരണങ്ങളാൽ അടിയന്തരപ്രമേയത്തിന് അനുമതി നിഷേധിച്ച സംഭവങ്ങളും സഭാ ചരിത്രത്തിലുണ്ട്. ഈ സാഹചര്യത്തിൽ യുക്തിസഹമല്ലാത്തതും അനുചിതവുമായ കാരണങ്ങൾ ഉന്നയിച്ച് ചെയറിനെതിരെ ആരോപണങ്ങൾ ഉന്നയിക്കുന്ന പ്രവണത മഹത്തായ നമ്മുടെ സഭാ പാരമ്പര്യത്തിന് ഒട്ടും യോജിച്ചതല്ലെന്നും ബന്ധപ്പെട്ടവർ ഇക്കാര്യം തിരുത്തണമെന്നും ചെയർ അഭ്യർത്ഥിക്കുകയാണ്.

## IV **അടിയന്തരപ്രമേയം**

### പോലീസ് മർദ്ദനം

മി. സ്പീക്കർ: പ്രവാസിയായ ആലുവ കുഞ്ചാട്ടുകര മരുതംകുഴി ഉസ്മാനെ അതിക്രൂരമായി പോലീസ് മർദ്ദിക്കുകയും സ്റ്റേഷനിൽ തടഞ്ഞുവയ്ക്കുകയും കേസിൽ കുടുക്കി മജിസ്ട്രേറ്റിന് മുമ്പാകെ ഹാജരാക്കാൻ ശ്രമിച്ചതിനെത്തുടർന്നുണ്ടായതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് സർവ്വശ്രീ അൻവർ സാദത്ത്, ടി. വി. ഇബ്രാഹിം, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, (.........ബഹളം.....)

മി. സ്പീക്കർ: ............പ്ലീസ്...... പ്ലീസ്.... ശ്രീ. ഇ. പി. ജയരാജൻ അങ്ങ് ഇരിക്കു. (.........ബഹളം.....) മുഖ്യമന്ത്രി സംസാരിക്കുകയാണ്. നിങ്ങൾ ഇരിക്കു..... ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിക്കുമ്പോൾ ഭരണകക്ഷി അംഗങ്ങൾതന്നെ ഇങ്ങനെ എണീറ്റുനിന്ന് സംസാരിക്കുന്നത് ശരിയല്ല. പ്ലീസ് ഇരിക്കു.....

ശ്രീ. പിണറായി വിജയൻ: സർ, 5-6-2018-ന് വൈകിട്ട് ആലുവ എടത്തല മുതിരക്കാട്ടുമുകൾ ഭാഗത്ത് പോക്സോ കേസ് ബാധകമായ സംഭവത്തിൽ കുട്ടിയുടെ മൊഴിയെടുക്കാനും അന്വേഷണത്തിനുമായി പോയി, എടത്തല പോലീസ് സ്റ്റേഷനിലെ എസ്.എച്ച്.ഒ.യുടെ ഉടമസ്ഥതയിലുള്ള സ്വകാര്യ കാറിൽ മടങ്ങിവരവെ കുഞ്ചാട്ടുകര ഗവൺമെന്റ് സ്കൂളിന് മുൻവശത്തെത്തിയപ്പോൾ

തടസ്സമായി നിർത്തിയിരുന്ന രണ്ട് സ്കൂട്ടറുകളിൽ ഒന്നിൽ കാർ തട്ടുകയുണ്ടായി. അതേത്തുടർന്നുണ്ടായ പ്രശ്നം അപ്പോൾത്തന്നെ സംസാരിച്ച് പരിഹരിക്കുകയും ചെയ്തു. പോക്സോ കേസ് അന്വേഷണമായതിനാലാണ് പോലീസുകാർ മഫ്തിയിലും എസ്.എച്ച്.ഒ.-യുടെ സ്വകാര്യകാറിലും സഞ്ചരിച്ചതെന്ന് മനസ്സിലായിട്ടുണ്ട്. എന്നാൽ ഈ സംഭവം കണ്ടുനിന്ന ഉസ്മാൻ ഈ പ്രശ്നത്തിലിടപെട്ട് വഴക്കുണ്ടാക്കുകയും പോലീസ് ഡ്രൈവറായ അഫ്സലിനെ ദേഹോപദ്രവം ഏൽപ്പിക്കുകയുമുണ്ടായി. തുടർന്ന് ഉസ്മാനെ അവിടെനിന്ന് സ്റ്റേഷനിലേയ്ക്ക് കൂട്ടിക്കൊണ്ടുപോയി. ഉസ്മാനെ മെഡിക്കൽ പരിശോധനയ്ക്ക് ആലുവ ഗവൺമെന്റ് ആശുപത്രിയിലേയ്ക്കും അവിടെനിന്ന് കൂടുതൽ പരിശോധനകൾക്കായി ആലുവ ലക്ഷ്മി ഹോസ്പിറ്റലിലേയ്ക്കും കൊണ്ടുപോയി. ഈ ആശുപത്രിയിലെ പരിശോധനയ്ക്കുശേഷം ചുണങ്ങംവേലി രാജഗിരി ആശുപത്രിയിലേയ്ക്ക് ഉസ്മാനെ കൊണ്ടുപോകുമ്പോൾ ഒരു സംഘം ആൾക്കാർ ആംബുലൻസിലേയ്ക്ക് തള്ളിക്കയറുകയുണ്ടായി. ഉസ്മാന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ കണ്ടാലറിയാവുന്ന നാല് പോലീസുകാരെ പ്രതിയാക്കി ഐ.പി.സി. 323, 342, 34 വകുപ്പുകൾ പ്രകാരം ക്രൈം 484/2018 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അന്വേഷണത്തിൽ ഉസ്മാന്റെ ചികിത്സാരേഖകളിൽ ഇടതു കവിളെല്ലിന് പൊട്ടലുണ്ടെന്ന് കണ്ട് ഐ.പി.സി 325-ാം വകുപ്പ് കൂട്ടിച്ചേർത്ത് അന്വേഷണം നടത്തിവരുന്നു. ഉസ്മാനെ ആംബുലൻസിൽ കയറ്റുന്ന സമയം ലക്ഷ്മി ആശുപത്രിൽ അനിഷ്ട സംഭവങ്ങളുണ്ടാകാതിരിക്കാൻ ഡ്യൂട്ടിക്ക് നിയോഗിക്കപ്പെട്ട WSI ജെടീനാ ഫ്രാൻസിസിനെ ഒരു സംഘം ആൾക്കാർ ദേഹോപദ്രവം ഏൽപ്പിക്കുകയുണ്ടായി. സംഭവത്തിൽ അവരുടെ വാരിയെല്ല് പൊട്ടിയതിനാൽ ഇടപ്പള്ളി എം.എ.ജെ. ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുകയാണ്. ഇക്കാര്യത്തിന് ഐ.പി.സി 143, 147, 353, 354, 333, 149 വകുപ്പുകൾ പ്രകാരം ക്രൈം 1842/2018 ആയി ആലുവ പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിച്ചുവരുന്നു. ഡ്യൂട്ടിക്കുപോയ പോലീസുകാരെ ദേഹോപദ്രവം ഏൽപ്പിച്ചതിന് എസ്.സി.പി.ഒ. അബ്ദുൽ ജലീലിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉസ്മാനെ പ്രതിയാക്കി ഐ.പി.സി. 332, 353 വകുപ്പുകൾ പ്രകാരം ക്രൈം 483/2018 ആയി കേസ് നിലവിലുണ്ട്. ഉസ്മാനെ മർദ്ദിച്ചെന്ന ആരോപണവുമായി ബന്ധപ്പെട്ട് എടത്തല പോലീസ് സ്റ്റേഷനിലെ ഗ്രേഡ് എ.എസ്.ഐ. പുഷ്പരാജൻ, സി.പി.ഒ.-മാരായ അബ്ദുൽ ജലീൽ, അഫ്സൽ എന്നിവരെ തീവ്രപരിശീലനത്തിനായി കളമശ്ശേരി എ.ആർ. ക്യാമ്പിലേയ്ക്ക് സ്ഥലംമാറ്റിക്കൊണ്ട് നാലുപേർക്കെതിരെ വാച്യാന്വേഷണത്തിന് ജില്ലാ പോലീസ് മേധാവി ഉത്തരവിട്ടിട്ടുണ്ട്. ഇപ്പോൾ ഈ കേസുകളുടെ അന്വേഷണ ചുമതല ജില്ലാ ക്രൈംബ്രാഞ്ച് ഡിവൈ.എസ്.പി.-ക്കാണ്. പോലീസിന്റെ കൃത്യനിർവ്വഹണം തടസ്സപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെ

തീവ്രവാദ സ്വഭാവമുള്ള ചിലരടക്കം പങ്കെടുത്തുകൊണ്ട് നടത്തിയ ആക്രമണങ്ങളാണ് രണ്ടിടത്തും നടന്നത്. ഒന്ന്, വാഹനങ്ങൾ ഉരസിയ കുഞ്ചാട്ടുകര എന്ന സ്ഥലത്തുവച്ചും രണ്ട്, ആലുവ ലക്ഷ്മി ആശുപത്രി പരിസരത്തുവച്ചുമാണ്. ഇതിനെ പ്രതിപക്ഷം ന്യായീകരിക്കുന്നത് ശരിയാണോയെന്ന് സ്വയം പരിശോധിക്കണം. അതോടൊപ്പം ഉസ്മാനെ പരിക്കേൽപ്പിച്ച പ്രതികളുടെ പേരിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുമുണ്ട്. സേവനോന്മുഖവും ജനസൗഹൃദപരവുമായൊരു സംസ്കാരം പോലീസിന് ഉണ്ടാകണമെന്നതാണ് സർക്കാരിന്റെ കാഴ്ചപ്പാട്. അതിൽനിന്നും വിരുദ്ധമായ നിലപാട് സ്വീകരിക്കുന്നവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുകതന്നെ ചെയ്യും. അതോടൊപ്പം പോലീസ് സേനയെ ജനസൗഹൃദമാക്കാനുള്ള നടപടികളും ശക്തിപ്പെടുത്തി മുന്നോട്ടുകൊണ്ടുപോകും. ഒരു തരത്തിലുള്ള വിട്ടുവീഴ്ചയും ഇക്കാര്യത്തിൽ ഉണ്ടാകുകയില്ല. ഒരാനുകൂല്യവും കുറ്റക്കാർക്ക് ലഭിക്കുകയില്ല. എന്നാൽ പോലീസിനെതിരായ തെറ്റായ പ്രചരണങ്ങൾ സംഘടിപ്പിച്ച് നിയമ സംവിധാനത്തെ ദുർബ്ബലപ്പെടുത്താനുള്ള ശ്രമങ്ങൾ ചില കേന്ദ്രങ്ങളിൽനിന്നും ബോധപൂർവ്വം നടത്തുന്നു. ഇത്തരം പ്രചാരവേലകൾക്ക് കീഴ്പ്പെടുന്ന പ്രശ്നമില്ല. ജനങ്ങൾക്ക് നീതി ഉറപ്പുവരുത്തുന്ന വിധം പോലീസ് സേനയെ മാറ്റിത്തീർക്കുന്നതിനുള്ള ഇടപെടലുകളാണ് സർക്കാർ ഉദ്ദേശിക്കുന്നത്. അതിന്റെ ഭാഗമായി പോലീസ് സേനയിൽ കാലാകാലങ്ങളായി രൂപപ്പെട്ടുവന്ന തെറ്റായ രീതികൾക്കെതിരെ നിലപാടെടുത്ത് മുന്നോട്ടുപോകുക തന്നെ ചെയ്യും. ജനങ്ങളുടെ സ്വൈരജീവിതമാണ് പരമപ്രധാനം. അതുകൊണ്ടുതന്നെ ഇക്കാര്യത്തിൽ ഒരുവിധ അനാസ്ഥയും ഒരു തലത്തിലും ഉണ്ടാകാൻ അനുവദിക്കുന്ന പ്രശ്നമില്ല.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, 'വീഴ്ചകൾ തുടരുന്നു, ഡിവൈ.എസ്.പി.-യെയും എ.എസ്.ഐ.-യെയും സ്ഥലം മാറ്റി' എന്ന വാർത്തയാണ് ഇന്ന് രാവിലെയും പത്രങ്ങളെടുത്ത് നോക്കിയപ്പോൾ കാണാൻ സാധിച്ചത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിത്യേന ഉണ്ടാകുന്ന ഒരു കീഴ്വഴക്കമായി ഇത് മാറിയിരിക്കുകയാണ്. വീഴ്ചകൾ സംഭവിച്ചു, കർശന നടപടി സ്വീകരിക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നതല്ലാതെ ഒരു കർശന നടപടിയിലേയ്ക്ക് ഇതുവരെയും പോകാൻ സാധിച്ചിട്ടില്ല. "ഞങ്ങൾ എന്ത് തെറ്റ് ചെയ്തു"വെന്ന് ഫെബിനയും കുഞ്ഞുങ്ങളും ചോദിക്കുന്നു. കേരള സമൂഹമിന്ന് വളരെ പ്രയാസത്തോടുകൂടിയാണ് ഈ വാർത്തയെ നോക്കിക്കണ്ടത്. ഇവിടത്തെ പാവപ്പെട്ട ജനങ്ങൾ എന്താണ് സർക്കാരിനോടും പോലീസിനോടും ചെയ്തിരിക്കുന്നതെന്ന് ഞാൻ ഈ അവസരത്തിൽ ചോദിക്കുന്നു. പാവപ്പെട്ട എത്രയോ സ്ത്രീകളുടെ, ഉസ്മാന്റെ ഭാര്യ ഫെബിനയുടെയും ശ്രീജിത്തിന്റെ ഭാര്യ അഖിലയുടെയും കെവിന്റെ ഭാര്യ നീനുവിന്റെയും കണ്ണുനീർ കേരളത്തിന്റെ ഭൂമിയിൽ

വീഴാനുള്ള സാഹചര്യമുണ്ടായി. ഇവിടെ സ്ത്രീ സംരക്ഷണമെന്ന് പറഞ്ഞ് അധികാരത്തിലേറിയ എൽ.ഡി.എഫ്. ഗവൺമെന്റ് എന്തുകൊണ്ടാണ് സ്ത്രീകളുടെ കണ്ണുനീർ കാണാത്തത്? ഇതിന് ആര് സമാധാനം പറയും? എന്തിനാണ് ഈ അടിയന്തരപ്രമേയം കൊണ്ടുവന്നതെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചോദിക്കുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി എന്തിനാണ് ഇത്ര ബാലിശമായ വാക്കുകൾ പ്രയോഗിക്കുന്നതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ഒരിക്കലും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്നും ഇങ്ങനെയൊരു പ്രതികരണം ഉണ്ടാകുമെന്ന് ഞങ്ങൾ പ്രതീക്ഷിച്ചില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി വളരെ നിസ്സാരവൽക്കരിച്ചു കൊണ്ട് പോലീസ് പറഞ്ഞ അതേ റിപ്പോർട്ടുകൾ ഇവിടെ വായിക്കുകയുണ്ടായി. ഇവിടെ നടന്നത് വളരെ ദയനീയമായ സംഭവമാണ്. ജൂൺ 5-ാം തീയതി വൈകിട്ടാണ് ഈ സംഭവം നടക്കുന്നത്. നോമ്പ് കാലഘട്ടത്തിൽ മുസ്ലീം സഹോദരങ്ങൾ തന്റെ വീട്ടിൽ കുടുംബാംഗങ്ങളോടൊപ്പം ഭാര്യയുടെയും മക്കളുടെയും ഒപ്പം നോമ്പ്തുറക്കാൻ ആഗ്രഹിക്കുന്നവരാണ്. അതിന്റെ ഭാഗമായാണ് വിദേശത്തായിരുന്ന ആ യുവസുഹൃത്ത് ലീവെടുത്ത് വന്നത്. നോമ്പ് തുറക്കാൻ തന്റെ മക്കൾക്ക് സമോസയും അതിനോടനുബന്ധമായ മറ്റ് സാധനങ്ങളും വാങ്ങി തിരിച്ചുവരുന്ന വഴി റോഡ് സൈഡിൽ വണ്ടി നിർത്തിയപ്പോഴാണ് ഇപ്പറഞ്ഞ പോലീസുകാരുടെ വണ്ടി വന്ന് ഉസ്മാന്റെ വണ്ടിയിൽ ഇടിക്കുന്നൊരു സാഹചര്യമുണ്ടായത്. സ്വാഭാവികമായും ഒരു കാരണവും കൂടാതെ ഒരു വണ്ടി വന്ന് നമ്മുടെ വണ്ടിയിൽ ഇടിച്ചാൽ നമുക്ക് ദേഷ്യമുണ്ടാകും. ശ്രീ. വി. ടി. ബൽറാം എന്തോ പറഞ്ഞുവെന്ന് പറഞ്ഞ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി രോഷംകൊണ്ടത് നിങ്ങളും ഞാനും കണ്ടതാണ്. അത് സ്വാഭാവികമായൊരു പ്രതിഭാസമാണ്, മനുഷ്യസഹജമാണ്. അതുപോലെയാണ് ഒരു കാരണവും കൂടാതെ തന്റെ വണ്ടിയിൽ മറ്റൊരു വാഹനം വന്നിടിച്ചപ്പോൾ ഉണ്ടായ പ്രതിഷേധം ഉസ്മാനും രേഖപ്പെടുത്തിയത്. പോലീസാണെന്ന് അറിയില്ല, പോലീസ് വണ്ടിയുമല്ല, ഒരു പ്രൈവറ്റ് വാഹനമായിരുന്നു. ഉസ്മാനെ റോഡിലിട്ടും വണ്ടിയിൽ കയറ്റിയും പോലീസ് സ്റ്റേഷനിൽ കൊണ്ടുപോയും ഇടിച്ചു. ഈ സംഭവം ഉണ്ടായ ഉടൻതന്നെ ഉസ്മാന്റെ ബന്ധുക്കൾ എന്നെ വിളിച്ചു. ഏതോ ക്വട്ടേഷൻ സംഘമാണ് ഉസ്മാനെ തട്ടിക്കൊണ്ടുപോയിരിക്കുന്നതെന്ന് ഉസ്മാന്റെ ബന്ധുക്കളോട് അവിടെയുള്ള ആൾക്കാർ വിളിച്ചുപറഞ്ഞു. അവർക്കും അത് പോലീസാണെന്ന് അറിയില്ല. കാരണം, ക്വട്ടേഷൻ സംഘത്തെപ്പോലെയാണ് പോലീസ് നടുറോഡിലിട്ട് പ്രിയസുഹൃത്തിനെ തല്ലിച്ചതച്ചതെന്ന് ഉസ്മാന്റെ ബന്ധുക്കളെ അറിയിച്ചു. അങ്ങനെ ഉസ്മാന്റെ ബന്ധുക്കൾ എന്നെ വിളിച്ച് അറിയിക്കുകയായിരുന്നു. നിങ്ങൾ പോലീസ് സ്റ്റേഷനിൽ പരാതി കൊടുക്കൂ, ഞാൻ പോലീസിനെ വിളിക്കാമെന്ന് അവരോട് പറഞ്ഞു. ഞാൻ അവിടത്തെ എസ്.ഐ.-യെ വിളിച്ചു. ഇതാണ് സംഭവം,

ഇങ്ങനെയാണ് ഉണ്ടായത്, പോലീസാണ് കൊണ്ടുപോയതെന്ന് എസ്.ഐ. എന്നോട് പറഞ്ഞു. പോലീസ് സ്റ്റേഷനിൽവച്ച് ക്രൂരമായ മർദ്ദനമുണ്ടായി. അതിനുശേഷം പോലീസ് ആശുപത്രിയിലേയ്ക്ക് കൊണ്ടുപോകാൻ തയ്യാറായില്ല. ഉസ്മാനെ ആശുപത്രിയിൽ കൊണ്ടുപോകുന്നില്ല, സംസാരിക്കാൻ സാധിക്കുന്നില്ല, മുഖത്താണ് ഇടി കൊണ്ടിരിക്കുന്നതെന്ന് പറഞ്ഞു. ഉടൻതന്നെ ഉസ്മാനെ ആശുപത്രിയിൽ എത്തിക്കണം, അല്ലെങ്കിൽ ഗുരുതരമായ വീഴ്ചയുണ്ടാകുമെന്ന് ഞാൻ വീണ്ടും എസ്.പി.-യെ വിളിച്ചുപറഞ്ഞു. കാരണം ശ്രീജിത്തിന്റെ ഗതി പ്രിയപ്പെട്ട എന്റെ സുഹൃത്തിനും ഉണ്ടാകുമെന്നാണ് എന്റെ മനസ്സിൽ തോന്നിയത്. അതും ഞാൻ എസ്.പി.-യെ ഓർമിപ്പിച്ചു. എസ്.പി. അപ്പോൾത്തന്നെ പോലീസ് സ്റ്റേഷനുമായി ബന്ധപ്പെട്ട് ആശുപത്രിയിൽ കൊണ്ടുപോകുന്നതിന് നിർദ്ദേശം നൽകി. പക്ഷെ അപ്പോഴും പോലീസ് അരിശംപൂണ്ടു. ഞാൻ വിളിച്ചുപറഞ്ഞിട്ടാണ് എസ്. പി. ഇടപെട്ടതെന്നും എസ്.ഐ.-യ്ക്ക് നിർദ്ദേശം നൽകിയതെന്നും മർദ്ദനം അഴിച്ചുവിട്ട പോലീസുകാർ അറിഞ്ഞു. അഫ്സൽ എന്ന പോലീസുകാരനെ മർദ്ദിച്ചുവെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞല്ലോ; നിങ്ങൾ പോയി എസ്.ഐ.-യെ കാണു, ഇപ്പോൾത്തന്നെ ഉസ്മാനെ ആശുപത്രിയിലേയ്ക്ക് കൊണ്ടുപോകണമെന്ന് പോലീസ് സ്റ്റേഷനിൽ ചെന്ന് പറഞ്ഞ ഉസ്മാന്റെ ബന്ധുവിനോട് പോലീസുകാരൻ തട്ടിക്കയറി. ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞിട്ടാണ് വന്നതെന്ന് പറഞ്ഞു. അപ്പോൾ അവിടെ പറഞ്ഞ മോശമായ പദങ്ങൾ നിയമസഭാ രേഖകളിൽ വരാൻ പാടില്ലാത്തതുകൊണ്ട് പറയുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രീ, അഫ്സൽ എന്ന പോലീസുകാരൻ എന്റെ വീട്ടിലിരിക്കുന്ന ആളുകളെപ്പോലും അധിക്ഷേപിച്ച്...... (ബഹളം)......ഒരു ജനപ്രതിനിധിയെ.... (ബഹളം).....നോമ്പ് അനുഷ്ഠിക്കുന്ന എന്റെ ഉമ്മയെപ്പോലും ചീത്ത വിളിക്കുന്ന..... (ബഹളം) എന്റെ പ്രയാസംകൊണ്ട് അത് ഞാൻ പറയുന്നില്ല. നിയമസഭാ രേഖകളിൽ അത് വരാൻ പാടില്ല. പൊതുസമൂഹം അറിഞ്ഞാൽ എനിക്കുതന്നെയാണ് നാണക്കേട്. ഇന്നലെ ഞാൻ ഉസ്മാനെ കാണാൻ ആശുപത്രിയിൽ പോയപ്പോൾ ആ ബന്ധു ഞാൻ ആരും കേൾക്കെ പറയുന്നില്ല എന്ന് പറഞ്ഞ് എന്നെ മാറ്റി നിർത്തിപ്പറഞ്ഞു, ഇതാണ് എം.എൽ.എ.-യുടെ ഉമ്മയെക്കുറിച്ച് പറഞ്ഞതെന്ന് പറഞ്ഞു. അങ്ങനെയുള്ള ആളുകളെ എന്ത് ചെയ്യണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ആലോചിക്കണം. ഇതാണോ നിങ്ങളുടെ പോലീസ്? ഇതാണോ പോലീസിന്റെ ഭാഷ? ഇതാണോ ജനമൈത്രി പോലീസ്? എറണാകുളം റൂറലിൽ ജനമൈത്രി പോലീസല്ല അതിന്റെ നാഥൻ തന്നെ ജനമൈത്രിക്ക് എതിരാണെന്ന് സഭയിൽ ഞാൻ കുറെ നാളുകൾക്കുമുമ്പ് പറഞ്ഞു. അതാണ് തുടർന്നുകൊണ്ടിരിക്കുന്നത്. പിന്നീട് ഉസ്മാനെ പോലീസ് ആശുപത്രിയിൽ കൊണ്ടുപോയി. ഗവൺമെന്റ് ആശുപത്രിയിൽനിന്നും പോലീസ് നിർബന്ധമായി

ഡിസ്ചാർജ് ചെയ്ത് ഉസ്മാനെ റിമാൻഡ് ചെയ്യാനുള്ള ശ്രമം നടത്തി. പക്ഷെ അവിടത്തെ ജനപ്രതിനിധികളും ജനങ്ങളും പ്രതിഷേധം ഉയർത്തിയപ്പോൾ വീണ്ടും ലക്ഷ്മി ആശുപത്രിയിലേയ്ക്ക് കൊണ്ടുപോയി. ലക്ഷ്മി ആശുപത്രിയിൽനിന്നും തുടർ ചികിത്സയ്ക്കുവേണ്ടി രാജഗിരി ആശുപത്രിയിൽ കൊണ്ടുപോയി. ഇവിടെ വനിതാ പോലീസിനെ അക്രമിച്ചുവെന്ന് പറഞ്ഞു. അത് പോലീസ് ഉണ്ടാക്കിയ കള്ളക്കഥയാണ്. ഞാൻ ചോദിക്കട്ടെ, ഈ വനിതാ പോലീസിനെ ലക്ഷ്മി ഹോസ്പിറ്റലിൽവച്ച് മർദ്ദിച്ചുവെന്ന് പറയുന്നു. ഈ വനിതാ പോലീസ് തന്നെയാണ് ഉസ്മാന്റെ മൊഴിയെടുക്കാൻ രാജഗിരി ആശുപത്രിയിൽ പോയത്. വാരിയെല്ലിന് പരിക്കുപറ്റിയ ഒരാൾ എങ്ങനെയാണ് രാജഗിരി ആശുപത്രിയിൽ പോയി ഉസ്മാന്റെ മൊഴി എടുത്ത് വളരെ സന്തോഷത്തോടുകൂടി പോയത്. ഇത് വനിതാ പോലീസിന്റെ പരാതിയല്ല, ക്രിയേറ്റ് ചെയ്തതാണ്. ഇവിടെയൊന്നും അഡ്മിറ്റ് ചെയ്തില്ല. എം.എ.ജെ. ആശുപത്രിയിൽ പോലീസിന് സൗകര്യമുള്ളിടത്ത് അഡ്മിറ്റ് ചെയ്തു. അവിടത്തെ ജനങ്ങളെ തണുപ്പിക്കാൻ, കേസുണ്ടെന്ന് കാണിക്കാൻ കള്ളക്കഥകളുണ്ടാക്കുകയാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഇങ്ങനെ കള്ളക്കഥകൾ വീണ്ടും വീണ്ടും ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. ഇന്ദുചൂഡൻ എന്ന എ.എസ്.ഐ. ഈ കേസിലെ പ്രതിയാണ്. ഇന്ദുചൂഡൻ എന്ന എ.എസ്.ഐ.........(ബഹളം)...........

മി. സ്പീക്കർ: പ്ലീസ്.......പ്ലീസ്.......ശ്രീ. ജോയി........

ശ്രീ. അൻവർ സാദത്ത്: സർ, എനിക്ക് നോമ്പാണ്, എനിക്ക് വെള്ളം കുടിക്കാൻ സാധിക്കില്ല.

മി. സ്പീക്കർ: അതുകൊണ്ട് അധികം സമയമെടുക്കാതെ അവസാനിപ്പിക്കു............ ബഹളം വച്ച് അദ്ദേഹത്തെ ആരും ബുദ്ധിമുട്ടിക്കരുത്.

ശ്രീ. അൻവർ സാദത്ത്: സർ, എനിക്ക് നോമ്പുള്ളതാണ്. നോമ്പുള്ള ആളുകളെ അധിക്ഷേപിക്കുന്നത് നിങ്ങളുടെ സ്വഭാവമാണ്. സി.പി.ഐ.(എം.)-ന്റെ സ്വഭാവമാണ്. .........(ബഹളം)...........

മി. സ്പീക്കർ: കൈവിട്ട് പോകരുത്. ഇരിക്കു....... പ്ലീസ്...... നോമ്പുള്ളതുകൊണ്ട് കൂടുതൽ നീട്ടാതെ അങ്ങ് സംസാരിച്ച് അവസാനിപ്പിക്കു.

ശ്രീ. അൻവർ സാദത്ത്: സർ, ഇന്ദുചൂഡൻ സസ്പെൻഷനിലായ എ.എസ്.ഐ. ആണ്. എന്തിനാണ് പോക്സോ കേസന്വേഷിക്കാൻ, പ്രതിയെ പിടിക്കാൻ, ഈ വണ്ടിയിൽ ഇന്ദുചൂഡനെന്ന എ.എസ്.ഐ. പോയത്? അതിന് സമാധാനം പറയണം. സസ്പെൻഷനിൽ ഇരിക്കുന്ന ഇന്ദുചൂഡൻ ആരാണ്? കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയുടെ അനുഭാവ സംഘടനയായ കെ.പി.ഒ.യുടെ ജില്ലാ റൂറൽ

ട്രഷററാണ് ഇന്ദുചൂഡൻ. അദ്ദേഹം അവിടെ പ്രവർത്തിച്ചത് പോലീസുകാരനായല്ല, തനി ഗുണ്ടയായിട്ടാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. പോക്സോ കേസന്വേഷിക്കാൻ ഇന്ദുചൂഡന്റെ ആവശ്യമെന്താണ്? സസ്പെൻഷനിലിരിക്കുന്ന ആളെന്തിനാണ് ഇതന്വേഷിക്കുന്നത്?

മി. സ്പീക്കർ: പ്ലീസ്........കൺക്ലൂഡ് ചെയ്യൂ........പ്ലീസ്......

ശ്രീ. അൻവർ സാദത്ത്: സർ, പോക്സോ കേസന്വേഷിക്കാൻ പ്രൈവറ്റ് വണ്ടിയിൽ പോകേണ്ട ആവശ്യമില്ല.

മി. സ്പീക്കർ: പത്ത് മിനിറ്റായി, കൺക്ലൂഡ് ചെയ്യൂ..........

ശ്രീ. അൻവർ സാദത്ത്: സർ, പ്രതി പതിനെട്ട് വയസ്സിന് മുകളിലുള്ള ആളാണ്. അതുകൊണ്ട് പ്രൈവറ്റ് വണ്ടിയിൽ പോകേണ്ട ആവശ്യമില്ലെന്നാണ് എനിക്ക് മനസ്സിലാക്കാൻ സാധിച്ചത്.

മി. സ്പീക്കർ: പ്ലീസ്........കൺക്ലൂഡ് ചെയ്യൂ.

ശ്രീ. അൻവർ സാദത്ത്: സർ, ഓരോ ദിവസവും നടക്കുന്ന ഇത്തരം സംഭവങ്ങൾ നമ്മുടെ നാടിന് നാണക്കേടുണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. പിണറായി സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ പോലീസിന്റെ അതിക്രമം വർദ്ധിക്കുകയാണ്. പോലീസ് സ്റ്റേഷനിൽ കയറുന്നവർ ജീവനോടെ തിരിച്ചുവരുന്നില്ല. പോലീസിന്റെമേൽ മുഖ്യമന്ത്രിയുടെ നിയന്ത്രണം നഷ്ടപ്പെട്ടിരിക്കുന്നുവെന്നാണ് ഉസ്മാന്റെ സംഭവമുണ്ടായപ്പോൾ നമുക്ക് മനസ്സിലാക്കാൻ സാധിച്ചത്. കേരള ചരിത്രത്തിൽ പോലീസിന് വീഴ്ചപറ്റിയെന്ന് ഏറ്റവുമധികം സമ്മതിച്ച ഒരു മുഖ്യമന്ത്രിയാണിതെന്ന് പറയാൻ ഞാനാഗ്രഹിക്കുന്നു. വീഴ്ചപറ്റിയെന്ന് പറയുന്ന ഈ റെക്കോർഡ് സമീപകാലത്തൊന്നും ആർക്കും ഭേദിക്കാൻ സാധിക്കില്ല, സാധിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല. ഇത്തരം വീഴ്ചകൾ ഇനി സംഭവിക്കില്ലെന്ന് നിയമസഭയ്ക്കകത്തും പുറത്തും മുഖ്യമന്ത്രി വീണ്ടുംവീണ്ടും പറയുകയാണ്. എന്നിട്ടും ദിനംപ്രതി വീഴ്ചകൾ സംഭവിക്കുകയാണ്. മുഖ്യമന്ത്രി പറയുന്നത് പോലീസ് കേൾക്കുന്നില്ല. പോലീസ് വകുപ്പ് ഭരിക്കാൻ താൻ പ്രാപ്തനല്ലായെന്ന് മുഖ്യമന്ത്രിതന്നെ സമ്മതിക്കുന്നതുപോലെയാണ് കാണാൻ സാധിക്കുന്നത്.

മി. സ്പീക്കർ: അങ്ങയുടെ നോട്ടീസ് പ്രകാരം അങ്ങ് പറഞ്ഞുകഴിഞ്ഞു. ഇനി അങ്ങ് കൺക്ലൂഡ് ചെയ്യണം.

ശ്രീ. അൻവർ സാദത്ത്: സർ, ശ്രീജിത്തിന്റെ കസ്റ്റഡി മരണം സംബന്ധിച്ച അടിയന്തരപ്രമേയത്തിന് സ്പീക്കർ റൂളിംഗ് നടത്തി. സ്പീക്കറുടെ റൂളിംഗിനെ സംബന്ധിച്ച് ഞാനൊന്നും പറയുന്നില്ല. പക്ഷേ എന്താണ് അത് മാറ്റിവച്ചതെന്ന് കേരളസമൂഹത്തിന് മുഴുവൻ അറിയാം.

മി. സ്പീക്കർ: പ്ലീസ്........അനാവശ്യമായ കാര്യങ്ങൾ ഉന്നയിക്കരുത്. അങ്ങയുടെ പ്രസംഗം അവസാനിപ്പിക്കണം.

ശ്രീ. അൻവർ സാദത്ത്: സർ, എസ്.പി.-യെ സസ്പെൻഡ് ചെയ്താൽ സ്വാഭാവികമായും അത് സി.പി.ഐ.(എം)-ന്റെ നേതാക്കളിലെത്തുമെന്ന് ഭയക്കുന്നു. സി.പി.ഐ.(എം) നേതാക്കൾ മുഖ്യമന്ത്രിയെ നിയന്ത്രിക്കുന്നു. ഈ പറഞ്ഞ ഉദ്യോഗസ്ഥരെ സ്ഥലം മാറ്റിയിട്ടുമാത്രം കാര്യമില്ല, കർശന നടപടികൾ സ്വീകരിക്കണം, സസ്പെൻഷനല്ല, അവരെ സർവ്വീസിൽനിന്നും മാറ്റിനിർത്തണം എന്നാണ് ശ്രീ. കോടിയേരി ബാലകൃഷ്ണനും ശ്രീ. വി. എസ്. അച്ചുതാനന്ദനും ശ്രീ. പന്ന്യൻ രവീന്ദ്രനും പറഞ്ഞത്. അതോടൊപ്പം ......

മി. സ്പീക്കർ: ഇനിയും ദീർഘിപ്പിക്കാൻ സാധിക്കില്ല. ഇപ്പോൾത്തന്നെ പന്ത്രണ്ട് മിനിറ്റ് കഴിഞ്ഞു.

ശ്രീ. അൻവർ സാദത്ത്: സർ, എനിക്ക് ഒരു കാര്യം മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുണ്ട്. മുഖ്യമന്ത്രി അത് കേൾക്കണം. പാവപ്പെട്ട പ്രവാസിയായ ഈ ഉസ്മാന്റെ അവസ്ഥ മനസിലാക്കി ചികിത്സാചെലവ് ഗവൺമെന്റ് ഏറ്റെടുക്കണം. ഇത് പോലീസിന്റെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. പിണറായി വിജയൻ: സർ, ആലുവയിലുണ്ടായ പ്രശ്നങ്ങളെക്കുറിച്ച് പറയാൻ യഥാവിധി അർഹനായ ആളാണ് ബഹുമാന്യനായ അംഗം. കാരണം അദ്ദേഹമാണ് അവിടത്തെ ജനപ്രതിനിധി. അതുകൊണ്ടുതന്നെ അവിടത്തെ എല്ലാ കാര്യങ്ങളും അദ്ദേഹത്തിന് നല്ലതുപോലെ അറിയാവുന്നതാണ്. അത് ഞാൻ ആവർത്തിക്കേണ്ടതില്ല. പോക്സോ കേസുമായി ബന്ധപ്പെട്ട് ഒരു കുട്ടിയെ ചോദ്യം ചെയ്യാൻ പോകുമ്പോൾ പോലീസ് സിവിൽ ഡ്രെസ്സിലാണ് പോകുന്നത്. അങ്ങനെയാണ് ടി പോലീസ് ഉദ്യോഗസ്ഥരും സിവിൽ ഡ്രെസ്സിൽ പോകാൻ ഇടയായത്. തിരിച്ചുവരുമ്പോൾ ഒരു വാഹനവുമായി ഉരസി. ആ ഘട്ടത്തിൽ അദ്ദേഹംതന്നെ പറഞ്ഞു, ആ രോഷത്തിൽ ഉസ്മാൻ ഇടപെട്ടതാണെന്ന്. അതല്ല, ഉസ്മാൻ കുറച്ച് അപ്പുറത്താണ്, അവിടെനിന്നും വാഹനങ്ങൾ ഉരസിയ സ്ഥലത്തേയ്ക്ക് ഉസ്മാൻ വരികയും ഈ സംഭവത്തിൽ ഇടപെടുകയാണ് ചെയ്തത്. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് ഞാൻ പോകുന്നില്ല. അന്വേഷണം നടക്കുന്ന ഒരു വിഷയത്തിന്റെ മറ്റു കാര്യങ്ങൾ ഞാൻ പറയുന്നത് ശരിയല്ല .........(ബഹളം).......

മി. സ്പീക്കർ: അദ്ദേഹം സംസാരിക്കട്ടെ.......പ്ലീസ്.......... അൻവർ സാദത്ത് പറഞ്ഞില്ലേ, ഇനി അദ്ദേഹം പറയട്ടെ.

ശ്രീ. പിണറായി വിജയൻ: സർ, പക്ഷേ ആദ്യത്തെ കൈവയ്പ് ആരുടേതാണെന്ന് ബഹുമാന്യനായ അംഗത്തിനറിയാം. ഇവിടെ രോഷപ്രകടനവും വാക്കുകളുടെ കാര്യവുമാണ് പറഞ്ഞത്. ഈ പറഞ്ഞ സംഭവത്തിൽ ആദ്യം കൈ വച്ചത് ആരാണെന്നുള്ളത് അദ്ദേഹത്തിനറിയാം. അന്വേഷണം നടക്കുന്ന കാര്യത്തിൽ ഞാൻ അതൊന്നും വെളിപ്പെടുത്താൻ നിൽക്കുന്നില്ല. പക്ഷേ, ആദ്യം കൈവയ്ക്കുന്നു, അപ്പുറത്തും ഇപ്പുറത്തുമുള്ള കയ്യേറ്റം നടക്കുന്നു. ഇക്കാര്യത്തിൽ

സാധാരണ മനുഷ്യരാണെങ്കിൽ പോലീസ് ഇടപെട്ടുകയും കേസെടുക്കുകയും ചെയ്യും. ഇത് സാധാരണ മനുഷ്യരല്ല, ഒരു ഭാഗത്ത് പോലീസും മറുഭാഗത്ത് സാധാരണ മനുഷ്യനുമാണ്. അപ്പോൾ പോലീസ് ചെയ്യേണ്ടതെന്താണ്? ........(ബഹളം)........ ഇങ്ങനെ ചെറുപ്പത്തിൽ ഉറക്കത്തിൽ സംസാരിച്ചുശീലിച്ച ചില ആൾക്കാർ അപ്പുറത്തുണ്ട്. അതിന്റെ ഭാഗമായാണ് ഇങ്ങനെയുണ്ടാകുന്നത്...............

മി. സ്പീക്കർ: ഇത് ശരിയല്ല. ............(ബഹളം)............ശ്രീ. അൻവർ സാദത്ത് ഇവിടെ സംസാരിച്ചു, മുഖ്യമന്ത്രി അത് നിശബ്ദം കേട്ടിരുന്നു. അപ്പോൾ മുഖ്യമന്ത്രി സംസാരിക്കുമ്പോൾ നിങ്ങൾ കേൾക്കണ്ടേ? ............ (ബഹളം)......പ്ലീസ്.....പ്ലീസ്. ........

10.00 AM]

ശ്രീ. പിണറായി വിജയൻ: സർ, പോലീസ് ഈ സംഘർഷത്തിന്റെ ഭാഗമാകുകയായിരുന്നില്ല വേണ്ടത്. ഓടിവന്ന ആൾ പോലീസിനെ തല്ലിയാലും കേസെടുത്ത് ആവശ്യമായ നടപടിയെടുക്കുകയായിരുന്നു പോലീസ് ചെയ്യേണ്ടത്. സാധാരണക്കാരന്റെ വികാരത്തിലേയ്ക്ക് പോലീസ് താഴാൻ പാടില്ലായിരുന്നു. അതാണ് ആദ്യത്തെ സംഭവത്തിന്റെ നിജസ്ഥിതി. ആ സംഭവത്തിൽ പോലീസ് ഇത്തരത്തിൽ പെരുമാറാൻ പാടില്ലായിരുന്നുവെന്നുള്ളതുകൊണ്ടാണ് ഈ പറയുന്ന മാറ്റിനിർത്തലും അന്വേഷണവുമൊക്കെ ഇപ്പോൾ നടന്നിട്ടുള്ളത്. എന്നാൽ അതിനുശേഷം നടന്നതെന്താണ്? ഈ ആളെ അറസ്റ്റ് ചെയ്ത് കൊണ്ടുപോയത് ക്വട്ടേഷൻ സംഘമാണെന്ന് അവിടെ ആരും ധരിച്ചിട്ടില്ല. ആ ഘട്ടത്തിൽ അവിടെ നാട്ടുകാർ ഈ സംഭവമെല്ലാം കണ്ടുകൊണ്ട് നിൽക്കുകയാണ്. അവർക്കെല്ലാം ഇത് പോലീസാണെന്ന് മനസ്സിലായിട്ടുമുണ്ട്. അതിന്റെ ഭാഗമായാണ് അവർ ഈ പ്രശ്നം തീർന്നുവെന്ന് കണക്കാക്കിയത്. അവിടെവച്ച് പരസ്പരം പറഞ്ഞ് തീർക്കുകയാണ്. തല്ലിയ ആളെ അവർ അറസ്റ്റ് ചെയ്ത് കൊണ്ടുപോകുകയും ചെയ്തു. പക്ഷേ തല്ല് നടന്നു. ആ ഘട്ടത്തിൽ പോലീസ് സ്റ്റേഷനിലെത്തിയ ആളെ സ്വാഭാവികമായും വൈദ്യപരിശോധനയ്ക്ക് കൊണ്ടുപോകുന്നു. അതിനുശേഷം ഇടപെട്ടവർ ആരാണെന്ന് ബഹുമാനപ്പെട്ട അംഗത്തിന് അറിയില്ലേ? അവിടെയിരുന്ന് ഒച്ചയുണ്ടാക്കുന്നവർക്ക് അറിയില്ലായിരിക്കും. ഒച്ചയുണ്ടാക്കുന്നവർക്ക് ഒച്ചയുണ്ടാക്കാനേ അറിയൂ. ഇങ്ങനെ ശബ്ദിച്ചുകൊണ്ടിരിക്കാനേ അറിയൂ. അവിടെയുണ്ടായിരുന്ന ഇസ്മയിൽ ആരാണെന്ന് ഇദ്ദേഹത്തിന് അറിയില്ലേ; ഞാൻ ഇതിന്റെയൊന്നും വിശദാംശങ്ങളിലേയ്ക്ക് പോകാൻ ആഗ്രഹിക്കുന്നില്ല. അത് ശരിയല്ലെന്ന് തോന്നുന്നതുകൊണ്ടാണ് ഞാൻ പോകാത്തത്. കാരണം, അന്വേഷണത്തിലിരിക്കുന്ന ഒരു കാര്യത്തിൽ ഞാൻ ഇവിടെനിന്ന് ഇന്ന ആളൊക്കെ ആയിരുന്നു എന്ന് പറയുന്നത് ശരിയല്ല. പക്ഷേ നമുക്കെല്ലാം ഓർമ്മയുള്ള പഴയ ബസ് തീവയ്പില്ലേ അവിടെ; ആ ബസ് തീവയ്പിലെ പ്രതികൾ അതിനകത്തില്ലേ; ആർക്കാണ് അറിയാത്തത്; അത് ശുദ്ധവാദ മായിരുന്നോ; തീവ്രവാദമായിരുന്നില്ലേ; ആ തീവ്രവാദം എന്താണ് മറന്നുപോയത്;

തീവ്രവാദം ഇഷ്ടമുള്ള സമയത്തൊക്കെ നല്ലതുപോലെ പ്രോത്സാഹിപ്പിച്ചു കൊടുക്കാമെന്നാണോ; അതല്ലേ അവിടെയുണ്ടായത്; ആ തീവ്രവാദ സ്വഭാവമല്ലേ ഇവിടെ കാണിച്ചത്; എന്തിനാണ് ആശുപത്രിക്കകത്ത് ഏറ്റുമുട്ടലുണ്ടായത്; എന്തിനാണ് ആശുപത്രിയിൽനിന്ന് വേറൊരു ആശുപത്രിയിൽ എത്തിയപ്പോൾ അവിടെവച്ച് ഏറ്റുമുട്ടലുണ്ടായത്; ആരാണ് ഈ ഏറ്റുമുട്ടലിനൊക്കെ പോയവർ; ആലുവ എന്നുപറയുന്ന പ്രദേശം ഒരു സ്വതന്ത്ര റിപ്പബ്ലിക് ഒന്നുമല്ല. കേരളത്തിന്റെ ക്രമസമാധാനപാലനം അതേ രീതിയിൽ നടക്കേണ്ട സ്ഥലമാണ്. അവിടെ ഏതാനും ആളുകൾക്ക് പോലീസിനെ കയ്യേറ്റം ചെയ്യാൻ അധികാരമുണ്ട് എന്നാണ് ധരിക്കുന്നത്. അങ്ങനെ കയ്യേറ്റം ചെയ്യപ്പെടേണ്ട ഒരു വിഭാഗമാണോ പോലീസ്; തീവ്രവാദ സ്വഭാവമുള്ളവർക്കെല്ലാം കയ്യേറ്റം ചെയ്യാനുള്ള ഒരു വിഭാഗമാണോ പോലീസ്; അതല്ലേ ഇവിടെ ഉണ്ടായത്; ഇത്തരത്തിലാണോ കാര്യങ്ങൾ കാണേണ്ടത്; ....(ബഹളം)..... ശരിയല്ലാത്ത നിലപാടാണ്.

മി. സ്പീക്കർ: ഈ സഭയിൽ ഇല്ലാത്ത രീതിയാണ് നിങ്ങൾ സ്വീകരിച്ചു കൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിമാർ ഇതിനുമുമ്പും സംസാരിച്ചിട്ടുണ്ട്. സഭാനേതാവും പ്രതിപക്ഷനേതാവും സംസാരിക്കുമ്പോൾ കാണിക്കേണ്ട മര്യാദയുണ്ട്.

ശ്രീ. പിണറായി വിജയൻ: സർ, ഇത് ശരിയായ നിലപാടല്ല. തീവ്രവാദികളെ തീവ്രവാദികളായി തിരിച്ചറിയാൻ പറ്റാത്ത ഒരു കൂട്ടം ആൾക്കാരാണ് ഇവർ. തീവ്രവാദികളെ മനസ്സിലാക്കാൻ കഴിയണം. (ബഹളം)..........

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് യു.ഡി.എഫ്. അംഗങ്ങൾ ഡയസ്സിനുമുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

മി. സ്പീക്കർ: കഴിഞ്ഞ സഭകളിൽ ഒരിക്കൽപ്പോലും ബഹുമാനപ്പെട്ട മുഖ്യമന്ത്രിമാർ സംസാരിക്കുമ്പോൾ ഇത്തരത്തിലുള്ള ഇടപെടലുകളുണ്ടായിട്ടില്ല. ഒരിക്കൽപ്പോലും ഉണ്ടായിട്ടില്ല.....(ബഹളം)..... ശ്രീ. അൻവർ സാദത്ത് രൂക്ഷമായ വിമർശനം ഇവിടെ ഉന്നയിച്ചില്ലേ; ശ്രീ. അൻവർ സാദത്ത് രൂക്ഷമായ വിമർശനം ഉന്നയിച്ചു. എത്ര നിശ്ശബ്ദനായി അദ്ദേഹം കേട്ടിരുന്നു. ....(ബഹളം)..... ദുർവ്യാഖ്യാനം വേണ്ട. എന്താണ് നിങ്ങളുടെ പ്രശ്നം? ദയവായി സീറ്റിൽപ്പോയിരിക്കു. നിങ്ങൾ രൂക്ഷമായ വിമർശനം ഉന്നയിച്ചു. സീറ്റിലിരിക്കു.....സീറ്റിലിരിക്കു.... അദ്ദേഹം പറഞ്ഞ് പൂർത്തീകരിക്കട്ടെ. അദ്ദേഹം പറയുന്നത് കേൾക്കാനുള്ള സഹിഷ്ണുത കാണിക്കു. ദയവായി പോയിരിക്കു. ശ്രീ. അൻവർ സാദത്തിന്റെ ശക്തമായ വിമർശനം ഇവിടെ ഉണ്ടായില്ലേ; ആ വിമർശനം മുഖ്യമന്ത്രി

നിശ്ശബ്ദനായി കേട്ടിരുന്നില്ലേ; നിങ്ങൾ ചെയ്യുന്നത് ശരിയല്ല. പ്ലീസ്....പ്ലീസ്... ദയവായി പോകൂ...... ഇന്ന് ആർക്കാണ് പ്രതിപക്ഷനേതാവിന്റെ ചുമതല; അങ്ങനെയൊന്നും പറഞ്ഞിട്ടില്ല.....(ബഹളം)....ദയവായി സീറ്റിൽപ്പോയിരിക്കൂ... അദ്ദേഹം പറഞ്ഞ് പൂർത്തീകരിക്കട്ടെ. പ്ലീസ്...പ്ലീസ്......ദയവായി സീറ്റിലേക്ക് പോകൂ.... ദയവായി സീറ്റിലേക്ക് പോകൂ.... പറയുന്ന ഉത്തരം മുഴുവൻ നിങ്ങൾ കേട്ടില്ലല്ലോ; അദ്ദേഹത്തെ ഉത്തരം പറയാൻ നിങ്ങൾ സമ്മതിച്ചില്ലല്ലോ; ഇത് ശരിയല്ല. നിങ്ങൾ അത് പൂർത്തീകരിക്കാൻ സമ്മതിച്ചില്ലല്ലോ; ദയവായി സീറ്റിലിരിക്കൂ..... അദ്ദേഹം പറഞ്ഞ് പൂർത്തീകരിക്കട്ടെ. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ് അവസാനിപ്പിക്കാൻ സമ്മതിച്ചില്ലല്ലോ; ദയവായി നിങ്ങൾ സീറ്റിൽപ്പോയി അദ്ദേഹം പറയുന്നത് എന്താണെന്ന് കേൾക്കൂ. വളരെ ദീർഘമായി വിമർശനങ്ങൾ അങ്ങ് ഇവിടെ ഉന്നയിച്ചില്ലേ; അങ്ങയുടെ വിമർശനം ഉന്നയിച്ചില്ലേ; പ്ലീസ്...പ്ലീസ്....... പറയാത്തത് പറഞ്ഞ് ഈ സഭയിൽനിന്ന് തെറ്റായ സന്ദേശം പ്രചരിപ്പിക്കുന്നത് ശരിയല്ല. പറയാത്തത് പറഞ്ഞുണ്ടാക്കരുത്. പ്ലീസ്..പ്ലീസ്... തെറ്റായ ഇന്റർപ്രട്ടേഷനാണ് നിങ്ങൾ നടത്തുന്നത്. ശരിയല്ല. പ്ലീസ്....പ്ലീസ്... നിങ്ങൾ ദയവായി സീറ്റിലേക്ക് പോകൂ.... അങ്ങ് സംസാരിക്കുന്നുണ്ടോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, അവർ ഇരുന്നാലല്ലേ സംസാരിക്കാൻ പറ്റൂ.

<u>മി. സ്പീക്കർ</u>: പ്ലീസ്...നിങ്ങൾ പോയിരിക്കൂ.....അദ്ദേഹം പറയുന്നത് കേൾക്കൂ... നിങ്ങളുടെ വിമർശനത്തിന് അദ്ദേഹത്തിന്റെ മറുപടി കേൾക്കൂ.... ശ്രീ. എം. നൗഷാദ്.... നിങ്ങൾ പോയിരിക്കൂ... മറുപടി പറയാൻ മുഖ്യമന്ത്രി എഴുന്നേറ്റു. നിങ്ങൾ സീറ്റിൽ പോയിരിക്കൂ....അദ്ദേഹം പറയുന്നത് കേൾക്കൂ...... പ്ലീസ്...പ്ലീസ്....ശ്രീ. കെ. സി. ജോസഫ്, അവർ സീറ്റിലിരിക്കട്ടെ. മുഖ്യമന്ത്രി അദ്ദേഹത്തിന് പറയാനുള്ളത് പറഞ്ഞ് അവസാനിപ്പിക്കട്ടെ. പ്രതിപക്ഷ നേതാവിന്റെ ചുമതല അങ്ങേയ്ക്കാണെങ്കിൽ അങ്ങേയ്ക്ക് ചോദിക്കാം. അദ്ദേഹം പറഞ്ഞ് അവസാനിപ്പിച്ചാൽ അദ്ദേഹം വഴങ്ങും.

(യു.ഡി.എഫ്. അംഗങ്ങൾ അവരവരുടെ സീറ്റുകളിലേയ്ക്ക് തിരിച്ചുപോയി.)

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഞാൻ പറഞ്ഞതെല്ലാം റിക്കാർഡിലുള്ളതാണ്. ആലുവയിൽ ഒരു കൂട്ടം തീവ്രവാദികൾ എന്നുപറയുമ്പോൾ.....

<u>മി. സ്പീക്കർ</u>: ദയവായി അദ്ദേഹം പറയുന്നത് ഒന്ന് കേൾക്കൂ... അത് കേട്ടതിനുശേഷം നിങ്ങൾ ചോദിച്ചോളൂ.....പ്ലീസ്...പ്ലീസ്....

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, മുഖ്യമന്ത്രിയുടെ പ്രസംഗത്തിനിടയിൽ ആലുവാക്കാരെല്ലാം തീവ്രവാദികളാണെന്നും .....(ബഹളം)... ഞാൻ പറയട്ടെ.... ഞാൻ പൂർത്തിയാക്കട്ടെ....

മി. സ്പീക്കർ: അങ്ങ് പൂർത്തീകരിക്കു... ഇരിക്കു.... അങ്ങ് ഇരിക്കു.... അങ്ങ് പൂർത്തീകരിക്കു...

ശ്രീ. കെ. സി. ജോസഫ്: സർ, ആലുവാക്കാരെല്ലാം തീവ്രവാദികളാണെന്നും ആലുവ ഒരു സ്വതന്ത്ര റിപ്പബ്ലിക് അല്ലെന്നും പ്രതിപക്ഷം അതിന് സഹായിക്കുന്നുവെന്ന് പറഞ്ഞതും ശരിയല്ല. ഞങ്ങളാരെയും സഹായിച്ചിട്ടില്ല.

ശ്രീ. പിണറായി വിജയൻ: സർ, ഈ സംഭവത്തിൽ ഉൾപ്പെട്ട തീവ്രവാദികളായിട്ടുള്ളവരെ സംരക്ഷിക്കണമെന്ന ഉദ്ദേശ്യത്തോടെയാണ് ഞാൻ ആലുവക്കാരെ മുഴുവൻ തീവ്രവാദികൾ എന്ന് വിളിച്ചുവെന്ന പരാതിയുമായി ചിലർ വെല്ലിലേയ്ക്ക് വന്നത്. എനിക്ക് ആലുവക്കാരെ നല്ലതുപോലെ അറിയാം. ആലുവ എം.എൽ.എ.-യ്ക്ക് കൂടുതൽ അറിയാമായിരിക്കും. പക്ഷേ, എനിക്ക് അപരിചിതമായ സ്ഥലമല്ല ആലുവ. ആലുവയിൽ നല്ലതുപോലെ തീവ്രവാദത്തെ എതിർക്കുന്ന ഉശിരന്മാരായ ആളുകളുണ്ട്. അത് നല്ല ബോദ്ധ്യമുള്ള ആളാണ് ഞാൻ. പക്ഷേ, തീവ്രവാദികൾക്കുവേണ്ടി വക്കാലത്ത് പിടിക്കാൻ പാടുണ്ടോയെന്നുള്ളതാണ് പ്രശ്നം. .......(ബഹളം)..... ഇവിടെ തീവ്രവാദികളായ ഏതാനും പേരാണ്... (ബഹളം)..... കേരളീയ സമൂഹത്തിനകത്ത്........

മി. സ്പീക്കർ: പ്ലീസ്.... അദ്ദേഹം പറയുന്നത് കേൾക്കു. ശ്രീ. കെ. സി. ജോസഫ് ചോദിച്ചപ്പോൾ അദ്ദേഹം നിശബ്ദനായിരുന്നില്ലേ?

ശ്രീ. പിണറായി വിജയൻ: സർ, കേരളീയ സമൂഹത്തിനകത്ത് തീവ്രവാദികളുണ്ട്. ആ തീവ്രവാദികൾ ഈ നാടിന് ആപത്തായി വന്നുകൊണ്ടിരിക്കുകയാണ്. നിർഭാഗ്യവശാൽ ഇവിടെ ഒച്ചപ്പാടുണ്ടാക്കാൻ ശ്രമിക്കുന്ന ചില ആളുകൾ അത്തരം ആളുകളെ പ്രോത്സാഹിപ്പിക്കുന്നവരാണ്. ..... (ബഹളം).... ഒച്ച ഉയർത്തുന്നവരെയാകെ ഞാൻ പറയുന്നില്ല. അത്തരം ഒരു പ്രോത്സാഹനമാണ് നടക്കുന്നത്. ആ നിലപാടല്ല സ്വീകരിക്കേണ്ടത്. തീവ്രവാദികളെ പ്രോത്സാഹിപ്പിക്കുന്ന നിലപാടല്ല സ്വീകരിക്കേണ്ടത്. ..... (ബഹളം)..... എന്റെ പ്രസംഗം തടസ്സപ്പെടുത്തുക യെന്നുള്ളതാണ് ഇവരുടെ ഉദ്ദേശം.

(യു.ഡി.എഫ്. അംഗങ്ങൾ ഡയസ്സിനടുത്തുവന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

മി. സ്പീക്കർ: ഇത് അസഹിഷ്ണുതയാണ്. അത് ശരിയല്ല.

ശ്രീ. പിണറായി വിജയൻ: സർ, എന്റെ പ്രസംഗം തടസ്സപ്പെടുത്തുകയാണ് ഇവരുടെ ഉദ്ദേശ്യം. അത് മാത്രമേയുള്ളൂ. എന്റെ മറുപടി തടസ്സപ്പെടുത്തണം. അതിനാണ് ഈ കളി. അത് സമ്മതിക്കാനാകില്ല. മറുപടി തടസ്സപ്പെടുത്താനുള്ള നീക്കങ്ങൾ ഉണ്ടായാൽ അത് സമ്മതിക്കാനാകില്ല. അവിടെ ബഹുമാന്യനായ അംഗം ശ്രീ. അൻവർ സാദത്തിന് എല്ലാ കാര്യങ്ങളും പറയാമെങ്കിൽ ആ പറഞ്ഞ കാര്യങ്ങൾക്ക് മറുപടി പറയാനുള്ള അവകാശം എനിക്കുമുണ്ട്. ആ മറുപടി തടസ്സപ്പെടുത്താമെന്ന് ധരിക്കണ്ട......(ബഹളം).....

മി. സ്പീക്കർ: നിങ്ങൾ ഉന്നയിച്ച പ്രശ്നങ്ങൾക്ക് അദ്ദേഹത്തിന് മറുപടി പറയണ്ടേ. പ്രതിപക്ഷനേതാവിന്റെ ചുമതലയുള്ള ആളിന് ചോദിക്കാമല്ലോ. .....(ബഹളം)..... മുഖ്യമന്ത്രി സംസാരിച്ചുകഴിഞ്ഞതിനുശേഷം ശ്രീ. കെ. സി. ജോസഫിന് ഏത് വിശദീകരണവും ചോദിക്കാമല്ലോ. പ്ലീസ്.... പ്ലീസ്.... ദയവായി സീറ്റിൽ പോയിരിക്കൂ. പ്ലീസ്... ഇതുശരിയല്ല. നിങ്ങൾ സീറ്റിൽ പോയിരിക്കൂ. മറുപടി പൂർത്തീകരിച്ചതിനുശേഷം ശ്രീ. കെ. സി. ജോസഫിന് ചോദിക്കാം. ഈ രീതി ശരിയല്ല. പ്ലീസ്.... .....(ബഹളം)..... നിങ്ങൾ ചെയ്യുന്നത് ശരിയല്ല. വളരെ രൂക്ഷമായ വിമർശനമാണ് ശ്രീ അൻവർ സാദത്ത് നടത്തിയത്. മുഖ്യമന്ത്രി അത് മുഴുവൻ കേട്ടിരുന്നു. അദ്ദേഹത്തിന്റെ മറുപടി കേൾക്കാൻ നിങ്ങൾ തയ്യാറാകാത്തത് ശരിയല്ല. മറുപടി പറഞ്ഞതിനുശേഷം പ്രതിപക്ഷത്തിന് വ്യത്യസ്ത അഭിപ്രായമുണ്ടെങ്കിൽ പ്രതിപക്ഷനേതാവിന്റെ ചുമതലയുള്ള ശ്രീ. കെ. സി. ജോസഫിന് എഴുന്നേറ്റുനിന്ന് ചോദിക്കാം. അദ്ദേഹം അതിന് വഴങ്ങുകയും ചെയ്യും. ഇത് ശരിയല്ല. അടുത്ത നടപടിക്രമത്തിലേയ്ക്ക് നീങ്ങേണ്ടിവരും. പ്ലീസ്..... ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങ് പറഞ്ഞവസാനിപ്പിക്കൂ.

ശ്രീ. പിണറായി വിജയൻ: സർ, ഇവിടെ ഞാൻ പറയുന്ന കാര്യങ്ങൾ തടസ്സപ്പെടുത്തലാണ് ഇവരുടെ ഉദ്ദേശ്യം. അതിന്റെ ഭാഗമായാണ് ഈ കളിയെല്ലാം കളിക്കുന്നത്. ഞാൻ പറയുന്ന കാര്യങ്ങൾ പുറത്തുവരാൻ പാടില്ലെന്ന നിർബന്ധം അവർക്കുണ്ട്. അതിനുവേണ്ടിയാണ് ഈ സമീപനം സ്വീകരിക്കുന്നത്. ഞാൻ പറഞ്ഞുവന്നത്, തീവ്രവാദികളെ സഹായിക്കുന്ന, സംരക്ഷിക്കുന്ന നിലപാടെടുക്കുന്ന ചിലർ ഉണ്ടെന്നാണ്. അത് ഞാൻ ആവർത്തിക്കുകയാണ്. ആ നിലപാട് നമ്മുടെ നാടിന് ചേർന്നതല്ല. .....(ബഹളം)..... നമ്മുടെ നാടിന്റെ സുഗമമായ മുന്നോട്ട് പോക്കിന് അത് തടസ്സമുള്ളതാണ്. ഇവിടെ ശരിയായ നിലപാട് സ്വീകരിച്ച് പോകാൻ നമ്മുടെ മുഖ്യധാരാ രാഷ്ട്രീയ പാർട്ടികൾ തയ്യാറാകണം. ഇവരുടെ രാഷ്ട്രീയ പാർട്ടികൾക്ക് തന്നെ നിലപാടുകളുണ്ട്. അവരെല്ലാം സാധാരണ നിലയ്ക്ക് ഏതെങ്കിലും തരത്തിൽ ഈ പറയുന്ന തീവ്രവാദ വിഭാഗത്തെ പ്രോത്സാഹിപ്പിക്കുന്നവരല്ല. എന്നാൽ ആ രാഷ്ട്രീയ പാർട്ടികൾക്കകത്തുതന്നെ തീവ്രവാദ നിലയെ പലപ്പോഴും പ്രോത്സാഹിപ്പിക്കുന്ന ഒറ്റപ്പെട്ട വ്യക്തികളുണ്ട്. ആ ഒറ്റപ്പെട്ട വ്യക്തികൾ അവരുടെ നിലപാടല്ല ഇവിടെ പ്രതിഫലിപ്പിക്കേണ്ടത്. ഇവിടെ പൊതുവായ നിലപാട് പ്രതിഫലിപ്പിക്കാൻ തയ്യാറാകണം. ശ്രീ. ഉസ്മാൻ എന്നയാൾ അവിടെ ഓടി വന്നതായിരുന്നുവെന്ന് ഞാൻ നേരത്തെ പറഞ്ഞു. അപ്പോൾ അവിടെ നിന്നും പറഞ്ഞത് വാഹനം ശ്രീ. ഉസ്മാന്റേതായിരുന്നുവെന്നാണ്. ഉരസിയ വാഹനത്തിന്റെ ഉടമ എടത്തറ സ്വദേശി ശ്രീ. അനസ് ആണ്. ശ്രീ. ഉസ്മാനല്ല വാഹനത്തിന്റെ ഉടമ. ശ്രീ. അനസാണ് വാഹനത്തിന്റെ യഥാർത്ഥ ഉടമ. ശ്രീ. അനസ് ടിപ്പർ ലോറി ഡ്രൈവറാണ്. ആ വാഹനത്തിന് നമ്പരില്ല; ഫോർ രജിസ്ട്രേഷനാണ്.

ആ വാഹനം ശ്രീ. ഉസ്മാന്റേതല്ല. ശ്രീ. ഉസ്മാൻ ആണ് വാഹന ഉടമയെന്ന് ചിത്രീകരിക്കാൻ, അവിടത്തെ എല്ലാ കാര്യങ്ങളും തനിക്ക് അറിയാമെന്ന് പറയാനാണ് ആലുവ എം.എൽ.എ. തയ്യാറായത്. ഈ സഭയെത്തന്നെ ബോധപൂർവ്വം തെറ്റിദ്ധരിപ്പിക്കാനുള്ള നീക്കമല്ലേ നടന്നത്. ഇതാണോ ന്യായം, ഇതാണോ ചെയ്യേണ്ടത്. എന്തിനാണ് സഭയെ തെറ്റിദ്ധരിപ്പിക്കാനുള്ള നീക്കം നടത്തുന്നത്. ഇവിടെ തെറ്റായ കാര്യങ്ങൾ നടന്നാൽ അതിനെതിരെ ശക്തമായ നടപടി പോലീസിന്റെ ഭാഗത്തുനിന്നുണ്ടാകും. ഇതാണ് സർക്കാരിന്റെ നയം. ഒരു വീഴ്ചയും ഇവിടെ സമ്മതിക്കില്ല. അതിന്റെ ഭാഗമായുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. അങ്ങ് ഒരുകാര്യം ശ്രദ്ധിച്ചിട്ടുണ്ടാകും. ഇത് പരിശുദ്ധ റമളാൻ മാസമാണ്. നോമ്പുകാലത്ത് ലീവെടുത്ത് വന്നതിനെക്കുറിച്ചും അതുപോലെ നോമ്പുള്ള ആളിനെ ആക്ഷേപിക്കുന്നതായുമുള്ള കാര്യങ്ങൾ എന്തിനാണ് രണ്ടുതവണ പറഞ്ഞത്. എന്തിനാണ് ഇവിടെ അനാവശ്യമായ മതവികാരം ഉയർത്താൻ ശ്രമിച്ചത്; അതിന് നിയമസഭാ വേദിയാണോ ഉപയോഗിക്കേണ്ടത്; ബഹുമാന്യനായ ആലുവ അംഗം അങ്ങനെയൊരു മതസ്പർദ്ധ വളർത്താനുള്ള ശ്രമം നടത്തണോ; എന്ത് കണക്കിലാണ് ഇപ്പുറത്ത് ചൂണ്ടിക്കൊണ്ട് അദ്ദേഹം നോമ്പുള്ള ആളെ ആക്ഷേപിക്കലാണ് നിങ്ങളുടെ ജോലിയെന്ന് പറഞ്ഞത്; എത്രമാത്രം അസംബന്ധജഡിലമായ സംസാരമാണത്. ഇടതുപക്ഷ ജനാധിപത്യ മുന്നണി മതനിരപേക്ഷതയ്ക്കുവേണ്ടി നിലകൊള്ളുന്ന ഒരു മുന്നണിയാണ്. മതനിരപേക്ഷതയുടെ ഭാഗം വർഗ്ഗീയതയുമായി ചങ്ങാത്തം കൂടലല്ല. വർഗ്ഗീയതയോട് വിട്ടുവീഴ്ചയില്ലാത്ത സമീപനം സ്വീകരിക്കണം. അതേസമയം നമ്മുടെ നാട്ടിലെ എല്ലാ വിശ്വാസികളെയും എല്ലാ മതവിഭാഗങ്ങളെയും സംരക്ഷിച്ചുപോകണം. ഈ നിലപാടാണ് ഞങ്ങൾ സ്വീകരിച്ചുപോകുന്നത്. ഞങ്ങളെ ആക്ഷേപിക്കാൻ എന്തിനാണ് ബഹുമാന്യനായ ആലുവ അംഗം ഇവിടെ നോമ്പുള്ളയാളെ ആക്ഷേപിക്കലാണ് നിങ്ങളുടെ രീതിയെന്ന് പറഞ്ഞത്. അദ്ദേഹത്തെ ആരെങ്കിലും ആക്ഷേപിക്കാൻ പോയോ; ഒരു ഭാഗത്ത് സഭയെ തെറ്റിദ്ധരിപ്പിക്കാൻ ശ്രമിക്കുകയാണ്, മറ്റൊരു ഭാഗത്ത് മതസ്പർദ്ധയുണ്ടാക്കാൻ നോക്കുകയാണ്. ഇതൊന്നും സാധാരണഗതിയിൽ നമ്മുടെ സമൂഹത്തിന് ചേർന്ന കാര്യമല്ല. അതുകൊണ്ടുതന്നെ ഇവിടെ ഒരു തരത്തിലുള്ള പ്രശ്നങ്ങളുമില്ല. ഇവിടെ 60000 പോലീസുകാരുണ്ട്. അതിൽ ഒന്നോ രണ്ടോ ആളുകൾ വീഴ്ച കാണിച്ചാൽ അവർക്കെതിരെ നടപടിയെടുക്കും. പക്ഷെ, അതിന്റെ പേരിൽ പോലീസിനെ ആക്രമിക്കാൻ പുറപ്പെട്ടാൽ അത് നമ്മുടെ നാടിന്റെ ക്രമസമാധാന പാലനത്തിനാണ് ഭംഗം വരുത്തുക, നമ്മുടെ പോലീസ് സംവിധാനത്തെയാണ് തകർക്കുക. പോലീസ് സംവിധാനത്തെ തകർക്കുന്ന ഒന്നിനോടും കൂട്ടുനിൽക്കാനാകില്ല. അതിനോടൊന്നും വിട്ടുവീഴ്ച ചെയ്യില്ലെന്നും ഇതിന്റെകൂടെ കൂട്ടിച്ചേർത്ത് പറയാൻ ഞാൻ തയ്യാറാകുകയാണ്. ആഭ്യന്തര വകുപ്പിന്റെ മേലെയുള്ള നിയന്ത്രണം സർക്കാരിന്

നഷ്ടപ്പെട്ടുപോയിയെന്നൊരു വ്യാമോഹവും വേണ്ട. നിയന്ത്രണം വേണ്ട രീതിയിൽത്തന്നെ പാലിച്ചുകൊണ്ടാണ് പോകുന്നത്. അതുകൊണ്ട് ഇതുമായി ബന്ധപ്പെട്ട് ഒരു തരത്തിലും ഇത്തരം തെറ്റായ കാര്യങ്ങൾ അനുവദിച്ചുകൊടുക്കാൻ പറ്റില്ല. ഇതാണ് പറയാനുള്ളത്. അതുകൊണ്ട് ഇക്കാര്യം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചിരിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കെ. എം. മാണിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

## V. ശ്രദ്ധ ക്ഷണിക്കൽ

### (1) വേതന പരിഷ്കരണം

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, 2017 ജനുവരി 1-ാം തീയതി തോട്ടം തൊഴിലാളികളുടെ ശമ്പള പരിഷ്കരണം പുതുക്കേണ്ടതാണ്. ശമ്പള പരിഷ്കരണ നടപടികൾ ആരംഭിക്കേണ്ടതാണ്. ശമ്പള പരിഷ്കരണ നടപടികൾ ആരംഭിച്ചിട്ട് ഏതാണ്ട് ആറ് മാസം പിന്നിടുന്ന ഈ സാഹചര്യത്തിൽ തോട്ടം തൊഴിലാളികളുടെ ശമ്പള പരിഷ്കരണ നടപടികൾ അടിയന്തരമായി പൂർത്തിയാക്കണം. ആഗസ്റ്റ് മാസത്തോടുകൂടി ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട് മാത്രമല്ല, തോട്ടം മേഖലയിൽ പുതിയ ബോണസും പ്രഖ്യാപിക്കേണ്ടതുണ്ട്. തോട്ടം തൊഴിലാളികളുടെ ശമ്പള പരിഷ്കരണ നടപടികൾ അടിയന്തരമായി പൂർത്തിയാക്കണം. തോട്ടം മേഖല വലിയ പ്രതിസന്ധിയിലൂടെ കടന്നുപോയിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണിത്. കഴിഞ്ഞ പ്രാവശ്യം നോട്ടിഫിക്കേഷൻ ഇറക്കിയപ്പോൾ തോട്ടം തൊഴിലാളികൾക്ക് ലഭിക്കേണ്ട ശമ്പളത്തിൽ ഏതാണ്ട് 6 മാസത്തെ ശമ്പള കുടിശ്ശിക അവർക്ക് നഷ്ടപ്പെട്ട്പോകുന്നൊരു സാഹചര്യമുണ്ടായി. ഈയൊരു സാഹചര്യത്തിൽ ഏതാണ്ട് 4 പ്രാവശ്യം ശമ്പള പരിഷ്കരണ നടപടികളുമായി ബന്ധപ്പെട്ട് യോഗം കൂടിയെങ്കിൽപ്പോലും ശമ്പള പരിഷ്കരണ നടപടികൾ പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യമുണ്ട്.

തോട്ടം മേഖല വലിയ പ്രതിസന്ധിയിലാണ് എന്നുള്ളതുകൊണ്ടുതന്നെ ഈ ഗവൺമെന്റ് വന്നതിനുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽത്തന്നെ തോട്ടം തൊഴിലാളികളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനുവേണ്ടി റിട്ടയേർഡ് ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷന്റെ ശിപാർശകൾ നടപ്പിലാക്കുന്നതുമായി

ബന്ധപ്പെട്ട യോഗം കൂടി. ആ യോഗ നടപടികളുടെ ഭാഗം എന്നുള്ള നിലയിൽ എക്സിക്യൂട്ടീവ് ഓർഡറുകൾ ഇറങ്ങേണ്ടതുണ്ട്. തോട്ടം തൊഴിലാളികളുടെ ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട 'ഭവനം പദ്ധതി' അടിയന്തരമായി നടപ്പിലാക്കേണ്ടതുണ്ട്. അതുപോലെതന്നെ കൂലി വിതരണവുമായി ബന്ധപ്പെട്ട് ഉണ്ടായിരിക്കുന്ന അനോമലികൾ, അവർക്ക് ചെലവിനുള്ള പണം എടുക്കുന്നതിനുവേണ്ടി എ.റ്റി.എം.-ൽ പോകേണ്ട സാഹചര്യം ഒഴിവാക്കിക്കൊണ്ട് അടിയന്തരമായി കൂലി വിതരണത്തിനുള്ള ഇടപെടലുകൾ നടത്തേണ്ടത് സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ യോഗത്തിൽ തീരുമാനമെടുത്ത് നടപ്പിലാക്കേണ്ടതുണ്ട്. ജസ്റ്റീസ് കൃഷ്ണൻ നായർ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കേണ്ടത് തോട്ടം മേഖലയുടെ നിലനിൽപ്പിന് ഏറ്റവും അനിവാര്യമാണ്. ഒരുലക്ഷത്തിലധികം തൊഴിലാളികൾ പണിയെടുക്കുന്ന മേഖലയാണ് തോട്ടം മേഖല. റബ്ബർ, ഏലം, കാപ്പി, തേയില തൊഴിലാളികളുടെ കൂലി വർദ്ധനവാണ് ഇതിൽ ഗൗരവതരമായി നിൽക്കുന്ന വിഷയം.

അടഞ്ഞുകിടക്കുന്ന തോട്ടങ്ങൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് ചർച്ച ചെയ്യുന്നതിന് ഗവൺമെന്റ് ചില മീറ്റിംഗുകൾ നടത്തിയിട്ടുണ്ട്. ആ മീറ്റിംഗുകളുമായി ബന്ധപ്പെട്ട നടപടികൾ വളരെ വേഗത്തിലാക്കേണ്ടതുണ്ട്. തോട്ടം തൊഴിലാളികളുടെ ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട് ഗവൺമെന്റ് അടിയന്തരമായി ഇടപെടണം. അതോടൊപ്പംതന്നെ ജസ്റ്റീസ് കൃഷ്ണൻ നായർ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുന്നതിനും തോട്ടം തൊഴിലാളികളുമായി ബന്ധപ്പെട്ട മറ്റ് പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനുമുള്ള അടിയന്തര ഇടപെടലുണ്ടാകണം. അതിൽ ഏറ്റവും പ്രധാനം കൂലി വർദ്ധനവാണ്. അക്കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിലും സഭയുടെ ശ്രദ്ധയിലും കൊണ്ടുവരികയാണ്. ....(...ബഹളം...)

തൊഴിലും എക്സൈസും വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, തോട്ടം തൊഴിലാളികളുടെ കൂലി പുതുക്കി നിശ്ചയിക്കുന്നത് സംബന്ധിച്ച് തൊഴിലാളി യൂണിയനുകൾ ഉന്നയിച്ച ഡിമാൻഡുകൾ പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിൽ ചർച്ച ചെയ്യുകയും കമ്മിറ്റി തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയും ആയത് മിനിമം വേതന നിയമപ്രകാരം സർക്കാർ വിജ്ഞാപനം ചെയ്യുന്ന നടപടിയുമാണ് നിലവിലുള്ളത്. സംസ്ഥാനത്ത് തോട്ടം തൊഴിലാളികളുടെ വേതനം അവസാനമായി പുതുക്കി നിശ്ചയിച്ചത് 2016-ലെ വിജ്ഞാപന പ്രകാരമാണ്. ഈ വേതനഘടനയ്ക്ക് 1-7-2015 മുതൽ മുൻകാലപ്രാബല്യം നൽകിയിട്ടുണ്ട്. ഈ വിജ്ഞാപന പ്രകാരമുള്ള വേതന വ്യവസ്ഥകളാണ് തോട്ടം മേഖലയിൽ നിലവിലുള്ളത്. ഇപ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ട മിനിമം വേതനം

പരമാവധി 5 വർഷക്കാലത്തിനുള്ളിൽ പുതുക്കി നിശ്ചയിക്കണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. എന്നാൽ തോട്ടം തൊഴിലാളികളുടെ വേതനം പുതുക്കി നിശ്ചയിക്കുന്നതിന് തൊഴിലാളി യൂണിയനുകൾ ആവശ്യം ഉന്നയിച്ചതിന്റെ അടിസ്ഥാനത്തിൽ വിഷയം 7-2-2018-ന് ചേർന്ന പ്ലാന്റേഷൻ ലേബർ കമ്മിറ്റി ചർച്ച ചെയ്യുകയും കൂലി പുതുക്കി നിശ്ചയിക്കുന്നത് സംബന്ധിച്ച ഡിമാന്റ് തൊഴിലാളി യൂണിയനുകളും ഫെഡറേഷനും സംയുക്തമായി പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിൽ സമർപ്പിക്കണമെന്ന് തീരുമാനിക്കുകയും ചെയ്തു. പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൊഴിലാളി യൂണിയനിലുള്ള ഫെഡറേഷൻ ലഭ്യമാക്കിയ ഡിമാൻഡ് പ്ലാന്റേഷൻ ലേബർകമ്മിറ്റി യോഗം ചർച്ച ചെയ്യുകയും ആയതിന്മേൽ തൊഴിലുടമകളുടെ അഭിപ്രായം ആരായാൻ തീരുമാനിക്കുകയും ചെയ്തു. ഇതിനെത്തുടർന്ന് 10-5-2018-ൽ ചേർന്ന പ്ലാന്റേഷൻ ലേബർ കമ്മിറ്റി യോഗം അസോസിയേഷൻ ഓഫ് പ്ലാന്റേഷൻ കേരള, സമർപ്പിച്ച തൊഴിലുടമകളുടെ അഭിപ്രായം ചർച്ച ചെയ്യുകയും വേതനം പുതുക്കി നിശ്ചയിക്കുന്നതിനുള്ള തുടർ ചർച്ചകൾ നടത്താൻ തീരുമാനിക്കുകയും ചെയ്തു. ഇക്കാര്യത്തിൽ പ്ലാന്റേഷൻ ലേബർ കമ്മിറ്റിയുടെ നിർദ്ദേശം ലഭിക്കുന്നമുറയ്ക്ക് ആയത് പരിശോധിച്ച് സർക്കാർ തീരുമാനം കൈക്കൊള്ളുന്നതാണ്. .....(...ബഹളം...)

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിലെടുത്തിട്ടുള്ള തീരുമാനങ്ങളുമായി ബന്ധപ്പെട്ട എക്സിക്യൂട്ടീവ് ഓർഡർ ഇറങ്ങേണ്ടതുണ്ട്. ആ ഓർഡർ ഇറങ്ങുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, ജസ്റ്റീസ് കൃഷ്ണൻ നായർ കമ്മീഷൻ റിപ്പോർട്ടിന്മേൽ പ്ലാന്റേഷൻ ലേബർ കമ്മിറ്റി ചർച്ച നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ വ്യക്തമായ ചില ശിപാർശകൾ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇത് സർക്കാരിന്റെ സജീവ പരിഗണനയിലാണ്. എത്രയുംവേഗം തുടർ നടപടികൾ സ്വീകരിച്ച് തോട്ടം മേഖലയിലെ തൊഴിലാളികളുടെ പ്രശ്നങ്ങളടക്കം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.(...ബഹളം...)

മി. സ്പീക്കർ: നിങ്ങൾ പ്രതിഷേധം പ്രകടിപ്പിച്ചല്ലോ. ഇനി ദയവായി സീറ്റിൽ പോയിരിക്കു. (...ബഹളം...)

(രണ്ടാമത്തെ ശ്രദ്ധ ക്ഷണിക്കലിന് നോട്ടീസ് നൽകിയിരുന്ന അംഗം സീറ്റിലില്ലാതിരുന്നതിനാൽ അവതരിപ്പിക്കപ്പെട്ടില്ല.)

## VI സബ്മിഷൻ

### (1) നബീലിന്റെ തിരോധാനം

ശ്രീ. വി. അബ്ദുറഹിമാൻ: സർ, താനൂർ നിയോജകമണ്ഡലത്തിലെ താനാളൂർ വില്ലേജ് വെള്ളിയത്തു വീട്ടിൽ ഫാത്തിമയുടെ മകൻ നബീലിനെ (28 വയസ്സ്) 27-3-2018 മുതൽ കാൺമാനില്ല. രണ്ട് ദിവസം കാത്തിരുന്നിട്ടും തിരിച്ചെത്താതിരുന്നതിനാൽ 30-3-2018-ന് നബീലിന്റെ അമ്മ താനൂർ പോലീസ് സ്റ്റേഷനിൽ പരാതി നൽകി. പക്ഷേ നാളിതുവരെ നബീലിനെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. താനൂർ പോലീസ് വേണ്ടത്ര പരിഗണന ഈ കേസിൽ നൽകിയിട്ടില്ലെന്നും നബീലിന്റെ അമ്മ പറയുന്നു. ആയതിനാൽ കാണാതായ നബീലിനുവേണ്ടി പോലീസിന്റെ അന്വേഷണം ഊർജ്ജിതമാക്കണമെന്നും നബീലിനെ കണ്ടെത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. (...ബഹളം...)

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, മലപ്പുറം താനാളൂർ വെള്ളിയത്തുവീട്ടിൽ ഫാത്തിമയുടെ മകനും മാനസികരോഗത്തിന് ചികിത്സിച്ച് വരുന്നതുമായ നബീലിനെ 27-3-2018 മുതൽ കാണാനില്ല എന്ന് മാതാവ് ഫാത്തിമ താനൂർ പോലീസ് സ്റ്റേഷനിൽ അറിയിച്ചു. ഇതേത്തുടർന്ന് നബീലിനെ കണ്ടെത്തുന്നതിനാവശ്യമായ വിവരങ്ങൾ എല്ലാ പോലീസ് സ്റ്റേഷനിലേയ്ക്കും അറിയിച്ചിട്ടുണ്ട്. നബീൽ ആരോടും പറയാതെ വീട്ടിൽനിന്നും പോകുന്നത് പതിവാണെന്നും ദിവസങ്ങൾക്കുശേഷം തിരിച്ചെത്താറുണ്ടെന്നും ആയതിനാൽ തിരികെ എത്തിയില്ലെങ്കിൽ കേസ് രജിസ്റ്റർ ചെയ്താൽ മതിയെന്നും മാതാവ് പോലീസിൽ പറയുകയുണ്ടായി. തുടർന്നും വിവരങ്ങളൊന്നും ലഭ്യമാകാത്തതിനാൽ നബീലിന്റെ അമ്മാവൻ മുസ്തഫയുടെ മൊഴിയുടെ അടിസ്ഥാനത്തിൽ താനൂർ പോലീസ് സ്റ്റേഷനിൽ കെ.പി. ആക്ട് 57 വകുപ്പ് പ്രകാരം ക്രൈം 229/2018 ആയി കേസ് രജിസ്റ്റർ ചെയ്ത് ഊർജ്ജിത അന്വേഷണം നടത്തിവരുന്നു. (...ബഹളം...)

### (2) ബസ് സർവ്വീസ് പുനരാരംഭിക്കൽ

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, നഗരത്തിൽ യാത്രാ സൗകര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായിട്ടാണ് JNNURM പദ്ധതിയിൽ ഉൾപ്പെടുത്തി എ.സി. ലോഫ്ലോർ ബസ്സുകൾ അനുവദിച്ചത്. കൊച്ചി നഗരത്തിൽ അതൊരു വലിയ അനുഭവമായിരുന്നു. എന്നാൽ ഇന്ന് ബഹുഭൂരിപക്ഷം വരുന്ന എ.സി. ലോഫ്ലോർ ബസ്സുകളും ഓടുന്നില്ല. കൊച്ചി നഗരത്തിൽ മാത്രം 51 ബസ്സുകൾ ഓടിയിരുന്ന സ്ഥാനത്ത് ഇപ്പോൾ 41 ബസ്സുകൾ മാത്രമാണ് ഓടുന്നത്. നിരവധി

യാത്രക്കാർ സ്വകാര്യ കാറുകളും മറ്റും ഉപേക്ഷിച്ച് എ.സി. ലോഫ്ലോർ ബസ്സുകളിൽ യാത്ര ചെയ്യാൻ തയ്യാറായി മുന്നോട്ടുവന്നതാണ്. അതിനെയാകെ തകിടം മറിക്കുന്ന രീതിയിലാണ് ഇപ്പോഴത്തെ സ്ഥിതി. അതുകൊണ്ടുതന്നെ എ. സി. ലോഫ്ലോർ ബസ്സുകൾ, പ്രത്യേകിച്ച് കൊച്ചി നഗരത്തിൽ കട്ടപ്പുറത്തിരിക്കുന്നതെല്ലാം നന്നാക്കിയെടുക്കാൻ കഴിയണം. വാഹനം റിപ്പയർ ചെയ്യുന്ന സ്ഥാപനത്തിന് ആവശ്യമായ പണം കൊടുക്കാത്തതുകൊണ്ടാണ് റിപ്പയർ ചെയ്ത വാഹനം കിട്ടാത്തതെന്നാണ് പറയുന്നത്. ഇക്കാര്യത്തിൽ അടിയന്തരമായി ഇടപെട്ട് നഗരത്തിലെ ഗതാഗതസൗകര്യം മെച്ചപ്പെടുത്താനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്. (...ബഹളം...)

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞ കാര്യം വസ്തുതയുമായി യോജിക്കുന്നതുതന്നെയാണ്. നഗര കേന്ദ്രീകൃതമായി ഓടിച്ചുകൊണ്ടിരിക്കുന്ന ഈ ബസ്സുകൾ കെ.എസ്.ആർ.ടി.സി.-ക്ക് സ്വന്തമായി റിപ്പയർ ചെയ്യുവാനുള്ള സാങ്കേതികവിദ്യ ഇല്ലാത്ത ബസ്സുകളാണ്. അതുകൊണ്ടുതന്നെ ഈ ബസ്സുകൾ സപ്ലൈ ചെയ്ത കമ്പനികൾ തന്നെയാണ് എഗ്രിമെന്റ് പ്രകാരം ബസ്സുകൾ റിപ്പയർ ചെയ്തുകൊണ്ടിരിക്കുന്നത്. എന്നാൽ ഇവിടെ സൂചിപ്പിച്ചതുപോലെ, കടുത്ത സാമ്പത്തിക പ്രതിസന്ധിയുടെ ഫലമായി ഇവർക്ക് യഥാസമയം പണം നൽകാൻ കെ.എസ്.ആർ.ടി.സി.-ക്ക് കഴിഞ്ഞിരുന്നില്ല. അതിന്റെ ഫലമായി ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചതുപോലെ കൊച്ചി നഗരത്തിൽ ഓടിക്കൊണ്ടിരിക്കുന്ന അൻപത്തിയൊന്നോളം ബസ്സുകൾ ഡോക്കിൽ കയറ്റി വയ്ക്കേണ്ടി വന്നിട്ടുണ്ട്. എന്നാൽ ഇക്കഴിഞ്ഞ രണ്ടാഴ്ചയ്ക്കകംതന്നെ അത്യാവശ്യം പണം കൊടുത്തതിന്റെ അടിസ്ഥാനത്തിൽ ഇരുപത്തിയഞ്ചോളം ബസ്സുകൾ പുതുതായി റോഡിലിറക്കാൻ കഴിഞ്ഞിട്ടുണ്ട്. സാമ്പത്തിക ലഭ്യതയ്ക്കനുസരിച്ച് അറ്റകുറ്റപ്പണികൾ തീർത്ത് അടിയന്തരമായി എല്ലാ ബസ്സുകളും റോഡിലിറക്കാൻ ആവശ്യമായ നടപടികൾ കാര്യക്ഷമമായിത്തന്നെ നടത്തുന്നതാണെന്ന് സഭയെ അറിയിക്കാൻ ഈ സന്ദർഭം ഞാൻ ഉപയോഗപ്പെടുത്തുകയാണ്. (...ബഹളം...)

### (3) ചവറ നാച്വറൽ ഫൈബർ പാർക്കിന്റെ പ്രവർത്തനം

ശ്രീ. എൻ. വിജയൻ പിള്ള: സർ, 'ചവറ-പന്മന-തേവലക്കര ചകിരികൊണ്ട് പിഴയ്ക്കണം' എന്നത് നൂറ്റാണ്ടുകൾ പഴക്കമുള്ള പഴമൊഴിയാണ്. റാട്ടുകളുടെയും കയർപിരി തൊഴിലാളികളുടെയും ശബ്ദമാണ് ചവറയുടെ ജീവിതമെന്നുപറയുന്നത്. ഇന്ന് കയറുൽപ്പാദനം പരിമിതമായ തോതിലാണ് നടക്കുന്നത്. ഭൂരിഭാഗം പേർക്കും തൊഴിലില്ല. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ചവറയിൽ കൊല്ലം ജില്ലാ പഞ്ചായത്തുവക സ്ഥലത്ത് കയർഫെഡ് നാച്വറൽ ഫൈബർ പാർക്കെന്ന പേരിൽ യൂണിറ്റ് സ്ഥാപിച്ച് പ്രവർത്തനമാരംഭിച്ചു. കഴിഞ്ഞ 3 വർഷമായി

കയർ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന ഒരു യന്ത്രം മാത്രമാണുള്ളത്. 6 ജീവനക്കാരാണ് ഇവിടെ ജോലി ചെയ്യുന്നത്. അവരെല്ലാം ആലപ്പുഴയിൽ നിന്ന് സ്ഥലംമാറ്റം കിട്ടിയ താൽക്കാലിക ജീവനക്കാരാണ്. ഇപ്പോൾ ഈ സ്ഥാപനം അടഞ്ഞ് കിടക്കുകയാണ്. ചവറയിലെ സ്ത്രീ കയർ തൊഴിലാളികളിൽ 100 പേർക്ക് തൊഴിൽ ലഭിക്കത്തക്ക വിധത്തിൽ ഈ യൂണിറ്റ് വിപുലീകരിക്കാൻ സാധ്യതയുണ്ട്. ആയതിനാൽ വിവിധ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന രീതിയിൽ ഈ യൂണിറ്റ് വികസിപ്പിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞതുപോലെ പാർക്ക് നവീകരിക്കുന്നതിനും ഉൽപ്പാദനം വിപുലീകരിക്കുന്നതിനുമുള്ള നടപടി അടിയന്തരമായി സ്വീകരിക്കും. …….(ബഹളം)…… ഇപ്പോഴുള്ള യന്ത്രവൽകൃത കയർ ഉൽപ്പാദന പാർക്കിലെ കാര്യങ്ങൾ, അവിടെ ഒരു ഷിഫ്റ്റ് മാത്രമേ ഉള്ളൂ. വിപണനം ഒരു വലിയ പ്രശ്നമാണ്. മാർക്കറ്റ് ശരിയായശേഷം മൂന്ന് ഷിഫ്റ്റിലേയ്ക്ക് പോകുന്നതാണ്. അങ്ങനെ ചെയ്തുകഴിഞ്ഞാൽ 250-ഓളം പേർക്ക് കയർപിരി മേഖലയിൽ തൊഴിൽ നൽകാൻ സാധിക്കും. ഈ വർഷം ഇപ്പറഞ്ഞ രീതിയിലുള്ള നവീകരണവും സംയോജിതമായിട്ടുള്ള വികസനവും ഉറപ്പുനൽകുകയാണ്.

(4) കുമ്പളം-നെട്ടൂർ പാലം

ശ്രീ. എം. സ്വരാജ്: സർ, നമ്മുടെ സംസ്ഥാനത്ത് വിവിധ വകുപ്പുകളുടെ ആഭിമുഖ്യത്തിൽ നടക്കുന്ന നിർമ്മാണപ്രവർത്തനങ്ങൾ പലപ്പോഴും ഒച്ചിഴയുന്ന വേഗതയിലാണെന്ന വിമർശനം ഉയർന്നുവരാറുണ്ട്. പല രാജ്യങ്ങളിലും 6 മാസം കൊണ്ട് പൂർത്തിയാക്കുന്ന നിർമ്മാണപ്രവർത്തനങ്ങൾ നമ്മുടെ സംസ്ഥാനത്താകുമ്പോൾ വർഷങ്ങളെടുക്കുന്നുവെന്നാണ് പൊതുവായ വിമർശനം. ഈ സബ്മിഷനിലൂടെ പ്രത്യേകമായി ഇവിടെ ഉന്നയിക്കാൻ ഞാൻ ആഗ്രഹിക്കുന്നത്, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ എന്റെ നിയോജകമണ്ഡലത്തിൽ നെട്ടൂർ-കുമ്പളം പാലം നിർമ്മാണത്തിന് കരാർ ഉണ്ടാക്കിയത് 2013-ൽ ആയിരുന്നു. 2013-ൽ കരാറിൽ ഏർപ്പെട്ടതിനുശേഷം അതിന്റെ ഡിസൈനിൽ മാറ്റം വരുത്തി; ഇതൊക്കെ വിചിത്രമായിട്ടുള്ള കാര്യങ്ങളാണ്. …….(ബഹളം)…… 2016 മാർച്ചിൽ പാലത്തിന്റെ നിർമ്മാണമാരംഭിച്ചു. 12 മാസംകൊണ്ട് പൂർത്തീകരിക്കേണ്ടിയിരുന്ന പാലം നിർമ്മാണം 24 മാസം കൊണ്ട് ഏകദേശം പൂർത്തീകരിക്കുന്ന നിലയിലെത്തി. അതുകഴിഞ്ഞ് അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിന് ആദ്യം ഉദ്ദേശിച്ചിരുന്ന സാങ്കേതിക രീതി മാറ്റിയെന്നാണ് പറയപ്പെടുന്നത്. എന്തായാലും ഒരിക്കലും തീരാതെ പണി നീണ്ടുനീണ്ടുപോകുന്ന

സാഹചര്യമാണ് അവിടെയുള്ളത്. വളരെ തിരക്കേറിയതാണ് ഈ പ്രദേശം, ഗതാഗതക്കുരുക്ക് നാൾക്കുനാൾ വർദ്ധിച്ചുവരികയും ചെയ്യുന്നു. ആയതിനാൽ അടിയന്തരമായി നെട്ടൂർ-കുമ്പളം പാലത്തിന്റെ പണി പൂർത്തീകരിച്ച് പാലം തുറന്നുകൊടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ 11-1-2012-ൽ ഭരണാനുമതി ലഭിക്കുകയും 2013-ൽ മാത്രം കരാറിലേർപ്പെടുകയുമാണ് ചെയ്തത്. എന്നാൽ പണി വീണ്ടും തുടങ്ങാതിരിക്കുക യായിരുന്നു കഴിഞ്ഞകാല അനുഭവം. റിവൈസ്ഡ് എസ്റ്റിമേറ്റ് 2014-ലാണ് സർക്കാരിലേയ്ക്ക് സമർപ്പിച്ചത്. ചീഫ് ടെക്നിക്കൽ എക്സാമിനറുടെ പരിശോധനയ്ക്കുശേഷം അന്നത്തെ പി.ഡബ്ല്യു.ഡി. എൽ.എം.ആർ. തുകയ്ക്കുള്ളിൽ നിർത്തി അംഗീകാരം നൽകി. 9.32 കോടി രൂപയ്ക്കാണ് അംഗീകാരം നൽകിയത്. അപ്രോച്ച് റോഡിനുള്ള സ്ഥലം പൂർണ്ണമായി ലഭിച്ചില്ലെങ്കിലും 15-2-2016-ൽ നിർമ്മാണമാരംഭിച്ച പാലം പണി 31-3-2018-ൽ പൂർത്തിയായി. അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം ലഭിച്ചിരുന്നില്ല. 18.56 സെന്റ് സ്ഥലം വീതം കുമ്പളം പഞ്ചായത്തിലും മരട് മുനിസിപ്പാലിറ്റിയിലുമായി ഏറ്റെടുക്കണമായിരുന്നു. 9-2-2018-ലാണ് സ്ഥലമെടുപ്പ് നടപടി പൂർത്തിയായത്. അവിടെയുണ്ടായിരുന്ന കെട്ടിടവും മതിലും പൊളിച്ചുമാറ്റി അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിനാവശ്യമായ സാഹചര്യമുണ്ടായത് 20-4-2018-ൽ മാത്രമാണ്. അപ്രോച്ച് റോഡ് ഭാഗത്ത് പൈലിംഗ് 30-5-2018-ൽ ആരംഭിച്ചിട്ടുണ്ട്. 2018 ആഗസ്റ്റിൽ നിർമ്മാണം പൂർത്തീകരിക്കും.

### (5) പുതിയ കോഴ്സുകൾ അനുവദിക്കൽ

ശ്രീ. ബി. സത്യൻ: സർ, 1974-ൽ ആരംഭിച്ച ആറ്റിങ്ങൽ ഗവൺമെന്റ് കോളേജ് നിരവധി വർഷങ്ങളായി പുതിയ കോഴ്സുകളൊന്നും ആരംഭിക്കാത്തത് കാരണം ഏറെ പ്രയാസത്തിലാണ്. ആവശ്യമായ എല്ലാ അടിസ്ഥാന സൗകര്യങ്ങളും അവിടെ ഒരുക്കിയിട്ടുണ്ട്. പുതിയ കോഴ്സുകൾ ആരംഭിക്കണമെന്ന ആവശ്യവുമായി കോളേജ് അദ്ധ്യാപകരും പി.ടി.എ.-യും മുന്നോട്ടുവന്നിട്ടുണ്ട്. പുതിയ കോഴ്സ് ആരംഭിക്കുകയാണെങ്കിൽ മൂന്ന് വർഷക്കാലം സർക്കാരിന് ഒരു ബാധ്യതയും വരാത്ത രീതിയിൽ കോഴ്സ് നടത്തിക്കൊണ്ടുപോകാൻ തയ്യാറാണെന്ന് അറിയിച്ചിട്ടുണ്ട്. ആറ്റിങ്ങൽ ഗവൺമെന്റ് കോളേജിൽ ഈ അദ്ധ്യയനവർഷം തന്നെ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, ആറ്റിങ്ങൽ ഗവൺമെന്റ് കോളേജിൽ അധിക സാമ്പത്തിക ബാധ്യതയില്ലാതെ നിലവിലുള്ള ഭൗതിക സാഹചര്യങ്ങൾ ഉപയോഗപ്പെടുത്തി രണ്ട് കോഴ്സുകളെങ്കിലും ആരംഭിക്കാനാകുമോയെന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. പൂർണ്ണമായ മറുപടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.*

(6) റേഷൻ വിതരണ സംവിധാനം

ശ്രീ. എ. എൻ. ഷംസീർ: സർ, യു.പി.എ. സർക്കാർ തകർത്തെറിഞ്ഞ റേഷൻ മേഖല സംരക്ഷിക്കാനുള്ള ശ്രമം കേരളത്തിലെ എൽ.ഡി.എഫ്. സർക്കാർ നടത്തിക്കൊണ്ടിരിക്കുകയാണ്. ഏറെക്കുറെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ ഈ സർക്കാരിന് കഴിഞ്ഞു. റേഷൻ വിതരണത്തിലെ സാങ്കേതിക പ്രശ്നം ഇന്ന് ഏറെ ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. റേഷൻ കടകളിലേർപ്പെടുത്തിയ ഫിംഗർ പ്രിന്റ് മെഷീനുകൾ റേഷൻ വിതരണ സമ്പ്രദായത്തെ ആകെ താറുമാറാക്കിയ അവസ്ഥയാണ്. പല റേഷൻ കടകളിലും ആളുകൾ റേഷൻ സാധനങ്ങൾ വാങ്ങാൻ ചെന്നാൽ ചിലപ്പോൾ നെറ്റ്‌വർക്ക് പ്രോബ്ലമായിരിക്കും, അല്ലെങ്കിൽ കാർഡുടമകളുടെ വിരലടയാളം പഞ്ചിംഗ് മെഷീൻ സ്വീകരിക്കാതിരിക്കുകയും ചെയ്യുന്നു. ഇതിന്റെ ഫലമായി റേഷൻ കടകളിൽ മണിക്കൂറുകളോളം കാത്തുനിൽക്കേണ്ട അവസ്ഥയാണ് നിലവിലുള്ളത്. സർക്കാർ പ്രഖ്യാപിച്ച റേഷൻ സാധനങ്ങൾ ലഭ്യമാകുന്നില്ലെന്നുള്ള പരാതിയും നിലവിലുണ്ട്. ഇ-ഫിംഗർ പ്രിന്റ് മെഷീൻ സംവിധാനത്തെ ചില റേഷൻകട ഡീലർമാർ ബോധപൂർവ്വം തിരിമറി നടത്താനുള്ള ഒരവസരമായി കാണുന്നുണ്ട്. ആയതിനാൽ എത്രയുംപെട്ടെന്ന് ഈ പ്രശ്നത്തിന് പരിഹാരം കാണാൻ സർക്കാർ തയ്യാറാകണം. നെറ്റ്‌വർക്ക് പ്രോബ്ലമില്ല എന്ന് ഉറപ്പുവരുത്തിക്കൊണ്ട് റേഷൻ കാർഡുടമകളുടെ മൊബൈൽ നമ്പർ ലിങ്ക് ചെയ്ത് എല്ലാ വിവരവും റേഷൻ കാർഡുടമകൾക്ക് ലഭ്യമാക്കി കാര്യങ്ങൾ കുറേക്കൂടി സുഗമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം 2013 സംസ്ഥാനത്ത് നടപ്പിലാക്കിയതിന്റെ ഭാഗമായി റേഷൻ വിതരണം സുതാര്യവും കുറ്റമറ്റതാക്കുന്നതിനുമായാണ് റേഷൻ കടകളിൽ ഇ-പോസ് മെഷീനുകൾ സ്ഥാപിച്ചിട്ടുള്ളത്. ഇതുസംബന്ധമായ മറുപടി വിശദമായതിനാൽ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.*

---

* അനുബന്ധമായി ചേർത്തിരിക്കുന്നു

മി. സ്പീക്കർ: വളരെ പ്രധാനപ്പെട്ട രണ്ട് ബില്ലുകൾ ഇന്ന് സഭയുടെ പരിഗണനയിൽ വരേണ്ടതാണ്. പ്രതിപക്ഷാംഗങ്ങൾ ഇത്തരമൊരു സമീപനം സ്വീകരിക്കുന്നത് ശരിയല്ല. ദയവായി സീറ്റുകളിൽ പോകണം........(ബഹളം)........ വ്യവസ്ഥാപിത മാർഗ്ഗത്തിൽ നിങ്ങൾക്ക് സ്വന്തം സീറ്റിലിരുന്ന് എന്തെങ്കിലും ഉന്നയിക്കാനുണ്ടെങ്കിൽ ഉന്നയിക്കാം. ഇങ്ങനെ ചെയറിനെ സമ്മർദ്ദത്തിലാക്കുന്നത് ശരിയല്ല. പ്ലീസ്..... പ്ലീസ്..

(പ്രതിപക്ഷാംഗങ്ങൾ സഭയുടെ നടുത്തളത്തിലിറങ്ങി മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

## VII റിപ്പോർട്ട് സമർപ്പണം

ശ്രീ. എ. എം. ആരിഫ്: സർ, അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിമൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി.സ്പീക്കർ റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിരിക്കുന്നു.

## VIII ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

### കാർഷിക കടാശ്വാസം

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, സംസ്ഥാനത്ത് കാർഷികവൃത്തിക്കുവേണ്ടി വായ്പയെടുക്കുന്ന ഒരു കർഷകൻപോലും ആത്മഹത്യയിലേയ്ക്ക് പോകരുതെന്ന നിശ്ചയദാർഢ്യത്തോടെയാണ് കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ കാർഷിക കടാശ്വാസ കമ്മിഷന് രൂപംനൽകിയത്. അതിനുമുമ്പ് 2001-2006 കാലഘട്ടത്തിൽ കേരളത്തിലെ കർഷക ആത്മഹത്യ വ്യാപകമായ നിലയിലായിരുന്നു. എന്നാൽ കേരളത്തിലെ 2006-2011 കാലഘട്ടത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ അധികാരത്തിലിരുന്നപ്പോൾ ജസ്റ്റീസ് ശ്രീ. കെ. ആർ. ഉദയഭാനു ചെയർമാനായി 8-1-2007-ന് കാർഷിക കടാശ്വാസ കമ്മിഷൻ രൂപീകരിക്കുകയും കർഷകരുടെ വായ്പാബാധ്യതയ്ക്ക് ആശ്വാസം ലഭിക്കുന്ന തരത്തിൽ ഫലപ്രദമായി ഇടപെടുകയും ചെയ്തതോടെ കർഷക ആത്മഹത്യാനിരക്ക് ഗണ്യമായി കുറയ്ക്കുന്നതിനും തുടർന്ന് ഒരു കർഷകൻ പോലും കാർഷിക കടത്തിന്റെ പേരിൽ ജീവനൊടുക്കാൻ ഇടയാകാത്ത സ്ഥിതി സൃഷ്ടിക്കുകയും ചെയ്തു. എന്നാൽ അതിനുശേഷം സ്ഥിതി വീണ്ടും പഴയതുപോലെയായി. ഇക്കാലത്ത് കടാശ്വാസം ലഭിക്കുന്നതിനുള്ള സമയപരിധി ദീർഘിപ്പിക്കണമെന്ന് ആവശ്യമുയർന്നുവെങ്കിലും അത് നടപ്പിലായിരുന്നില്ല.

ഈ സർക്കാർ അധികാരമേറ്റതിനുശേഷം കാർഷിക കടങ്ങൾക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചു. ഇതേത്തുടർന്ന് കഴിഞ്ഞ രണ്ട് വർഷത്തിനിടെ,

ഇതുവരെ ഒരു കർഷക ആത്മഹത്യപോലും സംസ്ഥാനത്ത് ഉണ്ടായിട്ടില്ലെന്നത് നമ്മുടെ നേട്ടമാണ്. സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ വഴി കർഷകർ എടുത്തിട്ടുള്ള കാർഷിക വായ്പയുടെ കുടിശ്ശികയാണ് കമ്മീഷൻ പരിഗണിക്കുന്നത്. ഏറ്റവും കൂടുതൽ കർഷക ആത്മഹത്യകൾ നടന്ന വയനാട് ജില്ലയിലെ കർഷകരുടെ 2011 ഒക്ടോബർ 31 വരെയുള്ള വായ്പകളും മറ്റ് ജില്ലകളിൽ 2007 ജനുവരി 18 വരെയുള്ള വായ്പകളുമാണ് കടാശ്വാസത്തിന് പരിഗണിച്ചിരുന്നത്. സംസ്ഥാനത്തെ ലക്ഷക്കണക്കിന് ചെറുകിട-നാമമാത്ര കർഷകർക്ക് ആശ്വാസം നൽകുന്ന ചരിത്രപരമായ തീരുമാനമാണ് സംസ്ഥാന സർക്കാർ എടുത്തിട്ടുള്ളത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 6193 കർഷകർക്കായി 160,67,77,951 രൂപയുടെ കടാശ്വാസം നൽകുന്നതിന് ശിപാർശ ചെയ്തിരുന്നു. 2017-18 സാമ്പത്തിക വർഷം 3037 അപേക്ഷകർക്ക് കടാശ്വാസം നൽകുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്. 2015 ഒക്ടോബർ 31-ന് മുമ്പ് കാർഷിക കടാശ്വാസ കമ്മിഷന് ലഭിച്ച അപേക്ഷകളാണ് ഇപ്പോൾ പരിഗണിക്കുന്നത്. 217,00,78,529 രൂപ കടാശ്വാസം നൽകുന്നതിനായി കമ്മീഷൻ ശിപാർശ ചെയ്തിട്ടുണ്ട്. ഇത് പരിശോധിച്ച് 189,21,36,046 രൂപയുടെ ആനുകൂല്യം ഇതുവരെ അനുവദിച്ച് നൽകിയിട്ടുണ്ട്.

സംസ്ഥാനത്തെ കാർഷിക വായ്പകൾ എടുത്തത് തിരിച്ചടയ്ക്കാനാകാതെ ജീവിതം വഴിമുട്ടിനിൽക്കുന്ന കർഷകരെ സഹായിക്കാൻ കടാശ്വാസ കമ്മീഷൻ പരിഗണിക്കുന്ന വായ്പയുടെ കാലാവധി ദീർഘിപ്പിക്കണമെന്ന കർഷകരുടെ നിരന്തരമായ ആവശ്യം പരിഗണിച്ചുകൊണ്ട് തുടർന്നും കർഷകർക്ക് ആശ്വാസം നൽകുന്നതിനാണ് സംസ്ഥാന മന്ത്രിസഭ ഇന്നലെ തീരുമാനമെടുത്തത്. വയനാട് ജില്ലയിൽ 2014 മാർച്ച് 31 വരെയുള്ള കാലയളവിൽ കുടിശ്ശികയായ കാർഷിക വായ്പകളും മറ്റ് ജില്ലകളിൽ 2011 ഒക്ടോബർ 31 വരെയുള്ള വായ്പകളുമാണ് ഈ സർക്കാർ കാർഷിക കടാശ്വാസത്തിന് പരിഗണിക്കുന്നത്. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ നൂറുകണക്കിന് കർഷകർ ആത്മഹത്യചെയ്യുകയും കാർഷിക കടങ്ങൾ എഴുതിത്തള്ളണമെന്ന ആവശ്യവുമായി സമരരംഗത്ത് തുടരുകയും ചെയ്യുന്ന സമയത്താണ് കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ പ്രകടന പത്രികയിൽ നൽകിയിട്ടുള്ള ഉറപ്പ് പാലിക്കുകയും കർഷകരോടുള്ള പ്രതിബദ്ധത വിളിച്ചറിയിക്കുന്ന ചരിത്രപരമായ തീരുമാനമെടുക്കുകയും ചെയ്തിരിക്കുന്നത്. മാത്രമല്ല, ഇനി ഒരു കർഷകൻപോലും കൃഷി ലാഭകരമല്ലാതായതിന്റെ പേരിൽ ആത്മഹത്യയിലേയ്ക്ക് നീങ്ങാൻ ഇടയാകരുതെന്ന നിർബന്ധവും സംസ്ഥാന സർക്കാരിനുണ്ട്. അതുകൊണ്ട് കാർഷികവൃത്തി കൂടുതൽ ലാഭകരമാക്കുന്നതിനും കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് മികച്ച വില ലഭിക്കുന്നതിനുമുള്ള നയപരവും ക്രിയാത്മകവുമായ നടപടികളാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങളോട് ഞാൻ വീണ്ടും അഭ്യർത്ഥിക്കുകയാണ്. രണ്ട് പ്രധാനപ്പെട്ട ബില്ലുകളുടെ പരിഗണന ഇന്നുള്ളതാണ്. സ്വന്തം സീറ്റുകളിൽപ്പോയിരുന്ന് വ്യവസ്ഥാപിതമായ മാർഗ്ഗത്തിൽ സഭയുടെ ചട്ടങ്ങളും കീഴ്‌വഴക്കളും അനുസരിച്ച് പ്രശ്നങ്ങൾ ഉന്നയിക്കാവുന്നതാണ്. അങ്ങനെ ചെയ്താൽ മാത്രമേ ചെയറിന് അക്കാര്യം പരിഗണിക്കാൻ കഴിയുകയുള്ളൂ. ചെയറിനെ സമ്മർദ്ദത്തിലാക്കിയും ഭീഷണിപ്പെടുത്തിയും കാര്യങ്ങൾ നേടാമെന്ന് കരുതരുത്, ആ സമീപനം ശരിയല്ല. ദയവായി സീറ്റിലേയ്ക്ക് പോകണം. ... (ബഹളം....ബഹളം).....

## IX നിയമനിർമ്മാണകാര്യം

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

(i) 2018-ലെ കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) ബിൽ

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, 2018-ലെ കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വരനിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, 2018-ലെ കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) ബിൽ ജലവിഭവം സംബന്ധിച്ച III-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

(നിരാകരണ പ്രമേയവും ഭേദഗതികളും അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: 2018-ലെ കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) ബിൽ ജലവിഭവം സംബന്ധിച്ച III-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

## (ii) 2018-ലെ കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

(നിരാകരണപ്രമേയവും ഭേദഗതികളും അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

മി. സ്പീക്കർ: ഓർഡർ.....ഓർഡർ...

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2018 ജൂൺമാസം 8-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ രാവിലെ 10.47-ന് പിരിഞ്ഞു.)

## അനുബന്ധം

I. <u>പതിനാലാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിലെ നക്ഷത്ര ചിഹ്നമിടാത്ത 1021-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം</u>

### മൂന്നാറിൽ വ്യാജ പട്ടയങ്ങൾ

<u>ശ്രീ. പി. സി ജോർജ്:</u>

(എ) മൂന്നാറിൽ വ്യാജ പട്ടയങ്ങൾ എന്ന ആരോപണം ഉയർന്ന കേസുകളിൽ വിട്ടുവീഴ്ച ഇല്ലാതെ പരിശോധന നടത്തി വ്യാജ പട്ടയങ്ങൾ കണ്ടുപിടിക്കാൻ നടപടികൾ സ്വീകരിക്കുമോ;

(ബി) ഇതിനായി ഉന്നതതല റവന്യൂ, പോലീസ് സ്ക്വാഡ് രൂപീകരിച്ച് സത്യസന്ധമായ അന്വേഷണം നടത്തി സർക്കാർഭൂമികൾ തിരിച്ചുപിടിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) മൂന്നാറിൽ ഒരു എം.എൽ.എ.യുടെ വീടിരിക്കുന്ന ഭൂമിയുടെ പട്ടയം വ്യാജമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ; ഇതിനെതിരെ ലാൻഡ് റവന്യൂ കമ്മീഷണറുടെ റിപ്പോർട്ടുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) ഒരു നിശ്ചിത സമയപരിധിക്കുള്ളിൽ മൂന്നാറിൽ സർക്കാർഭൂമി കയ്യേറിയവരെ കണ്ടുപിടിച്ച് ഒഴിപ്പിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>): (എ) റവന്യൂ, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, ക്രൈം ബ്രാഞ്ച് എന്നീ വകുപ്പുകൾ മുഖേന അന്വേഷണം നടന്നുവരുന്നു. വ്യാജമെന്ന് കണ്ടെത്തിയ പട്ടയങ്ങൾ റദ്ദ് ചെയ്തിട്ടുണ്ട്.

(ബി) റവന്യൂ-പോലീസ്-സർവ്വേ സംയുക്ത ടീമിനെ നിയോഗിച്ച് വൻകിട തോട്ടം ഉൾപ്പെടെ കയ്യേറിയത് കണ്ടുപിടിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) മൂന്നാറിലെ വ്യാജ പട്ടയങ്ങളെക്കുറിച്ച് അന്വേഷിച്ച എ.ഡി.ജി.പി. (ക്രൈം ബ്രാഞ്ച്, സി.ഐ.ഡി.) ശ്രീ. എസ്. രാജേന്ദ്രൻ എം.എൽ.എ.-യുടെ പേരിലുള്ള ഭൂമിയുടെ പട്ടയം വ്യാജമാണെന്ന് കണ്ടെത്തിയിരുന്നു. ആയത് പ്രകാരം ഇടുക്കി

ജില്ലാ കളക്ടർ ശ്രീ. എസ്. രാജേന്ദ്രന്റെ പട്ടയരേഖകളിൽ തെറ്റായി രേഖപ്പെടുത്തിയ പട്ടയ നമ്പർ തിരുത്തിക്കിട്ടണമെന്ന 29-10-2011-ലെ അപേക്ഷ നമ്പർ C4/45257/10 പ്രകാരം തള്ളിയിട്ടുള്ളതുമാണ്. ഇതിനെതിരെ ലാൻഡ് റവന്യൂ കമ്മീഷണർ മുമ്പാകെ ഫയൽ ചെയ്ത അപ്പീൽ പെറ്റീഷൻ മേൽവസ്തുതകളുടെ അടിസ്ഥാനത്തിൽ 5-1-2015-ലെ ലാൻഡ് റവന്യൂ കമ്മീഷണർ No. LR.J3/53305/11 പ്രകാരം നിരസിച്ചിട്ടുള്ളതാണ്.

ലാൻഡ് റവന്യൂ കമ്മീഷണറുടെ 5-1-2015-ലെ എൽ.ആർ.ജെ. 53305/11 നമ്പർ ഉത്തരവിനെ ചോദ്യം ചെയ്ത് ശ്രീ. എസ്. രാജേന്ദ്രൻ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള ഡബ്ല്യു പി.(സി) 7296/15 നമ്പർ കേസിൽ താൽക്കാലിക സ്റ്റേ അനുവദിച്ചിട്ടുള്ളതാണ്.

(ഡി) റവന്യൂ-പോലീസ്-സർവ്വേ സംയുക്ത ടീമിനെ നിയോഗിച്ച് വൻകിട തോട്ടം ഉൾപ്പെടെ കയ്യേറിയത് കണ്ടുപിടിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

II. ശ്രീ. ബി. സത്യൻ എം.എൽ.എ. ഉന്നയിച്ച സബ്മിഷനെ സംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ വിശദമായ മറുപടി

ആറ്റിങ്ങൽ ഗവൺമെന്റ് കോളേജിൽ നിലവിൽ താഴെ പറയുന്ന കോഴ്സുകളാണുള്ളത്:

| ക്രമ നമ്പർ | കോഴ്സ് | സീറ്റിന്റെ എണ്ണം |
|---|---|---|
| 1 | ബി. എ. ഇക്കണോമിക്സ് | 44 |
| 2 | ബി. എ. ഹിസ്റ്ററി | 38 |
| 3 | ബി. എസ്. സി. പോളിമർ കെമിസ്ട്രി | 35 |
| 4 | ബി. കോം. കമ്പ്യൂട്ടർ ആപ്ലിക്കേഷൻ | 44 |
| 5 | എം. എ. ഇക്കണോമിക്സ് | 20 |
| 6 | എം. എസ്.സി. പോളിമർ കെമിസ്ട്രി | 12 |
| 7 | എം. കോം. | 16 |

ആറ്റിങ്ങൽ ഗവൺമെന്റ് കോളേജിൽ ബി.എസ്.സി. മാത്സ്, ബി.എ. ഇംഗ്ലീഷ്, ബി.എസ്.സി. ഫിസിക്സ് എന്നീ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള വിശദമായ പ്രൊപ്പോസൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

പ്രസ്തുത കോളേജിൽ അധിക സാമ്പത്തിക ബാധ്യതയില്ലാതെ നിലവിലുള്ള ഭൗതിക സാഹചര്യം ഉപയോഗപ്പെടുത്തി പുതിയ രണ്ട് കോഴ്സുകളെങ്കിലും ആരംഭിക്കാനാകുമോയെന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

## III. ശ്രീ. എ. എൻ. ഷംസീർ, എം.എൽ.എ. ഉന്നയിച്ച സബ്മിഷനെ സംബന്ധിച്ച ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രിയുടെ വിശദമായ മറുപടി

ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിലാക്കിയതിന്റെ ഭാഗമായി റേഷൻ വിതരണം സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനായാണ് റേഷൻ കടകളിൽ ഇ-പോസ് മെഷീൻ സ്ഥാപിച്ചിട്ടുള്ളത്.

ഇ-പോസ് സംവിധാനത്തിന്റെ പ്രവർത്തനം താഴെപറയും പ്രകാരമാണ് :

ഇ-പോസ് മെഷീൻ സ്വിച്ച് ഓൺ ചെയ്തശേഷം റേഷൻ വ്യാപാരിയോ സെയിൽസ്മാനോ ലോഗിൻ ചെയ്യേണ്ടതുണ്ട്. ആധാർ ആതന്റിക്കേഷൻ മുഖേനയോ ആതന്റിക്കേഷൻ പരാജയപ്പെടുകയാണെങ്കിൽ പാസ്‌വേഡ് വഴിയോ ലോഗിൻ ചെയ്യാവുന്നതാണ്. ഇ-പോസ് മെഷീനിൽ ഉപഭോക്താവിന്റെ റേഷൻ കാർഡ് നമ്പർ നൽകുമ്പോൾ കാർഡംഗങ്ങളുടെ പേരുവിവരങ്ങൾ പ്രദർശിപ്പിക്കും. ഇതിൽ നിന്ന് റേഷൻ സാധനങ്ങൾ വാങ്ങാൻ വരുന്ന കാർഡംഗത്തിനെ തെരഞ്ഞെടുത്ത് ഫിംഗർ പ്രിന്റ് രേഖപ്പെടുത്തി ആതന്റിക്കേഷൻ നടത്തി യഥാർത്ഥ ഉണഭോക്താവിന് തന്നെയാണ് റേഷൻ സാധനങ്ങൾ ലഭിക്കുന്നത് എന്നുറപ്പുവരുത്താൻ സാധിക്കും. ആധാർ ആതന്റിക്കേഷൻ പരാജയപ്പെടുകയാണെങ്കിൽ റേഷൻ കാർഡ് ഡേറ്റാബേസിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ നമ്പരിലേയ്ക്ക് OTP (One Time Password) അയയ്ക്കുകയും ആയത് വഴി ആതന്റിക്കേറ്റ് ചെയ്യുകയും ചെയ്യാം. മൊബൈൽ സൗകര്യം ലഭ്യമല്ലെങ്കിൽ ആതന്റിക്കേറ്റ് ചെയ്യാതെതന്നെ റേഷൻ വിതരണം നടത്താൻ സാധിക്കും. ഉപഭോക്താവിന് തൻമാസം ലഭിക്കാനുള്ള റേഷൻ സാധനങ്ങളുടെ വിഹിതം, തൻമാസം കൈപ്പറ്റിയ റേഷൻ സാധനങ്ങളുടെ വിവരം, ഇനി അവശേഷിക്കുന്നത്, വില തുടങ്ങിയവ ഇ-പോസ് മെഷീനിൽ പ്രദർശിപ്പിക്കും. കൂടാതെ ശബ്ദരൂപത്തിലും വിവരങ്ങൾ അറിയാൻ സാധിക്കും. ബിൽ പ്രിന്റ് ചെയ്ത് ലഭിക്കും. ഓരോ ട്രാൻസാക്ഷൻ വിവരങ്ങളും തത്സമയംതന്നെ സിവിൽ സപ്ലൈസ് വകുപ്പിന്റെ പോർട്ടലിൽ പ്രദർശിപ്പിക്കുകയും ചെയ്യും.

നിലവിൽ പൂർണ്ണമായും ഓൺലൈൻ സംവിധാനമാണ് ഉപയോഗിച്ച് വരുന്നത്. നെറ്റ്‌വർക്ക് ലഭ്യമാണെങ്കിൽ മാത്രമേ ട്രാൻസാക്ഷനുകൾ നടത്താൻ സാധിക്കുകയുള്ളൂ. നെറ്റ്‌വർക്കിനായി ഇപ്പോൾ രണ്ട് മൊബൈൽ സിം കണക്ഷനുകൾ ലഭ്യമാക്കിയിട്ടുണ്ട്.

ഇ-പോസ് മെഷീൻ സംബന്ധിച്ച ബോധവൽക്കരണം വിവിധ മാധ്യമങ്ങൾവഴി നടത്തിയിട്ടുണ്ട്. കാർഡിന് അർഹമായ വിഹിതം, സ്ക്രീനിൽ തെളിയുന്നതോടൊപ്പം ശബ്ദസന്ദേശവും നൽകുന്നുണ്ട്. അർഹമായ വിഹിതം സംബന്ധിച്ച് മൊബൈലിൽ ലഭിക്കുന്ന മെസേജുമായി ഇതിനെ താരതമ്യപ്പെടുത്തി കൃത്യമായ അളവിൽ റേഷൻ വിഹിതം ലഭിക്കുന്നു എന്ന് ഉറപ്പുവരുത്താവുന്നതാണ്. ഇക്കാര്യങ്ങൾ സംബന്ധിച്ച് കൂടുതൽ ബോധവൽക്കരണ നടപടികൾ സ്വീകരിച്ച് പൊതുജനങ്ങളിൽ

അവബോധം സൃഷ്ടിക്കുന്നതാണ്. ജനങ്ങളിൽ ഇത് സംബന്ധിച്ച വ്യക്തമായ അവബോധം ഉണ്ടാകുകയും തികച്ചും നൂതനമായ ഈ സംവിധാനവുമായി പൊരുത്തപ്പെടുകയും ചെയ്യുന്നതോടെ ഇത് സംബന്ധിച്ച പരാതികളും ആശങ്കകളും പൂർണ്ണമായും ഒഴിവാക്കാൻ കഴിയും.

സാങ്കേതികമായുള്ള മറ്റ് ചില ബുദ്ധിമുട്ടുകൾ മൊബൈൽ കണക്ടിവിറ്റി, സെർവറിന്റെ ശേഷി എന്നിവ സംബന്ധിച്ചാണ്. ഒരു സേവന ദാതാവിന്റെയും മൊബൈൽ സർവ്വീസ് ലഭിക്കാത്ത സ്ഥലങ്ങളിൽ ബ്രോഡ്ബാൻഡ് കണക്ഷൻ ലഭ്യമാക്കാൻ തീരുമാനിച്ചിട്ടുണ്ട്. നിലവിൽ സർക്കാരിന്റെ സെർവർ സൗകര്യം ലഭ്യമല്ലാത്തതിനാൽ, വാടക സെർവർ ഉപയോഗിച്ചാണ് സേവനങ്ങൾ ലഭ്യമാക്കുന്നത്. എന്നാൽ ഭക്ഷ്യ പൊതുവിതരണ വകുപ്പിന് സ്വന്തമായി സെർവർ വാങ്ങുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട വിദഗ്ദ്ധ വകുപ്പായ വിവര സാങ്കേതിക വകുപ്പുവഴി സ്വീകരിച്ചത് അന്തിമഘട്ടത്തിലാണ്. സ്വന്തമായി സെർവർ വാങ്ങുന്നതോടെ ആ പ്രശ്നം പരിഹരിക്കാനാകും. ഇ-പോസ് മെഷീൻ സംബന്ധിച്ച സാങ്കേതിക തകരാറുകൾ പരിഹരിക്കാൻ താലൂക്ക് തലത്തിൽ സർവ്വീസ് എഞ്ചിനീയർമാരെ M/s. Linkwell Telesystems PVT. Ltd. (ഇ-പോസ് മെഷീനുകൾ ലഭ്യമാക്കിയ കമ്പനിതന്നെ) നിയോഗിച്ചിട്ടുണ്ട്.

---

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2022

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്